ജോയ്സ് മേയർ

THE TWO-MILLION COPY BESTSELLER

# മനസ്സിന്റെ യുദ്ധക്കളം



നിങ്ങളുടെ മനസ്സിനോട് യുദ്ധം ചെയ്തു വിജയം നേടുന്നു



# മനസ്സിന്റെ യുദ്ധക്കളം

# മനസ്സിന്റെ യുദ്ധക്കളം

## *നിങ്ങളുടെ മനസ്സിനോട് യുദ്ധം ചെയ്തു വിജയം നേടുന്നു*

*ജോയ്സ് മേയർ*

JOYCE MEYER
MINISTRIES
Post Bag No.1, Jubilee Hills, Hyderabad - 500 033

*Printed at*
**Caxton Printers**
Hyderabad - 500 004

# ഉള്ളടക്കം


**ഭാഗം – I മനസ്സിന്റെ പ്രാധാന്യം**

ആമുഖം 9

1. മനസ്സാണ് യുദ്ധക്കളം 11
2. സുപ്രധാനമായ ഒരാവശ്യം 21
3. ഒരിക്കലും പ്രതീക്ഷ കൈവെടിയരുത് 25
4. അല്പാല്പമായി 29
5. ക്രിയാത്മകമായി ചിന്തിക്കുക 33
6. മനസ്സിനെ ബന്ധിക്കുന്ന ശക്തികൾ 43
7. നിങ്ങളെന്തിനെക്കുറിച്ചാണ് ചിന്തിക്കുന്നത് എന്നതിനെക്കുറിച്ചു ചിന്തിക്കുക 47

**ഭാഗം II മനസ്സിന്റെ അവസ്ഥകൾ**

ആമുഖം 57

8. എപ്പോഴാണ് എന്റെ മനസ്സ് സ്വാഭാവികമായിരിക്കുന്നത്? 59
9. അലഞ്ഞുതിരിയുന്ന, അത്ഭുതപ്പെടുന്ന മനസ്സ് 65
10. അസ്വസ്ഥമായ മനസ്സ് 71
11. സംശയിക്കുന്ന, അവിശ്വസിക്കുന്ന മനസ്സ് 79
12. ആകുലതയും ദുഃഖവുമനുഭവിക്കുന്ന മനസ്സ് 89
13. വിധിക്കുകയും കുറ്റപ്പെടുത്തുകയും സംശയിക്കുകയും ചെയ്യുന്ന മനസ്സ് 101
14. നിഷ്ക്രിയമായ മനസ്സ് 113
15. ക്രിസ്തുവിന്റെ മനസ്സ് 121

**ഭാഗം III വിജനതാമനോഭാവങ്ങൾ**

ആമുഖം 143

16. എന്റെ ഭൂതകാലവും വർത്തമാനകാലവുമാണ് എന്റെ ഭാവി തീരുമാനിക്കുന്നത്. 147
17. എനിക്കുവേണ്ടി മറ്റാരെങ്കിലുമതു ചെയ്യട്ടെ; ഉത്തരവാദിത്വമേറ്റെടുക്കാൻ ഞാനാഗ്രഹിക്കുന്നില്ല 153
18. എല്ലാം എളുപ്പമാക്കുക; വിഷമകരമായതൊന്നും ഏറ്റെടുക്കാനെനിക്കു വയ്യ 161
19. എനിക്കിതൊഴിവാക്കാനാകുന്നില്ല – ഇതെന്റെ ശീലമായിപ്പോയി 167

| | | |
|---|---|---|
| 20. | എനിക്കു കാത്തു നിൽക്കാനാവില്ല -<br>ഉടൻ തന്നെ എനിക്കെല്ലാം വേണം! | 175 |
| 21. | അതെന്റെ കുറ്റമല്ല | 183 |
| 22. | എന്റെ ജീവിതം ദുരിതപൂർണ്ണമാണ് | 191 |
| 23. | ഞാൻ ദൈവാനുഗ്രഹം അർഹിക്കുന്നില്ല | 197 |
| 24. | ഞാനെന്തിനസൂയപ്പെടാതിരിക്കണം? | 203 |
| 25. | എനിക്കിഷ്ടമുള്ള രീതിയിലാണ് ഞാനതു ചെയ്യുന്നത്! | 211 |
| ബിബ്ലിയോഗ്രഫി | | 217 |

# ഭാഗം ഒന്ന്

# മനസ്സിന്റെ പ്രാധാന്യം

# ആമുഖം

**"ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവതന്നെ.**

**അവയാൽ ഞങ്ങളുടെ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിന്നു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി.**

**2 കൊരി 10: 4,5**

'തന്റെ ഹൃദയത്തിൽ ഒരാളെങ്ങനെ ചിന്തിക്കുന്നുവോ, അങ്ങനെ തന്നെയായിരിക്കുമയാൾ' എന്ന വാക്യത്തിന്റെ (സുഭാഷിതം 23: 7) ആശയം സത്യസന്ധമായി പ്രകടിപ്പിക്കുന്ന വിധത്തിൽ, നമ്മുടെ ചിന്തകളുടെ പ്രാധാന്യത്തെക്കുറിച്ച് എങ്ങനെയാണു വ്യക്തമാക്കേണ്ടത്?

ഞാൻ ദൈവത്തെ എത്ര കൂടുതൽ സേവിക്കുകയും, അവന്റെ വചനം എത്ര കൂടുതൽ പഠിക്കുകയും ചെയ്യുന്നുവോ, അത്രമാത്രമെനിക്ക് ചിന്തകളുടെയും വാക്കുകളുടെയും പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാവുന്നു. ഇത്തരം വിഷയങ്ങൾ പഠിക്കുന്നതിനായി പരിശുദ്ധാത്മാവ് എന്നെ സ്ഥിരമായി നയിച്ചുകൊണ്ടിരിയ്ക്കുകയാണെന്നും ഞാൻ മനസ്സിലാക്കുന്നു.

നാം ഭൂമിയിൽ ജീവിക്കുന്നിടത്തോളം കാലം ചിന്തകളേയും വാക്കുകളേയും കുറിച്ചു പഠിക്കേണ്ടത് ആവശ്യമാണ്. ഏതു വിഷയത്തെക്കുറിച്ചും നമുക്കെത്രമാത്രം അറിയാമെങ്കിലും, വീണ്ടും നാം കൂടുതലായി പഠിക്കേണ്ടതുണ്ട്; മുൻപു പഠിച്ചിട്ടുള്ള കാര്യങ്ങൾ വീണ്ടും വീണ്ടും ഓർമ്മ പുതുക്കുകയും വേണം.

സുഭാഷിതം 23: 7 എന്ന വാക്യത്തിന്റെ യഥാർത്ഥ ആശയമെന്താണ്? 'കിംഗ് ജെയിംസ് വെർഷ'നിൽ 'എങ്ങനെ ഒരാൾ തന്റെ ഹൃദയത്തിൽ ചിന്തിയ്ക്കുന്നുവോ, അങ്ങനെയായിരിക്കുമയാൾ' എന്നാണു കാണുന്നത്. മറ്റൊരു പരിഭാഷയിൽ 'എങ്ങനെ ഒരാൾ തന്റെ ഹൃദയത്തിൽ ചിന്തിയ്ക്കുന്നുവോ, അയാളങ്ങനെയായിത്തീരുന്നു' എന്നാണുള്ളത്.

എല്ലാ പ്രവൃത്തികളുടേയും നേതൃത്വം മനസ്സിലാണ്. റോമാക്കാർ 8:5 എന്ന വാക്യം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. 'ലൗകിക ജീവിതം നയിക്കുകയും ശരീരത്തിന്റെ അവിശുദ്ധമായ അഭിലാഷങ്ങളാൽ നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നവർ, ശരീരത്തെ തൃപ്തിപ്പെടുത്തുന്ന കാര്യങ്ങളിൽ മാത്രമാണ് മനസ്സുറപ്പിക്കുന്നത്. എന്നാൽ ആത്മീയമായി ജീവിക്കുകയും ആത്മീയ താല്പര്യങ്ങളാൽ നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നവനാകട്ടെ, (പരിശുദ്ധ) ആത്മാവിനെ സംതൃപ്തനാക്കുന്ന കാര്യങ്ങളിലാണ് മനസ്സുറപ്പിക്കുന്നത്.'

നമ്മുടെ ചിന്തകളുടെ നേരിട്ടുള്ള പ്രകാശനമാണ് നമ്മുടെ പ്രവൃത്തികൾ. നമ്മുടെ മനസ്സ് നിഷേധാത്കമാണെങ്കിൽ നമ്മുടെ ജീവിതവും അങ്ങനെ തന്നെ യായിരിക്കും. നേരേ മറിച്ച്, ദൈവവചനത്തിനനുസൃതമായി നമ്മുടെ മനസ്സിനെ നവീകരിക്കാൻ നമുക്കു കഴിഞ്ഞാൽ, റോമർ 12 :2 ൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടു ള്ളതുപോലെ, 'ദൈവത്തിന്റെ നന്മനിറഞ്ഞതും പരിപൂർണ്ണവും സ്വീകാര്യവു മായി ഹിതം' നമ്മുടെ ജീവിതത്തിലൂടെ തെളിയിക്കാൻ നമുക്കു കഴിയും.

ഈ പുസ്തകത്തെ മൂന്നു പ്രധാന ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ചിന്തക ളുടെ പ്രാധാന്യത്തെക്കുറിച്ചാണ് ആദ്യത്തെ ഭാഗം പ്രതിപാദിക്കുന്നത്. നിങ്ങളെന്തിനെക്കുറിച്ചാണു ചിന്തിക്കുന്നത് എന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിച്ചു തുടങ്ങുക എന്ന ആശയം നിങ്ങളുടെ മനസ്സിൽ പാകിയുറപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു.

തങ്ങൾ ജീവിതത്തിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളുടെ യഥാർത്ഥ കാരണം, തങ്ങളുടെ ചിന്താരീതിയാണെന്ന കാര്യം പലയാളുകളുമറിയുന്നില്ല. ചെകുത്താൻ തെറ്റായ ചിന്താരീതിയാണ് ഓരോ ആളിനും വെച്ചു നീട്ടുന്നത്. എന്നാൽ നാമിതു സ്വീകരിച്ചുകൊള്ളമെന്നില്ല. പരിശുദ്ധാത്മാവിന് സ്വീകാര്യവും അസ്വീകാര്യവുമായ ചിന്താരീതികൾ ഏതൊക്കെയാണെന്ന് നാം മനസ്സിലാക്കി യിരിക്കണം.

കൊരിന്ത്യർക്കുള്ള ലേഖനത്തിന്റെ പത്താം അധ്യായം നാല് - അഞ്ച് വാക്യ ങ്ങൾ വ്യക്തമായി പറയുന്നത്, നാം ദൈവവചനത്തെക്കുറിച്ച് വേണ്ടവിധത്തിൽ മനസ്സിലാക്കണമെന്നും, നമ്മുടെ മനസ്സിലുള്ളതിനെ ദൈവത്തിന്റെ മനസ്സിലു ള്ളതുമായി താരതമ്യം നടത്താൻ നാം മുതിരരുത് എന്നുമാണ്: ദൈവവചന ത്തെക്കാൾ ശ്രേഷ്ഠത നേടാൻ ശ്രമിക്കുന്ന ഏതൊരു ചിന്തയേയും നാം അടിച്ചമർത്തുകയും, യേശുക്രിസ്തുവിന്റെ അനുസരണയ്ക്ക് അടിമപ്പെടുത്തുകയും വേണം.

അതു ചെയ്യാൻ ഈ പുസ്തകം നിങ്ങളെ സഹായിക്കുമെന്ന് ഞാൻ കരുതുന്നു.

മനസ്സാണ് യുദ്ധക്കളം. നമ്മുടെ ചിന്തകളെ ദൈവത്തിന്റെ ചിന്തകൾക്ക് അനു യോജ്യമാക്കിത്തീർക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സമയവും ഗൗരവമേറിയ പഠനവും ഇതിനാവശ്യമാണ്.

അല്പാല്പമായി നിങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ് എന്നതിനാൽ, ഒരിക്കലും പ്രതീക്ഷ കൈവെടിയരുത്. നിങ്ങളുടെ മനസ്സിനെ എത്രമാത്രം മാറ്റാൻ നിങ്ങൾക്കു കഴിയുന്നുവോ, അത്രമാത്രം നന്നായിരിക്കും എന്ന് മനസ്സി ലാക്കുക. ദൈവം നിങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള നല്ല പദ്ധതിയെന്താണെന്ന് ചിന്തയിലൂടെ തിരിച്ചറിയാൻ കഴിഞ്ഞാൽ, തീർച്ചയായും നിങ്ങളതിലൂടെ സഞ്ചരിക്കാനാരംഭിക്കും.

# 1

# മനസ്സാണ് യുദ്ധക്കളം

**“നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകത്തിലെ ദുഷ്ടാത്മസേനയോടും അത്രേ.**

**എഫേസ്യർ: 6: 12**

ഇവിടെ ഉദ്ധരിക്കപ്പെട്ട ഭാഗം വായിക്കുന്നതിൽനിന്നും നമുക്കു മനസ്സിലാവുന്നത് നാമൊരു യുദ്ധത്തിലേർപ്പെട്ടിരിക്കുകയാണെന്നാണ്. നമ്മുടെ യുദ്ധം മറ്റു മനുഷ്യർക്കെതിരെയല്ല, മറിച്ച് ചെകുത്താനും, അവന്റെ പിശാചുക്കൾക്കുമെതിരേയാണെന്ന് ശ്രദ്ധയോടെ വായിച്ചാൽ മനസ്സിലാകും. ആസൂത്രണങ്ങളും കാപട്യങ്ങളും മുൻകൂട്ടി തയ്യാറാക്കിയ പദ്ധതികളും ബോധപൂർവ്വമായ വഞ്ചനയുമുപയോഗിച്ച് നമ്മുടെ ശത്രുവായ ചെകുത്താൻ നമ്മെ തോൽപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ചെകുത്താനൊരു നുണയനാണ്. ‘........ **നുണകളുടേയും കപടമായതെന്തിന്റേയും പിതാവ്** ’(യോഹന്നാൻ 8: 44) എന്നാണ്. യേശു അവനെ വിളിച്ചത്. അവൻ നിങ്ങളോടും എന്നോടും നുണ പറയുന്നു. നമ്മെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചുമെല്ലാം അസത്യങ്ങളാണ് അവൻ നമ്മെ ധരിപ്പിക്കുന്നത്. എന്നാൽ പൂർണ്ണമായ നുണ ഒറ്റയടിക്കു പറയുകയല്ല അവന്റെ രീതി.

നമ്മെ അലട്ടുന്ന ചിന്തകൾ, ആശങ്കകൾ, സംശയങ്ങൾ, ഭീതികൾ, ആശ്ചര്യങ്ങൾ, കാര്യകാരണ വിചിന്തനങ്ങൾ, സിദ്ധാന്തങ്ങൾ എന്നിവയുപയോഗിച്ച് ബുദ്ധിപൂർവ്വം തയ്യാറാക്കിയ ഒരു പദ്ധതിയിലൂടെ നമ്മുടെ മനസ്സിനെ അലോസരപ്പെടുത്തക്കൊണ്ടാണ് അവന്റെ പ്രവർത്തനങ്ങളുടെ തുടക്കം. വളരെ ശ്രദ്ധയോടെയും സാവകാശത്തിലുമാണ് അവന്റെ നീക്കം (ആസൂത്രിതമായ പദ്ധതികൾ നടപ്പാക്കാൻ സമയമെടുക്കുമല്ലോ). അവന്റെ പോരാട്ടത്തിന്റെ ശൈലി പ്രത്യേകമായ ആസൂത്രണമുള്ളതാണ്. ദീർഘകാലം നമ്മെക്കുറിച്ച് പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തതിനുശേഷമാണ് അവൻ യുദ്ധത്തിനൊരുങ്ങുന്നത്.

എന്തൊക്കെയാണ് നമുക്കിഷ്ടമുള്ളതെന്നും എന്തൊക്കെയാണ് നമുക്കിഷ്ടമില്ലാത്തതെന്നും അവനു നന്നായറിയാം. നമ്മുടെ അരക്ഷിതാവസ്ഥ, ദൗർബല്യങ്ങൾ, ഭയം തുടങ്ങിയവയെക്കുറിച്ചും അവനറിയാം. ഏറ്റവും കൂടുതൽ നമ്മെ അലട്ടുന്നതെന്താണെന്ന് അവൻ മനസ്സിലാക്കിയിട്ടുണ്ട്. നമ്മെ പരാജയപ്പെടുത്തുന്നതിനുവേണ്ടി എത്ര സമയം ചെലവഴിക്കാനും അവൻ തയ്യാറാണ്. ചെകുത്താന്റെ ശക്തികളിലൊന്ന് അവന്റെ ക്ഷമതന്നെയാണ്.

## ചെകുത്താന്റെ ശക്തിദുർഗ്ഗങ്ങൾ തകർക്കുക.

**“ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവതന്നെ.**

**അവയാൽ ഞങ്ങളുടെ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിന്നു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി.**

**2 കൊരി 10: 4,5**

ശ്രദ്ധാപൂർവ്വമായ ആസൂത്രണം, കൗശലം നിറഞ്ഞ വഞ്ചന എന്നിവയിലൂടെ ചെകുത്താൻ നമ്മുടെയുള്ളിൽ കോട്ടകളുയർത്താൻ ശ്രമിക്കുന്നു. നമ്മുടെ ചിന്തയുടെ പ്രത്യേകതമൂലം നാം തടവുകാരാക്കപ്പെടുന്ന പ്രദേശത്തെയാണ് 'കോട്ടകൾ' എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

ഇവിടെ ഉദ്ധരിക്കപ്പെട്ട ഭാഗത്ത് പൗലോസ് അപ്പോസ്തലൻ പറയുന്നത്, ചെകുത്താന്റെ കോട്ടകളെ തോൽപ്പിക്കാനുള്ള ആയുധങ്ങൾ നമ്മുടെ കൈവശമുണ്ടെന്നാണ്. ഈ ആയുധങ്ങളെപ്പറ്റി പിന്നീട് നമുക്ക കൂടുതലായി മനസ്സിലാക്കാം; നാമേർപ്പെട്ടിരിക്കുന്നത് ആത്മീയ പോരാട്ടത്തിലാണെന്നു മാത്രം ഇപ്പോൾ അറിയുക. പോരാട്ടം നടക്കുന്ന യുദ്ധക്കളത്തെക്കുറിച്ച് അഞ്ചാം വാക്യം വ്യക്തമായി പറയുന്നുണ്ട്.

'*ആംപ്ലിഫൈഡ് ബൈബിൾ*' പരിഭാഷയിൽ പറയുന്നത് നാം ഈ ആയുധങ്ങളെടുത്ത് വാദപ്രതിവാദങ്ങളെ തള്ളിക്കളയണമെന്നാണ്. ചെകുത്താൻ നമ്മോടു തർക്കിച്ചുകൊണ്ടിരിക്കുന്നു; അവൻ സിദ്ധാന്തങ്ങളും യുക്തിവിചാരങ്ങളുമുപയോഗിച്ച് നമ്മെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളെല്ലാം നടക്കുന്നത് മനസ്സിലുള്ളിലാണ്.

*മനസ്സാണ് യുദ്ധക്കളം*

## മേൽപ്പറഞ്ഞ സാഹചര്യങ്ങളുടെ ചുരുക്കം

ഇത്രയും നേരം പറഞ്ഞതിൽനിന്നും നമുക്കു മനസ്സിലാക്കാൻ കഴിയുന്നത്,

1. നാമൊരു യുദ്ധത്തിലേർപ്പെട്ടിരിക്കുകയാണ്.
2. ചെകുത്താനാണ് നമ്മുടെ ശത്രു.
3. മനസ്സാണ് യുദ്ധക്കളം
4. നമ്മുടെ മനസ്സിൻ കോട്ടകൾ സൃഷ്ടിക്കാൻ ചെകുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.
5. ആസൂത്രണം, വഞ്ചന എന്നിവയിലൂടെയാണ് അവനതിനു ശ്രമിക്കുന്നത്. (മുൻകൂട്ടി ആവിഷ്കരിക്കപ്പെട്ട പദ്ധതികൾ ബോധപൂർവ്വമായ ചതി എന്നിവയിലൂടെ)
6. അവന് ഒട്ടും ധൃതിയില്ല; തന്റെ പരിപാടി നടപ്പിലാക്കാൻവേണ്ടി എത്ര സമയം ചെലവഴിക്കാനും അവൻ തയ്യാറാണ്.

ഒരുദാഹരണത്തിലൂടെ നമുക്ക് അവന്റെ പരിപാടിയെക്കുറിച്ച് കൂടുതൽ വ്യക്തമായി മനസ്സിലാക്കാം.

## മേരിയുടെ ഭാഗം

സന്തുഷ്ടമായ വിവാഹജീവിതമായിരുന്നില്ല മേരിയും ഭർത്താവ് ജോണും നയിച്ചുകൊണ്ടിരുന്നത്. എല്ലായ്പ്പോഴും അവർ കലഹിച്ചുകൊണ്ടിരുന്നു. അവരിരുവരും ദേഷ്യവും വെറുപ്പും വൈരാഗ്യവുമുള്ളവരായിരുന്നു. അവർ തമ്മിലുള്ള സ്ഥിരമായ വഴക്കുകൾ അവരുടെ രണ്ടു കുട്ടികളേയും അലട്ടിയിരുന്നു. അവരുടെ പഠനത്തെയും പെരുമാറ്റത്തെയും ഒക്കെ അതു ബാധിച്ചു. ഒരു കുട്ടിക്ക് മാനസിക പ്രശ്നങ്ങൾ മൂലമുണ്ടാകുന്ന വയറുവേദനയുമുണ്ടായി.

ഗൃഹനാഥനെന്ന നിലയ്ക്ക് ജോണിന്റെ സ്ഥാനമംഗീകരിക്കാൻ മേരി തയ്യാറായിരുന്നില്ല, തീരുമാനങ്ങളെടുക്കുക, സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുക, കുട്ടികളെ അച്ചടക്കം ശീലിപ്പിക്കുക തുടങ്ങിയ വിഷയങ്ങളിൽ തനിക്കായിരിക്കണം മേൽക്കോയ്മയെന്ന് അവൾ ശഠിച്ചിരുന്നു. താൻ ജോലി ചെയ്തുണ്ടാക്കുന്ന പണം 'തന്റേത് ' മാത്രമായിരിക്കണമെന്ന് അവൾക്ക് നിർബന്ധമുണ്ടായിരുന്നു. സദാസമയവും ഭർത്താവിനെ അലട്ടിക്കൊണ്ടിരിക്കുകയും അയാൾക്കു മുൻപാകെ ആവശ്യങ്ങളുടെ പട്ടിക നിരത്തുകയും ബഹളം കൂട്ടുകയും സ്വന്തമിഷ്ടപ്രകാരം കാര്യങ്ങൾ നടപ്പാക്കുകയും ചെയ്യുകയെന്നതായിരുന്നു മേരിയുടെ പതിവ്.

ഇപ്പോൾ നിങ്ങൾ ചിന്തിക്കുന്നതിങ്ങനെയായിരിക്കും, 'മേരിയുടെ പ്രശ്നത്തിനുള്ള ഉത്തരം എനിക്കു കിട്ടിയിരിക്കുന്നു - അവൾ യേശുവിനെ അറിയണം.'

മേരിക്ക് യേശുവിനെ അറിയാം! അഞ്ചുവർഷങ്ങൾക്കു മുൻപ് അവൾ യേശുവിനെ രക്ഷകനായി സ്വീകരിച്ചിരുന്നു - അവൾ ജോണിനെ വിവാഹം ചെയ്ത് മൂന്നു വർഷത്തിനു ശേഷമായിരുന്നു ഇത്.

'യേശുവിനെ രക്ഷകനായി സ്വീകരിച്ചതിനുശേഷം മേരിയുടെ സ്വഭാവത്തിൽ യാതൊരു മാറ്റവുമുണ്ടായില്ലെന്നാണോ പറയുന്നത് ' എന്നാകാം നിങ്ങളുടെ ചോദ്യം.

ഉവ്വ്, മാറ്റമുണ്ടായിട്ടുണ്ട്; അവൾ വിശ്വസിക്കുന്നത്, തന്റെ മോശമായ പെരുമാറ്റം മൂലം നിരന്തരമായ കുറ്റപ്പെടുത്തലേൽക്കേണ്ടിവന്നാലും താൻ സ്വർഗ്ഗത്തിൽ പോകുമെന്നാണ്. അവളിപ്പോൾ പ്രതീക്ഷാനിർഭരയാണ്. യേശുവിനെ കണ്ടെത്തുന്നതിനു മുൻപ് അവൾ നിരാശയിലാണു കഴിഞ്ഞിരുന്നത്, ഒപ്പം പ്രശ്നങ്ങളിലും; ഇപ്പോളവൾക്ക് പ്രശ്നങ്ങളുണ്ടെങ്കിലും നിരാശയില്ല.

തന്റെ മനോഭാവം തെറ്റാണെന്ന് മേരിക്കറിയാം. അതു മാറ്റണമെന്നവൾക്കാഗ്രഹമുണ്ട്. അവൾ രണ്ടുപേരിൽനിന്നും കൗൺസലിംഗ് സ്വീകരിച്ചിട്ടുണ്ട്, കോപം, പ്രതിഷേധം, ക്ഷമയില്ലായ്മ, വെറുപ്പ്, വിരോധം തുടങ്ങിയവയ്ക്കു മേൽ വിജയം നേടാൻ കഴിയണമെന്ന് ഓരോ പ്രാർത്ഥനയിൽ പങ്കെടുക്കുമ്പോഴും അവളപേക്ഷിക്കാറുണ്ട്. എന്നാൽ എന്തുകൊണ്ടാണ് അവൾക്ക് ഫലം ലഭിക്കാത്തത്?

ഇതിനുത്തരം അവൾക്കു ലഭിച്ചത് പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിലെ പന്ത്രണ്ടാം അദ്ധ്യായത്തിലെ രണ്ടാം വാകൃത്തിലാണ്. **'ഈ**

**ലോകത്തിന് അനുയോജ്യരായിരിക്കാതെ, (ഈ കാലഘട്ടത്തിന്റെ രീതികൾക്ക് - ബാഹ്യവും കൃത്രിമവുമായ രീതികൾക്ക് - അനുസരിച്ചു ജീവിക്കാതെ) നിങ്ങളുടെ മനസ്സിനെ നവീകരിച്ച് രൂപാന്തരപ്പെടുത്തുന്ന-തിലൂടെ (നിങ്ങളുടെ മനസ്സിന്റെ ആശയങ്ങൾക്കു മാറ്റം വരുത്തിക്കൊണ്ട്) നന്മനിറഞ്ഞതും സ്വീകാര്യമായതും ദൈവത്തിന്റെ പൂർണ്ണഹിതത്തിനു വിധേയമായതും ഏതാണെന്നു തിരിച്ചറിയുക.'**

മേരിയുടെ മനസ്സിൽ ചെകുത്താൻ തീർത്ത കോട്ടകളുണ്ട്. വർഷങ്ങളായി അവ അവളുടെയുള്ളിൽ നിലനിൽക്കുകയാണ്. എങ്ങനെയാണ് തന്റെ മനസ്സിൽ ചെകുത്താന്റെ കോട്ടകളുണ്ടായതെന്ന് അവൾക്കുതന്നെ അറിയില്ല. താൻ കലഹപ്രിയയും അധികാരം പ്രകടിപ്പിക്കുന്നവളും ശല്യക്കാരിയുമായിത്തീരാൻ പാടില്ലെന്ന് അവൾക്കറിയാം; എന്നാൽ എങ്ങനെയാണ് തന്റെ സ്വഭാവത്തിന് മാറ്റം വരുത്തേണ്ടതെന്ന് അവൾക്കറിയില്ല. പലപ്പോഴും തന്റെ പെരുമാറ്റത്തെ തനിക്കു നിയന്ത്രിക്കാൻ കഴിയുന്നില്ല എന്നു മാത്രമേ അവൾക്കറിയൂ.

മേരിക്ക് തന്റെ പ്രവൃത്തികളെ നിയന്ത്രിക്കാൻ കഴിയാത്തതിനു കാരണം, അവൾക്കു തന്റെ ചിന്തകളെ നിയന്ത്രിക്കാൻ കഴിയുന്നില്ലെന്നതാണ്. അവളുടെ ചെറുപ്പകാലത്ത് ചെകുത്താനവളുടെ മനസ്സിൽ പടുത്തുയർത്തിയ കോട്ടകളുള്ളതിനാലാണ് അവൾക്ക് ചിന്തകളെ നിയന്ത്രിക്കാൻ കഴിയാത്തത്.

മേരി വളരെ ചെറുപ്പമായിരുന്നപ്പോഴാണ്, ചെകുത്താൻ തന്റെ പദ്ധതികളിലൂടെ അവളുടെയുള്ളിൽ വഞ്ചനയുടെ വിത്തുകൾ വിതയ്ക്കാനാരംഭിച്ചത്. അവൾ ചെറിയ കുട്ടിയായിരുന്നപ്പോഴായിരുന്നു അവളുടെ പ്രശ്നങ്ങളുടെ തുടക്കം.

അമിതമായി അധികാരം പ്രയോഗിക്കുകയും, യാതൊരു കാരണവുമില്ലാതെ അവളെ ശകാരിക്കുകയും ചെയ്തിരുന്ന ആളായിരുന്നു അവളുടെ പിതാവ്. എപ്പോഴെങ്കിലും അവൾക്കൊരു തെറ്റുപറ്റിയാൽ അവളുടെ പിതാവ് അവളെ കഠിനമായി വഴക്കു പറഞ്ഞിരുന്നു. തന്റെ അമ്മയെയും തന്നേയും ക്രൂരമായി ശകാരിക്കുന്നതും ശിക്ഷിക്കുന്നതും വർഷങ്ങളോളം മേരിക്ക് നിസ്സാഹയതയോടെ സഹിക്കേണ്ടി വന്നിട്ടുണ്ട്. തന്റെ ഭാര്യയേയും മകളെയും അംഗീകരിക്കാൻ അയാളൊരിക്കലും തയ്യാറായിരുന്നില്ല. എന്നാൽ മേരിയുടെ സഹോദരൻ നേർക്ക്, അവനൊരു ആൺകുട്ടിയാണെന്ന ഒറ്റക്കാരണത്താൽ അയാൾ നല്ല പെരുമാറ്റമാണ് പ്രദർശിപ്പിച്ചിരുന്നത്.

മേരിയുടെ പതിനാറാം വയസ്സിലാണ് ചെകുത്താൻ അവളുടെയുള്ളിൽ നുണകളുടെ കോട്ടപണയാരംഭിക്കുന്നത്. ചെകുത്താനവളോട് ഇങ്ങനെയുള്ള നുണകൾ പറഞ്ഞു: "പുരുഷന്മാർ കരുതുന്നത് അവരെന്തൊക്കെയോ ആണെന്നാണ്. അവരെല്ലാവരും ഒരുപോലെ തന്നെ; നീയവരെ വിശ്വസിക്കരുത്. അവർ നിന്നെ ഉപദ്രവിക്കുകയും, ചൂഷണം ചെയ്യുകയും ചെയ്യും. നീയൊരു പുരുഷനാണെങ്കിൽ നീ വിജയിച്ചുവെന്നാണർത്ഥം. അപ്പോൾ നിനക്കിഷ്ടമുള്ളതെന്തും ചെയ്യാം. മറ്റുള്ളവരോടോ ആജ്ഞാപിക്കുകയും, അവരെ ഭരിക്കുകയും നിനക്കിഷ്ടമുള്ള രീതിയിൽ അവരോടു പെരുമാറുകയും ചെയ്യാം; ആർക്കും (ഭാര്യക്കോ മകൾക്കോ ഒന്നും തന്നെ) നിന്നെ എതിർക്കാനാവില്ല."

ഇത്തരം നുണകൾ കേട്ടതിന്റെ ഫലമായി മേരിയുടെ മനസ്സൊരു തീരുമന മെടുത്തു. 'ഈ വീട്ടിൽനിന്നു പോകുന്നതോടെ മറ്റാരും എന്നെ അനുസരിപ്പി ക്കാൻ ഞാൻ നിന്നു കൊടുക്കില്ല.'

മേരിയുടെ മനസ്സിന്റെ യുദ്ധക്കളത്തിൽ ചെകുത്താൻ ഇതിനോടകം പോരാട്ടം തുടങ്ങിയിരുന്നു. ഏതാണ്ട് പത്തുവർഷത്തിലധികം കാലം പതിനാ യിരക്കണക്കിന് പ്രാവശ്യം ഇതേ ചിന്തകൾ അവളുടെയുള്ളിലേക്ക് കടത്തി വിടുകയായിരുന്നു ചെകുത്താൻ ചെയ്തുകൊണ്ടിരുന്നത്. വിവാഹം കഴിച്ച്, ഭർത്താവിനെ അനുസരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഭാര്യയായി ത്തീരുമോയെന്ന് ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു അവൻ. എന്തെങ്കിലും അദ്ഭുതം സംഭവിച്ച്, താനങ്ങനെയായിത്തീരണമെന്ന് അവളാഗ്രഹിച്ചിരുന്നുവെ ങ്കിൽക്കൂടി എങ്ങനെ അത് സാധിക്കുമെന്നവൾക്കറിയില്ലായിരുന്നു. ഇത്തരമൊരു കുഴപ്പം പിടിച്ച അവസ്ഥയിലാണ് മേരി ഇന്ന്. അവർക്കെന്തു ചെയ്യാൻ കഴിയും? നമുക്കാർക്കായാലും ഇത്തരമൊരവസ്ഥയിലെന്തു ചെയ്യാൻ കഴിയും?

## വചനത്തിന്റെ ആയുധങ്ങൾ

തന്നിൽ വിശ്വസിച്ച യെഹൂദന്മാരോടു യേശു: എന്റെ വചനത്തിൽ നില നിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി.

സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്നു പറഞ്ഞു.

**(യോഹ. 8: 31–32)**

എങ്ങനെയാണ് ചെകുത്താൻ പറയുന്ന നുണകൾക്കുമേൽ വിജയം വരി ക്കേണ്ടത് എന്നാണ് യേശു നമ്മോടു പറയുന്നത്. നമ്മുടെയുള്ളിലുള്ള ദൈവ ത്തിന്റെ സത്യത്തെക്കുറിച്ചറിയുകയും, അവന്റെ വചനത്താൽ നമ്മുടെ മന സ്സുകളെ നവീകരിക്കുകയും ചെയ്തതിനുശേഷം, ചെകുത്താന്റെ കോട്ടക ളെയും ദൈവത്തെക്കുറിച്ചുള്ള അറിവിനു വിരുദ്ധമായി ഉയരുന്ന മറ്റെന്തിനെയും തകർത്തു കളയണമെന്ന ഉപദേശം (2 കോരി. 10: 4,5) അനുസരിക്കുകയും വേണം.

പ്രഭാഷണം, പഠിപ്പിക്കൽ, പുസ്തകങ്ങൾ, ടേപ്പുകൾ, സെമിനാറുകൾ, ബൈബിൾ പഠനമെന്നിവയിലൂടെ ലഭിക്കുന്ന വചനമാണ് നമ്മുടെ ആയുധ ങ്ങൾ. എന്നാൽ പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ വചനം വെളിപാടായി നമുക്കു ലഭിക്കുന്നതുവരെ നാമതിലുറച്ചു നിൽക്കണം. (നാമതിൽ തുടരണം) തുടരുകയെന്നത് വളരെ പ്രധാനമാണ്. യേശു ഇങ്ങനെ പറഞ്ഞിരിക്കുന്നത് **'നിങ്ങൾ നിൽകുന്ന (നിങ്ങൾ കേൾക്കുന്ന സത്യത്തിനു നിങ്ങൾ നൽകുന്ന) അളവനുസരിച്ച് (ചിന്തയുടേയും പഠനത്തിന്റേയും) ആയിരിക്കും നിങ്ങൾക്ക് തിരിച്ചു കിട്ടുന്നതിന്റെയളവ് (നന്മയുടെയും അറിവിന്റേയും.......'** (മർക്കോസ് 4: 24). ഞാൻ നിങ്ങളോടാവർത്തിച്ചു പറയുന്നത്, വചനമെന്ന ആയുധമുപ യോഗിക്കുന്നതിനു നാം തുടരണമെന്നു തന്നെയാണ്.

നമുക്കു ലഭ്യമായ മറ്റു രണ്ട് ആത്മീയായുധങ്ങൾ സ്തുതിയും പ്രാർത്ഥന യുമാണ്. മറ്റേതൊരായുധത്തേക്കാളും വേഗത്തിൽ ചെകുത്താനെ തോൽപ്പി

ക്കാൻ സ്തുതിക്കു കഴിയും; എന്നാൽ അത് ഹൃദയത്തിൽനിന്നുള്ള സ്തുതിക്കലാവണം, കേവലം വാക്കുകളോ പരീക്ഷണമോ ആയിരിക്കരുത്. എന്നുമാത്രമല്ല, സ്തുതിയിലും പ്രാർത്ഥനയിലും ദൈവവചനമുണ്ടായിരിക്കുകയും വേണം. ദൈവവചനത്തിനും അവന്റെ നന്മയ്ക്കുമനുസൃതമായ രീതിയിലാണ് നാം ദൈവത്തെ സ്തുതിക്കുന്നത്.

ദൈവവുമായുള്ള ബന്ധമാണ് പ്രാർത്ഥന. ദൈവത്തെ സമീപിക്കുകയും അവനോട് സഹായാഭ്യർത്ഥന നടത്തുകയും, നമ്മെ അലട്ടുന്ന ഏതെങ്കിലുമൊന്നിനെക്കുറിച്ച് ദൈവത്തോട് സംസാരിക്കുകയും ചെയ്യുന്നതിനെയാണ് പ്രാർത്ഥനയെന്നു വിളിക്കുന്നത്. സഫലമായ പ്രാർത്ഥനാജീവിതമുണ്ടാകാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ, പിതാവുമായി ഒരു നല്ല വ്യക്തിബന്ധം വളർത്തിയെടുക്കുക അവൻ നിങ്ങളെ സ്നേഹിക്കുന്നുവന്നും, അവൻ ദയാമയമാണെന്നും, അവൻ നിങ്ങളെ സഹായിക്കുമെന്നും മനസ്സിലാക്കുക. യേശുവിനെ അറിയാൻ ശ്രമിക്കുക. അവൻ നിങ്ങളുടെ സുഹൃത്താണ്. അവൻ നിങ്ങൾക്കുവേണ്ടിയാണു മരിച്ചത്. പരിശുദ്ധാത്മാവിനെ അറിയാൻ ശ്രമിക്കുക. അവനെല്ലായ്പ്പോഴും നിങ്ങളുടെ സഹായിയായി നിങ്ങളോടൊപ്പമുണ്ട്. നിങ്ങളെ സഹായിക്കാൻ അവനെ അനുവദിക്കു.

നിങ്ങളുടെ പ്രാർത്ഥനകളെ ദൈവവചനത്താൽ നിറയ്ക്കാൻ പഠിക്കുക. ദൈവവചനവും നമ്മുടെ ആവശ്യമാണ് നാം ദൈവത്തിലേക്കു പ്രവേശിക്കുന്നതിന്റെ അടിസ്ഥാനം

പലതരത്തിലുപയോഗിക്കാവുന്ന വചനമാണ് നമ്മുടെ ആയുധങ്ങളെന്ന് മനസ്സിലാക്കുക. പൗലോസ്, കോരിന്തോസുകാർക്കുള്ള രണ്ടാമത്തെ ലേഖനത്തിൽ പറയുന്നതുപോലെ, നമ്മുടെ ആയുധങ്ങൾ ശാരീരികമല്ല; അവ ആത്മീയമാണ്. ദുഷ്ടശക്തികളുടെ തലവനായ ചെകുത്താനോടാണ് നമുക്ക് പോരാടേണ്ടത് എന്നതിനാൽ നമുക്ക് ആത്മീയായുധങ്ങളാണ് ആവശ്യമുള്ളത്. വിജനപ്രദേശത്തുവച്ച് തന്നെ ആക്രമിക്കാൻ മുതിർന്ന ചെകുത്താനെ തോൽപിക്കുന്നതിന് വചനമെന്ന ആയുധമാണ് യേശുപോലും ഉപയോഗിച്ചതെന്നോർമ്മിക്കുക (ലൂക്കോസ് 4: 1-13). ഓരോ തവണ ചെകുത്താൻ അവനോട് നുണ പറഞ്ഞപ്പോഴും യേശു ഇങ്ങനെ പ്രതകരിച്ചു, 'ഇത് എഴുതപ്പെട്ടിട്ടുള്ളതാണ്' വചനം ഉദ്ധരിച്ചുകൊണ്ടാണ് അവനിങ്ങനെ പറഞ്ഞത്.

ആത്മീയായുധങ്ങളുപയോഗിക്കാൻ മേരിക്കു കഴിയുന്നതോടെ, തന്റെ മനസ്സിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള കോട്ടകൾ തകർക്കാനവൾക്കു സാധിക്കും. തന്നെ സ്വതന്ത്രയാക്കുന്ന സത്യത്തെക്കുറിച്ചവളറിയും. എല്ലാ പുരുഷന്മാരും അവളുടെ ഭൂമിയിലെ പിതാവിനെപ്പോലെയല്ലെന്ന് അവൾ മനസ്സിലാക്കും. ചില പുരുഷന്മാരങ്ങനെയാണെങ്കിലും, ധാരാളം പേർ അങ്ങനെയല്ലെന്ന് അവൾ തിരിച്ചറിയും. തന്റെ ഭർത്താവായ ജോൺ അങ്ങനെയുള്ള ഒരു പുരുഷനല്ലെന്ന് അവൾ കണ്ടെത്തും. ജോൺ തന്നെ വളരെയധികം സ്നേഹിക്കുന്നുണ്ടെന്ന് അവർ മനസ്സിലാക്കും.

## ജോണിന്റെ ഭാഗം

കഥയുടെ മറുവശം ജോണിനെക്കുറിച്ചാണ്. ജോണും മേരിയും അവരുടെ

വിവാഹജീവിതത്തിലും വീട്ടിലും കുടുംബത്തിലും പോരാടുന്ന പ്രശ്നങ്ങൾക്ക് കാരണമായ ചില ഘടകങ്ങൾ ജോണിന്റെ ഭാഗത്തുമുണ്ട്. കുടുംബനാഥനെന്ന നിലയിലുള്ള തന്റെ സ്ഥാനം താനേ കൊടുക്കേണ്ടതാണെന്ന് ജോണിനറിയാം. കുടുംബത്തിലെ പുരോഹിതന്റെ സ്ഥാനമാണ് തനിക്ക് ദൈവം കല്പിച്ചു തന്നിട്ടുള്ളതെന്നും അയാൾക്കറിയാം. ജോൺ യേശുവിൽ രക്ഷ നേടിയിട്ടുള്ളയാളാണ്, കുടുംബജീവിതത്തിന്റെ ശരിയായ ക്രമത്തെക്കുറിച്ച് അയാൾക്ക് തിരിച്ചറിവുണ്ട്. കുടുംബഭരണം നടത്താനോ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യാനോ തന്നെയും കുട്ടികളെയും നിയന്ത്രിക്കാനോ മേരിയെ അനുവദിക്കാൻ പാടില്ലെന്നുമാർക്കറിയാം. എന്നാൽ ഇതെല്ലാമറിയാമെങ്കിലും പ്രശ്നപരിഹാരത്തിനായി അയാളൊന്നും ചെയ്യുന്നില്ല, പരാജിതനെപ്പോലെ ടിവിയിലേക്കും സ്പോർട്സിലേക്കും ഒതുങ്ങിക്കൂടുകയല്ലാതെ.

ഭാര്യയുമായി ഒരേറ്റുമുട്ടലുണ്ടാകുന്നത് ഇഷ്ടമല്ലാത്തതിനാൽ ജോൺ തന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്. 'ഓ, ഞാൻ വെറുതെയിരുന്നാൽ എല്ലാം താനേ ശരിയായിക്കൊള്ളും' എന്ന് തികച്ചും അലസമായ മനോഭാവമാണ് അയാൾ കൈക്കൊള്ളുന്നത്. അല്ലെങ്കിൽ, 'ഞാനതേക്കുറിച്ചു പ്രാർത്ഥിക്കും' എന്നും ചിന്തിച്ച് തന്റെ ചുമതലയിൽനിന്നും അയാൾ പിന്മാറുന്നു. തീർച്ചയായും പ്രാർത്ഥന നല്ലതുതന്നെ, എന്നാൽ ഉത്തരവാദിത്വങ്ങളിൽനിന്നും ഒഴിഞ്ഞുമാറുന്നതിനുള്ള വഴിയല്ല അത്.

ദൈവമയാൾക്കു നൽകിയ ഉത്തരവാദിത്വം ജോണേറ്റെടുത്തേ മതിയാകൂ എന്നാണെന്റെ അഭിപ്രായം. ഇതിനർത്ഥം, മറ്റുള്ളവരെ അടിച്ചമർത്തുന്ന പുരുഷന്റെ അധികാര പ്രമത്തത അയാൾ കാട്ടണമെന്നല്ല. ക്രിസ്തു തന്റെ സഭയെ സ്നേഹിച്ചതുപോലെ ഒരാൾ തന്റെ ഭാര്യയെ സ്നേഹിക്കണമെന്നാണ് എഫേസോസുകാർക്കുള്ള ലേഖനത്തിന്റെ അഞ്ചാം അദ്ധ്യായത്തിന്റെ രണ്ടാം വാക്യത്തിൽ പറയപ്പെട്ടിരിക്കുന്നത്. ജോൺ തന്റെ ചുമതല ഏറ്റെടുക്കണം, ഒരാൾ തന്റെ ചുമതല ഏറ്റെടുക്കുമ്പോഴാണ് അയാൾക്ക് അധികാരവും പദവിയും ലഭിക്കുന്നത്. തന്റെ ഭാര്യയെ സ്നേഹിക്കുന്നതോടൊപ്പം തന്നെ അവരെ നിയന്ത്രിക്കാനുമയാൾക്കു കഴിയണം. കുട്ടിക്കാലത്ത് അസുഖകരമായ അനുഭവങ്ങളുണ്ടായിട്ടുണ്ടെങ്കിലും, ദൈവത്തിൽ വിശ്വസിക്കുന്നതിലൂടെ അവനിലേക്ക് മോചനം നേടാൻ കഴിഞ്ഞാൽ, എല്ലാ പുരുഷന്മാരും ഒരുപോലെയല്ലെന്ന ആത്മവിശ്വാസം അവൾക്കു നൽകുകയെന്നത് ജോണിന്റെ ബാധ്യതയാണ്.

ജോണിന് ഏറെക്കാര്യങ്ങൾ ചെയ്യാനുണ്ട്; എന്നാൽ മേരിയുടെ കാര്യത്തിലെന്നപോലെ തന്നെ, ചെകുത്താന് അയാളുടെമേൽ ആധിപത്യം, സ്ഥാപിക്കാനവസരമൊരുക്കുകയും ചെകുത്താനുവേണ്ടി വാതിൽ തുറന്നിടുകയും ചെയ്യുന്ന ചില മാനസികാവസ്ഥകൾ അയാളിലുമുണ്ട്. ജോണിന്റെ മനസ്സിലും ഒരു യുദ്ധം നടക്കുകയാണ്. മേരിക്കെന്നതുപോലെ ജോണിനു ബാല്യകാലം അസുഖകരമായിരുന്നു. തന്റേടക്കാരിയായ അയാളുടെ അമ്മ വായിൽ തോന്നിയതൊക്കെ വിളിച്ചു പറഞ്ഞ് കുട്ടിയായിരുന്ന ജോണിനെ വല്ലാതെ വേദനിപ്പിക്കുകയായിരുന്നു. 'ജോൺ നീയെനിക്കു ശല്യക്കാരൻ തന്നെ; നീയൊരിക്കലും ഒന്നുമായിത്തീരാൻ പോകുന്നില്ല' എന്നു പറഞ്ഞ് അവരവനെ അപമാനിച്ചിരുന്നു.

എന്നാൽ അമ്മയുടെ അഭിനന്ദന വാക്കുകളും സ്നേഹവും ലഭിക്കാൻ മറ്റെല്ലാ കുട്ടികളേയും പോലെ ജോണും അതിയായി ആഗ്രഹിച്ചിരുന്നതിനാൽ തന്നാലാവുന്നതൊക്കെ ചെയ്ത് അവരെ സന്തോഷിപ്പിക്കാൻ അവൻ ശ്രമിച്ചിരുന്നു. പക്ഷേ എത്ര കൂടുതൽ അവൻ ശ്രമിച്ചുവോ, അത്രയധികം തെറ്റുകളവനു സംഭവിച്ചുകൊണ്ടിരുന്നു. പലപ്പോഴും ഒന്നും ചെയ്യാതെ ഉദീസാനനായിരിക്കുകയെന്നത് അവന്റെ ശീലമായിരുന്നു; അതേച്ചൊല്ലി അമ്മ മിക്കപ്പോഴും അവനെ ശകാരിക്കുകയും ചെയ്തിരുന്നു. അമ്മമാരുടെ മുൻപിൽ മിടുക്കനാകാൻ വേണ്ടിയുള്ള ശ്രമങ്ങൾ അവനെ പരിഭ്രാന്തനാക്കിയിരുന്നതിനാൽ പലപ്പോഴും അവന്റെ കൈയിൽനിന്നും ഗ്ലാസുകളും പ്ലേറ്റുകളും മറ്റും താഴെ വീണു പൊട്ടുമായിരുന്നു; അങ്ങനെ അവൻ അമ്മയുടെ മുൻപിൽ കൂടുതൽ കൊള്ളരുതാത്തവനായിത്തീർന്നു.

താൻ സൗഹൃദമാഗ്രഹിച്ചിരുന്ന കുട്ടികളിൽ ചിലരിൽനിന്നും പലപ്പോഴും അവന് ഇതേ അനുഭവമുണ്ടായിട്ടുണ്ട്; അവരവനെ നിരസിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്തിരുന്നു. ഇത്തരമനുഭവങ്ങൾ  നമ്മിൽ പലർക്കും ജീവിതത്തിന്റെ ഏതെങ്കിലുമൊക്കെ കാലഘട്ടങ്ങളിലുണ്ടാകാറുണ്ട്. എന്നാൽ തന്റെ അമ്മയാൽ അപമാനിക്കപ്പെടുകയും നിരസിക്കപ്പെടുകയും ചെയ്തിരുന്ന ജോണെന്ന കുട്ടിയെ ഈ അനുഭവം വല്ലാതെ തകർത്തു കളഞ്ഞു.

ഹൈസ്കൂൾ ക്ലാസുകളിൽവച്ച് ജോണിഷ്ടപ്പെട്ടിരുന്ന ഒരു പെൺകുട്ടി അവനെ അവഗണിക്കുകയും മറ്റൊരു പയ്യനുമായി ചങ്ങാത്തം കൂടുകയും ചെയ്തത് ജോണിനെ കൂടുതൽ വിഷമിപ്പിച്ചു. ഇത്തരം സംഭവങ്ങളുടെ പരിണതഫലമായി അയാൾ നിരാശയ്ക്കടിപ്പെട്ടു; അങ്ങനെയാണ് ചെകുത്താനയാളുടെയുള്ളിൽ പ്രവേശിക്കുന്നത്. വർഷങ്ങളിലൂടെ അവൻ ജോണിന്റെയുള്ളിൽ കോട്ടകൾ പടുത്തുയർത്തി. നിശബ്ദനും നാണം കുണുങ്ങിയും അന്തർമുഖനുമായി ഇരിക്കുന്നതൊഴികെ മറ്റൊന്നും ചെയ്യാൻ അയാൾക്കു കഴിയാതെയായി.

സമൂഹത്തിൽ ചലനങ്ങളുണ്ടാക്കാൻ ഇഷ്ടപ്പെടാത്ത ഒതുങ്ങിക്കൂടുന്ന പ്രകൃതക്കാരനാണു ജോൺ. 'നിങ്ങളുടെ അഭിപ്രായങ്ങൾ മറ്റുള്ളവരോട് പറയുന്നതിൽ യാതൊരർത്ഥവുമില്ല;  നിങ്ങൾ പറയുന്നത് ശ്രദ്ധിക്കാനവർ തയ്യാറാവില്ല. നിങ്ങൾ പറയുന്നത് മറ്റുള്ളവർ സ്വീകരിക്കണമെങ്കിൽ അവരാഗ്രഹിക്കുന്ന തരത്തിൽ നിങ്ങൾ പെരുമാറിയേ പറ്റൂ' എന്നിങ്ങനെയുള്ള ചിന്തകളായിരുന്നു അയാളെ അടക്കി ഭരിച്ചുകൊണ്ടിരുന്നത്.

ചിലപ്പോഴൊക്കെ കൃത്യമായ  നിലപാട് സ്വീകരിക്കാൻ ജോൺ ശ്രമിച്ചിരുന്നു. അപ്പോഴൊക്കെ പരാജയമായിരുന്നു ഫലം. താൻ എപ്പോഴും തോൽപ്പിക്കപ്പെടുമെന്ന ചിന്തയാൽ ഇനിയൊരേറ്റുമുട്ടലിന് തയ്യാറാവരുതെന്ന് അയാൾ തീരുമാനിച്ചു.

'ഏതായാലും ഒടുവിൽ ഞാൻ തോൽക്കും, എങ്കിൽപ്പിന്നെ എന്തിന് മത്സരത്തിനൊരുങ്ങണം?' എന്നായിരുന്നു അയാളുടെ ചിന്ത.

## എന്താണൊരു പരിഹാരം?

"ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു

കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദ വർഷം പ്രസംഗപ്പാനും എന്നെ അയച്ചിരിക്കുന്നു."

**(ലൂക്കോ 4: 18 -19)**

ജോണും മേരിയും രൂക്ഷമായ പ്രശ്നങ്ങളോട് മല്ലിട്ടുകൊണ്ടിരിക്കുന്ന നിലയ്ക്ക് അവരുടെ കുടുംബജീവിതം എത്തരത്തിലുള്ളതായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ, തീർച്ചയായും ഒട്ടേറെ പ്രശ്നങ്ങളുണ്ടായിരുന്നു അവിടെ തുറന്ന യുദ്ധമല്ലെങ്കിലും, എല്ലാവർക്കും മനസ്സിലാകുന്ന തരത്തിൽ പരസ്പരം വെറുപ്പും വൈരാഗ്യവും അവിടെ നിലനിന്നിരുന്നു. അവരുടെ ഗാർഹികാന്തരീക്ഷത്തിലെ അസുഖകരമായ അവസ്ഥയിൽ ചെകുത്താൻ അങ്ങേയറ്റം സന്തുഷ്ടനായിരുന്നു.

ജോണിനും മേരിക്കും അവരുടെ കുട്ടികൾക്കും  എന്തു സംഭവിക്കും? അവരത് പരിഹരിക്കുന്നതിൽ വിജയിക്കുമോ?  ഒരു ക്രിസ്ത്യാനിക്ക് വിവാഹ ജീവിതം പരാജയപ്പെടുകയും കുടുംബം നശിക്കുകയും ചെയ്യുന്നത് അപമാനകരമാണ്. അവർക്ക് വേണമെങ്കിൽ ഒരു തീരുമാനമെടുക്കാവുന്നതേയുള്ളൂ. യോഹന്നാൻ 8: 31, 32 എന്നീ വാക്യങ്ങൾ തീരുമാനമെടുക്കാനവരെ സഹായിക്കും. അവർ ദൈവവചനം പഠിക്കുകയാണെങ്കിൽ അവർ സത്യം കണ്ടെത്തുകയും, സത്യത്തിനനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെ സ്വാതന്ത്ര്യം നേടുകയും ചെയ്യും. എന്നാൽ  തങ്ങളെക്കുറിച്ചുള്ള സത്യവും തങ്ങളുടെ ഭൂതകാലവും, ദൈവം വെളിപ്പെടുത്തുന്നതനുസരിച്ച് മനസ്സിലാക്കാൻ അവർ തയ്യാറാകണം.

എല്ലായ്പ്പോഴും സത്യം വചനത്തിലൂടെയാണ് വെളിപ്പെടുത്തുന്നത്. സങ്കടകരമെന്നു പറയട്ടെ, ആളുകളെല്ലായ്പ്പോഴും അതിനെ സ്വീകരിക്കാറില്ല. നമ്മുടെ ന്യൂനതകൾ തിരിച്ചറിഞ്ഞ് അവയെ അഭിമുഖീകരിക്കുകയും പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് തീർച്ചയായും വേദനാകരമാണ്. ആളുകൾ  സാധാരണയായി ചെയ്യാറുള്ളത്, തങ്ങളുടെ തെറ്റുകളെ ന്യായീകരിക്കുകയെന്നതാണ്. ശേഷിക്കുന്ന ജീവിതകാലത്തെ ദോഷകരമായി ബാധിക്കാൻ ആളുകൾ തങ്ങളുടെ ഭൂതകാലത്തെ അനുവദിക്കുന്നു.എന്തുകൊണ്ടാണ് നാം വേദനയനുഭവിക്കേണ്ടിവരുന്നത് എന്നതിനുള്ള ഉത്തരം നമ്മുടെ ഭൂതകാലത്തിലുണ്ട്; എന്നാൽ അടിമത്തത്തിൽ കഴിയുന്നതിനുള്ള ന്യായീകരണമായി നാമതിനെ ഉപയോഗിക്കാൻ പാടില്ല.

അടിമകളെ താൻ സ്വതന്ത്രരാക്കുമെന്ന വാഗ്ദാനം പൂർത്തീകരിക്കാൻ സദാ സന്നദ്ധനായി യേശുവുള്ളതിനാൽ, ആർക്കും തങ്ങളടിമകളായിക്കഴിയുന്നതിനെ ന്യായീകരിക്കാനാവില്ല. യേശുവിനോടൊപ്പം നടക്കാൻ തയ്യാറാണെങ്കിൽ ഏതു രംഗത്തും അവൻ നമ്മെ വിജയത്തിലേക്കു നയിക്കും.

## പരിഹാരമാർഗ്ഗം

**മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിനുമീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു**

**സഹിപ്പാൻ കഴിയേണ്ടതിന്നു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും.**

**1 കോരി 10: 13**

മേൽപ്പറഞ്ഞ ഉദാഹരണത്തിൽനിന്നും, എങ്ങനെയാണ് നമ്മുടെ സാഹചര്യങ്ങളെ തനിക്കനുകൂലമാക്കി ചെകുത്താൻ നമ്മുടെ ജീവിതത്തിൽ കോട്ടകൾ പടുത്തുയർത്തുന്നതെന്ന് നിങ്ങൾക്ക് മനസ്സിലായിക്കാണുമെന്ന് ഞാൻ കരുതുന്നു - എങ്ങനെയാണ് നമ്മുടെ മനസ്സിന്റെ യുദ്ധക്കളത്തിൽ അവൻ പോരാട്ടം നടത്തുന്നതെന്നും. എന്നാൽ ദൈവ കാരുണ്യത്താൽ ഇത്തരം കോട്ടകളെ തകർക്കാനാവശ്യമായ ആയുധങ്ങൾ നമ്മുടെ കൈവശമുണ്ട്. ദൈവം നമ്മെ ഉപേക്ഷിക്കുകയോ നിസ്സഹായതയിലേക്ക് തള്ളിവിടുകയോ ചെയ്യുന്നില്ല. നമുക്ക് താങ്ങാനാവുന്നതിലധികം പ്രലോഭനങ്ങളെ അവനനുവദിക്കുന്നില്ലെന്നും, ഓരോ പ്രലോഭനത്തോടുമൊപ്പം അവൻ നമുക്ക് കാട്ടിത്തരുന്നുണ്ടെന്നുമാണ്. കോറിന്തോസുകാർക്ക് പൗലോസെഴുതിയ ഒന്നാം ലേഖനത്തിന്റെ പത്താമദ്ധ്യായത്തിലെ പതിമൂന്നാം വാക്യത്തിൽ നാം വായിക്കുന്നത്.

നമ്മളിൽ ആരുവേണമെങ്കിലും മേരിയോ ജോണോ ആയിത്തീരാം. മേൽപ്പറഞ്ഞ സാഹചര്യവുമായി നമുക്കും ഏതെങ്കിലും തരത്തിൽ ബന്ധമുണ്ടെന്ന് എനിക്കുറപ്പുണ്ട്. മേരിയുടെയും ജോണിന്റേയും പ്രശ്നങ്ങൾ മാനസികമാണ്.- അവരുടെ ചിന്തകളേയും മനോഭാവങ്ങളെയും ബാധിക്കുന്നവയാണവ. അവരുടെ ആന്തരികാനുഭവങ്ങളുടെ പ്രതിഫലനം മാത്രമാണ്, അവരുടെ ബാഹ്യമായ പെരുമാറ്റം. അവരുടെ ചിന്തകളെ നിയന്ത്രിക്കാൻ സാധിച്ചാൽ തനിക്കവരുടെ പെരുമാറ്റത്തെയും നിയന്ത്രിക്കാൻ കഴിയുമെന്ന് ചെകുത്താനുറപ്പുണ്ട്.

തകർക്കപ്പെടേണ്ട ചെകുത്താൻ കോട്ടകൾ നിങ്ങളുടെ ജീവിതത്തിലുമുണ്ടാവാം. 'ദൈവം നിങ്ങളുടെ പക്ഷത്താണ്' എന്നു പറഞ്ഞ്. നിങ്ങളെ പ്രോത്സാഹിപ്പിക്കുക്കാൻ എന്നെ അനുവദിക്കുക. നിങ്ങളുടെ മനസ്സിന്റ യുദ്ധക്കളത്തിൽ പോരാട്ടം നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ സന്തോഷകരമായ ഒരു വസ്തുത, ദൈവം നിങ്ങളുടെ ഭാഗത്താണെന്നുള്ളതാണ്.

# 2

# സുപ്രധാനമായ ഒരാവശ്യം

**അവൻ തന്റെ മനസ്സിൽ കണക്കു കൂട്ടുന്നതുപോലെ ആകുന്നു; തിന്നു കുടിച്ചുകൊൾക എന്നു അവൻ നിന്നോടു പറയും; അവന്റെ ഹൃദയമോ നിനക്ക് അനുകൂലമല്ല.**

**സുഭാഷിതം 23: 7**

നാം ശരിയായ രീതിയിൽ ചിന്തിക്കുകയെന്നത് എത്രമാത്രം പ്രധാനപ്പെട്ട സംഗതിയാണെന്ന് ഈ വാക്യം നമ്മെ ഓർമ്മിപ്പിക്കുന്നു. ചിന്തകൾ വളരെ ശക്തമാണ്; സുഭാഷിതങ്ങൾ രചിച്ചയാളിന്റെ അഭിപ്രായത്തിൽ അവ സൃഷ്ടി പരവുമാണ്. നാമെന്തായിത്തീരുന്നുവെന്നതിനെ സ്വാധീനിക്കാൻ നമ്മുടെ ചിന്ത കൾക്കു കഴിയുമെങ്കിൽ, ശരിയായ ചിന്തകൾ മാത്രമാണ് നമ്മുടെയുള്ളിലു ണ്ടാവേണ്ടത് എന്നതിന് നാം വേണ്ടത്ര പ്രാധാന്യം കൊടുക്കണം.

ദൈവവചനത്തിനനുസൃതമായ രീതിയിൽ നമ്മുടെ ചിന്തകളെ രൂപപ്പെടു ത്തുന്നതിന്റെ അത്യാവശ്യത്തെക്കുറിച്ച് നിങ്ങൾക്കു മനസ്സിലാക്കിത്തരാൻ ഞാനാഗ്രഹിക്കുന്നു.

*തീർച്ചയായും, ക്രിയാത്മകമായ ജീവിതവും നിഷേധാത്മകമായ മനസ്സും ഒരേസമയം ആർക്കുമുണ്ടാവില്ല.*

## ആത്മാവിന്റെ മനസ്സിനെതിരെ ശരീരത്തിന്റെ മനസ്സ്

**ജഡസ്വഭാവമുള്ളവർ ജഡത്തിനും ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു.**

**റോമർ 8: 5**

'കിംഗ് ജെയിംസ്' ബൈബിളിന്റെ എട്ടാമധ്യാത്തിൽ, നാം ശാരീരികവിഷ യങ്ങളിലാണ് മനസ്സ് കേന്ദ്രീകരിക്കുന്നതെങ്കിൽ നാം ശരീരത്തിൽ ചരിക്കുന്ന വരായിത്തീരുമെന്ന് റോമാക്കാർ ഓർമ്മിപ്പിക്കുന്നു; അതേ സമയം, ആത്മാവു മായി ബന്ധപ്പെട്ട വിഷയങ്ങളിൽ ശ്രദ്ധിക്കുന്നതോടെ, നാം ആത്മാവിൽ സഞ്ച രിക്കാൻ തുടങ്ങുന്നു.

ഇതേ കാര്യം മറ്റൊരുരീതിയിൽ പറയാൻ ഞാനാഗ്രഹിക്കുന്നു. ശാരീരിക ചിന്തകൾ, തെറ്റായ ചിന്തകൾ, നിഷേധാത്മകചിന്തകൾ മനസ്സിൽ കൊണ്ടു നടക്കുമ്പോൾ നമുക്കു ആത്മാവിൽ സഞ്ചരിക്കാനാവില്ല. വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കാൻ കഴിയണമെങ്കിൽ ദൈവികമായ ചിന്താരീതി അത്യന്താപേക്ഷിതമാകുന്നു.

ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടത് എത്രമാത്രം അത്യാവശ്യമാണെന്ന് നമുക്കു മനസ്സിലാകാത്തപ്പോൾ, പലപ്പോഴും നമ്മൾ മനുഷ്യർ അവയുടെ കാര്യത്തിൽ അലസതയും ഉദാസീനതയും കാട്ടാറുണ്ട്. എന്നാൽ ആ കാര്യത്തിൽ ഉപേക്ഷ വിചാരിക്കുന്നതുമൂലം വലിയ കുഴപ്പങ്ങളുണ്ടാകുമെന്നു മനസ്സിലായാൽ നാം അതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് അതിൽ ശ്രദ്ധ പുലർത്തുന്നു.

ഞാനൊരുദാഹരണം പറയാം. ബാങ്കിൽ നിന്നും നിങ്ങളെ ഫോൺ ചെയ്ത്, നിങ്ങളുടെ അക്കൗണ്ട് ശൂന്യമായിരിക്കുന്നുവെന്നും, എണ്ണൂറ്റിയമ്പത് ഡോളർ നിങ്ങൾ അധികം കൈപ്പറ്റിയിരിക്കുന്നുവെന്നും പറയുന്നുവെന്ന് വിചാരിക്കുക. അന്വേഷണം നടത്തുമ്പോൾ, നിങ്ങൾ അക്കൗണ്ടിൽ നിക്ഷേപിച്ചുവെന്നു കരുതിയ തുക നിക്ഷേപിക്കാൻ നിങ്ങൾക്കു കഴിഞ്ഞിട്ടില്ലെന്നു മനസ്സിലാകുന്നു. ഉടൻ തന്നെ നിങ്ങൾ ബാങ്കിലെത്തി അക്കൗണ്ടിൽ പണം നിക്ഷേപിക്കുന്നു, അങ്ങനെ സംഭവിച്ചേക്കാവുന്ന കുഴപ്പങ്ങളൊഴിവാക്കുന്നു.

ഇതേ രീതിയിൽ മനസ്സ് നവീകരിക്കുന്നതിനെക്കുറിച്ചു ചിന്തുക്കമെന്നാണ് എനിക്കു നിങ്ങളോടു പറയാനുള്ളത്.

നിരവധി വർഷങ്ങളായി തെറ്റായ വഴിയിലൂടെ ചിന്തിക്കുന്നതിലൂടെ നിങ്ങളുടെ ജീവിതം ആകെ കുഴഞ്ഞു മറിഞ്ഞ അവസ്ഥയിലായിരിക്കാം. അങ്ങനെയാണെങ്കിൽ, *നിങ്ങളുടെ മനസ്സ് നേരെയാവാതെ നിങ്ങളുടെ ജീവിതം നേരെയാവില്ലെന്ന* കാര്യം നിങ്ങൾ മനസ്സിലാക്കിയേ പറ്റൂ. ഇത് *സുപ്രധാനമായ ഒരു വിഷയ*മായിത്തന്നെ നിങ്ങൾ തിരിച്ചറിയണം. ചെകുത്താൻ നിങ്ങളുടെ മനസ്സിൽ കെട്ടിയുയർത്തിയിട്ടുള്ള കോട്ടകൾ തട്ടിത്തകർക്കുന്നതിൽ ജാഗ്രത പുലർത്തുക. വചനം, സ്തുതി, പ്രാർത്ഥന എന്നീ ആയുധങ്ങളുപയോഗിച്ച് അവനോടു പോരാടുക.

## ആത്മാവിനാൽ

**അവൻ എന്നോടു ഉത്തരം പറഞ്ഞതെന്തെന്നാൽ: സെരുബ്ബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടാവിതു: സൈന്യത്താലല്ല, ശക്തിയാലുമല്ല എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.**

**സക്കറിയാ 4:6**

സ്വാതന്ത്ര്യം നേടാനുള്ള ഏറ്റവും നല്ല വഴികളിലൊന്ന് ദൈവത്തോട് കൂടെക്കൂടെ സഹായമഭ്യർത്ഥിക്കുകയെന്നതാണ്.

നിങ്ങളുടെ ആയുധങ്ങളിലൊന്ന് പ്രാർത്ഥന അഥവാ അപേക്ഷയാണ്. ദൃഢനിശ്ചയം കൊണ്ടു മാത്രം നിങ്ങൾ നിങ്ങളുടെ സാഹചര്യങ്ങളെ മറികടക്കാനാവില്ല. നിങ്ങൾക്ക് ദൃഢനിശ്ചയമുണ്ടായിരിക്കണം, എന്നാൽ നിങ്ങളുടെ ദൃഢനിശ്ചയം പരിശുദ്ധാത്മാവിലായിരിക്കണമെന്നുമാത്രം, അതു നിങ്ങളുടെ ശരീരത്തിൽ പ്രയത്നത്തിലായിരിക്കരുത്. പരിശുദ്ധാത്മാവാണ് നിങ്ങളുടെ സഹായി– എല്ലായ്പ്പോഴും അവന്റെ സഹായം തേടുക. അവനെ ആശ്രയിച്ചുകൊള്ളുക. നിങ്ങൾക്കു തനിയെ ഒരിക്കലുമതു ചെയ്യാനാവില്ല.

## സുപ്രധാനമായ ഒരാവശ്യം

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ശരിയായ ചിന്തയെന്നത് സുപ്രധാനമായ ഒരാവശ്യമാണ്. എന്തെങ്കിലുമൊന്ന് സുപ്രധാനമായ ആവശ്യമായിത്തീരുന്നത്, അതില്ലാതെ നമുക്ക് ജീവിക്കാനാവില്ലെന്ന അവസ്ഥയുള്ളപ്പോഴാണ് – ഹൃദയമിടിപ്പ് പോലെയോ രക്തസമ്മർദ്ദം പോലെയോ സുപ്രധാനമായി അതു തോന്നിക്കുമ്പോൾ.

പ്രാർത്ഥനയിലും വചനത്തിലും കർത്താവുമായുള്ള വ്യക്തിബന്ധത്തിന്റെ കാര്യത്തിലാണ്, വർഷങ്ങൾക്കു മുമ്പ് അവനീ സത്യം എനിക്കു വെളിപ്പെടുത്തിത്തന്നത്. ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനാവശ്യമായ അച്ചടക്കം സ്വയം പരിശീലിപ്പിക്കാൻ പാടുപെടുകയായിരുന്നു ഞാനക്കാലത്ത് - എന്നാൽ അവ സുപ്രധാനമായ ആവശ്യങ്ങളാണെന്ന് കർത്താവെനിക്കു കാണിച്ചു തന്നതോടെ എന്റെ ബുദ്ധിമുട്ടു മാറി. ഹൃദയമിടിപ്പ്, രക്തപ്രവാഹം തുടങ്ങിയ സുപ്രധാനമായ ജീവന്റെ അടയാളങ്ങളെ ആശ്രയിച്ചാണ് എന്റെ ഭൗതികജീവിതം നിലനിൽക്കുന്നത് എന്നതുപോലെ, കൃത്യമായും നിറഞ്ഞ താല്പര്യത്തോടുംകൂടി ദൈവത്തോടൊപ്പം സമയം ചിലവഴിക്കുന്നതിലാണ് എന്റെ ആത്മീയ ജീവിതത്തിന്റെ അടിസ്ഥാനം. കർത്താവിനോടുള്ള വ്യക്തിബന്ധം സുപ്രധാനമാണെന്നു മനസ്സിലായതോടെ, ഞാനതിനെ എന്റെ ജീവിതത്തിലെ ഏറ്റവും മഹത്തായ കാര്യമായി കാണാൻ തുടങ്ങി.

ഇതുപോലെ തന്നെ, വിജയകരമായ ജീവിതതതിന് ശരിയായ ചിന്ത സുപ്രധാനമാണന്നു തിരിച്ചറിഞ്ഞതോടെ, ഞാനെന്തിനെക്കുറിച്ചാണു ചിന്തിക്കുന്നത് എന്നതിനെക്കുറിച്ച് ഞാൻ ഗൗരവത്തോടെ ചിന്തിക്കാൻ തുടങ്ങി; ഒപ്പം, എന്റെ ചിന്തകളെ ശ്രദ്ധാപൂർവ്വം തിരഞ്ഞെടുക്കാനും.

## നിങ്ങളെന്തു ചിന്തിക്കുന്നുവോ അതാണു നിങ്ങൾ

**ഒന്നുകിൽ വൃക്ഷം നല്ലതു, ഫലവും നല്ലതു എന്നു വെപ്പിൻ; അല്ലായ്കയിൽ വൃക്ഷം ചീത്ത ഫലവും ചീത്ത എന്നു വെപ്പിൻ; ഫലംകൊണ്ടല്ലോ വൃക്ഷം അറിയുന്നതു.**

**മത്തായി 12: 33**

വൃക്ഷം അതിന്റെ ഫലത്താലാണ് അറിയപ്പെടുന്നത് എന്നാണ് ബൈബിൾ പറയുന്നത്.

നമ്മുടെ ജീവിതത്തിലും ഇതു സത്യമാണ്. ചിന്തകൾക്ക്, വൃക്ഷങ്ങൾക്കെന്നതുപോലെ ഫലങ്ങളുണ്ടാകുന്നുണ്ട്. നല്ല ചിന്തകളെ സ്വീകരിക്കുമ്പോൾ, നിങ്ങളുടെ ജീവിതത്തിൽ നല്ല ഫലമുണ്ടാകുന്നു. ചീത്ത ചിന്തകളെ സ്വീകരിക്കുമ്പോഴാകട്ടെ, നിങ്ങളുടെ ജീവിത്തിലുണ്ടാകുന്ന ഫലവും ചീത്തയായിരിക്കും.

ഒരാളുടെ കാഴ്ചപ്പാടിനെ നിരീക്ഷിക്കുന്നതിലൂടെ ഏതു തരത്തിലുള്ള ചിന്തയാണ് അയാളുടെ ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്നതെന്ന് കണ്ടെത്താൻ കഴിയും. സൗമ്യമധുരമായ സ്വഭാവത്തിന്റെ ഉടമയായ ഒരാൾക്ക് ഹീനമായതും പ്രതികാരേച്ഛ നിറഞ്ഞതുമായ ചിന്തകളുണ്ടായിരിക്കുകയില്ല. നേരെ മറിച്ച്, ദുഷ്ടനായ ഒരാളുടെയുള്ളിൽ നല്ലതും സ്നേഹഭരിതവുമായ ചിന്തകളുണ്ടായിരിക്കുകയില്ല.

ആദ്യം ഉദ്ധരിച്ച വാക്യം (സുഭാ. 23:7) എല്ലായ്പ്പോഴുമോർമ്മിക്കുക. അതു നിങ്ങളുടെ ജീവിതത്തെ സ്വാധീനിക്കാനനുവദിക്കുക: എന്തന്നാൽ, നിങ്ങളെന്തു ചിന്തിക്കുന്നുവോ, നിങ്ങളതായിത്തീരുന്നു.

# 3
# ഒരിക്കലും പ്രതീക്ഷ കൈവെടിയരുത്

**"നന്മ ചെയ്കയിൽ നാം മടുത്തു പോകരുതു; തളർന്നുപോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും.**

**ഗലാത്തിയർ 6:9**

നിങ്ങളുടെ ജീവിതസാഹചര്യങ്ങളും നിങ്ങളുടെ മനസ്സും എത്രമാത്രം മോശമായ അവസ്ഥയിലായിരുന്നാലും ശരി, ഒരിക്കലും നിങ്ങൾ പ്രതീക്ഷ കൈവെടിയരുത്! ചെകുത്താൻ നിങ്ങളിൽനിന്നും പിടിച്ചെടുത്ത ഭൂപ്രദേശം തിരിച്ചു നേടുക. എല്ലായ്പ്പോഴും ദൈവകാരുണ്യത്തെ ആശ്രയിച്ചുകൊണ്ടും, നിങ്ങളുടെ കഴിവിനെ ആശ്രയിക്കാതെയും, ഓരോ ഇഞ്ചായി നിങ്ങൾക്കു നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കുക; നിങ്ങളോ ഇഞ്ചായി നിങ്ങൾക്കു നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കു, നിങ്ങളാഗ്രഹിക്കുന്ന ഫലം കിട്ടാനായി ദൈവത്തെ ആശ്രയിക്കുക.

ചെയ്യുന്നതു ചെയ്തുകൊണ്ടേയിരിക്കാനാണ് വിശുദ്ധ ഗ്രന്ഥത്തിലെ മേലുദ്ധരിച്ച വാക്യത്തിൽ പൗലോസ് അപ്പോസ്തലൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നത് ! ഉപേക്ഷിച്ചു പോകരുത്! 'കൈവെടിയാ'നുള്ള ആ പഴയ തോന്നലവസാനിപ്പിക്കുക. യാത്രയിലുടനീളം തന്നോടൊപ്പം സഞ്ചരിക്കാൻ തയ്യാറുള്ളവരെയാണ് ദൈവം കാത്തിരിക്കുന്നത്.

## കടന്നുപോവുക

**"നീ വെള്ളത്തിൽകൂടെ കടക്കുമ്പോൾ ഞാൻ നിന്നോടുകൂടെ ഇരിക്കും; നീ നദികളിൽകൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവികയില്ല. നീ തീയിൽകൂടി നടന്നാൽ വെന്തു പോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല."**

**ഏശയ്യാ 43: 2**

ഇപ്പോൾ നിങ്ങളേതുതരത്തിലുള്ള വിഷമസന്ധിയിലാണ് അകപ്പെട്ടിരിക്കുന്നതെങ്കിലും, പ്രതീക്ഷാ കൈവെടിയാതെ അതിലൂടെ കടന്നുപോകാനാണ് ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നത്.

നമുക്കു മാനിന്റെ പാദങ്ങൾ ലഭിക്കുന്നത്, നാം നടക്കുകയും (ഭയപ്പെട്ട് നിശ്ചലരായി നിൽക്കുകയല്ല) **മുന്നോട്ട് നീങ്ങുകയും (കുഴപ്പങ്ങളുടെയും യാതനയുടേയും ഉത്തരവാദിത്വങ്ങളുടെയും ഇടയിലേക്ക്) ചെയ്യുമ്പോഴാണെന്ന് പറയപ്പെട്ടിരിക്കുന്നു** (ഹബക്കൂക് 3:19)

ദുരിതാനുഭവങ്ങളുടെ സമയത്ത് 'മുന്നോട്ടു നീങ്ങാൻ 'നമ്മെ സഹായിക്കുകയും ആത്മീയ പുരോഗതി കൈവരിക്കാൻ തുണയ്ക്കുകയും ചെയ്തുകൊണ്ടാണ് ദൈവം നമ്മോടൊപ്പം നിൽക്കുന്നത്.

ഉപേക്ഷിക്കാനും പിന്തിരിയാനുമെളുപ്പമാണ്; എന്നാൽ വിശ്വാസമുണ്ടെങ്കിൽ മാത്രമേ മുന്നോട്ടു പോകാൻ കഴിയൂ.

## തീരുമാനം നിങ്ങളുടെയാണ്!

**ജീവനും മരണവും, അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു എന്നതിനു ഞാൻ ആകാശത്തെയും ഭൂമിയെയും ഇന്നു സാക്ഷി വയ്ക്കുന്നു.**

**ആവർത്തനം 30: 19**

ഓരോ ദിവസവും പതിനായിരക്കണക്കിനു ചിന്തകളാണ് നമ്മുടെയുള്ളിലേക്കു കടന്നു വരുന്നത്. ശരീരത്തിന്റെ പിന്നാലെ പോകുന്നതിനു പകരം, ആത്മാവിനു പിന്നാലെ പോകാൻ മനസ്സിനു നവീകരണം നൽകേണ്ടതുണ്ട്. നമ്മുടെ ശരീരത്തിന്റെ മനസ്സിന് (ലൗകികമായ മനസ്സിന്) സ്വതന്ത്രമായി പ്രവർത്തിച്ചു പരിചയമുള്ളതിനാൽ, തെറ്റായ ചിന്തകളെ അതു സ്വാഭാവികമായിത്തന്നെ സ്വാഗതം ചെയ്യുന്നു.

നേരേ മറിച്ച്, ശരിയായ ചിന്തകളെ നാം ബോധപൂർവ്വം തിരഞ്ഞെടുക്കേണ്ടതുണ്ട്. ദൈവത്തോട് നമ്മുടെ ചിന്തകളിൽ സാദൃശ്യം പുലർത്താൻ തീരുമാനിച്ചു കഴിഞ്ഞാൽ, നല്ല ചിന്തകളെ '*തിരഞ്ഞെടുക്കാ*'നും, '*തിരഞ്ഞെടുക്കുന്നത് തുടരാ*'നും നാം ശ്രദ്ധിക്കണം.

മനസ്സിൽ നടക്കുന്ന പോരാട്ടം വിഷമകരമാണെന്നും, നമുക്കതിൽ ജയിക്കാനാവില്ലെന്നും എപ്പോൾ തോന്നുന്നുവോ, അപ്പോൾ തന്നെ നാമത്തരം തോന്നലുകളെ നിരസിക്കുകയും, പോരാട്ടത്തിൽ ജയിക്കാൻ നിശ്ചയിക്കുകയും വേണം! ജയിക്കുമെന്നു നിശ്ചയിച്ചാൽ മാത്രം പോരാ, പോരാട്ടത്തിൽ നിന്നും പിന്മാറുകയില്ലെന്നുകൂടി നിശ്ചയിക്കണം. സംശയങ്ങളും ഭീതികളും നമ്മുടെമേൽ ആഞ്ഞു പതിക്കുമ്പോൾ ഒരുറച്ച നിലപാടു സ്വീകരിച്ചുകൊണ്ട് ഇങ്ങനെ പറയാൻ നമുക്കു കഴിയണം: ഒരിക്കലും ഞാൻ പിന്മാറുകയില്ല! ദൈവമെന്റെ പക്ഷത്താണ്, ദൈവമെന്നെ സ്നേഹിക്കുന്നു, ദൈവമെന്നെ സഹായിച്ചുകൊണ്ടിരിക്കുന്നു!

നിങ്ങൾക്കുമെനിക്കുമെല്ലാം നമ്മുടെ ജീവിതകാലത്തിലുടനീളം എത്രയേറെ തിരഞ്ഞെടുപ്പുകളാണ് നടത്താനുള്ളത്! തന്റെ ജനങ്ങൾക്കു മുൻപിൽ ജീവിതവും മരണവും വെച്ചതിനുശേഷം, അവരോട് ജീവിതം '*തിരഞ്ഞെടുക്കാ*'ൻ കർത്താവാവശ്യപ്പെടുന്നത് നാം കണ്ടു കഴിഞ്ഞു (ആവർത്തനം 30:19) **'മരണവും ജീവിതവും നാവിന്റെ അധീനത്തിലാണെന്നും, അതിൽ മുഴുകുന്നവൻ അതിന്റെ ഫലമനുഭവിക്കു'മെന്നും** (സുഭാഷിതം 18: 21) പറയപ്പെട്ടിരിക്കുന്നു.

നമ്മുടെ ചിന്തകൾ നമ്മുടെ വാക്കുകളായിത്തീരുന്നു. അതിനാൽ ജീവദായകമായ ചിന്തകൾ മാത്രമേ നാം '*തിരഞ്ഞെടുക്കാ*'വൂ എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അപ്പോൾ ശരിയായ വാക്കുകൾ താനേ പിന്തുടർന്നുകൊള്ളും.

## പിന്മാറരുത്!

യുദ്ധമവസാനിക്കുകയില്ലെന്നും, നിങ്ങളതിൽ വിജയിക്കുകയില്ലെന്നും തോന്നുമ്പോൾ ഒരു കാര്യമോർമ്മിക്കുക - തികച്ചും ശാരീരികവും ലൗകിക

വുമായ മനസ്സിന്;, ദൈവത്തിന്റേതായ രീതിയിൽ ചിന്തിക്കുന്നതിനുള്ള പരിശീലനം നൽകിക്കൊണ്ടിരിക്കുകയാണ് നിങ്ങൾ

ഇതസാധ്യമാണോ? *അല്ല*!

ഇതു വിഷമകരമാണോ? *അതേ*!

പക്ഷേ, ഒരു കാര്യമോർമ്മിക്കുക, ദൈവം നിങ്ങളുടെ സംഘത്തിലാണ്. ഏറ്റവും നല്ല 'കംപ്യൂട്ടർ പ്രോഗ്രാമർ' ദൈവമാണെന്നാണെന്റെ വിശ്വാസം. (ഒരു ജീവിതകാലത്ത് മുഴുവനുമടിഞ്ഞുകൂടിയ ചപ്പുചവറുകൾ നിറഞ്ഞതാണ് നമ്മുടെ മനസ്സെന്ന കംപ്യൂട്ടർ) ദൈവം നിങ്ങളുടെമേൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്; നിങ്ങളുടെ ചിന്തകളുടെ നിയന്ത്രണമേറ്റെടുക്കാൻ നിങ്ങളവനെ ക്ഷണിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായുമവൻ നിങ്ങളുടെമേൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അവൻ നിങ്ങളുടെ മനസ്സിനെ പുനഃക്രമീകരിച്ചുകൊണ്ടിരിക്കുകയാണ്. അവനുമായി സഹകരിക്കുക - *ഒരിക്കലും പിന്മാറാതിരിക്കുക*!

തീർച്ചയായും കുറച്ചധികം സമയമാവശ്യമുള്ള ജോലിയാണിത്, ഇത് എളുപ്പത്തിൽ ചെയ്യാവുന്നതുമല്ല; എന്നാൽ, ദൈവത്തിന്റെ പാതയിലാണു ചിന്തിക്കുന്നതെങ്കിൽ ശരിയായ ദിശയിലാണു നിങ്ങൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്, എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുകയാണ്, അപ്പോഴും നിങ്ങൾ മുമ്പോട്ടു സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു; ആകെ കുഴഞ്ഞു മറിഞ്ഞ അവസ്ഥയിൽ നിങ്ങളുടെ ജീവിതം പാഴാക്കുന്നതിനു പകരം!

## തിരിച്ചുപോയി കൈവശപ്പെടുത്തുക

**ഹോറേബിൽവെച്ച് നമ്മുടെ ദൈവമായ യഹോവ നമ്മോടു കല്പിച്ചു; 'നിങ്ങൾ ഈ പർവ്വതത്തിൽ പാർത്തതു മതി.**

**തിരിച്ചു യാത്രചെയ്തു അമോര്യരുടെ അടുക്കലേക്കും അതിന്റെ അയൽപ്രദേശങ്ങളായ അരാബാ, മലനാടു, താഴ്‌വീതി, തെക്കേദേശം, കടല്ക്കര എന്നിങ്ങനെയുള്ള കനാന്യദേശത്തേക്കും ലെബാനോനിലേക്കും ഫ്രാത്ത് എന്ന മഹാനദിവരെയും പോകുവിൻ.**

**ആവർത്തനം 1: 6–8**

ആവർത്തനം ഒന്നാമധ്യായം രണ്ടാം വാക്യത്തിൽ, കാനാൻദേശത്തിന്റെ (വാഗ്ദത്തഭൂമി) അതിർത്തിവരെ പതിനൊന്നു ദിവസത്തെ യാത്രയാണുള്ളതെന്ന് ഇസ്രയേൽ ജനതയോട് മോശ പറയുന്നുണ്ട്; എന്നാൽ നാല്പതു വർഷം കൊണ്ടാണ് അവരവിടെയെത്തിച്ചേരുന്നത്. പിന്നീട്, ആറാം വാക്യത്തിൽ മോശ പറയുന്നത്, അവർ വേണ്ടത്ര കാലം ഈ പർവ്വതത്തിൽ താമസിച്ചുവെന്ന് കർത്താവായ ദൈവമരുളിചെയ്തുവെന്നാണ്.

വേണ്ടത്രകാലം നിങ്ങളൊരേ പർവ്വതത്തിൽ താമസിച്ചുവോ? പതിനൊന്നു ദിവസത്തെ യാത്രയ്ക്കുവേണ്ടി നിങ്ങൾ നാല്പതു വർശക്കാലം ചെലവഴിച്ചുവോ?

ഞാനെങ്ങുമെത്തിച്ചേരുന്നില്ലെന്ന് ഏറെ വൈകിയാണ് ഞാൻ പോലും മനസ്സിലാക്കിയത്. '*വിജയമനുഭവിക്കാൻ കഴിയാത്ത ക്രിസ്ത്യാനി*'യായിരുന്നു ഞാനതുവരെ. മേരിയ്ക്കും ജോണിനുമുണ്ടായിരുന്നുതുപോലെ, എന്റെയുള്ളിലും നിരവധി തെറ്റായ ചിന്തകളും, വർഷങ്ങളായി ചെകുത്താൻ പടുത്തുയർത്തിയ കോട്ടകളുമുണ്ടായിരുന്നു. ചെകുത്താനെന്നോടു പറഞ്ഞ നുണകളത്രയും അതുവരെ ഞാൻ വിശ്വസിക്കുകയായിരുന്നു. അന്നോളം ഞാൻ വഞ്ചിക്കപ്പെടുകയായിരുന്നു.

വേണ്ടത്ര കാലം ഞാൻ ഒരേ പർവ്വതത്തിൽ കഴിഞ്ഞുകൂടുകയായിരുന്നു. ദൈവവചനത്തിന്റെ സത്യം മനസ്സിലാക്കിയിരുന്നെങ്കിൽ, എത്രയോ കുറച്ചുസമയത്തിനുള്ളിൽ നടത്താമായിരുന്നു ഒരു യാത്രയ്ക്കുവേണ്ടി ഞാൻ നാൽപതു വർഷങ്ങളാണു ചെലവഴിച്ചത്.

ഇസ്രയേൽ ജനതയ്ക്ക് വിജനപ്രദേശത്തു താമസിക്കേണ്ടിവന്നതിനു കാരണം, അവർക്ക് 'വിജനമായ മനോഭാവം 'ഉണ്ടായിരുന്നതിനാലാണെന്ന് ദൈവമെനിക്കു കാട്ടിത്തന്നു. 'വിജനമായ മനോഭാവ'മെന്നത് ഒരുവനെ ബന്ധനസ്ഥനാക്കുന്ന തെറ്റായ ചിന്തകളാണ്. ഈ വിഷയത്തെക്കുറിച്ച് തുടർന്നുള്ള അധ്യായങ്ങളൊന്നിൽ നാം വിശദമായി ചർച്ച ചെയ്യുന്നുണ്ട്. എന്നാൽ ഇപ്പോഴിതേക്കുറിച്ചു പറയാൻ ഞാനാഗ്രഹിക്കുന്നത്, നിങ്ങളുടെ മനസ്സിനെ നവീകരിക്കാനും, നിങ്ങളുടെ ചിന്തകളെ ശ്രദ്ധാപൂർവ്വം തിരഞ്ഞെടുക്കാനും നിങ്ങൾ പഠിക്കുകയെന്നുള്ളതാണ്. പൂർണ്ണ വിജയം നേടുന്നതുവരെ നിങ്ങൾ പിന്തിരിയുകയില്ലെന്ന് ഉറച്ചതീരുമാനമെടുക്കുക: നിങ്ങൾക്ക് അർഹമായത് കൈവശപ്പെടുത്തുന്നതുവരെ പിന്മാറുകയില്ലെന്നു നിശ്ചയിക്കുക.

# 4

# അല്പാല്പമായി

**നിങ്ങളുടെ ദൈവമായ കർത്താവ് ഈ ജനങ്ങളെ നിങ്ങളുടെ മുൻപിൽവെച്ച് അല്പാല്പമായി ഉന്മൂലനം ചെയ്യും. നിങ്ങളവരെ ഒറ്റയടിക്ക് നശിപ്പിക്കരുത്, അല്ലെങ്കിൽ വന്യമൃഗങ്ങൾ പെറ്റുപെരുകി നിങ്ങൾക്ക് ശല്യമായിത്തീരും.**

**സംഖ്യ. 7: 22**

നിങ്ങളുടെ മനസ്സിന്റെ നവീകരണം സംഭവിക്കുന്നത് *അല്പാല്പ*മായിട്ടാണ് എന്നതിനാൽ, പുരോഗതി വളരെ സാവകാശത്തിലാണെങ്കിലും നിങ്ങളതിൽ ദുഃഖിക്കേണ്ടതില്ല.

ഇസ്രായേൽ ജനത വാഗ്ദത്തഭൂമിയിൽ പ്രവേശിക്കുന്നതിനു തൊട്ടു മുൻപായി കർത്താവ് അവരോടു പറഞ്ഞത്, അവരുടെ ശത്രുക്കളെ താൻ അല്പാല്പമായി തുരത്തിയോടിക്കുകമെന്നാണ്, അല്ലാത്തപക്ഷം അവരുടെ യിടയിലെ

വളരെ പെട്ടെന്ന് വളരെയധികം സ്വാതന്ത്ര്യം ലഭിക്കാനിടയായാൽ 'അഹങ്കാരം' എന്ന മൃഗം നമ്മെ പിടിച്ചു വിഴുങ്ങുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു സമയത്ത് ഒരു കാര്യത്തിൽ മാത്രം സ്വാതന്ത്ര്യം ലഭിക്കുന്നതാണ് കൂടുതൽ നല്ലത്. അങ്ങനെയെങ്കിൽ, നമുക്ക് കിട്ടുന്ന സ്വാതന്ത്ര്യത്തിന് നാം കൂടുതൽ വിലമതിക്കും, നമ്മുടെ കഴിവുപയോഗിച്ച് നമുക്ക് നേടാവുന്നതല്ല അതെന്നും, ദൈവികമായ ദാനമാണെന്നും നാമപ്പോൾ തിരിച്ചറിയും.

## ദുരിതാനുഭവങ്ങൾക്കു പിന്നാലെയാണ് മോചനം സംഭവിക്കുന്നത്

**"എന്നാൽ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും."**

**1 പത്രോസ് 5: 10**

എന്തിനുവേണ്ടിയാണ് നാം കുറച്ചുകാലം ദുരിതനുഭവിക്കുന്നത്? നമുക്കൊരു പ്രശ്നമുണ്ടെന്ന് നാം തിരിച്ചറിയുന്ന സമയം മുതൽ യേശു മോചിപ്പിക്കുന്നതുവരെ നാം ദുരിതമനുഭവിക്കുകയാണെന്നാണ് ഞാൻ കരുതുന്നത്, എന്നാൽ സ്വാതന്ത്ര്യം ലഭിക്കുമ്പോൾ നാം അത്രയധികം സന്തോഷിക്കുകയും ചെയ്യുന്നു. നമ്മുടെ സ്വന്തം നിലയ്ക്ക് എന്തെങ്കിലും ചെയ്യാൻ ശ്രമിച്ച് പരാജയപ്പെടുമ്പോഴാണ് യേശുവിനെ ആശ്രയിച്ചെങ്കിലേ നമ്മുടെ ശ്രമം വിജയിക്കൂ എന്നു നാം തിരിച്ചറിയുന്നത്; അപ്പോൾ നമ്മുടെ ഹൃദയം അവനോടുള്ള കൃതജ്ഞതയാലും സ്തുതികളാലും കവിഞ്ഞൊഴുകുന്നു, എന്തെന്നാൽ നമുക്കു തനിയെ ചെയ്യാൻ കഴിയാത്ത കാര്യം, അവൻ നമുക്കുവേണ്ടി ചെയ്യുന്നു!

## യാതൊരു ശിക്ഷയുമില്ല

**"അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും**

**പ്രമാണത്തിൽനിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു."**

**റോമർ 8: 1**

തിരിച്ചടികളോ ചീത്ത അനുഭവങ്ങളോ ഉണ്ടാകുമ്പോൾ സ്വയം കുറ്റപ്പെടുത്തരുത്. പകരം, വീണ്ടും എഴുന്നേറ്റ് സ്വയം പൊടി തുടച്ചു മിനുക്കി, ഒരിക്കൽക്കൂടി ആരംഭിക്കുക. പിച്ച നടന്നു തുടങ്ങുന്ന ഒരു കുട്ടി നടക്കാൻ പഠിക്കുന്നതിനു മുൻപ് എത്ര തവണയാണ നിലത്തു വീഴുന്നത്! ഓരോ തവണ വീഴുമ്പോഴും കുറച്ചു സമയം കരയുമെങ്കിലും, വീണ്ടും പിടഞ്ഞെഴുന്നേറ്റ് നടക്കാൻ ശ്രമിക്കുകയാണ് കുട്ടി ചെയ്യുന്നത് എന്ന കാര്യം വളരെ ക്രിയാത്മകമാണ്.

മനസ്സിനെ നവീകരിക്കാനുള്ള നിങ്ങളുടെ ശ്രമത്തെ തന്നാലാവുംവിധം തടയാൻ ചെകുത്താൻ പരമാവധി ശ്രമിക്കും. ശരിയായ ചിന്തകളെ തിരഞ്ഞെടുക്കാനും തെറ്റായ ചിന്തകളെ നിരസിക്കാനും നിങ്ങൾ പ്രാപ്തരായിത്തീരുന്നതോടെ, ചെകുത്താന് നിങ്ങളുടെ മേലുള്ള നിയന്ത്രണം നഷ്ടമാകുന്നു എന്നവനറിയാം. അതിനാൽ നിരുത്സാഹപ്പെടുത്തലിലൂടെയും കുറ്റപ്പെടുത്തലിലൂടെയും നിങ്ങളെ തടസ്സപ്പെടുത്താൻ അവനങ്ങേയറ്റം പരിശ്രമിക്കും.

കുറ്റപ്പെടുത്തലുണ്ടാകുമ്പോൾ 'വചനമെന്ന ആയുധ' മുപയോഗിക്കുക. വേദപുസ്തകത്തിൽ പറയപ്പെട്ടിരിക്കുന്നതുപോലെ (റോമാക്കാർ 8:1) നിങ്ങൾ ശരീരത്തിനു പിന്നാലെ നടനക്കുകയല്ല, മറിച്ച് ആത്മാവിനു പിന്നാലെ നടക്കുകയാണു ചെയ്യുന്നതെന്ന വാസ്തവം ചെകുത്താനെയും, നിങ്ങളെത്തന്നെയും ഓർമ്മപ്പെടുത്തുക. ശരീരത്തിന്റെ വഴിയെ നടക്കുകയെന്നാൽ അവനവന്റെ കഴിവിനെ ആശ്രയിക്കുകയെന്നാണർത്ഥം; ആത്മാവിന്റെവഴിയെ നടനക്കുകയെന്നാൽ ദൈവത്തെ ആശ്രയിക്കുയെന്നും.

നിങ്ങൾ പരാജയപ്പെട്ടാൽ (അതു തീർച്ചയായും സംഭവിക്കും) അതിനർത്ഥം നിങ്ങളൊരു പരാജയമാണെന്നല്ല. എല്ലാ കാര്യങ്ങളും ശരിയായി ചെയ്യാൻ നിങ്ങൾക്കു കഴിയുന്നില്ല എന്നു മാത്രമാണ് അതിനർത്ഥം. നമുക്കു പലതരത്തിലുള്ള ശക്തികളുണ്ടെന്നതിനൊപ്പം ദൗർബല്യങ്ങളുമുണ്ട് എന്നു സമ്മതിക്കാൻ നാം തയ്യാറാകണം. നിങ്ങളുടെ ദൗർബല്യങ്ങളിൽ കരുത്തനാകാൻ യേശുവിനെ അനുവദിക്കുക; നിങ്ങൾ ദുർബലരാകുന്ന ദിവസങ്ങളിൽ, അവസങ്ങളിൽ യേശുവായിരിക്കട്ടെ നിങ്ങളുടെ കരുത്ത്.

ഞാനിതാ വീണ്ടുമാവർത്തിക്കുന്നു: *കുറ്റപ്പെടുത്തൽ ഏൽക്കാതിരിക്കുക*. തീർച്ചയായും നിങ്ങൾക്ക് സമ്പൂർണ്ണ വിജയം ലഭിക്കും; എന്നാൽ അത് 'അല്പാല്പമായി' സംഭവിക്കുന്നതിനാൽ കുറച്ചു സമയമെടുക്കുമെന്നു മാത്രം.

## നിരാശരാകാതിരിക്കുക

**എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതെന്തു?**

**ദൈവത്തിൽ പ്രത്യാശ വെക്കുക; അവൻ എന്റെ മുഖപ്രകാശരക്ഷയും എന്റെ ദൈവവുമാകുന്നു. എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും.**

**സങ്കീ. 42: 5**

നിരുത്സാഹപ്പെടുത്തൽ പ്രതീക്ഷയെ നശിപ്പിക്കുന്നു എന്നതിനാൽ, നമ്മെ നിരുത്സാഹപ്പെടുത്താനാണ് ചെകുത്താൻ എല്ലായ്പ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പ്രതീക്ഷ നശിക്കുമ്പോൾ നാം ശ്രമമുപേക്ഷിക്കുന്നു, നാം ശ്രമമുപേക്ഷിക്കുന്നതു കാണാനാണ് ചെകുത്താനാഗ്രഹിക്കുന്നത്. നിരുത്സാഹപ്പെടുകയോ നിരാശപ്പെടുകയോ ചെയ്യരുതെന്നാണ് ബൈബിൾ നമ്മോട് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നത്. നിരാശയ്ക്കടിപ്പെട്ടാൽ നമുക്കു വിജയിക്കാനാവില്ലെന്ന് ദൈവത്തിനറിയാം; അതിനാൽ നാമെന്തെങ്കിലുമൊരു പ്രവൃത്തിയാരംഭിക്കുമ്പോൾ ഇങ്ങനെ പറഞ്ഞുകൊണ്ട് ദൈവം നമ്മെ പ്രോത്സാഹിപ്പിക്കുന്നു. 'നിരാശപ്പെടരുത്'. നാം പ്രത്യാശാനിർഭരരായിരിക്കുന്നതാണ്, നിരാശരായിത്തീരുന്നതല്ല ദൈവത്തിനിഷ്ടം.

നിരുത്സാഹപ്പെടുത്തലോ കുറ്റപ്പെടുത്തലോ നിങ്ങളെ കീഴടക്കാൻ ശ്രമിക്കുമ്പോഴെല്ലാം, നിങ്ങളുടെ ചിന്താരീതിയെ വിശകലനം ചെയ്യുക. എന്തു തരത്തിലുള്ള ചിന്തകളാണ് നിങ്ങളുടെയുള്ളിലുള്ളതെന്ന് പരിശോധിക്കുക. നിങ്ങളുടെ ചിന്തകൾ ഇനി പറയുന്ന തരത്തിലുള്ളവയാണോയെന്ന് നിരീക്ഷിക്കുക.

'ഞാനിതു ചെയ്യാൻ പോകുന്നില്ല; ഇതു ചെയ്യാൻ വളരെ ബുദ്ധിമുട്ടാണ്. ഞാനെല്ലായ്പ്പോഴും പരാജയപ്പെടുന്നു, എല്ലായ്പ്പോഴും കാര്യങ്ങളിങ്ങനെ തന്നെയാണ്, ഒന്നിനും ഒരു മാറ്റവുമുണ്ടാകുന്നില്ല. മറ്റുള്ളവർക്ക് തങ്ങളുടെ മനസ്സിനെ നവീകരിക്കാൻ ഇത്രയധികം ബുദ്ധിമുട്ടുണ്ടാകുന്നില്ലെന്നെനിക്കറിയാം. ഞാൻ ശ്രമുപേക്ഷിക്കാൻ പോവുകയാണ്. ഞാൻ വല്ലാതെ മടുത്തു. ഞാൻ പ്രാർത്ഥിക്കുന്നുണ്ടെങ്കിലും ദൈവമെന്റെ പ്രാർത്ഥന കേൾക്കുന്നില്ലെന്നാണെനിക്കു തോന്നുന്നത്. എന്റെ പെരുമാറ്റത്തിലും പ്രവൃത്തിയിലും ഒരു പക്ഷേ ദൈവം നിരാശനും അസംതൃപ്തനുമായതിനാലാവാം അവനെന്റെ പ്രാർത്ഥന കേൾക്കാത്തത്.'

നിങ്ങളുടെ ചിന്തകൾ ഇത്തരത്തിലുള്ളവയാണെങ്കിൽ നിങ്ങൾ നിരാശനാവുകയും കുറ്റപ്പെടുത്തലേൽക്കുകയും ചെയ്യുന്നതിൽ യാതൊരദ്ഭുതവുമില്ല. നിങ്ങളെന്താണോ ചിന്തിക്കുന്നത്, നിങ്ങൾ അതു തന്നെയായിത്തീരുമെന്ന് ഓർമ്മിച്ചുകൊള്ളുക. നിരാശാകരമായി ചിന്തിച്ചാൽ, നിങ്ങൾ നിരാശയ്ക്കടിമയായിത്തീരുന്നു. കുറ്റപ്പെടുത്തുന്ന തരത്തിലുള്ള ചിന്തകളെ സ്വീകരിച്ചാൽ നിങ്ങൾ കുറ്റപ്പെടുത്തലിന് വിധേയനായിത്തീരുന്നു. അതിനാൽ നിങ്ങളുടെ ചിന്താരീതിയിൽ മാറ്റം വരുത്തുന്നതിലൂടെ സ്വാതന്ത്ര്യം നേടുക!

നിഷേധാത്മകമായി ചിന്തിയ്ക്കുന്നതിനു പകരം ഇങ്ങനെ ചിന്തിക്കാൻ ശീലിക്കുക:

'കാര്യങ്ങൾ സാവകാശത്തിലാണു നീങ്ങുന്നതെന്നതു ശരി തന്നെ; എങ്കിലും എനിക്കു പുരോഗതിയുണ്ടാകുന്നുണ്ട് എന്നതിനാൽ ഞാൻ ദൈവത്തിനു നന്ദി പറയുന്നു. സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്ന ശരിയായ വഴിയിലാണു ഞാൻ സഞ്ചരിക്കുന്നത് എന്നതിൽ ഞാനത്യധികം സന്തുഷ്ടനാണ്. ഇന്നലെ വളരെ വിഷമം പിടിച്ച ഒരു ദിവസമായിരുന്നു. മുഴുവൻ സമയവും എന്റെ ചിന്തകൾ തെറ്റായ വഴിയ്ക്കാണ് നീങ്ങിയിരുന്നത്. പിതാവേ, എന്നോട് ക്ഷമിക്കേണമേ; എന്റെ ശ്രമങ്ങൾ തുടരാൻ എന്നെ സഹായിക്കേണമെ.' എനിക്കു തെറ്റുപറ്റിയിട്ടുണ്ട്. എന്നാൽ ഇതേ തെറ്റ് തീർച്ചയായും വീണ്ടും ഞാൻ വരുത്തുകയില്ല.

ഇതൊരു പുതിയ ദിവസമാണ്. കർത്താവേ, അങ്ങെന്നെ സ്നേഹിക്കുന്നുണ്ട്. ഓരോ പ്രഭാതത്തിലും അങ്ങയുടെ സ്നേഹം പുതുമയുള്ളതാണ്.

'നിരാശപ്പെടാൻ ഞാൻ തയ്യാറല്ല. കുറ്റപ്പെടുത്തലേൽക്കാൻ ഞാൻ തയ്യാറല്ല. പിതാവേ, ബൈബിൾ പറയുന്നത് അവിടുന്നെന്നെകുറ്റപ്പെടുത്തുകയില്ലെന്നാണ്. എനിക്കുവേണ്ടി കുരിശുമരണം വരിക്കാൻ യേശുവിനെ അങ്ങാണയച്ചത്. തീർച്ചയായും ഞാൻ സന്തോഷത്തോടെ കഴിയും - ഇന്നൊരു നല്ല ദിവസമായിരിക്കും. ശരിയായ ചിന്തകൾ തിരഞ്ഞെടുക്കാൻ അങ്ങ് തീർച്ചയായുമെന്നെ സഹായിക്കും.'

ഇത്തരത്തിൽ സന്തോഷകരവും ക്രിയാത്മകവും ദൈവികവുമായ ചിന്തയിലൂടെ നിങ്ങൾക്ക് വിജയമനുഭവിക്കാൻ കഴിയുമെന്നെനിക്കുറപ്പുണ്ട്.

എല്ലാം പെട്ടെന്ന് സംഭവിക്കുന്നതാണ് നമുക്കിഷ്ടം. നമ്മുടെയുള്ളിൽ ക്ഷമയുടെ ഫലമുണ്ടെങ്കിലും, പുറമേ അതു ശീലിക്കാൻ നമുക്കാവുന്നില്ല. ചിലപ്പോഴൊക്കെ നമ്മെ പൂർണ്ണമായി മോചിപ്പിക്കാൻ ദൈവം കുറച്ചു സമയമെടുക്കാറുണ്ട്. നമ്മുടെ വിശ്വാസം വളർത്താനും, ക്ഷമ പൂർണ്ണമാക്കപ്പെടാനുമായി ദൈവം കാത്തിരിക്കുന്നു. (യാക്കോബ് 1: 4 KJV ) ദൈവത്തിന്റെ സമയനിഷ്ഠ വളരെ കൃത്യതയുള്ളതാണ്. അവനൊരിക്കലും വൈകാറില്ല.

നമുക്കു ചിന്തിക്കാനുള്ള മറ്റൊരു ചിന്തയിതാണ്: 'ഞാൻ ദൈവത്തെ വിശ്വസിക്കുന്നു. എന്റെ തോന്നലുകളെന്തൊക്കെയായിരുന്നാലും എന്റെ സാഹചര്യങ്ങൾ എങ്ങനെയുള്ളതായിരുന്നാലും ശരി, ദൈവമെന്റെയുള്ളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എന്റെയുള്ളിൽ കർത്താവൊരു ശ്രേഷ്ഠമായൊരു പ്രവർത്തനമാരംഭിച്ചുകഴിഞ്ഞിരിക്കുന്നു, തീർച്ചയായും അവനതു പൂർത്തീകരിക്കും (ഫിലി. 2: 13, 1: 16)

വചനമെന്ന ആയുധമുപയോഗിച്ച്, ചെകുത്താൻ സൃഷ്ടിച്ചിട്ടുള്ള കോട്ടകളെ തകർക്കാൻ നിങ്ങൾ പോരാടേണ്ടത് ഇപ്രകാരമാണ്. ബോധപൂർവ്വം ശരിയായ ചിന്തകൾ ചിന്തിക്കുന്നതോടൊപ്പം, കുമ്പസാരമെന്ന നിലയിൽ നിങ്ങളവ ഉറക്കെ വിളിച്ചു പറയണമെന്നുകൂടു ഞാൻ നിർദ്ദേശിക്കുന്നു.

ദൈവം നിങ്ങളെ *അല്പാല്പമായി* മോചിപ്പിക്കുകയാണെന്ന് എപ്പോഴും ഓർമ്മിപ്പിച്ചുകൊള്ളുക. അതിനാൽ നിരാശരാവുകയോ കുറ്റപ്പെടുത്തലേൽക്കുകയോ ചെയ്യുന്നത് തെറ്റാണെന്നറിയുക.

*ക്ഷമയോടെ കാത്തിരിക്കുക!*

# 5

# ക്രിയാത്മകമായി ചിന്തിക്കുക

.................. **നീ വിശ്വസിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ എന്നു പറഞ്ഞു,**

**മത്തായി 8: 13**

ക്രിയാത്മകമായി ചിന്തിക്കുന്ന മനസ്സുകൾ ക്രിയാത്മകമായ ജീവിതങ്ങൾക്ക് കാരണമായിത്തീരുന്നു. നിഷേധാത്മകമായ മനസ്സ് നിഷേധാത്മകമായ ജീവിതത്തിനു കാരണമാകുന്നു. ക്രിയാത്മകമായ ചിന്തകളിൽ എല്ലായ്പ്പോഴും വിശ്വാസവും പ്രത്യാശയുമുണ്ടായിരിക്കും. നിഷേധാത്മക ചിന്തകളിൽ ഭയവും സംശയവുമാണ് ഉണ്ടാകുന്നത്.

ജീവിതത്തിൽ വളരെയേറെ വേദനകൾ സഹിക്കേണ്ടി വന്നിട്ടുള്ള ചിലയാളുകൾക്ക് പ്രതീക്ഷകൾ മനസ്സിൽ സൂക്ഷിക്കാൻ ഭയമാണ്. ഒട്ടേറെ നിരാശകളുണ്ടായിട്ടുള്ളതിനാൽ വീണ്ടും പ്രതീക്ഷിക്കാനോ മറ്റൊരു തിരിച്ചടികൂടി നേരിടാനോ തങ്ങൾക്കു കഴിയില്ലെന്നവർ കരുതുന്നു. നിരാശയനുഭവിക്കുന്നത് ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെ അവർ പ്രത്യാശിക്കാൻ സന്നദ്ധരാകുന്നില്ല.

വേദനയനുഭവിക്കേണ്ടി വരുന്നതിനെതിരേയുള്ള ഒരുതരം സംരക്ഷണമാണ്. പ്രതീക്ഷ ഒഴിവാക്കുകയെന്നത്. നിരാശ നമ്മെ വേദനിപ്പിക്കുന്നു! നിരാശയുടെ വേദന വീണ്ടുമൊരിക്കൽക്കൂടി നേരിടാനാവില്ലെന്ന തീരുമാനത്തോടെ, പലയാളുകളും തങ്ങൾക്ക് നല്ലതെന്തെങ്കിലും സംഭവിക്കുമെന്ന് വിശ്വസിക്കാനോ പ്രതീക്ഷിക്കാനോ തയ്യാറാകുന്നില്ല. എന്നാൽ ഇതൊരു നിഷേധാത്മകമായ ജീവിതശൈലിയാണെന്നു പറയാതെ വയ്യ. ചിന്തകൾ നിഷേധാത്മകമായിരിക്കുമ്പോഴാണ് എല്ലാം നിഷേധാത്മകമായിത്തീരുന്നത്. 'അവൻ തന്റെ ഹൃദയത്തിലെങ്ങനെ ചിന്തിക്കുന്നുവോ അതുപോലെയായിത്തീരുന്നു' എന്ന വാക്യമോർമ്മിക്കുക. (സുഭാ 23: 7)

അനേകം വർഷങ്ങൾക്കു മുൻപ്, വല്ലാത്ത നിഷേധാത്മകചിന്താഗതിയ്ക്കടിമയായിരുന്നു ഞാൻ. ക്രിയാത്മകമായ രണ്ടു ചിന്തകൾ എന്റെയുള്ളിലുണ്ടായാൽ പലപ്പോഴും അസ്വാസ്ഥ്യങ്ങൾ സംഭവിച്ചിരിക്കുന്നു. അപ്പോൾ ഞാനിങ്ങനെ ചിന്തിച്ചിരുന്നു. 'നല്ലതെന്തെങ്കിലും സംഭവിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ലെങ്കിൽ നിനക്ക് നിരാശപ്പെടേണ്ടിവരില്ല.'

എന്റെ ജീവിതത്തിൽ നിരാശാകരമായ ഒട്ടേറെ സംഭവങ്ങളുണ്ടായിട്ടുണ്ട് - എന്നെ തകർത്തു കളയാൻ പര്യാപ്തമായ പലതും സംഭവിച്ചിട്ടുണ്ട് - അതിനാൽ എന്തെങ്കിലം നല്ലത് എന്റെ ജീവിതത്തിൽ സംഭവിക്കുമെന്നു കരുതാൻ എനിക്കു ധൈര്യമുണ്ടായിരുന്നില്ല. എല്ലാ കാര്യത്തിലും തികച്ചും നിഷേധാത്മകമായിരുന്നു എന്റെ കാഴ്ചപ്പാട്. എന്റെ ചിന്തകളത്രയും നിഷേധാത്മകമായിരുന്നതിനാൽ എന്റെ നാവും അങ്ങനെതന്നെയായിരുന്നു; അങ്ങനെതന്നെയായിരുന്നു എന്റെ ജീവിതവും.

എന്നാൽ ഞാൻ വചനത്തെക്കുറിച്ചു പഠിക്കാനാഗ്രഹിക്കുകയും ദൈവ മെന്നെ വീണ്ടെടുക്കുമെന്ന് വിശ്വസിക്കുകയും ചെയ്തതോടെ, ഞാനാദ്യം മനസ്സിലാക്കിയ കാര്യങ്ങളിലൊന്ന്, നിഷേധാത്മകത അവസാനിപ്പിച്ചേ പറ്റൂ എന്നതായിരുന്നു.

നാം വിശ്വസിക്കുന്നതുപോലെ സംഭവിക്കുമെന്നാണ് ക്രിസ്തു നമുക്കുറപ്പു നൽകിയിട്ടുള്ളത് (മത്തായി 8: 13). '*കിംഗ് ജെയിംസ് വെർഷ*' നിൽ പറയുന്നത്. 'നീ വിശ്വസിച്ചതുപോലെ അതു നിനക്കു സംഭവിച്ചിരിക്കും' എന്നാണ് ഞാൻ വിശ്വസിച്ചതത്രയും നിഷേധാത്മകമായ കാര്യങ്ങളായിരുന്നു. സ്വാഭാവികമായും നിഷേധാത്മകമായ നിരവധി അനുഭവങ്ങളെനിക്കുണ്ടാവുകയും ചെയ്തു.

എന്തിനെയെങ്കിലുംകുറിച്ച് വെറുതെ ചിന്തിക്കുന്നതുകൊണ്ടുമാത്രം നിങ്ങൾക്കും എനിക്കും അതു ലഭിക്കുമെന്നല്ല ഇപ്പറഞ്ഞതിന്റെയർത്ഥം. നമ്മുടെ ഓരോരുത്തരുടെയും കാര്യത്തിൽ ദൈവത്തിന് കൃത്യമായ ഒരു പദ്ധതിയുണ്ട്. നമ്മുടെ ചിന്തകളോ വാക്കുകളോ ഉപയോഗിച്ച് നമുക്കവനെ നിയന്ത്രിക്കാനാവില്ല. പകരം, ദൈവത്തിന്റെ ഹിതത്തിനും, നമുക്കുംവേണ്ടി അവൻ തയ്യാറാക്കിയിട്ടുള്ള പദ്ധതിയ്ക്കും അനുയോജ്യമായ വിധത്തിലായിരിക്കണം നമ്മുടെ ചിന്തയും സംഭാഷണവുമെല്ലാം.

നിങ്ങളുടെ കാര്യത്തിൽ ദൈവഹിതമെന്തെന്ന് നിങ്ങൾക്ക് ഒട്ടുമറിയില്ലെങ്കിൽ ഇങ്ങനെ ചിന്തിക്കുക. 'ദൈവത്തിന്റെ പദ്ധതിയെന്താണെന്നെനിക്കറിയില്ല, എന്നാൽ അവനെന്നെ സ്നേഹിക്കുന്നുണ്ടെന്നെനിക്കറിയാം. അവൻ ചെയ്യുന്നതെല്ലാം നല്ലതായിരിക്കും, ഞാൻ അനുഗ്രഹിക്കപ്പെടുകയും ചെയ്യും.'

നിങ്ങളുടെ ജീവിതത്തെക്കുറിച്ച് സൃഷ്ടിപരമായി ചിന്തിക്കാനാരംഭിക്കുക.

ഓരോ സന്ദർഭത്തിലും ക്രിയാത്മകമായ നിലപാടു സ്വീകരിക്കുക. പല സമയത്തും സംഭവിക്കുന്ന കാര്യങ്ങൾ അത്രമേൽ ഗുണകരമല്ലെങ്കിലും, അവയിൽനിന്നും ദൈവം നിങ്ങൾക്കുവേണ്ടി നല്ലതുകണ്ടെത്തുകമെന്നു പ്രതീക്ഷിക്കുക - എന്തെന്നാൽ, അങ്ങനെയാണ് തന്റെ വചനത്തിൽ അവൻ വാഗ്ദാനം നൽകിയിരിക്കുന്നത്.

## എല്ലാം നല്ലതിനുവേണ്ടിയാണ്

**"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു."**

**(റോമ. 8: 28)**

എല്ലാ വസ്തുക്കളും നല്ലതാണെന്ന് വിശുദ്ധ ഗ്രന്ഥം പറയുന്നില്ല, മറിച്ച് എല്ലാ വസ്തുക്കളും നന്മയ്ക്കായി ഒന്നിച്ചു പ്രവർത്തിക്കുന്നുവെന്നാണു പറയപ്പെട്ടിരിക്കുന്നത്.

നിങ്ങൾ സാധനങ്ങൾ വാങ്ങുന്നതിനായി പുറത്തു പോകാനൊരുങ്ങുകയാണെന്നു സങ്കല്പിക്കുക. നിങ്ങൾ കാറിൽ കയറിയിരിക്കുന്നു, എന്നാലതു സ്റ്റാർട്ടാ

കുന്നില്ല. ഈ സാഹചര്യത്തെ നിങ്ങൾക്കു രണ്ടു രീതിയിൽ നോക്കിക്കാണാം. 'എനിക്കിതറിയാമായിരുന്നു. ഞാനെന്തുചെയ്യാനാഗ്രഹിക്കുമ്പോഴും ഇങ്ങനെയുള്ള കുഴപ്പങ്ങളുണ്ടാകാറുണ്ട്. ഈ യാത്ര പരാജയപ്പെടുമെന്ന് ഞാൻ വിചാരിച്ചിരുന്നതാണ്. എന്റെ എല്ലാ പരിപാടികൾക്കും ഇതു തന്നെയാണ് സംഭവിക്കുന്നത്'', എന്നോ ഞാൻ ഷോപ്പിംഗിനു പോകണമെന്നു വിചാരിച്ചിരുന്നതാണ്. എന്നാൽ ഇപ്പോഴത് നടക്കുമെന്നു തോന്നുന്നില്ല. കാർ നന്നാക്കിയതിനു ശേഷം പിന്നീടാവട്ടെ യാത്ര. ഇങ്ങനെ പരിപാടി മാറ്റേണ്ടിവന്നത് എന്റെ നന്മയ്ക്കുവേണ്ടിയായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞാനിന്ന്, ഒരു പക്ഷേ വീട്ടിലുണ്ടായിരിക്കേണ്ട എന്തെങ്കിലും സാഹചര്യമുണ്ടായേക്കാം; അതുകൊണ്ട് ഇവിടെയിരിക്കേണ്ടിവന്നതിൽ ഞാൻ സന്തോഷിക്കുന്നു' എന്നോ നിങ്ങൾക്കു ചിന്തിക്കാം.

ആളുകളോടും വസ്തുക്കളോടും സന്മനസ്സോടെ ഒത്തുചേർന്നു പോകണമെന്നാണ് പൗലോസ് അപ്പോസ്തലൻ പറയുന്നത് (റോമാ 12: 16) നാം പരിപാടികൾ തയ്യാറാക്കുകയും അവ പരാജയപ്പെട്ടാൽ നിരാശപ്പെടാതിരിക്കുകയും ചെയ്യുന്ന സ്വഭാവക്കാരായിരിക്കണമെന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്.

അടുത്ത കാലത്ത്, ഈ തത്വം പരിശീലിപ്പിക്കുന്നതിനുള്ള അസാധാരണമായ ഒരവസരം എനിക്കു ലഭിച്ചു. ഫ്ളോറിഡായിലെ ലേയ്ക്ക് വർത്തിലായിരുന്നു ഡേവും ഞാനുമന്ന്. കഴിഞ്ഞ മൂന്നു ദിവസങ്ങളായി ഞങ്ങളവിടെ ശുശ്രൂഷ നടത്തുകയായിരുന്നു; അതിനുശേഷം ഞങ്ങളുടെ സാധനങ്ങളൊക്കെ പെറുക്കിയടുക്കി വീട്ടിലേക്കു മടങ്ങുന്നതിനായി വിമാനത്താവളത്തിലേക്ക് പുറപ്പെടാനൊരുങ്ങുകയായിരുന്നു ഞങ്ങൾ. നീണ്ട ട്രൗസറുകളും ബ്ലൗസും പരന്ന ഷൂസും ധരിക്കാനായിരുന്നു ഞാൻ തീരുമാനിച്ചത്, മടക്കയാത്രയിൽ അതു സൗകര്യപ്രദമായിരിക്കുമെന്ന് ഞാൻ കരുതി.

'എന്നാൽ എന്റെ ട്രൗസേഴ്സ് കാണാനില്ലായിരുന്നു. ഞങ്ങളെല്ലായിടത്തും തിരിഞ്ഞു - ഒടുവിൽ ക്ലോസറ്റിനടിയിൽ അതു കിടക്കുന്നത് കണ്ടെത്തി. ഹാംഗറിൽനിന്നുമൂർന്ന് താഴെ വീണതായിരിക്കാം. അതു വല്ലാതെ ചുളിഞ്ഞിരുന്നു. ഞങ്ങളുടെ കൈവശമുണ്ടായിരുന്ന സ്റ്റീമറുപയോഗിച്ച് ചുളിവു നിവർത്താൻ ശ്രമിച്ചെങ്കിലും ശരിയായില്ല. ഞാൻ തീരുമാനിച്ച വേഷം ധരിക്കാൻ കഴിയാതെ വന്നതിൽ എനിക്കു വിഷമം തോന്നി.

എന്റെ വികാരങ്ങൾ അസ്വസ്ഥമാകുന്നത് ഞാനറിഞ്ഞു. നാമുദ്ദേശിക്കുന്ന കാര്യങ്ങൾ നടക്കാതെ വരുമ്പോൾ നമുക്കോരോരുത്തർക്കും ഇതു തന്നെയാണ് സംഭവിക്കാറുള്ളത് നാം സ്വയം സഹതപിക്കുകയും നിഷേധാത്മകമായി ചിന്തിക്കാനാരംഭിക്കുകയും ചെയ്യുന്നു. പെട്ടെന്ന് ഞാനൊരു കാര്യം മനസ്സിലാക്കി - ഇത്തരം സന്ദർഭങ്ങളിൽ എനിക്ക് രണ്ടു തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കാം. ഞാനുദ്ദേശിച്ച രീതിയിൽ കാര്യങ്ങൾ നടക്കാത്തതിൽ എനിക്ക് ആകുലപ്പെടുകയോ അസ്വസ്ഥയാവുകയോ ചെയ്യാം; അല്ലെങ്കിൽ സാഹചര്യത്തിനനുസരിച്ച് പെരുമാറുകയും മടക്കയാത്ര സന്തോഷകരമാക്കിത്തീർക്കുകയും ചെയ്യാം. എന്തുചെയ്യണമെന്ന് തീരുമാനിക്കേണ്ടത് ഞാനാണ്.

ക്രിയാത്മകമായി ചിന്തിക്കുന്ന ഒരാളുടെ കാര്യത്തിൽപ്പോലും എല്ലായ്പ്പോഴും എല്ലാ കാര്യങ്ങളും സംഭവിക്കുന്നത് അയാളാഗ്രഹിക്കുന്ന രീതിയി

ലായിരിക്കില്ല. എന്നാൽ എന്തു തന്നെ സംഭവിച്ചാലും മുന്നോട്ടു പോവുകയും സന്തോഷം നിലനിർത്താൻ തീരുമാനിക്കുകയും ചെയ്യുമെന്നുള്ളത് അയാളുടെ ശീലമായിരിക്കും. നിഷേധാത്മകമായി ചിന്തിക്കുന്ന ഒരുവനാകട്ടെ, ഒരിക്കലും ഒരു കാര്യത്തിലും സന്തോഷിക്കാൻ കഴിയില്ല.

നിഷേധാത്മകമായി ചിന്തിക്കുന്ന ഒരുവൻ തന്റെ ചുറ്റുമുള്ളവരിലും മ്ലാനത സൃഷ്ടിക്കുന്നു. ഏതൊരു കാര്യത്തെക്കുറിച്ചും അസംതൃപ്തികരമായ അഭിപ്രായങ്ങളായിരിക്കും അയാൾക്കുപറയാനുള്ളത്. അയാൾക്കു ചുറ്റും ‘‘വിഷാദത്തിന്റെ ഭാരം എപ്പോഴുമുണ്ടാകും. അയാളൊരു പരാതിക്കാരനും, പിറുപിറുക്കുകയും കുറ്റംകണ്ടെത്തുകയും ചെയ്യുന്ന ശീലമുളളവനുമായിരിക്കും. എന്തെല്ലാം നല്ല കാര്യങ്ങൾ സംഭവിച്ചാലും, അയാളുടെ ദൃഷ്ടിയിൽപെടുന്നത് നിസ്സാരമായ ഏതെങ്കിലുമൊരു ന്യൂനത മാത്രമായിരിക്കും.

ഞാൻ കടുത്ത നിഷേധാത്മകതയ്ക്ക് അടിമയായിരുന്ന കാലത്ത് പുതിയതായി മോടിപിടിപ്പിച്ച ഏതെങ്കിലും ഒരു വീട്ടിൽ ഞാൻ സന്ദർശനം നടത്തുമ്പോൾ, മനോഹരമായ ചുറ്റുപാടുകൾക്കു പകരം, എന്റെ കണ്ണിൽപെടുന്നത് എവിടെയെങ്കിലുമൊരിടത്ത് വോൾപേപ്പർ ഒരൽപം ഇളകി പോന്നിരിക്കുന്നുവെന്നതോ, ജനാലയിലുള്ള ചെറിയൊരു പാടോ ആയിരിക്കും. എന്നാൽ അത്തരമൊരു മനോഭാവത്തിൽനിന്നും യേശു എന്നെ മോചിപ്പിക്കുകയും ജീവിതത്തിലെ, നല്ല കാര്യങ്ങളനുഭവിക്കാൻ അവസരം നൽകുകയും ചെയ്തുവെന്നതിൽ ഞാൻ അങ്ങേയറ്റം സന്തുഷ്ടയാണ്! അവനിൽ വിശ്വാസവും പ്രതീക്ഷയുമുണ്ടെങ്കിൽ മോശമായ അനുഭവങ്ങൾ പോലും നന്മയിലേക്ക് നയിക്കുമെന്ന് വിശ്വസിക്കാനുള്ള സ്വാതന്ത്ര്യമെനിക്കുണ്ട്.

നിങ്ങൾ നിഷേധാത്മകമായി ചിന്തിക്കുന്ന ഒരാളാണെങ്കിൽ സ്വയം ശപിക്കാതിരിക്കാൻ ശ്രദ്ധിക്കുക! ശപിക്കലും കുറ്റപ്പെടുത്തലും തികച്ചും നിഷേധാത്മകമായ ചിന്താഗതി പുലർത്തുന്നയാളാണ് നിങ്ങൾ എന്ന ന്യൂനത തിരിച്ചറിഞ്ഞുകൊണ്ട്, നിങ്ങളെ വീണ്ടെടുക്കുന്നതിനായി ദൈവത്തിൽ വിശ്വസിക്കാനും, നിങ്ങളുടെ നിഷേധാത്മക ചിന്തയെക്കുറിച്ച് നിഷേധാത്മകമായി ചിന്തിച്ച് കൂടുതൽ നിരാശയ്ക്കടിപ്പെടാതിരിക്കാനും വേണ്ടിയാണ് ഇത്തരം കാര്യങ്ങൾ ഞാൻ നിങ്ങളുമായി പങ്കുവെയ്ക്കുന്നത്.

നമ്മുടെ പ്രശ്നങ്ങളെ ന്യായീകരിക്കുന്നതിനു പകരം അവയെ നേരിടാൻ നാം തയ്യാറാകുമ്പോഴാണ് സ്വാതന്ത്ര്യത്തിലേക്കുള്ള വഴിയുടെയാരംഭം. നിങ്ങൾ നിഷേധാത്മകമായി ചിന്തിക്കുന്ന ഒരാളാണെന്നതിന് തീർച്ചയായും കാരണങ്ങളുണ്ടാകും. എന്നാൽ ബൈബിൾ പറയുന്നതിനുസരിച്ച്, നിങ്ങളൊരു യഥാർത്ഥ ക്രിസ്ത്യാനിയാകണമെങ്കിൽ തീർച്ചയായും, നിങ്ങളിപ്പോഴൊരു പുതിയ വ്യക്തിയാണ്.

## ഒരു പുതിയ ദിവസം!

‘‘ ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു.”

2 കൊരി 5: 17

‘ഒരു പുതിയ സൃഷ്ടി എന്ന നിലയ്ക്ക്, പഴയകാലത്ത് നിങ്ങൾക്ക് സംഭവിച്ചിട്ടുള്ള കാര്യങ്ങൾ ക്രിസ്തുവിലുള്ള നിങ്ങളുടെ പുതിയ ജീവിതത്തെ ബാധിക്കാനനുവദിക്കരുത്. ഇപ്പോൾ നിങ്ങൾ ക്രിസ്തുവിൽ പുതുജീവൻ നേടിയിട്ടുള്ള പുതിയൊരു വ്യക്തിയാണ്. ദൈവവചനത്തിനനുസൃതമായി നിങ്ങൾക്കിപ്പോൾ സ്വന്തം മനസ്സിനെ നവീകരിക്കാം. നല്ല കാര്യങ്ങൾ നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കാൻ പോകുകയാണ്.

സന്തോഷിക്കുക.! ഇനിയൊരു പുതിയ ദിവസമാണ്!

## പരിശുദ്ധാത്മാവിന്റെ പ്രവർത്തനം

**“എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കും.**

**അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും.”**

**യോഹ. 16: 7, 8**

നിഷേധാത്മകതയിൽനിന്നും മോചനം നേടുന്നതിന്റെ ഏറ്റവും വിഷമം പിടിച്ച ഭാഗം, സത്യത്തെ അഭിമുഖീകരിച്ചുകൊണ്ട് ഇങ്ങനെ പറയുകയെന്നതാണ്. ഞാൻ നിഷേധാത്മകമായി ചിന്തിക്കുന്ന ഒരാളാണ്. ഈ സ്വഭാവം മാറ്റണമെന്ന് ഞാനാഗ്രഹിക്കുന്നു. എന്നാൽ മാറ്റം വരുത്താൻ എനിക്കു കഴിയുന്നില്ല. പക്ഷേ ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നതിനാൽ അവനെന്നിൽ മാറ്റം വരുത്തുമെന്നു ഞാൻ കരുതുന്നു. ഇങ്ങനെയൊരു മാറ്റമുണ്ടായാൽ സമയമെടുക്കുമെന്നെനിക്കറിയാം. എന്നാൽ ഇക്കാരണത്താൽ നിരാശനാകാൻ ഞാൻ തയ്യാറല്ല. ദൈവമെന്റെയുള്ളിൽ ഒരു നല്ല പ്രവർത്തനമാരംഭിച്ചിരിക്കുന്നു, തീർച്ചയായും അതു പൂർത്തീകരിക്കാനവനു കഴിയും. ഫിലി 1: 6

ഓരോ തവണ നിങ്ങൾ നിഷേധാത്മകമായി ചിന്തിക്കുമ്പോഴും നിങ്ങളെ കുറ്റപ്പെടുത്താൻ പരിശുദ്ധാത്മാവിനോടാവശ്യപ്പെടുക. ഇത് അവന്റെ ജോലിയുടെ ഭാഗമാണ്. പരിശുദ്ധാത്മാവ് നമ്മുടെ പാപങ്ങളുടെ പേരിൽ നമ്മെ കുറ്റപ്പെടുത്തുകയും നീതിയെക്കുറിച്ച് നമ്മെ ബോധ്യപ്പെടുത്തുകയും ചെയ്യുമെന്നാണ് നാം വിശുദ്ധഗ്രന്ഥത്തിൽ വായിക്കുന്നത്. (യോഹ. 16: 71) കുറ്റപ്പെടുത്തലും വിധിയും സംഭവിക്കുമ്പോൾ നിങ്ങളെ സഹായിക്കാൻ ദൈവത്തോടപേക്ഷിക്കുക. ഇതു നിങ്ങൾക്കുതന്നെ കൈകാര്യം ചെയ്യാൻ പറ്റുന്ന സാഹചര്യമാണെന്നു കരുതുന്നതിനു പകരം ദൈവത്തെ ആശ്രയിക്കുക.

ഞാൻ അങ്ങേയറ്റം നിഷേധാത്മകതയുള്ള ആളായിരുന്നുവെങ്കിലും ഞാൻ ദൈവത്തെ വിശ്വസിക്കുകയാണെങ്കിൽ എന്നെ ക്രിയാത്മകതയുള്ള ഒരാളാക്കി മാറ്റാൻ അവനു കഴിയുമെന്ന് ദൈവമെന്നെ ധരിപ്പിച്ചു. എന്റെ മനസ്സിനെ ക്രിയാത്മകമായ നിലയിൽ പിടിച്ചു നിർത്തുകയെന്നത് അത്യന്തം ശ്രമകരമായ ജോലിയായിരുന്നു. എന്നാൽ ഇപ്പോഴെനിക്ക് നിഷേധാത്മകതയെ സഹിക്കാനാവില്ല.

പുകവലിയുപേക്ഷിച്ച ഒരാൾക്ക് സിഗരറ്റു കാണുന്നതുപോലും ക്ഷമിക്കാനാവില്ലെന്നതുപോലെയാണത്. ഞാൻ വർഷങ്ങളോളം പുകവലിച്ചിരുന്നു, എന്നാൽ പുകവലി ഉപേക്ഷിച്ചതിനുശേഷം പുകയുടെ ഗന്ധം പോലും എനിക്കസഹ്യമാണ്.

നിഷേധാത്മകതയുടെ കാര്യത്തിലും ഇതു തന്നെയാണെന്റെ നിലപാട് - വളരെയധികം നിഷേധാത്മകത പുലർത്തിയിരുന്ന ആളായിരുന്നു ഞാൻ. എന്നാൽ ഇപ്പോഴെനിക്കത് സഹിക്കാനാവില്ല, അതിനോടെനിക്കു വെറുപ്പാണ്. നിഷേധാത്മകതയിൽ നിന്നു മോചിക്കപ്പെട്ടതോടെ എന്റെ ജീവിതത്തിൽ നിരവധി നല്ല മാറ്റങ്ങളുണ്ടായിട്ടുണ്ടെന്നതിനാൽ എനിക്ക് നിഷേധാത്മകമായ എന്തിനോടും ഇപ്പോഴെതിർപ്പാണ്.

ഇപ്പോൾ ഞാൻ യാഥാർത്ഥ്യങ്ങളെ നേരിടുന്നു, അതു തന്നെ ചെയ്യാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നിങ്ങൾക്ക് രോഗമുണ്ടെങ്കിൽ, 'എനിക്കു രോഗമില്ല' എന്നു പറയണമെന്നല്ല ഞാനുദ്ദേശിക്കുന്നത്, എന്തെന്നാൽ അത് സത്യമല്ലല്ലോ; മറിച്ച്, ' ദൈവമെനിക്കു രോഗശാന്തി നൽകുകയാണെന്നു ഞാൻ വിശ്വസിക്കുന്നു എന്ന് നിങ്ങൾക്കു പറയാം. 'ഒരു പക്ഷേ എന്റെ രോഗം കൂടുതൽ വഷളാവുകയും ഞാൻ ആശുപത്രിയിൽ ചെന്നവസാനിക്കുകയും ചെയ്യും' എന്നു പറയുന്നതിനു പകരം ദൈവത്തിന്റെ രോഗശമനത്തിനുള്ള സിദ്ധി എന്റെയുള്ളിലിപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്; എന്റെ രോഗം ഭേദമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു എന്നു പറയുകയാണു നല്ലത്.

എല്ലാം സമതുലിതാവസ്ഥയിലെത്തേണ്ടതുണ്ട്. ഇതിനർത്ഥം നിങ്ങളുടെ ക്രിയാത്മകമായ ചിന്തയെ നിഷേധാത്മകമായ ചിന്തയിലൂടെ സമതുലിതമാക്കണമെന്നല്ല, നേരെ മറിച്ച്, സന്തോഷകരമോ ദുഃഖകരമോ ആയ എന്തു തന്നെ സംഭവിച്ചാലും അതിനെ സ്വീകരിക്കാൻ 'സന്നദ്ധമായ മനസ്സ്' നിങ്ങൾക്കുണ്ടാവണമെന്നാണ്.

## സന്നദ്ധമായ മനസ്സ്

**അവർ തെസ്സലൊനീക്കയിലുള്ളവരെക്കാൾ ഉത്തമന്മാരായിരുന്നു. അവർ വചനം പൂർണ്ണജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനെ തന്നെയോ എന്നു ദിനമ്പ്രതി തിരുവെഴുത്തുകളെ പരിശോധിച്ചുപോന്നു.**

**അപ്പോസ്തല പ്രവൃ 17: 11** KJV

താല്പര്യമുള്ള, സന്നദ്ധമായ മനസ്സാണ് നമുക്കുണ്ടാവേണ്ടതെന്ന് ബൈബിൾ പറയുന്നു. ഇതിനർത്ഥം ദൈവഹിതമെന്തായിരുന്നാലും അതിനു നേർക്ക് തുറന്ന മനസ്സായിരിക്കണം നമ്മുടേതെന്നാണ്.

ഞാനൊരുദാഹരണം പറയാം. അടുത്ത കാലത്ത്, എന്റെ പരിചയക്കാരിയായ ഒരു യുവതിക്ക് ആഗ്രഹിച്ചിരുന്ന വിവാഹം മുടങ്ങിപ്പോയതിനാൽ വളരെയേറെ ദുഃഖമനുഭവിക്കേണ്ടി വന്നു. വിവാഹം നിശ്ചയിച്ചിരുന്നില്ലെങ്കിൽ കൂടി

തങ്ങളുടെ ബന്ധം തുടരണമെന്ന് അവളും കാമുകനും ആഗ്രഹിച്ചിരുന്നു. ദൈവ നിശ്ചയമെന്താണെന്നറിയാൻ അവരിരുവരും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ബന്ധം തകർന്നതിനുശേഷവും അവൾ പ്രത്യാശ കൈവെടിഞ്ഞില്ല, തന്റെ കാമുകൻ തന്നെ വിളിക്കുമെന്ന് അവൾ വിശ്വസിച്ചു.

എന്നാൽ ഉദ്ദേശിച്ച രീതിയിൽ കാര്യങ്ങൾ നടന്നില്ലെങ്കിൽ സാഹചര്യങ്ങളെ നേരിടാൻ 'സന്നദ്ധമായ മനസ്സ്' നേടണമെന്ന് ഞാനവളെ ഉപദേശിച്ചു. അപ്പോഴ വളെന്നോടു ചോദിച്ചു, 'അത് നിഷേധാത്മകചിന്തയല്ലേ?'

*അല്ല, തീർച്ചയായും അല്ല.!*

എന്റെ ജീവിതമവസാനിച്ചിരിക്കുന്നു; ആർക്കുമെന്നെ ആവശ്യമില്ല. ഞാൻ പരാജയപ്പെട്ടിരിക്കുന്നു, എക്കാലവും ഞാൻ ദുഃഖിതയായിരിക്കും! എന്നു ചിന്തിക്കുന്നതാണ് നിഷേധാത്മകത.

എന്താണ് ക്രിയാത്മകമായ ചിന്ത? 'ഇങ്ങനെ സംഭവിച്ചതിലെനിക്കു ദുഃഖമുണ്ട്, എന്നാൽ ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. എന്റെ കാമുകനുമായുള്ള ബന്ധം തുടരാനാവുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അങ്ങനെ സംഭവിക്കണമേയെന്ന് ഞാൻ അപേക്ഷിക്കാൻ പോകുന്നു; എന്നാൽ മറ്റെല്ലാറ്റിനുമുപരി ദൈവത്തിന്റെ പൂർണ്ണമായ ഇച്ഛ നിറവേറ്റപ്പെടണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. ഞാൻ തീർച്ചയായും ഇതിനെ അതിജീവിക്കും, എന്തെന്നാൽ യേശു എന്നിൽ ജീവിക്കുന്നു. കുറച്ചു കാലത്തേയ്ക്ക് ഞാൻ മനഃപ്രയാസമനുഭവിക്കേണ്ടിവന്നേക്കാം. എങ്കിലും ഞാൻ കർത്താവിൽ വിശ്വസിക്കുന്നു. ഏറ്റവുമൊടുവിൽ എല്ലാം നന്മയ്ക്കുവേണ്ടിയായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു' എന്നു ചിന്തിക്കുന്നതാണ് ക്രിയാത്മകമായ നിലപാട്.

യാഥാർത്ഥ്യങ്ങളെ നേരിടുകയും സന്നദ്ധമായ മനസ്സുണ്ടായിരിക്കുകയം, അതേസമയം ക്രിയാത്മകമായി ചിന്തിക്കുകയും ചെയ്യുന്ന രീതിയാണിത്.

*ഇതാണ് സന്തുലിതാവസ്ഥ.*

## പ്രതീക്ഷയുടെ ശക്തി

**"നിന്റെ സന്തതി ഇവ്വണ്ണം ആകും എന്നു അരുളിച്ചെയ്തിരിക്കുന്നതുപോലെ താൻ ബഹുജാതികൾക്കു പിതാവാകും എന്നു അവൻ ആശെക്കു വിരോധമായി ആശയോടെ വിശ്വസിച്ചു.**

**അവൻ ഏകദേശം നൂറു വയസുള്ളവനാകയാൽ തന്റെ ശരീരം നിർജ്ജീവമായിപ്പോയതും സാറായുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വവും ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല. ദൈവത്തിന്റെ വാഗ്ദത്തത്തിൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിനു മഹത്വം കൊടുത്തു.**

**റോമാ: 4: 18–20**

'ക്രിസ്തുവിന്റെ ശരീര'ത്തിലുള്ള ഞങ്ങളുടെ വചനശുശ്രൂഷ വർഷം തോറും വളർന്നുകൊണ്ടേയിരിക്കുമെന്നാണ് ഡേവും ഞാനും വിശ്വസിക്കുന്നത്.

കൂടുതലാളുകളെ സഹായിക്കാൻ കഴിയണമെന്നാണ് ഞങ്ങളാഗ്രഹിക്കുന്നത്. എന്നാൽ ദൈവത്തിന്റെ പദ്ധതി മറ്റൊന്നായിരിക്കുകയും വർഷാന്ത്യത്തിൽ യാതൊരു വളർച്ചയും നേടാതെ ഞങ്ങൾക്ക് അവസാനിപ്പിക്കേണ്ടിവരികയുമാണെങ്കിലും, ഇത്തരമൊരു സാഹചര്യം ഞങ്ങളുടെ സന്തോഷത്തെ ബാധിക്കാൻ ഞങ്ങളനുവദിക്കുകയില്ല.

ഞങ്ങൾ പല കാര്യങ്ങളിലും വിശ്വസിക്കുന്നുണ്ട്, എന്നാൽ അവയേക്കാളുപരിയായി ഞങ്ങളൊരാളിൽ വിശ്വസിക്കുന്നുണ്ട്. അത് യേശുവാണ്. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് എല്ലായ്പ്പോഴും ഞങ്ങൾക്കറിയില്ല. എന്നാൽ എല്ലായ്പ്പോഴുമത് ഞങ്ങളുടെ നന്മയ്ക്കുവേണ്ടിയായിരിക്കുമെന്ന് ഞങ്ങൾക്കറിയാം.

നിങ്ങളും ഞാനും എത്ര കൂടുതൽ ക്രിയാത്മകമായി ചിന്തിക്കുന്നുവോ, അത്രയധികം നാം ദൈവത്തിന്റെ ഒഴുക്കിൽപ്പെടുന്നു. ദൈവം തീർച്ചയായും ക്രിയാത്മകതയാണ്, ദൈവത്തോടൊപ്പം ഒഴുകുന്നതിലൂടെ നമ്മളും ക്രിയാത്മകതയുള്ളവരായിത്തീരുന്നു.

തീർച്ചയായും നിങ്ങളുടെ ജീവിതത്തിൽ വിപരീതമായ സാഹചര്യങ്ങളുണ്ടായിരിക്കാം. അപ്പോൾ നിങ്ങളിങ്ങനെ ചിന്തിച്ചേക്കാം. 'ജോയ്സ്, നിങ്ങൾക്കെന്റെ സാഹചര്യമായിരുന്നെങ്കിൽ തീർച്ചയായും ഞാൻ ക്രിയാത്മകതയുള്ളയാളായിരിക്കണമെന്ന് നിങ്ങൾ പറയില്ല' നിങ്ങളോട് റോമാ 4: 18 – 20 വാക്യങ്ങൾ വായിക്കാൻ ഞാനപേക്ഷിക്കുന്നു. അവിടെ നാം കാണുന്നത്, തന്റെ സാഹചര്യം വിലയിരുത്തുകയും (അദ്ദേഹം വസ്തുതകളെ അവഗണിച്ചില്ല) ആലോചിക്കുകയും തന്റെ ശരീരത്തിന്റെ ഉല്പാദനശേഷിയില്ലായ്മയേയും സാറായുടെ ഗർഭപാത്രത്തിന്റെ വന്ധ്യതയേയും കുറിച്ച് മനസ്സിലാക്കുന്ന അബ്രഹാമിനെക്കുറിച്ചാണ്. മനുഷ്യയുക്തിയനുസരിച്ച് പ്രതീക്ഷയ്ക്കു യാതൊരു വകയുമില്ലാതിരുന്നിട്ടും, അദ്ദേഹം വിശ്വാസത്തിൽ പ്രതീക്ഷയർപ്പിച്ചു.

*അങ്ങേയറ്റം നിഷേധാത്മകമായ ഒരു സാഹചര്യത്തെക്കുറിച്ച് തികച്ചും ക്രിയാത്മകമായ മനോഭാവമാണ് അബ്രഹാം കൈക്കൊണ്ടത്!*

പ്രതീക്ഷയാണ് ആത്മാവിന്റെ നങ്കൂരമെന്ന് നാം വിശുദ്ധ പുസ്തകത്തിൽ വായിക്കുന്നു (എബ്രാ 6: 19). പരീക്ഷണങ്ങളുടെ സമയത്ത് നമ്മെ ഉറപ്പോടെ നിലനിർത്തുന്നത് പ്രതീക്ഷയെന്ന ശക്തിയാണ്. ഒരിക്കലും പ്രതീക്ഷയവസാനിപ്പിക്കാതിരിക്കുക. പ്രതീക്ഷയവസാനിപ്പിക്കുന്ന പക്ഷം നിങ്ങളുടെ ജീവിതം ദുരിതപൂർണ്ണമായിത്തീരും. ഇപ്പോൾ നിങ്ങളുടെ ജീവിതം പ്രതീക്ഷയുടെ അഭാവത്താൽ ദുരിതപൂർണ്ണമാണെങ്കിൽ, പ്രതീക്ഷിക്കാനാരംഭിക്കുക. ഭയപ്പെടാതിരിക്കുക. നിങ്ങളാഗ്രഹിക്കുന്ന രീതിയിൽ എല്ലായ്പ്പോഴും കാര്യങ്ങൾ നടന്നുകൊള്ളുമെന്ന് ഉറപ്പു തരാനെനനിക്കാവില്ല. ഒരിക്കലും നിങ്ങൾക്ക് നിരാശപ്പെടേണ്ടി വരില്ലെന്നും എനിക്കു പറയാനാവില്ല. എന്നാൽ നിരാശകരമായ അവസരങ്ങളിൽപ്പോലും – അത്തരം അവസരങ്ങളുണ്ടായാൽ – നിങ്ങൾക്ക് പ്രതീക്ഷ നിലനിർത്തുകയും ക്രിയാത്മകമായ ചിന്തയിലുറച്ചു നില്ക്കുകയും ചെയ്യാൻ

കഴിയും. അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദൈവത്തിന്റെ സാമ്രാജ്യത്തിൽ എന്നും തുടർന്നു കൊള്ളുക.

നിങ്ങളുടെ ജീവിതത്തിൽ ഒരത്ഭുതം പ്രതീക്ഷിക്കുക.

നല്ല കാര്യങ്ങൾ സംഭവിക്കുമെന്ന് പ്രതീക്ഷിക്കുക!

## ലഭിക്കുമെന്നു പ്രതീക്ഷിക്കുക!

## ലഭിക്കാനായി പ്രതീക്ഷിക്കുക!

**അതുകൊണ്ടു യഹോവ നിങ്ങളോടു കൃപകാണിപ്പാൻ താമസിക്കുന്നു; അതുകൊണ്ടു അവൻ നിങ്ങളോടു കരണ കാണിക്കാതവണ്ണം ഉയർന്നിരിക്കുന്നു; യഹോവ ന്യായത്തിന്റെ ദൈവമല്ലോ; അവന്നായി കാത്തിരിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ.**

**ഏശയ്യാ 30: 18.**

വിശുദ്ധ പുസ്തകത്തിൽ ഞാനേറ്റവുമധികമിഷ്ടപ്പെടുന്ന ദാനങ്ങളിലൊന്നാണിത്. ഈ ഭാഗത്തെക്കുറിച്ച് ധ്യാനിക്കുംതോറും അതു നമുക്ക് മഹത്തായ പ്രതീക്ഷനൽകുന്നു. തനിക്ക് പ്രസാദിക്കാൻ (നന്മചൊരിയാൻ) വേണ്ടി ആരെയെങ്കിലുമൊക്കെ ദൈവം കാത്തിരിക്കുകയാണെന്നാണ് ഇവിടെ പറയപ്പെട്ടിരിക്കുന്നത്; എന്നാൽ നിഷേധാത്മകമായ മനസ്സും അമർഷത്തിന്റെ മനോഭാവമുള്ളവരിൽ ദൈവത്തിനു പ്രസാദിക്കാനാവില്ല. ദൈവത്തിൽനിന്നും കരുണ ലഭിക്കാനും ദൈവത്തെ ലഭിക്കാനുംവേണ്ടി പ്രതീക്ഷയോടെ കാത്തിരിക്കുന്നവരിൽ മാത്രമേ അവനു പ്രസാദിക്കാനാവൂ.

## ദുഷിച്ച ആശങ്കകൾ

എന്താണ്, ദുഷിച്ച ആശങ്കകൾ?

ഞാൻ ദൈവവചനത്തെക്കുറിച്ചുള്ള പഠനമാരംഭിച്ച കാലത്ത് ഒരു ദിവസം രാവിലെ ഞാൻ കുളിമുറിയിൽ നിന്നുകൊണ്ട് മുടി ചീകുകയായിരുന്നു. അസുഖകരമായതെന്തോ സംഭവിക്കാൻ പോകുന്നുവെന്ന പേടിപ്പെടുത്തുന്ന ഒരു തോന്നൽ എനിക്കപ്പോഴുണ്ടായി. അത്തരമൊരു തോന്നൽ അധികസമയവുമെന്റെയുള്ളിലുണ്ടായിരുന്നുവെന്ന് പെട്ടെന്ന് ഞാൻ തിരിച്ചറിഞ്ഞു.

ഞാൻ കർത്താവിനോടു ചോദിച്ചു എല്ലായ്പ്പോഴുമെനിക്കുണ്ടാകുന്ന ഈ തോന്നലെന്താണ്?

'ദുഷിച്ച ആശങ്കകൾ' അവൻ മറുപടി നൽകി.

അവൻ പറഞ്ഞതിന്റെ അർത്ഥമെനിക്കു മനസ്സിലായില്ല, അങ്ങനെയൊന്നിനെക്കുറിച്ച് ഞാൻ കേട്ടിട്ടുപോലുമില്ലായിരുന്നു. എന്നാൽ താമസിയാതെ ഞാനതേക്കുറിച്ച് വായിക്കാനിടയായി. **'പീഡിതരും വേദനിക്കുന്നവരുമായവരുടെ ആയുഷ്ക്കാലം മുഴുവൻ ദുഷിച്ചതായിത്തീരുന്നു (ആകുലചിന്തകൾ ആശങ്കകളെന്നിവയാൽ) എന്നാൽ സന്തുഷ്ടഹൃദയനായ ഒരാൾക്കാകട്ടെ, നിരന്തരമായ ഉത്സവമാണ് ജീവിതം (സാഹചര്യങ്ങളെന്തു തന്നെയായിരുന്നാലും)'**. സുഭാഷിതം 15: 15

എന്റെ ജീവിതത്തിലെ അധികകാലവും ദുഷിച്ച ചിന്തകൾ, ആശങ്കകൾ എന്നിവയാൽ ദുരിതപൂർണ്ണമായിരുന്നുവെന്ന് അപ്പോഴാണെനിക്കു മനസ്സിലായത്. വിഷമകരമായ സാഹചര്യങ്ങൾ എന്റെ ജീവിതത്തിലുണ്ടായിരുന്നുവെന്നത് ശരിതന്നെ, എന്നാൽ അത്തരം സാഹചര്യങ്ങളില്ലാതിരുന്നപ്പോഴും എന്റെ ചിന്തകൾ വിഷലിപ്തവും എന്റെ മനോഭാവം ജീവിതമാസ്വദിക്കാനോ നല്ല അനുഭവങ്ങളുമ്ടാകുമെന്നു പ്രതീക്ഷിക്കാനോ എന്നെ അനുവദിക്കാത്തതുമായിരുന്നതിനാൽ എന്റെ ജീവിതം ദുരിതപൂർണ്ണമായിരുന്നു.

## നിങ്ങളുടെ നാവിനെ ദുഷിച്ച വാക്കുകളിൽ നിന്നുമകറ്റി നിർത്തുക!

**"ജീവനെ ആഗ്രഹിക്കയും ശുഭകാലം കാണ്മാൻ ഇച്ഛികക്യും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ."**

**1 പത്രോസ് 3: 10**

ജീവിതമാസ്വദിക്കുകയും നല്ല ദിനങ്ങൾ കാണുകയും, ക്രിയാത്മകമായ മനസ്സും നാവുമുണ്ടായിരിക്കുകയെന്നതും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്ന് ഈ വാക്യം നമ്മെ ഓർമ്മിപ്പിക്കുന്നു.

നിങ്ങൾ എത്രമാത്രം നിഷേധാത്മകമായി ചിന്തിക്കുന്നയാളാണെന്നതോ എത്രകാലമായി അങ്ങനെയായിരുന്നു എന്നുള്ളതോ ഒരു പ്രശ്നമല്ല; തീർച്ചയായും നിങ്ങൾക്ക് മാറാൻ കഴിയുമെന്ന് എനിക്കറിയാം, എനിക്കു മാറാൻ കഴിഞ്ഞിട്ടുണ്ട്. അതിന് കുറച്ചുകാലം വേണ്ടി വന്നു എന്നതും പരിശുദ്ധാത്മാവിന്റെ അളവറ്റ സഹായം ലഭിച്ചിരുന്നുവെന്നതും സത്യമാണ്; എന്നാൽ അതിന്റെ ഫലമായി എനിക്കുണ്ടായ നേട്ടം വിലപിടിച്ചതായിരുന്നു.

നിങ്ങളുടെ കാര്യത്തിലും അതങ്ങനെ തന്നെയായിരിക്കും.

എന്തു തന്നെ സംഭവിച്ചാലും കർത്താവിൽ വിശ്വസിക്കുക - ക്രിയാത്മകമായ മനസ്സ് നിലനിർത്തുക.

# 6

# മനസ്സിനെ ബന്ധിക്കുന്ന ശക്തികൾ

**ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കുകയത്രേ വേണ്ടതു.**

**എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും.**

**ഫിലിപ്പിയർ 4: 6,7 KJV**

ദൈവത്തോടൊപ്പമുള്ള യാത്രയുടെ ഒരു ഘട്ടത്തിൽ ഒരിക്കൽ ഞാനൊരു വിഷമസന്ധിയിൽ പെടുകയുണ്ടായി; അതുവരെ വിശ്വസിച്ചു പോന്നിരുന്ന പലതും വിശ്വസിക്കാൻ അപ്പോഴെനിക്ക് വിഷമനുഭവപ്പെട്ടു. എന്താണെനിക്കു സംഭവിക്കുന്നതെന്നറിയാതെ ഞാൻ വല്ലാതെ കുഴങ്ങി. എന്റെയുള്ളിലെ ആശയക്കുഴപ്പം നീണ്ടുപോകുംതോറും ഞാൻ കൂടുതൽ വിഷമത്തിലകപ്പെട്ടുകൊണ്ടിരുന്നു. അവിശ്വാസം എന്നെ വളരെവേഗത്തിൽ കീഴടക്കുകയായിരുന്നു. എനിക്കു ലഭിച്ച ദൈവവിളിയെപ്പോവും ഞാൻ ചോദ്യം ചെയ്യാൻ തുടങ്ങി; ദൈവശുശ്രൂഷയ്ക്കായി നൽകപ്പെട്ട ദർശനം ക്രമേണ അപ്രത്യക്ഷമായിക്കൊണ്ടിരുന്നു. ഞാൻ സ്വാഭാവികമായും ദുഃഖിതയായിത്തീർന്നു (അവിശ്വാസം എല്ലായ്പ്പോഴും ദുഃഖത്തിനു കാരണമാകുന്നു)

ഇതേ മാനസികാവസ്ഥയിൽ രണ്ടു ദിവസം പിന്നിട്ടപ്പോൾ, എന്റെയാത്മാവിൽ നിന്നും പൊടുന്നനവേ ചില വാക്കുകൾ പൊന്തി വന്നു, '*മനസ്സിനെ ബന്ധിക്കുന്ന ശക്തികൾ*' എന്നായിരുന്നു അത്. ആദ്യദിവസം ഞാനതത്ര ശ്രദ്ധിച്ചില്ല. എന്നാൽ രണ്ടാമത്തെ ദിവസവും ഇതേ വാക്കുകൾ എന്റെയുള്ളിൽ പ്രത്യക്ഷപ്പെട്ടപ്പോൾ - ഏതാണ്ട് നാലോ അഞ്ചോ പ്രാവശ്യം - ഞാനതേക്കുറിച്ച് ചിന്തിക്കാനാരംഭിച്ചു എന്താണ് '*മനസ്സിനെ ബന്ധിക്കുന്ന ശക്തികൾ* വചന ശുശ്രൂഷയിലൂടെ ബന്ധപ്പെടാൻ കഴിഞ്ഞിരുന്ന എനിക്ക് അവരിലധികം പേർക്കും അസ്വസ്ഥമായ മനസ്സുകളാണുള്ളതെന്ന് അറിയാമായിരുന്നു.

'മനസ്സിനെ ബന്ധിക്കുന്ന' ദുഷ്ടശക്തിക്കെതിരായി ക്രിസ്തുവിന്റെ ശരീരത്തിനായി പ്രാർത്ഥിക്കാനാണ് പരിശുദ്ധാത്മാവ് എന്നെ നയിച്ചിരുന്നതെന്നെനിക്കു തോന്നി. അതിനാൽ യേശുവിന്റെ നാമത്തിൽ മനസ്സിനെ ബന്ധിക്കുന്ന ശക്തികൾക്കെതിരെ പ്രാർത്ഥിക്കാൻ ഞാനാരംഭിച്ചു. രണ്ടു മിനിറ്റുനേരത്തെ പ്രാർത്ഥനയ്ക്കുശേഷം എന്റെ മനസ്സിൽ അത്ഭുതകരമായ മോചനമാണ് സംഭവിച്ചത്. തികച്ചും നാടകീയമായിരുന്നു അത്.

## മനസ്സിനെ ബന്ധിക്കുന്ന ശക്തികളിൽനിന്നും മോചിക്കപ്പെടുന്നു

ദൈവമെനിക്കു നൽകിക്കൊണ്ടിരുന്ന ഓരോ മോചനവും ദൈവവചനത്തിൽ വിശ്വസിക്കുകയും അതിൽ സമർപ്പിക്കുകയും ചെയ്തതിലൂടെ ലഭിച്ചതായിരുന്നു.

യോഹന്നാന്റെ സുവിശേഷത്തിലെ എട്ടാമദ്ധ്യായത്തിലെ 31, 32 എന്നീ വാക്യങ്ങളും നൂറ്റിയേഴാം സങ്കീർത്തനത്തിലെ 20-ാം വാക്യവുമാണ് എന്റെ തെളിവുകൾ. യോഹ. 8: 31, 32 ൽ യേശു ഇങ്ങനെ പറയുന്നു. **നിങ്ങൾ എന്റെ വചനത്തിലുറച്ചു നിൽക്കുകയാണെങ്കിൽ നിങ്ങളെന്റെ യഥാർത്ഥ ശിഷ്യന്മാരാണ്. നിങ്ങൾ സത്യമറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും**. സങ്കീ. 107: 20 ൽ കർത്താവിങ്ങനെ പറയുന്നു. **'അവൻ തന്റെ വചനമയച്ച് അവരെ സൗഖ്യമാക്കുയും വിനാശത്തിൽനിന്നും അവരെ രക്ഷിക്കുകയും ചെയ്യുന്നു.'**

എന്റെ മനസ്സിന് എന്തോ സംഭവിച്ചിട്ടുണ്ടെന്ന് പൊടുന്നനവേ ഞാനറിഞ്ഞു. മിനിറ്റുകൾക്കുള്ളിൽ, ഏത് കാര്യം വിശ്വസിക്കാനാണോ ഞാൻ പ്രാർത്ഥനയാരംഭിക്കുന്നതിനു മുൻപ് പണിപ്പെട്ടുകൊണ്ടിരുന്നത്, അതേ കാര്യം വളരെയെളുപ്പത്തിൽ വിശ്വസിക്കാനുമെനിക്കു കഴിഞ്ഞു.

ഞാനൊരുദാഹരണം പറയാം. മനസ്സിനെ ബന്ധിക്കുന്ന പിശാചുക്കളാലാക്രമിക്കപ്പെടുന്നതിനു മുൻപ് ഞാൻ വിശ്വസിച്ചിരുന്നത്, ഞാൻ മിസൗറിയിലെ ഫെന്റഗണിൽ നിന്നുമുള്ള ഒരു സ്ത്രീയാണ് ഞാനെന്നതോ എന്നെ ആർക്കുമറിയില്ലെന്നതോ എന്റെ വചനശുശ്രൂഷപ്രവർത്തനത്തെ ബാധിക്കുകയില്ലെന്നാണ്. (ഗലാ. 3: 28). ദൈവം സന്നദ്ധനായിക്കഴിഞ്ഞാൽ അവൻ വാതിൽ തുറക്കുമെന്നും മറ്റാർക്കുമത് അടയ്ക്കാനാവില്ലെന്നും ഞാൻ വിശ്വസിച്ചിരുന്നു (വെളിപാട് 3: 8); ലോകമെമ്പാടും പ്രായോഗികവും മോചനത്തിനുതകുന്നതുമായ ദൈവത്തിന്റെ സന്ദേശത്തെക്കുറിച്ച് പ്രഭാഷണം നടത്തുമെന്നും ഞാൻ കരുതിയിരുന്നു.

റേഡിയോയിലൂടെ രാഷ്ട്രത്തോട് സുവിശേഷത്തെക്കുറിച്ച് സംസാരിക്കാൻ കഴിയുമെന്ന് (എന്റെ കഴിവുകൊണ്ടല്ല, മറിച്ച് എന്റെ കഴിവില്ലായ്മയെ മറികടന്ന്) ഞാനന്ന് വിശ്വസിച്ചിരുന്നു. വിശുദ്ധഗ്രന്ഥം പറയുന്നതനുസരിച്ച് ദുർബ്ബലരും വിഢ്ഡികളുമായ ആളുകളെ ഉപയോഗിച്ചാണ് ദൈവം പണ്ഡിതരെ അമ്പരപ്പിക്കുന്നത്. (1 കൊരി. 1: 27). രോഗികളെ സൗഖ്യമാക്കാൻ കർത്താവെന്നെ ഉപയോഗിക്കാൻ പോവുകയാണെന്ന് ഞാൻ വിശ്വസിച്ചു. ഞങ്ങളുടെ കുട്ടികളും വചനശുശ്രൂഷയിലുപയോഗിക്കപ്പെടുമെന്ന് ഞാൻ വിശ്വസിച്ചു. എന്റെ ഹൃദയത്തിൽ ദൈവം നിറച്ചിരുന്ന അത്ഭുതകരമായ എല്ലാ കാര്യങ്ങളിലും ഞാൻ വിശ്വസിച്ചു.

എന്നാൽ മനസ്സിനെ ബന്ധിക്കുന്ന പിശാചുക്കളാലാക്രമിക്കപ്പെട്ടതോടെ ഇത്തരം കാര്യങ്ങളൊന്നും വിശ്വസിക്കാനെനിക്കു കഴിഞ്ഞില്ല. 'ഓ അതൊക്കെ എനിക്കു വെറുതെ തോന്നിയതാകാം. എനിക്കിഷ്ടമുള്ള കാര്യങ്ങളിൽ ഞാൻ വിശ്വസിച്ചതായിരിക്കാം, അതൊന്നും സംഭവിക്കാനേ പോകുന്നില്ല' എന്നൊക്കെ ഞാൻ ചിന്തിക്കാൻ തുടങ്ങി. എന്നാൽ മനസ്സിനെ ബന്ധിക്കുന്ന പിശാചുക്കള കന്നു പോയതോടെ എനിക്ക് ദൈവികാത്ഭുതങ്ങളിൽ വിശ്വസിക്കാനുള്ള കഴിവ് തിരികെ ലഭിച്ചു.

## വിശ്വസിക്കാൻ തീരുമാനിക്കുക

**അവ്വണ്ണംതന്നെ ആത്മാവു നമ്മുടെ ബലഹീനതയ്ക്കു തുണനില്ക്കുന്നു. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ച**

**രിച്ചു കുടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു.**

**റോമാ 8: 26**

ക്രിസ്ത്യാനികളെന്ന നിലയിൽ വിശ്വസിക്കാൻ *തീരുമാനിക്കാനാണു* നാം പഠിക്കേണ്ടത്. ദൈവം, നമ്മുടെ മനസ്സുകൾക്ക് യോജിക്കാനാവാത്ത പലതിലും വിശ്വാസം (ആത്മാവിന്റെ ഉൽപ്പന്നമാണത്) സൃഷ്ടിക്കുന്നു. മനസ്സിന് എല്ലാത്തിനേയും അറിയാനാണ് താല്പര്യം - എന്തുകൊണ്ട്, എപ്പോൾ, എങ്ങനെ എന്നീ ചോദ്യങ്ങൾക്കുത്തരം കണ്ടുപിടിക്കാനാണ് അതിനിഷ്ടം. എന്നാൽ ഇത്തരത്തിലുള്ള ഒരു മനസ്സിലാക്കലിനുള്ള അവസരം ദൈവത്തിൽനിന്നും കിട്ടാതെവരുമ്പോൾ അത്തരം കാര്യങ്ങൾ വിശ്വസിക്കാൻ മനസ്സു തയ്യാറാവുന്നില്ല; തനിക്കുൾക്കൊള്ളാനാവാത്തതിനെ വിശ്വസിക്കാതിരിക്കുകയെന്നതാണ് മനസ്സിന്റ സ്വഭാവം.

മിക്കപ്പോഴും ഒരു വിശ്വാസിക്ക് തന്റെ ഹൃദയത്തിനുള്ളിൽ (അയാളുടെ ആന്തരീക വ്യക്തിത്വത്തിൽ) *അറിയാവുന്ന* കാര്യങ്ങൾക്കെതിരേ അയാളുടെ മനസ്സു പോരാടാറുണ്ട്.

വചനം പറയുന്നതെന്തും വിശ്വസിക്കാനും വെളിപ്പെട്ട വചനം - ദൈവമെനിക്കു നൽകിയത് (ദൈവമെന്നോട് പറഞ്ഞ കാര്യങ്ങളും അവനെനിക്ക് വ്യക്തിപരമായി നൽകിയ വാഗ്ദാനങ്ങളും) വിശ്വസിക്കുമെന്ന് ഞാൻ വളരെ മുൻപുതന്നെ തീരുമാനിച്ചിരുന്നതാണ്; എന്തുകൊണ്ട്, എപ്പോൾ അല്ലെങ്കിൽ എങ്ങനെ അവയെന്റെ ജീവിതത്തിൽ സംഭവിച്ചുവെന്ന് കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെങ്കിൽക്കൂടി

എന്നാൽ ഇപ്പോഴെനിക്ക് പോരാടേണ്ടിവന്നത് തികച്ചും വ്യത്യസ്തമായ ചിലതിനോടായിരുന്നു; എന്റെ തീരുമാനങ്ങൾക്കതീതമായ ചിലതിനോട് മനസ്സിനെ ബന്ധിക്കുന്ന ദുഷ്ടശക്തികളെന്ന തടവിലാക്കിയിരുന്നതിനാൽ എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല.

തന്റെ പരിശുദ്ധാത്മാവിലൂടെ, എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടതെന്ന് എനിക്ക് കാട്ടിത്തന്നതിൽ ഞാൻ ദൈവത്തോട് കടപ്പെട്ടിരിക്കുന്നു. എനിക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുകയാണെന്നറിയാതെ തന്നെ ഞാൻ പ്രാർത്ഥനയാരംഭിച്ചപ്പോൾ അവന്റെ ശക്തി, മനസ്സിനെ ബന്ധിക്കുന്ന ശക്തികൾക്കു മേൽ വിജയം വരിച്ചതിലും ഞാനവനോട് നന്ദിയുള്ളവളാണ്.

ഈ പുസ്തകത്തിലേക്ക് നയിക്കപ്പെട്ടിരിക്കുന്നതിനാലാണ് നിങ്ങളിതുവായിക്കുന്നതെന്ന് എനിക്കുറപ്പുണ്ട്. ഇത്തരം വിഷയങ്ങളിൽ നിങ്ങൾക്കും പലതരത്തിലുള്ള പ്രശ്നങ്ങളുണ്ടായിരിക്കാം. അങ്ങനെയാണെങ്കിൽ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കാനാണ് ഞാന് നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നത്. അവന്റെ രക്തത്തിന്റെ ശക്തിയാൽ 'മനസ്സിനെ ബന്ധിക്കുന്ന ശക്തികൾ '-ക്കെതിരെ പോരാടുക. എപ്പോഴൊക്കെ ഇത്തരത്തിലുളഅള ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുന്നുവോ അപ്പോഴെല്ലാം ഇതേ രീതിയിലുള്ള പ്രാർഡത്ഥനയിലേർപ്പെടുക.

നാം പുരോഗതിയിലേക്ക് സഞ്ചരിക്കാനൊരുങ്ങുമ്പോഴൊക്കെ നമ്മെ തീയമ്പുകൾകൊണ്ടാക്രമിക്കാൻ സന്നദ്ധനായി ചെന്നെത്തുന്നു. അപ്പൊഴൊക്കെ

വിശ്വാസത്തിന്റെ പരിചയുയർത്തുക. യാക്കോബ് 1: 2–8ൽ പറയപ്പെട്ടിരിക്കുന്നതുപോലെ, പരീക്ഷണങ്ങളിൽ പെടുമ്പോഴെല്ലാം ദൈവത്തോട് വിവേകത്തിനായി നമുക്കപേക്ഷിക്കാമെന്നും, വിവേകം നൽകുന്നതോടൊപ്പെ എന്താണു ചെയ്യേണ്ടതെന്നും അവൻ നമുക്ക് കാട്ടിത്തരുമെന്നുമുള്ള വസ്തുത ഓർമ്മിക്കുക.

എനിക്കൊരു പ്രശ്നമുണ്ടായിരുന്നു, അതിനുമുൻപൊരിക്കലും നേരിടേണ്ടി വന്നിട്ടില്ലാത്ത ഒരു തീയമ്പാൽ ഞാനാക്രമിക്കപ്പെട്ടു. എന്നാൽ എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടതെന്ന് ദൈവമെനിക്കു കാട്ടിത്തന്നതോടെ ഞാൻ സ്വതന്ത്രയായി.

നിങ്ങൾക്കുമതു തന്നെ സംഭവിക്കും.

# 7

# നിങ്ങളെന്തിനെക്കുറിച്ചാണ് ചിന്തിക്കുന്നത് എന്നതിനെക്കുറിച്ച് ചിന്തിക്കുക

**"ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കയും നിന്റെ വഴികളെ സൂക്ഷിക്കുകയും ചെയ്യുന്നു."**

**സങ്കീ. 119: 15**

എന്തിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടാണ് നാം സമയം ചെലവഴിക്കേണ്ടത് എന്നാണ് ദൈവവചനം നമ്മെ പഠിപ്പിക്കുന്നത്.

സങ്കീർത്തനക്കാരൻ പറയുന്നത്, അദ്ദേഹം ദൈവവിധികളെക്കുറിച്ചാണ് ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്തതെന്നാണ് ഇതിനർത്ഥം, ദൈവത്തിന്റെ വഴികളെക്കുറിച്ചും അവന്റെ നിർദ്ദേശങ്ങളെക്കുറിച്ചും അവൻ നൽകിയ ഉപദേശങ്ങളെക്കുറിച്ചും ചിന്തിച്ചുകൊണ്ട് അദ്ദേഹം ഏറെ സമയം ചെലവഴിച്ചുവെന്നാണ് ഒന്നാം സങ്കീർത്തനത്തിലെ മൂന്നാം വാക്യത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. 'അയാൾ അരുവിയുടെ കരയിൽ വളരുന്നതും യഥാസമയം ഫലം നൽകുന്നതും, ഒരിക്കലും ഇലവാടിക്കൊഴിയാത്തതുമായ മരംപോലെയാണ്; അയാൾ ചെയ്യുന്നതെന്തും വിജയകരമായിത്തീരുന്നു.'

ദൈവവനത്തെക്കുറിച്ചു ചിന്തിക്കുന്നത് വളരെ പ്രയോജനകരമാണ്. ഒരാൾ എത്രയധികം സമയം ദൈവവചനത്തെക്കുറിച്ചു ധ്യാനിക്കുന്നുവോ, അയാൾക്കു വചനത്തിൽനിന്നും അത്രമാത്രം സദ്ഫലം ലഭിക്കുന്നു.

## നിങ്ങൾ എന്താണു ചിന്തിക്കുന്നതെന്നതിനെക്കുറിച്ച് ശ്രദ്ധാലുവായിരിക്കുക!

**നിങ്ങൾ കേൾക്കുന്നതു എന്തു എന്നു സൂക്ഷിച്ചുകൊൾവിൻ; നിങ്ങൾ അളക്കുന്ന അളവുകൊണ്ടു നിങ്ങൾക്കു അളന്നു കിട്ടും; അധികമായും കിട്ടും.**

**മർക്കോസ് 4: 24**

എത്ര മഹത്തായ വാക്കുകളാണിത്! നാം കേൾക്കുകയും വായിക്കുകയും ചെയ്യുന്ന വചനത്തെക്കുറിച്ച് ചിന്തിക്കാൻ എത്ര കൂടുതൽ സമയം നാം ചെലവഴിക്കുന്നുവോ, അത്രമാത്രം കഴിവും ശക്തിയും അങ്ങനെ ചെയ്യുന്നതിൽ നമുക്കു ലഭിച്ചിരിക്കുമെന്നാണ് – നാം വായിക്കുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് വെളിപാടിലൂടെ അത്രയധികം അറിവു നമുക്കു ലഭിക്കുമെന്നാണ് – വിശുദ്ധഗ്രന്ഥം നമ്മോടു പറയുന്നത്. നാമെന്താണോ ദൈവവചനത്തിലേക്കു നിക്ഷേപിക്കുന്നത് അതു തന്നെ നമുക്ക് വചനത്തിൽ ലഭിക്കുമെന്നാണ് ഈ വാക്യം നമ്മെ ഓർമ്മിപ്പിക്കുന്നത്.

വചനത്തിനുവേണ്ടി നാം മാറ്റിവയ്ക്കുന്ന ചിന്തയും പഠനവുമാണ്, വചനത്തിൽനിന്നും നമുക്കു ലഭിക്കാൻ പോകുന്ന നന്മയുടെയും അറിവിന്റെയും

അളവു നിശ്ചയിക്കുന്നതെന്ന വാഗ്ദാനം നിങ്ങൾ ശ്രദ്ധിച്ചുകാണുമല്ലോ.

'*വൈൻഡ് എക്സ്പോസിറ്ററി ഡിക്ഷണറി ഓഫ് ബിബ്ലിക്കൽ വേർഡ്സ്*' പറയുന്നത് '*കിംഗ് ജെയിംസ് വേർഷൻ*' ബൈബിളിൽ '*ഡുനാമിസ്* ' എന്ന ഗ്രീക്കു പദം '*ശക്തി*' എന്നർത്ഥമുള്ള - '*നന്മ*' എന്നാണ് തർജ്ജമചെയ്തിരിക്കുന്നതെന്നാണ്. എന്നാൽ '*സ്ട്രോംഗ്സ് ന്യൂ എക്ലോസ്റ്റീവ് കൺകോർഡൻസ് ഓഫ് ദ ബൈബിൾ*' എന്ന ഗ്രന്ഥത്തിൽ '*ഡുനാമി*' സിനന്റെ പരിഭാഷ '*കഴിവ്*' എന്നാണ് കൊടുത്തിരിക്കുന്നത്. അധികമാളുകളും ദൈവവചനത്തിലേക്ക് ആഴത്തിലിറങ്ങിച്ചെല്ലാറില്ല. അതിനാൽ, വിജയകരമായ ജീവിതം ശക്തിയോടെ നയിക്കാൻ തങ്ങൾക്കു കഴിയാത്തതെന്തുകൊണ്ടാണെന്നതോർത്ത് അവർ ചിന്താക്കുഴപ്പത്തിലാകുന്നു.

ഇവരിലധികംപേരും വചനത്തെക്കുറിച്ചു പഠിക്കുന്നതിനായി ഏറെയൊന്നും പരിശ്രമിക്കുന്നില്ലെന്നതാണ് സത്യം. മറ്റുള്ളവർ വചനത്തെക്കുറിച്ച് പ്രസംഗിക്കുന്നതും പഠിപ്പിക്കുന്നതും കേൾക്കുന്നവർ തയ്യാറായേക്കാം. അവർ സുവിശേഷപ്രഭാഷണങ്ങളുടെ കാസറ്റുകൾ കേൾക്കാനും ഇടയ്ക്കൊക്കെ ബൈബിൾ വായിക്കാനും തയ്യാറായേക്കാം. എന്നാൽ ദൈവവചനത്തിന് തങ്ങളുടെ ജീവിതത്തിൽ സുപ്രധാനസ്ഥാനം നൽകാനോ അതേക്കുറിച്ചു ചിന്തിക്കുന്നതിനായി സമയം ചെലവഴിക്കാനോ അവർ തയ്യാറായെന്നു വരില്ല.

ശരീരത്തിന്റെ അടിസ്ഥാന സ്വഭാവം അലസതയാണ്, യാതൊന്നും ചെലവഴിക്കാതെ എന്തെങ്കിലുമൊക്കെ കിട്ടണമെന്നാണ് അധികമാളുകളുടെയും ആഗ്രഹം. തങ്ങളുടെ ഭാഗത്തുനിന്നും ഏറെ പരിശ്രമം നടത്താനവർ തയ്യാറല്ല; എന്നാൽ വചനമിങ്ങനെയല്ല പ്രവർത്തിക്കുന്നത്. ഒരിക്കൽക്കൂടി ഞാനതാവർത്തിക്കുന്നു, *വചനത്തിന് എന്തു സമർപ്പിക്കാൻ ഒരുവൻ തയ്യാറാകുന്നുവോ അതു തന്നെയായിരിക്കും അയാൾക്കതിൽ നിന്നും ലഭിക്കുന്നത്.*

## വചനത്തെക്കുറിച്ചു ധ്യാനിക്കുക

**ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാമണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ.**

**സങ്കീ. 1: 1,2**

വെബ്സ്റ്റേഴ്സ് ഡിക്ഷ്ണറി, മെഡിറ്റേറ്റ് (ധ്യാനിക്കുക) എന്ന വാക്കിനെ ഇങ്ങനെയാണ് നിർവ്വഹിച്ചിരിക്കുന്നത്:

1. ചിന്തിക്കുക 2. മനസ്സിൽ ഉദ്ദേശിക്കുക...... ഗാഢചിന്തയിൽ മുഴുകുക. *വൈൻസ് എക്സ് പോസിറ്ററി ഡിക്ഷണറി ഓഫ് ബിബ്ലിക്കൽ വേർഡ്സ്* പറയുന്നത് '*മെഡിറ്റേറ്റ്*' എന്നതിനർത്ഥം ശ്രദ്ധിക്കുക, പ്രയത്നിക്കുക, ചിന്തിക്കുക, സങ്കല്പിക്കുക എന്നൊക്കെയാണ്.

സുഭാഷിതം നാലാമദ്ധ്യായത്തിലെ 20-ാം വാക്യത്തിലിങ്ങനെ കാണുന്നു.: **എന്റെ മകനേ, എന്റെ വാക്കുകൾ ശ്രദ്ധിക്കുക, ഞാൻ പറയുന്നത് സമ്മതിക്കുകയും അതിനു കീഴടങ്ങുകയും ചെയ്യുക** 'മെഡിറ്റേറ്റ്' എന്ന വാക്കിന്റെ നിർവ്വചനങ്ങളുമായി മേൽപ്പറഞ്ഞ വാക്യം ചേർത്തുവെച്ച് വായിക്കുമ്പോൾ, ദൈവവചനത്തെക്കുറിച്ച് ധ്യാനിക്കകയും ചിന്തിക്കുകയും പരിശീലിക്കുകയും ചെയ്യുന്നതിലൂടെ നാമതിനെ പരിചരിക്കുകയാണെന്നാണ് മനസ്സിലാകുന്നത്. ദൈവവചനം നിർദ്ദേശിക്കുന്ന കാര്യങ്ങൾ ചെയ്യാൻ നാമാഗ്രഹിക്കുന്നുവെങ്കിൽ അതേക്കുറിച്ചു ചിന്തിക്കുന്നതിനായി നാം സമയം ചെലവഴിക്കണമെന്നതാണ് അടിസ്ഥാനപരമായ ആശയം.

'പരിശീലനത്താൽ പൂർണ്ണത ലഭിക്കുന്നു' എന്ന പഴഞ്ചൊല്ലോർമ്മിക്കുക. ഏറെ പരിശീലനം നടത്താതെ ഒരു കാര്യത്തിലും നമുക്ക് വൈദഗ്ധ്യം നേടാനാവില്ലെന്നിരിക്കെ ക്രിസ്തീയ ചിന്തയുടെയും ജീവിതശൈലിയുടേയും കാര്യത്തിൽ മാത്രം മറിച്ചു പ്രതീക്ഷിക്കുന്നതെന്തിനാണ്?

## ധ്യാനത്തിൽനിന്നും വിജയമുണ്ടാകുന്നു

**ഈ ന്യായപ്രമാണപുസ്തകത്തിലുള്ളതു നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുതു;അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിനു നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കേണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും.**

**ജോഷ്വാ 1: 8**

ജീവിതത്തിൽ വിജയിക്കുകയും എല്ലാ ഇടപാടുകളിലും മേന്മയുണ്ടാവുകയും ചെയ്യണമെന്ന് നിങ്ങളാഗ്രഹിക്കുന്നുണ്ടെങ്കിൽ ദൈവവചനത്തെക്കുറിച്ച് രാപ്പകൽ ധ്യാനിച്ചു കൊള്ളണമെന്നാണ് ബൈബിൾ പറയുന്നത്.

ദൈവവചനത്തെക്കുറിച്ചു ചിന്തിക്കാനായി നിങ്ങളെത്രസമയം ചെലവഴിക്കുന്നുണ്ട്? നിങ്ങളുടെ ജീവിതത്തിലെ ഏതെങ്കിലും കാര്യങ്ങളിൽ നിങ്ങൾക്ക് പ്രയാസമനുഭവപ്പെടുന്നുണ്ടെങ്കിൽ, ഈ ചോദ്യത്തിന് സത്യസന്ധമായ ഉത്തരം നൽകുന്നതിലൂടെ അതിന്റെ കാരണം കണ്ടെത്താനാകും.

ഞാനെന്തിനെക്കുറിച്ചാണ് ചിന്തിക്കുന്നത് എന്നതിനെക്കുറിച്ച് ചിന്തിക്കാൻ എന്റെ ജീവിതത്തിലെ ഏറെക്കാലവും ഞാൻ ശ്രദ്ധിച്ചിരുന്നില്ല; എന്റെ തലയിലേക്ക് എന്താണോ കടന്നുവന്നിരിക്കുന്നത്, അതേക്കുറിച്ചു ചിന്തിക്കുകമാത്രമാണ് ഞാൻ ചെയ്തിരുന്നത്. എന്റെ മനസ്സിലേക്ക് ചിന്തകളെ കടത്തിവിടാൻ ചെകുത്താനു കഴിയുമെന്ന് ഒരിക്കലും ഞാൻ വിചാരിച്ചിരുന്നില്ല. എന്റെ തലയ്ക്കുള്ളിലുണ്ടായിരുന്ന ചിന്തകളിലധികവും ചെകുത്താൻ പറഞ്ഞുതന്ന നുണകളോ, ശുദ്ധ വിഡ്ഢിത്തങ്ങളോ ആയിരുന്നു - അവയെക്കുറിച്ച് ചിന്തിക്കാൻ സമയം ചെലവഴിക്കാൻ പാടില്ലായിരുന്നു. എന്റെ ചിന്തകളെ നിയന്ത്രിക്കുന്നതിലൂടെ ചെകുത്താൻ എന്റെ ജീവിതത്തെ നിയന്ത്രിക്കുകയായിരുന്നു.

# നിങ്ങളെന്തിനെക്കുറിച്ചാണ് ചിന്തിക്കുന്നത് എന്നതിനെക്കുറിച്ച് ചിന്തിക്കുക!

**അവരുടെയിടയിൽ നാം എല്ലാവരും മുമ്പെ നമ്മുടം ജഡമോഹങ്ങളിൽ നടന്നു ജഡത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായതു ചെയ്തുംകൊണ്ടും മറ്റുള്ളവരെ പ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു.**

**എഫേ 2: 3**

ഭൗതിക വിഷയങ്ങളാലോ ശരീരത്തിന്റെ വാസനകളാലോ ശരീരത്തിന്റെ മനസ്സിലടങ്ങിയിരിക്കുന്ന ചിന്തകളാലോ നാം നിയന്ത്രിക്കപ്പെടാൻ പാടില്ലെന്നാണ് പൗലോസ് നമുക്ക് മുന്നറിയിപ്പ് നൽകുന്നത്.

ഒരു ക്രിസ്ത്യാനിയായിരുന്നിട്ടും എന്റെ ചിന്തകളെ നിയന്ത്രിക്കാനെനിക്ക റിയില്ലായിരുന്നു എന്ന കാരണത്താൽ ഞാൻ പല തരത്തിലുള്ള വിഷമങ്ങളനു ഭവിച്ചിരുന്നു. ക്രിയാത്മകമോ പ്രയോജനകരമോ അല്ലാത്ത ചിന്തകളാണ് എപ്പോ ഴുമെന്റെ മനസ്സിൽ നിറഞ്ഞുനിന്നിരുന്നത്.

*എന്റെ ചിന്താരീതി മാറ്റേണ്ടിയിരുന്നു!*

മനസ്സിനുള്ളിലെ യുദ്ധക്കളത്തെക്കുറിച്ച് കർത്താവ് എന്നെ പഠിപ്പിക്കാനാ രംഭിച്ചപ്പോൾ അവനെന്നോടു പറഞ്ഞ കാര്യങ്ങളിലൊന്ന് എന്റെ ജീവിതത്തിലെ വഴിത്തിരിവായി മാറി. 'നിങ്ങളെന്തിനെക്കുറിച്ചാണ് ചിന്തിക്കുന്നതെന്ന് എന്ന തിനെക്കുറിച്ച് ചിന്തിക്കുക. എന്നാണ് അവനെന്നോടു പറഞ്ഞത്. അങ്ങനെ ചെയ്യാൻ തുടങ്ങിയതോടെയാണ്, എന്റെ ജീവിതത്തിൽ ധാരാളം പ്രശ്നങ്ങളു ണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞത്.

*എന്റെ മനസ്സ് ആകെ കുഴഞ്ഞു മറിഞ്ഞ അവസ്ഥയിലായിരുന്നു!*

തികച്ചും തെറ്റായ കാര്യങ്ങളാണു ഞാൻ ചിന്തിച്ചുകൊണ്ടിരുന്നത്.

വർഷങ്ങളായി ഞാൻ പള്ളിയിൽ പോയിരുന്നു. എന്നാൽ ഒരിക്കൽപ്പോലും കേൾക്കുന്ന കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാൻ ഞാൻ തുനിഞ്ഞിരുന്നില്ല. കേട്ട വാക്കുകളൊക്കെ ഒരു ചെവിയിലൂടെ പ്രവേശിച്ച് മറു ചെവിയിലൂടെ പുറ ത്തുപോവുകയായിരുന്നു പതിവ്. പതിവായി ബൈബിളിലെ ചില ഭാഗങ്ങൾ ഞാൻ വായിച്ചിരുന്നു, എന്നാൽ വായിച്ചവയെക്കുറിച്ച് ചിന്തിക്കാൻ ഞാൻ ഒരി ക്കലും തയ്യാറായില്ല. യഥാർത്ഥത്തിൽ ഞാൻ വചനത്തെ ശ്രദ്ധിച്ചിരുന്നതേയി ല്ല. കേൾക്കുന്ന കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാൻ ഞാൻ തയ്യാറായില്ല. അതി നാൽ വചനത്തിൽ നിന്നും എനിക്ക് നന്മയോ അറിവോ ലഭിച്ചില്ല.

## ദൈവത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ധ്യാനിക്കുക.

**'ദൈവമേ, നിന്റെ മന്ദിരത്തിന്റെ മധ്യേ ഞങ്ങൾ നിന്റെ ദയയെക്കുറിച്ചു ചിന്തി ക്കുന്നു.**

**സങ്കീ 48: 9**

കർത്താവിന്റെ അദ്ഭുതപ്രവൃത്തികളെക്കുറിച്ച് ധ്യാനിക്കുന്നതിനെപ്പറ്റി ദൈവത്തിന്റെ മഹത്തായ ചെയ്തികളെപ്പറ്റി ധ്യാനിക്കുന്നതിനെപ്പറ്റി സങ്കീർത്തനക്കാരൻ പറയുന്നുണ്ട്. ദൈവനാമത്തെക്കുറിച്ചും ദൈവകാരുണ്യത്തെക്കുറിച്ചും അതുപോലെയുള്ള നിരവധി വിഷയങ്ങളെക്കുറിച്ചും താൻ ചിന്തിച്ചിരുന്നുവെന്നാണദ്ദേഹം പറയുന്നത്.

ദാവീദ് നിരാശനായിരുന്നപ്പോൾ അദ്ദേഹമിങ്ങനെയെഴുതി: "**ആകയാൽ എന്റെ മനം എന്റെ ഉള്ളിൽ വിഷാദിച്ചിരിക്കുന്നു; എന്റെ ഹൃദയം എന്റെ ഉള്ളിൽ സ്തംഭിച്ചിരിക്കുന്നു. ഞാൻ പണ്ടത്തെ നാളുകളെ ഓർക്കുന്നു. നിന്റെ സകല പ്രവർത്തികളെയും ഞാൻ ധ്യാനിക്കുന്നു. നിന്റെ കൈകളുടെ പ്രവർത്തിയെ ഞാൻ ചിന്തിക്കുന്നു.** സങ്കീർത്തനം 143: 4, 5.

തന്നെ ബാധിച്ച നിരാശ, വിഷാദം തുടങ്ങിയ വികാരങ്ങളോട് ദാവീദ് പ്രതികരിച്ചത് അവയെക്കുറിച്ച് ധ്യാനിച്ചുകൊണ്ടായിരുന്നില്ലെന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു. നേരെമറിച്ച് ഭൂതകാലത്തിലേ നല്ല അനുഭവങ്ങളെക്കുറിച്ച് ഓർമ്മിക്കുന്നതിലൂടെ താനനുഭവിക്കുന്ന പ്രശ്നത്തെ നേരിടുകയായിരുന്നു അദ്ദേഹം ചെയ്തത് - ദൈവത്തിന്റെ പ്രവൃത്തികളെക്കുറിച്ചും, അവന്റെ കൈകളുടെ ചെയ്തികളെക്കുറിച്ചും ധ്യാനിക്കുകയായിരുന്നു ദാവീദ് ചെയ്തത്. മറ്റൊരുതരത്തിൽപ്പറഞ്ഞാൽ ചില നല്ല കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചുകൊണ്ടാണ് ദാവീദ് നിരാശയെ അതിജീവിച്ചത്.

ഇക്കാര്യമൊരിക്കലും മറക്കാതിരിക്കുക: *നിങ്ങളുടെ വിജയത്തിനു നിങ്ങളുടെ മനസ്സിന് സുപ്രധാനമായൊരു പങ്കുണ്ട്.*

ദൈവവചനത്തിലൂടെ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാണ് നമ്മുടെ ജീവിതത്തിലേക്ക് വിജയം കൊണ്ടുവരുന്നതെന്നെനിക്കറിയാം. എന്നാൽ ഇതു സാധ്യമാകണമെങ്കിൽ നാം ദൈവത്തേയും അവന്റെ വചനത്തെയും കുറിച്ച് ചിന്തിക്കാൻ തയ്യാറാകണം. ഇതിനു പകരം, ദൈവത്തേയും ദൈവവചനത്തേയും കുറിച്ച് നാം ചിന്തിക്കാതിരിക്കുകയോ, അല്ലെങ്കിൽ ഇത് അപ്രധാനമാണെന്നു കരുതുകയോ ചെയ്താൽ നിങ്ങളൊരിക്കലും വിജയം നേടുകയില്ല.

## നിങ്ങളുടെ മനസ്സിനെ നവീകരിക്കുന്നതിലൂടെ രൂപാന്തരപ്പെടുക

**ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.**

**റോമാ 12: 2**

ഇവിടെ പൗലോസ് അപ്പോസ്തലൻ പറയുന്നത്, ദൈവത്തിന്റെ നന്മ നിറഞ്ഞതും പരിപൂർണ്ണവുമായ ഹിതം നമ്മുടെ ജീവിതത്തിൽ തെളിയിക്കപ്പെടണമെന്ന് നാമാഗ്രഹിക്കുന്നുവെങ്കിൽ നമുക്കതു സാധിക്കുമെന്നാണ് - നമ്മുടെ മനസ്സുകളെ നവീകരിക്കാൻ നാം തയ്യാറാണെങ്കിൽ എന്തിലേക്കാണു നവീകരിക്കേണ്ടത്? ദൈവത്തിന്റെ ഹിതത്തിലേക്ക് അഥവാ ദൈവം ചിന്തിക്കുന്ന വഴി

യിലേക്കാണ് നവീകരിക്കപ്പെടേണ്ടത്. ഇങ്ങനെ പുതിയ രീതിയിലുള്ള ചിന്ത യിലൂടെ, നാമെന്തായിത്തീരണമെന്ന് ദൈവമാഗ്രഹിക്കുന്നുവോ ആ അവസ്ഥ യിലേക്ക് നാം രൂപാന്തരപ്പെടുന്നു. തന്റെ മരണത്തിലൂടെയും പുനരുത്ഥാന ത്തിലൂടെയും നമുക്ക് ഇങ്ങനെയൊരു രൂപാന്തരം സാധ്യമാക്കുകയാണ് യേശു ചെയ്തത്. മനസ്സിന്റെ നവീകരണത്തിലൂടെ ഇത്തരമൊരു രൂപാന്തരം നമ്മുടെ ജീവിതത്തിലെ യാഥാർത്ഥ്യമായിത്തീരുന്നു.

ശരിയായ ചിന്താരീതിക്ക് മോചനവുമായി അഥവാ രക്ഷ പ്രാപിക്കലുമായി യാതൊരു *ബന്ധവുമില്ലെന്ന്,* ആശയക്കുഴപ്പമൊഴിവാക്കുന്നതിനുവേണ്ടി, ഇവിടെ പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുന്നു. രക്ഷപ്രാപിക്കലെന്നത് പൂർണ്ണമായും യേശുവിന്റെ രക്തത്തേയും, അവന്റ കുരിശുമരണത്തേയും പുനരുത്ഥാരണ ത്തേയും ആശ്രയിച്ചു നിൽക്കുന്ന കാര്യമാണ്. യേശുവിനെ തങ്ങളുടെ രക്ഷ കനായി യഥാർത്ഥത്തിൽ സ്വീകരിച്ച അനേകം പേർ സ്വർഗ്ഗത്തിലെത്തിച്ചേരു മ്പോൾ, അവന്റെ വചനത്താൽ തങ്ങളുടെ മനസ്സുകളെ നവീകരിക്കാൻ കഴി യാത്തതിനാൽ ഇവരിൽ പലർക്കും വിജയിക്കാനോ ദൈവമവർക്കുവേണ്ടി തയ്യാ റാക്കിയിട്ടുള്ള നല്ല ജീവിതമനുഭവിക്കാനോ കഴിയാതെ വരുന്നു.

വർഷങ്ങളോളം ഞാനും അക്കൂട്ടത്തിൽപെട്ട ഒരാളായിരുന്നു. അതിനുശേഷ മാണ് ഞാൻ രക്ഷിക്കപ്പെട്ടത്. അതിനുമുമ്പ് ഞാൻ പള്ളിയിൽ പോവുകയും മതപരമായി ജീവിക്കുകയും ചെയ്തിരുന്നു. ഞാനന്ന സ്വർഗ്ഗത്തിലേക്ക് പോവു കയായിരുന്നു.എന്നാൽ എന്റെ ജീവിതത്തിൽ എനിക്ക് യാതൊരു വിജയവും നേടാൻ കഴിഞ്ഞിരുന്നില്ല. ഇതിനു കാരണം തെറ്റായ കാര്യങ്ങളെക്കുറിച്ചാണ് ഞാനന്ന് ചിന്തിച്ചുകൊണ്ടിരുന്നത് എന്നതാണ്.

## ഈ വിഷയങ്ങളെക്കുറിച്ച് ചിന്തിക്കുക

**"ഒടുവിൽ സഹോദരന്മാരെ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സല്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തി ച്ചുകൊൾവിൻ."**

**ഫിലി. 4: 8**

നാമെന്തിനേക്കുറിച്ചാണ് ചിന്തിക്കേണ്ടത് എന്ന കാര്യത്തിൽ വിശദമായ നിർദ്ദേശമാണ് ബൈബിൾ നൽകുന്നത്. നല്ല കാര്യങ്ങളെക്കുറിച്ച്, നമ്മെ നശി പ്പിക്കുന്നതിനു പകരം വളരാൻ സഹായിക്കുന്ന കാര്യങ്ങളെക്കുറിച്ച് ചിന്തിക്കണ മെന്നാണ് ബൈബിൾ നിർദ്ദേശിക്കുന്നതെന്ന് നിങ്ങൾക്കിതിൽനിന്നും മനസ്സി ലായിട്ടുണ്ടാവുമല്ലോ.

നമ്മുടെ ചിന്തകൾ തീർച്ചയായും നമ്മുടെ കാഴ്ചപ്പാടുകളേയും മാനസി കാവസ്ഥയെയും ബാധിക്കുന്നുണ്ട്. കർത്താവു പറയുന്നതെല്ലാം നമ്മുടെ നന്മ യ്ക്കുവേണ്ടിയാണ്. എന്തൊക്കെയാണ് നമുക്ക് സന്തോഷം നൽകുന്നതെന്നും എന്തൊക്കെയാണ് നമ്മുടെ ജീവിതത്തെ ദുരിതപൂർണ്ണമാക്കുന്നതെന്നും

അവനറിയാം. ഒരുവന്റെയുള്ളിൽ തെറ്റായ ചിന്തകൾ നിറയുമ്പോൾ അവൻ ദുരിതത്തിൽ അകപ്പെടുന്നു; ദുരിതത്തിലകപ്പെടുന്ന ഒരുവനു മറ്റുള്ളവരുടെയുള്ളിലും ദുഃഖവും നിരാശയും നിറയ്ക്കുന്നുവെന്ന് വ്യക്തിപരമായ അനുഭവത്തിൽനിന്നുമെനിക്കു മനസ്സിലായിട്ടുണ്ട്.

പതിവായി സ്വന്തം ചിന്തകളുടെ കണക്കെടുപ്പ് നടത്തുക, സ്വയമിങ്ങനെ ചോദിക്കുക: ഞാനെന്തിനെക്കുറിച്ചാണ് ചിന്തിച്ചുകൊണ്ടിരിക്കുന്നത്? നിങ്ങളുടെ ചിന്തകളെ പരിശോധിക്കുന്നതിനായി കുറച്ചു സമയം മാറ്റിവയ്ക്കുക.

നിങ്ങളെന്തിനെക്കുറിച്ചാണ് ചിന്തിക്കുന്നത് എന്നതിനെക്കുറിച്ച് ചിന്തിക്കുന്നത് വളരെ വിലപ്പെട്ട കാര്യമാണ്, എന്തെന്നാൽ ആളുകളനുഭവിക്കുന്ന ദുരിതങ്ങളുടെയും കുഴപ്പങ്ങളുടെയും യഥാർത്ഥ കാരണം മറച്ചുവെച്ചുകൊണ്ട് മറ്റെന്തോ ആണ് അതിനു കാരണമെന്ന് തെറ്റിദ്ധരിപ്പിക്കാനാണ് ചെകുത്താൻ എല്ലായ്പ്പോഴും ശ്രമിക്കുന്നത്. അവർക്കു ചുറ്റും നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ് (അവരുടെ സാഹചര്യങ്ങളാണ്) അവരുടെ പ്രശ്നങ്ങളുടെ കാരണമെന്ന് ചെകുത്താനവരെ തെറ്റിദ്ധരിപ്പിക്കുന്നു. വാസ്തവത്തിൽ അവർക്കു *ചുറ്റിലും* നടക്കുന്ന കാര്യങ്ങളല്ല മറിച്ച് *അവരുടെയുള്ളിൽ* നടക്കുന്ന കാര്യങ്ങളാണ് (അവരുടെ ചിന്തകളാണ്) എല്ലാ പ്രശ്നങ്ങൾക്കും കാരണം.

ഏറെക്കാലം ഞാൻ വിശ്വസിച്ചിരുന്നത് മറ്റുള്ളവർ എന്തെങ്കിലും ചെയ്യുന്നതോ ചെയ്യാതിരിക്കുന്നതോ ആണ് എന്റെ ദുഃഖത്തിനു കാരണമെന്നായിരുന്നു. ഞാൻ ദുഃഖിതയായിരിക്കുമ്പോഴൊക്കെ ഞാനെന്റെ ഭർത്താവിനേയും കുട്ടികളേയും കുറ്റപ്പെടുത്തിയിരുന്നു. അവരുടെ സ്വഭാവം വ്യത്യസ്തമായിരുന്നെങ്കിൽ, അവർ എന്റെ ആവശ്യങ്ങളെക്കുറിച്ച് ശ്രദ്ധയുള്ളവരായിരുന്നെങ്കിൽ, അവർ വീട്ടുകാര്യങ്ങളിൽ എന്നെ സഹായിച്ചിരുന്നെങ്കിൽ ഞാൻ കൂടുതൽ സന്തോഷവതിയായിരുന്നേനെ എന്നു ഞാൻ ചിന്തിച്ചു. എല്ലായ്പ്പോഴും അവരെ കുറ്റപ്പെടുത്താൻ എനിക്ക് എന്തെങ്കിലുമൊക്കെ കാര്യങ്ങളുണ്ടായിരുന്നു. എന്നാൽ ഒടുവിലാണ് ഞാൻ സത്യം മനസ്സിലാക്കിയത്. എന്തെന്നാൽ ശരിയായ മനോഭാവമാണ് ഞാൻ പുലർത്തുന്നതെങ്കിൽ മറ്റുള്ളവരുടെ പ്രവൃത്തികൾക്ക് എന്നെ ദുഃഖിപ്പിക്കാനാവില്ലെന്നു ഞാൻ കണ്ടെത്തി. എന്റെ ദുഃഖത്തിനു കാരണം എന്റെ ചിന്തകളായിരുന്നുവെന്നു ഞാൻ തിരിച്ചറിഞ്ഞു.

അവസാനമായി ഞാനൊരിക്കൽക്കൂടി ആവർത്തിക്കുന്നു. *നിങ്ങളെന്തിനെക്കുറിച്ചാണ് ചിന്തിക്കുന്നത് എന്നതിനെക്കുറിച്ച് ചിന്തിക്കുക.* നിങ്ങളുടെ ചില പ്രശ്നങ്ങളെങ്കിലും തിരിച്ചറിയാനും അങ്ങനെ സ്വാതന്ത്ര്യത്തിലേക്ക് വളരെ വേഗം മുന്നേറാനും നിങ്ങൾക്കു കഴിയും.

# ഭാഗം രണ്ട്

# മനസ്സിന്റെ അവസ്ഥകൾ

# ആമുഖം

കർത്താവിന്റെ മനസ്സു അറിഞ്ഞു അവനെ ഗ്രഹിപ്പിക്കാകുന്നവൻ ആർ? നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു.

1 കൊരി. 2: 16

ഏതവസ്ഥയിലാണു നിങ്ങളുടെ മനസ്സ്?

നിങ്ങളുടെ മനസ്സിന്റെ അവസ്ഥ മാറിക്കൊണ്ടിരിക്കുന്നുവെന്ന കാര്യം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ഒരു സമയത്ത് നിങ്ങൾക്ക് ശാന്തിയും സമാധാനവുമനുഭവപ്പെടുന്നു, എന്നാൽ മറ്റൊരുസമയത്ത് നിങ്ങളുടെയുള്ളിൽ ആകുലതയും അസ്വാസ്ഥ്യവുമായിരിക്കുമുണ്ടാവുക. അല്ലെങ്കിൽ ഒരു സമയത്ത് ഏതെങ്കിലുമൊരു കാര്യത്തെക്കുറിച്ച് കൃത്യമായ തീരുമാനമെടുക്കാനും, അതിൽ ആത്മവിശ്വാസം പുലർത്താനും നിങ്ങൾക്കു കഴിയുന്നു; എന്നാൽ മറ്റൊരവസരത്തിൽ അതേ കാര്യത്തെക്കുറിച്ചു തന്നെ നിങ്ങളുടെയുള്ളിൽ ചിന്താക്കുഴപ്പവും ആശയസംഘർഷവുമായിരിക്കും നിറയുന്നത്.

മറ്റുള്ളവരെപ്പോലെ തന്നെ, എന്റെ ജീവിതത്തിലെ പല ഘട്ടങ്ങളിലും ഞാനുമിതുപോലെയുള്ള അനുഭവങ്ങളെ നേരിട്ടിട്ടുണ്ട്. പല അവസരങ്ങളിലും യാതൊരു ബുദ്ധിമുട്ടുമില്ലാതെ ദൈവത്തിൽ വിശ്വസിക്കാനെനിക്കു കഴിഞ്ഞിട്ടുണ്ട്; എന്നാൽ മറ്റുചില അവസരങ്ങളിൽ സംശയവും അവിശ്വാസവും എന്നെ ക്രൂരമായി വേട്ടയാടിയിട്ടുമുണ്ട്.

മനസ്സിന് വ്യത്യസ്തമായ അവസ്ഥകളുണ്ടെന്നും വ്യക്തമായ നിലയ്ക്ക് എന്റെയുള്ളിലൊരു സംശയം തലപൊക്കുന്നു: എപ്പോഴാണ് എന്റെ മനസ്സ് സ്വാഭാവികാവസ്ഥയിലേക്കായിരിക്കുന്നത്? ആദ്യമായി എനിക്കറിയേണ്ടത് സ്വാഭാവികാവസ്ഥയെന്നാലെന്താണെന്നാണ്; എങ്കിലല്ലേ അസ്വാഭാവികമായ ചിന്തകൾ എന്റെയുള്ളിലേയ്ക്കു പ്രവേശിക്കുമ്പോൾത്തന്നെ എനിക്കവയെ എങ്ങനെ കൈകാര്യം ചെയ്യണമെന്നും പഠിക്കാൻ കഴിയൂ?

ഉദാഹരണത്തിന്, വിമർശനാത്മകമോ, വിധി പ്രസ്താവിക്കുന്ന സ്വഭാവമുള്ളതോ, സംശയാകുലമോ ആയ മനസ്സ്, ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അസ്വാഭാവികമാണ്. എന്നാൽ എന്റെ ജീവിതത്തിലെ നല്ലൊരു പങ്ക് സമയവും എന്നെ സംബന്ധിച്ചിടത്തോളം അത്തരമൊരു മനസ്സ് സ്വാഭാവികമായിരുന്നു - യഥാർത്ഥത്തിൽ അതങ്ങനെയായിരിക്കാൻ പാടില്ലെങ്കിലും. എനിക്കു പരിചിതമായ രീതി അതായിരുന്നു; എന്റെ ചിന്താമാർഗ്ഗം തെറ്റായിരിക്കുകയും, അതുമൂലം എന്റെ ജീവിതത്തിൽ ഒട്ടേറെ പ്രശ്നങ്ങളുണ്ടാവുകയും ചെയ്തിട്ടും, ഞാൻ ചിന്തിക്കുന്ന രീതിയിലും വിഷയങ്ങളിലും എന്തെങ്കിലും ന്യൂനതയുണ്ടെന്ന് എനിക്കറിയില്ലായിരുന്നു എന്നതാണു വസ്തുത.

എന്റെ ചിന്താപരമായ ജീവിതത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുമെന്നും എനിക്കറിയില്ലായിരുന്നു. എത്രയോ വർഷങ്ങളായി ഞാനൊരു വിശ്വാസിയായിരുന്നെങ്കിലും, ചിന്താപരമായ ജീവിതത്തെക്കുറിച്ചോ, ഒരു വിശ്വാസിയുടെ മനസ്സിന്റെ സ്വാഭാവികമായ അവസ്ഥ ഏതാണെന്നതിനെക്കുറിച്ചോ ആരുമെനിക്കു പറഞ്ഞു തന്നിരുന്നില്ല.

ക്രിസ്തുവിലുള്ള പുതുജീവിതം നേടിക്കൊണ്ട് നമ്മുടെ മനസ്സുകൾ രക്ഷ പ്രാപിക്കാത്തതിനാൽ, അവയെ നവീകരിക്കപ്പെടേണ്ടതുണ്ട് (റോമാ. 12: 2) ഇതിനു മുമ്പ് ഞാൻ സൂചിപ്പിച്ചിട്ടുള്ളതുപോലെ, മനസ്സിന്റെ നവീകരണമെന്നത്, ഏറെ സമയം ആവശ്യമുള്ള ഒരു പ്രക്രിയയാണ്. ക്രിസ്തു തന്റെ രക്ഷകനാണെന്നവകാശപ്പെടുന്ന ഒരാളെന്ന നിലയിൽ തികച്ചും ആസ്വാഭാവികമായ ഒര

വസ്ഥയിലാണ് നിങ്ങളുടെ മനസ്സെന്ന്, ഒരു പക്ഷേ അടുത്ത അധ്യായങ്ങൾ വായിക്കുമ്പോൾ നിങ്ങൾക്കു തിരിച്ചറിയാൻ കഴിഞ്ഞേക്കാം. എന്നാൽ അതേക്കുറിച്ചോർത്ത് നിങ്ങൾ നിരാശപ്പെടരുത്. പ്രശ്നം പരിഹരിക്കുന്നതിനുള്ള ആദ്ത്തെ ചവിട്ടുപടിയണ് അതു തിരിച്ചറിയുകയെന്നത്.

കർത്താവുമായുള്ള എന്റെ ബന്ധത്തെ വളരെ ഗൗരവത്തോടെ ഞാൻ കാണാൻ തുടങ്ങിയത് വർഷങ്ങൾക്കു മുൻപാണ്; തെറ്റായ ചിന്താരീതിയാണ് എന്റെ ഒട്ടു മിക്ക പ്രശ്നങ്ങൾക്കും കാരണമെന്ന് അവനെനിക്കു മനസ്സിലാക്കിത്തന്നത് അക്കാലത്തായിരുന്നു. ആകെ കുഴഞ്ഞുമറിഞ്ഞ അവസ്ഥയിലായിരുന്നു എന്റെ മനസ്സന്ന്! മനസ്സ് ഏതവസ്ഥയിലായിരിക്കണമോ, ആ അവസ്ഥയിൽ അതൊരിക്കലുമായിരുന്നിട്ടില്ല; അഥവാ എപ്പോഴെങ്കിലും ആ അവസ്ഥയിലായിരുന്നിട്ടുണ്ടെങ്കിൽത്തന്നെ, ഏറെക്കാലമത് ആ അവസ്ഥയിൽ തുടർന്നിരുന്നുമില്ല.

എത്രമാത്രം തെറ്റായ ചിന്തകൾക്കു വിധേയയായിരുന്നു ഞാനെന്നും മനസ്സിലായപ്പോൾ, സത്യത്തിൽ ഞാനമ്പരന്നുപോയി. എന്റെ മനസ്സിലേക്കു കടന്നുവന്നുകൊണ്ടിരുന്ന പാപകരമായ ചിന്തകളെ പുറത്താക്കാൻ ഞാൻ ശ്രമിക്കുമ്പോൾത്തന്നെ, അവ വീണ്ടും മനസ്സിലേക്കു പ്രവേശിക്കും. എന്നാൽ, അല്പാല്പമായി, സ്വാതന്ത്ര്യവും രക്ഷയുമെനിക്കു ലഭിച്ചുകൊണ്ടിരുന്നു.

നിങ്ങളുടെ മനസ്സു നവീകരിക്കപ്പെടുന്നതിനെതിരേ ചെകുത്താൻ അതിശക്തമായി പോരാടിക്കൊണ്ടിരിക്കും; എന്നാൽ അവന്റെ മേൽ വിജയം നേടുന്നതുവരെ നിങ്ങൾ നിരന്തരമായി പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്തുകൊണ്ടിരിക്കണം.

എപ്പോഴാണ് നിങ്ങളുടെ മനസ്സ് സ്വാഭാവികമായ അവസ്ഥയിലായിരിക്കുന്നത്? അത് അവിടെയുമിവിടെയും അലഞ്ഞു തിരിയുകയാണോ വേണ്ടത്? അതോ നിങ്ങൾ ചെയ്യുന്ന പ്രവൃത്തിയിൽ ഉറച്ചുനിൽക്കുയാണോ വേണ്ടത്? നിങ്ങൾ അസ്വസ്ഥതയിലും ചിന്താക്കുഴപ്പത്തിലും ദിവസങ്ങൾ തള്ളിനീക്കുകയാണോ, അതോ നിങ്ങൾ തിരഞ്ഞെടുത്തിട്ടുള്ള ദിശയെക്കുറിച്ച് സമാധാനത്തോടെയും ആത്മവിശ്വാസത്തോടെയും കഴിയുകയാണോ വേണ്ടത്? നിങ്ങളുടെ മനസ്സിൽ സംശയവും അവിശ്വാസവുമാണോ ഉണ്ടാകേണ്ടത്? നിങ്ങൾ ആകുലതയും ദുഃഖവും ഭയവുമനുഭവിക്കുന്നതു ശരിയാണോ? അതോ ദൈവത്തിന്റെ സന്താനമെന്ന നിലയിൽ എല്ലാ ആകുലതകളും ദൈവത്തിൽ സമർപ്പിക്കുകയാണോ നിങ്ങൾ ചെയ്യേണ്ടത്? (1 പത്രോസ് 5: 7)

ദൈവവചനം നമ്മെ പഠിപ്പിക്കുന്നത്, നമുക്ക് ക്രിസ്തുവിന്റെ മനസ്സുണ്ടെന്നാണ്. ദൈവപുത്രനെന്ന നിലയിൽ മാത്രമല്ല, മനുഷ്യപുത്രനെന്നനിലയിലും അവൻ ഭൂമിയിൽ ജീവിച്ചിരുന്ന കാലത്ത്, ഏതവസ്ഥയിലായിരുന്നു അവന്റെ മനസ്സെന്നാണ് നിങ്ങൾ കരുതുന്നത്?

'*മനസ്സിന്റെ യുദ്ധഭൂമി*' എന്ന ഗ്രന്ഥത്തിന്റെ തുടർന്നുള്ള അധ്യായങ്ങളിലേയ്ക്ക് പ്രാർത്ഥനയോടെ പ്രവേശിക്കുക. യേശുവിന്റെ ശിഷ്യത്വം സ്വീകരിക്കുകയും വിജയത്തിലൂടെ സഞ്ചരിക്കാനിഷ്ടപ്പെടുകയും ചെയ്യുന്ന ഒരുവന്റെ കണ്ണുകളെ, സ്വാഭാവികമായും ആസ്വാഭിവുമായി മാനസികാവസ്ഥകളിലേയ്ക്ക് തുറപ്പിക്കാൻ ഇതു നിങ്ങളെ സഹായിക്കും.

# 8

# എപ്പോഴാണ് എന്റെ മനസ്സ് സ്വാഭാവികമായിരിക്കുന്നത്

**നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവിനെ തരേണ്ടതിന്നും നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ടു അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നുംവിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നനും അവന്റെ ബലത്തിൽ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടിവ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിനു പ്രാർത്ഥിക്കുന്നു.**

**എഫേ. 1; 17, 18.**

നമ്മുടെ 'ഹൃദയനേത്രങ്ങൾ' പ്രകാശം നേടുന്നതിലൂടെ നിങ്ങൾക്കും എനിക്കും ജ്ഞാനം ലഭിക്കണമെന്നാണ് വിശുദ്ധ പൗലോസ് പ്രാർത്ഥിക്കുന്നതെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഞാൻ പഠിച്ചിട്ടുള്ള വിവിധ കാര്യങ്ങളുടെയടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ 'ഹൃദയനേത്ര'ങ്ങൾ എന്നതിനെ മനസ്സ് എന്നു കരുതാനാണെനിക്കു താല്പര്യം.

ദൈവവചനമനുസരിച്ച്, മനസ്സും ആത്മാവും ഒരുമിച്ചാണു പ്രവർത്തിക്കുന്നത്. ഇതിനെയാണ് 'മനസ്സ് ആത്മാവിനെ സഹായിക്കുന്ന' പ്രമാണമെന്നു ഞാൻ വിളിക്കുന്നത്..

ഈ പ്രമാണം കൂടുതൽ വ്യക്തമായി മനസ്സിലാക്കണമെങ്കിൽ വിശ്വാസിയുടെ ജീവിതത്തിൽ അതെങ്ങനെ പ്രവർത്തിക്കുന്നുവെന്നു പഠിക്കേണ്ടതുണ്ട്.

## മനസ്സ് - ആത്മാവ്

**മനുഷ്യനിലുള്ളതു അവനിലെ മാനുഷാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നെ ദൈവത്തിലുള്ളതു ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല.**

1 കൊരി 2; 11

ഒരാൾ ക്രിസ്തുവിനെ തന്റെ സ്വന്തം രക്ഷകനായി സ്വീകരിക്കുന്നതോടെ പരിശുദ്ധാത്മാവ് അയാളുടെയുള്ളിൽ താമസമുറപ്പിക്കുന്നു. പരിശുദ്ധാത്മാവിന് ദൈവത്തിന്റെ മനസ്സറിയാമെന്നാണ് ബൈബിൾ നമ്മെ പഠിപ്പിക്കുന്നത്. ഒരുവന്റെയാത്മാവിനു മാത്രമാണ് അയാളുടെ ചിന്തകളെ അറിയാമെന്നതുപോലെ, പരിശുദ്ധാത്മാവിന് മാത്രമാണ് ദൈവത്തിന്റെ മനസ്സറിയാവുന്നത്.

പരിശുദ്ധാത്മാവ് നമ്മുടെയുള്ളിൽ വസിക്കുകയും, അവൻ ദൈവത്തിന്റെ മനസ്സറിയുകയും ചെയ്യുന്ന നിലയ്ക്ക്, അവന്റെ ഉദ്ദേശങ്ങളിലൊന്ന് ദൈവത്തിന്റെ ജ്ഞാനവും വെളിപാടും നമുക്കു തുറന്നു കാട്ടുകയെന്നതാണ്. ജ്ഞാനവും വെളിപാടും നമ്മുടെയാത്മാവിനാണ് ആദ്യം നൽകപ്പെടുന്നത്, അതിനുശേഷം ആത്മാവ് ഹൃദയത്തിന്റെ കണ്ണുകളെ പ്രകാശിപ്പിക്കുന്നു, ഹൃദയ

ത്തിന്റെ കണ്ണുകളാണ് മനസ്സ്. ആത്മീയമായി നമുക്കു നൽകപ്പെടുന്നതിനെ പ്രായോഗികതലത്തിൽ മനസ്സിലാക്കുന്നതിനുവേണ്ടിയാണ് പരിശുദ്ധാത്മാവ് ഇങ്ങനെ ചെയ്യുന്നത്.

## സ്വാഭാവികമോ അസ്വാഭാവികമോ?

വിശ്വാസികളെന്ന നിലയിൽ നമ്മൾ ആത്മീയരും പ്രാകൃതമായതിന് ആത്മീയത മനസ്സിലാക്കാൻ എല്ലായ്പ്പോഴും കഴിഞ്ഞെന്നു വരില്ല; അതിനാൽ നമ്മുടെയാത്മാവിലെന്താണു സംഭവിക്കുന്നത് എന്നതിനെക്കുറിച്ച് നമ്മുടെ മനസ്സ് പ്രബുദ്ധത നേടേണ്ടത് വളരെ അത്യാവശ്യമാണ്. നമുക്ക് ഇത്തരത്തിലുള്ള പ്രബുദ്ധത അഥവാ അറിവ് ലഭിക്കണമെന്നാണ് പരിശുദ്ധാത്മാവാഗ്രഹിക്കുന്നത്: എന്നാൽ *മനസ്സ് എല്ലായ്പ്പോഴും തിരക്കിലായതിനാൽ ആത്മാവ് വെളിപ്പെടുത്താനാഗ്രഹിക്കുന്നതിനെ സ്വീകരിക്കാൻ അതിനു പലപ്പോഴും കഴിയാറില്ല*. അമിതമായ തിരക്കിലായിരിക്കുന്ന മനസ്സ് വിശ്രമിക്കുന്നത് - ശൂന്യമായിരിക്കുമ്പോൾ എന്നല്ല ഉദ്ദേശിക്കുന്നത് - അപ്പോഴാണ് അത് സ്വാഭാവികമായിരിക്കുന്നത്.

യുക്തിചിന്ത, ദുഃഖം, ആകുലത, ഭയം തുടങ്ങിയവയൊന്നും മനസ്സിനെ അലട്ടാൻ പാടില്ല. അത് ശാന്തവും സ്വസ്ഥവുമായിരിക്കണം. ഈ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ നിങ്ങൾക്കു കാണാൻ കഴിയുന്നത്, മനസ്സിന്റെ പല തരത്തിലുള്ള അസ്വാഭാവികാവസ്ഥകളെക്കുറിച്ചുള്ള വിവരങ്ങളാണ്; അവയിൽ പലതും നിങ്ങളുടെ മനസ്സിന് ഇടയ്ക്കിടയ്ക്കുണ്ടാകുന്ന അവസ്ഥകളാണെന്നു നിങ്ങൾ കണ്ടെത്തുകയും ചെയ്യും.

ഈ അദ്ധ്യായത്തിൽ വിവരിക്കുന്ന തരത്തിലുള്ള 'സ്വാഭാവികമായ' അവസ്ഥയിൽ മനസ്സിനെ നിലനിർത്തേണ്ടത് ആവശ്യമാണെന്നു മനസ്സിലാക്കണം.. ഇങ്ങനെയുള്ള സ്വാഭാവികമായ അവസ്ഥയും, നിങ്ങളുടെ മനസ്സിന്റെ പലപ്പോഴുള്ള അവസ്ഥയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ, എന്തുകൊണ്ട് പരിശുദ്ധാത്മാവ് നമുക്കു വളരെക്കുറച്ചു മാത്രം വെളിപ്പെടുത്തുന്നത് എന്നു മനസ്സിലാക്കും; മാത്രമല്ല, എന്തുകൊണ്ടാണ് നാം ജ്ഞാനവും വെളിപാടും വളരെക്കുറച്ചു മാത്രം നേടുന്നത് എന്നും മനസ്സിലാകും.

വിശ്വാസിയുടെ മനസ്സിന് ജ്ഞാനം നൽകാനാണ് പരിശുദ്ധാത്മാവ് എല്ലായ്പ്പോഴും ശ്രമിക്കുന്നതെന്ന് ഓർമ്മിക്കുക. പരിശുദ്ധാത്മാവ് ദൈവത്തിൽനിന്നും വ്യക്തിയുടെ ആത്മാവിലേയ്ക്ക് അറിവു പകരുന്നു; അയാളുടെ ആത്മാവും മനസ്സും പരസ്പരം സഹായിക്കുന്നവയാണെങ്കിൽ അയാൾക്ക് ദൈവികജ്ഞാനത്തിലും വെളിപാടിലും സഞ്ചരിക്കാനാകും. എന്നാൽ അയാളുടെ മനസ്സ് വളരെ തിരക്കിലാണെങ്കിൽ, ആത്മാവിലൂടെ ദൈവം എന്തു വെളിപ്പെടുത്താൻ ശ്രമിക്കുന്നവോ അതു നേടാനതിനു കഴിയില്ല.

## വളരെ ചെറിയ ശബ്ദം

**നീ പുറത്തു വന്നു പർവ്വതത്തിൽ യഹോവയുടഡെ മുമ്പാകെ നില്ക്ക എന്നു അവൻ കല്പിച്ചു. അപ്പോൾ ഇതാ യഹോവ കടന്നു പോകുന്നു; ശക്തിയുള്ള ഒരു**

**കൊടുങ്കാറ്റു യഹോവയുടെ മുൻപിൽ പർവ്വതങ്ങളെ കീകറി പാറകളെ തകർത്തു; എന്നാൽ കാറ്റിൽ യഹോവ ഇല്ലായിരുന്നു; കാറ്റിനുശേഷം ഒരു ഭൂകമ്പം ഉണ്ടായി; ഭൂകമ്പത്തിലും യഹോവ ഇല്ലായിരുന്നു. ഭൂകമ്പത്തിനുശേഷം ഒരു തീ; തീയിലും യഹോവ ഇല്ലായിരുന്നു. തീയുടെ ശേഷം സാവധാനത്തിൽ ഒരു മൃദുസ്വരം ഉണ്ടായി.**

**1 രാജാ. 19: 11, 12**

വർഷങ്ങളോളം ഞാൻ വെളിപാടു ലഭിക്കുന്നതിനു വേണ്ടി പ്രാർത്ഥിക്കുകയായിരുന്നു, എന്റെയുള്ളിൽ വസിക്കുന്ന ദൈവത്തിന്റെ ആത്മാവിലൂടെ എനിക്കു വെളിപാടു നൽകേണമെയെന്നു ഞാൻ ദൈവത്തോടപേക്ഷിച്ചു കൊണ്ടിരിക്കുകയായിരുന്നു. വേദപുസ്തകത്തിലേതുമാതിരിയാണ് എന്റെ അപേക്ഷ എന്നെനിക്കറിയാമായിരുന്നു. എങ്കിലും വചനത്തിൽ വിശ്വസിച്ചു കൊണ്ട് ഞാനപേക്ഷിച്ചു. എന്റെ അപേക്ഷയ്ക്ക് മറുപടി ലഭിക്കുമെന്നും ഞാൻ വിശ്വസിച്ചു. എന്നാൽ ഞാനൊരു 'ആത്മീയ വിഡ്ഢി'യാണെന്നാണ് എനിക്കു പലപ്പോഴും തോന്നിയിരുന്നത്. പരിശുദ്ധാത്മാവ് എനിക്കു നൽകാനുദ്ദേശിച്ച വെളിപാടിന്റെ അധികഭാഗവും എനിക്കു കിട്ടുന്നില്ലെന്ന് ഞാൻ കണ്ടെത്തിയ തപ്പോഴാണ്; കാരണം എന്റെ മനസ്സ് തീരെ മെരുക്കമില്ലാതെ, തിരക്കിട്ടു പായുകയായിരുന്നതിനാൽ അതിനു വാഗ്ദാനം ചെയ്യപ്പെട്ട വിജ്ഞാനമതിനു നേടാനായില്ല.

ഒരു മുറിയ്ക്കുള്ളിലിക്കുന്ന രണ്ടുപേരെക്കുറിച്ച് സങ്കല്പിക്കുക. അവരിലൊരാൾ മറ്റേയാളോട് ഒരു രഹസ്യം പറയാൻ ശ്രമിക്കുകയാണ്. എന്നാൽ മുറിയ്ക്കുള്ളിലാകെ ശബ്ദകോലാഹലമാണെങ്കിൽ, അയാളാ രഹസ്യം പറഞ്ഞാൽകൂടി മറ്റേയാൾക്കത് കേൾക്കാൻ കഴിഞ്ഞെന്നു വരില്ല. വളരെ ശ്രദ്ധയോടെയിരുന്നില്ലെങ്കിൽ തന്നോട് അപരൻ സംസാരിക്കുകയാണ് എന്നുപോലും അയാൾക്കു മനസ്സിലാവില്ല.

ദൈവത്തിന്റെ ആത്മാവും നമ്മുടെയാത്മാവും തമ്മിലുള്ള സംവാദത്തിന്റെ കാര്യമിങ്ങനെ തന്നെയാണ്. പരിശുദ്ധാത്മാവിന്റെ വഴികൾ വളരെ സൗമ്യമാണ്. അധികസമയവും അവൻ നമ്മോടു സംസാരിക്കുന്നതം, മേൽപ്പറഞ്ഞരീതിയിൽ.

## ആത്മാവും മനസ്സും

**ആകയാൽ എന്തു? ഞാൻ ആത്മാവുകൊണ്ടു പോർത്ഥിക്കും. ബുദ്ധികൊണ്ടും പ്രാർത്ഥിക്കും; ആത്മാവുകൊണ്ടും പാടും. ബുദ്ധികൊണ്ടും പാടും.**

**1 കോറി. 14: 15**

'മനസ്സ് ആത്മാവിനെ സഹായിക്കുക'യെന്ന തത്വം മനസ്സിലാക്കാനുള്ള എളുപ്പവഴി പ്രാർത്ഥനയെക്കുറിച്ചു ചിന്തിയ്ക്കുകയാണ്. മേലുദ്ധരിച്ച ഭാഗത്ത് വിശുദ്ധ പൗലോസ് പറയുന്നത്, അദ്ദേഹം ആത്മാവിലും മനസ്സിലും പ്രാർത്ഥിച്ചുവെന്നാണ്.

ഞാനും ഇതേ കാര്യമാണു ചെയ്യാറുള്ളത് എന്നതിനാൽ പൗലോസ് അപ്പോസ്തലൻ പറയുന്നത് എനിക്കു മനസ്സിലാകുന്നുണ്ട്. മിക്കപ്പോഴും ഞാൻ ആത്മാവിൽ (അപരിചിതമായ ഭാഷയിൽ) പ്രാർത്ഥിക്കാറുണ്ട്; കുറച്ചു സമയം അങ്ങനെ പ്രാർത്ഥിച്ചുകഴിയുമ്പോൾ എന്തെങ്കിലും കാര്യങ്ങൾ ഇംഗ്ലീഷിൽ (എന്റെ മാതൃഭാഷയിൽ) പ്രാർത്ഥിക്കണമെന്നെനിക്കു തോന്നും. മനസ്സ് ആത്മാവിനെ സഹായിക്കുന്നതിങ്ങനെയാണെന്നു ഞാൻ വിശ്വസിക്കുന്നു. ദൈവത്തിന്റെ അറിവും ജ്ഞാനവും, എനിക്കു മനസ്സിലാക്കാനാവുന്ന വിധത്തിൽ ലഭിക്കുന്നതിനുവേണ്ടി അവ രണ്ടും ഒരുമിച്ചു പ്രവർത്തിക്കുകയാണെന്നു ഞാൻ കരുതുന്നു.

ഇതു നേരെ മറിച്ചും പ്രവർത്തിക്കാറുണ്ട്. എനിക്കു പ്രാർത്ഥിക്കണമെന്നു തോന്നുന്ന ചില അവസരങ്ങളിൽ പ്രാർത്ഥനയ്ക്കായി ഞാൻ ദൈവത്തിനു മുൻപിൽ സന്നിഹിതയാകുന്നു. എന്റെയാത്മാവിനുള്ളിൽ പ്രത്യേകിച്ചൊരു ചലനവുമനുഭവപ്പെടുന്നില്ലെങ്കിൽ ഞാൻ മനസ്സിൽനിന്നും പ്രാർത്ഥിക്കാനാരംഭിക്കുന്നു. എനിക്കറിയാവുന്ന വിഷയങ്ങളെക്കുറിച്ച്, അല്ലെങ്കിൽ സാഹചര്യങ്ങളെക്കുറിച്ചായിരിക്കും ഞാനപ്പോൾ പ്രാർത്ഥിക്കുന്നത്. ചില സമയത്ത് ഇത്തരം പ്രാർത്ഥനകൾ വളരെ ഫലശൂന്യമായി, നിർജ്ജീവമായി തോന്നാറുണ്ട് - കാരണം, ആത്മാവിൽനിന്നും സഹായം ലഭിക്കുന്നുണ്ടാവില്ല ആ സമയത്ത്. ഞാൻ പാടുപെടാറുണ്ട്, അപ്പോൾ ഞാൻ എനിക്കറിയാവുന്ന മറ്റേതെങ്കിലും വിഷയത്തിലേയ്ക്കു തിരിയും.

ഏതെങ്കിലുമൊരു വിഷയത്തിൽ, എന്റെയുളളിലെ പരിശുദ്ധാത്മാവ് എന്നെ ഏറ്റെടുക്കുന്നതുവരെ ഞാൻ ഇതേ രീതിയിൽത്തന്നെ പ്രാർത്ഥന തുടരും. ഒടുവിൽ, പരിശുദ്ധാത്മാവ് എന്നെ സ്പർശിക്കുമ്പോൾ, ഞാൻ വെറുതെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളല്ലാതെ, ഞാൻ പ്രാർത്ഥിക്കണമെന്ന് അവനാഗ്രഹിക്കുന്ന എന്തോ ഒന്നുണ്ടെന്ന് എനിക്കു മനസ്സിലാവുന്നു. അങ്ങനെ, ദൈവഹിതം നിറവേറ്റുന്നതിനായി എന്റെ മനസ്സും എന്റെ ആത്മാവും ഒന്നിച്ച്, പരസ്പരം സഹായിച്ചുകൊണ്ട് ജോലി ചെയ്യുന്നു.

## ഭാഷകളും വ്യാഖ്യാനവും

**അതുകൊണ്ടു അന്യഭാഷയിൽ സംസാരിക്കുന്നവൻ വ്യാഖ്യാനവരത്തിനായി പ്രാർത്ഥിക്കട്ടെ. ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവു പ്രാർത്ഥിക്കുന്നു എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു.**

**1 കൊരി 14: 13, 14**

ആത്മാവും മനസ്സും ഒരുമിച്ചു പ്രവർത്തിക്കുന്നതിന്റെ മറ്റൊരുദാഹരണം, ഭാഷാവരവും അവയുടെ വ്യാഖ്യാനവുമാണ്.

ഞാൻ അന്യഭാഷകളിൽ സംസാരിക്കുമ്പോൾ, എനിക്ക് അല്ലെങ്കിൽ മറ്റാർക്കെങ്കിലും, ഞാൻ പറയുന്നതു മനസ്സിലാക്കാനുള്ള കഴിവ് ദൈവം നൽകുന്നില്ലെങ്കിൽ എന്റെ മനസ്സ് നിഷ്ഫലമായിരിക്കും.

ദൈവത്തിന്റെ വരമെന്നാൽ, ഭാഷകളും അവയുടെ പരിഭാഷയുമല്ലെന്ന് പ്രത്യേകമോർമ്മിക്കുക. എന്തെന്നാൽ പരിഭാഷയെന്നത്, പദാനുപദമായ ഭാഷാന്തരീകരണമാണ് മറിച്ച് വ്യാഖ്യാനമാകട്ടെ, മറ്റൊരാൾ പറഞ്ഞതിനെ, വ്യാഖ്യാനിക്കുന്നയാളിന്റെ ശൈലിയിൽ, അയാളുടെ വ്യക്തിത്വത്തിനനുസരിച്ച്, അയാൾ മനസ്സിലാക്കിയതെങ്ങനെയോ, അങ്ങനെ അവതരിപ്പിക്കലാണ്.

ഞാനൊരുദാഹരണം പറയാം. പള്ളിയിൽവെച്ച് സിസ്റ്റർ സ്മിത്ത് എഴുന്നേറ്റുനിന്ന് അപരിചിതഭാഷയിൽ ഒരു സന്ദേശം നൽകുന്നുവെന്നിരിക്കട്ടെ. അതവരുടെ ആത്മാവിൽ നിന്നും വരുന്നതാണ്, അവർക്കോ മറ്റാർക്കെങ്കിലുമോ അതിന്റെ അർത്ഥമറിയില്ല. ആ സന്ദേശമെന്താണെന്ന്, ഒരു പക്ഷേ ദൈവമെനിക്കു മനസ്സിലാക്കിത്തന്നേക്കാം. സിസ്റ്റർ സ്മിത്ത്, പറഞ്ഞകാര്യം വ്യാഖ്യാനിക്കാൻ ഞാൻ വിശ്വാസത്തോട് ഇറങ്ങിത്തിരിക്കുമ്പോൾ, ആ സന്ദേശം ഞാൻ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിൽ വിജയിക്കുന്നു. എന്നാൽ എന്റേതു മാത്രമായ രീതിയിലാണ് ഈ വ്യാഖ്യാനശക്തി എന്നിലൂടെ പുറത്തുവരുന്നത്.

'മനസ്സ് ആത്മാവിനെ സഹായിക്കുന്ന തത്വം' മനസ്സിലാക്കാൻ സഹായകരമാണ്, ആത്മാവിലുള്ള പ്രാർത്ഥനയും (അപരിചിതഭാഷയിൽ), (ആ ഭാഷയുടെ) വ്യാഖ്യാനവും. ആത്മാവ് എന്തോ പറയുന്നു, മനസ്സിന് അതു വേർതിരിച്ചറിയാനുള്ള ധാരണ ലഭിക്കുന്നു.

സിസ്റ്റർ സ്മിത്ത് അപരിചിതമായ ഭാഷയിൽ പറഞ്ഞകാര്യം വ്യാഖ്യാനിക്കുന്നതിനായി ദൈവം ഒരാളെ അന്വേഷിക്കുകയാണ്; അവൻ എനിക്കതു പറഞ്ഞു തരാനായി ശ്രമിക്കുകയാണെങ്കിലും, എന്റെ മനസ്സ് അനുസരണയില്ലാതെ, തിരക്കു പിടിച്ച് അലഞ്ഞു നടക്കുകയാണെങ്കിൽ എനിക്കതു കേൾക്കാൻ സാധിക്കില്ല.

ഞാൻ കർത്താവിലുള്ള ജീവിതമാരംഭിക്കുകയും ആത്മീയവരങ്ങലെക്കുറിച്ച് പഠിച്ചു തുടങ്ങുകയും ചെയ്ത കാലത്ത് മിക്കപ്പോഴും അന്യഭാഷകളിലായിരുന്നു ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നത്. എന്നാൽ കുറച്ചുകാലം കഴിഞ്ഞപ്പോൾ എനിക്കു മടുപ്പനുഭവപ്പെട്ടു തുടങ്ങി. എന്റെ പ്രാർത്ഥനാജീവിതമെനിക്കു വിരസമായിത്തോന്നി. ഇതേക്കുറിച്ചു ഞാൻ ദൈവത്തോടു സംസാരിച്ചപ്പോൾ, ഞാൻ പ്രാർത്ഥിക്കുന്നതെന്താണെന്ന് മനസ്സിലാക്കാൻ കഴിയാത്തതിനാലാണ് എനിക്ക് മടുപ്പുളവായതെന്ന് അവൻ പറഞ്ഞു തന്നത്. ആത്മാവിൽ പ്രാർത്ഥിക്കുന്ന അവസരത്തിൽ ഞാൻ പ്രാർത്ഥിക്കുന്നതെല്ലാം എനിക്കു മനസ്സിലാക്കിക്കൊള്ളണമെന്നില്ല എന്നെനിക്കറിയാം; എങ്കിലും ഇത്തരത്തിലുള്ള പ്രാർത്ഥന സമതുലിതാവസ്ഥയിലുള്ളതല്ല; മാത്രമല്ല, അതിന്റെ ആശയം മനസ്സിലാക്കാനെനനിക്കു കഴിയുന്നില്ലെങ്കിൽ ഇത്തരത്തിൽപ്പെട്ട പ്രാർത്ഥന ഫലപ്രദവുമല്ല.

# ശാന്തവും ജാഗ്രതയുള്ളതുമായ മനസ്സ്

**അങ്ങയിൽ മനസ്സുറപ്പിച്ചിരിക്കുന്ന ഒരുവനെ (വാസനയും സ്വഭാവവും ഉറപ്പിച്ചിരിക്കുന്ന) അങ്ങ് സംരക്ഷിക്കുകയും പൂർണ്ണവും സുസ്ഥിരവുമായ സമാധാനത്തിൽ നിലനിർത്തുകയും ചെയ്യും. എന്തെന്നാൽ അയാൾ അങ്ങയെ ആശ്രയിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു.**

**ഏശയ്യാ 26: 3**

നിങ്ങളുടെ മനസ്സും ആത്മാവും തീർച്ചയായും ഒരുമിച്ചാണു പ്രവർത്തിക്കുന്നതെന്ന് മേൽപ്പറഞ്ഞ ഉദാഹരണങ്ങളിൽനിന്നും നിങ്ങൾക്കു മനസ്സിലായിക്കാണുമല്ലോ. അതിനാൽ *നിങ്ങളുടെ മനസ്സിനെ സ്വാഭാവികാവസ്ഥയിൽ നിലനിർത്തുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.*

ചെകുത്താന് ഇക്കാര്യമറിയാവുന്നതിനാൽ അവൻ നിങ്ങളുടെ മനസ്സിനെ ആക്രമിക്കുന്നു; നിങ്ങളുടെ മനസ്സിന്റെ യുദ്ധക്കളത്തിൽവെച്ച് അവൻ അക്രമണമഴിച്ചുവിടുന്നു. വിവിധ തരത്തിലുള്ള ദുഷിച്ച ചിന്തകളാൽ നിങ്ങളുടെ മനസ്സിനുമേൽ അമിതഭാരമേറ്റുകയും, അതിനെ അമിതമായി ജോലി ചെയ്യിപ്പിക്കുകയുമാണ് അവന്റെ മാർഗ്ഗം; തന്മൂലം, നിങ്ങളുടെ ആത്മാവിലൂടെ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ വാക്കുകൾ ശ്രദ്ധിക്കാനോ അനുസരിക്കാനോ നിങ്ങളുടെ മനസ്സിനു കഴിയാതെ വരുന്നു.

മനസ്സ് ശാന്തവും സമാധാനപൂർണ്ണവുമായി നിലനിർത്തുക. ഏശയ്യാ പ്രവാചകൻ പറയുന്നതുപോലെ, എപ്പോഴാണോ മനസ്സ് ശരിയായ വിഷയങ്ങളിൽ അധിവസിക്കുന്നത്, അപ്പോഴാണതിനു വിശ്രമിക്കാൻ കഴിയുന്നത്.

അതേ സമയം, മനസ്സ് ജാഗരൂകവുമായിരിക്കണം ഒരിക്കലും അതു വഹിക്കാൻ ഉദ്ദേശിച്ചിട്ടില്ലാത്ത കാര്യങ്ങളുടെ ഭാരം ചുമക്കേണ്ടി വരുമ്പോൾ അതിനു ജാഗരൂകമായിരിക്കാൻ കഴിയില്ലെന്നതാണു സത്യം.

ആലോചിച്ചു നോക്കുക: നിങ്ങളുടെ മനസ്സ് എത്രനേരം സ്വാഭാവികമായിരിക്കുന്നു?

# 9

# അലഞ്ഞു തിരിയുന്ന, അന്ധതപ്പെടുത്തുന്ന മനസ്സ്

**ആകയാൽ നിങ്ങളുടെ മനസ്സു ഉറപ്പിച്ചു നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യ തയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചുകൊൾവിൻ.**

**1 പത്രോസ് 1: 13 KJV**

വളരെയേറെ തിരക്കുപിടിച്ച മനസ്സ് അസ്വാഭിവകമാണെന്ന് നാം കഴിഞ്ഞ അധ്യാത്തിൽ പ്രസ്താവിച്ചു കഴിഞ്ഞു. മനസ്സിനെ അസ്വാഭാവികമാക്കുന്ന മറ്റൊ രവസ്ഥ, എല്ലായിടത്തും അലഞ്ഞുതിരിയുകയെന്നതാണ്. ഏകാഗ്രത ശീലിക്കാ നുള്ള കഴിവില്ലായ്മ സൂചിപ്പിക്കുന്നത്, പിശാച് മനസ്സിന്റെമേൽ നടത്തുന്ന ആക്രമണത്തെയാണ്.

ധാരാളമാളുകൾ വർഷങ്ങളോളം അലഞ്ഞു തിരിയാൻ തങ്ങളുടെ മനസ്സു കളെ അനുവദിക്കാറുണ്ട്. ഇതിനു കാരണം, ഒരിക്കൽപ്പോലും തങ്ങളുടെ ചിന്താ പരമായ ജീവിതത്തിൽ അവർ അച്ചടക്കത്തിന്റെ പ്രമാണങ്ങൾ പാലിക്കാൻ ശ്രമിച്ചിട്ടില്ലെന്നതാണ്.

മിക്കപ്പോഴും, ഏകാഗ്രത ശീലിക്കാൻ കഴിയാത്ത ആളുകൾ ചിന്തിക്കുന്നത് തങ്ങൾക്ക് മാനസികമായ എന്തോ ചില ന്യൂനതകളുണ്ടെന്നാണ്. എന്നാൽ, ഏകാഗ്രമായിരിക്കാൻ മനസ്സിനു കഴിയുന്നില്ലെങ്കിൽ, അതിന്റെ യഥാർത്ഥ കാരണം, വർഷങ്ങളോളം മനസ്സിനിഷ്ടമുള്ള പ്രവൃത്തികൾ, ഇഷ്ടമുള്ളപ്പോ ഴൊക്കെ ചെയ്യാൻ അതിനു അവസരം കിട്ടിയിരുന്നു എന്നതു തന്നെയാണ്. വിറ്റാമിനുകളുടെ കുറവുമൂലവും ഏകാഗ്രത നഷ്ടമായേക്കാം. ചിലയിനം വിറ്റാമിൻ ബി വിഭാഗത്തിൽപ്പെട്ട പോഷകങ്ങൾക്ക് ഏകാഗ്രത വർദ്ധിപ്പിക്കാ നുള്ള കഴിവുണ്ട്. അതിനാൽ ഏകാഗ്രമായിരിക്കാൻ നിങ്ങളുടെ മനസ്സിനു കഴി യാതെ വരുമ്പോൾ, നിങ്ങളുടെ ഭക്ഷണശീലങ്ങൾ ശരിയായ വിധത്തിലുള്ള താണോ എന്നും വേണ്ടത്ര പോഷകാഹാരം നിങ്ങൾ കഴിക്കുന്നുണ്ടോ എന്നും പരിശോധിച്ച് ഉറപ്പുവരുത്തുക.

അമിതമായ തളർച്ചയും ഏകാഗ്രതയ്ക്ക് ഭംഗം വരുത്താറുണ്ട്. ഞാൻ പല പ്പോഴും വല്ലാതെ ക്ഷീണിച്ചിരിക്കുന്ന അവസരങ്ങളിൽ ചെകുത്താനെന്റെ മന സ്സിനെ ആക്രമിക്കാൻ ശ്രമിക്കുന്നതായി എനിക്കഭനുഭവപ്പെടാറുണ്ട്; അത്തരം അവസരങ്ങളിൽ അവന്റെ ആക്രമണത്തെ ചെറുത്തു നിൽക്കുകയെന്നത് എനിക്കു കൂടുതൽ വിഷമകരമായിരിയ്ക്കുമെന്നവനറിയാം. ഞാനും നിങ്ങളു മൊക്കെ മാനസികമായ ന്യൂനതയുള്ളവരാണെന്ന് നാം ചിന്തിക്കണമെന്നാണ് ചെകുത്താനാഗ്രഹിക്കുന്നത്; അങ്ങനെയാണെങ്കിൽ അവനെ തടയാൻ നാം യാതൊരു പരിശ്രമവും നടത്തുകയില്ലല്ലോ. അവൻ നമ്മോടു പറയുന്ന നുണ കളത്രയും തികഞ്ഞ നിസ്സംഗതയോടെ നാം സ്വീകരിച്ചുകൊള്ളണമെന്നാണ വന്റെയാഗ്രഹം.

ഞങ്ങളുടെ പെൺമക്കളിലൊരാൾക്ക്, അവളുടെ കുട്ടിക്കാലത്ത് ഏകാഗ്രത ശീലിക്കുന്ന കാര്യത്തിൽ ബുദ്ധിമുട്ടനുഭവപ്പെട്ടിരുന്നു. ഏകാഗ്രതയും മനസ്സിലാക്കലും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനാൽ അവൾക്ക് വായനയും എളുപ്പമായിരുന്നില്ല. ധാരാളം കുട്ടികളും ചില മുതിർന്നവരും പലപ്പോഴും തങ്ങൾ വായിക്കുന്ന സംഗതികൾ മനസ്സിലാക്കുന്നില്ല. മുൻപിൽ തുറന്നു വെച്ചിട്ടുള്ള പുസ്തകത്താളിലൂടെ അവരുടെ കണ്ണുകൾ സഞ്ചരിക്കുമ്പോഴും, തങ്ങൾ വായിക്കുന്നതെന്താണെന്ന് അവരുടെ മനസ്സ് ഉൾക്കൊള്ളുന്നില്ല.

മിക്കപ്പോഴും മനസ്സിലാക്കാൻ കഴിയാതെ വരുന്നത്, ഏകാഗ്രതയുടെ അഭാവത്തിലാണ്. പലപ്പോഴും ബൈബിളിലെ, അല്ലെങ്കിൽ മറ്റേതെങ്കിലുമൊരു പുസ്തകത്തിലെ ഒരധ്യായം വായിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ, ഞാൻ വായിച്ചതൊന്നും എനിക്കറിയില്ലല്ലോ എന്ന ചിന്ത പെട്ടെന്ന് എന്റെയുള്ളിലുളവാക്കാറുണ്ട്, ആ തിരിച്ചറിവോടെ വീണ്ടും ആദ്യം മുതൽ വായിക്കുമ്പോൾ, ആദ്യമായിട്ടാണു ഞാനതു വായിക്കുന്നതെന്താണെന്നെനിക്കനുഭവപ്പെടുന്നത്. എന്തെന്നാൽ എന്റെ കണ്ണുകൾ പുസ്തകത്താളുകളിലൂടെ സഞ്ചരിച്ചുകൊണ്ടിരിയ്ക്കുമ്പോഴും എന്റെ മനസ്സ് മറ്റെവിടെയോ അലഞ്ഞു തിരിയുകയായിരുന്നു. ഞാൻ ചെയ്തുകൊണ്ടിരുന്ന പ്രവൃത്തിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ എനിക്കു കഴിയാതിരുന്നതിനാൽ, വായിച്ചതൊന്നും എനിക്കു മനസ്സിലാക്കാനായില്ല.

മിക്കപ്പോഴും, മനസ്സിലാക്കാനുള്ള കഴിവില്ലായ്മയുടെ യഥാർത്ഥ കാരണം ശ്രദ്ധയില്ലായ്മയാണ്. അതാകട്ടെ, മനസ്സ് അലഞ്ഞുതിരിയുന്നതിന്റെ പരിണത ഫലവും.

## അലഞ്ഞുതിരിയുന്ന മനസ്സ്

**ദൈവാലയത്തിലേക്കു പോകുമ്പോൾ കാൽ സൂക്ഷിക്ക; മൂഢന്മാർ യാഗം അർപ്പിക്കുന്നതിനെക്കാൾ അടുത്തുചെന്നു കേൾക്കുന്നതു നല്ലതു; പരിജ്ഞാനമില്ലായ്കയാലല്ലോ അവർ ദോഷം ചെയ്യുന്നതു.**

**സഭാ.പ്രസം 5:1**

'നിന്റെ പാദമുറപ്പിക്കുക' എന്നതിനർത്ഥം സമനിലതെറ്റാതെയും വഴിപിഴയ്ക്കാതെയും സൂക്ഷിക്കുക എന്നാണെന്ന് ഞാൻ വിശ്വസിക്കുന്നു. താൻ ചെയ്യുന്ന പ്രവൃത്തിയിൽ മനസ്സുറപ്പിക്കുന്നതിലൂടെ ഒരാൾക്ക് തന്റെ വഴി തെറ്റാതെ സഞ്ചരിക്കാനാവുന്നു എന്നതാണ് ഈ വാക്യത്തിന്റെ പൊരുൾ.

എന്റേത് അലഞ്ഞു തിരിയുന്ന മനസ്സായിരുന്നു. പിന്നീടു ഞാനതിനെ അച്ചടക്കം ശീലിപ്പിച്ചു. എന്നാൽ ഒട്ടും എളുപ്പമായിരുന്നില്ല ആ ജോലി; പലപ്പോഴും പഴയ അവസ്ഥയിലേക്ക് എന്റെ മനസ്സ് തിരിച്ചു പോവുകയും ചെയ്തിരുന്നു. ചിലപ്പോൾ ഏതെങ്കിലുമൊരു ജോലി പൂർത്തിയാക്കുന്നതിനായി തിരക്കിട്ടു പണിയെടുത്തുകൊണ്ടിരിക്കുമ്പോൾ, അതുമായി യാതൊരു ബന്ധവുമില്ലാത്ത മറ്റേതെങ്കിലും വിഷയത്തിലേയ്ക്ക് എന്റെ മനസ്സ് വഴിതെറ്റി സഞ്ചരിക്കും. ഇപ്പോഴും പൂർണ്ണമായ ഏകാഗ്രത നേടാനെനനിക്കു കഴിഞ്ഞിട്ടില്ല; എന്നാൽ മനസ്സ് ആഗ്രഹിക്കുമ്പോഴൊക്കെ അതിനിഷ്ടമുള്ള സ്ഥലത്തേയ്ക്ക്

അതിനെ അലഞ്ഞുതിരിയാനനുവദിക്കാൻ പാടില്ല എന്നത് എത്രമാത്രം പ്രധാന പ്പെട്ട കാര്യമാണെന്ന് ഇപ്പോഴെനിക്കറിയാം.

വെബ്സ്റ്റേർസ് നിഘണ്ടുവിൽ 'വാണ്ടർ' - അലഞ്ഞു തിരിയുക - എന്ന പദത്തിന്റെ ആശയം ഇങ്ങനെയാണു കൊടുത്തിരിക്കുന്നത്. "(1) ലക്ഷ്യമില്ലാതെ ചുറ്റിത്തിരിയുക (2) വളഞ്ഞ വഴിയിലൂടെ അല്ലെങ്കിൽ കൃത്യമായ വേഗതയില ല്ലാതെ സഞ്ചരിക്കുക (3) ക്രമം തെറ്റിയ സഞ്ചാരം അഥവാ പ്രവൃത്തിയി ലേർപ്പെടുക (4) അവ്യക്തമായോ പരസ്പരബന്ധമില്ലാതെയോ ചിന്തിക്കുകയോ ആശയപ്രകാശനം നടത്തുകയോ ചെയ്യുക."

എന്നെപ്പോലെയാണു നിങ്ങളുമെങ്കിൽ ഏതെങ്കിലുമൊരു ദിവസം പള്ളിയിൽ പ്രഭാഷണം ശ്രവിച്ചുകൊണ്ട്, പറയുന്ന കാര്യങ്ങൾ ആസ്വദിക്കു കയും അതിൽനിന്നും കാര്യമായ പ്രയോജനം നേടുകയും ചെയ്തു കൊണ്ടി രിയ്ക്കുന്നതിനിടയിൽ പൊടുന്നനവേ നിങ്ങളുടെ മനസ്സ് അലഞ്ഞു തിരിയാൻ തുടങ്ങിയെന്നു വരാം. കുറച്ചു സമയത്തിനുശേഷം 'ഞെട്ടിയുണരുമ്പോൾ' ചുറ്റും നടക്കുന്നതൊന്നും നിങ്ങളറിയുന്നില്ല എന്ന തിരിച്ചറിവു നിങ്ങൾക്കുണ്ടാ ക്കുന്നു. ശാരീരികമായി ആരാധനാലയത്തിനുള്ളിലായിരിക്കുമ്പോഴും, നിങ്ങ ളുടെ മനസ്സ് ഷോപ്പിംഗ് സെന്ററിൽ അടുക്കിവെച്ചിരിക്കുന്ന സാധനങ്ങളെ ചുറ്റിപ്പറ്റി നിൽക്കുകയോ, വീട്ടിലെ അടുക്കളയിൽ അത്താഴം തയ്യാറാക്കുന്നതി നെപ്പറ്റി ആലോചിക്കുകയോ ആയിരിക്കാം.

ഒരു കാര്യമോർമ്മിച്ചുകൊള്ളുക, ആത്മീയ പോരാട്ടത്തിലെ യുദ്ധക്കളമാണു മനസ്സ്. ഇവിടെ വെച്ചാണ് ശത്രു ആക്രമണമാരംഭിക്കുന്നത്. ഒരുവൻ ആരാധ നയിൽ പങ്കെടുക്കുന്നുണ്ടെങ്കിലും, അവിടെ പറയുന്നതും പഠിപ്പിക്കുന്നതുമായ കാര്യങ്ങളൊന്നും ശ്രദ്ധിക്കാൻ അയാൾക്കു കഴിയുന്നില്ലെങ്കിൽ, ദേവാലയത്തി നുള്ളിലിരിയ്ക്കുന്നു എന്നതു കൊണ്ടു മാത്രം അയാൾക്കു യാതൊരു പ്രയോ ജനവുമുണ്ടാവുകയില്ലെന്ന് ശത്രുവിനറിയാം. തന്റെ മനസ്സിനെ അച്ചടക്കം ശീലി പ്പിക്കാൻ കഴിയാത്ത ഒരാൾക്ക് എന്തെങ്കിലുമൊരു ജോലി പൂർത്തിയാക്കുന്ന തിനാവശ്യമായ അച്ചടക്കം പുലർത്താനാവില്ലെന്ന് നമ്മുടെ ശത്രുവായ ചെകു ത്താനു നന്നായറിയാം.

സംഭാഷണത്തിലേർപ്പെട്ടിരിക്കുമ്പോഴും പലപ്പോഴും മനസ്സ് അലഞ്ഞുതിരി യാറുണ്ട്. ചില സമയത്ത് എന്റെ ഭർത്താവ്, ഡേവ് എന്നോടു സംസാരി ച്ചുകൊണ്ടിരിക്കുമ്പോൾ കുറച്ചുനേരം ഞാനതു ശ്രദ്ധിച്ചു കേട്ടിരിക്കും. പെട്ടെ ന്ന്, അദ്ദേഹം പറയുന്നതൊന്നും ഞാൻ കേൾക്കുകയായിരുന്നില്ലല്ലോ എന്ന തിരിച്ചറിവ് എനിക്കുണ്ടാകും. എന്തുകൊണ്ടാണിതിങ്ങനെ? മറ്റെവിടെയൊ ക്കെയോ അലഞ്ഞുതിരിയാൻ ഞാനെന്റെ മനസ്സിനെ അനുവദിക്കുകയാ യിരുന്നു എന്നു തന്നെ കാരണം. എന്റെ ശരീരം അദ്ദേഹത്തിന്റെ സമീപത്താ യിരിക്കുമ്പോഴും, എന്റെ മനസ്സ് അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കുകയായി രുന്നില്ല.

വർഷങ്ങളോളം ഇതേ രീതി തുടർന്നുകൊണ്ടിരുന്നു. ഡേവ് എന്താണു പറഞ്ഞുകൊണ്ടിരുന്നത് എന്നെനിക്കറിയാം എന്നു സ്വയം വിശ്വസിപ്പിക്കാൻ

പലപ്പോഴും ഞാൻ ശ്രമം നടത്തുമായിരുന്നു. എന്നാൽ ഇപ്പോൾ ഞാനങ്ങനെ യല്ല ചെയ്യുന്നത്. എനിക്കു ശ്രദ്ധിക്കാൻ കഴിയാതെ വരുമ്പോൾ ഞാനദ്ദേഹ ത്തോടു ചോദിക്കും, "അങ്ങിപ്പോൾ പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങൽ ഒന്നു കൂടി ആവർത്തിക്കാമോ? എന്റെ മനസ്സിനെ മറ്റെവിടെയോ അലഞ്ഞു തിരിയാൻ വിട്ടിരിയ്ക്കുകയായിരുന്നു ഞാൻ. അങ്ങുപറഞ്ഞതൊന്നും ഞാൻ കേട്ടില്ല."

ചുരുങ്ങിയത്, ഞാനാ പ്രശ്നത്തെ നേരിടുകയാണ് എന്ന് സമാധാനമെങ്കി ലുമിപ്പോഴെനിക്കുണ്ട്. പ്രശ്നങ്ങളെ നേർക്കുനേർ നിന്നു കൈകാര്യം ചെയ്യു ന്നതിലൂടെ മാത്രമേ നമുക്കവയുടെ മേൽ വിജയം വരിക്കാൻ കഴിയൂ.

എന്റെ മനസ്സിനെ അലഞ്ഞു തിരിയാനയ്ക്കുക എന്ന പ്രശ്നത്തിലൂടെയാണ് ചെകുത്താനെന്നെ ആക്രമിക്കുന്നതെങ്കിൽ, തീർച്ചയായും ഞാൻ ശ്രദ്ധിച്ചു കേൾക്കേണ്ടതായ എന്തൊക്കെയോ കാര്യങ്ങൾ പറയപ്പെടുന്നുണ്ടെന്ന് അങ്ങ നെയാണെനിക്കു ബോധ്യമായത്.

ഈ വിഷയത്തിൽ ശത്രുവിനെ തോല്പിക്കാനുള്ള മാർഗ്ഗങ്ങളിലൊന്ന്, മിക്ക പള്ളികളിൽനിന്നും ലഭിക്കാറുള്ള കാസറ്റുകൾ ശ്രദ്ധിക്കുകയെന്നതാണ്. പള്ളി യിലെ പ്രഭാഷണം ശ്രദ്ധിച്ചു കേൾക്കുന്നതിനാവശ്യമായ അച്ചടക്കം നേടാൻ നിങ്ങളുടെ മനസ്സിനു കഴിയുന്നില്ലെങ്കിൽ, ഓരോ താഴ്ചയിലും നടക്കുന്ന പ്രഭാ ഷണങ്ങളുടെ കാസറ്റ് വാങ്ങി വീണ്ടും വീണ്ടും അതു കേൾക്കുക; അതിൽ പറയുന്ന കാര്യങ്ങൾ നിങ്ങളുടെ മനസ്സിൽ പതിയുന്നതുവരെ കേട്ടുകൊണ്ടിരി ക്കണം.

*തോറ്റു കൊടുക്കാൻ നിങ്ങൾ തയ്യാറല്ലെന്നു കാണുമ്പോൾ തന്റെ ശ്രമമു പേക്ഷിച്ച് ചെകുത്താൻ പിന്മാറിക്കൊള്ളും.*

ഓർമ്മിക്കുക, നിങ്ങൾക്ക് മാനസികമായ എന്തോ ചില ന്യൂനതകളുണ്ടെന്ന്, അഥവാ നിങ്ങൾക്കെന്തോ കുഴപ്പമുണ്ടെന്ന് നിങ്ങൾ കരുതണമെന്നാണ് ചെകു ത്താൻ ആഗ്രഹിക്കുന്നത്. എന്നാൽ സത്യമതല്ല. മനസ്സിനെ അച്ചടക്കം ശീലിപ്പി ക്കാൻ ശ്രമിക്കുക മാത്രമാണു നിങ്ങൾ ചെയ്യേണ്ടത്. നിങ്ങളുടെ മനസ്സ് പട്ടണത്തി ലെല്ലായിടത്തും അലഞ്ഞു നടക്കാനും, അതിനിഷ്ടമുള്ളതൊക്കെ ചെയ്യാനും ഒരിക്കലും അനുവദിക്കപ്പെടരുത്. കാൽ നിലത്തുറപ്പിച്ചു ചവിട്ടാൻ, അല്ലെങ്കിൽ നിങ്ങൾ ചെയ്യുന്ന ജോലിയിൽ നിങ്ങളുടെ മനസ്സുറപ്പിക്കാൻ ഇന്നുതന്നെ തീരു മാനിക്കുക. കുറച്ചു നാളത്തേയ്ക്ക് നിങ്ങൾക്കീ കാര്യത്തിൽ പരിശീലനമാവ ശ്യമായി വരും. പഴയ ശീലങ്ങൾ തകർത്തെറിഞ്ഞ്, പുതിയവ ശീലിക്കുന്ന തിന് സമയമാവശ്യമുണ്ട്; എന്നാൽ അതിനുവേണ്ടി ചിലവഴിക്കപ്പെടുന്ന സമയം തീർച്ചയായുമൊരു നഷ്ടമല്ല.

## അത്ഭുതപ്പെടുന്ന മനസ്സ്

**ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നതു സംഭ വിക്കും എന്നു വിശ്വസിച്ചുകൊണ്ടു ഈ മലയോടു നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമാ യിട്ടു നിങ്ങളോടു പറയുന്നു. അതുകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കു**

**ന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ. എന്നാൽ അതു നിങ്ങൾക്കു ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.**

**മർക്കോസ് 11: 23, 24**

കൂടെക്കൂടെ ഏതൊരു വിഷയത്തെക്കുറിച്ചും 'ഞാനാലോചിക്കുകയാണ്', 'ഞാൻ സംശയിക്കുകയാണ്', എന്നൊക്കെ ഞാൻ ഞാൻ പറയാറുണ്ടെന്നെനിക്കു മനസ്സിലായി ഉദാഹരണത്തിന്,

'നാളത്തെ കാലാവസ്ഥ എങ്ങനെയായിരിക്കുമെന്ന് ഞാനാലോചിക്കുകയാണ്.'

'പാർട്ടിയ്ക്കു പോകുമ്പോൾ ഏതു വേഷം ധരിക്കണമെന്നാണു ഞാനാലോചിക്കുന്നത്.'

'ഡാനിക്ക് (എന്റെ മകൻ) അവന്റെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ ഏതു ഗ്രേഡായിരിക്കുമെന്നു ഞാൻ സംശയിക്കുകയാണ്.'

'സെമിനാറിന് എത്ര വരുമെന്നാണെന്റെ സംശയം.'

എന്നൊക്കെ എത്ര പ്രാവശ്യമാണു ഞാൻ പറയാറുള്ളതെന്ന് എനിക്കറിയാം.

'സംശയം, അമ്പരപ്പ് 'എന്നൊക്കെ നാമരൂപത്തിലും 'സംശയിക്കുക, ആകാംക്ഷപ്പെടുക 'എന്നൊക്കെ ക്രിയാരൂപത്തിലും അർത്ഥം നൽകുന്ന 'വണ്ടർ' (wonder) എന്ന പദം കൂടെക്കൂടെ ഞാനുപയോഗിക്കാറുണ്ട്.

ഏതൊരു വിഷയത്തെക്കുറിച്ചും സംശയിക്കുകയും, ആകുലപ്പെടുകയും ചെയ്യുന്നതിനെക്കാൾ എത്രയോ നല്ലതാണ്, ക്രിയാത്മകമായി എന്തെങ്കിലും ചെയ്യുന്നത് എന്നു ഞാൻ മനസ്സിലാക്കി. ഡാനിക്ക് എന്തു ഗ്രേഡായിരിക്കും കിട്ടുന്നത് എന്ന് ആകുലപ്പെടുന്നതിനു പകരം, അവന് മികച്ച ഗ്രേഡ് ലഭിക്കുമെന്ന് ഉറച്ചു വിശ്വസിക്കുകയാണു വേണ്ടതെന്ന് ഇപ്പോഴെനിക്കറിയാം. പാർട്ടിക്കു പോകുമ്പോൾ ഏതു വേഷം ധരിക്കണമെന്നു സംശയിച്ചു വിഷമിക്കുന്നതിനെക്കാൾ നല്ലത്, എന്തു ധരിക്കണമെന്ന് ഞാൻ തീരുമാനിക്കുന്നതാണ്. നാളത്തെ കാലാവസ്ഥയെക്കുറിച്ചും, എന്റെ മീറ്റിംഗിൽ പങ്കെടുക്കാൻ എത്ര പേർ വന്നു ചേരുമെന്നതിനെക്കുറിച്ചും സംശയിക്കുന്നതിനു പകരം, അത്തരം കാര്യങ്ങളെല്ലാം കർത്താവിനു വിട്ടുകൊടുക്കുകയും, എന്തു തന്നെ സംഭവിച്ചാലും അതെല്ലാം നന്മയ്ക്കുവേണ്ടിയായിരിക്കുമെന്നുറപ്പു വരുത്താൻ അവനു കഴിയുമെന്നു വിശ്വസിക്കുകയുമാണ് വേണ്ടത്.

സംശയിക്കുന്ന ഒരുവൻ അനിശ്ചിതാവസ്ഥയിലാണ്, അനിശ്ചിതാവസ്ഥ ചിന്താക്കുഴപ്പത്തിലേയ്ക്ക് നയിക്കുന്നു. സംശയിക്കുകയും അനിശ്ചിതാവസ്ഥയിലും ചിന്താക്കുഴപ്പത്തിലുമകപ്പെടുകയും ചെയ്യുന്ന ഒരാൾക്ക്, വിശ്വാസദാർഢ്യത്താൽ തന്റെ അപേക്ഷയ്ക്കും പ്രാർത്ഥനയ്ക്കും ദൈവത്തിൽനിന്നും മറുപടി നേടാനുള്ള അവസരമാണു നഷ്ടപ്പെടുന്നത്.

'നിങ്ങളെന്തിനുവേണ്ടി പ്രാർത്ഥിക്കുന്നുവോ, അതു നിങ്ങൾക്കു ലഭിക്കുമോയെന്നു സംശയിക്കുക' എന്നല്ല യേശുക്രിസ്തു മർക്കോസിന്റെ സുവിശേഷത്തിൽ (മർക്കോസ് 11: 23, 24) പറഞ്ഞിരിക്കുന്നതെന്ന് ശ്രദ്ധിക്കുക. നേരെ

മറിച്ച്, 'നിങ്ങളെന്തിനുവേണ്ടി പ്രാർത്ഥിക്കുന്നുവോ, അതു നിങ്ങൾക്കു ലഭിക്കുമെന്നു വിശ്വസിക്കുക, തീർച്ചയായും നിങ്ങൾക്കതു ലഭിച്ചിരിക്കും' എന്നാണ് അവൻ പറഞ്ഞിട്ടുള്ളത്.

ക്രിസ്ത്യാനികളെന്ന നിലയിൽ, വിശ്വാസികളെന്ന നിലയിൽ, വിശ്വസിക്കുകയാണ് നമ്മുടെ കർത്തവ്യം, സംശയിക്കുകയല്ല!

# 10

# അസ്വസ്ഥമായ മനസ്സ്

**നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ;**

**അപ്പോൾ അവന്നു ലഭിക്കും. എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കേണം: സംശയിക്കുന്നവൻ കാറ്റടിച്ചു അലയുന്ന കടൽത്തിരക്കു സമൻ.**

**ഇങ്ങനെയുള്ള മനുഷ്യൻ കർത്താവിങ്കൽനിന്നു വല്ലതും ലഭിക്കും എന്നു നിരൂപിക്കരുത്. ഇരുമനസ്സുള്ള മനുഷ്യൻ തന്റെ വഴികളിൽ ഒക്കെയും അസ്ഥിരൻ ആകുന്നു.**

**യാക്കോബ് 1: 5–8**

അദ്ഭുതപ്പെടുക, അസ്വാസ്ഥ്യമനുഭവിക്കുക എന്നിവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് നാം മനസ്സിലാക്കിയിട്ടുണ്ട്. ചിന്തയിൽ സ്ഥിരത പുലർത്തുന്നതിനു പകരം അത്ഭുദപ്പെടുകയോ സംശയിക്കുകയോ ചെയ്യുമ്പോൾ അവിശ്വാസവും അസ്വാസ്ഥ്യവുമുളവാകുന്നു.

സംശയത്തേയും അസ്വാസ്ഥ്യത്തെയും അതിജീവിച്ചുകൊണ്ട് നമുക്കാവശ്യമുള്ളതെന്തും ദൈവത്തിൽനിന്നു സ്വീകരിക്കാൻ നമ്മെ സഹായിക്കുന്ന ശ്രേഷ്ഠമായ വാക്യങ്ങളാണ് മുകളിൽ ഉദ്ധരിച്ചിട്ടുള്ളത്. 'രണ്ടു മനസ്സുകളുള്ള ഒരാൾ' ('*കിംഗ് ജെയിംസ് വെർഷ*നിൽ അത്തരമൊരാളെ 'ഇരട്ട മനസ്സുള്ളയാൾ' എന്നാണു വിശേഷിപ്പിച്ചിരിക്കുന്നത്) ചിന്താക്കുഴപ്പത്തിന്റെ പ്രതീകമാണ് – യാതൊരു കാര്യത്തിലും തീരുമാനമെടുക്കാതെ നിരന്തരമായി മുന്നോട്ടും പിന്നോട്ടും സഞ്ചരിക്കുകയാണ് അയാൾ ചെയ്യുന്നത്. എപ്പോഴെങ്കിലും ഒരു തീരുമാനമെടുത്താലുടനെ അയാളുടെയുള്ളിൽ സംശയവും ചിന്താക്കുഴപ്പവും തലപൊക്കുന്നു; വീണ്ടുമയാൾ 'രണ്ടു മനസ്സുകളുള്ള' അവസ്ഥയിലേക്ക് പിൻവാങ്ങുന്നു. എന്തിനെയും കുറിച്ച് അനിശ്ചിതത്വമാണ് അയാളിലുള്ളത്.

എന്റെ ജീവിതത്തിലെ ഏറിയപങ്കും ഇത്തരത്തിലുള്ള അനിശ്ചിതത്വത്തിലാണ് ഞാൻ കഴിഞ്ഞുകൂടിയത്. ചെകുത്താൻ എന്നോട് യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണെന്നും, എന്റെ മനസ്സാണ് യുദ്ധക്കളമെന്നും മനസ്സിലാക്കാൻ എനിക്കന്നു കഴിഞ്ഞിരുന്നില്ല. എന്തിനേയും കുറിച്ച് അസ്വാസ്ഥ്യമായിരുന്നു എന്റെയുള്ളിൽ, എന്നാലതിന്റെ കാരണമെന്താണെന്നു മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞതുമില്ല.

## കാര്യകാരണ വിശകലനം ചിന്താക്കുഴപ്പത്തിലേക്കു നയിക്കുന്നു.

**അതു അറിഞ്ഞിട്ടു യേശു പറഞ്ഞതു: അല്പവിശ്വാസികളെ, അപ്പം കൊണ്ടുവരായ്കയാൽ തമ്മിൽ തമ്മിൽ പറയുന്നതു എന്തു?**

**മത്തായി 16: 8 KJV**

ഇതുവരെ നാം സംസാരിച്ചുകൊണ്ടിരുന്നത് ആശ്ചര്യപ്പെടുന്നതിനെക്കുറിച്ചായിരുന്നു, അടുത്ത അദ്ധ്യായത്തിൽ സംശയത്തെക്കുറിച്ച് നമുക്ക് കൂടുതൽ

സംസാരിക്കാനുണ്ട്. ഇപ്പോൾ ചിന്താക്കുഴപ്പത്തെക്കുറിച്ച് - അസ്വാസ്ഥ്യത്തെക്കുറിച്ച് - നിങ്ങളോടു സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നു.

ദൈവജനങ്ങളിൽ നല്ലൊരു ശതമാനമാളുകൾ ചിന്താക്കുഴപ്പത്തിലകപ്പെട്ടിരിക്കുന്നവരാണ്. എന്താണിതിനു കാരണം? നാം മനസ്സിലാക്കിയതുപോലെ, അനാവശ്യമായ ആശ്ചര്യപ്പെടലാണ് ഒരു കാരണം, മറ്റൊരു കാരണം വിശകലന ബുദ്ധിയാണ്.

ഒരു സംഭവത്തിന് അല്ലെങ്കിൽ ധാരണയ്ക്ക് യുക്തിപരമായ വ്യാഖ്യാനം നൽകുന്ന വസ്തുത അല്ലെങ്കിൽ പ്രേരണ എന്ന് 'കാര്യകാരണബുദ്ധിയുപയോഗിക്കുക, യുക്തിപരമായി ചിന്തിക്കുക' എന്ന് അതിന്റെ ക്രിയാരൂപത്തേയും നിർവ്വചിച്ചിരിക്കുന്നു.

ഏതെങ്കിലും സംഭവത്തിനു പിന്നിലുള്ള കാരണത്തെ ചികഞ്ഞു കണ്ടെത്താൻ ശ്രമിക്കുമ്പോഴാണ്, യുക്തിപരമായ വിശകലനം നടക്കുന്നത്. ഒരു സാഹചര്യത്തിന്, അല്ലെങ്കിൽ സംഭവത്തിനു ചുറ്റുമായി യുക്തി കറങ്ങിത്തിരിയുകയും, അതിന്റെ സൂക്ഷ്മാംശങ്ങൾവരെ കണ്ടെത്താൻ ശ്രമിക്കുകയുമാണ് ഇതിലൂടെ സംഭവിക്കുന്നത്. ഒരു പ്രസ്താവനയെ വിശകലനം ചെയ്യുകയോ, അത് യുക്തിസഹജമാണോയെന്ന് കണ്ടെത്താൻ ശ്രമിക്കുകയുമാണ് ആളുകൾ ചെയ്യുന്നത്: അങ്ങനെയല്ലെന്നു മനസ്സിലായാൽ അവരെതിനെ തള്ളിക്കളയുന്നു.

യുക്തിചിന്തയിലൂടെയാണ് മിക്കപ്പോഴും ചെകുത്താൻ നമ്മുടെയുള്ളിൽനിന്നും ദൈവഹിതത്തെ അപഹരിക്കുന്നത്. എന്തെങ്കിലുമൊന്നു ചെയ്യാൻ കർത്താവ് നമ്മോടാജ്ഞാപിക്കുന്നു, എന്നാൽ അത് യുക്തിസഹമല്ലെന്നു തോന്നിയാൽ അതിനെ നിരസിക്കാൻ നാം പ്രലോഭിപ്പിക്കപ്പെടുന്നു. ദൈവം നമ്മോട് ആവശ്യപ്പെടുന്ന കാര്യങ്ങളെല്ലാം എല്ലായ്പ്പോഴും യുക്തിസഹജമായിക്കൊള്ളണമെന്നില്ല. അയാളുടെ ആത്മാവ് അതിനെ വിശ്വസിച്ചാലും അയാളുടെ മനസ്സ് നിരസിച്ചെന്നു വരാം - പ്രത്യേകിച്ചും അത് അസാധാരണവും അസന്തുഷ്ടികരമോ, വ്യക്തിപരമായ ത്യാഗമോ, അസൗകര്യമോ ആവശ്യപ്പെടുന്നതുമാണെങ്കിൽ.

## മനസ്സിൽ യുക്തിവിചാരം നടത്താതിരിക്കുക, ആത്മാവിൽ അനുസരിക്കുക

**എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നേ ദൈവത്തിലുള്ളതു ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല.**

**1 കൊരി. 2: 14**

യുക്തിവിചാരത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും, മനസ്സിൽ നടക്കുന്ന യുക്തിവിചാരവും ആത്മാവിന്റെ അനുസരണവും തമ്മിലുള്ള വൈരുദ്ധ്യത്തെക്കുറിച്ചു പഠിക്കാനും സഹായിക്കുന്ന പ്രായോഗികവും വ്യക്തിപരവുമായ ഒരുദാഹരണം ഞാൻ പറയാം.

ഞാൻ താമസിച്ചിരുന്ന പട്ടണത്തിൽ ആഴ്ചതോറും നടത്തിയിരുന്ന സമ്മേളനത്തിൽ പങ്കെടുക്കാൻ പോകുന്നതിനായി അന്നു കാലത്ത് ഞാൻ തയ്യാറെ

ടുക്കുകയായിരുന്നു. ഞങ്ങളുടെ അവിടുത്തെ സുവിശേഷസംഘം നടത്തിക്കൊണ്ടിരുന്ന സ്ത്രീയെക്കുറിച്ച് ഞാനപ്പോൾ ആലോചിച്ചു. വളരെ വിശ്വസ്തയായിരുന്നു അവൾ. അവൾക്ക് ഏതെങ്കിലും താരത്തിലുള്ള ഉപകാരം ചെയ്യണമെന്നെനിക്കു തോന്നി.

'പിതാവേ, കഴിഞ്ഞ മൂന്നു വർഷക്കാലവും റൂത്ത് ആൻ ഞങ്ങൾക്ക് വളരെയധികം സേവനം ചെയ്തിട്ടുണ്ട്. ഞാനെന്താണ് അവൾക്കുവേണ്ടി ചെയ്യേണ്ടത്?'

പെട്ടെന്ന് അലമാരയ്ക്കുള്ളിൽ തൂക്കിയിട്ടിരുന്ന എന്റെയൊരു ചുവന്ന ഉടുപ്പിലേക്ക് എന്റെ ദൃഷ്ടികൾ പാഞ്ഞു ചെന്നു. ഞാനത് റൂത്തിന് കൊടുക്കണമെന്നാണ് കർത്താവുദ്ദേശിക്കുന്നതെന്നെനിക്കു മനസ്സിലായി. മൂന്നുമാസം മുമ്പാണ് ഞാനതു വാങ്ങിയത്. എന്നാലിതുവരെ ഒരു പ്രാവശ്യംപോലും ഞാനതു ധരിച്ചിട്ടില്ല. എനിക്ക് ആ ഉടപ്പ് വളരെ ഇഷ്ടമായിരുന്നു, എന്നാൽ ഓരോ തവണ അതു ധരിക്കാനൊരുങ്ങുമ്പോഴും എനിക്കതിനോട് താല്പര്യം തോന്നിയിരുന്നില്ല.

എന്റെ കണ്ണുകൾ ആ ഉടുപ്പിന്മേൽ പതിച്ചതിനർത്ഥം, ഞാനത് റൂത്തിനു കൊടുക്കണമെന്നാണ് എന്നെനിക്കു മനസ്സിലായി. എന്നാൽ അതുപേക്ഷിക്കാൻ എനിക്കു വിഷമമുണ്ടായിരുന്നു. അതിനാൽ ഞാനത് റൂത്തിനു നൽകണമെന്ന് കർത്താവുദ്ദേശിക്കുന്നില്ല എന്നു ബോധപൂർവ്വം ഞാൻ ചിന്തിക്കാനാരംഭിച്ചു. അത് പുതിയതും ഒരിക്കൽപ്പോലും ധരിച്ചിട്ടില്ലാത്തതും വിലയേറിയതുമായതിനാൽ - പ്രത്യേകിച്ചും, അതിനൊടൊപ്പം ധരിക്കാനായി ചുവപ്പും വെള്ളിയും നിറങ്ങളുള്ള കമ്മൽ കൂടി ഞാൻ വാങ്ങിയ നിലയ്ക്ക് - ദൈവമങ്ങനെ ആവശ്യപ്പെടുകയില്ല എന്ന് യുക്തിയുപയോഗിച്ച് സ്ഥാപിക്കാനായിരുന്നു എന്റെ അടുത്ത ശ്രമം.

ശരീരത്തിന്റെ മനസ്സിനെ ഒഴിവാക്കിക്കൊണ്ട് എന്റെ ആത്മാവിനെ ദൈവത്തിനു മുൻപിൽ അനുസരണയുള്ളതാക്കി മാറ്റാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ കാര്യങ്ങൾ നന്നായിരുന്നേനേ; എന്നാൽ ദൈവം നമ്മോടു കല്പിക്കുന്ന പല കാര്യങ്ങളും അനുസരിക്കാൻ നാം തയ്യാറല്ലാത്തപ്പോൾ എന്നെങ്കിലുമൊക്കെ കാരണങ്ങൾ കണ്ടെത്തി സ്വയം വഞ്ചിക്കുന്ന പ്രവണത നമുക്കെല്ലാവർക്കുമുണ്ട്. ഏതാനും മിനിറ്റുകൾക്കുള്ളിൽ ഞാനാവിഷയത്തെക്കുറിച്ച് മറന്ന് എന്റെ ജോലിയിലേയ്ക്കു കടന്നു. അത് പുതിയതും എനിക്കിഷ്ടമുള്ളതുമായിരുന്നതിനാൽ അവൾക്കു കൊടുക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നില്ലെന്നതാണ് സത്യം. എന്നാൽ ഞാനതിനു കണ്ടുപിടിച്ച കാരണമാകട്ടെ, അവൾക്കതു നൽകണമെന്ന ആഗ്രഹം എന്റെയുള്ളിൽ നിറച്ചത് ദൈവമായിരിക്കില്ലെന്നും, എന്റെ സന്തോഷം തട്ടിയെടുക്കാൻ ശ്രമിക്കുന്ന ചെകുത്താന്റെ പണിയായിരിക്കാം അതെന്നുമായിരുന്നു.

ഏതാനുമാഴ്ചകൾക്കുശേഷം, അതേ മീറ്റിംഗിൽ പങ്കെടുക്കാനായി തയ്യാറെടുക്കുമ്പോൾ വീണ്ടും ഞാൻ റൂത്ത് ആനിനെക്കുറിച്ചാലോചിച്ചു. ഞാനപ്പോൾ അവൾക്കുവേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങി 'പിതാവേ റൂത്ത് ആൻ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വളരെ മികച്ച സേവനമാണ് കാഴ്ചവെച്ചത്. ഞാനവൾക്കു

വേണ്ടി എന്താണു ചെയ്യേണ്ടത്?' പൊടുന്നനവെ, വീണ്ടും ആ ചുവന്ന ഉടുപ്പ് എന്റെ കണ്ണിൽപ്പെട്ടു, വീണ്ടുമെനിക്ക് അത് കൈവിട്ടു കളയാൻ വിമുഖത തോന്നി.

ഇത്തവണ കാര്യങ്ങൾ കൂടുതൽ വ്യക്തമായിരുന്നു; ഞാനെന്താണു ചെയ്യേണ്ടതെന്ന് ദൈവമെനിക്ക് കൃത്യമായി കാണിച്ചു തരികയാണ്. ഒന്നുകിൽ എനിക്ക് അവന്റെ ആജ്ഞയനുസരിക്കാം, അല്ലെങ്കിൽ, 'പിതാവേ, അങ്ങെന്താണുദ്ദേശിക്കുന്നതെന്നെനിക്കറിയാം പക്ഷേ ഞാനനുസരിക്കാൻ തയ്യാറല്ല.' എന്നു പറയാം. കർത്താവിനെ ഞാൻ വളരെയേറെ സ്നേഹിക്കുന്നതിനാൽ ബോധപൂർവ്വം അവന്റെ കൽപ്പന നിരസിക്കാനെനനിക്കു കഴിയുമായിരുന്നില്ല. അതിനാൽ ചുവന്ന ഉടുപ്പിനെക്കുറിച്ച് ഞാനവനോടു സംസാരിക്കാനാരംഭിച്ചു.

കഴിഞ്ഞ തവണ ഞാൻ ദൈവഹിതത്തെ നിരസിക്കുകയായിരുന്നുവെന്ന് അപ്പോഴെനിക്കു മനസ്സിലായി. അതൊരു പുതിയ ഉടുപ്പായിരുന്നതിനാൽ ഞാനതുപേക്ഷിക്കണമെന്ന് ദൈവമാഗ്രഹിക്കുകയില്ലെന്നാണ് ഞാൻ കരുതിയത്. എന്നാൽ പഴയസാധനങ്ങൾ മാത്രമാണ് ദാനം ചെയ്യാൻ യോഗ്യമായവയെന്ന് ബൈബിൾ പറയുന്നില്ലെന്ന കാര്യം അപ്പോഴെനിക്കോർമ്മ വന്നു. എനിക്കിഷ്ടമുള്ള പുതിയ വസ്ത്രം ദാനം ചെയ്യുന്നത്, എന്നെ സംബന്ധിച്ചിടത്തോളം ഒരു ത്യാഗമായിരിക്കാം. എന്നാൽ റൂത്ത് ആനിനെ സംബന്ധിച്ചിടത്തോളം അതൊരനുഗ്രഹമായിരിക്കും.

ഞാൻ ദൈവത്തോട് ഹൃദയം തുറന്നു സംസാരിച്ചപ്പോൾ, യഥാർത്ഥത്തിൽ ഞാനാവസ്ത്രം വാങ്ങിയതുതന്നെ റൂത്തിനുവേണ്ടിയാണെന്നും, അതിനാലാണ് ഒരിക്കൽപോലും എനിക്കത് ധരിക്കാൻ തോന്നാതിരുന്നതെന്നും അവനെന്നോടു പറഞ്ഞു. തന്റെ അനുഗ്രഹങ്ങൾ അവളിലെത്തിക്കാനുള്ള ഒരുപകരണമായാണ് കർത്താവെന്നെ ഉപയോഗിച്ചതെന്നെനിക്കു മനസ്സിലായി. എന്നാൽ ആ വസ്ത്രത്തെക്കുറിച്ച് എനിക്ക് സ്വന്തമായ ചില ആശയങ്ങളുണ്ടായിരുന്നു. എന്റെയാശയങ്ങൾ ഉപേക്ഷിക്കാൻ തയ്യാറാകുന്നതുവരെ പരിശുദ്ധാത്മാവ് എന്നെ നയിക്കാനെത്തിയിരുന്നില്ല.

ഈ സംഭവമെന്നെ ഒരുപാട് കാര്യങ്ങൾ പഠിപ്പിച്ചു. ചിന്തയ്ക്കും യുക്തിവിചാരത്തിനും അധീനരായിത്തീർന്ന്, നാം ദൈവഹിതത്തെ അവഗണിക്കുന്നതെങ്ങനെയെന്നു മനസ്സിലായപ്പോൾ എനിക്ക് യുക്തിവിചാരത്തെക്കുറിച്ച് ഭയം തോന്നി?

കോറിന്തോസുകാർക്കുള്ള ലേഖനത്തിലെ രണ്ടാമധ്യായം പതിനാലാം വാക്യം പറയുന്നത്, ലൗകികനായ മനുഷ്യന് ആത്മീയതയുള്ള മനുഷ്യനെ തിരിച്ചറിയാനാവില്ലെന്നാണ്. എന്റെ ശാരീരിക മനസ്സ് (എന്റെയുള്ളിലെ ലൗകീകനായ മനുഷ്യൻ) പുതിയ വസ്ത്രം കൈവിട്ടു കളയുന്നതിലെ യുക്തി അംഗീകരിച്ചില്ല എന്നാൽ എന്റെ ആത്മാവ് (എന്റെയുള്ളിലെ ആത്മീയനായ മനുഷ്യൻ) അതു മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്തു.

യുക്തിവിചാരത്തെക്കുറിച്ചും ആത്മാവിലുള്ള അനുസരണയെക്കുറിച്ചും കൂടുതൽ മനസ്സിലാക്കാനും, മുൻപെന്നത്തെക്കാളും ദൈവഹിതത്താൽ സഞ്ചരിക്കാനും ഈ സംഭവം നിങ്ങളെ സഹായിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

(ആ ചുവന്ന ഉടുപ്പ് ഞാൻ റൂത്തിന് നൽകിയോ എന്നാണ് ഇപ്പോൾ നിങ്ങൾ സംശയിക്കുന്നതെന്നെനിക്കറിയാം. ഉവ്വ്, ഞാനതവൾക്കു നൽകി. ഇപ്പോഴുമവൾ ഞങ്ങളുടെ ഓഫീസിൽ ജോലി ചെയ്യുന്നുണ്ട്. ഇടയ്ക്കൊക്കെ ആ ചുവന്ന ഉടുപ്പ് ധരിച്ചുകൊണ്ടുവരാറുമുണ്ട്.)

## വചനം പ്രവർത്തിക്കുന്ന ആളായിത്തീരുക!

**എങ്കിലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ടു തങ്ങളെതന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ.**

**യാക്കോബ് 1: 22**

വചനത്തിന്റെ നിർദ്ദേശങ്ങൾ നിരസിക്കുമ്പോൾ നിങ്ങൾ യുക്തിചിന്തയുടെ കെണിയിൽ കുരുങ്ങുകയും, സത്യത്തിൽനിന്നും വ്യത്യസ്തമായ മറ്റെന്തോ ചിലതിനെ വിശ്വസിക്കുകയുമാണ് ചെയ്യുന്നത്. വചനം പറയുന്നതിനെ (മാന സികമായി) ഉൾക്കൊള്ളുന്നതിനായി ആവശ്യത്തിലധികം സമയം കളയാനാവില്ല. നാം ആത്മാവിൽ സാക്ഷ്യം വഹിക്കുന്നുവെങ്കിൽ നമുക്ക് മുന്നോട്ട് പോവുകയും വചനത്തെ അനുസരിക്കുകയും ചെയ്യാൻ കഴിയും.

എനിക്കിഷ്ടമാണെങ്കിലും അല്ലെങ്കിലും, ഞാനത് നല്ല ആശയമാണെന്ന് വിശ്വ സിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്താലും, ഞാൻ ദൈവത്തെ അനു സരിക്കണമെന്നാണ് അവനാഗ്രഹിക്കുന്നത് എന്നു ഞാൻ മനസ്സിലാക്കി. തന്റെ വചനത്തിലൂടെയോ, നമ്മുടെയുള്ളിലെ ആത്മീയ മനുഷ്യനിലൂടെയോ ദൈവം നമ്മോട് സംസാരിക്കുമ്പോൾ നാം യുക്തിചിന്ത നടത്തുകയോ, വാദപ്രതിവാദ ത്തിലേർപ്പെടുകയോ, ദൈവത്തിന്റെ വാക്കുകൾ യുക്തിസഹമാണോയെന്ന് സംശയിക്കുകയോ ചെയ്യേണ്ടതില്ല.

*ദൈവം സംസാരിക്കുമ്പോൾ നാം അതനുസരിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത് - യുക്തിചിന്ത നടത്തുകയല്ല.*

## ദൈവത്തെ വിശ്വസിക്കുക, മനുഷ്യന്റെ യുക്തിയെയല്ല

**പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക;**

**സ്വന്തവിവേകത്തിൽ ഊന്നരുത്.**

**സുഭാഷിതം 3: 5**

മറ്റൊരു തരത്തിൽ പറഞ്ഞാൽ യുക്തിവിചാരത്തെ ആശ്രയിക്കരുതെന്നു സാരം. എന്തെന്നാൽ യുക്തിചിന്ത വഞ്ചനയ്ക്കു കടന്നുവരാനുള്ള വാതിൽ തുറക്കുകയുമാണ് ചെയ്യുന്നത്, അതു നമ്മെ ചിന്താക്കുഴപ്പത്തിലാക്കുന്നു.

എന്തുകൊണ്ടാണ് ഒട്ടേറെയാളുകൾ ചിന്താക്കുഴപ്പത്തിലകപ്പെട്ടിരിക്കുന്ന തെന്ന് ഒരിക്കൽ ഞാൻ കർത്താവിനോടു ചോദിച്ചു. അവനെന്നോടിങ്ങനെ പറഞ്ഞു. ‘എല്ലാത്തിനേയും വിശകലനം ചെയ്യുന്ന രീതി അവസാനിപ്പിക്കാൻ അവരോടു പറയുക, അപ്പോഴവരുടെ ചിന്താക്കുഴപ്പവുമവസാനിക്കും. അതു പൂർണ്ണമായും ശരിയാണെന്നെനിക്കു തോന്നി. യുക്തിചിന്തയും ചിന്താക്കുഴപ്പവും പരസ്പരം ബന്ധപ്പെട്ടവയാണ്.

ഏതൊരു വിഷയത്തെക്കുറിച്ചും എനിക്കും നിങ്ങൾക്കും ചിന്തിക്കാം. അതിനുശേഷം നാമത് ദൈവത്തിന്റെ മുൻപിലവതരിപ്പിക്കുകയും അതേക്കുറിച്ച് നാം മനസ്സിലാക്കണമെന്ന് അവനാഗ്രഹിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയുമാവാം. എന്നാൽ നാം ചിന്താക്കുഴപ്പത്തിലാക്കുന്ന നിമിഷത്തിൽത്തന്നെ നാമതിരുകടന്നിരിക്കുന്നുവെന്ന് മനസ്സിലാക്കണം.

പല കാരണങ്ങൾകൊണ്ടും കാര്യകാരണ ചിന്ത അപകടകരമാണ്, അവയിലൊരു കാരണമിതാണ്. നാം ചിന്തിച്ച് വിശകലനം ചെയ്ത് കണ്ടെത്തുന്ന പലതും ശരിയാണെന്നു നമുക്കു തോന്നിയാലും യഥാർത്ഥത്തിൽ അങ്ങനെയായിരിക്കണമെന്നില്ല.

യുക്തിയും ക്രമവും കാര്യകാരണ ബന്ധവുമൊക്കെയാണ് മനുഷ്യനിഷ്ടപ്പെടുന്നത്. അതിന് ഉൾക്കൊള്ളാവുന്നത് കൈകാര്യം ചെയ്യാനാണ് മനസ്സിന് താല്പര്യം. മനസ്സിന്റെ അറകൾക്കുള്ളിൽ കാര്യങ്ങളെ കൃത്യമായി അടുക്കിവെയ്ക്കാനാണ് നമ്മുടെ സ്വാഭാവികമായ ശ്രമം, 'ഇത് ഇങ്ങനെയാണിരിക്കേണ്ടത്, ഇവിടെയാണിതു ചേരുന്നത്' എന്നൊക്കെയാണ് നാം സാധാരണയായി ചിന്തിക്കുന്നത്. നമ്മുടെ മനസ്സിന് സൗകര്യപ്രദമെന്നു തോന്നു കാര്യങ്ങളെക്കുറിച്ചാണ് നാം താല്പര്യം കാട്ടുന്നത്, എന്നാൽ പലപ്പോഴും അത് തെറ്റായിരിക്കും.

പൗലോസ് അപ്പോസ്തലൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു. '**ഞാൻ ക്രിസ്തുവിൽ സത്യമാണു പറയുന്നത് ഞാൻ നുണ പറയുകയല്ല: എന്റെ മനസ്സാക്ഷി പരിശുദ്ധാത്മാവിനാൽ (പ്രബുദ്ധമാക്കപ്പെടുകയും പ്രേരിപ്പിക്കപ്പെടുകയും ചെയ്ത്) എന്നോടൊപ്പം സാക്ഷ്യം വഹിക്കുന്നു**' (റോമാ 9: 1) താൻ സത്യമാണു പറയുന്നതെന്ന് പൗലോസിനറിയാമായിരുന്നു, തന്റെ യുക്തി അതിനെ ശരിവെച്ചതുകൊണ്ടല്ല, മറിച്ച് അത് ആത്മാവിൽ സാക്ഷ്യം വഹിച്ചതിനാലാണ് താൻ ചെയ്യുന്നത് ശരിയാണെന്ന് അദ്ദേഹം വിശ്വസിച്ചത്.

പലപ്പോഴും മനസ്സ് ആത്മാവിനെ സഹായിക്കുന്നുവെന്ന് നാം കണ്ടുകഴിഞ്ഞു. മനസ്സും ആത്മാവും പലപ്പോഴും ഒന്നിച്ചാണ് പ്രവർത്തിക്കുന്നത്; എന്നാൽ ആത്മാവ് മനസ്സിനെക്കാൾ ഉൽകൃഷ്ടമായതിനാൽ നാമതിനെ ഏറെ ആദരിക്കണം.

ഏതെങ്കിലുമൊരു കാര്യം തെറ്റാണെന്ന് നമുക്ക് ആത്മാവിൽ തോന്നിയാൽ, യുക്തി വിചാരത്തിലൂടെ അതു ചെയ്യാൻ നാം തയ്യാറാകേണ്ടത്. മറിച്ച് ഏതെങ്കിലുമൊരു കാര്യം ശരിയാണെന്നു ആത്മാവിനു തോന്നിയാൽ യുക്തിയുപയോഗിച്ച് നാമതിനെ നിരസിക്കാനും പാടില്ല.

പല കാര്യങ്ങളെക്കുറിച്ചുമുള്ള മനസ്സിലാക്കൽ ദൈവം നമുക്കു നൽകുന്നു; എന്നാൽ കർത്താവിനോടൊപ്പം നടക്കുന്നതിനും അവന്റെ ഹിതമനുസരിക്കുന്നതിനും എല്ലാ കാര്യങ്ങളും നാം മനസ്സിലാക്കേണ്ടതില്ല. നമ്മുടെ വിശ്വാസത്തെ പരീക്ഷിക്കുന്നതിനുള്ള ഉപകരണങ്ങളായി ദൈവം പലപ്പോഴും നമ്മുടെ ജീവിത്തിലേയ്ക്ക് വലിയ ചോദ്യചിഹ്നങ്ങളെറിഞ്ഞു തരാറുമുണ്ട്. ഉത്തരം കണ്ടെത്താനാവാത്ത ചോദ്യങ്ങൾ നമ്മുടെ ലൗകിക ജീവിതത്തെ കുരിശിലേറ്റുന്നു. യുക്തിചിന്തയുപേക്ഷിക്കുകയും ദൈവത്തെ പൂർണ്ണമായും വിശ്വസിക്കുകയും

ചെയ്യുകയെന്നുള്ളത് വിഷമകരമാണ്; എന്നാൽ ഇതു ചെയ്യാൻ നമുക്കു സാധിച്ചാൽ, മനസ്സ് വിശ്രമത്തിലേക്ക് പ്രവേശിച്ചുകൊള്ളും.

വിവേചനത്തെയും വെളിപാടിലൂടെയുള്ള അറിവിനേയും തടസ്സപ്പെടുത്തുന്ന 'തിരക്കേറിയ പ്രവർത്തനമാണ് ' യുക്തിവിചാരം. തലച്ചോറിലൂടെയുള്ള അറിവും വെളിപാടിലൂടെയുള്ള അറിവും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

എനിക്കു നിങ്ങളെക്കുറിച്ചറിയില്ല, എന്നാൽ ദൈവമെനിക്കു നൽകുന്ന വെഴി പാടിലൂടെ ഞാൻ നിങ്ങളെക്കുറിച്ച് എന്റെ ആത്മാവിൽ അറിയുകയും, എനിക്കു ലഭിക്കുന്ന വെളിപാട് സത്യമായിരിക്കണമെന്ന് ഞാനാഗ്രഹിക്കുകയും ചെയ്യുന്നു. യുക്തിചിന്ത നടത്താനോ വിശകലനം ചെയ്യാനോ ഞാനാഗ്രഹിക്കുന്നില്ല, എന്തെ ന്നാൽ അങ്ങനെ ചെയ്യുന്നതിലൂടെ ഞാൻ ചിന്താക്കുഴപ്പത്തിലകപ്പെടുകയെന്ന തായിരിക്കും ഫലം. ദൈവത്തിൽ വിശ്വസിക്കുന്നതിലൂടെയുള്ള - എന്റെ മാനു ഷികമായ ഉൾക്കാഴ്ചയിലും മനസ്സിലാക്കലിലും വിശ്വസിക്കുന്നതിലൂടെയല്ല - പൂർണ്ണമായ മനശ്ശാന്തിയനുഭവിക്കമെന്നു ഞാനാഗ്രഹിക്കുന്നു.

എല്ലാമറിയാവുന്ന ദൈവത്തെക്കുറിച്ചറിയാൻ കഴിയുന്ന അവസ്ഥയിലേക്ക് നിങ്ങളും ഞാനും വളരേണ്ടതുണ്ട് - നമുക്കൊന്നുമറിയില്ലെങ്കിലും

## ക്രിസ്തുവിനെയൊഴികെ മറ്റൊന്നുമറിയേണ്ടതില്ലെന്നു തീരുമാനിക്കുക

**ഞാനും സഹോദരന്മാരെ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിന്റെയോ ജ്ഞാനത്തിന്റെയോ വൈഭവം കൂടാതെയത്രേ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോടു പ്രസ്താവിപ്പാൻ വന്നതു. ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണ യിച്ചു.**

**1 കോരി 2: 1, 2**

അറിവിനെക്കുറിച്ചും യുക്തിവിചാരത്തെക്കുറിച്ചും ഇതായിരുന്നു പൗലോ സിന്റെ അഭിപ്രായം. ഞാനതു മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഏറെക്കാലംകൊണ്ടാണ് എനിക്കതു മനസ്സിലായത്. എനിക്ക് എത്ര കുറച്ചറിയാമോ അത്രയും സന്തോഷവതിയായിരിക്കും ഞാനെന്ന് എനിക്കപ്പോൾ മനസ്സിലായി. പലപ്പോഴും നാം കൂടുതലറിയുമ്പോൾ അതു നമ്മെ ദുഃഖിതരാ ക്കിത്തീർക്കുന്നു.

എല്ലായ്പ്പോഴും അമിതമായ ആകാംക്ഷയുള്ള വ്യക്തിയായിരുന്നു ഞാൻ. എന്തിനേയും ക്രമമായി വിശകലനം ചെയ്യുമ്പോൾ മാത്രമേ എനിക്കു സംതൃപ്തി ലഭിച്ചിരുന്നുള്ളൂ. എന്റെ നിരന്തരമായ കാര്യകാരണത്തെ വിശക ലനമാണ് എല്ലാ ചിന്താക്കുഴപ്പത്തിനും കാരണമെന്നും, ദൈവമെനിക്കു നൽകാ നാഗ്രഹിക്കുന്നത് സ്വീകരിക്കുന്നതിൽനിന്നും അതെന്നെ തടയുകയാണെന്നും പിന്നീടു ഞാൻ മനസ്സിലാക്കി. അവനെന്നോടിങ്ങനെ പറഞ്ഞു, ജോയ്സ്, വിവേചനം നേടാനാഗ്രഹിക്കുന്നുവെങ്കിൽ ശരീരത്തിന്റെ കാര്യകാരണചിന്ത നീ അവസാനിപ്പിച്ചേ പറ്റൂ.'

എന്നാൽ കാര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ മാത്രമാണ് എനിക്ക് സുരക്ഷിതത്വമനുഭവപ്പെട്ടിരുന്നത്. എന്റെ ജീവിതത്തിൽ യാതൊന്നും അപൂർണ്ണമായിരിക്കാൻ ഞാനിഷ്ടപ്പെട്ടില്ല. എല്ലാം നിയന്ത്രിക്കാനാണ് ഞാനാഗ്രഹിച്ചത് - എന്തെങ്കിലും ഒരു കാര്യത്തെക്കുറിച്ച് മനസ്സിലാക്കാൻ കഴിയാത്തപ്പോൾ നിയന്ത്രണം നഷ്ടപ്പെട്ടുപോകുന്നുവെന്ന തോന്നൽമൂലം ഞാൻ പേടിച്ചുവിറച്ചിരുന്നു. എന്നാൽ വിശകലനം നടത്തുകയും നിയന്ത്രണം നേടുകയുമൊക്കെ ചെയ്തിരുന്നപ്പോഴും എനിക്ക് എന്തിന്റേയോ കുറവുണ്ടായിരുന്നു - എനിക്ക് മനസ്സമാധാനമുണ്ടായിരുന്നില്ല, കാര്യകാരണവിശകലനം നടത്തുന്നതുമൂലം ഞാനാകെ തളർന്നുപോയിരുന്നു.

ഇത്തരത്തിലുള്ള നിരന്തരമായ മാനസിക പ്രവർത്തനം നിങ്ങളുടെ ബാഹ്യശരീരത്തെയും ക്ഷീണിപ്പിക്കുന്നുണ്ട്. അതു നിങ്ങളെ വല്ലാതെ തളർത്തിക്കളയും!

ഈ ശീലമുപേക്ഷിക്കാനാണ് ദൈവമെന്നോടാവശ്യപ്പെട്ടത്. യുക്തിചിന്തയ്ക്കടിമപ്പെട്ട ഏതൊരാളോടും എനിക്കും പറയാനുള്ളതിതുതന്നെയാണ്. ആളുകൾ മയക്കുമരുന്നിനും മദ്യത്തിനും പുകയിലയ്ക്കുമൊക്കെ അടിപ്പെടുന്നതുപോലെ യുക്തിചിന്തയ്ക്കും '*അടിപ്പെടാറുണ്ട്.*' ഞാൻ യുക്തിചിന്തയ്ക്കടിമയായിരുന്നു. ആ ദുഃശ്ശീലവുമുപേക്ഷിച്ചപ്പോൾ ആദ്യമൊക്കെ ഞാനേറെ കഷ്ടപ്പെട്ടു. ഞാൻ പരാജയപ്പെടുന്നുവെന്നും എന്താണു സംഭവിക്കാൻ പോകുന്നതെന്നറിയാതെ ഞാൻ കുഴങ്ങുകയാണെന്നുമുള്ള തോന്നൽ എന്നെ ഭയപ്പെടുത്തി. പലപ്പോഴും എനിക്ക് വല്ലാത്ത മടുപ്പനുഭവപ്പെട്ടു.

എന്റെ മനസ്സിന്റെ ഒട്ടേറെ സമയം യുക്തിവിചാരത്തിനായി ഞാൻ നീക്കിവെച്ചിരുന്നതിനാൽ, ആ ശീലമുപേക്ഷിച്ചപ്പോൾ എന്റെ മനസ്സിന് സമാധാനം ലഭിച്ചു. ആദ്യമൊക്കെ അത് വിരസമായിത്തോന്നിയെങ്കിലും ഇപ്പോഴും ഞാനതിഷ്ടപ്പെടുന്നു. മുഴുവൻ സമയവും ഓരോ കാര്യങ്ങളെക്കുറിച്ചാലോചിച്ച് അലഞ്ഞു നടക്കുകയായിരുന്ന എന്റെ മനസ്സ് ഇപ്പോൾ ശാന്തിനേടിയിരിക്കുന്നു; ഇപ്പോഴെനിക്ക് യുക്തിചിന്തയുടെ കഷ്ടപ്പാടനുഭവിക്കുന്നതിനെക്കുറിച്ച് ഓർക്കാൻ പോവും വയ്യ.

നമ്മുടെ മനസ്സിന് വിശ്രമിക്കാനുള്ള സ്വാഭാവികമായ സങ്കേതമാണ് യുക്തിചിന്തയെന്ന് ദൈവം കരുതുന്നില്ല.

മനസ്സിൽ യുക്തിചിന്ത നിറയുമ്പോൾ ജാഗരൂകരായിക്കുക: എന്തെന്നാൽ ഇത് അസ്വാഭാവികമാണ്. വിജയം നേടാനാഗ്രഹിക്കുന്ന ഒരു യഥാർത്ഥ ക്രിസ്ത്രീയവിശ്വാസിയെ സംബന്ധിച്ചിടത്തോളം തീർച്ചയായുമിത് അസ്വാഭാവികമായ അവസ്ഥയാണ് - മനസ്സിന്റെ യുദ്ധക്കളത്തിൽ അരങ്ങേറുന്ന പോരാട്ടത്തിൽ വിജയിക്കനാഗ്രഹിക്കുന്ന ഒരു വിശ്വാസി അസ്വാഭാവികമായ ഈ അവസ്ഥ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

# 11

# സംശയിക്കുന്ന, അവിശ്വസിക്കുന്ന മനസ്സ്

**'.................അൽപവിശ്വാസിയേ, നീ എന്തിനു സംശയിച്ചു?**

**മത്തായി 14 : 31**

**അവരുടെ അവിശ്വാസം ഹേതുവായി അവൻ ആശ്ചര്യപ്പെട്ടു.'**

**മർക്കോസ് 6: 6**

സംശയവും അവിശ്വാസവും ഒന്നാണെന്ന മട്ടിലാണ് നാമവയെപ്പറ്റി സാധാരാണയായി സംസാരിക്കാറുള്ളത്. അവയ്ക്കു നമ്മിൽ ബന്ധമുണ്ടായിരിക്കാമെങ്കിൽക്കൂടി, അവ രണ്ടും പരസ്പര വ്യത്യസ്തങ്ങളാണ്.

*ഡബ്ല്യൂ. ഇ. വൈനിന്റെ വൈൻസ് എക്സ്പോസിറ്ററി ഡിക്ഷണറി ഓഫ് ഓൾഡ് ആൻഡ് ന്യൂ ടെസ്റ്റമെന്റ് വേഡ്സ്'* എന്നു പേരായ ബൈബിൾ സംബന്ധമായ പദങ്ങളുടെ നിഘണ്ടുവിൽ 'സംശയിക്കുക' എന്ന വാക്കിന് '.........രണ്ടു നിലപാടുകൾ സ്വീകരിക്കുക.......... ഏതാണ് പൂർണ്ണമായി സ്വീകരിക്കേണ്ടതെന്നതിനെക്കുറിച്ചുള്ള അനിശ്ചിതത്വം പ്രകടമാക്കുക; ...........ചെറിയ വിശ്വാസം മാത്രമുള്ള വിശ്വാസികളെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്...........ഏകാഗ്രതയില്ലാത്ത മനസ്സ് ആകുലത കാട്ടുന്ന അവസ്ഥ, പ്രത്യാശയ്ക്കും ഭയത്തിനുമിടയിൽ അസ്ഥിരതയോടെ പിടഞ്ഞുകൊണ്ടിരിക്കൽ...........' എന്നൊക്കെയാണ് വ്യാഖ്യാനം നൽകിയിരിക്കുന്നത്.

ഇതേ നിഘണ്ടുവിൽ തന്നെ, '*അവിശ്വാസം*' എന്ന ആശയം വരുന്ന ഒരു ഗ്രീക്കു പദത്തിന്, 'കിംഗ് ജെയിംസിന്റെ പരിഭാഷയുടെ പുതുക്കിയ പതിപ്പിൽ എല്ലായ്പ്പോഴും അനുസരണമില്ലായ്മ എന്ന അർത്ഥമാണു നല്കിയിരിക്കുന്നത്' എന്നും കാണാം.

ശത്രുവിന്റെ അതിശക്തമായ ഉപകരണങ്ങളായ സംശയം, അവിശ്വാസം എന്നിവ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ, ഒരാൾ രണ്ട് അഭിപ്രായങ്ങൾക്കിടയിൽ ചഞ്ചലപ്പെട്ടുകൊണ്ടിരിക്കാൻ കാരണമാകുന്നത് സംശയവും, അനുസരണയില്ലായ്മയിലേയ്ക്കു നയിക്കുന്നത് അവിശ്വാസവുമാണെന്നു തെളിയുന്നു.

ഏതായുധമുപയോഗിച്ചാണ് ചെകുത്താൻ നമ്മെ ആക്രമിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്നു കണ്ടെത്തുന്നത് പ്രയോജനകരമായിരിക്കുമെന്നാണ് എനിക്കു തോന്നുന്നത്. നാം നേരിടേണ്ടി വരുന്നത് സംശയത്തെയാണോ അവിശ്വാസത്തെയാണോ?

## സംശയം

**അപ്പോൾ ഏലിയാവ് അടുത്തുചെന്ന് സർവ്വജനത്തോടും; നിങ്ങൾ എത്രത്തോളം രണ്ടുതോണിയിൽ കാൽ വെക്കും? യഹോവ ദൈവം എങ്കിൽ അവനെ അനുഗമിപ്പിൻ: ബാൽ എങ്കിലോ അവനെ അനുഗമിപ്പിൻ എന്നു പറഞ്ഞു;എന്നാൽ ജനം അവനോടു ഉത്തരം ഒന്നും പറഞ്ഞില്ല.**

**1 രാജാക്കന്മാർ 18: 21**

സംശയത്തെക്കുറിച്ച് വെളിച്ചം വീശുന്ന ഒരു കഥ ഞാൻ കേട്ടിട്ടുണ്ട്.

രോഗിയായിരുന്ന ഒരാൾ വചനത്തെ തന്റെ ശരീരത്തിനുമേൽ വെളിപ്പെടുത്തുകയും, രോഗിശാന്തിയ്ക്കായുള്ള വിശുദ്ധ വചനങ്ങളുരുവിടുകയും, തനിയ്ക്കു രോഗശാന്തി ലഭിക്കുമെന്നുവിശ്വസിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതിനിടയിൽ പലപ്പോഴും സംശയങ്ങൾ അയാളെ ആക്രമിച്ചു കൊണ്ടിരുന്നു.

വിഷമം പിടിച്ച ഒരു ജീവിതസന്ധിയിലൂടെ കടന്നു പോവുകയും, നിരാശയ്ക്കടിപ്പെടാൻ തുടങ്ങുകയും ചെയ്ത അവസരത്തിൽ, മനുഷ്യേതരശക്തികളുടെ ലോകത്തിലേയ്ക്ക് ദൈവമയാളെ കണ്ണു തുറപ്പിച്ചു. അവിടെയയാൾ കണ്ട കാഴ്ച ഇപ്രകാരമായിരുന്നു: അയാൾക്ക് രോഗശാന്തി ലഭിക്കില്ലെന്നും, വചനമയാളുടെ ദേഹത്ത് വെളിപ്പെടാൻ പോകുന്നില്ലെന്നും മറ്റുമുള്ള നുണകൾ ഒരു പിശാച് അയാളോടു പറഞ്ഞുകൊണ്ടിരിക്കുന്നു. അതേ സമയം, ഓരോ പ്രാവശ്യവും അയാൾ വചനത്തിൽ സ്വയം സമർപ്പിക്കുമ്പോൾ, തന്റെ വായിൽനിന്നും ഒരു മൂർച്ചയേറിയ വാളെന്നപോലെ വെളിച്ചം പുറത്തേക്കു വരുന്നതായും, പിശാച് പേടിച്ചുമാറുന്നതിനിടയിൽ നിലത്തു വീഴന്നതായുമുള്ള കാഴ്ചയുമയാൾ കണ്ടു.

ഇങ്ങനെയൊരു കാഴ്ച കണ്ടതോടെ, വചനത്തെ പ്രകീർത്തിക്കുന്നത് എത്ര മാത്രം പ്രധാനമാണെന്ന് അയാൾക്കു മനസ്സിലായി. മാത്രമല്ല, തന്റെയുള്ളിൽ വിശ്വാസമുള്ളതിനാലാണ് ചെകുത്താൻ സംശയമെന്ന ആയുധമുപയോഗിച്ച് തന്നെ ആക്രമിക്കുന്നതെന്നും അയാൾ തിരിച്ചറിഞ്ഞു.

ദൈവം നമ്മുടെയുള്ളിൽ നിക്ഷേപിക്കുന്നതല്ല സംശയം. ബൈബിൾ പറയുന്നത്, ദൈവം ഓരോ മനുഷ്യനും '...............ഒരു പ്രത്യേക അളവിലുള്ള വിശ്വാസം (റോമാ 12: 3 ) നൽകിയിട്ടുണ്ടെന്നാണ്. ദൈവം നമ്മുടെയുള്ളിൽ വിശ്വാസമാണു നിറച്ചിരിക്കുന്നത്, എന്നാൽ സംശയത്തിലൂടെ നമ്മെ ആക്രമിക്കുന്നതുവഴി നമ്മുടെ വിശ്വാസത്തെ ഇല്ലായ്മ ചെയ്യാനാണ് ചെകുത്താൻ ശ്രമിക്കുന്നത്.

ദൈവവചനത്തിനു വിരുദ്ധമായ ചിന്തകളുടെ രൂപത്തിലാണ് സംശയം കടന്നു വരുന്നത്. ഇക്കാരണത്താലാണ് ദൈവവചനത്തെക്കുറിച്ച് അറിയുകയെന്നത് പരമപ്രധാനമായിരിക്കുന്നതും. നമ്മുടെ വചനത്തെ അറിയണമെങ്കിൽ, ചെകുത്താൻ നമ്മോടു പറയുന്ന നുണകൾ തിരിച്ചറിയാൻ നമുക്കു സാധിക്കും. തന്റെ കുരിശുമരണത്തിലൂടെയും ഉയിർത്തെഴുന്നേൽപ്പിലൂടെയും യേശു നമുക്കു നേടിത്തന്നിട്ടുള്ളതെന്തോ, അതപഹരിക്കുന്നതിനുവേണ്ടിയാണ് ചെകുത്താൻ നമ്മോടു നുണപറയുന്നതെന്നു നിങ്ങൾ മനസ്സിലാക്കിയിരിക്കണം.

## സംശയവും അവിശ്വാസവും

**നിന്റെ സന്തതി ഇവ്വണ്ണം ആകും എന്നു അരുളിച്ചെയ്തിരിക്കുന്നതുപോലെ താൻ ബഹുജാതികൾക്കു പിതാവാകും എന്നു അവൻ ആശെക്കു വിരോധമായി ആശയോടെ വിശ്വസിച്ചു.**

**അവൻ ഏകദേശം നൂറുവയസ്സുള്ളവനാകയാൽ തന്റെ ശരീരം നിർജ്ജീവമായിപ്പോയതും സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വവും ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല.**

**ദൈവത്തിന്റെ വാഗദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിനു മഹത്വം കൊടുത്തു.**

**റോമർ 4: 18: 21.**

ഞാനൊരു പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന അവസരത്തിൽ, ദൈവം നൽകിയിട്ടുള്ള വാഗ്ദനമെന്താണെന്നറിയാമെങ്കിൽക്കൂടി, ചിലപ്പോഴൊക്കെ സംശയത്താലും അവിശ്വാസത്താലും ആക്രമിക്കപ്പെടുമ്പോൾ, മേല്പറഞ്ഞ ഭാഗം വായിക്കാനും ധ്യാനിക്കാനുമാണ് ഞാനിഷ്ടപ്പെടുന്നത്.

തന്റെ സ്വന്തം ശരീരത്തിൽനിന്നും പിറക്കുന്ന ഒരനന്തരവകാശിയുണ്ടാകുമെന്നാണ് ദൈവം അബ്രഹാമിനു കൊടുത്ത വാഗ്ദാനം. എന്നാൽ അനേകം വർഷങ്ങൾ കഴിഞ്ഞിട്ടും അബ്രഹാമിനും സാറായ്ക്കും കുട്ടികളുണ്ടായില്ല. എങ്കിലും ദൈവത്തിന്റെ വാക്കുകൾ തീർച്ചയായും സത്യമായിത്തീരുമെന്ന പൂർണ്ണവിശ്വാസം അബ്രഹാമിനുണ്ടായിരുന്നു. അതേസമയം, സംശയങ്ങളദ്ദേഹത്തെ ആക്രമിക്കാനും, ദൈവത്തെ ധിക്കരിക്കുന്നതിന് അവിശ്വാസത്തിന്റെ പിശാച് അദ്ദേഹത്തെ പ്രേരിപ്പിക്കാനും ഇടയാവുകയും ചെയ്തു.

മുൻപോട്ടു പോകാൻ ദൈവം നമ്മെ പ്രേരിപ്പിക്കുന്നതിനിടയിൽ, ശ്രമമുപേക്ഷിക്കാനുള്ള തീരുമാനമെടുക്കലാണ് ദൈവത്തെ ധിക്കരിക്കൽ. കർത്താവിന്റെ വാക്കുകളെ, അല്ലങ്കിൽ ദൈവം നമ്മോട് വ്യക്തിപരമായി പറയുന്നതെന്തോ, അതിനെ അവഗണിക്കലാണ് അനുസരണമില്ലായ്മ; പത്തുകല്പനകൾ ലംഘിക്കുന്നതു മാത്രമല്ല അനുസരണമില്ലായ്മയെന്നു നാമറിയണം.

അബ്രഹാം തന്റെ വിശ്വാസത്തിലുറച്ചു നിന്നു. അദ്ദേഹം തന്റെ ദൈവത്തെ വാഴ്ത്തുകയും സ്തുതിക്കുകയും ചെയ്തുകൊണ്ടേയിരുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ അദ്ദേഹം വിശ്വാസത്തിൽ കരുത്തുനേടിയെന്നാണ് ബൈബിൾ പറയുന്നത്.

ദൈവം നമ്മോടെന്തെങ്കിലും പറയുകയോ എന്തെങ്കിലുമൊന്നു ചെയ്യാനാവശ്യപ്പെടുകയോ ചെയ്യുമ്പോൾ, അതിൽ വിശ്വസിക്കാൻ, അല്ലെങ്കിൽ അതു ചെയ്യുവാനാവശ്യമായ വിശ്വാസം നമുക്കു ലഭിക്കുന്നത് ദൈവവചനത്തിൽനിന്നുമാണ്. നാമൊരുകാര്യം ചെയ്യുമെന്നു പ്രതീക്ഷിക്കുകയും, എന്നാൽ നമുക്കതുചെയ്യാനാകുമെന്നു കരുതാനുള്ള കഴിവും നമുക്കു നൽകാതിരിക്കുകയും ചെയ്യുന്നത് വിഡ്ഢിത്തമാണ് - തീർച്ചയായും ദൈവമങ്ങനെ ചെയ്യുകയില്ല. നമുക്ക് വിശ്വാസത്തിലടിയുറച്ച ഹൃദയമുണ്ടായിരിക്കയെന്നത് എത്രമാത്രം അപകടകരമാണെന്ന് ചെകുത്താനറിയാം. അതിനാലാണ് അവൻ നമ്മെ സംശയവും അവിശ്വാസവുമുപയോഗിച്ച് ആക്രമിക്കുന്നത്.

*നമുക്കു വിശ്വാസമില്ലെന്നതല്ല പ്രശ്നം, മറിച്ച് നമ്മുടെ വിശ്വാസത്തെ നുണകളുപയോഗിച്ചു നശിപ്പിക്കാൻ ചെകുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നുവന്നതാണ്.*

ഞാനൊരുദാഹരണം പറയാം. എനിക്ക് ദൈവശുശ്രൂഷയ്ക്കുള്ള വിളി ലഭിച്ച സമയമായിരുന്നു അത്. മറ്റേതൊരു പ്രഭാതവുംപോലെ സാധാരണമായ ഒരു പ്രഭാതമായിരുന്നു അന്നത്തേതും; മൂന്നാഴ്ചമുൻപ് എനിക്കു പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ലഭിച്ചിരുന്നുവെന്നതു മാത്രമാണ് ഒരു പ്രത്യേകത. ദൈവവചന പ്രഘോഷണത്തിന്റെ പാഠങ്ങളുൾക്കൊള്ളുന്ന ആദ്യ കാസറ്റ്. കേട്ടു കഴിഞ്ഞതേയുണ്ടായിരുന്നുള്ളൂ, അപ്പോൾ ഞാൻ റേ മോസ്ഹോൾഡറിന്റെ

'മറുകരയിലേയ്ക്കു കുറുകെ കടക്കുക' എന്ന പേരിലുള്ള പ്രഭാഷണമായിരുന്നു അത്. ഒരു ലേഖനഭാഗത്തുനിന്നും ഒരു മണിക്കൂർ സമയം പ്രഭാഷണം നടത്താൻ, അതും വളരെ രസകരമായി, ആർക്കെങ്കിലും കഴിയുമോയെന്ന് ഞാനദ്ഭുതപ്പെട്ടു.

ഞാൻ പതിവുപോലെ കിടക്ക വിരിക്കുകയായിരുന്നു. പെട്ടെന്ന്, ദൈവ വചനം പഠിപ്പിക്കാനുള്ള തീവ്രമായ ആഗ്രഹം എന്റെയുള്ളിൽ ഉറവപൊട്ടുന്നത് ഞാനറിഞ്ഞു. അപ്പോൾ ഞാൻ കർത്താവിന്റെ സ്വരം കേട്ടു, 'നീ അവിടെ ച്ചെന്ന് എന്റെ വചനം പഠിപ്പിക്കും, ഒരു വലിയ പ്രഭാഷണം നീ നടത്തുകയും ചെയ്യും.'

സത്യത്തിൽ ദൈവമെന്നോടു സംസാരിച്ചുവെന്നോ, അവൻ പറഞ്ഞ കാര്യങ്ങൾ ചെയ്യാനെനിക്കു സാധിക്കുമെന്നോ കരുതാൻ യാതൊരു ന്യായവുമുണ്ടായിരുന്നില്ല. എന്റെയുള്ളിൽത്തന്നെ ഞാൻ ആ സമയത്ത് നിരവധി പ്രശ്നങ്ങളെ നേരിട്ടിരുന്നു. 'ദൈവവേലയ്ക്കു പറ്റിയ ആൾ' ആയിരുന്നു ഞാനെന്നും എനിക്കു തോന്നിയിരുന്നില്ല. എന്നാൽ പലപ്പോഴും ദുർബ്ബലരും വിഡ്ഢികളുമായ ആളുകളെ ഉപയോഗിച്ചാണ് ദൈവം പണ്ഡിതന്മാരെന്നറിയപ്പെടുന്നവരെ അത്ഭുതപ്പെടുത്താറുള്ളത്. (1 കൊരി . 1: 27 KJV ) അവൻ ആളുകളുടെ ശരീരത്തിലല്ല, ഹൃദയത്തിലാണു നോക്കുന്നത്. (1 ശമു. 16: 7) ഹൃദയം ശരിയാണെങ്കിൽ ദൈവത്തിന് ശരീരത്തെ മാറ്റാൻ കഴിയും.

വാസ്തവത്തിൽ, എന്റെ തോന്നൽ യാഥാർത്ഥ്യമായിത്തീരുമെന്നു കരുതാൻ യാതൊരു ന്യായവുമില്ലാതിരുന്നിട്ടും, എന്റെയുള്ളിൽ അങ്ങനെയൊരാഗ്രഹമുണ്ടായപ്പോൾ, ഞാനെന്തുചെയ്യണമെന്നു ദൈവമാഗ്രഹിക്കുന്നുവോ, അതു ചെയ്യാൻ സാധിക്കുമെന്ന വിശ്വാസമെനിക്കുണ്ടായി. ദൈവമൊരാളെ വിളിക്കുമ്പോൾ, ആ വിളിയേറ്റെടുക്കാനുള്ള ആഗ്രഹവും വിശ്വാസവും കഴിയും അവനയാൾക്കു നൽകുന്നു.

തന്റെ ജനങ്ങളുടെയുള്ളിൽ, അവരുടെ ഹൃദയത്തിൽ സ്വപ്നങ്ങളും ദർശനങ്ങളും നിറയ്ക്കുന്നതു ദൈവമാണ്; ചെറിയ 'വിത്തു'കളായാണ് അവയുടെ തുടക്കം. തന്റെ ഗർഭപാത്രത്തിലെത്തുന്ന ഒരു വിത്തിലൂടെ ഒരു സ്ത്രീ ഗർഭിണിയായിത്തീരുന്നതുപോലെ, ദൈവം സംസാരിക്കുകയും വാഗ്ദാനം നൽകുകയും ചെയ്യുന്ന കാര്യങ്ങളിലൂടെ നാം 'ഗർഭം ധരിക്കുന്നു'. 'നമ്മുടെ ദൈവിക ഗർഭത്തെ' 'അലസിപ്പിക്കുന്നതിനു'വേണ്ടി, നമ്മുടെ സ്വപ്നങ്ങളെ ഒഴിവാക്കുന്നതിനായി ചെകുത്താൻ കിണഞ്ഞു ശ്രമിക്കുന്നു. അതിനുവേണ്ടി അവനുപയോഗിക്കുന്ന ആയുധങ്ങളിലൊന്ന് സംശയമാണ്; മറ്റൊന്ന് അവിശ്വാസവും. ഇവ രണ്ടും മനസ്സിനെതിരെ പ്രവർത്തിക്കുന്നവയാണ്.

വിശ്വാസം ആത്മാവിന്റെ ഉല്പന്നമാണ്; അതൊരു ആത്മീയശക്തിയാണ്. നിങ്ങളും ഞാനും, നമ്മുടെ മനസ്സുകളെ നമ്മുടെ ആത്മാവുമായി യോജിപ്പോടെ പ്രവർത്തിപ്പിക്കുന്നതു കാണാൻ നമ്മുടെ ശത്രു ഇഷ്ടപ്പെടുന്നില്ല. ദൈവം, ഏതെങ്കിലുമൊരു കാര്യം ചെയ്യാനുള്ള വിശ്വാസം നമ്മുടെയുള്ളിൽ നിറയ്ക്കുകയും, നാമതനുസരിച്ച് ക്രിയാത്മകമായ പ്രവർത്തിക്കാനാരംഭിക്കുകയും, നമുക്കതു ചെയ്യാനാവുമെന്ന് നാം വിശ്വസിക്കുകയും ചെയ്താൽ, ചെകുത്താന്റെ സാമ്രാജ്യത്തിന് കാര്യായ തകരാറു വരുത്തിവെയ്ക്കാൻ നമുക്കു കഴിയുമെന്ന് അവനറിയാം.

## വെള്ളത്തിനുമേൽ നടന്നുകൊണ്ടിരിക്കുക

**പടകോ കരവിട്ടു പല നാഴിക ദൂരത്തായി, കാറ്റു പ്രതികൂലമാകകൊണ്ടു തിരകളാൽ വലഞ്ഞിരുന്നു. രാത്രിയിലെ നാലാം യാമത്തിൽ അവൻ കടലിന്മേൽ നടക്കുന്നതു കണ്ടിട്ടു ശിഷ്യന്മാർ ഭ്രമിച്ചു. അതാ ഒരു ഭൂതം എന്നു പറഞ്ഞു പേടിച്ചു നിലവിളിച്ചു. ഉടനെ യേശു അവരോടു:**

**ധൈര്യപ്പെടുവിൻ, ഞാൻ ആകുന്നു, പേടിക്കേണ്ടാ എന്നു പറഞ്ഞു.**

**അതിനു പത്രോസ്: കർത്താവേ, നീ ആകുന്നു എങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കെ വരേണ്ടതിനു കല്പിക്കേണം എന്നു പറഞ്ഞു.**

**വരിക എന്നു അവൻ പറഞ്ഞു പത്രൊസ് പടകിൽനിന്നു ഇറങ്ങി,, യേശുവിന്റെ അടുക്കൽ ചെല്ലുവാൻ വെള്ളത്തിന്മേൽ നടന്നു.**

**എന്നാൽ അവൻ കാറ്റു കണ്ടു പേടിച്ചു മുങ്ങിത്തുടങ്ങുകയാൽ: കർത്താവേ,. എന്നെ രക്ഷിക്കേണമെ എന്നു നിലവിളിച്ചു അല്പവിശ്വാസിയേ, നീ എന്തിനു സംശയിച്ചു എന്നു പറഞ്ഞു.**

**മത്തായി 14: 24 – 32**

ശത്രുവിന്റെ പദ്ധതിയെന്താണെന്നു നിങ്ങൾക്കു മനസ്സിലാക്കിത്തരുന്നതിനു വേണ്ടി അവസാനഭാഗം അടിവരയിട്ടു പറയാൻ ഞാനാഗ്രഹിക്കുന്നു. താൻ ഇതിനു മുൻപൊരിക്കലും ചെയ്തിട്ടില്ലാത്ത ഒരു പ്രവൃത്തി ചെയ്യുന്നതിനുവേണ്ടിയാണ് പത്രോസ് വഞ്ചിയിൽ നിന്നുമിറങ്ങിയത്. വാസ്തവത്തിൽ, യേശുവൊഴികെ മറ്റാരും ഇതിനുമുൻപ് അതു ചെയ്തിരുന്നില്ല.

*അതിന് വിശ്വാസമാവശ്യമായിരുന്നു!*

പത്രോസിനൊരു തെറ്റുപറ്റി; അയാൾ കൊടുങ്കാറ്റു നിരീക്ഷിച്ചുകൊണ്ട് ഏറെ സമയം ചെലവഴിച്ചു. അങ്ങനെ അയാൾ ഭയചകിതനായിത്തീർന്നു. സംശയത്തിന്റേയും അവിശ്വാസത്തിന്റെയും ഭാരം അയാൾക്കുമേൽ അനുഭവപ്പെട്ടു; അപ്പോഴാണയാൾ മുങ്ങിത്താഴാൻ തുടങ്ങിയത്. ഉടൻ തന്നെ രക്ഷിക്കണമെയെന്ന് അയാൾ യേശുവിനെ വിളിച്ചപേക്ഷിച്ചു; യേശു അയാളെ രക്ഷിക്കുകയും ചെയ്തു. എന്നാൽ നാം ശ്രദ്ധിക്കേണ്ട കാര്യം, *പത്രോസ് വഞ്ചിയിലേക്കു കയറിയ ഉടൻതന്നെ കാറ്റു ശമിച്ചുവെന്നതാണ്.*

റോമർ 4: 18– 21 ൽ തന്റെ അവിശ്വസനീയമായ സാഹചര്യങ്ങളിൽപ്പോലും , അബ്രഹാം ദൈവത്തെ അവിശ്വസിക്കാനൊരുങ്ങിയില്ല എന്നു പറഞ്ഞിട്ടുള്ളതു ശ്രദ്ധിക്കുക. തന്റെ സാഹചര്യങ്ങൾ എത്രത്തോളം അസാധ്യമാണെന്ന് അബ്രഹാമിനറിയാമായിരുന്നു. എങ്കിലും അദ്ദേഹം പീറ്റർ ചെയ്തതുപോലെ ആ സാഹചര്യങ്ങളെക്കുറിച്ചു ചിന്തിക്കുകയോ സംസാരിക്കുകയോ ചെയ്ത് സമയം പാഴാക്കുകയല്ല ചെയ്തത് എന്നു ഞാൻ കരുതുന്നു. നിങ്ങളും ഞാനുമൊക്കെ നമ്മുടെ സാഹചര്യങ്ങൾ മനസ്സിലാക്കിയിരിക്കുന്നതിൽ തെറ്റില്ല; എന്നാൽ അതെക്കുറിച്ച് ചിന്തിച്ചുകൊണ്ടേയിരിക്കുന്നതിനു പകരം, നമുക്കു കരുത്തേകുന്നതും, നമ്മുടെ വിശ്വാസത്തെ മെച്ചപ്പെടുത്തുന്നതുമായ മറ്റേതെങ്കിലും വിഷയത്തെക്കുറിച്ച് ബോധപൂർവ്വം ചിന്തിക്കുകയാണു വേണ്ടത്.

ഇക്കാരണത്താലാണ്, ദൈവത്തെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്നതിൽ വ്യാപൃതനായി അബ്രഹാം തന്റെ സമയമത്രയും ചെലവഴിച്ചത്. പ്രതി

കൂല സാഹചര്യങ്ങളിൽപ്പോലും നമുക്കു ശരിയെന്നു തോന്നുന്ന കാര്യങ്ങളിൽ മുഴുകുമ്പോൾ നമുക്കു ദൈവത്തെ വാഴ്ത്താൻ കഴിയുന്നു. ആത്മീയ പോരാട്ടത്തിലേർപ്പെടുമ്പോൾ, സത്യത്തിന്റെ അരപ്പട്ട മുറുക്കേണ്ടതുണ്ടെന്ന് എഫേസോസുകാർ 6: 14 ൽ നാം മനസ്സിലാക്കുന്നു.

നിങ്ങളുടെ ജീവിതത്തിൽ കൊടുങ്കാറ്റാഞ്ഞടിക്കുമ്പോൾ, രണ്ടു കാലുകളും നിലത്തുറപ്പിക്കുക, നിങ്ങളുടെ മുഖം വെള്ളാരങ്കല്ലുപോലെ കഠിനമാക്കുക, വഞ്ചിയിൽ നിന്നും പുറത്തിറങ്ങിനിൽക്കാൻ പരിശുദ്ധാത്മാവിൽ തീരുമാനമെടുക്കുക. സുരക്ഷിതമായ ഒരിടത്ത് നിങ്ങൾ അഭയം പ്രാപിക്കുന്നതോടെ കൊടുങ്കാറ്റ് ശമിച്ചുകൊള്ളും.

നിങ്ങളെ ഭയപ്പെടുത്തുന്നതിനുവേണ്ടിയാണ് ചെകുത്താൻ നിങ്ങളുടെ ജീവിതത്തിലേയ്ക്ക് കൊടുങ്കാറ്റഴിച്ചു വിടുന്നത്. കൊടുങ്കാറ്റിന്റെ വേളയിൽ നിങ്ങളുടെ മനസ്സ് യുദ്ധക്കളമായി മാറുന്നുവെന്ന് ഓർമ്മിച്ചുകൊള്ളുക. അത്തരം സമയങ്ങളിൽ തീരുമാനങ്ങളെടുക്കേണ്ടത് ഒരിക്കലും നിങ്ങളുടെ ചിന്തകളെയോ വികാരങ്ങളെയോ ആശ്രയിച്ചായിരിക്കരുത്, മറിച്ച് നിങ്ങളുടെ ആത്മാവു നടത്തുന്ന വിലയിരുത്തലിലൂടെയായിരിക്കണം. അങ്ങനെ ചെയ്യുമ്പോൾ, തുടക്കത്തിലുണ്ടായിരുന്ന അതേ ദർശനം കണ്ടെത്താൻ നിങ്ങൾക്കു സാധിക്കും.

## ഒരിക്കലും ചഞ്ചലപ്പെടരുത്

**നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ; അപ്പോൾ അവന്നു ലഭിക്കും. എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കേണം. സംശയിക്കുന്നവൻ കാറ്റടിച്ചു അലയുന്ന കടൽത്തിരയ്ക്കു സമൻ. ഇങ്ങനെയുള്ള മനുഷ്യൻ കർത്താവിങ്കൽനിന്നു വല്ലതും ലഭിക്കും എന്നു നിരൂപിക്കരുത്. ഇരുമനസ്സുള്ള മനുഷ്യൻ തന്റെ വിഴികളിൽ ഒക്കെയും അസ്ഥിരൻ ആകുന്നു.**

**യാക്കോബ് 1: 5–7**

എന്റെ സുവിശേഷകനായിരുന്ന റിക്ക് ഷെൽട്ടൺ പറയുന്ന ഒരു കഥയുണ്ട്. ബൈബിൾ കോളജിൽനിന്നും ബിരുദമെടുത്തതിനുശേഷം എന്തുചെയ്യണമെന്നു തീരുമാനിക്കാനാവാതെ അദ്ദേഹം ചിന്താക്കുഴപ്പത്തിലായിരുന്നു ആ സമയത്ത്. മിസ്സൗറിയിലെ സെന്റ് ലൂയിസിലേക്കു മടങ്ങിപ്പോയി അവിടെയൊരു പള്ളി തുടങ്ങണമെന്ന ആഗ്രഹം ദൈവം അദ്ദേഹത്തിന്റെ ഹൃദയത്തിൽ വളരെ ശക്തമായിത്തന്നെ ഉറപ്പിച്ചിരുന്നു. ബിരുദം നേടിയതിനുശേഷം അങ്ങനെ ചെയ്യാനായിരുന്നു അദ്ദേഹത്തിന്റെ തീരുമാനവും. എന്നാൽ പോകേണ്ട സമയമായപ്പോഴേക്കും അദ്ദേഹം സംശയത്തിന്റെ പിടിയിലായിരുന്നു. കേവലം അമ്പതു ഡോളറുകൾ മാത്രമാണു തന്റെ കൈയ്യിലുള്ളത്. ഭാര്യയും ഒരു കുട്ടിയുമുണ്ട്. രണ്ടാമതൊരു കുട്ടി പിറക്കാൻ പോകുന്നു. സാഹചര്യങ്ങൽ തന്റെ തീരുമാനം നടപ്പിലാക്കുന്നതിന് തീരെ അനുകൂലമല്ലെന്ന് അദ്ദേഹത്തിനു തോന്നി.

ഇതേ സമയത്ത്, മറ്റു രണ്ട് ശുശ്രൂഷാസംഘങ്ങളിൽ ചേരാനുള്ള ക്ഷണമദ്ദേഹത്തിനു ലഭിക്കുകയും ചെയ്തു. ദീർഘകാലമായി നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായിരുന്നു അവ. അവിടെ ലഭിക്കാൻ പോകുന്ന ശമ്പളം വളരെ ഉയർന്നതായിരുന്നു. ആകർഷകമായ അവസരങ്ങളദ്ദേഹത്തിന് ലഭിക്കും എന്നു മാത്രമല്ല, ഉയർന്ന നിലയിൽ പ്രവർത്തിക്കുന്ന അത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യാൻ കഴിയുന്നതുതന്നെ അഭിമാനകരമാണ് എന്നദ്ദേഹ

ത്തിനറിയാമായിരുന്നു. അദ്ദേഹം എന്തു തീരുമാനിക്കണമെന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിച്ചു; കൂടുതലാലോചിക്കുംതോറും അദ്ദേഹം കൂടുതൽ ചിന്താക്കുഴപ്പത്തിൽപെടുകയും ചെയ്തു (സംശയം അദ്ദേഹത്തെ സന്ദർശിക്കുന്ന സമയമായിരുന്നു അതെന്നു തോന്നുന്നു.)

താനെന്താണു ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് മുൻപ് അദ്ദേഹത്തിന് ദൃഢമായ തീരുമാനമുണ്ടായിരുന്നു. എന്നാൽ ഇപ്പോഴദ്ദേഹം രണ്ടു തീരുമാനങ്ങൾക്കിടയിൽ ചഞ്ചലപ്പെട്ടിരിക്കുകയാണ്. തന്റെ ഭൗതിക സാഹചര്യങ്ങൾ സെന്റ് ലൂയിസിലേക്കു പോകുന്നതിനനുകൂലമല്ലാത്തതിനാൽ തനിക്കു ലഭിച്ച പുതിയ വാഗ്ദാനങ്ങളിലേതെങ്കിലുമൊന്നു സ്വീകരിക്കുന്നതിനെക്കുറിച്ച് അദ്ദേഹം ആലോചിച്ചു; എന്നാൽ അക്കാര്യത്തിൽ സമാധാനകരമായ തീരുമാനമെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞതുമില്ല. ഒടുവിൽ, തനിക്കു ജോലി വാഗ്ദാനം ചെയ്ത സുവിശേഷ പ്രസംഗകരിലൊരാളുടെ തന്നെ ഉപദേശമാരായാൻ അദ്ദേഹം തീരുമാനിച്ചു. അദ്ദേഹം റിക്ക് ഷെൽട്ടണു നൽകിയ വിവേകപൂർവ്വമായ ഉപദേശമിതായിരുന്നു. 'എങ്ങോട്ടെങ്കിലും പോവുക, ശാന്തമായിരിക്കുക, എന്നിട്ട് തലകൊണ്ടു ചിന്തിക്കുന്നത് തൽക്കാലത്തേക്കവസാനിപ്പിക്കുക. നിങ്ങളുടെ ഹൃദയത്തിനുള്ളിലേയ്ക്കു നോക്കുക. അവിടെയെന്താണോ ഉള്ളത്, അതിനനുസൃതമായി പ്രവർത്തിക്കുക.

തനിക്കു കിട്ടിയ ഉപദേശമനുസരിച്ചു പ്രവർത്തിച്ച റിക്ക് ഷെൽട്ടണു മനസ്സിലായത്, തന്റെ ഹൃദയത്തിനുള്ളത് സെന്റ് ലൂയിസിലെ പള്ളിയാണെന്നായിരുന്നു. എങ്ങനെ തനിക്കതു പ്രാവർത്തികമാക്കാൻ പറ്റുമെന്നതിനെക്കുറിച്ച് അദ്ദേഹം സംശയാലുവായിരുന്നെങ്കിലും, അനുസരണയോടെ അദ്ദേഹം സെന്റ് ലൂയിസിലേയ്ക്കു പോയി. അത്ഭുതകരമായിരുന്നു അതിന്റെ ഫലങ്ങൾ.

ഇന്ന് സെന്റ് ലൂയിസിലെ 'ലൈഫ് ക്രിസ്ത്യൻ സെന്ററി'ന്റെ സ്ഥാപകനും മുതിർന്ന് സുവിശേഷകനുമാണ് റിക്ക് ഷെൽട്ടൺ. ഏതാണ്ട് മൂവായിരം വിശ്വാസികളും ലോകമെമ്പാടും ബന്ധങ്ങളുമുണ്ട് ലൈഫ് ക്രിസ്ത്യൻ സെന്ററിന്. അവിടെ നടക്കുന്ന ശുശ്രൂഷയിലൂടെ ആയിരക്കണക്കിന് ആളുകളുടെ ജീവിതങ്ങളാണ് പരിവർത്തനം ചെയ്യപ്പെട്ടതും അനുഗ്രഹിക്കപ്പെട്ടതും. അഞ്ചുവർഷക്കാലം ഞാനവിടെ സഹസുവിശേഷകയായി ജോലി ചെയ്തിട്ടുണ്ട്. ആ സമയത്താണ് എന്റെ ശുശ്രൂഷാവേദിയായ 'ലൈഫ് ഇൻ ദ വേഡ്' രൂപം കൊണ്ടത്. ഹൃദയത്തിൽ നോക്കിക്കൊണ്ട് തീരുമാനമെടുക്കുന്നതിനു പകരം തലയുടെ തീരുമാനത്താൽ നയിക്കപ്പെട്ടിരുന്നനെങ്കിൽ സംശയത്താലും അവിശ്വാസത്താലും എത്രവലിയൊരു സമ്പത്തായിരിക്കും ചെകുത്താൻ അപഹരിക്കുമായിരുന്നത് എന്നാലോചിച്ചു നോക്കുക.

## സംശയം നിങ്ങൾ തിരഞ്ഞെടുക്കുന്നതാണ്

**രാവിലെ അവൻ നഗരത്തിലേക്കു മടങ്ങിപ്പോകുന്ന സമയം വിശന്നിട്ടു വഴിയരികെ ഒരു അത്തി വൃക്ഷം കണ്ടു, അടുക്കെ ചെന്നു, അതിൽ ഇലയല്ലാതെ ഒന്നും കാണായ്കയാൽ: ഇനി നിന്നിൽ ഒരുനാളും ഫലം ഉണ്ടാകാതെ പോകട്ടെ എന്നു അതിനോടു പറഞ്ഞു;**

**ക്ഷണനേരത്തിൽ അത്തി ഉണങ്ങിപ്പോയി. ശിഷ്യന്മാർ അതു കണ്ടാറെ അത്തി ഇത്ര ക്ഷണത്തിൽ ഉണങ്ങിപ്പോയതു എങ്ങനെ എന്നു പറഞ്ഞു ആശ്ചര്യപ്പെട്ടു.**

**അതിനു യേശു: നിങ്ങൾ സംശയിക്കാതെ വിശ്വാസം ഉള്ളവരാകയാൽ ഈ അത്തിയോടു ചെയ്തതു നിങ്ങളും ചെയ്യും; എന്നു മാത്രമല്ല, ഈ മലയോടു നീങ്ങി കടലിലേക്കു**

**ചാടിപ്പോക എന്നു പറഞ്ഞാൽ അതും സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നിങ്ങൾ വിശ്വസിച്ചുകൊണ്ടു പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു ലഭിക്കും എന്നു ഉത്തരം പറഞ്ഞു.**

**മത്തായി 21: 18–22**

ഒരൊറ്റവാക്കുകൊണ്ട് അത്തിമരത്തെ നശിപ്പിക്കാൻ എങ്ങനെയാണു യേശുവിനു കഴിഞ്ഞതെന്ന് അത്ഭുതത്തോടെ ചോദിച്ച ശിഷ്യന്മാരോട് അവനിങ്ങനെ മറുപടി പറഞ്ഞു. '*നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ, നിങ്ങൾ സംശയിക്കുന്നില്ലെങ്കിൽ*, ഞാനീ അത്തിമരത്തോടു ചെയ്തതു മാത്രമല്ല, അതിലധികവും നിങ്ങൾക്കു ചെയ്യാൻ കഴിയും.' യോഹ. 14: 12

വിശ്വാസം ദൈവത്തിന്റെ ദാനമാണെന്ന് നമുക്ക് എല്ലാവർക്കുമറിയാം, നമുക്ക് വിശ്വാസമുണ്ടെന്നറിയാം. (റോമ. 12: 3) എന്നാൽ സംശയം നമ്മൾ തിരഞ്ഞെടുക്കുന്നതാണ്. നമ്മുടെ മനസ്സുകൾക്കെതിരേ ചെകുത്താൻ നടത്തുന്ന പോരാട്ടത്തിന്റെ ഭാഗമാണത്.

സ്വന്തം ചിന്തകളെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ട്. സംശയം നിങ്ങളുടെയുള്ളിലേക്കു കടന്നുവരുമ്പോൾ അതിനെ തിരിച്ചറിയുക. എന്നിട്ട് അതിനോടിങ്ങനെ പറയുക, വേണ്ട, എനിക്കു നിന്നെ ആവശ്യമില്ല. വിശ്വാസത്തിലുറച്ചു നിൽക്കുക.!

തീരുമാനം നിങ്ങളുടേതാണ്!

## അവിശ്വാസം അനുസരണമില്ലായ്മയാണ്.

**അവർ പുരുഷാരത്തിന്റെ അടുക്കൽ വന്നാറെ ഒരു മനുഷ്യൻ വന്നു അവന്റെ മുമ്പാകെ മുട്ടുകുത്തി.**

**കർത്താവേ, എന്റെ മകനോടു കരുണയുണ്ടാകേണമേ; അവൻ ചന്ദ്രരോഗം പിടിച്ചു പലപ്പോഴും തീയിലും പലപ്പോഴും വെള്ളത്തിലും വീണു വല്ലാത്ത കഷ്ടത്തിലായിപ്പോകുന്നു. ഞാൻ അവനെ നിന്റെ ശിഷ്യന്മാരുടെ അടുക്കൽ കൊണ്ടുവന്നു; എന്നാൽ സൗഖ്യം വരുത്തുവാൻ അവർക്കു കഴിഞ്ഞില്ല എന്നു പറഞ്ഞു.**

**അതിനു യേശു; അവിശ്വാസവും കോട്ടവുമുള്ള തലമുറയേ, എത്രത്തോളം ഞാൻ നിങ്ങളോടുകൂടെ ഇരിക്കും? എത്രത്തോളും നിങ്ങളെ സഹിക്കും? അവനെ എന്റെ അടുക്കൽ കൊണ്ടു വരുവിൻ എന്നു ഉത്തരം പറഞ്ഞു. യേശു ഭൂതത്തെ ശാസിച്ചു. അതു അവനെ വിട്ടുപോയി. ബാലന്നു ആ നാഴിക മുതൽ സൗഖ്യം വന്നു.**

**പിന്നെ ശിഷ്യന്മാർ സ്വകാര്യമായി യേശുവിന്റെ അടുക്കൽ വന്നു: ഞങ്ങൾക്കു അതിനെ പുറത്താക്കിക്കൂടാഞ്ഞതു എന്തു എന്നു ചോദിച്ചു. അവൻ അവരോടു: നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രേ;**

**മത്തായി 17: 14–20**

അവിശ്വാസം അനുസരണമില്ലായ്മയിലേക്കു നയിക്കുന്നുവെന്ന കാര്യം ഓർമ്മിച്ചുകൊള്ളുക.

ഒരു പക്ഷേ, ഇത്തരം സന്ദർഭങ്ങളിൽ എന്താണു ചെയ്യേണ്ടതെന്ന് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ അവിശ്വാസത്താൽ,

അതു നിറവേറ്റാൻ അവർക്കു കഴിഞ്ഞിട്ടുണ്ടാവില്ല; വിശ്വാസമില്ലായ്മയാണ് അവർ വിജയിക്കുന്നതിന്റെ കാരണമെന്നർത്ഥം.

സംശയമെന്നതുപോലെ, അവിശ്വാസവും, ഏതു ജോലി ചെയ്യാനാണോ ദൈവം നമ്മെ തിരഞ്ഞെടുത്തിട്ടുള്ളത്, അതിൽനിന്നും നമ്മെ തടയുന്നു. നമ്മുടെ ആത്മാവ് ദൈവത്തിൽ വിശ്രമിക്കുമ്പോൾ ഏതൊരു സമാധാനമനുഭവിക്കാനാണോ അവനാഗ്രഹിക്കുന്നത്, അതനുഭവിക്കാൻ നമുക്കു കഴിയാതെയും വരുന്നു. (മത്തായി 11: 28, 29 KJV)

## സാബത്തിലെ വിശ്രമം

**അതുകൊണ്ടു ആരും അനുസരണക്കേടിന്റെ സമദൃഷ്ടാന്തത്തിനൊത്തവണ്ണം വീഴാതിരിക്കേണ്ടതിനു നാം ആ സ്വസ്ഥതയിൽ പ്രവേശിപ്പാൻ ഉത്സാഹിക്ക.**

**എബ്രായർ 4: 11**

എബ്രായർ നാലാം അദ്ധ്യായം മുഴുവൻ വായിക്കുമ്പോൾ അതിൽ ദൈവ ജനങ്ങൾക്കു ലഭ്യമായ സാബത്ത് വിശ്രമത്തെക്കുറിച്ചു സൂചിപ്പിക്കുന്നതിനായി കാണാം. പഴയനിയമത്തിന്റെ കാലത്ത്, സാബത്ത് വിശ്രമദിനമായാണ് ആചരിക്കപ്പെട്ടിരുന്നത്. എന്നാൽ, പുതിയ നിയമത്തിലാകട്ടെ, ആത്മീയ വിശ്രമമായാണ് സാബത്തിനെക്കുറിച്ചു പറയുന്നത്. ദുഃഖിക്കാനോ ഉത്ക്കണ്ഠപ്പെടാനോ തയ്യാറാകാതിരിക്കുകയെന്നത്, ഓരോ വിശ്വാസിയുടെയും ഭാഗ്യമാണ്. വിശ്വാസികളെന്ന നിലയിൽ നിങ്ങൾക്കും എനിക്കുമെല്ലാം ദൈവത്തിന്റെ വിശ്രമത്തിൽ പ്രവേശിക്കാൻ കഴിയും.

വിശ്വാസത്തിലൂടെയല്ലാതെ നമുക്ക് ദൈവത്തിന്റെ വിശ്രമത്തിൽ പ്രവേശിക്കാനാവില്ലെന്ന് എബ്രായർ 4: 11 ശ്രദ്ധാപൂർവ്വം വായിക്കുമ്പോൾ നമുക്കു മനസ്സിലാകും; എന്നു മാത്രമല്ല, അവിശ്വാസത്താലും അനുസരണക്കേടിനാലും നാമതു നഷ്ടപ്പെടുത്തുകയാണെന്നും നാമറിയുന്നു. അവിശ്വാസം നമ്മെ വിജനതയിലെ ജീവിതത്തിലാണു തളച്ചിടുന്നത്; എന്നാൽ യേശു നമുക്ക് സ്ഥിരമായ വിശ്രമസ്ഥാനമാണു നൽകിയിട്ടുള്ളത്, വിശ്വാസത്തിലധിഷ്ഠിതമായ ജീവിതത്തിലൂടെ മാത്രം സ്വായത്തമാക്കാൻ കഴിയുന്നതാണ്.

## വിശ്വാസത്തിൽ നിന്നും വിശ്വാസത്തിലേയ്ക്കു

**ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിന്നായിക്കൊണ്ടും വെളിപ്പെടുന്നു, "നീതിമാൻ വിശ്വാസത്തിൽ ജീവിക്കും" എന്ന് എഴുതയിരിക്കുന്നുവല്ലോ.**

**റോമർ 1: 17 KJV**

ഈ വാക്യത്തിന്റെ ആശയം വിശദമാക്കുന്ന ഒരു സംഭവം ഞാനോർമ്മിക്കുകയാണ്. ഒരു ദിവസം വൈകുന്നേരം എന്തോ ജോലി ചെയ്യാനാലോചിച്ചുകൊണ്ട് ഞാൻ വീടിനുള്ളിൽ നടക്കുകയായിരുന്നു. എന്തോ കാരണത്താൽ ഞാനപ്പോൾ വല്ലാതെ ദുഃഖിതയായിരുന്നു. എനിക്കു യാതൊരു സന്തോഷവുമില്ലായിരുന്നു - എന്റെ ഹൃദയത്തിൽ തെല്ലും സമാധാനമുണ്ടായിരുന്നില്ല. 'എന്താണെനിക്കു സംഭവിച്ചത്?' ഞാൻ കർത്താവിനോട് ചോദിച്ചുകൊണ്ടേയിരുന്നു. എന്റെ പ്രശ്നമെന്താണെന്നറിയാനെനിക്ക് അതിയായ താല്പര്യമുണ്ടായിരുന്നു. യേശുവിനോടൊപ്പമുള്ള സഞ്ചാരത്തിലൂടെ ഞാൻ മനസ്സിലാക്കിയിട്ടുള്ള കാര്യങ്ങളെല്ലാം അനുസരിക്കാൻ ഞാൻ ആത്മാർത്ഥമായി ശ്രമിച്ചിരുന്നു; എങ്കിലും എന്തോ ഒന്നിന്റെ കുറവെനിക്കനുഭവപ്പെട്ടുകൊണ്ടിരുന്നു.

അപ്പോഴാണ് ഫോൺ ബെല്ലടിച്ചത്. സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ, മേശപ്പുറത്തിരുന്ന കാർഡുകൾ ഞാനറിയാതെ മറിച്ചുനോക്കി. വേദപുസ്തകത്തിലെ വചനങ്ങളെഴുതിയ ആ കാർഡുകൾ ആരോ എനിക്കയച്ചുതന്നവയായിരുന്നു. ഞാനവ വായിക്കുകയായിരുന്നില്ല, വെറുതെ മറിച്ചുനോക്കുകമാത്രം, അതു സംഭാഷണത്തിലേർപ്പെടുന്നതിനിടയിൽ. സംസാരിച്ചു കഴിഞ്ഞപ്പോൾ അവയ്ക്കിടയിൽ നിന്നുമൊരെണ്ണം വെറുതെ തിരഞ്ഞെടുത്തു വായിക്കാൻ ഞാൻ തിരുമാനിച്ചു - ഒരു പക്ഷേ, പ്രോത്സാഹജനകമായ എന്തെങ്കിലും അതിലുണ്ടെങ്കിലോ?

ഞാനെടുത്ത കാർഡിലെഴുതിയിരുന്നതിങ്ങനെയായിരുന്നു: **'നിങ്ങളുടെ പ്രത്യാശയുടെ ദൈവം, വിശ്വാസത്താൽ, നിങ്ങളെ ആനന്ദംകൊണ്ടും സമാധാനം കൊണ്ടും നിറയ്ക്കട്ടെ. അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങളിൽ പ്രത്യാശ നിറഞ്ഞുകവിഞ്ഞൊഴുകട്ടെ.'**

*എനിക്കു വേണ്ടതു തന്നെയാണു ഞാൻ കണ്ടെത്തിയത്!*

സംശയവും അവിശ്വാസവുമായിരുന്നു എന്റെ യഥാർത്ഥ പ്രശ്നം. ചെകുത്താന്റെ നുണകൾ വിശ്വസിക്കുന്നതിലൂടെയാണ് ഞാൻ എന്റെ സന്തോഷം നശിപ്പിച്ചുകൊണ്ടിരുന്നത്. ഞാൻ നിഷേധാത്മകമായി ചിന്തിക്കുകയായിരുന്നു. വിശ്വസിക്കാത്തതിനാലാണ് എനിക്കു സന്തോഷമോ സമാധാനമോ കിട്ടാതെയിരുന്നത്. അവിശ്വാസത്തിൽ ജീവിക്കുന്ന ഒരാൾക്ക് സന്തോഷവും സമാധാനവും കിട്ടുകയെന്നതസാധ്യമാണ്.

*ചെകുത്താനിലല്ല, ദൈവത്തിൽ വിശ്വസിക്കുമെന്ന് ദൃഢനിശ്ചയം ചെയ്യുക!*

വിശ്വാസത്തിൽനിന്നും വിശ്വാസത്തിലേയ്ക്കു ജീവിക്കാൻ ശ്രമിക്കുക. റോമാക്കാർ 1: 17 അനുസരിച്ച്, അങ്ങനെ ജീവിക്കുമ്പോഴാണ്, നമ്മുടെ മുൻപിൽ ദൈവത്തിന്റെ നീതി വെളിപ്പെടുന്നത്. വിശ്വാസത്തിൽനിന്നും വിശ്വാസത്തിലേക്കു ജീവിക്കുന്നതിനു പകരം, ഞാൻ വിശ്വാസത്തിൽനിന്നും സംശയത്തിലേക്കും അവിടെനിന്നും അവിശ്വാസത്തിലേക്കുമാണ് ജീവിച്ചുകൊണ്ടിരുന്നതെന്ന് കർത്താവെനിക്കു കാട്ടിത്തന്നു. വീണ്ടും കുറച്ചു സമയത്തേക്ക് ഞാൻ വിശ്വാസത്തിലേക്കു തിരിച്ചുപോകും; എന്നാൽ ഏറെത്താമസിയാതെ വീണ്ടും സംശയത്തിലേക്കും അവിശ്വാസത്തിലേക്കും ഞാൻ അധഃപതിക്കും. ഒന്നിൽനിന്നും മറ്റൊന്നിലേക്ക് ഞാനിങ്ങനെ സ്ഥിരമായി ചലിച്ചുകൊണ്ടിരിക്കും. അതിനാലാണ്, എന്റെ ജീവിതത്തിൽ ഒട്ടേറെ കുഴപ്പങ്ങളും നിരാശയുമുണ്ടായിരുന്നത്.

മനസ്സുറപ്പില്ലാത്ത ഒരാൾ എല്ലാക്കാര്യങ്ങളിലും ചഞ്ചലപ്പെട്ടുകൊണ്ടിരിക്കുമെന്നും, അയാൾക്കാവശ്യമുള്ളതൊന്നും കർത്താവിൽനിന്നു ലഭിക്കുമെന്നും കരുതേണ്ടതില്ലെന്നും വിശുദ്ധ പുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (യാക്കോബ് 1:7, 8 KJV ) നിങ്ങളുടെ മനസ്സ് ചഞ്ചലപ്പെടുയില്ലെന്നും, നിങ്ങൾ സംശയത്തിൽ ജീവിക്കുകയില്ലെന്നും തീരുമാനിക്കുക.

ദൈവം നിങ്ങൾക്കുവേണ്ടി മഹത്തായ ഒരു ജീവിതം കരുതിവെച്ചിട്ടുണ്ട്. നുണപറഞ്ഞ് ചെകുത്താനത് നിങ്ങളിൽനിന്നും തട്ടിയെടുക്കാനുവദിക്കരുത്! **'അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിന്നു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കുക.'** (2 കൊരി: 10:5)

# 12

# ആകുലതയും ദുഃഖവുമനുഭവിക്കുന്ന മനസ്സ്

**കോപം കളഞ്ഞു ക്രോധം ഉപേക്ഷിക്ക; മുഷിഞ്ഞു പോകരുതു; അതു ദോഷത്തിനു ഹേതുവാകയേയുള്ളൂ.**

**സങ്കീ. 37: 8**

കർത്താവിനെ സേവിക്കുന്നതിൽനിന്നും നമ്മെ അലോസരപ്പെടുത്തുന്നതിനായി ചെകുത്താൻ നടത്തുന്ന ആക്രമണ മാർഗ്ഗങ്ങളാണ് ആകുലതയും ദുഃഖവും. നമ്മുടെ വിശ്വാസത്തെ അടിച്ചമർത്തുന്നതിനുവേണ്ടിയും ശത്രു ഇവയെ ഉപയോഗിക്കുന്നുണ്ട്, അങ്ങനെ ചെയ്താൽ വിശ്വാസം ഉയിർത്തെഴുന്നേൽക്കുകയോ ജീവിതവിജയം നേടാൻ നമ്മെ സഹായിക്കുകയോ ചെയ്യില്ല എന്ന ഉദ്ദേശത്തോടെ.

ചിലയാളുകൾ സ്ഥിരമായി ദുഃഖിക്കുന്ന സ്വഭാവമുള്ളവരാണ്, അവർ ദുഃഖത്തിനടിമകളാണെന്നു പറയാം. തങ്ങളെക്കുറിച്ചു ദുഃഖിക്കാൻ ഒന്നുമില്ലെങ്കിൽ അവർ മറ്റുള്ളവരെക്കുറിച്ചു ദുഃഖിക്കാൻ തുടങ്ങും. എനിക്ക് ഇതേ പ്രശ്നമുണ്ടായിരുന്നതിനാൽ ഇത്തരമൊരവസ്ഥയെക്കുറിച്ചു വിശദീകരിക്കാൻ എനിക്കു കഴിയും.

എല്ലായ്പ്പോഴും ഞാൻ എന്തിനെയെങ്കിലും കുറിച്ച് ദുഃഖിക്കുമായിരുന്നു എന്നതിനാൽ, യേശു തന്റെ മരണത്തിലൂടെ തനിക്കു നൽകാനാഗ്രഹിച്ച സമാധാനമനുഭവിക്കാനെനിക്കു കഴിഞ്ഞില്ല.

*ഒരേ സമയം ദുഃഖിക്കുകയും സമാധാനമനുഭവിക്കുകയും ചെയ്യുകയെന്നുള്ളത് പൂർണ്ണമായും അസാധ്യമാണ്.*

സമാധാനമെന്നത് മറ്റൊരാളിന്റെമേൽ അടിച്ചേൽപ്പിക്കാവുന്നതല്ല; അത് (പരിശുദ്ധ) ആത്മാവിന്റെ ഫലമാണ് (ഗലാ. 5: 22), മുന്തിരിവള്ളിയെ ആശ്രയിക്കുന്നതിലൂടെയാണ് ഫലം ലഭിക്കുന്നത് (യോഹ. 15:4 ). ആശ്രയിക്കുക എന്നു കൊണ്ടുദ്ദേശിക്കുന്നത്, 'ദൈവത്തിന്റെ വിശ്രമ'ത്തിലേക്ക് പ്രവേശിക്കുകയെന്നാണ് എബ്രായർക്കുള്ള ലേഖനത്തിന്റെ നാലാമദ്ധ്യായത്തിലും, ദൈവവചനത്തിലെ മറ്റു പാഠഭാഗത്തും പറഞ്ഞിട്ടുണ്ട്.

ദുഃഖത്തെക്കുറിച്ചു സൂചിപ്പിക്കുന്ന ഒട്ടേറെ വാക്യങ്ങളുണ്ട്, ബൈബിളിൽ 'കിംഗ് ജെയിംസ് വേർഷ'നിൽ ദുഃഖം എന്ന വാക്കുപയോഗിച്ചിട്ടില്ല. ക്ഷോഭിക്കാതിരിക്കുക (സങ്കീ. 37: 8) എന്നും ചിന്തിക്കാതിരിക്കുക (മത്തായി 6:25) എന്നും ഒന്നിനെക്കുറിച്ചും ശ്രദ്ധിക്കാതിരിക്കുക (ഫിലി. 4:6) എന്നും 'നിങ്ങളുടെ എല്ലാ ആകുലതകളുമുപേക്ഷിക്കുക (1 പത്രോസ് 5:7) എന്നുമാണ് നാമിതിൽ കാണുന്നത്. ഞാൻ പതിവായി ഉപയോഗിക്കാറുള്ള 'ആംപ്ലിഫൈഡ് ബൈബി'ളിലും ഇത്തരം സൂചനകൾ ധാരാളമുണ്ട്. കാര്യങ്ങൾ വ്യക്തമാക്കുന്നതിനുവേണ്ടി 'ദുഃഖിക്കുക' എന്നതിനെക്കുറിച്ച് ഞാൻ വിശദമായി പറയാം.

## ഭാവം നിർവ്വചിക്കപ്പെടുന്നു

'വെബ്സ്റ്റേർസ് ഡിക്ഷണറിയിൽ 'വറി' (ദുഃഖം) എന്ന പദത്തെ ഇങ്ങനെയാണ് നിർവ്വചിച്ചിരിക്കുന്നത് -' ക്രിയ 1. അസ്വസ്ഥനാവുക, കുഴപ്പത്തിൽപ്പെടുക..........-(ക്രിയ) 1. ആകുലത, നിരാശ തുടങ്ങിയവ അനുഭവിക്കാൻ കാരണമാവുക......- (നാമം) 1. അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നത്തിന്റെ കാരണം.' അലോസരപ്പെടുത്തുന്ന ചിന്തകളാൽ ഒരുവനെ ഉപദ്രവിക്കുക എന്നും ഇതിനെ നിർവ്വചിക്കാവുന്നതാണ്.

അലോസരപ്പെടുത്തുന്ന ചിന്തകളാൽ ഉപദ്രവിക്കപ്പെടുക എന്ന ഭാഗം വായിച്ചപ്പോൾ എനിക്കതു സംഭവിക്കുകയില്ല എന്നും ഞാനതിനേക്കാൾ സമർത്ഥയാണെന്നുമെനിക്കു തോന്നി. ഓരോ ക്രിസ്തീയ വിശ്വാസിയും അങ്ങനെ തന്നെയാണെന്നെനിക്കു തോന്നി. വെറുതെയിരുന്ന് തങ്ങളെ ഉപദ്രവിക്കാൻ ഒരിക്കലും വിശ്വാസിയായ ഒരാൾ ചിന്തകളെ അനുവദിക്കുകയില്ല.

ഒരു കാര്യത്തെയും മെച്ചപ്പെടുത്താൻ ദുഃഖത്തിനു കഴിയില്ലെന്നിരിക്കെ, എന്തുകൊണ്ട് നാമതിനെ ഉപേക്ഷിക്കുന്നില്ല?

നിർവ്വചനത്തിന്റെ മറ്റൊരു ഭാഗം എനിക്കു വെളിച്ചം പകരുകയുണ്ടായി: കഴുത്തിൽ പല്ലുകളാഴ്ത്തി പിടിച്ചു കുടയുക, ഒരു മൃഗം മറ്റൊന്നിനെ ആക്രമിക്കുന്ന രീതിയിൽ, അല്ലെങ്കിൽ ആവർത്തിച്ച് കടിക്കുകയും അടിക്കുകയും ചെയ്യുന്നതിലൂടെ ഉപദ്രവിക്കുക.

ഈ നിർവ്വചനത്തെക്കുറിച്ചാലോചിച്ചപ്പോൾ എനിക്കൊരു കാര്യം മനസ്സിലായി - ഇപ്പറഞ്ഞതൊക്കെ ചെയ്യാൻ വേണ്ടിയാണ് ചെകുത്താൻ നമുക്കു നേരെ ദുഃഖത്തെ അയയ്ക്കുന്നത്. ഏതാനും മണിക്കൂറുകൾ നാം ദുഃഖത്തിന്റെ ഇരകളായിത്തീരുമ്പോൾ അതു നമ്മുടെ കഴുത്തിൽ പിടികൂടി നമ്മെ കുടഞ്ഞെറിയുകയും കടിച്ചുമുറിക്കുകയും ചെയ്യുന്നു. ആവർത്തിച്ച് കടിക്കുകയും പ്രഹരിക്കുകയും ചെയ്യുന്നതുപോലെയാണ് അസുഖകരമായ ചിന്തകളുടെ ആവർത്തിച്ചുള്ള ആക്രമണത്തിന്റെ രീതി.

തീർച്ചയായും ചെകുത്താൻ നമ്മുടെ മനസ്സിനുമേൽ നടത്തുന്ന ആക്രമണമാണ് ദുഃഖം. തന്റെ മനസ്സുപയോഗിച്ച് ഒരു വിശ്വാസി ചെയ്യേണ്ടതായ ചില കാര്യങ്ങളുണ്ട്. അയാളവയൊന്നും ചെയ്യുന്നില്ലെന്നുറപ്പു വരുത്താൻ ശ്രമിക്കുന്ന ശത്രു ദുഃഖമുപയോഗിച്ച് അയാളെ ആക്രമിക്കുന്നു. തെറ്റായ ചിന്തകൾക്കൊണ്ട് അയാളുടെ മനസ്സിനെ നിറയ്ക്കുന്ന ചെകുത്താന്റെ, ഏതൊരു ലക്ഷ്യത്തോടെയാണോ ദൈവമതിനെ സൃഷ്ടിച്ചത്, ആ ലക്ഷ്യം നിറവേറ്റാനുള്ള അവസരം അതിനു നൽകുന്നില്ല.

വരാൻ പോകുന്ന അദ്ധ്യായങ്ങളിൽ, മനസ്സുപയോഗിച്ചു ചെയ്യേണ്ട ശരിയായ കാര്യങ്ങളെക്കുറിച്ചു 'നാം ചർച്ച ചെയ്യുന്നുണ്ട്, എന്നാൽ ദുഃഖം എത്രമേൽ ഉപയോഗശൂന്യമാണെന്ന് മനസ്സിലാക്കുന്നതിനു വേണ്ടി, അതിനെക്കുറിച്ചുള്ള വിശദമായ ഒരു പഠനം ഇപ്പോൾ നമുക്കു നടത്താം.

'ദുഃഖത്തിന്റെ ആക്രമണം' നമുക്കുണ്ടാകുന്ന അവസരങ്ങളിൽ വായിക്കാനനുയോജ്യമായ വാക്യങ്ങളടങ്ങിയതാണ് മത്തായിയുടെ സുവിശേഷം ആറാം

അദ്ധ്യായത്തിലെ 25 മുതൽ 34 വരെയുള്ള ഭാഗം. സുപ്രധാനമായ ഈ വിഷയത്തെക്കുറിച്ച് കർത്താവ് എന്താണു പറയുന്നതെന്നറിയാൻ നമുക്ക് ഈ വാക്യങ്ങൾ പ്രത്യേകം പ്രത്യേകമായി വായിച്ചു നോക്കാം.

## വസ്തുക്കളേക്കാൾ മഹത്തരമല്ലേ ജീവിതം?

**അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നതു; എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവന്നായിക്കൊണ്ടും എന്തു ഉടുക്കും എന്നു ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്: ആഹാരത്തെക്കാൾ ജീവന്നും ഉടുപ്പിനെക്കാൾ ശരീരവും വലുതല്ലയോ?**

**മത്തായി 6: 25**

ജീവിതം നാം അങ്ങേയറ്റമാസ്വദിക്കണമെന്ന ഉദ്ദേശത്തോടെയാണ് ദൈവമതിനെ ഏറ്റവും ഉല്കൃഷ്ടമായി രൂപകൽപ്പന ചെയ്തിരിക്കുന്നത്. യേശു ഇങ്ങനെ പറഞ്ഞിരിക്കുന്നു. **'മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനും വേണ്ടിയാണ് കള്ളൻ വരുന്നത്. ഞാൻ വന്നത് അവർക്ക് സമൃദ്ധിയേകാനും, അവർ ജീവിതമാസ്വദിക്കാൻ സഹായിക്കുന്നതിനും അതിന്റെ പൂർണതയിലെത്തിക്കുന്നതിനുംവേണ്ടിയാണ് (അത് കവിഞ്ഞൊഴുകുന്നതുവരെ നിറയ്ക്കുന്നതിനുംവേണ്ടി)** (യോഹ. 10:10). ചെകുത്താൻ പല മാർഗ്ഗങ്ങളിലൂടെ നമ്മിൽനിന്നും ജീവിതത്തെ അപഹരിക്കാൻ ശ്രമിക്കുന്നു. ദുഃഖം അവയിൽ ഒന്നു മാത്രമാണ്.

നാം ദുഃഖിക്കേണ്ടതായി ജീവിതത്തിൽ യാതൊന്നുമില്ലെന്ന് മത്തായിയുടെ സുവിശേഷം 6-ാം അദ്ധ്യായം 25-ാം വാക്യത്തിൽ കാണുന്നു. മറ്റെല്ലാവസ്തുക്കളേയുമുൾക്കൊള്ളാൻ മാത്രം മഹാത്മാവുള്ള ജീവിതമാണ് ദൈവം നമുക്ക് നൽകിയിരിക്കുന്നത്, എന്നാൽ നാമവയെക്കുറിച്ചൊക്കെ ദുഃഖിക്കുമ്പോൾ അവ മാത്രമല്ല, ജീവിതവും നമുക്ക് നഷ്ടമാകുന്നു.

## ഒരു പക്ഷിയേക്കാൾ വിലപ്പെട്ടവനല്ലേ നിങ്ങൾ?

**ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെയ്ക്കുന്നില്ല, എന്നാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു അവയെ പുലർത്തുന്നു; അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതകയുള്ളവരല്ലയോ?**

**മത്തായി 6: 26.**

കുറച്ചു സമയം പക്ഷികള നിരീക്ഷിക്കുന്നത് പ്രയോജനകരമായിരിക്കും. അങ്ങനെ ചെയ്യാനാണ് കർത്താവ് നമ്മോടു പറഞ്ഞിട്ടുള്ളത്.

എല്ലാ ദിവസവുമല്ലെങ്കിലും, ഇടയ്ക്കൊക്കെ, ചിറകുള്ള ചങ്ങാതിമാരെ നിരീക്ഷിക്കാനും, എത്ര കരുതലോടെയാണ് ദൈവമവരെ സംരക്ഷിക്കുന്നത് എന്ന് സ്വയമോർമ്മിപ്പിക്കാനും നാം തയ്യാറാകണം. അടുത്ത നേരത്തെ ഭക്ഷണം എവിടെ നിന്നാണ് കിട്ടാൻ പോകുന്നതെന്ന് പക്ഷികൾക്കറിയില്ല; എന്നാൽ ദുഃഖം കൊണ്ട് മാനസികനില തകർന്ന് മരക്കൊമ്പിലിരിക്കുന്ന ഒരു പക്ഷിയേയും ഞാനിതുവരെ കണ്ടിട്ടില്ല.

ഇവിടെയാണ് നാഥന്റെ ചോദ്യം പ്രസക്തമാകുന്നത്, '*ഒരു പക്ഷിയേക്കാൾ വിലപ്പെട്ടവനല്ലേ നിങ്ങൾ?*'

ഒരുപക്ഷേ നിങ്ങളെപ്പറ്റി സ്വയം നിങ്ങൾക്കു മതിപ്പുണ്ടാവില്ല, എങ്കിലും ഒരു പക്ഷിയേക്കാൾ വിലപ്പെട്ടവനാണ് നിങ്ങളെന്ന് തീർച്ചയായും നിങ്ങൾക്കു വിശ്വസിക്കാം; നിങ്ങളുടെ സ്വർഗ്ഗീയപിതാവ് എത്ര ഭംഗിയായിട്ടാണ് അവയെ സംരക്ഷിക്കുന്നതെന്ന് നോക്കി മനസ്സിലാക്കുകയും ചെയ്യാം.

## ദുഃഖിക്കുന്നതുകൊണ്ട് നിങ്ങളെന്തു നേടുന്നു?

**വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോടു ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കും കഴിയും?**

**മത്തായി 6:27**

ദുഃഖിക്കുന്നത് തികച്ചും നിഷ്പ്രയോജനമാണെന്ന് ഇവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ദുഃഖം നമുക്ക് യാതൊരു ഗുണവും ചെയ്യുന്നില്ല അങ്ങനെയാണെങ്കിൽ എന്തിനാണ് നാം ദുഃഖിക്കുകയും ആകുലപ്പെടുകയും ചെയ്യുന്നത്?

## എന്തിനാണ് ഇത്രമാത്രം ആകുലരാകുന്നത്?

**എന്നാൽ ശലോമോൻപോലും തന്റെ സർവ്വമഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നു എങ്കിൽ, അല്പ വിശ്വാസികളേ, നിങ്ങളെ എത്ര അധികം.**

**മത്തായി 6: 29–30**

തന്റെ സൃഷ്ടികളിലൊന്നായ ലില്ലിപ്പൂക്കളുടെയുദാഹരണം ചൂണ്ടിക്കാട്ടിയാണ് കർത്താവിവിടെ സംസാരിക്കുന്നത്. യാതൊന്നും ചെയ്യാത്ത ലില്ലിച്ചെടികളെ അവൻ ശ്രദ്ധയോടെ സംരക്ഷിക്കുന്നതിനാൽ അവ പ്രതാപിയായ സോളമനെക്കാൾ മനോഹരമായി കാണപ്പെടുന്നുവെങ്കിൽ, തീർച്ചയായും അവൻ നമ്മേയും സംരക്ഷിക്കുകയും പരിചരിക്കുകയും ചെയ്യുമെന്ന് നമുക്ക് വിശ്വസിക്കാം.

## അതിനാൽ ദുഃഖിക്കുകയോ, ആകുലരാവുകയോ ചെയ്യാതിരിക്കുക

**ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുതു. ഈ വക ഒക്കയും ജാതികൾ അന്വേഷിക്കുന്നു.**

**മത്തായി 6: 31**

ഈ വാക്യത്തെക്കുറച്ചുകൂടി വിപുലമാക്കി മറ്റൊരു ചോദ്യം കൂടി ഇതിലുൾപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു - നാമെന്താണു ചെയ്യാൻ പോകുന്നത്?

ദിവസം മുഴുവനും ഒരു വിശ്വാസിയുടെ കാതിൽ ഈ ചോദ്യമാവർത്തിക്കുന്നതിനുവേണ്ടി ചെകുത്താൻ തന്റെ പിശാചുക്കളെ അയയ്ക്കുന്നുണ്ട്. ഉത്തരം കണ്ടെത്താൻ വിഷമുള്ള ചോദ്യങ്ങൾ അവ തുരുതുരെ ചോദിക്കു

മ്പോൾ, അവയ്ക്കുത്തരം കണ്ടെത്താനായി തന്റെ വിലപിടിച്ച സമയമത്രയും ഒരു വിശ്വാസി ചെലവിടുന്നു. മനസ്സിന്റെ യുദ്ധക്കളത്തിൽ നിരന്തരമായ പോരാട്ടം നടത്തുന്ന ചെകുത്താൻ, വിശ്വാസിയെ ഏറെക്കാലം നീണ്ടുനിൽക്കുന്നതും ദുഷ്ക്കരവുമായ പോരാട്ടത്തിൽ തളച്ചിടാൻ ശ്രമിക്കുന്നു

മുപ്പത്തിയൊന്നാം വാക്യത്തിൽ കർത്താവ് നിർദ്ദേശിക്കുന്നത്, നാം ദുഃഖിക്കുകയോ ആകുലരാവുകയോ ചെയ്യരുതെന്നാണ്. ഹൃദയത്തിന്റെ സമൃദ്ധിയിൽ നിന്നാണ് നാവ് സംസാരിക്കുന്നതെന്ന കാര്യമോർമ്മിക്കുക. (മത്തായി 12: 34KJV) നമ്മുടെ മനസ്സിൽ തെറ്റായ ചിന്തകൾ കടന്നു കൂടിയാൽ അവ നാവിലൂടെ പുറത്തുവരുമെന്ന് ശത്രുവിനറിയാം. നമ്മുടെ വിശ്വാസത്തെ അഥവാ വിശ്വാസമില്ലായ്മയെ ഉറപ്പിക്കുകയാണ് വാക്കുകൾ ചെയ്യുന്നത് എന്നതിനാൽ അവ വളരെ പ്രസക്തമാണ്.

## സമ്മാനങ്ങളല്ല, ദൈവത്തെ അന്വേഷിക്കുക

**ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു.**

**സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു ഇതൊക്കെയും നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നുവല്ലോ. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.**

**മത്തായി 6: 32, 33**

ദൈവത്തിന്റെ സന്താനങ്ങൾ ലൗകികരെപ്പോലയായിരിക്കരുതെന്ന് ഇതിൽനിന്നു വ്യക്തമാണല്ലോ! ലൗകികരായ ആളുകൾ ഇത്തരം വസ്തുക്കൾ നേടാൻ ശ്രമിക്കുമ്പോൾ കർത്താവിനെ നേടാനാണ് നാം ശ്രമിക്കേണ്ടത്. നാമതിനു തയ്യാറാണെങ്കിൽ നമുക്കാവശ്യമുള്ളതെല്ലാം നൽകപ്പെടുമെന്ന് അവൻ വാഗ്ദാനം ചെയ്തിട്ടുണ്ട്.

ദൈവത്തിന്റെ കരങ്ങളെയല്ല, അവന്റെ മുഖമാണ് നാം നേടേണ്ടത്!

നാം ലൗകികവസ്തുക്കൾക്ക് പിന്നാലെ പോകാതിരിക്കുമ്പോൾ നമ്മുടെ സ്വർഗ്ഗീയപിതാവ് നമുക്കാവശ്യമുള്ളതെല്ലാം സന്തോഷപൂർവ്വം നൽകുന്നു.

നമുക്കാവശ്യമുള്ളതെന്തൊക്കെയാണെന്ന് നാം ചോദിക്കാതെ തന്നെ ദൈവത്തിനറിയാം. നാം അവനോട് വെറുതെ അപേക്ഷിക്കുമ്പോൾ (ഫിലി. 4: 6 KJV) യഥാസമയം നമുക്കതു നൽകാനായി അവൻ കാത്തിരിക്കുന്നു. അതേച്ചൊല്ലി ദുഃഖിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നു മാത്രമല്ല, അതു നമ്മുടെ പുരോഗതിയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## ഒരു സമയത്ത് ഒരു ദിവസത്തിന്റെ കാര്യം മാത്രം നോക്കുക.

**അതുകൊണ്ട് നാളെക്കായി വിചാരപ്പെടരുതു; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ; അതതു ദിവസത്തിനു അന്നന്നത്തെ ദോഷം മതി.**

**മത്തായി 6: 34**

ദുഃഖം അല്ലെങ്കിൽ ആകുലത എന്നതിന്റെ ശരിയായ അർത്ഥം നാളയെക്കുറിച്ചുള്ള ആലോചനയിൽ മുഴുകി വിഷമിക്കുക എന്നതാണ്. ദൈവം എന്തിനു വേണ്ടിയാണോ, നമുക്ക് സമയം നൽകിയിരിക്കുന്നത്, അതിനുവേണ്ടിത്തന്നെ നാമതുപയോഗിക്കണം.

*ഇപ്പോൾ ഇവിടെവെച്ചുതന്നെ ജീവിക്കപ്പെടാനുള്ളതാണ് ജീവിതം!*

എന്നാൽ ദുഃഖകരമെന്നു പറയട്ടെ, എങ്ങനെയാണ് ജീവിതം പൂർണ്ണമായി ജീവിക്കേണ്ടതെന്ന് വളരെക്കുറച്ചാളുകൾക്കു മാത്രമേ അറിയാവൂ. എന്നാൽ നിങ്ങൾ അവരിലൊരാളായിക്കൂടെന്നില്ല. നമ്മുടെ ശത്രുവായ ചെകുത്താൻ നിങ്ങളുടെ ജീവിതമപഹരിക്കാനെത്തുന്നതെന്ന് യേശു പറഞ്ഞിട്ടുണ്ട് (യോഹ. 10:10). ഇനിമേൽ അങ്ങനെ ചെയ്യാൻ അവനെ അനുവദിക്കരുത്! നാളയെക്കുറിച്ചാലോചിച്ച് ദുഃഖിക്കാനുള്ളതല്ല ഇന്ന്. എത്രമാത്രം കാര്യങ്ങളാണ് ഇന്നത്തെ ദിവസം നിങ്ങൾക്ക് ചെയ്യാനുള്ളത്; നിങ്ങളുടെ ശ്രദ്ധമുഴുവനും ഈ കാര്യങ്ങൾ ചെയ്യുന്നതിനാവശ്യമുണ്ട്. ഇന്ന് ചെയ്യാനുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടിയാണ് ദൈവം നിങ്ങളെ അനുഗ്രഹിക്കുന്നത്; നാളെ ചെയ്യേണ്ടതായ കാര്യങ്ങൾക്കാവശ്യമായ ദൈവാനുഗ്രഹം നാളെ നിങ്ങൾക്ക് ലഭിച്ചുകൊള്ളും. അതിനാൽ ഇന്നത്തെ ദിവസം പാഴാക്കാതിരിക്കുക.

## ഉത്കണ്ഠപ്പെടുകയോ ആകുലരാവുകയോ ചെയ്യാതിരിക്കുക

**ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു.**

**ഫിലി. 4:6**

'ദുഃഖത്തിന്റെ ആക്രമണ'മുണ്ടാകുമ്പോൾ നാമാലോചിക്കേണ്ടുന്ന ഒരു വാക്യമാണ് ഇവിടെ കൊടുത്തിരിക്കുന്നത്.

നിങ്ങളുടെ നാവുപയോഗിച്ച് ദൈവവചനം സംസാരിക്കാനാണ് ഞാൻ നിങ്ങളോട് നിർദ്ദേശിക്കുന്നത്. ശത്രുവെനിക്കെതിരെ ഉപയോഗിക്കാനവുന്ന ഇരുതലകളുള്ള വാളാണത് (എബ്രായ 4: 12, എഫേ 6: 17 KJV) ഉറയിലിട്ടവാൾകൊണ്ട് ശത്രുവിന്റെ ആക്രമണവേളയിൽ നമുക്ക് യാതൊരുപ്രയോജനവുമില്ല.

ദൈവം നമുക്ക് അവന്റെ വചനം നൽകിയിട്ടുണ്ട്, അതുപയോഗിച്ചുകൊള്ളുക! ഇതുപോലെയുള്ള വാക്യങ്ങൾ പഠിക്കുകയും, ചെകുത്താന്റെ ആക്രമണത്തെ *വചന*മുപയോഗിച്ച് യേശു നേരിട്ടതുപോലെ തന്നെ നേരിടുകയും ചെയ്യുക!

## സങ്കൽപങ്ങൾ തകർക്കുക

**അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിന്നു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കുക.**

**2 കോരി 10: 5**

നിങ്ങളുടെയുള്ളിലേക്ക് പ്രവേശിക്കുന്ന ചിന്തകൾ ദൈവവചനത്തോടു യോജിക്കുന്നവയല്ലെങ്കിൽ, ചെകുത്താനെ നിശ്ശബ്ദനാക്കാനുള്ള ഏറ്റവുനല്ല മാർഗ്ഗം ദൈവവചനമുരുവിടുകയെന്നതാണ്.

ഒരു വിശ്വാസിയുടെ നാവിൽനിന്നും, ഉറച്ചവിശ്വാസത്തിന്റെ പിൻബല ത്തോടെ പുറത്തുവരുന്ന വചനമാണ്, ദുഃഖത്തിനും ആകുലതയ്ക്കുമെതിരേ യുള്ള യുദ്ധം ജയിക്കാൻ ഏറ്റവുമധികം സഹായകരമായ ആയുധം.

## നിങ്ങളുടെ ആകുലതകളെ ദൈവത്തിൽ സമർപ്പിക്കുക

**അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ.**

**അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകലവും അവന്റമേൾ ഇട്ടുകൊൾവിൻ. നിർമ്മദരായിരിപ്പിൻ.**

**1 പത്രോസ് 5: 6–7**

ശത്രു ഏതെങ്കിലുമൊരു പ്രശ്നം നമ്മുടെ മുൻപിലിട്ടുതരുമ്പോൾ നമുക്കത് ദൈവത്തിൽ സമർപ്പിക്കാവുന്നതാണ്.

നമ്മുടെ പ്രശ്നങ്ങളെ നാം ദൈവത്തിനു നേർക്കെറിയുമ്പോൾ, അവനവയെ പിടിച്ചെടുക്കുന്നു. അവയെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അവനറിയാം.

വിനീതരാവുക എന്നതിന്റെയർത്ഥം ദുഃഖിക്കാതിരിക്കുകയെന്നാണെന്ന് ഈ വാക്യം നമ്മെ പഠിപ്പിക്കുന്നു. എന്തിനെയെങ്കിലും കുറിച്ച് ദുഃഖിക്കുന്ന ഒരാൾ കരുതുന്നത്, തനിക്കൊറ്റയ്ക്ക് ആ പ്രശ്നം പരിഹരിക്കാനാവുമെന്നാണ്. ഒരു പ്രശ്നത്തിന് പരിഹാരം കണ്ടെത്താനുള്ള മനസ്സിന്റെ പരിശ്രമത്തെയാണ് ദുഃഖ മെന്നു പറയുന്നത്. അഹങ്കാരിയായ ഒരാളുടെ മനസ്സിൽ തന്നെക്കുറിച്ചുള്ള ചിന്ത നിറഞ്ഞിരിക്കുന്നു. എന്നാൽ വിനീതനായ ഒരാളുടെയുള്ളിലാകട്ടെ ദൈവത്തെ ക്കുറിച്ചുള്ള ചിന്തകളാണ് നിറഞ്ഞിരിക്കുന്നത്. അഹങ്കാരിയായ ഒരാൾ ദുഃഖി ക്കുമ്പോൾ, വിനീതനായ ഒരാൾ കാത്തിരിക്കുന്നു.

ദൈവത്തിനു മാത്രമാണ് നമ്മെ രക്ഷിക്കാൻ കഴിയുന്നത്, നാമതു മനസ്സി ലാക്കണമെന്ന് അവനാഗ്രഹിക്കുകയും ചെയ്യുന്നു. അതിനാൽ ഏതു സാഹചര്യ ത്തിലും നാമാദ്യം ചെയ്യേണ്ടത് അവനെ ആശ്രയിക്കുകയും അവന്റെ വിശ്രാമ ത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുകയെന്നതാണ്.

## ദൈവത്തിന്റെ വിശ്രമം

**ഞങ്ങളുടെ ദൈവമേ, നീ അവരെ ന്യായം വിധിക്കയില്ലയോ, ഞങ്ങളുടെ നേരെ വരുന്ന ഈ വലിയ സമൂഹത്തോടെതിർപ്പാൻ ഞങ്ങൾക്കു ശക്തിയില്ല; എന്തു ചെയ്യേണ്ടു എന്നു അറിയുന്നതുമില്ല; എങ്കിലും ഞങ്ങളുടെ കണ്ണുകൾ നിങ്ങലേക്കു തിരിഞ്ഞിരിക്കുന്നു.**

**2 ദിനവൃത്താന്തം 20:12**

ഈ വാക്യം എനിക്ക് വളരെയിഷ്ടമാണ്! എന്തെന്നാൽ ഇത് സംസാരിക്കുന്ന ആളുകൾ മൂന്നു കാര്യങ്ങൾ മനസ്സിലാക്കിയിരിക്കുന്നു.

1. ശത്രുക്കളെ നേരിടാൻ അവർ അശക്തരാണ്.
2. എന്താണ് ചെയ്യേണ്ടതെന്നവർക്കറിയില്ല.
3. അവർ തങ്ങളുടെ ദൃഷ്ടികളെ ദൈവത്തിലുറപ്പിച്ചിരിക്കുന്നു.

ഇതേ ഭാഗത്ത് തന്നെ പതിനഞ്ച് പതിനേഴ് എന്നീ വാക്യങ്ങളിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

**'ഈ വലിയ ജനസമൂഹത്തെക്കണ്ട് ഭയപ്പെടേണ്ട!, എന്തെന്നാൽ ഈ യുദ്ധം നിങ്ങളുടേതല്ല, മറിച്ച് ദൈവത്തിന്റേതാണ്.**

**'ഈ യുദ്ധത്തിൽ നിങ്ങൾ പൊരുതേണ്ടിവരില്ല: നിങ്ങൾ നിങ്ങളുടെ സ്ഥാന ങ്ങളിൽ നിശ്ചലരായി നിൽക്കുക, എന്നിട്ട് കർത്താവ് നിങ്ങളെ മോചിപ്പിക്കു ന്നത് കണ്ടുകൊൾക.'**

എന്താണു നമ്മുടെ സ്ഥാനം? യേശുവിൽ ഉറച്ചു നിൽക്കുകയും ദൈവ ത്തിന്റെ വിശ്രമത്തിലേക്കു പ്രവേശിക്കുകയും ചെയ്യുകയെന്നുള്ളതാണ് നമ്മുടെ സ്ഥാനം. നമ്മുടെ ദൃഷ്ടികളവനിലുറപ്പിച്ചുകൊണ്ട് കർത്താവിനെ ആശ്രയി ക്കുക എന്നതും, അവന്റെ നിർദ്ദേശങ്ങളെ അനുസരിക്കുക എന്നതും, ശരീരത്തിന്റെ ഇച്ഛയ്ക്കൊത്ത് നീങ്ങുന്നതിനെക്കുറിച്ച് ഭയപ്പെടുകയും ചെയ്യുക യെന്നുള്ളതാണത്.

ദൈവത്തിന്റെ വിശ്രമത്തിലേക്ക് പ്രവേശിക്കുന്നതിനെക്കുറിച്ച് ഇങ്ങനെ പറയാൻ ഞാനാഗ്രഹിക്കുന്നു: എതിർപ്പ് കൂടാതെ 'ദൈവത്തിന്റെ വിശ്രമ മെന്നൊന്നില്ല.'

ഇതിനു തെളിവായി ഞാനൊരു കഥ പറയാം. ഒരിക്കൽ രണ്ടുചിത്രകാരന്മാ രോട് സമാധാനത്തിന്റെ ചിത്രം വരയ്ക്കാൻ ആവസ്യപ്പെട്ടു. അവരിലൊരാൾ, പർവ്വതനിരകളുടെ മദ്ധ്യത്തിലുള്ള ശാന്തവും നിശ്ചലവുമായ തടാകമാണ് വരച്ചത്. മറ്റേയാളാകട്ടെ, ഇരമ്പിക്കുതിച്ചു ചാടുന്ന ഒരു വലിയ വെള്ളച്ചാട്ടത്തിന്റെ മുകളിലേക്ക് ചാഞ്ഞുനിൽക്കുന്ന ബിർച്ച് മരത്തിന്റെ കൊമ്പിലുള്ള തന്റെ കൂട്ടി ലിരിക്കുന്ന ഒരു പക്ഷിയുടെ ചിത്രമാണ് വരച്ചത്.

ഇതിലേതു ചിത്രമാണ് യഥാർത്ഥത്തിൽ സമാധാനത്തെ അവതരിപ്പിക്കുന്നത്? രണ്ടാമത്തെ ചിത്രമാണെന്നാണ് എന്റെയഭിപ്രായം, എന്തെന്നാൽ സമാധാന ത്തിനു വിപരീതമായ അവസ്ഥയിലാണ് നാം സമാധാനമെന്താണെന്നു തിരിച്ച റിയുന്നത്. ആദ്യത്തെ ചിത്രം അവതരിപ്പിക്കുന്നത് നിശ്ചലതയെയാണ്. അതിൽ കാണുന്ന രംഗം ശാന്തമായിരിക്കാം. അത്തരമൊരു സ്ഥലത്തെത്തി ഉന്മേഷം വീണ്ടെടുക്കാൻ ആരും ആഗ്രഹിച്ചെന്നും വരാം. അതൊരു മനോഹരമായ ചിത്ര മായിരിക്കാം; എന്നാലത് 'ദൈവത്തിന്റെ വിശ്രമ'ത്തെ ചിത്രീകരിക്കുന്നില്ല.

യേശു ഇങ്ങനെ പറഞ്ഞു: 'ഞാൻ നിങ്ങൾക്ക് സമാധാനം നൽകിയിട്ടുപോ കുന്നു; എന്റെ സമാധാനം ഇപ്പോൾ ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരു

ന്നപോലെയല്ല ഞാൻ തരുന്നത് ' (യോഹ. 14: 27). അവന്റെ സമാധാനം ആത്മീയമായ സമാധാനമാണ്, അവന്റെ വിശ്രമമാകട്ടെ, ഏതൊരു കൊടുങ്കാറ്റിനു നടുവിലും പ്രകടമായ വിശ്രമവും - കൊടുങ്കാറ്റിന്റെ അഭാവത്തിലുമല്ല അവന്റെ വിശ്രമം കാണപ്പെടുന്നത്. നമ്മുടെ ജീവിതത്തിലുണ്ടാവുന്ന എതിർപ്പുകളേയും പ്രശ്നങ്ങളേയം തുടച്ചു മാറ്റാനല്ല യേശുവന്നത്, മറിച്ച് അവയുടെ നേർക്ക് വ്യത്യസ്തമായ മനോഭാവം വളർത്താൻ നമ്മെ പഠിപ്പിക്കുന്നതിനു വേണ്ടിയാണ്. അവന്റെ നരകം ചുമലിലേന്തിക്കൊണ്ട് നാമവനെക്കണ്ടു പഠിക്കുകയാണു വേണ്ടത് (മത്തായി 11:29) ഇതിനർത്ഥം നാം അവന്റെ രീതികൾ മനസ്സിലാക്കുകയും, അവനവലംബിച്ച മാർഗ്ഗത്തിലൂടെ ജീവിതത്തെ സമീപിക്കുകയുമാണ് വേണ്ടതെന്നാണ്.

യേശു ദുഃഖിച്ചിരിക്കുന്നില്ല, അതിനാൽ നമ്മളും ദുഃഖിക്കാൻ പാടില്ല.!

നിങ്ങൾക്ക് ദുഃഖിക്കാൻ യാതൊരു കാരണവുമില്ലാത്ത അവസ്ഥയ്ക്കുവേണ്ടിയാണ് നിങ്ങൾ കാത്തിരിക്കുന്നതെങ്കിൽ, ഏറെക്കാലം നിങ്ങൾക്കു കാത്തിരിക്കേണ്ടിവരുമെന്ന് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു, എന്തെന്നാൽ അങ്ങനെയൊരുകാലം ഒരിക്കലും വന്നില്ലെന്നു വരാം. ഞാൻ നിഷേധാത്മകമായി സംസാരിക്കുകയാണെന്നു കരുതരുത്. മറിച്ച്, സത്യസന്ധമായി സംസാരിക്കുകയാണെന്ന് മനസ്സിലാക്കുക!

ഓരോ ദിവസത്തിനും അതിന്റേതായ ക്ലേശങ്ങളുണ്ടെന്നിരിക്കെ, നാം നാളയെക്കുറിച്ചു ദുഃഖിക്കരുതെന്നാണ് വിശുദ്ധഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നത് (മത്തായി 6: 34). താനൊരിക്കലും നിഷേധാത്മകമായി ചിന്തിച്ചിരുന്നില്ലെന്ന് യേശു വ്യക്തമാക്കുന്നുണ്ട്. എല്ലായ്പ്പോഴും സമാധാനമനുഭവിക്കുകയും, കൊടുങ്കാറ്റിനു നടുവിൽ വിശ്രമാസ്വദിക്കകുയും ചെയ്യുന്നതിലൂടെ നാം കർത്താവിനെ വാഴ്ത്തുന്നു, എന്തെന്നാൽ അത് അവന്റെ വഴികൾ ശരിയാണെന്ന് തെളിയിക്കുകയാണ് ചെയ്യുന്നത്.

## ദുഃഖം, ദുഃഖം, ദുഃഖം!

എന്റെ ജീവിതത്തിലെ നിരവധി വർഷങ്ങൾ, എനിക്ക് അസാധ്യമായ കാര്യങ്ങലെക്കുറിച്ചോർത്ത് ദുഃഖിച്ചുകൊണ്ട് ഞാൻ പാഴാക്കിയിട്ടുണ്ട്. നഷ്ടപ്പെട്ട ആ വർഷങ്ങൾ തിരിച്ചുകിട്ടണമെന്നും, വ്യത്യസ്തമായ രീതിയിൽ അവയെ സമീപിക്കണമെന്നും ഇപ്പോഴെനിക്കാഗ്രഹമുണ്ട്. എന്നാൽ ദൈവം നിങ്ങൾക്കു നൽകിയിട്ടുള്ള വിലപ്പെട്ടസമയം ചെലവഴിക്കപ്പെട്ടു കഴിഞ്ഞാൽ, പിന്നീടത് വീണ്ടെടുക്കാനോ മറ്റൊരു രീതിയിൽ വിനിയോഗിക്കാനോ കഴിയില്ല - പിന്നീടൊരിക്കലും.

നേരെമറിച്ച്, എന്റെ ഭർത്താവ് ഒരിക്കലും ദുഃഖിച്ചിരുന്നില്ല. അദ്ദേഹം എന്നോടൊപ്പം ദുഃഖിക്കാത്തതിലും, ദൈവം ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരാനെത്തിയില്ലെങ്കിൽ സംഭവിക്കാവുന്ന ദുർഘടസന്ധികളെക്കുറിച്ച് ആകുലതയോടെ സംസാരിക്കാത്തതിലും, ഒരു കാലത്ത് ഞാനദ്ദേഹത്തോട് ദേഷ്യപ്പെട്ടിരുന്നു. ഞങ്ങളുടെ കൈവശമുണ്ടായിരുന്നതിനെക്കാളധികം പണം വേണ്ടിയിരുന്നു പലപ്പോഴും. പല രസീതുകളുമടച്ചു തീർക്കാൻ, അതേക്കുറിച്ചോർത്ത്

ദുഃഖിച്ചുകൊണ്ട് ഞാനൊറ്റയ്ക്ക് അടുക്കളയിലിരിക്കുമ്പോൾ, തൊട്ടടുത്ത മുറിയിൽ കുട്ടികളോടൊത്ത് കളിക്കുകയും, അവർ പുറത്തുകയറി ചാടുകയും മുടിയിൽ ചീപ്പോടിക്കുകയും ചെയ്യുന്നതിലാഹ്ലാദിക്കുകയും ടെലിവിഷൻ കാണുകയുമായിരിക്കും ഡേവ് ചെയ്യുന്നത്.

ഒരിക്കൽ ഞാൻ ദേഷ്യസ്വരത്തിൽ ഡേവിനോടിങ്ങനെ പറഞ്ഞിട്ടുണ്ട്, 'ഈ പ്രശ്നങ്ങൾ പരിഹരിക്കാനായി ഞാൻ പാടുപെടുമ്പോൾ നിങ്ങൾക്കെങ്ങനെ കളിച്ചുകൊണ്ടിരിക്കാൻ കഴിയുന്നു? എന്നെ ഒന്നു സഹായിച്ചുകൂടേ? ' 'ഞാനെന്താണു ചെയ്യേണ്ടത്?' എന്ന് ഡേവ് ചോദിച്ചപ്പോൾ എനിക്ക് പ്രത്യേകിച്ച് ഒരുത്തരവും നൽകാനുണ്ടായിരുന്നില്ല; ഞങ്ങൾ കടുത്ത സാമ്പത്തിക കുഴപ്പത്തിൽപ്പെട്ടു വിഷമിക്കുമ്പോൾ ഡേവ് കളിക്കുകയും ചിരിക്കുകയും ചെയ്യുന്നതിൽ എനിക്ക് വല്ലാത്ത ദേഷ്യം തോന്നി.

എല്ലായ്പ്പോഴും ദൈവം ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിയിട്ടുണ്ടെന്നും, ഞങ്ങൾക്കത് ചെയ്യാനുള്ളതൊക്കെ ഞങ്ങൾ ചെയ്യുന്നുണ്ടെന്നും (വഴിപാട്, നേർച്ചകൾ നൽകുക, പ്രാർത്ഥിക്കുക, വിശ്വസിക്കുക തുടങ്ങിയ കാര്യങ്ങൾ) പറഞ്ഞ് എന്നെ ആശ്വസിപ്പിക്കാനായിരുന്നു ഡേവിന്റെ ശ്രമം; ദൈവം തന്റെ ജോലി നിറവേറ്റിക്കൊള്ളുമെന്ന് ഡേവ് എന്നെ സമാധാനിപ്പിച്ചു ( ഡേവ് വിശ്വസിക്കുകയും ഞാൻ ദുഃഖിക്കുകയുമായിരുന്നു ചെയ്തത്) ഡേവിന്റെ വാക്കുകൾ കേട്ട്, കുറച്ചുസമയം അദ്ദേഹത്തോടും കുട്ടികളോടുമൊപ്പം ചെലവഴിക്കുമ്പോഴേക്കും വീണ്ടും അസുഖകരമായ ചിന്തകൾ എന്റെ മനസ്സിലേക്കോടിയെത്തും, 'പക്ഷേ, ഞങ്ങളെന്താണു ചെയ്യാൻ പോകുന്നത്? എങ്ങനെയാണ് ഈ പണമടച്ചു തീർക്കുന്നത്? അങ്ങനെ സംഭവിച്ചാൽ..............'

തുടർന്ന് സംഭവിച്ചേക്കാവുന്ന കാര്യങ്ങൾ എന്റെ സങ്കൽപത്തിന്റെ വെള്ളിത്തിരയിൽ ഞാൻ കാണും - പഴയ വസ്തു പിടിച്ചെടുക്കൽ, കാർ കണ്ടുകെട്ടൽ, ബന്ധുക്കളോടും സുഹൃത്തുക്കളോടും സാമ്പത്തികസഹായമാവശ്യപ്പെടുന്നതിലെ നാണക്കേട് തുടങ്ങിയ കാര്യങ്ങൾ എന്റെ മനസ്സിലൂടെ കടന്നുപോകും. ഇത്തരം ചിത്രങ്ങൾ നിങ്ങളുടെ മനസ്സിന്റെ വെള്ളിത്തിരയിലൂടെ കടന്നു പോകാറുണ്ടോ? അതോ നിരന്തരമായി നിങ്ങളുടെ മനസ്സിൽ തങ്ങി നിൽക്കാറുണ്ടോ? തീർച്ചയായും ഉണ്ടായിരിക്കും, അല്ലാത്തപക്ഷം നിങ്ങളുമീ പുസ്തകം വായിക്കുകയില്ല.

ചെകുത്താനെന്റെ മനസ്സിലേക്ക് കടത്തിവിടുന്ന ഇത്തരം ചിന്തകളെ സ്വീകരിച്ചുകഴിയുമ്പോൾ വീണ്ടും ഞാനടുക്കളയിലെത്തി രസീതുകളും കാൽക്കുലേറ്ററുമായി മൽപ്പിടുത്തമായിരിക്കും. എത്ര കൂടുതൽ സമയം അതിനുവേണ്ടി ചെലവഴിക്കുന്നുവോ അത്രമാത്രം ഞാനസ്വസ്ഥയായിത്തീരും. വീണ്ടും ഞാൻ ഡേവിനെയും കുട്ടികളേയും ശകാരിക്കും - കാരണം, ഞാൻ 'ഉത്തരവാദിത്വങ്ങ'ളോട് പോരാടിക്കൊണ്ടിരിക്കുമ്പോൾ അവർ സന്തോഷിക്കുകയാണല്ലോ ചെയ്യുന്നത്!

വാസ്തവത്തിൽ ഞാൻ ഉത്തരവാദിത്വങ്ങളേറ്റെടുക്കുകയായിരുന്നില്ലചെയ്തുകൊണ്ടിരുന്നത്, മറിച്ച് ദുഃഖിക്കുകയും ആകുലപ്പെടുകയുമായിരുന്നു - എന്റെ

ദുഃഖങ്ങളും ആകുലതകളുമെല്ലാം തന്നിൽ സമർപ്പിക്കാൻ ദൈവമാവശ്യപ്പെട്ടിട്ടും.

എന്റെ വിവാഹജീവിതത്തിന്റെ ആദ്യനാളുകളിലെ സന്തോഷകരമായ എത്രയോ സായാഹ്നങ്ങൾ ഇത്തരത്തിൽ പാഴാക്കിയതിൽ ഇപ്പോഴെനിക്ക് ദുഃഖം തോന്നുന്നുണ്ട്. ദൈവം നമുക്ക് നൽകിയിട്ടുള്ള സമയം ഒരു വിലപിടിച്ച സമ്മാനമാണ്. എന്നാൽ ഞാനതു ചെകുത്താനു നൽകി. നിങ്ങളുടെ സമയം നിങ്ങളുടെ സ്വന്തമാണ്. അത് ബുദ്ധിപൂർവ്വമുപയോഗിക്കുക; ഇതേ വഴിയിലൂടെ വീണ്ടും നിങ്ങൾക്കു സഞ്ചരിക്കാനാവില്ല.

വ്യത്യസ്തമായ വഴികളിലൂടെ ഞങ്ങളുടെ ആവശ്യങ്ങളെല്ലാം ദൈവം നിറവേറ്റിത്തന്നു. ഒരൊറ്റപ്രാവശ്യം പോലും അവൻ ഞങ്ങളെ ഉപേക്ഷിച്ചില്ല. ദൈവം തീർച്ചയായും വിശ്വസ്തനാണ്!

## ദുഃഖിക്കാതിരിക്കുക - ദൈവത്തിൽ വിശ്വസിക്കുക

**നിങ്ങളുടെ നടപ്പു ദ്രവ്യാഗ്രഹമാമില്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ; " ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല, ഉപേക്ഷിക്കയുമില്ല." എന്നു അവൻ അരുളിച്ചെയ്തിരിക്കുന്നുവല്ലോ.**

**എബ്രാ. 13:5**

ദൈവം നിങ്ങളുടെ സഹായത്തിനെത്തുകയും നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരികയും ചെയ്യുമോയെന്ന് നിങ്ങൾക്ക് സംശയം തോന്നുമ്പോഴെല്ലാം ആശ്രയിക്കാവുന്ന വിശിഷ്ടമായ ഒരു വാക്യമാണിത്.

പണത്തെക്കുറിച്ച് ചിന്തിക്കുകയോ, എങ്ങനെ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുമെന്ന് ആശങ്കിക്കുകയോ ചെയ്യേണ്ടതില്ലെന്നാണ് ഇവിടെ കർത്താവു പഠിക്കുന്നത്; എന്തെന്നാൽ നമ്മുടെ െല്ലാ കാര്യങ്ങളും അവൻ നോക്കിക്കൊള്ളുമെന്നും, ഒരിക്കലും നമ്മെ നിരസിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യില്ലെന്നും അവൻ നമുക്കുറപ്പു നൽകിയിട്ടുണ്ട്.

നിങ്ങൾക്ക് ചെയ്യാനുള്ളത് ചെയ്തുകൊൾക, എന്നാൽ ദൈവത്തിനു ചെയ്യാനുള്ളത് ചെയ്യാൻ ശ്രമിക്കരുത്. എന്തെന്നാൽ അത് നിങ്ങൾക്കു വഹിക്കാവുന്നതിലുമധികം ഭാരമുള്ളതാണ് - ചിലപ്പോൾ അതിന്റെ ഭാരത്തിൽ നിങ്ങൾ തകർന്നുപോയെന്നും വരാം.

ദുഃഖിക്കാതിരിക്കുക, **'യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക. ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക'** (സങ്കീ. 37:3)

ഇതൊരു വാഗ്ദാനമാണ്.

# 13

# വിധിക്കുകയും കുറ്റപ്പെടുത്തുകയും സംശയിക്കുകയും ചെയ്യുന്ന മനസ്സ്

**നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിനു വിധിക്കരുതു.**

**മത്തായി 7: 1**

വിധിക്കുകയും കുറ്റപ്പെടുത്തുകയും സംശയിക്കുകയും ചെയ്യുന്ന മനോഭാവവും മൂലം ആളുകൾക്ക് ഏറെ വേദനയനുഭവിക്കേണ്ടിവരുന്നു. ഈ മൂന്നു ശത്രുക്കൾ മൂലമാണ് അനേകം ബന്ധങ്ങൾ തകരുന്നത്. ഇവിടെയും മനസ്സുതന്നെയാണ് യുദ്ധഭൂമി.

ഒരുവനെ ഏകാകിയാക്കിത്തീർക്കാൻ ചെകുത്താനുപയോഗിക്കുന്ന ആയുധമാണ് ചിന്തകൾ. എന്തിനെയെങ്കിലും കുറിച്ച് അഭിപ്രായം പറയുന്നവരോടൊപ്പമിരിക്കാൻ ആളുകളിഷ്ടപ്പെടുന്നില്ല.

ഞാനൊരുദാഹരണം പറയാം. ധനികനായ ഒരു ബിസിനസ്സുകാരന്റെ ഭാര്യയെ എനിക്കറിമായിരുന്നു. അദ്ദേഹം പൊതുവെ നിശബ്ദനായിരുന്നു. എന്നാൽ തന്റെ ഭർത്താവ് കൂടുതൽ സംസാരിക്കണമെന്ന് ആ സ്ത്രീ ആഗ്രഹിച്ചിരുന്നു. പല കാര്യങ്ങളെക്കുറിച്ചും അദ്ദേഹത്തിന് നല്ല അറിവുണ്ടായിരുന്നു. പലപ്പോഴും മറ്റുള്ളവർ ഏതെങ്കിലുമൊക്കെ വിഷയങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ തന്റെ ഭർത്താവ് അതിനെക്കുറിച്ച് നല്ല അറിവുണ്ടായിട്ടും നിശ്ശബ്ദനായിരിക്കുന്നത് അവരെ ദേഷ്യം പിടിപ്പിച്ചിരുന്നു. തനിക്കറിയാവുന്നതെല്ലാം പറയുന്നതിനു പകരം അദ്ദേഹം എന്തിനു മിണ്ടാതിരിക്കുന്നു എന്നതായിരുന്നു അവരെ ചൊടിപ്പിച്ചത്.

ഒരു ദിവസം വൈകുന്നേരം അവരും ഭർത്താവും ഒരു വിരുന്നു സൽക്കാരത്തിൽ പങ്കെടുത്തതിനുശേഷം വീട്ടിലെത്തിയപ്പോൾ അവരയാളെ ശകാരിച്ചു. 'മറ്റുള്ളവരുടെ മുൻപിൽവെച്ച് നിങ്ങളെന്തിനാണു മിണ്ടാതിരുന്നത്? നിങ്ങൾക്കറിയാവുന്ന കാര്യങ്ങൾ പറയുന്നതിനു പകരം ഒന്നുമറിയില്ലെന്ന മട്ടിലായിരുന്നത് ശരിയായില്ല.'

'എനിക്കറിയാവുന്നതൊക്കെ പറഞ്ഞാലും പറഞ്ഞില്ലെങ്കിലും എനിക്കറിയാം. നിശ്ശബ്ദനായിരുന്ന് മറ്റുള്ളവർക്കെന്തെറിയാമെന്ന് കണ്ടെത്തുന്നതാണെനിക്കിഷ്ടം', എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

അദ്ദേഹം സമ്പന്നനായി തീർന്നതിന്റെ കാരണമിതുതന്നെയാണെന്നു ഞാൻ വിശ്വസിക്കുന്നു. അദ്ദേഹം സമ്പന്നൻ മാത്രമല്ല, ബുദ്ധിമാനുമായിരുന്നു! ബുദ്ധിയില്ലാത്തവർക്ക് സമ്പന്നനാകാൻ വിഷമമാണ്. ബന്ധങ്ങൾ നിലനിർത്തുന്നതിൽ ബുദ്ധിയുപയോഗിക്കുന്നവർക്കു മാത്രമേ സുഹൃത്തുക്കളുമുണ്ടാവുകയുള്ളൂ.

മറ്റുള്ളവരെ വിധിക്കുകയും കുറ്റപ്പെടുത്തുകയും അവരെക്കുറിച്ച് അഭിപ്രായം പറയുകയും ചെയ്യുകയെന്നത് ബന്ധങ്ങൾ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗമാണ്. ഞാനും നിങ്ങളുമൊക്കെ ഒറ്റപ്പെട്ടവരും നിരസിക്കപ്പെട്ടവരുമായി കഴിയുന്നതു കാണാനാണ് ചെകുത്താനിഷ്ടം. അതിനാൽ നമ്മുടെ മനസ്സുകളെ ആക്രമിച്ച്, അതിന് ഇത്തരത്തിലുള്ള ദൂഷ്യങ്ങൾ അവൻ സമ്മാനിക്കുന്നു.

തെറ്റായ ചിന്താരീതികളെ തിരിച്ചറയാനും സംശയത്തെ കൈകാര്യം ചെയ്യേണ്ട തെങ്ങനെയെന്നു മനസ്സിലാക്കാനും ഈ അദ്ധ്യായം നിങ്ങളെ സഹായിക്കും.

## വിധിക്കൽ എന്താണെന്ന് നിർവ്വചിക്കപ്പെടുന്നു

*'വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ഓൾഡ് ആൻഡ് ന്യൂ ടെസ്റ്റമെന്റ് വേർഡ്സി'*ൽ *'ജഡ്ജ്മെന്റ്'* (വിധിക്കൽ) എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ള ഗ്രീക്കുപദം ഇങ്ങനെയാണ് നിർവ്വചിക്കപ്പെട്ടിരിക്കുന്നത് - മറ്റുള്ളവരുടെ കുറ്റങ്ങളെക്കുറിച്ച് സ്വീകരിക്കപ്പെടുന്ന തീരുമാനം'; 'കുറ്റപ്പെടുത്തൽ' എന്ന പദവുമായി ഇതിനു ബന്ധമുണ്ടെന്നും പറഞ്ഞിരിക്കുന്നു. 'വിധിക്കുക' എന്നർത്ഥം വരുന്ന ഗ്രീക്കുപദത്തെ 'അഭിപ്രായം രൂപീകരിക്കുക' എന്നു നിർവ്വചിക്കുകയും 'ശിക്ഷ വിധിക്കുക' എന്ന അർത്ഥം വരുന്ന പദവുമായി ബന്ധമുണ്ടെന്നു സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു.

നമ്മെക്കുറിച്ച് വിധിക്കാനും കുറ്റപ്പെടുത്താനും അവകാശമുള്ള ഒരേയൊരാൾ ദൈവം മാത്രമാണ്, അതിനാൽ മനുഷ്യരായ നാം പരസ്പരം വിധിക്കുമ്പോൾ നാം ദൈവത്തിന്റെ പദവി സ്വയം സ്വീകരിക്കുകയാണ് ചെയ്യുന്നത്.

എനിക്കു നിങ്ങളെ അറിയില്ല, എന്റെയുള്ളിൽ 'ദൈവികമായ ഭയമുണ്ട്.' ഞാൻ കുറെയൊക്കെ തന്റേടമുള്ള ആളാണെങ്കിലും ദൈവമായിത്തീരാനെനിക്കു താല്പര്യമില്ല. ഒരു കാലത്ത് എന്റെ സ്വഭാവത്തിലുണ്ടായിരുന്ന പല പോരായ്മകളേയും പ്രശ്നങ്ങളേയും കുറിച്ച് നിങ്ങളോടു സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നു. അതു നിങ്ങളെ സഹായിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

കുറ്റപ്പെടുത്തൽ, അഭിപ്രായം പറച്ചിൽ വിധി പ്രസ്താവിക്കൽ തുടങ്ങിയവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാൽ ഇവയെ ഒരൊറ്റ പ്രശ്നമായി കണക്കാക്കാം.

ഞാൻ കുറ്റം പറയുന്ന സ്വഭാവമുള്ള ഒരാളായിരുന്നതിനു കാരണം, എല്ലായ്പ്പോഴും ശരിയായതു കാണുന്നതിനു പകരം തെറ്റാണ് ഞാൻ കണ്ടുകൊണ്ടിരിക്കുന്നത്. ചിലയാളുകൾക്ക് ഈ സ്വഭാവം വളരെ കൂടുതലാണ്. എന്നാൽ ഉല്ലാസത്തിനു വിഘാതമായ യാതൊന്നും അവരുടെ ശ്രദ്ധയിൽ പെടുന്നില്ല. അതേ സമയം, വിഷാദപ്രകൃതക്കാരും മറ്റുള്ളവരെ നിയന്ത്രിക്കാൻ ശ്രമിക്കുന്നവരുമാകട്ടെ തെറ്റുകളാണ് ആദ്യം കണ്ടെത്തുന്നത്; അവർ മറ്റുള്ളവരെക്കുറിച്ച് നിഷേധാത്മകമായ അഭിപ്രായങ്ങൾ പറയാനിഷ്ടപ്പെടുന്നു.

ഓരോ വിഷയത്തേയും നാം നമ്മുടേതായ രീതിയിലാണ് കാണുന്നത്. നമ്മുടെ അഭിപ്രായമെന്താണെന്ന് മറ്റുള്ളവരോട് പറയാൻ നാമിഷ്ടപ്പെടുകയും ചെയ്യുന്നവരോട് പറയാൻ നാമിഷ്ടപ്പെടുകയും ചെയ്യുന്നു - ഞാൻ ചിന്തിക്കുന്ന രീതി എന്നെ സംബന്ധിച്ചിടത്തോളം ശരിയായ രീതിയായിരിക്കാം, എന്നാൽ നിങ്ങൾക്കങ്ങനെയായിരിക്കണമെന്നില്ല; നേരെ മറിച്ചും. 'നിങ്ങൾ മോഷ്ടിക്കരുത്' എന്ന പ്രമാണം ശരിയാണെന്ന് എല്ലാവരും അംഗീകരിക്കുമെന്നു നമുക്കറിയാം; എന്നാൽ കൃത്യമായി ശരിയാണെന്നോ തെറ്റാണെന്നോ പറയാനാവാത്ത മറ്റനേകം കാര്യങ്ങളുണ്ട്, അവ കേവലം വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാത്രമാണ്. അവയെക്കുറിച്ചാണ് ഞാനിവിടെ സംസാരിക്കുന്നത്. മറ്റുള്ളവരുടെ അഭിപ്രായമാരായാതെ സ്വന്തമിഷ്ടപ്രകാരം തീരുമാനമെടുക്കാൻ ആളുകൾക്ക് സ്വാതന്ത്ര്യമുള്ള വിഷയങ്ങളാണിവ.

പല വിഷയങ്ങളിലും വ്യത്യസ്താഭിപ്രായങ്ങളാണ് എനിക്ക് ഭർത്താവ് ഡേവിനുമുള്ളത്. വീട് അലങ്കരിക്കുന്നതിനെക്കുറിച്ച് വിപരീതാഭിപ്രായങ്ങളാണ് ഞങ്ങൾ രണ്ടുപേരും പുലർത്തുന്നത്; ഇതിനർത്ഥം എല്ലാ കാര്യങ്ങളിലും ഞങ്ങൾ വിഭിന്നരാണെന്നല്ല. എന്നാൽ ഞങ്ങളൊന്നിച്ചു സാധനങ്ങൾ വാങ്ങാൻ പോകുമ്പോൾ ഡേവിനിഷ്ടമുള്ള യാതൊന്നുമായിരിക്കില്ല എനിക്കിഷ്ടമുള്ളത്? ഞങ്ങൽ വ്യത്യസ്തരായ രണ്ടു വ്യക്തികളാണ് എന്നതാണു കാരണം. എന്റെ അഭിപ്രായംപോലെ തന്നെ ശരിയാണ് ഡേവിന്റെ അഭിപ്രായവും; അവ വ്യത്യസ്തമായിരിക്കുന്നുവെന്നു മാത്രം.

എന്റെ അഭിപ്രായങ്ങളോട് ഡേവ് യോജിക്കുന്നില്ല എന്നതുകൊണ്ട് മാത്രം അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ തെറ്റാണെന്നു കരുതാനാവില്ല എന്ന സത്യം വർഷങ്ങൾക്കുശേഷമാണെനിക്കു മനസ്സിലായത്. എന്റെ അഭിപ്രായങ്ങളോട് ഡേവ് വിയോജിച്ചിരുന്നതിനാൽ അദ്ദേഹത്തിനെന്തോ കുഴപ്പമുണ്ടെന്നാണ് വർഷങ്ങളോളം ഞാൻ വിശ്വസിച്ചിരുന്നത്. അതു ഞാനദ്ദേഹത്തോട് തുറന്നു പറഞ്ഞിട്ടുണ്ട്. പലപ്പോഴും എന്റെയീ മനോഭാവം ഞങ്ങളുടെയിടയിൽ പ്രശ്നങ്ങളുണ്ടാക്കുകയും ഞങ്ങളുടെ ബന്ധത്തെ പരിക്കേൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## അഹങ്കാരം "ഞാൻ" എന്ന പ്രശ്നം

**ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാതെ ദൈവം അവനവന്നു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു.**

**റോമർ 12:3**

അഹങ്കാരമെന്ന ഗൗരവമേറിയ പ്രശ്നത്തിന്റെ ഫലങ്ങളാണ് വിധിപ്രസ്താവിക്കലും കുറ്റപ്പെടുത്തലും. നമ്മുടെയുള്ളിലെ 'ഞാൻ' എന്ന ഭാവം വളരെ വലുതായിരിക്കുമ്പോഴാണ് ഇത്തരംപ്രശ്നങ്ങളുണ്ടാകുന്നത്. 'ഞാൻ' എന്ന ഭാവം ഉണ്ടാകരുതെന്ന് ബൈബിൾ ആവർത്തിച്ചു മുന്നറിയിപ്പു നൽകുന്നുണ്ട്.

ഏതെങ്കിലുമൊരു കാര്യത്തിൽ നമുക്കു പ്രത്യേകമായ കഴിവുണ്ടെങ്കിൽ അതിന്റെയർഥം ആ രംഗത്ത് ദൈവം നമുക്ക് അനുഗ്രഹം നൽകിയിരിക്കുന്നുവെന്നു എന്ന മനോഭാവം രൂക്ഷമാകുംന്തോറും നാം മറ്റുള്ളവരെ നിസ്സാരന്മാരായി കാണുകയും നിന്ദിക്കുകയും ചെയ്യുന്നു. ഇത്തരം മനോഭാവത്തെ കർത്താവ് ഒരിക്കലും അംഗീകരിക്കുന്നില്ല; ശത്രുവിന് നമ്മുടെ ജീവിതത്തിലേക്ക് പ്രവേശിക്കാനുള്ള വഴിയൊരുക്കുകയാണ് ഇതുമൂലം സംഭവിക്കുന്നത്.

## വിശുദ്ധമായ ഭയം

**'സഹോദരന്മാരെ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപോയെങ്കിൽ ആത്മികരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ; നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾക. തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ. താൻ അല്പനായിരിക്കെ മഹാൻ ആകുന്നു എന്നു ഒരുത്തൻ നിരൂപിച്ചാൽ തന്നെത്താൻ വഞ്ചിക്കുന്നു.'**

**ഗലാ. 6: 1–3**

മറ്റുള്ളവരുടെ ന്യൂനതകളുടെ നേർക്ക് നാമെങ്ങനെയാണ് പ്രതികരിക്കേണ്ടതെന്ന്,

ഈ ഭാഗം ശ്രദ്ധിച്ചുപഠിച്ചാൽ നമുക്കു മനസ്സിലാകും. നാം പാലിക്കേണ്ട ശരിയായ മനോഭാവം ഇതു നമുക്കു പറഞ്ഞുതരുന്നു. അഹങ്കാരത്തെക്കുറിച്ച് നമ്മുടെയുള്ളിൽ വിശുദ്ധമായ ഭയമുണ്ടായിരിക്കണം;

മറ്റുള്ളവരെ വിധിക്കുന്നതിനെക്കുറിച്ചും കുറ്റപ്പെടുത്തുന്നതിനെക്കുറിച്ചും നാം ജാഗരൂകരായിരിക്കുകയും വേണം.

## മറ്റുള്ളവരെ വിധിക്കാൻ നാമാര്?

**അവർ എന്റെ പ്രാണന്നുവേണ്ടി തങ്ങളുടെ കഴുത്തു വെച്ചുകൊടുത്തവരാകുന്നു; അവർക്കു താൻ മതാര്മല്ല, ജാതികളുടെ സകലസഭകളും കൂടെ നന്ദി പറയുന്നു.**

**റോമർ. 16: 4**

നമുക്കിതേക്കുറിച്ച് ചിന്തിച്ചു നോക്കാം. നിങ്ങളുടെ അയൽക്കാരൻ നിങ്ങളുടെ വീട്ടിലെത്തി, നിങ്ങളുടെ കുട്ടികൾ സ്കൂളിൽ പോകുമ്പോൾ ഏതു വസ്ത്രമാണ് ധരിക്കേണ്ടതെന്നതിനെക്കുറിച്ചും ഏതു വിഷയമാണ് പഠിക്കേണ്ടതെന്നതിനെക്കുറിച്ചും നിർദ്ദേശങ്ങൾ നൽകുന്നുവെന്നു കരുതുക. എന്തായിരിക്കും നിങ്ങളുടെ പ്രതികരണം. അല്ലെങ്കിൽ നിങ്ങളുടെ വീട്ടുവേലക്കാരിയെക്കുറിച്ചും (നിങ്ങൾക്കവളെക്കുറിച്ചു സംതൃപ്തിയാണുള്ളത്) അവൾ നിങ്ങളുടെ വീടു വൃത്തിയാക്കുന്നതിനെക്കുറിച്ചും അതൃപ്തിയോടെ സംസാരിക്കുന്നുവെന്നു വിചാരിക്കുക. എങ്ങനെയായിരിക്കും നിങ്ങൾ അയൽക്കാരനോട് പ്രതികരിക്കുന്നത്.

ഇതേ കാര്യമാണ് മേലുദ്ധരിച്ച ഭാഗം വ്യക്തമാക്കുന്നത്. നാമോരോരുത്തരും ദൈവത്തിന്റെ ഭൃത്യരാണ്; നമുക്കെന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ അത് പരിഹരിക്കുകയും നമ്മെ താങ്ങി നിർത്തുകയും ചെയ്യുന്നത് ദൈവമാണ്. നാമുത്തരം നൽകേണ്ടത് ദൈവത്തിനാണ്, അന്യോന്യമല്ല; അതിനാൽ നാം പരസ്പരം കുറ്റപ്പെടുത്തുകയോ വിധിക്കുകയോ ചെയ്യാൻ പാടില്ല.

ആളുകളുടെ മനസ്സിൽ, അന്യരെക്കുറിച്ച് വിധിക്കാനും കുറ്റംപറയാനുമുള്ള താല്പര്യത്തിന്റെ പിശാചുക്കളെ സ്ഥാപിക്കുകയാണ് ചെകുത്താന്റെ പണി. പാർക്കിലോ ഷോപ്പിംഗ് കേന്ദ്രത്തിലോ പോയി വെറുതെയിരുന്ന്, അവിടേയ്ക്ക് വരികയും പോവുകയും ചെയ്യുന്ന ആളുകളെ നിരീക്ഷിക്കുകയും അവരിലോലോരുത്തരേയും കുറിച്ച് അഭിപ്രായം രൂപീകരിക്കുകയും ചെയ്യുന്നത് എനിക്ക് രസകരമായ വിനോദമായിത്തോന്നിയിരുന്നു. അവരുടെ വസ്ത്രധാരണരീതി, മുടിചീകുന്ന വിധം, അവരോടൊപ്പമുള്ളവർ തുടങ്ങി എല്ലാ കാര്യങ്ങളെക്കുറിച്ചും എനിക്ക് സ്വന്തമായ അഭിപ്രായങ്ങളുണ്ടായിരുന്നു.

പലപ്പോഴും നമ്മുടെയുള്ളിൽ അഭിപ്രായങ്ങളുണ്ടാകുന്നത് തടയാനാവില്ല, എന്നാൽ നമുക്കവ പ്രകടിപ്പിക്കാതിരിക്കാം. എന്നു മാത്രമല്ല, ഒട്ടേറെ അഭിപ്രായങ്ങളുണ്ടാവുന്നതൊഴിവാക്കുകയും,നമ്മുടെ അഭിപ്രായങ്ങൾ മറ്റുള്ളവരെ കുറ്റപ്പെടുത്തുന്ന തരത്തിലുള്ളതാകാതെ സൂക്ഷിക്കുകയും ചെയ്യാൻ നമുക്കു കഴിയും.

പലപ്പോഴും ഞാൻ എന്നോടിങ്ങനെ പറയാറുണ്ട്, 'ജോയ്സ്, നീ ഇതിലിട പെടേണ്ട കാര്യമില്ല.' നിങ്ങളുടെ അഭിപ്രായത്തെക്കുറിച്ച് നിങ്ങൾ ഗഹനമായി ചിന്തിക്കുകയും വിധിപ്രസ്താവിക്കലിലെത്തുകയും ചെയ്യുമ്പോൾ ഗൗരവമുള്ള ഒരു പ്രശ്നമാണ് നിങ്ങളുടെയുള്ളിൽ രൂപം കൊള്ളുന്നത്. നിങ്ങളുടെ അഭി പ്രായവും വിധിപ്രസ്താവനയും മറ്റുള്ളവരുടെ മുൻപിൽ പ്രകടിപ്പിക്കുന്നതു വരെ അതു വലുതായിക്കൊണ്ടേയിരിക്കുന്നു. മനുഷ്യബന്ധങ്ങളിലും ആത്മീ യതലത്തിലും കനത്ത നാശനഷ്ടം വരുത്താൻ കഴിവുള്ള ഒരു സ്പോടകവ സ്തുവാണിത്. 'ഞാനിതിലിടപെടേണ്ട കാര്യമില്ല. എന്ന് കൂടെക്കൂടെ സ്വയ മോർമ്മിപ്പിച്ചുകൊണ്ട് ഭാവിയിലുണ്ടാകുന്ന പ്രശ്നങ്ങൾ തടയാൻ ശ്രമിക്കുക.

മറ്റുള്ളവരെ കുറ്റപ്പെടുത്താനും, വിധിക്കാനും താല്പര്യമുള്ളവരായിരുന്നു എന്റെ കുടുംബത്തിലുള്ളവരെല്ലാവരും; അതിനാൽ ഇത്തരം താല്പര്യങ്ങൾക്കി ടയിലാണ് ഞാൻ വളർന്നു വന്നത്. എന്നാൽ ദൈവത്തിനു ഹിതകരമായ രീതി യിൽ ചിന്തിക്കുകയും പെരുമാറുകയും ചെയ്യണമെന്ന് ഞാനാഗ്രഹിക്കാൻ തുട ങ്ങിയപ്പോൾ ഇന്നെനിക്ക് വലിയൊരു പ്രതിബന്ധമായിത്തീർന്നു - ഒടിഞ്ഞ കാലുപയോഗിച്ച് പന്തു തട്ടാൻ ശ്രമിക്കുന്നതു പോലെയായിരുന്നു അത്. ദൈവ ത്തോടൊപ്പം 'പന്തുകളിക്കാ'നാണ് ഞാൻ ശ്രമിച്ചുകൊണ്ടിരുന്നത്;ദൈവത്തിന്റെ വഴിയിൽ ചിന്തിക്കാനും പ്രവർത്തിക്കാനുമാണ് ഞാൻ ശ്രമിച്ചുകൊണ്ടിരുന്ന ത്, എന്നാലെനിക്കതിനു കഴിഞ്ഞില്ല. ചെകുത്താനെന്റെ മനസ്സിൽ സൃഷ്ടിച്ചി രുന്ന കോട്ടകളെക്കുറിച്ചു മനസ്സിലാക്കുകയും അവയെ എങ്ങനെ നേരിടണ മെന്ന് പഠിക്കുകയും ചെയ്തതിനു ശേഷം മാത്രമാണ് എനിക്ക് എന്റെ പെരു മാറ്റത്തിലും ചിന്തയിലും മാറ്റംവരുത്താൻ കഴിഞ്ഞത്.

*നിങ്ങളുടെ മനസ്സ് മാറുന്നതുവരെ പ്രവൃത്തികൾക്ക മാറ്റമുണ്ടാവുകയില്ലെന്ന കാര്യം ഓർമ്മിച്ചുകൊള്ളുക.*

മറ്റുള്ളവരെ വിധിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നതിനെക്കുറിച്ച് പ്രധാനപപെട്ട ചില കാര്യങ്ങളാണ് വിശുദ്ധഗ്രന്ഥം നമ്മോടു പറയുന്നത് (മത്തായി 7:1 1-6) നിങ്ങളുടെ മനസ്സിൽ ഈ വിഷയവമായി ബന്ധപ്പെട്ട പ്രശ്ന ങ്ങളുണ്ടാകുമ്പോൾ മേൽപ്പറഞ്ഞ ഭാഗം വായിക്കുക. വീണ്ടും വീണ്ടും ഉറക്കെ വായിക്കുക. അങ്ങനെ നിങ്ങളുടെ മനസ്സിൽ കോട്ടകൾ പടുത്തുയർത്താൻ ശ്രമിക്കുന്ന ചെകുത്തനെ ദൈവവചനമെന്ന ആയുധമുപയോഗിച്ച് നേരിടുക. ഒരു പക്ഷേ വർഷങ്ങൾക്കു മുൻപുതന്നെ പണിതുയർത്തപ്പെട്ട കോട്ടകളെ കേന്ദ്രീകരിച്ചായിരിക്കാം അവൻ നിങ്ങളെ ആക്രമിക്കുന്നത്.

താഴെപ്പറയുന്ന ഭാഗമൊന്നു വായിച്ചു നോക്കുക, അതേക്കുറിച്ചു എനിക്കു ചിലതു പറയാനുണ്ട്.

## വിധി പ്രസ്താവിക്കൽ വിതയ്ക്കുന്നവൻ അതു തന്നെ കൊയ്യുന്നു.

**നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിനു വിധിക്കരുതു. നിങ്ങൾ വിധിക്കുന്ന വിധി യാൽ നിങ്ങളെയും വിധിക്കും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും.**

**മത്തായി 7: 1,2**

നാമെന്തു വിതയ്ക്കുന്നുവോ അതു തന്നെ കൊയ്യേണ്ടിവരുമെന്ന് വിശുദ്ധ ഗ്രന്ഥം വളരെ വ്യക്തമായി പറയുന്നുണ്ട്. (ഗലാ. 6: 7) കാർഷികവും സാമ്പത്തികവുമായ രംഗങ്ങളിൽ മാത്രമല്ല, മാനസികതലത്തിലും വിതയ്ക്കലും കൊയ്യലും സംഭവിക്കുന്നുണ്ട്. ഒരു വിള അല്ലെങ്കിൽ ഒരു സമ്പാദ്യം വിതയ്ക്കുകയുംകൊയ്യുകയും ചെയ്യുന്നതുപോലെ, ഒരു മനോഭാവത്തെയും വിതയ്ക്കാനും കൊയ്യാനും നമുക്കു സാധിക്കും.

തന്നെക്കുറിച്ച് നിർദ്ദയമായോ കുറ്റപ്പെടുത്തുന്ന രീതിയിലോ ഏതെങ്കിലുമൊരാൾ സംസാരിക്കുന്നതായി അറിഞ്ഞയുടൻ, എനിക്കു പരിചയമുള്ള ഒരു സുവിശേഷ പ്രാസംഗികൻ ഇങ്ങനെയാണ് പ്രതികരിച്ചിരുന്നത്: അവർ വിതയ്ക്കുകയാണോ? അതോ ഞാൻ കൊയ്യുകയാണോ? മറ്റാരുടെയെങ്കിലും ജീവിതത്തിൽ മുൻപെന്നെങ്കിലും നാം വിതച്ചിട്ടുള്ള കാര്യങ്ങൾ നിരവധി തവണ സ്വന്തം ജീവിതത്തിൽ നമുക്കു ചെയ്യേണ്ടി വരുന്നു.

## ഭിഷഗ്വരനായ അങ്ങ് രോഗശാന്തി നൽകിയാലും

**എന്നാൽ സ്വന്ത കണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരടു നോക്കുന്നതു എന്തു? അല്ല, സ്വന്ത കണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോടു, നില്ലൂ, നിന്റെ കണ്ണിൽനിന്നു കരടു എടുത്തുകളയട്ടെ, എന്നു പറയുന്നു.**

**മത്തായി 7: 3–5**

മറ്റുള്ളവരുടെ കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിൽ നാം മുഴുകിക്കഴിയുന്നതാണ് ചെകുത്താനിഷ്ടം. അങ്ങനെയായിരിക്കുമ്പോൾ നമുക്ക് സ്വന്തം കുറ്റങ്ങളെക്കുറിച്ച് ചിന്തിക്കാൻപോലും നേരം കിട്ടുന്നില്ല എന്നതാണിതിനു കാരണം.

നമുക്ക് മറ്റുള്ളവരെ മാറ്റാനാവില്ല; ദൈവത്തിനു മാത്രമേ അതിനു കഴിയൂ. നമുക്കു നമ്മെപ്പോലും മാറ്റാനാവില്ല, എന്നാൽ നമ്മെ മാറ്റാനൊരുങ്ങുന്ന പരിശുദ്ധാത്മാവിനോട് സഹകരിക്കാനും ആ ജോലി പൂർത്തിയാക്കാൻ അവനെ അനുവദിക്കാനും നമുക്കു കഴിയും. കർത്താവു നമുക്കു കാട്ടിത്തരാൻ ശ്രമിക്കുന്ന സത്യത്തെ നേരിടാൻ തയ്യാറാവുകയെന്നുള്ളതാണ് മോചനത്തിനുള്ള ആദ്യപടി.

മറ്റുള്ളവരുടെ കുറ്റങ്ങളേയും കുറവുകളേയും കുറിച്ച് ആലോചിക്കുകയും സംസാരിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ നമ്മെക്കുറിച്ച് ചില തെറ്റിദ്ധാരണകളികപ്പെടുകയാണ് നാം ചെയ്യുന്നത്. അതിനാലാണ്, മറ്റുള്ളവരുടെ ന്യൂനതകളെക്കുറിച്ച്, സ്വന്തം ന്യൂനതകൾ പരിഹരിച്ചിട്ടില്ലാത്ത നാം ചിന്തിക്കേണ്ടതില്ലെന്ന് യേശു പറഞ്ഞിട്ടുള്ളത്. ആദ്യം നിങ്ങളുടെ കുറവുകൾ പരിഹരിക്കാൻ ദൈവത്തെ അനുവദിക്കുക. ആതിനുശേഷം വിശുദ്ധ ഗ്രന്ഥം നിർദ്ദേശിക്കുന്ന തരത്തിലുളഅളവിശ്വാസത്തിന്റെ പാതയിലൂടെ സഞ്ചരിക്കാൻ നിങ്ങളുടെ സഹോദരനെ സഹായക്കുക.

## പരസ്പരം സ്നേഹിക്കുക

**വിശുദ്ധമായവ നായ്ക്കൾക്കു കൊടുക്കരുത്, നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇടുകയുമരുതു. അവ കാൽകൊണ്ടു അവയെ ചവിട്ടുകയും തിരിഞ്ഞു നിങ്ങളെ ചീന്തിക്കളകയും ചെയ്‌വാൻ ഇടവരരുതു**

**മത്തായി 7:6**

ദൈവം നമുക്കു നൽകിയിട്ടുള്ള പരസ്പരം സ്നേഹിക്കാനുള്ള കഴിവിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നതെന്നു ഞാൻ വിശ്വസിക്കുന്നു.

പരസ്പരം സ്നേഹിക്കാനുള്ള കഴിവ് എനിക്കും നിങ്ങൾക്കുമെല്ലാം ദൈവം നൽകിയിട്ടുണ്ട്; എന്നാൽ അതിനു പകരം നാം മറ്റുള്ളവരെ വിധിക്കുകയും കുറ്റപ്പെടുത്തുകയുമാണ് ചെയ്യുന്നതെങ്കിൽ, വിശുദ്ധമായതിനെ (സ്നേഹം) നാം നായ്ക്കൾക്കും പന്നികൾക്കും (പിശാചുക്കൾ) മുൻപിലെറിഞ്ഞു കൊടുക്കുകയാണു ചെയ്യുന്നത്. വിശുദ്ധമായ സ്നേഹത്തെ ചവിട്ടിമെതിച്ചതിനു ശേഷം നമ്മെ ആക്രമിക്കാനുള്ള ഒരവസരമാണ് നാമവയ്ക്ക് കൊടുക്കുന്നത്.

പിശാചുക്കളുടെ ആക്രമണത്തിൽനിന്നും 'സ്നേഹത്തിന്റെ പാത' നമുക്കു സംരക്ഷണമാകുന്നു. സ്നേഹത്തിൽ സഞ്ചരിക്കുന്നവരെ ചെകുത്താന് ഉപദ്രവിക്കാനാവില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

താനൊരു സംഭവമോർമ്മിക്കുന്നു. ഞാനെന്റെ നാലാമത്തെ കുട്ടിയെ ഗർഭിണിയായിരുന്ന കാലത്ത്, പരിശുദ്ധാത്മാവിൽ രക്ഷപ്രാപിക്കുകയും വചനശുശ്രൂഷയിലേർപ്പെടുകയും ബൈബിൾ ഗഗനമായി പഠിപ്പിക്കുകയും ചെയ്തിരുന്ന ഒരാളായിരുന്നു ഞാൻ. എന്നാൽ ആദ്യത്തെ മൂന്നു മാസക്കാലത്ത് ഞാൻ വളരെയേറെ അവശനിലയിലായിരുന്നു. ആരോഗ്യവും ഊർജ്ജവും നഷ്ടപ്പെട്ട് ഞാൻ വിഷമിക്കുകയായിരുന്നു അന്ന്. അധികസമയവും അനങ്ങാൻ പോലുമാവാതെ ക്ഷീണിതയായി കിടക്കുകയായിരുന്നു ഞാൻ.

എന്നാൽ വചനത്തിൽ രക്ഷപ്രാപിക്കുന്നതിനു മുൻപുള്ള കാലത്ത് ഇങ്ങനെയായിരുന്നില്ല എന്റെ അനുഭവം.എന്റെ ആദ്യത്തെ മൂന്നു കുട്ടികളുടേയും ജനനത്തോടനുബന്ധിച്ച് യാതൊരുവിധമായ വിഷമതകളുമെനിക്കുണ്ടായിരുന്നില്ല. അന്ന് ഞാൻ സഭയിലെ ഒരംഗം മാത്രമായിരുന്നു, എന്നിട്ടും എനിക്ക് മികച്ച ആരോഗ്യസ്ഥിതിയാണുണ്ടായിരുന്നത്. ഇപ്പോഴിതാ ദൈവിക വാഗ്ദാനങ്ങളുമായി വളരെയടുത്ത ബന്ധം പുലർത്തിയിട്ടും ഞാൻ കഷ്ടപ്പെടുന്നു. എത്രമാത്രം പ്രാർത്ഥിച്ചിട്ടും ചെകുത്താനെ ശപിച്ചിട്ടും എന്റെ പ്രശ്നത്തിന് യാതൊരു പരിഹാരവുമുണ്ടായിരുന്നില്ല.

ഒരു ദിവസം ഭർത്താവും, കുട്ടികളും വീട്ടുമുറ്റത്ത് സംസാരിക്കുകയും ചിരിക്കുകയും ചെയ്യുന്നതു കേട്ടുകൊണ്ട് വീട്ടിനുള്ളിൽ കിടക്കുകയായിരുന്നു ഞാൻ. അപ്പോൾ അതികഠിനമായ ദുഃഖത്തോടെ ഞാൻ ദൈവത്തോടിങ്ങനെ ചോദിച്ചു. 'എനിക്കെന്താണു കുഴപ്പം? എന്താണെനിക്കു ഇത്രമേൽ അസുഖമുണ്ടാകാൻ കാരണം? എന്തുകൊണ്ടാണെനിക്കു ഭേദമാകാത്തത്?'

മത്തായിയുടെ സുവിശേഷത്തിലെ ഏഴാം അദ്ധ്യായം ഒന്നാം വാക്യം വായിക്കാൻ പരിശുദ്ധാത്മാവ് അപ്പോഴെന്നെ പ്രേരിപ്പിച്ചു. എന്റെ ആരോഗ്യവുമായി ആ വാക്യത്തിനെന്താണു ബന്ധം എന്നു ഞാൻ ചോദിച്ചെങ്കിലും വീണ്ടും വീണ്ടുമതു വായിക്കണമെന്നെനിക്കു തോന്നി. ഒടുവിൽ രണ്ടു വർഷത്തിനു മുൻപ് നടന്ന ഒരു സംഭവത്തെക്കുറിച്ച് ദൈവമെന്നെ ഓർമ്മിപ്പിച്ചു.

വീട്ടിൽവെച്ച് ഞാനന്നൊരു ബൈബിൾ ക്ലാസ് നടത്തിയിരുന്നു. ജെയിൻ എന്നു പേരുള്ള ഒരു യുവതി അന്നവിടെ പഠിക്കാനെത്തിയിരുന്നു. അവൾ ഗർഭിണിയാകുന്നതുവരെ കൃത്യമായി ക്ളാസിൽ വരികയും പഠിക്കുകയുംചെ

യ്തിരുന്നു; എന്നാൽ ഗർഭിണിയായതിനുശേഷം കൃത്യമായി ക്ലാസിൽ വരാൻ അവൾക്കു കഴിയാതെയായി; അധികദിവസങ്ങളിലും അവർക്ക് ക്ഷീണവും തളർച്ചയും അനുഭവപ്പെട്ടിരുന്നു.

എന്നാൽ ജെയിൻ കൃത്യമായി ക്ലാസിൽ വരാത്തതിനെക്കുറിച്ച് ഞാനും മറ്റൊരു 'ക്രിസ്തീയ സഹോദരി' യും തമ്മിൽ സംസാരിച്ചിരുന്ന കാര്യം പെട്ടെന്ന് ഞാൻ ഓർമ്മിച്ചു. അവളുടെ സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനു പകരം, അവളെ കുറ്റപ്പെടുത്തുകയായിരുന്നു ഞങ്ങൾ ചെയ്ത്. ഒരു തരത്തിലും അവളെ സഹായിക്കാൻ ഞങ്ങൾ തയ്യാറായില്ല. അവൾ പൊതുവേ ദുർബ്ബലയാണെന്നും, ഗർഭിണിയാണെന്നതിന്റെ പേരിൽ അവൾ അലസതയും താല്പര്യമില്ലാത്തവഴു മൊക്കെയായിത്തീരുകയാണെന്നും ഞങ്ങളവളെ കുറ്റപ്പെടുത്തി.

ഇപ്പോഴിതാ, രണ്ടുവർഷംമുമ്പ് ജെയിൻ ഏതവസ്ഥയിലായിരുന്നുവോ, അതേ അവസ്ഥയിൽ ഞാനുമെമത്തിയിരിക്കുന്നു. മുൻപ് മൂന്നു പ്രാവശ്യവും ഗർഭിണിയായിരിക്കെ തികച്ചും ആരോഗ്യവതിയായിരുന്ന ഞാൻ ഇപ്പോൾ കഷ്ട പ്പെടുകയാണ്; ഇതിനു കാരണം ജെയ്ൻ എന്ന യുവതിയെ വിമർശിക്കുന്നതി ലൂടെ എന്റെ ജീവിതത്തിലേക്ക് ചെകുത്താന് കടന്നു വരാനുള്ള വാതൽ ഞാൻ തുറന്നിട്ടു എന്നതാണ്. ജെയ്നിനെ സ്നേഹിക്കാനുള്ള എന്റെ കഴിവ് എന്ന വിശുദ്ധ വസ്തുവിനെ ഞാൻ നായ്ക്കൾക്കും പന്നികൾക്കും മുൻപിലെറിഞ്ഞു കൊടുത്തു; വിലപ്പെട്ട മുത്തുകൾ ചവിട്ടിമെതിച്ചതിനുശേഷം ഇപ്പോഴിതാ അവ എന്റെ നേർക്ക് തിരിഞ്ഞിരിക്കുന്നു, അവയെന്നെ കടിച്ചുകീറാനൊരുങ്ങുകയാ ണ്. ഉടൻതന്നെ ഞാൻ പശ്ചാത്തപിക്കാൻ തയ്യാറായി. അതിനുശേഷം ഒരി ക്കൽപ്പോലും എനിക്ക് യാതൊരു ബുദ്ധിമുട്ടുമനുഭവപ്പെട്ടില്ല.

ഈ സംഭവത്തിൽനിന്നും, മറ്റുള്ളവരെ കുറ്റപ്പെടുത്തുകയും വിമർശിക്കു കയും ചെയ്യുന്നതിനെക്കുറിച്ച് ഞാൻ വളരെ പ്രധാനപ്പെട്ട ഒരു കാര്യം മനസ്സിലാക്കി. ഈ സംഭവത്തിനുശഷം ഇതുപോലെയുള്ള തെറ്റുകൾ ഒരിക്കലും ഞാൻ ചെയ്തിട്ടില്ലെന്നു പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്, എന്നാൽ നിരവധി പ്രാവശ്യം ഇതേ തെറ്റ് ഞാനാവർത്തിച്ചിട്ടുണ്ട്, അപ്പോഴൊക്കെ ദൈവ മെന്നെ ഓർമ്മിപ്പിച്ചിട്ടുണ്ട് - അതെക്കുറിച്ച് കൃതജ്ഞതയുള്ളവളാണ് ഞാൻ.

നാമൊക്കെ തെറ്റു ചെയ്യാറുണ്ട്. നമുക്കെല്ലാം ധാരാളം ന്യൂനതകളുമുണ്ട്. മറ്റുള്ളവരുടെ നേർക്ക് കഠിനഹൃദയത്വമോ കുറ്റപ്പെടുത്തുന്ന മനോഭാവമോ ഉണ്ടാകരുതെന്നും, മറിച്ച് പരസ്പരം ക്ഷമിക്കുകയും, ക്രിസ്തുവിനുവേണ്ടി ദൈവം നമ്മോട് ദയ കാട്ടിയതുപോലെ നമ്മളും പരസ്പരം ദയ കാട്ടമെന്നു മാണ് ബൈബിൾ നമ്മെ പഠിപ്പിക്കുന്നത് (എഫേ.4; 32)

## അന്യരെ വിധിക്കുമ്പോൾ നിങ്ങൾ ശപിക്കപ്പെട്ടവരാകുന്നു

**അതുകൊണ്ടു വിധിക്കുന്ന ഏതു മനുഷ്യനുമായുള്ളോവേ, നിനക്കു പ്രതിവാദം പറയാൻ ഇല്ല. അന്യനെ വിധിക്കുന്നതിൽ നീ നിന്നെത്തന്നെ കുറ്റം വിധിക്കുന്നു.**

**റോമർ 2: 1**

മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഏതു പ്രവൃത്തി ചെയ്യുന്നതിന്റെ പേരി ലാണോ നാമന്യരെ വിധിക്കുന്നത്, അതേ പ്രവൃത്തികൾ തന്നെയാണ് നമ്മളും ചെയ്യുന്നത്.

ഈ തത്വം മനസ്സിലാക്കാൻ ഒരിക്കൽ ദൈവമെനിക്കൊരു നല്ല ഉദാഹരണം നൽകി. എന്തുകൊണ്ടാണ് നാം ചെയ്യുന്നതെല്ലാം ശരിയാണെന്നും മറ്റുള്ളവർ ചെയ്യുന്നതെല്ലാം തെറ്റാണെന്നും നാം കരുതുന്നത് എന്നു ഞാൻ ആലോചിച്ചു. അപ്പോൾ കർത്താവെന്നോടു പറഞ്ഞു, 'ജോയ്സ്, നിന്റെ പ്രവൃത്തികളെ ഭംഗി യുള്ള നിറമുള്ള കണ്ണടയിലൂടെയാണ് നീ നോക്കിക്കാണുന്നത്, എന്നാൽ മറ്റു ള്ളവരുടെ പ്രവൃത്തികളെയാകട്ടെ ഒരു ലെൻസിലൂടെയും.'

നമ്മുടെ പെരുമാറ്റത്തിന് നാം ന്യായീകരണങ്ങൾ കണ്ടെത്തുന്നു; എന്നാൽ മറ്റുള്ളവരുടെ കാര്യത്തിൽ നിർദ്ദയമായ നിലപാടാണ് നാം സ്വീകരിക്കുന്നത്. മറ്റുള്ളവർ നമ്മോടുതന്നെ പെരുമാറണമെന്ന് നാമാഗ്രഹിക്കുന്നുവോ, അതേ രീതിയിലാണ് നാമവരോട് പെരുമാറേണ്ടത് എന്നത് (മത്തായി 7: 12) ഒരു മഹ ത്തായ തത്വമാണ്; മറ്റുള്ളവരെ വിധിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന തൊഴിവാക്കാൻ നമ്മെ സഹായിക്കും.

നിഷേധാത്മകമായ മനസ്സിന്റെ ഉല്പന്നമാണ് മറ്റുള്ളവരെ വിധിക്കാനുള്ള മനോഭാവം - ഒരു വ്യക്തിയിൽ എന്തൊക്കെ ഗുണങ്ങളുണ്ടെന്ന് മനസ്സിലാക്കു ന്നതിനു പകരം, എന്തൊക്കെ ദോഷങ്ങളുണ്ടെന്നതിനെക്കുറിച്ച് ചിന്തിക്കുന്നത് നിഷേധാത്മകതയാണ്.

*ക്രിയാത്മകമായി ചിന്തിക്കുക, നിഷേധാത്മകത ശീലിക്കാതിരിക്കുക!*

ഇങ്ങനെയൊരു നിലപാടുമൂലം മറ്റുള്ളവർക്ക് പ്രയോജനമുണ്ടാകും; എ ന്നാൽ മറ്റാരെക്കാളും പ്രയോജനമുണ്ടാകുന്നത് നിങ്ങൾക്കു തന്നെയായിരിക്കും.

## നിങ്ങളുടെ ഹൃദയത്തെ കാത്തു സൂക്ഷിക്കുക

**'നിങ്ങൾ കാത്തു സൂക്ഷിക്കുന്ന മറ്റെന്തിനെക്കാളും വിലപ്പെട്ടതായി നിങ്ങളുടെ ഹൃദയത്തെ കരുതുകയും അതിനെ ജാഗ്രതയോടെ സംരക്ഷിക്കുകയും ചെയ്യുക, എന്തെന്നാൽ അതിൽനിന്നുമാണ് ജീവന്റെയുറവകൾ പ്രവഹിക്കുന്നത്.'**

**സഭാപ്രസംഗി 4: 23.**

നിങ്ങളിലേയ്ക്കും നിങ്ങളിൽനിന്നും ജീവൻ പ്രവഹിക്കണമെന്നു നിങ്ങളാ ഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളുടെ ഹൃദയത്തെ സംരക്ഷിച്ചുകൊള്ളുക.

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ചിലതരം ചിന്തകൾ 'ചിന്തിക്ക പ്പെടാൻ പാടില്ലാത്തവയാണ് '- വിധി പ്രസ്താവിക്കലും കുറ്റപ്പെടുത്തലും അക്കൂട്ടത്തിൽപ്പെട്ടവയാണ്. ദൈവം നമ്മെ പഠിപ്പിക്കാൻ ശ്രമിക്കുന്ന കാര്യങ്ങ ളെല്ലാം നമ്മുടെ നന്മയ്ക്കും സന്തോഷത്തിനും വേണ്ടിയുള്ളതാണ്. ദൈവ ത്തിന്റെ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ നമ്മുടെ ജീവിതം സഫലമായിത്തീ രുന്നു. ചെകുത്താന്റെ വഴിയിലൂടെ സഞ്ചരിക്കുമ്പോഴാകട്ടെ, നമ്മുടെ ജീവിതം ജീർണ്ണിച്ചുപോകുന്നു.'

## സംശയത്തെക്കുറിച്ച് സംശയാലുക്കളായിരിക്കുക

**എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു,എല്ലാം പ്രത്യാശിക്കുന്നു. എല്ലാം സഹിക്കുന്നു.**

**1 കോരി 13 : 7**

ഈ വാക്യത്തെ അനുസരിക്കുകയെന്നത് എല്ലായ്പ്പോഴും ഒരു വെല്ലുവിളിയായിട്ടാണ് എനിക്കനുഭവപ്പെടുന്നത്. ഒരു സംശയാലുവായാണ് ഞാൻ വളർന്നുവന്നത്. എല്ലാവരേയും അവിശ്വസിക്കാനായിരുന്നു എനിക്കു കിട്ടിയ പരിശീലനം; പ്രത്യേകിച്ചും നമ്മിൽനിന്നും എന്തെങ്കിലും കിട്ടുന്നതിനുവേണ്ടി അവർ നന്നായി പെരുമാറുമ്പോഴൊക്കെ ഞാനവരെ സംശയദൃഷ്ടിയോടെയാണ് വീക്ഷിച്ചുകൊണ്ടിരുന്നത്.

മറ്റുള്ളവരെ സംശയിക്കുന്ന പ്രവണതയ്ക്കു പുറമെ എനിക്ക് പലപ്പോഴുമുണ്ടായിട്ടുള്ള കയ്പേറിയ അനുഭവങ്ങളും എന്നെ ഒരു സംശയാലുവാക്കിമാറ്റിക്കൊണ്ടിരുന്നു. ഞാനൊരു യതാർത്ഥ ക്രിസ്ത്യാനിയായിത്തീരുന്നതു മുൻപു മാത്രമല്ല, അതിനുശേഷവും എനിക്കിത്തരമൊരനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ സ്നേഹത്തെക്കുറിച്ച് ധ്യാനിക്കുകയും, സ്നേഹമെല്ലായ്പ്പോഴും ഏറ്റവും നല്ലതുമാത്രം വിശ്വസിക്കുന്നുവെന്ന് തിരിച്ചറിയുകയും ചെയ്തതോടെ എന്റെ മനോഭാവം പൂർണ്ണമായി മാറി.

ചെകുത്താൻ നിങ്ങളുടെയുള്ളിൽ കോട്ടകൾ പടുത്തുയർത്തുമ്പോൾ, അഥവാ നിങ്ങളുടെ മനസ്സിൽ വിഷം കലർത്തുമ്പോൾ, അത് ദൈവവചനത്തിനനുസൃതമായി നവീകരിക്കപ്പെടേണ്ടതുണ്ട്. വചനത്തെക്കുറിച്ചു പഠിക്കുകയും ധ്യാനിക്കുയും (ചിന്തിക്കുക, അതേക്കുറിച്ചു സ്വയം സംസാരിക്കുക എന്നിങ്ങനെ) ചെയ്യുന്നതിലൂടെയാണ് ഇത് സാധ്യമാകുന്നത്.

നമ്മുടെ ചിന്തകൾ എപ്പോഴൊക്കെയാണ് തെറ്റായ ദിശയിൽ സഞ്ചരിക്കുന്നതെന്ന് നമ്മെ ഓർമ്മപ്പെടുത്താൻ പരിശുദ്ധാത്മാവ് നമ്മുടെയുള്ളിൽ പ്രവർത്തനനിരതനാണ്. സ്നേഹപൂർവ്വമായ ചിന്തകൾക്കു പകരം, സംശയകരമായ ചിന്തകൾ എന്റെയുള്ളിലുണ്ടാകുമ്പോൾ പരിശുദ്ധാത്മാവ് എന്നെ ഓർമ്മിപ്പിക്കുന്നു. പലരും ചിന്തിക്കുന്നത്, 'ഞാൻ മറ്റുള്ളവരെ വിശ്വസിച്ചാൽ അവരെന്നെ ചൂഷണം ചെയ്യും' എന്നാണ്. വാസ്തവത്തിൽ വിശ്വസിക്കുന്നതിലൂടെ നിങ്ങൾക്കു ലഭിക്കുന്ന പ്രയോജനങ്ങൾ അതിന്റെ ദോഷഫലങ്ങളേക്കാൾ എത്രയോ മടങ്ങ് വലുതാണ്.

*വിശ്വാസം ജീവിതത്തിലേയ്ക്ക് സന്തോഷം കൊണ്ടുവരുന്നു, അത് ബന്ധങ്ങളെ പരമാവധി ശക്തിപ്പെടുത്തുന്നു.*

എന്നാൽ സംശയം ബന്ധങ്ങൾക്ക് കേടുവരുത്തുകയും നശിപ്പിക്കുകയും ചെയ്യുന്നു.

ഏറ്റവുമൊടുവിലായി എനിക്കു പറയാനുള്ളതിതാണ് - ദൈവത്തിന്റെ വഴികൾ ഗുണകരമായി പ്രവർത്തിക്കുന്നു; എന്നാൽ മനുഷ്യന്റെ വഴികളങ്ങനെയല്ല. ദൈവം വിധിക്കലിനേയും, വിമർശനത്തേയും, സംശയത്തേയും, വെറുക്കുന്നുവെന്നതിനാൽ നമ്മളും അങ്ങനെതന്നെ ചെയ്യണം. ദൈവമെന്തിനെ സ്നേഹിക്കുന്നുവോ, നമ്മളും അതിനെ സ്നേഹിക്കണം, ദൈവമെന്തിനെ വെറുക്കുന്നുവോ, അതിനെ സ്നേഹിക്കണം, ദൈവമെന്തിനെ വെറുക്കുന്നുവോ, അതിനെ നമ്മളും വെറുക്കണം. ദൈവമനുവദിക്കുന്നതിന് അനുമതി നൽകുകയും, ദൈവമനുവതി നൽകാത്തതിനെ അനുവദിക്കാതിരിക്കുകയും ചെയ്യുക.

സന്തുലിതമായ മനോഭാവമാണ് ഏറ്റവും നല്ല മാർഗ്ഗം. ഇതിനർത്ഥം മറ്റുള്ളവരുമായുള്ള ഇടപാടുകളിൽ നാം വിവേകവും വിവേചനബുദ്ധിയുമുപയോഗിക്കേണ്ടതില്ലെന്നല്ല. കണ്ടു മുട്ടുന്നവരുടെയെല്ലാം മുൻപിൽ നമ്മുടെ ജീവിതം തുറന്നുവെയ്ക്കുകയോ അവർക്ക് നമ്മെ നശിപ്പിക്കാനുള്ള അവസരം നൽകുകയോ ചെയ്യാൻ പാടില്ല. എന്നാൽ എല്ലാവരേയും നിഷേധാത്മകവും സംശയകലുഷിതവുമായ കണ്ണോടെ കാണാൻ പാടില്ല; അവർ നമ്മെ ചൂഷണം ചെയ്യുമെന്ന് ചിന്തിക്കാനും പാടില്ല.

## ദൈവത്തെ പൂർണ്ണമായി വിശ്വസിക്കുക!
## മനുഷ്യരെ വിവേചനപൂർവ്വം വിശ്വസിക്കുക

**പെസഹാത്തിരുന്നാളിൽ ജറുശലേമിൽ ഇരുന്നപ്പോൾ അവൻ ചെയ്തിരുന്ന അടയാളങ്ങൾ (അദ്ഭുതങ്ങൾ) കണ്ട് പലരും അവന്റെ നാമത്തിൽ വിശ്വസിച്ചു**

**യേശുവോ എല്ലാവരെയും അറികകൊണ്ടു തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ചേല്പിച്ചില്ല. മനുഷ്യനിലുള്ളതു എന്തു എന്നു സ്വതവെ അറിഞ്ഞിരിക്കയാൽ തനിക്കു മനുഷ്യനെക്കുറിച്ചു യാതൊരുത്തന്റെയും സാക്ഷ്യം ആവശ്യമായിരുന്നില്ല.**

**യോഹ 2: 23– 25**

ഒരിക്കൽ സഭയുടെ പ്രവർത്തനത്തിൽ നിരാശാകരമായ ഒരനുഭവം എനിക്കുണ്ടായി, അപ്പോഴാണ് മുകളിൽ ഉദ്ധരിച്ച ഭാഗം ദൈവമെന്റെ ശ്രദ്ധയിൽപെടുത്തിയത്.

യേശുവിനു തന്റെ ശിഷ്യന്മാരോടുണ്ടായിരുന്ന ബന്ധത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. അവൻ അവരെ വിശ്വസിച്ചിരുന്നില്ലെന്ന് ഇവിടെ വ്യക്തമായി പറയുന്നുണ്ട്. അവനവരെക്കുറിച്ച് സംശയാലുവായിരുന്നെന്നോ അവനവരെ അവിശ്വസിച്ചിരുന്നെന്നോ അല്ല ഇതിനർത്ഥം; മനുഷ്യപ്രകൃതത്തെക്കുറിച്ചറിയാമായിരുന്നതിനാൽ അവൻ അവരെ അമിതമായി വിശ്വസിച്ചിരുന്നില്ലന്നു മാത്രമാണ് സൂചന.

ഞാനൊരു നല്ല പാഠം പഠിച്ചു. ഒരു കൂട്ടം സ്ത്രീകളുമായി എനിക്ക് ആവശ്യത്തിൽ കവിഞ്ഞ ബന്ധവുമുണ്ടായിരുന്നു. തന്മൂലമാണ് സഭയിലെനിക്ക് നിരാശാകരമായ ഒരു സാഹചര്യം നേരിടേണ്ടിവന്നത്. എപ്പോഴൊക്കെ നാം അമിതമായ അവസ്ഥയിലേയ്ക്ക് കടക്കുന്നുവോ, അപ്പോഴൊക്കെ നാം ചെകുത്താനുവേണ്ടി വാതിൽ തുറക്കുകയാണു ചെയ്യുന്നത്.

**‘ശാന്തചിത്തരായിരിക്കുക, ജാഗരൂകരും ശ്രദ്ധാലുക്കലുമായിരിക്കുക; എന്തെന്നാൽ നിങ്ങളുടെ ശത്രുവായ ചെകുത്താൻ അലറുന്ന സിംഹത്തെപ്പോലെ ആരെപ്പിടിച്ചു വിഴുങ്ങേണ്ടൂ എന്നു തിരഞ്ഞുകൊണ്ട് ചുറ്റി നടക്കുകയാണ്.’ 1 പത്രോസ് 5: 8**

മേൽപ്പറഞ്ഞ ഒരു സംഘം സ്ത്രീകളെ ഞാൻ ആവസ്യമില്ലാതെ ആശ്രയിക്കുകയും ദൈവത്തെ വിശ്വസിക്കുന്നതുപോലെ അവരെ പൂർണ്ണമായി വിശ്വസിക്കുകയുമാണ് ചെയ്തിരുന്നത്. മനുഷ്യരുമായുള്ള ബന്ധങ്ങളിൽ ഒരു നിശ്ചിത പരിധിവരെ മാത്രമേ നാം മുന്നേറാൻ പാടുള്ളൂ. വിവേചനത്തിന്റെ പരിധിക്കപ്പുറത്തേയ്ക്കുപോയാൽ കുഴപ്പങ്ങളാരംഭിക്കുകയും നമുക്ക് മുറിവേൽക്കുകയും ചെയ്യുമെന്നും തീർച്ചയാണ്.

എല്ലായ്പ്പോഴും കർത്താവിനെ മാത്രം പൂർണ്ണമായി വിശ്വസിക്കുക. അങ്ങനെ ചെയ്യുമ്പോൾ, നിങ്ങൾ പരിശുദ്ധാത്മാവിനുവേണ്ടി വാതിൽ തുറന്നു കൊടുക്കുന്നു - എപ്പോഴാണ് നിങ്ങളുടെ ചിന്തയോ പ്രവൃത്തിയോ അമിതമായിത്തീരുന്നതെന്ന് പിരിശുദ്ധാത്മാവ് നിങ്ങളെ അറിയിച്ചുകൊള്ളും.

സംശയാലുക്കളായ ചിലർ കരുതുന്നത്, ഞങ്ങൾ വിവേകശാലികളാണെന്നാണ്. ആത്മാക്കളെ വിവേച്ചറിയാനുള്ള ശക്തി എന്നത് പരിശുദ്ധാത്മാവിന്റെ ദാനമാണ്. (1 കോരി 12: 10 KJV ) നല്ലതും ചീത്തയുമായ കാര്യങ്ങളെ ചീത്തയായതിനെ മാത്രമല്ല, തിരിച്ചറിയാൻ അതു നിങ്ങളെ സഹായിക്കുന്നു. സംശയങ്ങളുണ്ടാകുന്നത് നവീകരിക്കപ്പെടാത്ത മനസ്സിൽനിന്നാണ് വിവേചനമുണ്ടാകുന്നത്. നവീകരിക്കപ്പെട്ട മനസ്സിൽനിന്നും.

യഥാർത്ഥ ദാനങ്ങൾക്കായി പ്രാർത്ഥിക്കുക - ആത്മാവിന്റെ ദാനങ്ങളെന്ന് തെറ്റിദ്ധരിപ്പിക്കുന്ന, വില കുറഞ്ഞ ലൗകിക സമ്പത്തിനുവേണ്ടിയല്ല. ആത്മീയമായ വിവേചനം പരദൂഷണത്തിനല്ല പ്രാർത്ഥനയ്ക്കാണു കാരണമായിത്തീരുന്നത്. ഒരു യഥാർത്ഥ പ്രശ്നത്തെ യഥാർത്ഥമായ വരദാനത്തിലൂടെ തിരിച്ചറിയാൻ കഴിഞ്ഞാൽ, അതിനെ എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ള ദൈവികമായ വഴികൾ താനേ തെളിഞ്ഞു കൊള്ളും. ആ പ്രശ്നത്തെ വഷളാക്കാൻ മാത്രമുതകുന്ന ഭൗതികമാർഗ്ഗങ്ങൾക്കു പകരം അതു പരിഹരിക്കാൻ സഹായിക്കുന്ന ദൈവികമായ മാർഗ്ഗങ്ങൾ നമ്മുടെ മുൻപിൽ പ്രത്യക്ഷമാകും.

## സന്തോഷകരമായ വാക്കുകൾ മധുരവും, സാന്ത്വനമേകുന്നവയുമാണ്

**ജ്ഞാനികളുടെ ഹൃദയം അവന്റെ വായെ പഠിപ്പിക്കുന്നു. ഭോഷന്മാരുടെ പ്രബോധനമോ ഭോഷത്വം തന്നെ**

**സുഭാഷിതം 16: 23, 24**

വാക്കുകളും ചിന്തകളും, അസ്ഥിയും മജ്ജയും പോലെ പരസ്പരം ദൃഢമായി ബന്ധപ്പെട്ടിരിക്കുന്നു. അവ പരസ്പരം ചേർന്നിരിക്കുന്നതിനാൽ അവയെ തമ്മിൽ വേർതിരിക്കുക വിഷമമാണ്. (എബ്രാ. 4:12).

നമുക്കും കർത്താവിനും മാത്രം കേൾക്കാൻ കഴിയുന്ന, നിശ്ശബ്ദമായ വാക്കുകളാണ് നമ്മുടെ ചിന്തകൾ. എന്നാൽ അവ നമ്മുടെ ആന്തരിക വ്യക്തിത്വത്തേയും ആരോഗ്യത്തേയും സന്തോഷത്തെയും ബാധിക്കുന്നുണ്ട്. നാം ചിന്തിക്കുന്ന കാര്യങ്ങളാണ് മിക്കപ്പോഴും അവ നമ്മുടെ വിഡ്ഢിത്തത്തെ തുറന്നു കാട്ടുന്നു. വിമർശനം, സംശയം, അന്യരെ വിധിക്കൽ എന്നിവയിൽനിന്നും ഒരിക്കലും നമുക്ക് സന്തോഷം കിട്ടുകയില്ല.

മനുഷ്യരായ നമുക്ക് ജീവിതം നൽകാനും, അതാസ്വദിക്കാൻ നമ്മെ സഹായിക്കാനും വേണ്ടിയാണ് താൻ വന്നതെന്ന് യേശു പറഞ്ഞിട്ടുണ്ട്. (യോഹ. 10: 10) അതിനാൽ ക്രിസ്തുവിന്റെ മനസ്സിൽ പ്രവർത്തിക്കുക; അപ്പോൾ തീർച്ചയായും നിങ്ങളൊരു പുതിയ ജീവിതത്തിലേയ്ക്കു പ്രവേശിക്കും.

# 14

# നിഷ്ക്രിയമായ മനസ്സ്

**പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു. പരിജ്ഞാനം ത്യജിക്കകൊണ്ടു നീ എനിക്കു പുരോഹിതനായിരിക്കാതവണ്ണം ഞാൻ നിന്നെയും ത്യജിക്കും. നീ നിന്റെ ദൈവത്തിന്റെ ന്യായപ്രമാണം മറഞ്ഞുകളഞ്ഞതുകൊണ്ടു ഞാനും നിന്റെ മക്കളെ മറക്കും.**

**(ഹോശയ്യാ 4: 6)**

നിഷ്ക്രിയത്വത്തെ സംബന്ധിച്ചിടത്തോളം മേല്പറഞ്ഞ പ്രസ്താവന തികച്ചും ശരിയാണ്. ക്രിസ്ത്യാനികളിലധികംപേർക്കും ഈ പദത്തെക്കുറിച്ചൊന്നുമറിയില്ല, ഈ അവസ്ഥയുടെ ലക്ഷണങ്ങളെന്തൊക്കെയാണെന്നുമവർക്കറിയില്ല.

പ്രവർത്തനത്തിന്റെ വിപരീതാവസ്ഥയാണ് നിഷ്ക്രിയത്വം. ദൈവവചനം നമ്മെ പഠിപ്പിക്കുന്നത്, നാമെപ്പോഴും ജാഗ്രതയുള്ളവരും, ശ്രദ്ധാലുക്കളും പ്രവർത്തിക്കുന്നവരുമായിരിക്കണമെന്നാണ് എന്നതിനാൽ (1 പത്രോ 5: 8) തികച്ചും അപകടകരമാണ് നിഷ്ക്രിയത്വം - നമ്മുടെയുള്ളിലെ തീനാളം ആളിക്കത്തിക്കാനും, നമുക്കു കിട്ടിയ ദാനത്തെ വർദ്ധിപ്പിക്കാനുമാണ് നാം ശ്രമിക്കേണ്ടത്.

'നിഷ്ക്രിയത്വം' എന്ന വാക്കിന് വ്യത്യസ്തമായ നിർവ്വചനങ്ങളുള്ളതായി ഞാൻ മനസ്സിലാക്കുന്നു; 'വികാരങ്ങളില്ലാത്ത അവസ്ഥ, ആഗ്രഹങ്ങളില്ലാത്ത അവസ്ഥ, പൊതുവേയുള്ള താല്പര്യക്കുറവ്, ഉദാസീനത, അലസത എന്നൊക്കെ അതിനെ നിർവ്വചിക്കാം. നിഷ്ക്രിയത്വത്തിനു പിന്നിൽ പ്രവർത്തിക്കുന്നത് ദുഷ്ടശക്തികളാണ്. നിഷ്ക്രിയത്വം, അഥവാ സ്വന്തം ഇച്ഛാശക്തി ഉപയോഗിക്കാനുള്ള കഴിവില്ലായ്മ, വിശ്വാസിയുടെ ആത്യന്തികമായ പരാജയത്തിനു കാരണമാകുമെന്ന് ചെകുത്താനറിയാം. ചെകുത്താനെ പ്രതിരോധിക്കുന്നതിനായി ഒരാൾ തന്റെ മനശ്ശക്തി ഉപയോഗിക്കുന്നിടത്തോളം കാലം ശത്രുവിനെ അയാളെ യുദ്ധത്തിൽ തോല്പിക്കാനാവില്ല. എന്നാൽ അതിനു പകരമയാൾ അലസനായിത്തീർന്നാൽ, തീർച്ചയായും അയാളപകടത്തിൽപ്പെട്ടിരിക്കുന്നു.

തങ്ങൾ ചെയ്യേണ്ടതാണെന്ന് പരിശീലനം സിദ്ധിച്ചിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതിൽ നിന്നുമൊഴിഞ്ഞുമാറുന്ന പല വിശ്വാസികളും, തങ്ങളുടെ തോന്നലുകളുടെ അടിസ്ഥാനത്തിലാണ് അങ്ങനെ ചെയ്യുന്നത്. അവർക്കു തോന്നിയാൽ അവർ ദൈവത്തെ സ്തുതിക്കും, അവർക്കു തോന്നിയാൽ അവർ ദാനം ചെയ്യും, അവർക്കു തോന്നിയാൽ അവർ വാക്കു പാലിക്കും; തോന്നിയില്ലെങ്കിലോ അവരിതൊന്നും ചെയ്യുകയുമില്ല.

**പിശാചിന് ഇടം കൊടുക്കരുത്.** **എഫേസ്യർ 4: 27 KJV**

ഒഴിഞ്ഞ ഇടങ്ങളാണ് നാം സാധാരണയായി ചെകുത്താനു കൊടുക്കാറുള്ളത്. ശൂന്യവും നിഷ്ക്രിയവുമായ ഒരു മനസ്സിൽ തെറ്റായ ചിന്തകൾ നിറയുകയെളുപ്പമാണ്.

നിഷ്ക്രിയമായ മനസ്സിന്റെ ഉടമയും, ഇത്തരം ദുഷിച്ച ചിന്തകളെ ചെറുത്തുനിൽക്കാൻ കഴിയാത്ത ഒരാളുമായ ഒരു വിശ്വാസി, ഇത്തരം ചിന്തകൾ തന്റെ സ്വന്തം ചിന്തകളാണെന്നു കരുതി സ്വീകരിച്ചേക്കാം. തന്റെ മനസ്സിൽ നാം ഭൂമിയിലേക്ക്, അവിടെ ശൂന്യമായൊരിടമുണ്ടായിരുന്നുവെന്നതിനാൽ ചെകുത്താൻ കുത്തിവെച്ച ദുഷ്ടചിന്തകളാണവയെന്ന് അയാൾ തിരിച്ചറിയുന്നില്ല.

നിങ്ങളുടെ മനസ്സിൽനിന്നും ദുഷ്ടചിന്തകളെ അകറ്റിനിർത്താനുള്ള ഏറ്റവും നല്ല മാർഗ്ഗം, ശരിയായ ചിന്തകളെ ഉള്ളിൽ നിറയ്ക്കുകയെന്നതാണ്. ചെകുത്താനെ ആട്ടിയോടിച്ചാലും, വീണ്ടും നമ്മെ ആക്രമിക്കാനുള്ള തക്കം പാർത്ത് അവൻ അലഞ്ഞു നടക്കും. കുറച്ചു സമയത്തിനുശേഷം അവൻ തിരിച്ചെത്തുമ്പോഴും നമ്മുടെ മനസ്സ് ശൂന്യമാണെങ്കിൽ, ലൂക്കോസിന്റെ സുവിശേഷം പതിനൊന്നാം അധ്യായം, ഇരുപത്തിനാലുമുതൽ ഇരുപത്തിയാറുവരെയുള്ള വാക്യങ്ങളിൽ പറയുന്നതുപോലെ, അവൻ  തന്നോടൊപ്പം മറ്റു പിശാചുക്കളെ കൂട്ടിക്കൊണ്ടുവരികയും, അങ്ങനെ ഒരാളുടെ അവസാനകാലത്തെ അവസ്ഥ ആദ്യത്തേതിനേക്കാൾ മോശമായിത്തീരുകയും ചെയ്യുന്നു. അതിനാൽ, ചെകുത്താനെ ഒരാളുടെ മനസ്സിൽനിന്നും ആട്ടിയോടിക്കുമ്പോൾ, 'ശൂന്യമായ ആ സ്ഥലം നിറയ്ക്കാ'നുള്ള നിർദ്ദേശങ്ങൾ നൽകിയതിനുശേഷം മാത്രമേ ഞങ്ങൾ ചെകുത്താനെ ആട്ടിയോടിക്കാറുള്ളൂ.

ദുഷിച്ച ചിന്ത ആരുടെയുള്ളിലാണോ കുടികൊള്ളുന്നത്, അയാൾ ഒരു ദുഷ്ടശക്തിയെ ഉള്ളിൽ കുടിയിരുത്തുന്നുണ്ട് എന്നല്ല ഞാൻ ഉദ്ദേശിച്ചത്; എന്നാൽ ദുഷിച്ച ചിന്തകളുടെ പിന്നിൽ ദുഷ്ടശക്തികളുണ്ടെന്നത് സത്യമാണ്. ഒരു വ്യക്തിക്ക് അനാവശ്യമായ സങ്കല്പങ്ങളെ താൻ മനസ്സിൽനിന്നും ആട്ടിയോടിക്കാനാകും, എന്നാൽ തന്റെയുള്ളിലെ ശൂന്യമായ സ്ഥലം ശരിയായ ചിന്തയിലൂടെ നിറയ്ക്കാൻ അയാൾ പഠിക്കുന്നതുവരെ അവ വീണ്ടും തിരിച്ചെത്തിക്കൊണ്ടേയിരിക്കും. ശൂന്യമായ സ്ഥലം നല്ല ചിന്തകളാൽ നിറയ്ക്കപ്പെട്ടു കഴിഞ്ഞാൽ ശത്രു മടങ്ങിയെത്തുമ്പോൾ അവനിരിക്കാൻ സ്ഥലമുണ്ടാവുകയില്ല.

അക്രമാസക്തമായ പാപങ്ങളും നിഷ്ക്രിയമായ പാപങ്ങളുമുണ്ട് മറ്റൊരു തരത്തിൽ പറഞ്ഞാൽ നാം ചെയ്യുന്ന തെറ്റായ പ്രവൃത്തികളും നാം ചെയ്യാതിരിക്കുന്ന ശരിയായ പ്രവൃത്തികളുമുണ്ട്. ഉദാഹരണത്തിന്, ആലോചനാശൂന്യമായ വാക്കുകൾ പറയുന്നതിലൂടെ ഒരു ബന്ധം നശിപ്പിക്കാൻ കഴിയും; അതേസമയം കാരുണ്യമുള്ള വാക്കുകൾ പറയാതിരിക്കുന്നതിലൂടെയും ആ ബന്ധം നശിപ്പിക്കാനാകും.

താൻ യാതൊന്നും ചെയ്യുന്നില്ല എന്നതിനാൽ താൻ തെറ്റൊന്നും ചെയ്യുന്നില്ലെന്നാണ് നിഷ്ക്രിയനായ ഒരാൾ കരുതുന്നത്. ഇങ്ങനെയുള്ള തെറ്റിദ്ധാരണയ്ക്കടിപ്പെട്ട അയാൾ, 'ഞാനൊന്നും ചെയ്തില്ല' എന്നാണ് സാധാരണയായി പറയാറുള്ളത്. അയാൾ നടത്തുന്ന വിശകലനം ശരി തന്നെ. എന്നാലയാളുടെ പെരുമാറ്റം ശരിയല്ല. അയാൾ യാതൊന്നും ചെയ്തില്ല എന്നതുതന്നെയാണ് യഥാർത്ഥ പ്രശ്നം.

## നിഷ്ക്രിയതയെ മറികടക്കുക

എന്റെ ഭർത്താവ് ഡേവിന് നിഷ്ക്രിയത എന്ന പ്രശ്നമുണ്ടായിരുന്നു, വർഷങ്ങൾക്കു മുൻപ്. എന്നാൽ അദ്ദേഹം സജീവമായി ചെയ്തിരുന്ന ചില ജോലി

കളുമുണ്ടായിരുന്നു. എല്ലാ ദിവസവും കൃത്യമായി ജോലിക്കുപോവുകയും ശനിയാഴ്ചകളിൽ ഗോൾഫ് കളിക്കുകയും ഞായറാഴ്ചകളിൽ ഫുട്ബോൾ കാണുകയും ചെയ്യുന്നതൊഴിച്ചാൽ മറ്റൊന്നും ചെയ്യാൻ ഡേവ് തയ്യാറായിരുന്നി. ഭിത്തിയിലൊരു ചിത്രം തൂക്കണമെന്ന് എനിക്കു തോന്നിയാൽ ആ ജോലി ഡേവിനെക്കൊണ്ട് ചെയ്യിക്കാൻ മൂന്നോ നാലോ ആഴ്ചകളെടുത്തെന്നുവരും. ഇക്കാരണത്താൽ മിക്കപ്പോഴും ഞങ്ങളുടെയിടയിൽ പ്രശ്നങ്ങളുണ്ടാകുമായിരുന്നു. തനിക്കിഷ്ടമുള്ളതൊഴികെ മറ്റു യാതൊന്നും ചെയ്യാൻ ഡേവ് തയ്യാറായിരുന്നില്ലെന്നാണ് എനിക്കു തോന്നിയിരുന്നത്.

ഡേവ് കർത്താവിനെ സ്നേഹിച്ചിരുന്നു. ഈ പ്രശ്നത്തിന് പരിഹാരം തേടി അദ്ദേഹം ദൈവത്തെ ആശ്രയിച്ചപ്പോൾ, നിഷ്ക്രിയതയുടെ അപകടങ്ങളെ സംബന്ധിച്ച ചില വിവരങ്ങൾ ദൈവം ഡേവിനു കൊടുത്തു. ദുഷ്ടശക്തികളാണ് നിഷ്ക്രിയതയ്ക്കു പിന്നിലെന്ന് ഡേവിനു മനസ്സിലായി. ചില കാര്യങ്ങളിൽ തന്റെ ഇച്ഛ നടപ്പിലാക്കാൻ കഴിഞ്ഞിരുന്നതുമൂലം യാതൊരു പ്രശ്നവുമനുഭവപ്പെട്ടിരുന്നില്ലെന്നും എന്നാൽ മറ്റു ചില കാര്യങ്ങളിൽ നിഷ്ക്രിയതമൂലം തന്റെ ഇച്ഛ ശത്രുവിനു മുൻപിൽ കീഴടങ്ങുകയാണെന്നും ഡേവ് മനസ്സിലാക്കി. അത്തരം വിഷയങ്ങളിൽനിന്നും പിന്മാറുകയും തന്നെ ആ ജോലിയിലേയ്ക്ക് പ്രേരിപ്പിക്കാനുള്ള യാതൊന്നുമില്ലെന്ന് തോന്നലോടെ കീഴടങ്ങുകയുമാണ് അദ്ദേഹം ചെയ്തിരുന്നത്.

ദൈവവചനത്തെക്കുറിച്ചുള്ള പഠനവും പ്രാർത്ഥനയുമായിരുന്നു ഡേവ് ഉദാസീനത കാട്ടിയിരുന്ന മറ്റു രണ്ടു രംഗങ്ങൾ. ദൈവത്തിന്റെ നിർദ്ദേശങ്ങൾക്കായി ഡേവ് കാതോർക്കുന്നില്ലെന്ന് മനസ്സിലായതോടെ അദ്ദേഹം പറയുന്ന കാര്യങ്ങൾ എനിക്കു സ്വീകാര്യമല്ലാതെയായി. പ്രതിഷേധിക്കാനുള്ള താല്പര്യം എന്ന പ്രശ്നം എന്റെയുള്ളിലുണ്ടായിരുന്നു, ഞങ്ങൾ രണ്ടുപേരുടെയും ദൗർബല്യങ്ങളെ എങ്ങനെയാണ് ചെകുത്താൻ ഞങ്ങൾക്കെതിരെ ഉപയോഗിച്ചതെന്ന് മനസ്സിലായല്ലോ. ഇത്തരം പ്രശ്നങ്ങൾ മൂലമാണ് പലപ്പോഴും ആളുകൾ വിവാഹമോചനം നേടുന്നത്. തങ്ങളുടെയിടയിലെ കുഴപ്പമെന്താണെന്ന് പലപ്പോഴും ആളുകൾ തിരിച്ചറിയുന്നില്ല.

പലപ്പോഴും ഞാൻ അക്രമാസക്തയായിരുന്നു. ഞാൻ ദൈവത്തിനു മുൻപേ കുതിച്ചോടുകുയായിരുന്നു. 'എനിക്കിഷ്ടമുള്ളതു ചെയ്യുക'യായിരുന്നു എന്റെ രീതി; ഞാൻ ചെയ്യുന്നതിനെ ദൈവമാശീർവ്വദിക്കണമെന്ന് ഞാൻ പ്രതീക്ഷിക്കുകയും ചെയ്യും; എന്നാൽ എന്റെ ഭർത്താവാകട്ടെ ദൈവത്തിനുവേണ്ടി കാത്തിരിക്കുകയെന്നതൊഴികെ മറ്റു യാതൊന്നും ചെയ്തിരുന്നില്ല, അതെന്നെ കഠിനമായി അലോസരപ്പെടുത്തിയിരുന്നു. ഇപ്പോൾ അതൊക്കെയോർത്ത് ഞങ്ങൾ പൊട്ടിച്ചിരിക്കാറുണ്ട്, എന്നാൽ എന്ന് അതൊരു രൂക്ഷമായ പ്രശ്നമായിരുന്നു; ദൈവം ഞങ്ങളെ സഹായിച്ചിരുന്നില്ലെങ്കിൽ ഞങ്ങൾ തമ്മിൽ വേർപിരിയുമായിരുന്നു.

ഞാൻ ദൈവത്തിനു മുൻപേ കാര്യങ്ങൾ ചെയ്യുകയാണെന്നായിരുന്നു ഡേവിന്റെ പരാതി; ഡേവ് ദൈവത്തേക്കാൾ പത്തുമൈൽ പിറകിലാണെന്ന് ഞാനും തിരിച്ചടിക്കും. ഞാൻ അമിതാവേശക്കാരിയും ഡേവ് ഉദാസീനനുമായിരുന്നു.

ഒരു വിശ്വാസി, തനിക്ക് കഴിവുള്ള ഏതെങ്കിലുമൊരു രംഗത്ത് നിഷ്ക്രിയനോ അലസനോ ആയിത്തീരുമ്പോൾ, ആ രംഗം ശോഷിക്കുകയും നിർജ്ജീ

വമായിത്തീരുകയും ചെയ്യുന്നു. എത്രകാലം അയാൾ ഒന്നും ചെയ്യാതിരിക്കുന്നുവോ, അത്രയുമധികം അയാൾ ഉദാസീനനായിത്തീരും. ഏറ്റവും നല്ല ഉദാഹരണം ശാരീരികവ്യായാമമാണ്.

ഈയ്യിടെയായി ഞാൻ പതിവായി വ്യായാമം ചെയ്യാറുണ്ട്. എത്ര കൂടുതൽ ചെയ്യുന്നുവോ, അത്രയധികം അതെളുപ്പമായിത്തീരുന്നു. ആരംഭകാലത്ത് അതു വളരെ വിഷമകരമായിരുന്നു. ഓരോ തവണ വ്യായാമം ചെയ്യുമ്പോഴും എനിക്ക് ദേഹത്ത് വേദനയനുഭവപ്പെട്ടിരുന്നു, എന്തെന്നാൽ ഏറെക്കാലം ഞാൻ യാതൊരു തരത്തിലുള്ള വ്യായാമങ്ങളും ചെയ്തിരുന്നില്ല. എത്ര കൂടുതൽകാലം ചെയ്യാതിരിക്കുന്നുവോ, ശാരീരികാവസ്ഥ അത്രയധികം മോശമായിത്തീരുന്നു. വ്യായാമം ചെയ്യാത്തതിനാൽ എന്റെ മാംസപേശികൾ ദുർബ്ബലമായിക്കൊണ്ടിരുന്നു.

തന്റെ പ്രശ്നമെന്താണെന്ന് ഡേവിനു മനസ്സിലായി! ഏറെക്കാലം ഒന്നും ചെയ്യാതിരുന്നതുമൂലം ദുഷ്ടശക്തികൾ ഇദ്ദേഹത്തെ അടിച്ചമർത്തുകയായിരുന്നു. പരിശുദ്ധാത്മാവ് ഈ സത്യം വെളിപ്പെടുത്തിയതോടെ, താൻ സജീവമായി പ്രവർത്തിക്കുമെന്നും ഒരിക്കലും അലസനായിരിക്കില്ലെന്നും ഡേവ് തീരുമാനിച്ചു.

തീരുമാനമെടുക്കാനെളുപ്പമാണ്, എന്നാൽ അത് പ്രവൃത്തിയിൽ കൊണ്ടുവരുന്നത് വിഷമകരവും. താൻ ഉദാസീനനായിരുന്ന രംഗങ്ങളിൽ സജീവമാകണമെങ്കിൽ ഡേവ് അതിനുവേണ്ടി അദ്ധ്വാനിക്കേണ്ടിയിരുന്നു.

വെളുപ്പിനെ അഞ്ചുമണിക്കെഴുന്നേറ്റ് ദൈവവചനം വായിക്കാനും പ്രാർത്ഥിക്കാനും ഡേവ് താല്പര്യം കാട്ടി. യുദ്ധമാരംഭിച്ചു കഴിഞ്ഞു! താൻ പിടിച്ചെടുത്ത പ്രദേശങ്ങൾ കൈവിട്ടുകളയാൻ ചെകുത്താൻ തയ്യാറായിരുന്നില്ല. യുദ്ധം നടത്താനായിരുന്നു അവന്റെ തീരുമാനം. ദൈവത്തോടൊപ്പം സമയം ചെലവഴിക്കമെന്ന ഉദ്ദേശത്തോടെ ഡേവ് എഴുന്നേൽക്കുമെങ്കിലും പ്രാർത്ഥിക്കാനിരിക്കുന്ന സോഫായിൽ കിടന്ന് ഉറങ്ങിപ്പോകും. ഇങ്ങനെ ഉറങ്ങിപ്പോകുന്നതുമൂലം പലപ്പോഴും പ്രാർത്ഥിക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിലും, ചെറിയ തോതിൽ അദ്ദേഹം പുരോഗമിച്ചുകൊണ്ടിരുന്നു.

പലപ്പോഴും ഡേവിന് മടുപ്പ് തോന്നി. തനിക്ക് യാതൊരു പുരോഗതിയുമില്ലെന്നും, വായിക്കുന്നതൊന്നും തനിക്കു മനസ്സിലാവുന്നില്ലെന്നും, തന്റെ പ്രാർത്ഥനകൾ ഫലപ്രദമല്ലെന്നുമുള്ള ചിന്തയാൽ പലപ്പോഴും അദ്ദേഹമസ്വസ്ഥനായി. എന്നാൽ 'നിഷ്ക്രിയത്വം' എന്ന തന്റെ പ്രശ്നത്തെക്കുറിച്ച് പരിശുദ്ധാത്മാവ് നൽകിയ വെളിപാട് ഓർമ്മിച്ചുകൊണ്ട് ഡേവ് പോരാട്ടം തുടർന്നു.

ഭിത്തിയിലൊരു ചിത്രം തൂക്കണമെന്നോ, ഏതെങ്കിലുമൊരു ചെറിയ ജോലി ചെയ്യണമെന്നോ താനാവശ്യപ്പെട്ടാൽ ഉടൻതന്നെ അതു ചെയ്യാൻ ഇപ്പോഴദ്ദേഹം തയ്യാറാകുന്നുണ്ടെന്ന് എനിക്കു മനസ്സിലായി. സ്വന്തമായ രീതിയിൽ ചിന്തിക്കാനും സ്വയം തീരുമാനങ്ങളെടുക്കാനും ഡേവ് ശീലിക്കുകയാണ്. പലപ്പോഴും ചെയ്യാനിഷ്ടമുണ്ടായിട്ടോ സ്വാഭാവികമായ രീതിയിൽ ചെയ്യാനോ അല്ലെങ്കിൽക്കൂടി ഡേവ് അതു ചെയ്തിരുന്നു. തന്റെ ശാരീരികാഭിലാഷങ്ങളേയും വികാരങ്ങളേയും മറികടക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. തനിക്ക് ശരിയാണെന്നു തോന്നിയ കാര്യങ്ങൾ എത്ര കൂടുതൽ ചെയ്യുന്നുവോ, അത്രമാത്രം സ്വാതന്ത്ര്യം അദ്ദേഹത്തിനു ലഭിച്ചുകൊണ്ടിരുന്നു.

എന്നാൽ ഈ പോരാട്ടം അത്ര എളുപ്പമായിരുന്നില്ല. ഏതാനും ദിവസങ്ങൾ കൊണ്ടോ, ആഴ്ചകൾകൊണ്ടോ സ്വാതന്ത്ര്യം നേടാൻ ഡേവിനു കഴിഞ്ഞില്ല. പിൻബലമേകാൻ ഏതെങ്കിലുമൊക്കെ വികാരങ്ങളില്ലെന്നതിനാൽ നിഷ്ക്രിയത അല്ലെങ്കിൽ ഉദാസീനത കീഴടക്കപ്പെടാൻ വളരെ വിഷമമുള്ള ഒന്നാണ്.

ഡേവ് ദൈവത്തിന്റെ സഹായത്തോടെ തന്റെ പ്രയത്നം തുടർന്നുകൊണ്ടേയിരുന്നു; ഇപ്പോഴദ്ദേഹം ഒട്ടും ഉദാസീനനല്ല. 'ലൈഫ് ഇൻ ദ വേർഡ്' പ്രസ്ഥാനത്തിന്റെ ഭരണകർത്താവും, ഞങ്ങളുടെ റേഡിയോ - ടെലിവിഷൻ പരിപാടികളുടെ മേൽനോട്ടക്കാരനും,പ്രസ്ഥാനത്തിന്റെ സാമ്പത്തികവിഷയങ്ങൾ കൈകാര്യം ചെയ്യുന്നയാളുമാണ്. അദ്ദേഹമിപ്പോൾ മുഴുവൻ സമയവും എന്നോടൊപ്പം യാത്ര ചെയ്യാനും, ഞങ്ങളുടെ യാത്രാപരിപാടികൾ തയ്യാറാക്കാനും ഡേവ് ഉത്സാഹം കാണിക്കുന്നു. മികച്ച ഗൃഹനാഥനുമാണദ്ദേഹം. ദൈവവചനത്തിൽ പ്രവർത്തിക്കാനും പ്രാർത്ഥിക്കാനും അദ്ദേഹം സമയം കണ്ടെത്തുന്നു. ചുരുക്കിപ്പറഞ്ഞാൽ ബഹുമാന്യനും പ്രിയങ്കരനുമായ ഒരാളാണ് ഡേവ്.

ഇപ്പോഴും അദ്ദേഹം പതിവായി ഗോൾഫ് കളിക്കുകയും ഫുട്ബോൾ കാണുകയും ചെയ്യുന്നുണ്ട്, ഒപ്പം താൻ ചെയ്യേണ്ട മറ്റെല്ലാ കാര്യങ്ങളും അദ്ദേഹം ചെയ്യുന്നു. അദ്ദേഹത്തിന്റെ പ്രവൃത്തികൾ കാണുന്ന ഏതൊരാൾക്കും ഒരിക്കലുമദ്ദേഹം ഉദാസീനനായിരുന്നുവെന്നു ചിന്തിക്കാനാവില്ല.

നിഷ്ക്രിയതയെ മറികടക്കാനാവും. എന്നാൽ പ്രവൃത്തിയിലൂടെ നിഷ്ക്രിയതയെ മറികടക്കുന്നതിനുള്ള ആദ്യപടി, മാനസികമായി അതിനെ മറികടക്കുകയെന്നതാണ്. ഒരുറച്ച തീരുമാനമെടുക്കുകയും തന്റെ ചിന്താരീതി മാറ്റുകയും ചെയ്യുന്നതുവരെ ഡേവിന് പുരോഗതി നേടാനായില്ലെന്നത് ശ്രദ്ധേയമാണ്.

## ശരിയായ ചിന്തയ്ക്കു പിന്നാലെ ശരിയായ പ്രവൃത്തി

**ഈലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.**

**റോമർ: 12: 2**

ദൈവവചനത്തിലൂടെ തെളിയിക്കപ്പെടുന്ന ചലനാത്മകമായ പ്രമാണമാണിത്, ഇത് മനസ്സിലാക്കുകയും പരിശീലിക്കുകയും ചെയ്യുന്നതുവരെ ഒരാൾപ്പോലും വിജയത്തിൽ സഞ്ചരിക്കുന്നില്ല; ഇതാണാ പ്രമാണം: ശരിയായ ചിന്തയ്ക്കു പിന്നാലെ ശരിയായ പ്രവൃത്തിയുണ്ടാകുന്നു.

ഇത് മറ്റൊരു തരത്തിലും പറയാം. *നിങ്ങളുടെ ചിന്തകളിൽ മാറ്റംവരുത്തുന്നതുവരെ നിങ്ങളുടെ പെരുമാറ്റത്തിൽ മാറ്റം വരുത്താനാവില്ല.*

ദൈവമുണ്ടാക്കിയ ക്രമീകരണമനുസരിച്ച് ശരിയായ ചിന്തയാണാദ്യം സംഭവിക്കുന്നത്, അതിനുശേഷമാണ് ശരിയായ പ്രവൃത്തിയുണ്ടാകുന്നത്. ഞാൻ വിശ്വസിക്കുന്നത്, ശരിയായ പ്രവൃത്തി അഥവാ ശരിയായ പെരുമാറ്റം, ശരിയായ ചിന്തയുടെ 'ഫല'മാണെന്നാണ്. വിശ്വാസികളിലധികം പേരും ശരിയായ പ്രവൃത്തി ചെയ്യാൻവേണ്ടി പാടുപെടുന്നവരാണ്, എന്നാൽ പാടുപെട്ടുണ്ടാക്കേണ്ടതല്ല ഫലം. മുന്തിരിവള്ളിയിൽ നാം വിശ്വാസമർപ്പിക്കുമ്പോഴാണ് ഫലമുണ്ടാകുന്നത് (യോഹ. 15; 4 KJV ) മുന്തിരിവള്ളിയിലുറച്ചു നിൽക്കണമെങ്കിൽ നാമനുസരണയുള്ളവരായിരിക്കണം.യോഹ. 15: 10 KJV

ഈ പ്രമാണത്തെക്കുറിച്ചു പഠിപ്പിക്കുമ്പോഴെല്ലാം ഞാൻ മറ്റൊരു വാക്യമോർമ്മിക്കാറുണ്ട്: നിങ്ങളുടെ പഴയ ജീവിതരീതിയിൽ നിന്നും രൂപംകൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതനായ പഴയമനുഷ്യനെ ദൂരെ എറിയുവിൻ. (നവീകരിക്കപ്പെടാത്ത പഴയ വ്യക്തിത്വത്തെ ഉപേക്ഷിക്കുവിൻ) (എഫേ. 4: 22 - 24). 'യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ പ്രകൃതത്തെ (നവീകരിക്കപ്പെട്ട വ്യക്തിത്വത്തെ) നിങ്ങൾ ധരിക്കുവിൻ.' (എഫേ. 4: 24)

22-ാം വാക്യം നമ്മോടു പറയുന്നത്, അനുചിതമായ പെരുമാറ്റമവസാനിപ്പിക്കാനാണ്; 24-ാം വാക്യമാകട്ടെ, ഉചിതമായി പെരുമാറാൻ നമ്മോടാവശ്യപ്പെടുന്നു. ഇവയ്ക്കിടയിലുള്ള 23-ാം വാക്യത്തെ ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായാണു ഞാൻ കാണുന്നത് - അനുചിതമായ പെരുമാറ്റത്തിനും തമ്മിലുള്ള ബന്ധത്തെ അതു സൂചിപ്പിക്കുന്നു: **'നിങ്ങൾ മനസ്സിന്റെ ചൈതന്യത്തിൽ സ്ഥിരമായി നവീകരിക്കപ്പെടട്ടെ, (മാനസികവും ആത്മീയവുമായി തികച്ചും പുതുമയുള്ള മനോഭാവം നിങ്ങൾക്കുണ്ടാകട്ടെ.)'**

തെറ്റായ പെരുമാറ്റത്തിൽനിന്നും ശരിയായ പെരുമാറ്റത്തിലേയ്ക്ക് പുരോഗമിക്കണമെങ്കിൽ ആദ്യമായി നിങ്ങളുടെ ചിന്തകൾക്ക് മാറ്റം സംഭവിക്കണം. ഉദാസീനനായ ഒരുവന് ശരിയായ പ്രവൃത്തി ചെയ്യണമെന്നു തോന്നിയാലും, തന്റെ മനസ്സിനെ ബോധപൂർവ്വം സജീവമാക്കുകയും, ദൈവവചനത്തിനും ദൈവഹിതത്തിനും അനുയോജ്യമാക്കിത്തീർക്കുകയും ചെയ്യുന്നതുവരെ അയാൾക്കങ്ങനെ ചെയ്യാനാവില്ല.

ഒരുദാഹരണമെനിക്കോർമ്മ വരുന്നു: ഞാൻ നടത്തിയിരുന്ന സമ്മേളനങ്ങളിലൊന്നിൽ പങ്കെടുക്കാനെത്തിയ ഒരാളുടെ പ്രശ്നം അനിയന്ത്രിതമായ കാമമായിരുന്നു. തന്റെ ഭാര്യയെ അയാൾ സ്നേഹിച്ചിരുന്നു, തന്റെ വിവാഹബന്ധം തകരരുതെന്ന് അഗ്രഹിക്കുകയും ചെയ്തിരുന്നു; എന്നാൽ സ്വയം നിയന്ത്രിക്കാൻ കഴിയാത്തതുമൂലം തന്റെ ദാമ്പത്യം താറുമാറായേക്കുമെന്ന് അയാൾ ഭയപ്പെട്ടു.

'ജോയ്സ്', എന്റെ പ്രശ്നം കാമമാണ്, എനിക്ക് അന്യസ്ത്രീകളിൽനിന്നു മൊഴിഞ്ഞുമാറാൻ കഴിയുന്നില്ല. എനിക്കതിൽനിന്നും മോചനം കിട്ടുന്നതിനായി നിങ്ങൾ പ്രാർത്ഥിക്കുമോ? മറ്റനേകം പേർ എനിക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട്, എങ്കിലും യാതൊരു പ്രയോജനവുമുണ്ടായിട്ടില്ല!

അപ്പോഴിങ്ങനെ പറയാനാണ് പരിശുദ്ധാത്മാവ് എന്നെ പ്രേരിപ്പിച്ചത്, 'ശരി, ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം എന്നാൽ നിങ്ങളുടെ മനസ്സിന്റെ വെള്ളിത്തിരയിൽ പ്രദർശിപ്പിക്കപ്പെടുന്ന ചിത്രങ്ങൾക്ക് ഉത്തരവാദി നിങ്ങൾതന്നെയായിരിക്കും. നിങ്ങളുടെ മനസ്സിൽ അശ്ലീല ചിത്രങ്ങളോ, അന്യസ്ത്രീകളുമായുള്ള കൂട്ടുകെട്ടിനെ സംബന്ധിച്ച ചിത്രങ്ങളോ പാടില്ല. എങ്കിൽ മാത്രമേ നിങ്ങൾക്ക് മോചനം ലഭിക്കൂ.'

ഈ മനുഷ്യനെന്നപോലെ മറ്റുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കാൻ ഞാനാഗ്രഹിക്കുന്ന ഒരു കാര്യമിതാണ് - മോചനം നേടണമെന്ന് ആഗ്രഹിച്ചാൽപ്പോലും അതവർക്ക് സാധ്യമാകാത്തതുകൊണ്ടാണ് - തങ്ങളുടെ പെരുമാറ്റത്തിൽ മാറ്റം വരുത്താൻ മാത്രമാണ് അവർ ശ്രമിക്കുന്നത് അവരുടെ ചിന്തയിൽ മാറ്റം വരുത്താനല്ല.

ആളുകൾ 'പാപത്തോടൊപ്പം കളിക്കാൻ' ഉപയോഗിക്കുന്ന സ്ഥലമാണ് അവരുടെ മനസ്സ് – യേശു പറഞ്ഞിട്ടുള്ളതോർമ്മിക്കുക: **വ്യഭിചാരം ചെയ്യരുത് എന്ന് കൽപിച്ചിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ? എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ആസക്തിയോടെ ഒരു സ്ത്രീയെ നോക്കുന്നവൻ തന്റെ ഹൃദയത്തിൽ അവളുമായി വ്യഭിചരിച്ചു കഴിഞ്ഞിരിക്കുന്നു.** മത്തായി 5: 27–28പാപകരമായ ചിന്തയിലൂടെയാണ് പാപകരമായ പ്രവൃത്തിയുണ്ടാകുന്നതെന്നാണ് ഇതിന്റെയർത്ഥം.

ആദ്യമായി, ഞാൻ വീട്ടിൽവെച്ചു നടത്തിയിരുന്ന ബൈബിൾ ക്ളാസിൽ പങ്കെടുത്തിരുന്ന ഒരു സ്ത്രീക്ക് സംഘർഷഭരിതമായ തന്റെ ഗൃഹാന്തരീക്ഷം, കുട്ടികൾ ദാമ്പത്യം, സാമ്പത്തികവിഷയങ്ങൾ, ബാഹ്യമായ അവസ്ഥ തുടങ്ങിയവയെല്ലാമവസാനിപ്പിച്ച് കർത്താവിൽ മാത്രം സമർപ്പിക്കപ്പെട്ടു ജീവിക്കാനായിരുന്നു മോഹം. തന്റെ ഭർത്താവിനെ താൻ സ്നേഹിക്കുന്നില്ലെന്ന് അവർ തുറന്നു പറഞ്ഞു; അവർക്കയാളോടു വെറുപ്പായിരുന്നു. തന്റെ മനോഭാവം ദൈവികതയ്ക്കനുയോജ്യമല്ലെന്നറിയാവുന്നതിനാൽ എങ്ങനെയെങ്കിലും അയാളെ സ്നേഹിക്കാനവർ തയ്യാറായിരുന്നു; എന്നാൽ അയാളോടൊപ്പം ജീവിക്കുകയെന്നത് അവരെ സംബന്ധിച്ചിടത്തോളം ദുഃസ്സഹമായിരുന്നു.

ഞങ്ങളെല്ലാവരും അവർക്കുവേണ്ടി പ്രാർത്ഥിച്ചു! വിശുദ്ധ വാക്യങ്ങൾ അവളുമായി പങ്കുവയെക്കുകയും സുവിശേഷ പ്രസംഗകാസറ്റുകൾ അവർക്കു നൽകുകയും ചെയ്തു. ഞങ്ങൾക്ക് ചെയ്യാൻ കഴിയുമായിരുന്നതെല്ലാം ചെയ്തിട്ടും അവരുടെയവസ്ഥയിൽ യാതൊരു പുരോഗതിയുമുണ്ടായില്ല. എന്തായിരുന്നു അവരുടെ കുഴപ്പം? പിന്നീടു നടത്തിയ കൗൺസിലിംഗിൽ മനസ്സിലായത്, തന്റെ ജീവിതകാലം മുഴുവൻ അവർ സ്വപ്നം കാണുന്ന ശീലമുള്ള സ്ത്രീയായിരുന്നുവെന്നാണ്. യക്ഷിക്കഥകളിലേതു മാതിരിയുള്ള സങ്കല്പലോകത്തായിരുന്നു അവൾ ജീവിച്ചിരുന്നത്; അവിടെ അവളൊരു രാജകുമാരിയായിരുന്നു. സുന്ദരനായ അവളുടെ രാജകുമാരൻ, പൂക്കളും മധുരപലഹാരങ്ങളുമായി അവളെ കാണാനെത്തുകയും തന്റെ പ്രേമത്താൽ അവളെ കീഴടക്കുകയും ചെയ്തിരുന്നു.

പകൽസമയം മുഴുവൻ ഇത്തരം സ്വപ്നങ്ങളിൽ കഴിഞ്ഞുകൂടിയിരുന്ന അവളുടെയടുത്തേയ്ക്ക് ജോലിചെയ്തു തളർന്ന അവളുടെ ഭർത്താവ് – അമിതമായ തടിയും വിയർപ്പുനാറഅറവും അഴുക്കുപുരണ്ട ദേഹവുമുള്ള, ഒരു പല്ലു കൊഴിഞ്ഞുപോയ അവളുടെ ഭർത്താവ് – എത്തിച്ചേരുമ്പോൾ അവൾക്കയാളെ വെറുക്കാനേ കഴിഞ്ഞുള്ളൂ. തന്റെ സങ്കല്പവും യാഥാർത്ഥ്യവും തമ്മിലുള്ള അകലം അവളെ വല്ലാതെ നിരാശയിലാഴ്ത്തി.

ഈ സാഹചര്യത്തെക്കുറിച്ച് ഒന്നു ചിന്തിച്ചു നോക്കൂ. വചനത്തിൽ രക്ഷപ്രാപിച്ച ഒരു സ്ത്രീയായിരുന്നു അവൾ. എങ്കിലുമവളുടെ ജീവിതം ആകെ കുഴഞ്ഞുമറിഞ്ഞ അവസ്ഥയിലായിരുന്നു. ദൈവത്തെ അനുസരിക്കണമെന്നും, ദൈവത്തിനു വേണ്ടി ജീവിക്കണമെന്നും അവളാഗ്രഹിച്ചിരുന്നു; തന്റെ ജീവിതത്തിലും വിവാഹബന്ധത്തിലും വിജയം നേടാനവൾ നിശ്ചയിച്ചു കഴിഞ്ഞിരുന്നു, എന്നാൽ അവളുടെ മനസ്സ് അവളെ തോല്പിക്കുകയായിരുന്നു. 'ആരോഗ്യമുള്ള ഒരു മനസ്സ് ' തന്റെയുള്ളിൽ വളർത്തിയെടുക്കുന്നതുവരെ ഭർത്താവിനോടുള്ള വെറുപ്പകറ്റാൻ അവർക്കു കഴിഞ്ഞില്ല.

യഥാർത്ഥത്തിൽ നിനിൽക്കാനാവാത്തതുമായ ഒരു ലോകത്തിലായിരുന്നു മാനസികമായി അവർ ജീവിച്ചുകൊണ്ടിരുന്നത്. അതിനാൽ യാഥാർത്ഥ്യവുമായി ഇടപഴകാൻ അവർ തയ്യാറായിരുന്നില്ല. നിഷ്ക്രിയമായ മനസ്സായിരുന്നു അവരുടേത്, ദൈവവചനത്തിനനുസൃതമായ ചിന്തകൾ തിരഞ്ഞെടുക്കുന്നവർ തയ്യാറാകാത്തതുമൂലം ദുഷ്ടശക്തികൾ അവരുടെ മനസ്സിലേക്ക് ദുഷിച്ച ചിന്തകളെ കടത്തിവിട്ടുകൊണ്ടിരുന്നു.

അവയെല്ലാം തന്റെ സ്വന്തം ചിന്തകാളെന്നു കരുതി അവയെ ആസ്വദിച്ചുകൊണ്ടിരുന്ന കാലം വരെ, അവൾക്ക് വിജയം നേടാനായില്ല. അവർ തന്റെ ചിന്തകളിൽ മാറ്റം വരുത്താൻ തയ്യാറായത് എപ്പോഴാണോ, അപ്പോൾ മാത്രമാണ് അവരുടെ ജീവിതത്തിൽ മാറ്റമുണ്ടാകാൻ തുടങ്ങിയത്. ഭർത്താവിനോടുള്ള തന്റെ മനോഭാവത്തിൽ മാറ്റംവരുത്താനാവര് തയ്യാറായി, അതോടെ അയാൾ തന്റെ രൂപഭാവങ്ങളിലും ഭാര്യയോടുള്ള പെരുമാറ്റത്തിലും ഗണ്യമായ മാറ്റം വരുത്തി.

## ഉന്നതങ്ങളിലുള്ളവയിൽ നിങ്ങളുടെ മനസ്സുറപ്പിക്കുക

**ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നെ ചിന്തിപ്പിൻ.**

**കൊലേസ്യർ 3: 1, 2**

ഇവിടെയും അതേ പ്രമാണമാണ് സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്: യേശുവിന്റെ പുനരുത്ഥാനജീവിതം നയിക്കാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളുടെ മനസ്സിനെ ഉന്നതങ്ങളിലുള്ള കാര്യങ്ങളിൽ ഭൂമിയിലുള്ളവയിലല്ല, ഉറപ്പിക്കുകയും അവിടെത്തന്നെ നിലനിർത്തുകയും ചെയ്യുക.

നിങ്ങൾക്കുമെനിക്കുമൊക്കെ നല്ല ജീവിതം നയിക്കാനാണ് ആഗ്രഹമെങ്കിൽ, നമ്മുടെ മനസ്സ് നല്ല കാര്യങ്ങളിലുറപ്പിക്കണമെന്നാണ് പൗലോസ് അപ്പോസ്തലൻ പറയുന്നത്.

വിശ്വാസികളിൽ പലരും നല്ല ജീവിതമാഗ്രഹിക്കുന്നവരാണ്; എന്നാൽ യാതൊന്നും ചെയ്യാതെ ഉദാസീനരായിരുന്നുകൊണ്ട്, തങ്ങൾക്കു നല്ലതുവരണമെന്നാഗ്രഹിക്കുന്നവരാണവർ. വിജയത്തിൽ ജീവിക്കുന്നവരെക്കുറിച്ച് ഇവര സൂയപ്പെടുന്നു. വിഷമകരമായ തങ്ങളുടെ ജീവിതത്തെ ഇവർ വെറുക്കുകയും ചെയ്യുന്നു.

നിങ്ങളുടെ പ്രശ്നങ്ങളുടെമേൽ വിജയം വരിക്കാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ, ഉയിർത്തെഴുന്നേൽപ്പിന്റെ ജീവിതം നയിക്കാൻ യഥാർത്ഥത്തിൽ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾക്കുണ്ടാവേണ്ടത് നട്ടെല്ലാണ്. ആഗ്രഹത്തിന്റെ എല്ലു മാത്രമല്ല! നിഷ്ക്രിയരായിരിക്കുന്നതിനു പകരം സജീവമായി പ്രവർത്തിക്കുക. ശരിയായ പ്രവൃത്തിയാരംഭിക്കുന്നത് ശരിയായ ചിന്തയിൽനിന്നുമാണ്. നിങ്ങളുടെ മനസ്സ് നിഷ്ക്രിയമാകാതിരിക്കട്ടെ. ശരിയായ ചിന്തകളെ തിരഞ്ഞെടുക്കാൻ ഇന്നുതന്നെ ആരംഭിക്കുക.

# 15

# ക്രിസ്തുവിന്റെ മനസ്സ്

**കർത്താവിന്റെ മനസ്സു അറിഞ്ഞു അവനെ ഗ്രഹിപ്പിക്കാകുന്നവൻ ആർ? നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു.**

**1 കോരി 2:16**

ശരിയായ ചിന്തകൾ മാത്രം സ്വീകരിക്കാൻ നിങ്ങളിതിനോടകം ഉറച്ച തീരുമാനമെടുത്തിരിക്കുമെന്നു ഞാൻ കരുതുന്നു, അതിനാൽ കർത്താവ് ശരിയായതെന്നു കരുതുന്ന ചിന്തകളേതൊക്കെയാണെന്നു കരുതുന്ന ചിന്തകളേതൊക്കെയാണെന്ന് നമുക്കൊന്നു പരിശോധിക്കാം. യേശു ഭൂമിയിൽ ജീവിച്ചിരുന്ന കാലത്ത്, ഒരിക്കലും ചിന്തിക്കാൻ പാടില്ലാത്തതെന്ന് അവൻ കരുതിയിരുന്ന ചിന്തകൾ തീർച്ചയായും ഉണ്ടാവാം. അവന്റെ പാദങ്ങളെ പിന്തുടരാനാണ് നാമാഗ്രഹിക്കുന്നതെങ്കിൽ അവൻ ചിന്തിച്ചിരുന്നതുപോലെ വേണം നമ്മളും ചിന്തിക്കാൻ.

ഇപ്പോൾ നിങ്ങളെന്താണു ചിന്തിക്കുന്നതെന്നെനിക്കറിയാം, 'അതസാധ്യമാണ് ജോയ്സ്, യേശു പരിപൂർണ്ണനായിരിക്കുന്നു. എന്റെ ചിന്താരീതി മെച്ചപ്പെടുത്താനെനനിക്കു കഴിഞ്ഞേക്കും, എന്നാണു അവൻ ചിന്തിക്കുന്നതുപോലെ ചിന്തിക്കാനെനിക്കു കഴിയില്ല.'

എന്നാൽ ബൈബിൾ നമ്മോടു പറയുന്നത് നമുക്ക് ക്രിസ്തുവിന്റെ മനസ്സുണ്ടെന്നാണ് – ഒപ്പം ഒരു പുതിയ ഹൃദയവും ആത്മാവും.

## ഒരു പുതിയ ഹൃദയം ആത്മാവും

**ഞാൻ നിങ്ങൾക്കു പുതിയൊരു ഹൃദയം തരും; പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും;**

**കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും.**

**നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചു അനുഷ്ഠിക്കും.**

**യെസക്കിയേൽ 36: 26, 27**

നാം രക്ഷ പ്രാപിച്ച അവസരത്തിൽ ദൈവം നമ്മുടെയുള്ളിൽ നിക്ഷേപിച്ച ഒരു പുതിയ പ്രകൃതത്തിനുടമകളാണ് നിങ്ങളും ഞാനുമെല്ലാം.

നാം ദൈവത്തിന്റെ നിയമങ്ങളനുസരിക്കുകയും അവന്റെ ശാസനങ്ങൾ പാലിക്കുകയുംചെയ്യണമെങ്കിൽ അവൻ നമുക്ക് തന്റെ ആത്മാവിനെയും പുതിയൊരു ഹൃദയത്തേയും (മനസ്സിനേയും) നൽകണമെന്ന് അവനറിയാമായിരുന്നുവെന്ന് മേലുദ്ധരിക്കപ്പെട്ട വാക്യം വ്യക്തമാക്കുന്നു. റോമാക്കാർ 8: 6ൽ ശരീരത്തിന്റെ മനസ്സിനേയും ആത്മാവിന്റെ മനസ്സിനേയുംകുറിച്ചു പറയുന്നുണ്ട്; നാം ശരീരത്തിന്റെ മനസ്സിനെ അനുസരിക്കുമ്പോൾ മരണവും ആത്മാവിന്റെ മന

സ്സിനെ അനുസരിക്കുമ്പോൾ ജീവിതവുമുണ്ടാകുന്നുവെന്നും നാമവിടെ വായിക്കുന്നു.

ജീവിതത്തെയും മരണത്തേയും തമ്മിൽ തിരിച്ചറിയാൻ കഴിഞ്ഞാൽ നമുക്ക് അത്ഭുതകരമായ പുരോഗതി നേടാം.

നിങ്ങൾക്ക് മരണം നൽകുന്ന യാതൊന്നിനേയും സ്വീകരിക്കരുത്. എന്തെങ്കിലും ചിന്തകൾ നിങ്ങളുടെയുള്ളിൽ മരണം നിറയ്ക്കുന്നവയാണെങ്കിൽ അവ (പരിശുദ്ധ) ആത്മാവിന്റെ മനസ്സല്ലെന്നു വ്യക്തമാണ്.

ഞാനൊരുദാഹരണം പറയാം. മറ്റാരെങ്കിലും മൂലം എനിക്കു സഹിക്കേണ്ടിവന്ന അനീതിയെക്കുറിച്ച് ഞാൻ ചിന്തിക്കുകയാണെന്നു കരുതുക. സ്വാഭാവികമായും അയാളോടെനിക്കു ദേഷ്യമുണ്ടാകുന്നു. ആ വ്യക്തിയെ ഞാനത്രമാത്രം വെറുക്കുന്നുവെന്ന് ഞാൻ ചിന്തിക്കുന്നു. എനിക്ക് വിവേകപൂർവ്വം ചിന്തിക്കാനാകുമെങ്കിൽ ഞാൻ മനസ്സിലാക്കുന്നത്, എന്റെയുള്ളിൽ മരണം നിറയുകയാണെന്നാണ്. ഞാൻ അസ്വസ്ഥയും ആകുലയുമായിത്തീരുന്നു - മാനസിക സമ്മർദ്ദത്തിന്റെ ഫലമായി എനിക്ക് ശാരീരികാസ്വാസ്ഥ്യങ്ങൾ പോലുമുണ്ടായെന്നു വരാം. തലവേദന, വയറുവേദന, അകാരണമായ തളർച്ച തുടങ്ങി തെറ്റായ ചിന്തകളുടെ ഫലമായി ഏതു തരത്തിലുള്ള അസ്വാസ്ഥ്യവുമുണ്ടായേക്കാം. നേരെമറിച്ച് ഞാനെത്ര അനുഗൃഹീതയാണെന്നും, ദൈവമെന്നോട് എത്രമാത്രം കാരുണ്യമാണ് കാട്ടിയിട്ടുള്ളതെന്നും ചിന്തിക്കാനാരംഭിക്കുമ്പോൾ, എന്റെയുള്ളിൽ ജീവൻ നിറയുന്നു.

ജീവിതത്തേയും മരണത്തേയും തിരിച്ചറിയാൻ കഴിയുകയെന്നത് ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം വളരെ പ്രയോജനകരമാണ്. തന്റെ മനസ്സിനെ നമ്മുടെയുള്ളിലേക്കു സ്വീകരിച്ചുകൊണ്ട് ജീവിതം നേടാനുള്ള മാർഗ്ഗങ്ങൾ ക്രിസ്തു നമുക്ക് കാട്ടിത്തന്നിട്ടുണ്ട്. ക്രിസ്തുവിന്റെ മനസ്സിലേക്ക് നമുക്ക് പ്രവഹിക്കാം.

തുടർന്നുള്ള പേജുകളിൽ, ക്രിസ്തുവിന്റെ മനസ്സിലേക്ക് ഒഴുകിയെത്തുന്നതിനുള്ള മാർഗ്ഗങ്ങളാണ് ചേർത്തിരിക്കുന്നത്.

*1) ക്രിയാത്മകമായി ചിന്തിക്കുക.*

**രണ്ടുപേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ചു നടക്കുമോ?**

**ആമോസ് 3: 3**

ഒരുവൻ ക്രിസ്തുവിന്റെ മനസ്സിനനുസൃതമായാണ് ചിന്തിക്കുന്നതെങ്കിൽ, എന്തൊക്കെയായിരിക്കും അയാളുടെ ചിന്തകൾ? തീർച്ചയായും ക്രിയാത്മകമായ ചിന്തകളായിരിക്കുമവ. ക്രിയാത്മകമായി ചിന്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മുൻപൊരദ്ധ്യായത്തിൽ നാം വിശദമായി ചർച്ചചെയ്തിരുന്നതാണ്. ആവശ്യമെങ്കിൽ, അഞ്ചാമദ്ധ്യായം ഒന്നുകൂടി വായിക്കുകയും ക്രിയാത്മകമായ ചിന്തയുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുക. അതെഴുതിയത് ഞാനാണെങ്കിൽക്കൂടി ഞാൻ വീണ്ടുമതു വായിക്കുകയും അനുഗ്രഹം നേടുകയും ചെയ്തു.

ക്രിയാത്മകമായി ചിന്തിക്കുന്നതുമൂലം ലഭിക്കുന്ന ശക്തിയെക്കുറിച്ച് എത്ര പറഞ്ഞാലും മതിയാവില്ല. ദൈവം ക്രിയാത്മകതയുടെ പക്ഷത്താണ്, നിങ്ങൾക്കു മെനിക്കുമൊക്കെ അവനോടൊപ്പം സഞ്ചരിക്കണമെന്നുണ്ടെങ്കിൽ നമ്മളും ക്രിയാത്മകമായി ചിന്തിച്ചേ പറ്റൂ. മനോനിയന്ത്രണം നേടുന്നതിനെക്കുറിച്ചല്ല ഞാൻ പറയുന്നത്, മറിച്ച് എല്ലാ കാര്യങ്ങളിലും പങ്കെടുക്കുകയും ക്രിയാത്മകമായി ചിന്തിക്കുകയും ചെയ്യുന്നതിനെക്കുറിച്ചാണ്.

ക്രിയാത്മകമായ മനോഭാവവും കാഴ്ചപ്പാടും പുലർത്തുക. ക്രിയാത്മകമായ ചിന്തകളും പ്രതീക്ഷകളും പുലർത്തുക.ക്രിയാത്മകമായ സംഭാഷണത്തിലേർപ്പെടുക.

എല്ലായ്പ്പോഴും ക്രിയാത്മകമായ മനോഭാവവും കാഴ്ചപ്പാടുമാണ് യേശുവിനുണ്ടായിരുന്നത്. തനിക്കെതിരെ നുണ പറയുക, തനിക്ക് ശിഷ്യന്മാരുടെ ആവശ്യം ഏറ്റവുമധികം ഉണ്ടായിരുന്ന സമയത്ത് അവരാൽ ഉപേക്ഷിക്കപ്പെടുക, പരിഹസിക്കപ്പെടുക, തികച്ചും ഏകാകിയായിത്തീരുക, തെറ്റിദ്ധരിക്കപ്പെടുക തുടങ്ങി നിരവധി വേദനാകരമായ അനുഭവങ്ങളുൾപ്പെടെ വ്യക്തിപരമായ ആക്രമണങ്ങളുണ്ടായപ്പോഴും, ക്ഷമയോടെ സഹിക്കുകയായിരുന്നു അവൻ ചെയ്തത്. നിഷേധാത്മകമായ ഇത്തരം സാഹചര്യങ്ങൾക്കു നടുവിലും അവൻ തന്റെ ക്രിയാത്മകമായ മനോഭാവം നിലനിർത്തി. എല്ലായ്പ്പോഴും പ്രോത്സാഹജനകമായ വാക്കുകളാണ് അവനുരുവിട്ടത്; അവന്റെ അടുത്തെത്തിയവർക്കെല്ലാം അവൻ പ്രത്യാശ നൽകി.

നമ്മുടെയുള്ളിലെ ക്രിസ്തുവിന്റെ മനസ്സ് ക്രിയാത്മകമാണ്; അതിനാൽ എപ്പോഴൊക്കെ നാം നിഷേധാത്മകമായി ചിന്തിക്കുന്നവോ അപ്പോഴൊക്കെ നാം ക്രിസ്തുവിന്റെ മനസ്സിൽനിന്നും വ്യതിചലിക്കുകയാണ്. പതിനായിരക്കണക്കിനാളുകളാണ് നിരാശനുഭവിക്കുന്നത്; വൈദ്യശാസ്ത്രപരമായ കാരണങ്ങളാലല്ലെങ്കിൽ, നിരാശയുണ്ടാകുന്നത് നിഷേധാത്മകമായ ചിന്തകളിൽ നിന്നായിരിക്കണം. നിരാശ ഒരു രോഗാവസ്ഥയാണെങ്കിൽക്കൂടി നിഷേധാത്മകമായ ചിന്ത ആരോഗ്യത്തെയും അതിന്റെ ലക്ഷണങ്ങളേയും വർദ്ധിപ്പിക്കുകയേ ഉള്ളൂ.

സങ്കീർത്തനം 3: 3 പറയുന്നതനുസരിച്ച്, ദൈവം നമ്മുടെ മഹത്വവും നമ്മുടെ ശിരസ്സുകളെ ഉയർത്തുന്നവനുമാണ്. അവൻ എല്ലാത്തിനേയുമുയർത്താനാഗ്രഹിക്കുന്നു; നമ്മുടെ പ്രതീക്ഷകൾ, മനോഭാവം, നമ്മുടെ ശിരസ്സ്, കൈകൾ, ഹൃദയം നമ്മുടെ ജീവിതം തുടങ്ങി എല്ലാത്തിനേയും നമ്മെ ദൈവികതയിലേക്കുയർത്തുന്നവനാണ്!

ദൈവം നമ്മെ മുകളിലേക്കുയർത്താനാഗ്രഹിക്കുമ്പോൾ, താഴേയ്ക്കടിച്ചമർത്താനാണ് ചെകുത്താൻ ശ്രമിക്കുന്നത്. നമ്മുടെ ജീവിതത്തിലെ നിരാശാകരമായ സംഭവങ്ങളേയും സാഹചര്യങ്ങളേയും ചൂണ്ടിക്കാട്ടി അവൻ നമ്മെ നിരാശപ്പെടുത്താൻ ശ്രമിക്കുന്നു. '*ഡിപ്രസ്സ്*' (നിരാശപ്പെടുത്തുക) എന്ന വാക്കിനർത്ഥം. മനോനിലയിലധഃപതനമുണ്ടാക്കുക: ദുഃഖിപ്പിക്കുക എന്നാണ്. 'വെബ്സ്റ്റേഴ്സ് ഡിക്ഷ്ണറി' യിൽ 'ചുറ്റുപാടുകളെക്കാളും കുഴിഞ്ഞിരിക്കുന്നത്' എന്നാണ് ഈ പദത്തിനു നൽകപ്പെട്ടിരിക്കുന്ന അർത്ഥം. നിരാശാകരമായ ചിന്തകൾ അഥവാ നിഷേധാത്മകമായ ചിന്തകൾ സ്വീകരിക്കപ്പെടുമ്പോൾ

നാമധഃപതിക്കുന്നു. നിഷേധാത്മകത നമ്മുടെ പ്രശ്നങ്ങളെ പരിഹരിക്കുന്നില്ല മറിച്ച് അവയെ വഷളാക്കുകയാണ് ചെയ്യുന്നത്.

## നിരാശയെ മറി കടക്കുക

നിരാശായെക്കുറിച്ചുള്ള വിവരണവും അതിനെ എങ്ങനെ മറികടക്കാമെന്ന നിർദ്ദേശവുമാണ് 143-ാം സങ്കീർത്തനത്തിന്റെ മൂന്നു മുതൽ പത്തുവരെയുള്ള വാക്യങ്ങളിൽ കാണുന്നത്. നിരാശയെ മറികടക്കാൻ സഹായിക്കുന്ന നിലപാടുകളെന്തൊക്കെയാണെന്നു നമുക്കു നോക്കാം.

1) പ്രശ്നത്തിന്റെ സ്വഭാവവും കാരണവും തിരിച്ചറിയുക.

**ശത്രു എന്നെ പിന്തുടരുകയും എന്റെ ആത്മാവിനെ ഉപദ്രവിക്കുകയും ചെയ്തു, അവനെന്റെ പ്രാണനെ തകർത്തു നിലംപരിശാക്കി; വളരെ മുൻപുതന്നെ മരിച്ചുപോയവരെപ്പോലെ ഇരുണ്ടസ്ഥലങ്ങളിൽ അവനെന്നെ കുടിയിരുത്തി.**

**സങ്കീ. 143:3**

'വളരെ മുൻപേ മരിച്ചുപോയവരെപ്പോലെ ഇരുണ്ട സ്ഥലങ്ങളിൽ വസിക്കുക' എന്നത് നിരാശനായ ഒരു മനുഷ്യനു യോജിക്കുന്ന വിവരണമാണ്.

ഈ നിരാശയുടെ, അല്ലെങ്കിൽ ആത്മാവിനുമേലുള്ള ഈ ആക്രമണത്തിന്റെ കാരണവും ഉറവിടവും ചെകുത്താനാണെന്നത് ശ്രദ്ധിക്കുക.

2) നിരാശ ജീവിതത്തേയും വെളിച്ചത്തേയും അപഹരിക്കുന്നെന്നു മനസ്സിലാക്കുക.

**ആകയാൽ എന്റെ മനം എന്റെ ഉള്ളിൽ വിഷാദിച്ചിരിക്കുന്നു; എന്റെ ഹൃദയം എന്റെ ഉള്ളിൽ സ്തംഭിച്ചിരിക്കുന്നു.**

**സങ്കീ. 143: 4**

ഒരുവന്റെ ആത്മീയസ്വാതന്ത്ര്യത്തേയും ശക്തിയേയും നിരാശ അടിച്ചമർത്തുന്നു.

നമ്മുടെ ആത്മാവ് (ദൈവത്തിന്റെ ആത്മാവിൽനിന്നും ശക്തിയും പ്രോത്സാഹനവും ലഭിക്കുന്നതിനാൽ) ശക്തവും സ്വതന്ത്രവുമാണ്. അതിനാൽ നമ്മുടെയാത്മാവിന്റെ ശക്തിയേയും സ്വാതന്ത്ര്യത്തേയും അടിച്ചമർത്താനാണു ചെകുത്താൻ ശ്രമിക്കുന്നത്, അതിനായി അവൻ നമ്മുടെ മനസ്സിൽ ഇരുട്ടും നിരാശയും നിറയ്ക്കുന്നു. നിരാശയുടെ തുടക്കത്തിൽത്തന്നെ അതിനെ ചെറുത്തുനിൽക്കണമെങ്കിൽ നമുക്കതിനെ തിരിച്ചറിയാൻ കഴിയണം. എത്ര കൂടുതൽ സമയം അതു നമ്മുടെ മനസ്സിൽ നിലനിൽക്കുന്നുവോ, അതിനെ തുരത്തിയോടിക്കാൻ അത്രയധികം വിഷമമായിരിക്കും.

3) നല്ല കാലങ്ങളെക്കുറിച്ചോർമ്മിക്കുക

**ഞാൻ പഴയ ദിനങ്ങളോർമ്മിക്കുന്നു; ഞാൻ നിന്റെ ചെയ്തികളെക്കുറിച്ചെല്ലാം ധ്യാനിക്കുന്നു; നിന്റെ കരങ്ങളുടെ പ്രവൃത്തികളെക്കുറിച്ചോർമ്മിക്കുന്നു.**

**സങ്കീ. 143: 5**

തന്റെയവസ്ഥയുടെ നേർക്ക് സങ്കീർത്തനക്കാരൻ എങ്ങനെയാണ് പ്രതികരിക്കുന്നതെന്ന് ഈ വാക്യത്തിൽനിന്നും നമുക്കു മനസ്സിലാകുന്നു. ഓർമ്മിക്കുക ധ്യാനിക്കുക ചിന്തിക്കുക തുടങ്ങിയവയെല്ലാം മനസ്സിന്റെ ധർമ്മങ്ങളാണ്. തന്റെ ചിന്തകൾ തന്റെ വികാരങ്ങളെ ബാധിക്കുമെന്നറിയാവുമെന്നതിനാൽ, മനസ്സിനു നേർക്കുള്ള ആക്രമണത്തെ കീഴടക്കാനുതകുന്ന തരത്തിൽപെട്ട ചിന്തകളെ മാത്രമാണ് അദ്ദേഹം സ്വീകരിക്കുന്നത്.

4) പ്രശ്നങ്ങളുടെ നടുവിലും കർത്താവിനെ സ്തുതിക്കുക

**ഞാൻ എന്റെ കൈകളെ നിങ്കലേക്കു മലർത്തുന്നു വരണ്ടനിലം പോലെ എന്റെ പ്രാണൻ നിനക്കായി ദാഹിക്കുന്നു. സേല(ശാന്തമായി അതേക്കുറിച്ചു ചിന്തിക്കുക.)**

**സങ്കീ. 143 : 6**

സ്തുതിക്കലിന്റെ പ്രാധാന്യത്തെക്കുറിച്ച് സങ്കീർത്തനക്കാരനറിയാം; അദ്ദേഹം പ്രാർത്ഥനാപൂർവ്വം തന്റെ കൈകളുയർത്തുന്നു. തനിക്ക് ദൈവത്തെ ആവശ്യമുണ്ടെന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു. കർത്താവിനു മാത്രമാണ് തന്നെ സംതൃപ്തനാക്കാൻ കഴിയുന്നതെന്നു തിരിച്ചറിയുന്നു.

ആളുകൾക്ക് എന്തിന്റെയെങ്കിലുമാവശ്യമുള്ളപ്പോഴാണ് അവർ നിരാശരായിത്തീരുന്നുത്; തനിക്കാവശ്യമുള്ളതിനെ തെറ്റായ സ്ഥലത്ത് അന്വേഷിക്കുന്നതുമൂലം അവരുടെ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമായിത്തീരുകയും ചെയ്യുന്നു.

യിരമ്യ 2:13 ൽ കർത്താവ് ഇങ്ങനെ പറഞ്ഞിട്ടുള്ളതായി നാം വായിക്കുന്നു; 'എന്റെ ജനങ്ങൾ രണ്ടു തരത്തിലുള്ള പാപങ്ങൾ ചെയ്തിരിക്കുന്നു: ജീവജലത്തിന്റെ ഉറവിടമായ എന്നെ അവർ ഉപേക്ഷിച്ചു, തങ്ങൾക്കുവേണ്ടി അവർ കിണറുകൾ കുഴിച്ചു, ജലം സംഭരിക്കാൻ കഴിയാത്ത തകർത്ത കിണറുകൾ.'

ദാഹിക്കുന്ന ആത്മാവിന് ജീവജലം നൽകാൻ കഴിയുന്നത് ദൈവത്തിനു മാത്രമാണ്. മറ്റാർക്കെങ്കിലും നിങ്ങളെ പൂർണ്ണമായി സംതൃപ്തനാക്കാൻ കഴിയുമെന്നു തെറ്റിദ്ധരിക്കരുത്. തെറ്റായ ലക്ഷ്യത്തെ പിന്തുടരുന്നതിലൂടെ നിങ്ങൾക്ക് നിരാശയനുഭവിക്കേണ്ടി വരും.

5) ദൈവത്തോട് സഹായഭ്യർത്ഥന നടത്തുക.

**യഹോവേ, വേഗം എനിക്കു ഉത്തരമരുളേണമേ; എന്റെ ആത്മാവു കാംക്ഷിക്കുന്നു. ഞാൻ കുഴിയിൽ ഉറങ്ങുന്നവനെപ്പോലെ ആകാതിരിപ്പാൻ നിന്റെ മുഖത്തെ എനിക്കു മറെക്കരുതെ.**

**സങ്കീ. 143: 7**

സങ്കീർത്തനക്കാരൻ ദൈവത്തോട് സഹായാഭ്യർത്ഥന നടത്തുകയാണ്. 'ദൈവമേ വളരെവേഗം എന്നെ സഹായിക്കേണമേ, എന്തെന്നാൽ അങ്ങയുടെ സഹായമില്ലാതെ അധികസമയം പിടിച്ചുനിൽക്കാനെനിക്കാവില്ല' എന്നാണദ്ദേഹം പറയുന്നത്.

6) കർത്താവിന്റെ വാക്കുകൾക്ക് കാതോർക്കകു

**രാവിലെ നിന്റെ ദയ എന്നെ കേൾക്കുമാറാക്കേണമേ; ഞാൻ നിന്നിൽ ആശ്രയിക്കുന്നുവല്ലോ; ഞാൻ നടക്കേണ്ടുന്ന വഴി എന്നെ അറിയിക്കണമേ; ഞാൻ എന്റെ ഉള്ളം നിങ്കലേക്കു ഉയർത്തുന്നുവല്ലോ.**

**സങ്കീ. 143. 8**

തനിക്ക് ദൈവത്തിന്റെ വാക്കുകൾ കേൾക്കേണ്ടതുണ്ടെന്ന് സങ്കീർത്തനക്കാരനറിയാം. ദൈവത്തിന്റെ സ്നേഹത്തേയും കാരുണ്യത്തേയും കുറിച്ച് തനിക്കും ഉറപ്പു ലഭിക്കണമെന്ന് അദ്ദേഹമാഗ്രഹിക്കുന്നുണ്ട്. ദൈവത്തിന്റെ ശ്രദ്ധയും നിർദ്ദേശവും അദ്ദേഹത്തിനാവശ്യമുണ്ട്.

7) മോചനത്തിനായി പ്രാർത്ഥിക്കുക

**യഹോവേ, എന്റെ ശത്രുക്കളുടെ കയ്യിൽനിന്നു എന്നെ വിടുവിക്കേണമേ; നിന്റെ അടുക്കൽ ഞാൻ മറവിന്നായി വരുന്നു.**

**സങ്കീ. 143: 9**

ദൈവത്തിനു മാത്രമേ തന്നെ സഹായിക്കാൻ കഴിയൂ എന്ന് സങ്കീർത്തനക്കാരൻ വീണ്ടുമൊരിക്കൽക്കൂടി പ്രഖ്യാപിക്കുകയാണ്.

തന്റെ പ്രഭാഷണത്തിലുടനീളം പ്രശ്നത്തെക്കുറിച്ചല്ല ദൈവത്തെക്കുറിച്ചാണ് അദ്ദേഹം ചിന്തിക്കുന്നതെന്ന കാര്യം ശ്രദ്ധിക്കുക.

8) ദൈവത്തിന്റെ ജ്ഞാനവും അറിവും നേതൃത്വവും നേടാൻ ശ്രമിക്കുക.

**നിന്റെ ഇഷ്ടം ചെയ്‌വാൻ എന്നെ പഠിപ്പിക്കേണമേ, നീ എന്റെ ദൈവമാകുന്നുവല്ലോ. നിന്റെ നല്ല ആത്മാവു നേർന്നിലത്തിൽ എന്നെ നടത്തുമാറാകട്ടെ.**

**സങ്കീ. 143: 10**

താൻ ദൈവഹിതത്തിൽനിന്ന് പുറത്തു കടക്കുകയും തന്റെ ആത്മാവിനു മേൽ ആക്രമണം സംഭവിക്കാനുള്ള വഴി തുറക്കുകയും ചെയ്തു എന്നാകാം സങ്കീർത്തനക്കാരൻ ഇവിടെ സൂചിപ്പിക്കുന്നത്. സുരക്ഷിതമായ ഒരേയൊരു സ്ഥലം ദൈവഹിതമാകയാൽ വീണ്ടും തനിക്ക് അവിടേയ്ക്ക് പ്രവേശനം നേടണമെന്ന ആഗ്രഹമായിരിക്കാം അദ്ദേഹം പ്രകടിപ്പിക്കുന്നത്.

സ്ഥിരചിത്തനായിരിക്കാൻ ദൈവം നമ്മെ സഹായിക്കണമെന്നാണ് അദ്ദേഹമാഗ്രഹിക്കുന്നത്. നിരപ്പായ പ്രദേശത്തേയ്ക്ക് നയിക്കേണമെ എന്നതുകൊണ്ട് സൂചിപ്പിക്കപ്പെടുന്നത് ദാവീദിന്റെ ക്ഷുബ്ധമായ വികാരങ്ങളാണ്. പൊങ്ങുകയും താഴുകയും ചെയ്യുന്ന വികാരങ്ങൾക്കു പകരം നിരപ്പായ തറയിൽ നിൽക്കാനാദ്ദേഹമാഗ്രഹിക്കുന്നു.

## നിങ്ങളുടെ ആയുധങ്ങളുപയോഗിക്കുക

**ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങളല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നെ. അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചു കളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുകൂടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി.**

**2 കോരി 10 : 4. 5**

ലക്ഷക്കണക്കിനാളുകളെ ഇരുട്ടിന്റേയും നിരാശയുടേയും പടുകുഴിയിലേയ്ക്ക് തള്ളിയിടാൻ ചെകുത്താനുപയോഗിക്കുന്ന ആയുധമാണ് വിഷാദം. മിക്കപ്പോഴും ആത്മഹത്യയാണ് വിഷാദത്തിന്റെ അനന്തരഫലം. ഭാവിയെക്കുറിച്ച് യാതൊന്നും പ്രതീക്ഷിക്കാന് കഴിയാത്തവിധം നിഷേധാത്മകതയ്ക്കടിപ്പെടുന്ന ഒവനാണ് ആത്മഹത്യാ പ്രവണത കാട്ടുന്നത്.

ഓർമ്മിക്കുക: *നിഷേധാത്മകമായ വികാരങ്ങൾ, നിഷേധാത്മക ചിന്തകളിൽ നിന്നാണുണ്ടാകുന്നത്.*

മനസ്സാണ് യുദ്ധക്കലം, അവിടെയാണ് യുദ്ധം ജയിക്കുകയോ തോൽക്കുകയോ ചെയ്യുന്നത്. ഇന്നത്തെ ദിവസം ക്രിയാത്മകമായി ചിന്തിക്കാൻ തീരുമാനിക്കുക - നിഷേധാത്മകമായ സങ്കല്പത്തെപ്പോലും ഇല്ലായ്മ ചെയ്യുക - നിങ്ങളുടെ ചിന്തകളെ ക്രിസ്തുവിനെ അനുസുരിക്കാൻ ശീലിക്കുക ( 2 കോരി 10: 5 KJV)

2) *ദൈവത്തിൽ തല്പരരായിരിക്കുക*

**സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു.**

**യെശയ്യാ 26: 3**

തന്റെ സ്വർഗ്ഗീയ പിതാവുമായി യേശുവിന് നിരന്തരബന്ധമുണ്ടായിരുന്നു. നിങ്ങളുടെ മനസ്സ് ഒരാളിലുറപ്പിക്കുമ്പോൾ മാത്രമാണ് നിങ്ങൾക്ക് അയാളോട് നിരന്തരബന്ധം പുലർത്താൻ കഴിയുന്നത്. ഞാനുമെന്റെ ഭർത്താവുംകൂടി കാറിൽ യാത്ര ചെയ്യുമ്പോൾ അദ്ദേഹമെന്നോട് സംസാരിച്ചുകൊണ്ടിരിക്കുകയാണെന്നു കരുതുക; എന്നാൽ ഞാൻ മറ്റെന്തിനെയെങ്കിലും കുറിച്ചാണ് ചിന്തിക്കുന്നതെങ്കിൽ ഞങ്ങൾക്കിടിയിൽ യഥാർത്ഥബന്ധമില്ലെന്നു പറയാം, കാരണം ഞാനദ്ദേഹം പറയുന്നത് പൂർണ്ണമായി ശ്രദ്ധിക്കുന്നില്ല. അതിനാൽ ക്രിസ്തുവിന്റെ മനസ്സിൽ വ്യാപരിക്കുന്ന ഒരുവന്റെ ചിന്തകൾ തീർച്ചയായും ദൈവത്തിലും അവന്റെ മഹത്തായ പ്രവൃത്തികളിലടിയുറച്ചവയുമാണെന്ന് നിസ്സംശയം പറയാം.

## ദൈവത്തേയും അവന്റെ പ്രവൃത്തികളേയും കുറിച്ച് ധ്യാനിക്കുക

**എന്റെ കിടക്കയിൽ നിന്നെ ഓർക്കയും ഞാൻ രാത്രിയാമങ്ങളിൽ ധ്യാനിക്കുകയും ചെയ്യുമ്പോൾ**

**എന്റെ പ്രാണനു മജ്ജയും മേദസ്സുംകൊണ്ടു എന്നുപോലെ തൃപ്തി വരുന്നു. എന്റെ വായ് സന്തോഷമുള്ള അധരത്താൽ നിന്നെ സ്തുതിക്കുന്നു.**

**സങ്കീ. 63: 5,6**

**ഞാൻ നിന്റെ സകല പ്രവൃത്തിയേയും കുറിച്ചു ധ്യാനിക്കും. നിന്റെ ക്രിയകളെക്കുറിച്ചു ഞാൻ ചിന്തിക്കും.**

**സങ്കീ. 77: 12**

**ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കയും നിന്റെ വഴികളെ സൂക്ഷിക്കുകയും ചെയ്യുന്നു.**

**സങ്കീ 119: 15**

**ഞാൻ പണ്ടത്തെ നാളുകളെ ഓർക്കുന്നു.**

**നിന്റെ സകല പ്രവൃത്തികളെയും ഞാൻ ധ്യാനിക്കുന്നു.**

**സങ്കീ 143: 5**

ദൈവത്തെക്കുറിച്ചു ധ്യാനിക്കുന്നതിനെപ്പറ്റി സങ്കീർത്തനക്കാരനായ ദാവീദ് ആവർത്തിച്ചു പറയുന്നുണ്ട്; ഒപ്പം ദൈവത്തിന്റെ നന്മയേയും അവന്റെ പ്രവൃത്തികളേയും അവന്റെ മാർഗ്ഗങ്ങളേയും കുറിച്ച് ധ്യാനിക്കുന്നതിനെപ്പറ്റിയും ദൈവത്തിന്റെ നന്മയെക്കുറിച്ചും അവന്റെ കരങ്ങളുടെ അത്ഭുതകരമായ പ്രവൃത്തികളെക്കുറിച്ചും ചിന്തിക്കുന്നത് തീർച്ചയായും നമുക്ക് ഉൽക്കർഷം നൽകും.

പ്രകൃതിദൃശ്യങ്ങൾ മൃഗങ്ങൾ, സമുദ്രജീവികൾ തുടങ്ങിയവയെക്കുറിച്ചുള്ള ടെലിവിഷൻ പരിപാടികൾ കാണാൻ എനിക്കിഷ്ടമാണ്, എന്തെന്നാൽ അവ ദൈവത്തിന്റെ മഹത്വവും അവന്റെ അത്ഭുതകരമായ ശ്രേഷ്ഠതയും, അനന്തമായ സർഗ്ഗസിദ്ധിയും, തന്റെ ശക്തിയാൽ എങ്ങനെ അവൻ സകലതിനേയും നിലനിർത്തുന്നുവെന്നതും വെളിപ്പെടുത്തുന്നു (എബ്രാ. 1: 3)

നിങ്ങൾക്ക് വിജയം നേടണമെന്നുണ്ടെങ്കിൽ ദൈവത്തേയും അവന്റെ വഴികളേയും അവന്റെ പ്രവൃത്തികളേയും കുറിച്ച് ധ്യാനിക്കുകയെന്നത് നിങ്ങളുടെ ചിന്താരീതിയുടെ പതിവാക്കി മാറ്റുക.

വിശുദ്ധ പുസ്തകത്തിൽ എനിക്കു വളരെയിഷ്ടമുള്ള ഒരു ഭാഗമാണ് പതിനേഴാം സങ്കീർത്തനത്തിലെ പതിനഞ്ചാം വാക്യം; അവിടെ സങ്കീർത്തനക്കാരൻ കർത്താവിനോടിങ്ങനെ പറയുന്നു, 'ഉണരുമ്പോൾ ഞാൻ നിന്റെ രൂപം കാണുന്നതിനാൽ ഞാൻ പൂർണ്ണതൃപ്തി അനുഭവിക്കും.'

ഓരോ ദിവസവും ഉറക്കമുണരുന്ന നിമിഷം മുതൽ തെറ്റായ കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരുന്നതിനാൽ എത്രയോ ദിവസങ്ങൾ ഞാനസന്തുഷ്ടയായിരുന്നു! എന്റെയുള്ളിലുള്ള ക്രിസ്തുവിന്റെ മനസ്സിൽ പ്രവർത്തിക്കാൻ പരിശുദ്ധാത്മാവ് എന്നെ സഹായിച്ചതിനുശേഷമാണ് ഞാൻ സംതൃപ്തിയനുഭവിച്ചുതുടങ്ങിയത്. പ്രഭാതത്തിൽ ദൈവവുമായി ബന്ധപ്പെടുകയെന്നത് ജീവിതമാസ്വദിക്കാനുള്ള സുരക്ഷിതമാർഗ്ഗമാണ്.

## കർത്താവിനോടുള്ള ബന്ധം

**എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും.**

**യോഹ. 16: 7**

താൻ സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോവുകയും സ്വർഗ്ഗീയപിതാവിന്റെവലതു വശത്ത് മഹത്വപൂർണ്ണനായി ഇരിപ്പുറപ്പിക്കുകയും ചെയ്യുന്നതിനു തൊട്ടു മുൻപായി യേശു പറഞ്ഞതാണ് ഈ വാക്കുകൾ. നാം, ദൈവത്തോട് അടുത്തബന്ധം പുലർത്തണമെന്നാണ് അവന്റെ ഹിതമെന്ന് ഈ വാക്കുകൾ വ്യക്തമാക്കുന്നു.

നമ്മുടെ ചിന്തകളെക്കാൾ നമ്മോട് അടുപ്പമുള്ള മറ്റുയതൊന്നുമില്ല. അതിനാൽ നാം കർത്താവിനെ നമ്മുടെ മനസ്സിൽ നിറയ്ക്കുകയാണെങ്കിൽ അവൻ നമ്മുടെ ബോധതലത്തിൽ നിറയുകയും നാമവനുമായി ഉറച്ചബന്ധത്തിലേർപ്പെടുകയും ചെയ്യുന്നു; അങ്ങനെ നമ്മുടെ നിത്യജീവിതത്തിൽ സന്തോഷവും സമാധാനവും വിജയവുമുണ്ടാകുന്നു.

അവൻ നമുക്കു വാഗ്ദാനം നൽകിയതുപോലെ എല്ലായ്പ്പോഴും അവൻ നമ്മോടൊപ്പമുണ്ട് (മത്തായി 28: 20; എബ്രാ. 13: 5) എന്നാൽ നാമവനെക്കുറിച്ചു ചിന്തിച്ചു മാത്രമാണ് അവന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് ബോധവാന്മാരാകുന്നത്. ഒരു മുറിക്കുള്ളിൽ മറ്റൊരാളോടൊപ്പം ഞാനിരിക്കുകയാണെന്നു കരുതുക, ഞാൻ മറ്റേതെങ്കിലുമൊക്കെ വിഷയങ്ങളെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അയാളുടെ സാന്നിദ്ധ്യം ഞാനറിയുകയേയില്ല. കർത്താവിനോടുള്ള നമ്മുടെ ബന്ധവും ഇങ്ങനെ തന്നെയാണ്. എല്ലായ്പ്പോഴും അവൻ നമ്മോടൊപ്പമുണ്ടെങ്കിലും, അവന്റെ സാന്നിദ്ധ്യമറിയണമെങ്കിൽ നാമവനെക്കുറിച്ചു ചിന്തിക്കണം.

3) *'ദൈവമെന്നെ സ്നേഹിക്കുന്നു' എന്ന മനോഭാവം പുലർത്തുക.*

**ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നെ; സ്നേഹത്താൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു.**

**1 യോഹ. 4: 16**

ദൈവത്തിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചും ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചും ഇത് ഒരുപോലെ സത്യമാണെന്നെനിക്കു മനസ്സിലാക്കിയിട്ടുണ്ട്. അവനു നമ്മോടുള്ള സ്നേഹത്തെക്കുറിച്ചു ധ്യാനിക്കുന്നില്ലെങ്കിൽ നമുക്കതനുഭവിക്കാനായില്ല.

എഫേസ്യ ലേഖനത്തിന്റെ മൂന്നാമദ്ധ്യായത്തിൽ ആളുകൾക്ക് ദൈവസ്നേഹമനുഭവിക്കാൻ കഴിയുമാറാകട്ടെ എന്ന് പൗലോസ് പ്രാർത്ഥിക്കുന്നുണ്ട്. ബൈബിൾ പറയുന്നത് ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നാണ്. എന്നാൽ ദൈവസ്നേഹത്തെ സംബന്ധിച്ച വെളിപാട് ലഭിക്കാത്തവരായി എത്രയോ ദൈവസന്താനങ്ങളുണ്ട്?

'ലൈഫ് ഇൻ ദ വേർഡ്' സുവിശേഷ പ്രസ്ഥാനം ആരംഭിച്ച കാലത്തെക്കുറിച്ച് ഞാനോർമ്മിക്കുകയാണ് ആദ്യത്തെയാഴ്ചയിൽ എനിക്കൊരു സമ്മേളനം നടത്തേണ്ടിവന്നപ്പോൾ ഞാനെന്തുപഠിപ്പിക്കണമെന്നാണ് കർത്താവാഗ്രഹിക്കുന്നതെന്ന് ഞാനവനോട് ചോദിച്ചു. 'ഞാനവരെ സ്നേഹിക്കുന്നുവെന്ന് എന്റെ ആളുകളോടു പറയുക' എന്നായിരുന്നു അവനെനിക്കു നൽകിയ മറുപടി.

'അവർക്കതറിയാം, ശക്തമായതെന്തെങ്കിലും അവരെ പഠിപ്പിക്കാനാണ് ഞാനാ ഗ്രഹിക്കുന്നത്; യോഹന്നാന്റെ സുവിശേഷം മൂന്നാമദ്ധ്യായത്തിലെ പതിനാറാം വാക്യം സൺഡേസ്കൂൾ ക്ളാസിനു പറ്റിയതാണ്, അതല്ല എനിക്കാവശ്യം' എന്തായിരുന്നു എന്റെ മറുപടി.

കർത്താവപ്പോഴിങ്ങനെ പറഞ്ഞു.'ഞാനവരെ എത്രമാത്രം സ്നേഹിക്കുന്നു വെന്ന് വളരെക്കുറച്ചുപേർക്ക് മാത്രമേ അറിയാവൂ. അതറിയാമായിരുന്നെങ്കിൽ തികച്ചും വ്യത്യസ്തമായ രീതിയിലായിരുന്നേനെ അവരുടെ പെരുമാറ്റം.

ദൈവത്തിന്റെ സ്നേഹം സ്വീകരിക്കുന്നതിനെക്കുറിച്ച് പഠിക്കാനാരംഭിച്ച പ്പോൾ എനിക്കു മനസ്സിലായത്, എനിക്ക് അത് അത്യാവശ്യമാണെന്നായിരു ന്നു. ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് ഞാൻ ബോധവാനാകണമെന്ന് പ്രഖ്യാ പിക്കുന്ന ഭാഗം (1 യോഹ 4: 16) പഠിക്കാൻ ദൈവമെന്നെ നിയോഗിച്ചു. നാം സജീവമായ തിരിച്ചറിവു നേടേണ്ട ഒരു വിഷയമാണിത് എന്നാണിതിന്റെയർത്ഥം.

ദൈവമെന്നെ സ്നേഹിക്കുന്നുവെന്നതിനെപ്പറ്റി ബോധപൂർവ്വമല്ലാത്തതും അവ്യക്തവുമായ ധാരണമാത്രമാണെനിക്കുണ്ടായിരുന്നത്; എന്നാൽ ദൈവ സ്നേഹം നമ്മുടെ ജീവിതത്തിലെ പ്രബലമായ ശക്തിയാണെന്നും, ഏറ്റവും കടുത്ത പരീക്ഷണങ്ങളെപ്പോലുമതിജീവിക്കാനും വിജയം നേടാനും അതു നമ്മെ സഹായിക്കുമെന്നെനിക്കറിയാമായിരുന്നു.

പൗലോസ് അപ്പോസ്തലൻ ഇങ്ങനെ പറയുന്നു, '**ക്രിസ്തുവിന്റെ സ്നേഹ ത്തിൽനിന്നും നമ്മെ വേർപെടുത്താനാർക്കു കഴിയും? കഷ്ടതയ്ക്കോ വേദ നയ്ക്കോ ദുരിതത്തിനോ കഴിയുമോ? ദുരന്തങ്ങൾക്കോ നിരാശയ്ക്കോ കഴി യുമോ? പീഡനത്തിനോ വിശപ്പിനോ ദാരിദ്ര്യത്തി**നോ അപകടങ്ങൾക്കോ വാളിനോ കഴിയുമോ?'

റോമർ. 8: 35 മുപ്പത്തിയേഴാം വാക്യത്തിൽ അദ്ദേഹമിങ്ങനെ പറയുന്നു, 'ഈ കാര്യങ്ങൾക്കെല്ലാമിടയിലും ഞങ്ങൾ വിജയികാളിയിരിക്കുകയും, ഞങ്ങളെ സ്നേഹിച്ച ദൈവത്തിലൂടെ അത്ഭുതകരമായ ജയം നേടുകയും ചെയ്യുന്നു.'

ഈ ഭാഗത്തെക്കുറിച്ച് ഞാൻ ഏറെ സമയം പഠിച്ചു, ദൈവത്തിനെന്നോടുള്ള സ്നേഹത്തെക്കുറിച്ച് ചിന്തിക്കുകയും അതേക്കുറിച്ച് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്യുന്നതിലൂടെ ഞാനതേക്കുറഇച്ച് ബോധവതിയായിത്തീർന്നു. ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചുള്ള വിശുദ്ധ വചനങ്ങൾ പഠിക്കുകയും അവയെക്കുറിച്ചു ധ്യാനിക്കുകയും എന്റെ സ്വന്തം നാവിനാൽ അവ പ്രഖ്യാപിക്കുകയും ചെയ്തു. മാസങ്ങളോളം ഇതു തന്നെ ചെയ്തുകൊണ്ടിരുന്നപ്പോൾ, അവന്റെ നിരുപാ ധികമായ സ്നേഹം എന്റെ ജീവിതത്തിൽ കൂടുതൽക്കൂടുതൽ യാഥാർത്ഥ്യമാ യിത്തീരുകയായിരുന്നു.

ഇപ്പോൾ, എന്നെസംബന്ധിച്ചിടത്തോളം, അവന്റെ സ്നേഹം പൂർണ്ണ യാഥാർത്ഥ്യമാണ്, വിഷമസന്ധികളിൽപ്പോലും, അവന്റെ സ്നേഹത്തെക്കുറിച്ച് 'ബോധപൂർവ്വമായി അറിയാവുന്നതിനാൽ' എനിക്ക് സാന്ത്വനം ലഭിക്കുന്നു. അവ നെന്നെ സ്നേഹിക്കുന്നു എന്നെനിക്കു ബോധ്യമുള്ളതിനാൽ ഞാൻ ഭയപ്പെടുന്നില്ല.

## ഭയപ്പെടരുത്

**സ്നേഹത്തിൽ ഭയമില്ല; ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല.**

**1 യോഹ 4: 18**

നാമെന്തായിരിക്കുന്നുവോ ആ അവസ്ഥയിൽത്തന്നെ ദൈവം നമ്മെ പൂർണ്ണമായി സ്നേഹിക്കുന്നു. **'നാം പാപികളായിരിക്കത്തന്നെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചുവെന്നതിനാൽ തനിക്കു നമ്മോടുള്ള സ്നേഹത്തെ വെളിപ്പെടുത്തുന്നു** '(റോമ. 5: 8 KJV) എന്നാണ് പറയപ്പെട്ടിരിക്കുന്നത്.

ക്രിസ്തുവിന്റെ മനസ്സിൽ പ്രവർത്തിക്കുന്ന വിശ്വാസികൾ, തങ്ങളുടെയവസ്ഥ എത്ര ഭയാനകമാണെന്ന് ചിന്തിക്കുന്നില്ല. അവർക്ക് നീതിയിലടിയുറച്ച ചിന്തകളാണുള്ളത്. നിങ്ങൾക്ക് 'ക്രിസ്തുവിൽ' നിങ്ങളാരാണെന്ന് ധ്യാനിക്കാൻ കഴിയുന്ന നീതിബോധമുണ്ടായിരിക്കണം.

## നീതിബോധമുള്ളവരായിരിക്കുക പാപബോധമുള്ളവരാകുന്നതിനു പകരം

**പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കുവേണ്ടി പാപം ആക്കി.**

**2 കോരി 5:21**

തങ്ങളെക്കുറിച്ച് നിഷേധാത്മകമായി ചിന്തിക്കുന്നതിലൂടെ അനേകം വിശ്വാസികൾ വേദനയനുഭവിക്കുന്നുണ്ട്. തങ്ങളുടെ ന്യൂനതകളും പോരായ്മകളും മൂലം ദൈവം തങ്ങളിൽ അസംതൃപ്തനാണെന്നു ചിന്തിച്ച് അവർ നിരാശപ്പെടുന്നു.

കുറ്റബോധത്തിനടിപ്പെട്ട് എത്രയോ സമയമാണ് നിങ്ങൾ പാഴാക്കുന്നത്? '*പാഴാക്കുന്നത്*' എന്നു പറയാൻ, കാരണം നിഷേധാത്മകമായ ചിന്തയിലൂടെ നാം സമയത്തെ നശിപ്പിക്കുകയാണു ചെയ്യുന്നത്.

ക്രിസ്തുവിലേക്കു വരുന്നതിനുമുൻപ് നിങ്ങളുടെയവസ്ഥ എത്ര ഭീകരമായിരുന്നുവെന്ന് ചിന്തിക്കാതിരിക്കുക. അതിനുപകരം ക്രിസ്തുവിൽ നിങ്ങൾ ദൈവത്തിന്റെ നീതിയായിത്തീർന്നതെങ്ങനെയെന്നതിനെക്കുറിച്ച് ചിന്തിക്കുക. ചിന്തകളാണ് പ്രവൃത്തികളാകുന്നതെന്ന കാര്യമോർമ്മിക്കണം. നിങ്ങളുടെ പെരുമാറ്റം മെച്ചപ്പെടുത്താനാഗ്രഹിക്കുന്നുവെങ്കിൽ, ആദ്യം നിങ്ങളുടെ ചിന്തകളെ മെച്ചപ്പെടുത്തുക. നിങ്ങളുടെ അവസ്ഥ എത്ര മോശമായിരിക്കുന്നുവെന്നു ചിന്തിക്കുന്നതിലൂടെ അതു കൂടുതൽ മോശമായിത്തീരുന്നു. ഓരോ പ്രാവശ്യവും നിഷേധാത്മകവും കുറ്റബോധം നിറഞ്ഞതുമായ ചിന്ത നിങ്ങളുടെയുള്ളിലേക്കു കടന്നു വരുമ്പോൾ, ദൈവം നിങ്ങളെ സ്നേഹിക്കുമെന്നും നിങ്ങൾ ക്രിസ്തുവിൽ ദൈവത്തിന്റെ നീതിയായിത്തീർന്നിരിക്കുന്നുവെന്നും സ്വയമോർമ്മിപ്പിക്കുക.

നിങ്ങൾ കൂടുതൽ മെച്ചപ്പെട്ടതുകൊണ്ടിരിക്കുകയാണ്. ഓരോ ദിവസവും നിങ്ങൾ ആത്മീയവളർച്ച നേടിക്കൊണ്ടിരിക്കുകയാണ്. ദൈവത്തിനു നിങ്ങളുടെ

ജീവിതത്തെക്കുറിച്ച് മഹത്തായ ഒരു പദ്ധതിയുണ്ട്. നിങ്ങൾ ചിന്തിക്കേണ്ടത് ഇപ്പറഞ്ഞ കാര്യങ്ങളെക്കുറിച്ചാണ്.

*നിങ്ങളുടെ മനസ്സുപയോഗിച്ച് നിങ്ങൾ ചെയ്യേണ്ടതുമിതൊക്കെത്തന്നെ!*

ദൈവവനച്ചിനനുസൃതമായി ബോധപൂർവ്വം ചിന്തിക്കുക; നിങ്ങളുടെയുള്ളിലേയ്ക്കെന്തു കടന്നുവരുന്നുവോ അതിനെ നിങ്ങളുടെ സ്വന്തം ചിന്തയായി സ്വീകരിക്കുകയോ അതിൽ മുഴുകുകയോ ചെയ്യരുത്.

*പിശാചിനെ ശകാരിക്കുക, ശരിയായ രീതിയിൽ ചിന്തിച്ചുകൊണ്ട് മുന്നോട്ടു സഞ്ചരിക്കുക.*

4) *പ്രബോധിപ്പിക്കുന്ന മനസ്സു നേടുക*

**പ്രബോധിപ്പിക്കുന്നവൻ എങ്കിൽ പ്രബോധനത്തിൽ, ദാനം ചെയ്യുന്നവൻ ഏകാഗ്രതയോടെ, ഭരിക്കുന്നവൻ ഉത്സാഹത്തോടെ, കരുണ ചെയ്യുന്നവൻ പ്രസന്നതയോടെ ആകട്ടെ.**

**റോമർ: 12: 8**

ക്രിസ്തുവിന്റെ മനസ്സുള്ള ഒരാൾ ക്രിയാത്മകവും ഉത്കർഷം നൽകുന്നവയും ഉത്തമവുമായ ചിന്തകളെ മാത്രമേ സ്വീകരിക്കുകയുള്ളൂ - അത് മറ്റുള്ളവരെക്കുറിച്ചായാലും സ്വന്തം സാഹചര്യങ്ങളെക്കുറിച്ചായാലും.

പ്രബോധന ശുശ്രൂഷയാണ് ഇന്ന് ലോകത്തെമ്പാടും ഏറ്റവുമധികം ആവശ്യമുള്ളത് ഒരാൾക്ക് പ്രബോധനം നൽകുമ്പോൾ നിങ്ങളുടെയുള്ളലയാളെക്കുറിച്ചുള്ളത് ഏറ്റവും ദയാപൂർവ്വമായ ചിന്തകളല്ലെങ്കിൽ നിങ്ങളുടെ വാക്കുകൾ അയാളിൽ യാതൊരു ചലനവും സൃഷ്ടിക്കുകയില്ല. നിങ്ങളുടെ ഹൃദയത്തിലുള്ളതെന്തും വാക്കുകളായി പുറത്തുവരുമെന്ന കാര്യം എപ്പോഴുമോർമ്മിച്ചു കൊള്ളുക. അതിനാൽ ബോധപൂര്ഡവ്വമായിത്തന്നെ 'സ്നേഹചിന്തകൾ' വളർത്തിയെടുക്കാൻ ശ്രമിക്കണം.

മറ്റുള്ളവരുടെ നേർക്ക് സ്നേഹപൂർവ്വമായ ചിന്തകളയയ്ക്കുക. പ്രോത്സാഹജനകമായ വാക്കുകൾ അവരോട് സംസാരിക്കുക.

'*പാരാക്കാലിയോ*' എന്ന ഗ്രീക്കു പദമാണ് '*എക്സോർട്*' പ്രബോധിപ്പിക്കുക എന്ന ഇംഗ്ലീഷ്പദമായി പരിഭാഷപ്പെടുത്തിയിട്ടുള്ളത്; '*വൈൻസ് എക്സ്പോസിറ്ററി ഡിക്ഷനറി ഓഫ് ഓൾഡ് ആൻഡ് ന്യൂ ടെസ്റ്റമെന്റ് വേർഡ്സ്*' ഈ പദത്തെ നിർവ്വചിക്കുന്നത്, 'ഒരാളെ വിളിക്കുക (പാര അടുത്തേക്ക് കാലിയോ - വിളിക്കുക) മുന്നറിയിപ്പു നൽകുക, പ്രേരിപ്പിക്കു, പെരുമാറ്റ രീതിയെ സംബന്ധിച്ച് നിർബന്ധിക്കുക എന്നൊക്കെയാണ്. ഒരാളുടെയടുത്തെത്തി, ഒരു പ്രത്യേക പ്രവർത്തന ശൈലി തുടരാൻ അയാളെ പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യുകയെന്നതാണ് ഞാനിതിനു നൽകുന്ന വ്യാഖ്യാനം. റോമർ 12: 8 ൽ പറയപ്പെട്ടിരിക്കുന്ന പ്രബോധനവരം പലരിലുമുണ്ട്. അങ്ങനെയുള്ളവർ എല്ലായ്പ്പോഴും മറ്റുള്ളവർക്ക് പ്രോത്സാഹനവും ഉന്നമനവും നൽകുന്ന വാക്കുകൾ പറയുന്നു - അവരുടെ വാക്കുകൾ മറ്റുള്ളവർക്ക് ആത്മവിശ്വാസമേകുകയും മുന്നോട്ടുപോകാൻ പ്രേരണയായിത്തീരുകയും ചെയ്യുന്നു.

നമുക്കെല്ലാവർക്കും പ്രബോധനവരം ഉണ്ടായെന്നു വരില്ല, എന്നാൽ മറ്റു ള്ളവരെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ സംസാരിക്കാൻ നമുക്കു കഴിയും. അതിനെ സംബന്ധിച്ച ലളിതമായ നിയമമിതാണ്: നല്ല കാര്യമല്ലെങ്കിൽ അതി നെക്കുറിച്ച് ചിന്തിക്കുകയോ പറയുകയോ ചെയ്യരുത്.

ഓരോ മനുഷ്യനും ആവശ്യത്തിലധികം പ്രശ്നങ്ങളുണ്ട്, നമ്മുടെ വാക്കുകൾകൊണ്ട് അവരുടെ പ്രശ്നങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കരുത്. പര സ്പരം സ്നേഹത്താൽ പടുത്തുയർത്താനാണ് നാം ശ്രമിക്കേണ്ടത് (എഫേ.4:29) ഒന്നു മറക്കാതിരിക്കുക. സ്നേഹം എല്ലായ്പ്പോഴും എല്ലാവരേയും കുറിച്ച് ഏറ്റവും നല്ലതുമാത്രം വിശ്വസിക്കുന്നു (1 കോരി 13: 7)

നാം മറ്റുള്ളവരെക്കുറിച്ച് മനോഹരമായ ചിന്തകൾ മാത്രം സ്വീകരിക്കാൻ തുടങ്ങുമ്പോൾ അവർ നിങ്ങളോട് മനോഹരമായി പെരുമാറാൻ തുടങ്ങുന്നു. ചിന്തകളും വാക്കുകളുമെല്ലാം ക്രിയാത്മകശക്തിനിറച്ച പാത്രങ്ങലോ നശീകര ണശക്തിയുള്ള ആയുധങ്ങളോ ആണ്. അവ ചെകുത്താനും അവന്റെ പ്രവൃ ത്തികൾക്കുമെതിരെ പ്രയോഗിക്കാം, അല്ലെങ്കിൽ അവന്റെ വിനാശകരമായ പദ്ധ തിയെ സഹായിക്കുന്നതിനുപയോഗിക്കാം.

നിങ്ങളുടെ കുട്ടിയുടെ പെരുമാറ്റത്തിൽ ചില പ്രശ്നങ്ങളുണ്ടെന്നും അവ മാറ്റേണ്ടതാവശ്യമാണെന്നും കരുതുക. നിങ്ങളവനുവേണ്ടി പ്രാർത്ഥിക്കുകയും ദൈവമവന്റെ ജീവിതത്തിൽ മാറ്റം വരുത്തുമോയെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ ഫലം ലഭിക്കാനായി കാത്തിരിക്കുന്ന സമയത്ത് അവനെ സംബന്ധിച്ച നിങ്ങളുടെ ചിന്തകളും വാക്കുകളും എങ്ങനെയുള്ളതായിരിക്കും? അനേകമാളുകൾക്ക് തങ്ങളുടെ പ്രാർത്ഥനയുടെ ഫലം കിട്ടിയതിനു കാരണം, അവർ തങ്ങളുടെ ചിന്തകളാലും വാക്കുകളാലും തങ്ങളുടെ പ്രാർത്ഥനയെ നിഷേധിക്കുന്നതുമൂലം അവർക്കുവേണ്ടി പ്രവർത്തിക്കാൻ ദൈവത്തിനവസരം കൊടുക്കുന്നില്ലെന്നതാണ്.

നിങ്ങൾ നിങ്ങളുടെ കുട്ടിയുടെ സ്വഭാവത്തിൽ മാറ്റം വരുത്തുന്നതിനായി പ്രാർത്ഥിക്കുകയും, ഒപ്പം അവനേക്കുറിച്ച് നിഷേധാത്മകമായി ചിന്തിക്കാനും ചെയ്യാറുണ്ടോ? അല്ലെങ്കിൽ അവന് നല്ലതുവരണമേയെന്നു പ്രാർത്ഥിക്കുന്നതി നോടൊപ്പം, ഈ കുട്ടി ഒരിക്കലും നന്നാകില്ല എന്നു മറ്റുള്ളവരോടു പറയാറുണ്ടോ? വിജയത്തിൽ ജീവിക്കണമെങ്കിൽ നിങ്ങളുടെ ചിന്തകൾ ദൈവ വചനത്തിനനുസൃതമായിരിക്കണമെന്നോർമ്മിക്കുക.

*നമ്മുടെ ചിന്തകൾ ദൈവവചനത്തിനു വിരുദ്ധമാണെങ്കിൽ നാംവചനത്തിൽ സഞ്ചരിക്കുന്നില്ല. നാം വചനത്തിൽ ചിന്തിക്കുന്നില്ലെങ്കിൽ വചനത്തിൽ സഞ്ചരിക്കുന്നുമില്ല.*

ആർക്കെങ്കിലുംവേണ്ടി പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ ചിന്തകളേയും, വാക്കുകളേയും നിങ്ങളുടെ പ്രാർത്ഥനയ്ക്കനുയോജ്യമാക്കിത്തീർക്കുക. അപ്പോൾ അനുകൂലമായ മാറ്റം സംഭവിക്കുന്നതു കാണാം.

നിങ്ങൾ യുക്തിരഹിതമായി പെരുമാറണമെന്നല്ല ഞാനുദ്ദേശിക്കുന്നത്. നിങ്ങ ളുടെ കുട്ടിയുടെ പെരുമാറ്റത്തിൽ അപാകതകളുണ്ടെങ്കിൽ അതേക്കുറിച്ച് നിങ്ങളോട് ഏതെങ്കിലും ഒരു സുഹൃത്ത് ആരായുമ്പോൾ, യഥാർത്ഥത്തിൽ

അവന് യാതൊരു പുരോഗതിയുമുണ്ടായിട്ടില്ലെങ്കിൽ എന്താണു നിങ്ങൾ പറയേണ്ടത്? 'ഇതുവരെ മാറ്റമൊന്നുമുണ്ടായിട്ടില്ല, പക്ഷേ ഞാൻ വിശ്വസിക്കുന്നത് ദൈവമിവനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. ഈ കുട്ടി ദൈവത്തിന് തന്റെ ശക്തി തെളിയിക്കാനുള്ള അവസരമാണ്. ദിവസംതോറും അൽപാൽപമായി അവൻ മഹത്വത്തിൽനിന്നും മഹത്വത്തിലേക്കു പുരോഗമിക്കുന്നത് കാണാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നായിരിക്കണം നിങ്ങളുടെ മറുപടി.

5. *കൃതജ്ഞതയുള്ളമനസ്സ് വളർത്തിയെടുക്കുക.*

**അവന്റെ വാതിലുകൾ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടുംകൂടെ വരുവിൻ; അവന്നു സ്തോത്രം ചെയ്തു അവന്റെ നാമത്തെ വാഴ്ത്തുവിൻ.**

**സങ്കീ: 100: 4**

ക്രിസ്തുവിന്റെ മനസ്സിലേക്ക് പ്രവഹിക്കുന്ന ഒരാളുടെ ചിന്തകൾ കൃതജ്ഞതയും സ്തുതികളും നിറഞ്ഞതായിരിക്കും.

നാം പരാതിപറയുമ്പോൾ ഒട്ടേറെ വാതിലുകളാണ് ശത്രുവിന്റെ മുൻപിൽ ഇറക്കപ്പെടുന്നത്. ചിലയാളുകൾ പരാതിപറച്ചിൽ എന്ന രോഗത്താൽ ക്ഷീണിതരും ദുർബ്ബലരുമായിത്തീരുകയും നിസ്സഹായവരായി ജീവിതം തള്ളിനീക്കുകയും ചെയ്യുന്നുണ്ട്; തങ്ങളുടെ പരാതിയിലൂടെ അവർ മറ്റുള്ളവരുടെ ചിന്തകളേയും സംഭാഷണങ്ങളേയും ആക്രമിക്കുകയാണു ചെയ്യുന്നത്.

കൃതജ്ഞത പറയാത്ത ഒരുവന് ശക്തമായ ജീവിതം നയിക്കാനാവില്ല. ദൈവത്തിനു നന്ദി പറയുക എന്ന തത്വം ബൈബിൾ നമ്മെ ആവർത്തിച്ചോർമ്മിപ്പിക്കുന്നുണ്ട്. ചിന്തയിലോ വാക്കുകളിലോ പരാതി പറയുകയെന്നത് മരണത്തിന്റെ തത്വമാണ്, നന്ദി പറയുകയെന്നത് ജീവന്റെ തത്വവും.

ഒരാൾക്ക് കൃതജ്ഞതാ നിർഭരമായ ഹൃദയമില്ലെങ്കിൽ (മനസ്സ്) അയാളുടെ നാവിൽനിന്നും നന്ദിയുള്ള വാക്കുകൾ പുറത്തുവരികയില്ല. നമ്മുടെയുള്ളിൽ നന്ദിയുണ്ടായിരിക്കുമ്പോൾ നാമത് വാക്കുകളിലൂടെ പ്രകടിപ്പിക്കുന്നു.

## എല്ലായ്പ്പോഴും നന്ദിയുള്ളവരായിരിക്കുക.

**അതുകൊണ്ടു അവൻ മുഖാന്തരം നാം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക.**

**എബ്രാ 13: 15**

എപ്പോഴാണ് നാം ദൈവത്തിനു നന്ദി പറയുന്നത്? എല്ലായ്പ്പോഴും - ഏതു സാഹചര്യത്തിലും ഏതു കാര്യത്തെ സംബന്ധിച്ചും - അങ്ങനെ ചെയ്യുന്നതിലൂടെ, ചെകുത്താന് ആക്രമിക്കാനാവാത്ത വിജയകരമായ ജീവിതത്തിലേക്ക് നാം പ്രവേശിക്കുകയുമാണ്.

നമ്മുടെ സാഹചര്യങ്ങൾ എങ്ങനെയുള്ളതായിരുന്നാലും ശരി നാം സന്തോഷമുള്ളവരും നന്ദിയുള്ളവരുമാണെങ്കിൽ എങ്ങനെയാണ് ചെകുത്താന് നമ്മെ

നിയന്ത്രിക്കാനാകുന്നത്. എന്നാൽ ഇത്തരത്തിലുള്ള ജീവിതം നയിക്കണമെങ്കിൽ സ്തുതിയുടെ ബലി അഥവാ നന്ദി പ്രകടിപ്പിച്ചേ പറ്റൂ; എന്റെ സന്തോഷത്തിന്റെ ബലി ചെകുത്താനു നൽകുന്നതിനു പകരം എന്റെ കൃതജ്ഞതയുടെ ബലി ദൈവത്തിനു നൽകാനാണെനിക്കിഷ്ടം. ഞാൻ പരാതി പറയുകയും നന്ദിപറയാൻ വിസമ്മതിക്കുകയും ചെയ്യുമ്പോൾ എന്റെ സന്തോഷം ഉപേക്ഷിക്കുകയാണു ഞാൻ ചെയ്യുന്നത്. അഥവാ പരാതിപറച്ചിലിലൂടെ ഞാനതു നഷ്ടപ്പെടുത്തുകയാണ്.

34-ാം സങ്കീർത്തനം ഒന്നാംവാക്യത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. '**ഞാനെല്ലായ്പ്പോഴും കർത്താവിനെ വാഴ്ത്തും; അവന്റെ സ്തുതി ഗീതങ്ങൾ എപ്പോഴുമെന്റെ നാവിലുണ്ടാകും.**' നമുക്കെങ്ങനെയാണ് കർത്താവിനെ വാഴ്ത്താൻ കഴിയുന്നത്? അവന്റെ ചിന്തകൾ നമ്മുടെ ചിന്തകളിലും നാവിലും നിറയ്ക്കുന്നതിലൂടെ

നന്ദിയുള്ളവരായിരിക്കുക - എല്ലായ്പ്പോഴും ദൈവത്തോടു മാത്രമല്ല മനഷ്യരോടും നന്ദിയുള്ളവരായിരിക്കുക. ആരെങ്കിലും നിങ്ങൾക്കുവേണ്ടി എന്തെങ്കിലുമൊരു നല്ല കാര്യം ചെയ്താൽ നിങ്ങളുടെ സന്തോഷം തീർച്ചയായും രേഖപ്പെടുത്തുക.

നിങ്ങളുടെ വീട്ടിലുള്ളവരോടും നിങ്ങളുടെ സന്തോഷം രേഖപ്പെടുത്താൻ മറക്കരുത്. പലപ്പോഴും ദൈവം നൽകിയ അനുഗ്രഹങ്ങളെ നാം കാര്യമായി ശ്രദ്ധിക്കാറില്ല. അശ്രദ്ധയിലൂടെയാണ് നമുക്ക് പലതും നഷ്ടപ്പെടുന്നത്.

ഞാനെന്റെ ഭർത്താവിനെ അഭിനന്ദിക്കാറുണ്ട്; ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് ഒട്ടേറെ വർഷങ്ങളായെങ്കിലും ഇപ്പോഴും അദ്ദേഹത്തെക്കുറിച്ചുള്ള എന്റെ സംതൃപ്തി അറിയിക്കാൻ ഞാൻ മറക്കാറില്ല. അദ്ദേഹം വളരെ ക്ഷമാശാലിയാണ്, മറ്റനവധി സദ്ഗുണങ്ങളുമുണ്ടദ്ദേഹത്തിന്. നാമാരെയെങ്കിലും അഭിനന്ദിക്കുകയും അവരേക്കുറിച്ചുള്ള സംതൃപ്തി അറിയിക്കുകയും ചെയ്യുമ്പോൾ അവരുമായി നല്ല ബന്ധം നിലനിർത്താൻ കഴിയുന്നു; അവരിൽനിന്നും നമുക്കു ലഭിച്ചിട്ടുള്ള സന്തോഷത്തിന് പ്രത്യേകം നന്ദി പറയുകയും വേണം.

ഒട്ടേറെ ആളുകളുമായി ഇടപഴകുന്ന ആളെന്ന നിലയിൽ, നിസ്സാരകാര്യങ്ങളിൽപ്പോലും ചിലർ എത്രമാത്രം നന്ദിയുള്ളവരാണെന്നത് എന്നെ അത്ഭുതപ്പെടുത്താറുണ്ട്; എന്നാൽ മറ്റുചിലരാകട്ടെ, അവർക്കുവേണ്ടി എന്തൊക്കെചെയ്താലും യാതോരു തൃപ്തിയുമില്ലാത്തവരാണ്. ഈ പ്രശ്നത്തിന്റെ കാരണം അഹങ്കാരമാണെന്നു ഞാൻ കരുതുന്നു. ചിലയാളുകൾ തങ്ങളെക്കുറിച്ചുമാത്രം ചിന്തിക്കുന്നതിനാൽ മറ്റുള്ളവർ അവർക്കുവേണ്ടി ചെയ്യുന്നത് അവർ ശ്രദ്ധിക്കാറില്ല. അത്രയുമല്ല അതിൽക്കൂടുതൽ കിട്ടാൻ തങ്ങളർഹരാണെന്നാണ് അവരുടെ ഭാവം! അവർ മറ്റുള്ളവരോട് സംതൃപ്തിയോ നന്ദിയോ അറിയിക്കാറില്ല. മറ്റൊരാളെ നമ്മുടെ സംതൃപ്തി അറിയിക്കുമ്പോൾ അവർക്കു മാത്രമല്ല നമുക്കുള്ള ഗുണം ചെയ്യുന്നു, എന്തെന്നാൽ നമ്മുടെയുള്ളിലുമത് സന്തോഷം നിറയ്ക്കുന്നു.

നിങ്ങൾ നന്ദിയുള്ളവരായിരിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഓരോ ദിവസവും ആലോചിക്കുക. കർത്താവിനോടുള്ള പ്രാർത്ഥനയിൽ അവയോരോന്നും ഏറ്റു

പറഞ്ഞ് അവന് നന്ദി പറയുക അപ്പോൾ നിങ്ങളുടെ ഹൃദയത്തിൽ ജീവനും വെളിച്ചവും നിറയും.

## എല്ലായ്പ്പോഴും എല്ലാറ്റിനും നന്ദി പറയുക

**വീഞ്ഞു കുടിച്ചു മത്തരാകരുതു; അതിനാൽ ദുർന്നടപ്പു ഉണ്ടാകുമല്ലോ. ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന്നു പാടിയും കീർത്തനം ചെയ്തും**

**നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായ്പ്പോഴും എല്ലാറ്റിനുംവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ.**

**എഫേ. 5: 18–20**

എത്ര ശക്തമായ വാക്യങ്ങൾ! എങ്ങനെയാണ് നിങ്ങൾക്കുമെനിക്കും പരിശുദ്ധാത്മാവിനാൽ നിറയ്ക്കപ്പെട്ട ജീവിക്കാവുന്നത്? നമ്മോടോ മറ്റുള്ളവരോടോ 'ചിന്തകളിലും വാക്കുകളിലും കൂടി' സങ്കീർത്തനങ്ങളിലും ഗാനങ്ങളിലും ആത്മീയ കീർത്തനങ്ങളിലുംകൂടി സംസാരിക്കുന്നതിലൂടെയാണ് നമുക്കിതു സാധ്യമാകുന്നത്. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ നമ്മുടെ ചിന്തകളേയും വാക്കുകളേയും ദൈവവചനത്താൽ നിറയ്ക്കുകയും എല്ലായ്പ്പോഴും *എല്ലാറ്റിനും വേണ്ടി നന്ദി പറയുകയും ചെയ്യുന്നതിലൂടെ ഇതു സാധ്യമാകുന്നു.*

6) *വചനത്തെക്കുറിച്ചു ബോധവാന്മാരാകുക*

**അവന്റെ വചനം നിങ്ങളുടെ ഉള്ളിൽ വസിക്കുന്നതുമില്ല. അവൻ അയച്ചവനെ നിങ്ങൾ വിശ്വസിക്കുന്നില്ലല്ലോ.**

**യോഹ 5: 38**

നമുക്ക് വായിക്കുകയും പഠിക്കുകയും ചെയ്യുന്നതിനുവേണ്ടി കടലാസ്സിൽ എഴുതപ്പെട്ട, ദൈവത്തിന്റെ ചിന്തകളാണ് അവന്റെ വചനം. ഓരോ സാഹചര്യത്തേയും വിഷയത്തേയും കുറിച്ച് ദൈവമെന്തു ചിന്തിക്കുന്നുവെന്ന് അവന്റെ വചനം വ്യക്തമാക്കുന്നു.

മേലുദ്ധരിച്ച വാക്യത്തിൽ യേശു അവിശ്വാസികളെ ശകാരിക്കുന്നതാണു നാം കണ്ടത്. ദൈവത്തിന്റെ ചിന്തകളുടെ പ്രകാശനമാണ് അവന്റെ വചനമെന്നും വിശ്വാസത്തിന്റെ സദ്ഫലങ്ങളനുഭവിക്കാനാഗ്രഹിക്കുന്നയാളും, അവന്റെ വചനത്തെ ജീവിക്കുന്ന സന്ദേശമായി തങ്ങളുടെ ഹൃദയങ്ങളിൽ സ്വീകരിക്കമമെന്നു ഇതിൽനിന്നും മനസ്സിലാക്കുന്നു. ദൈവവചനത്തെക്കുറിച്ച് ധ്യാനിക്കുന്നതിലൂടെയാണ് ഇതു സാധ്യമാകുന്നത്. ഇങ്ങനെയാണ് ദൈവത്തിന്റെ ചിന്തകൾ നമ്മുടെ ചിന്തകളായി മാറുന്നത്. നമ്മുടെയുള്ളിൽ ക്രിസ്തുവിന്റെ മനസ്സ് വളർത്തിയെടുക്കാനുള്ള ഒരേയൊരു മാർഗ്ഗവുമിതുതന്നെ.

യോഹന്നാന്റെ സുവിശേഷം ഒന്നാമദ്ധ്യായം പതിനാലാം വാക്യത്തിൽ പറയുന്നത്, യേശു വചനം രൂപമാർന്നതാണെന്നാണ്. അവന്റെ മനസ്സ് ദൈവവചനത്താൽ നിറയ്ക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ അതു സാധിക്കുമായിരുന്നില്ല.

ദൈവവചനത്തെക്കുറിച്ച് ധ്യാനിക്കുകയെന്നതാണ് നാം പഠിക്കേണ്ട സുപ്രധാനമായ ജീവിതപ്രമാണങ്ങളിലൊന്ന്. ‘*വൈൻസ് എക്സ്പോസിറ്ററി ഡിക്ഷണറി ഓഫ് ഓൾഡ് ആൻഡ് ന്യൂ ടെസ്റ്റമെന്റ് വേർഡ്സ്.*’ ‘*മെഡിറ്റേറ്റ്* ’ (ധ്യാനിക്കുക) എന്നർത്ഥം വരുന്നു രണ്ടു ഗ്രീക്കു പദങ്ങളെ ഇങ്ങനെയാണു നിർവ്വചിച്ചിരിക്കുന്നത്, ‘ശ്രദ്ധിക്കുക’ പരിചരിക്കുക, പരിശീലിക്കുക, പ്രയത്നിക്കുക, ചിന്തിക്കുക സങ്കൽപിക്കുക ഗാഢമായി ആലോചിക്കുക.’ മറ്റൊരിടത്ത് ‘പതുക്കെപ്പറയുക, പിറുപിറുക്കുക’ എന്ന നിർവ്വചനങ്ങളും കാണാം.

ഈ പ്രമാണം എത്രമാത്രം പ്രധാനമാണെന്ന് വ്യക്തമാക്കാനെനിക്കു കഴിയുന്നില്ല. ദൈവവചനത്തെക്കുറിച്ച് ധ്യാനിക്കുന്നതിലൂടെ നിങ്ങൾക്കും നിങ്ങളുടെ ചുറ്റുമുള്ളവർക്കും ജീവൻ ലഭിക്കുന്നതിനാൽ ഇതിനെ ജീവന്റെ പ്രമാണമെന്താണു ഞാൻ വിളിക്കുന്നത്. വെളിച്ചത്തിന്റെ രാജ്യത്തെ സമ്പത്തുകൾ അപഹരിച്ച് ഇരുട്ടിന്റെ രാജ്യത്തിന്റേതാക്കിമാറ്റാൻ ചെകുത്താനു കഴിയും. ധ്യാനം തിന്മയ്ക്ക് അത്രമാത്രം ശക്തി പകരുമെങ്കിൽ, തീർച്ചയായും നന്മയ്ക്കു ശക്തിയേകാനുമതിനു കഴിയും. ധ്യാനത്തിന്റെ പ്രമാണം, ദൈവവചനത്തിൽ നിന്നാണുദ്ഭവിക്കുന്നത്; ഇതേക്കുറിച്ച് ബൈബിളെന്തു പറയുന്നുവെന്ന് നമുക്ക് നോക്കാം.

## ധ്യാനത്തിലൂടെ അഭിവൃദ്ധി നേടുക

**ഈ ന്യായപ്രമാണപുസ്തകത്തിലുള്ളതു നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുതു അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചുനടക്കേണ്ടതിനു നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കേണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും;നീ കൃതാർത്ഥനായും ഇരിക്കും.**

**യോശുവ 1:8**

നാം ദൈവവചനത്തെ മാനസികമായ പരിശീലിക്കാത്തപക്ഷം നമുക്കതു ബാഹ്യമായി പരിശീലിക്കാനാവില്ലെന്നാണ് ഇവിടെ കർത്താവു പറഞ്ഞിരിക്കുന്നത്.

**‘അയാളുടെ ആനന്ദവും ആഗ്രഹവും കർത്താവിന്റെ നിയമത്തിലാണ്, അവന്റെ നിയമത്തെക്കുറിച്ചാണ് (പ്രമാണങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയെക്കുറിച്ച്) അയാൾ നിരന്തരമായി രാപ്പകൽതോറും ധ്യാനിക്കുന്നത് (ചിന്തിക്കുകയും പഠിക്കുകയും ചെയ്യുന്നത്. അരുവിയുടെ കരയിൽ ആഴത്തിൽ നട്ടിരിക്കുന്നതും യഥാകാലം ഫലം തരുന്നതുമായ വൃക്ഷംപോലെയാണയാൾ; അതിന്റെ ഇലകൾ കൊഴിയുന്നില്ല; ചെയ്യുന്നതിലെല്ലാം അയാൾക്കഭിവൃദ്ധിയുണ്ടാകുന്നു (പൂർത്തീകരിക്കപ്പെടുന്നു) എന്നാണ് ദൈവത്തിൽ ജീവിക്കുന്ന ഒരുവനെക്കുറിച്ച് പറയപ്പെട്ടിട്ടുള്ളത്.** (സങ്കീ. 1: 2, 3)

## ധ്യാനത്തിലൂടെ സൗഖ്യം നേടുക

**മകനേ, എന്റെ വചനങ്ങൾക്കു ശ്രദ്ധ തരിക; എന്റെ മൊഴികൾക്കു നിന്റെ ചെവി ചായ്ക്ക. അവ നിന്റെ ദൃഷ്ടിയിൽനിന്നു മാറിപ്പോകരുതു; നിന്റെ ഹൃദയത്തിന്റെ നടുവിൽ അവയെ സൂക്ഷിച്ചിവെക്കുക. അവയെ കിട്ടുന്നവർക്കു അവ ജീവനും അവരുടെ സർവ്വദേഹത്തിനും സൗഖ്യവും ആകുന്നു.**

**സുഭാ. 4: 20 –22**

'മെഡിറ്റേറ്റ്' (ധ്യാനിക്കുക) എന്ന പദത്തിന്റെ അർത്ഥങ്ങളിലൊന്ന് പരിചരിക്കുകയെന്നാണെന്നു നാം കണ്ടു കഴിഞ്ഞില്ലേ. കർത്താവിന്റെ വാക്കുകൾ ശരീരത്തിന് രോഗശാന്തിയും ആരോഗ്യവും നൽകുന്നു എന്നത് ഈയർത്ഥത്തിൽ തികച്ചും പ്രസക്തമാണ്.

ദൈവവചനത്തെക്കുറിച്ച് ആന്തരികമായി ധ്യാനിക്കുന്നത് നമ്മുടെ ശരീരത്തിന് ഗുണം ചെയ്യുന്നു. കഴിഞ്ഞ പതിനെട്ടുവർഷത്തിനുള്ളിൽ എന്റെ ബാഹ്യരൂപം വളരെയേറെ മാറിയിട്ടുണ്ടെന്നെനിക്കറിയാം. വചനത്തെക്കുറിച്ച് പഠിക്കുന്നതിനു മുൻപ് ഞാനെങ്ങനെയായിരുന്നുവോ അതിൽനിന്നും ഇപ്പോഴെനിക്ക് പതിനഞ്ച് വയസ്സ് കുറവാണ് തോന്നിക്കുന്നതെന്നാണ് എല്ലാവരുമെന്നോടു പറയുന്നത്.

## കേൾക്കുകയും വിളവെടുക്കുകയും ചെയ്യുക

**നിങ്ങൾ കേൾക്കുന്നതു എന്തു എന്നു സൂക്ഷിച്ചുകൊൾവിൻ; നിങ്ങൾ അളക്കുന്ന അളവുകൊണ്ടു നിങ്ങൾക്കും അളന്നു കിട്ടും;**

**മർക്കോസ് 4: 24.**

വിതയുടെയും കൊയ്ത്തിന്റേയും പ്രമാണമാണിത്. നാമെത്രക്കൂടുതൽ വിതയ്ക്കുന്നുവോ, അത്രയുമധികം നമുക്ക് കൊയ്യാനാകും. നാം കേൾക്കുന്ന വചനത്തെക്കുറിച്ച് പഠിക്കാനും ചിന്തിക്കാനും എത്രയധികം സമയം നാം ചെലവഴിക്കുന്നുവോ, അത്രയധം പ്രയോജനം നമുക്കതിൽനിന്നു ലഭിക്കും.

## വായിക്കുക കൊയ്യുക

**വെളിപ്പെടുവാനുള്ളതല്ലാതെ ഗൂഢമായതു ഒന്നും ഇല്ല; വെളിച്ചത്തു വരുവാനുള്ളതല്ലാതെ മറവായതു ഒന്നും ഇല്ല.**

**മർക്കോസ് 4: 22**

വചനത്തിൽ അനന്തമായ സമ്പത്തും ശക്തും ജീവദായകവുമായ രഹസ്യങ്ങളും - ദൈവമവ നമുക്കുവേണ്ടി വെളിപ്പെടുത്താനാഗ്രഹിക്കുന്നു - ഒളിഞ്ഞിരിപ്പുണ്ടെന്നാണ് ഈ വാക്യങ്ങൾ വ്യക്തമാക്കുന്നത്. ദൈവവചനം ധ്യാനിക്കുകയും പഠിക്കുകയും ചിന്തിക്കുകയും മാനസികമായി പരിശീലിക്കുകയും അതേക്കുറിച്ചു സംസാരിക്കുകയും ചെയ്യുന്നവർക്ക് അവ വെളിപ്പെടുന്നു.

ദൈവവചനം പഠിപ്പിക്കുന്ന ഒരദ്ധ്യാപികയെന്ന നിലയിൽ ഈ പ്രമാണങ്ങളുടെ സത്യത്തെക്കുറിച്ച് എനിക്കറിയാം. വിശുദ്ധഗ്രന്ഥത്തിലെ ഒരു വാക്യത്തിൽനിന്നും എന്തൊക്കെ കാര്യങ്ങളാണ് ദൈവമെനിക്കു കാട്ടിത്തരുന്നതെന്നെനിക്കറിയാം. ഒരിക്കൽ വായിക്കുമ്പോൾ അതിൽനിന്നും ലഭിക്കുന്നതല്ല, മറ്റൊരിക്കൽ വായിക്കുമ്പോൾ കിട്ടുന്നത് - ഇങ്ങനെ പുതിയ പുതിയ അറിവുകൾ എനിക്കതിൽനിന്നും കിട്ടിക്കൊണ്ടേയിരിക്കുന്നു.

ദൈവവചനത്തിലുറച്ചു നിൽക്കുന്നവർക്ക് കർത്താവ് തന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നു. മറ്റൊരാൾക്കു ലഭിച്ച വെളിപാടിനെ ആശ്രയിച്ചു ജീവിക്കാനല്ല നിങ്ങൾ ശ്രമിക്കേണ്ടത്, മറിച്ച് നിങ്ങളുടെ ജീവിതത്തെ സത്യത്താലനുഗ്രഹിക്കാൻ പരിശുദ്ധാത്മാവിനെ അനുവദിക്കുക.

ദൈവവചനത്തെക്കുറിച്ച് ധ്യാനിക്കുന്നതിനെക്കുറിച്ച് ഇനിയുമെത്ര വേണ മെങ്കിലും എനിക്കു പറയാനുണ്ട്. എനിക്കും നിങ്ങൾക്കും പഠിക്കാവുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമാണത്. നിങ്ങൾ ദൈനംദിന കാര്യങ്ങളിലേർപ്പെടുമ്പോഴും ഏതെങ്കിലുമൊക്കെ വാക്യങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കാൻ പരിശുദ്ധാത്മാവി നോടപേക്ഷിക്കുക, അങ്ങനെ നിങ്ങളവയെക്കുറിച്ചു ധ്യാനിക്കുക. ഇങ്ങനെ ചെയ്യുന്നതുമൂലം എത്രമാത്രം ശക്തിയാണു നിങ്ങൾക്ക് ലഭിക്കുന്നത് എന്ന കാര്യം തീർച്ചയായും നിങ്ങളെ അത്ഭുതപ്പെടുത്തും. ദൈവവചനത്തെക്കുറിച്ച് എത്രമാത്രം ധ്യാനിക്കുന്നുവോ, വിഷമസന്ധികളിൽ അത്രമാത്രം കരുത്താണ് നിങ്ങൾക്കതിൽനിന്നും ലഭിക്കാൻ പോകുന്നത്. വചനത്തെ ധ്യാനിക്കുന്നതിൽനി ന്നുമാണ് അതു പ്രവർത്തിക്കാനുള്ള ശക്തി ലഭിക്കുന്നതെന്ന കാര്യം എല്ലാ യ്പ്പോഴും ഓർമ്മിച്ചുകൊള്ളുക.

## വചനത്തെ സ്വീകരിക്കുക, സ്വാഗതം ചെയ്യുക

**ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവം വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ.**

**യാക്കോബ് 1: 21**

വചനത്തിന് നമ്മെ പാപകരമായ ജീവിതത്തിൽനിന്നും രക്ഷിക്കാനുള്ള ശക്തിയുണ്ടെന്നാണ് ഈ വാക്യത്തിൽ നിന്നു മനസ്സിലാകുന്നത്; എന്നാൽ ഏതു രീതിയിലാണോ നാമതിനെ സ്വീകരിച്ച് സ്വാഗതം ചെയ്യുകയും നമ്മുടെ ഹൃദയ ങ്ങളിൽ നമ്മുടെ ഹൃദയങ്ങളിൽ നട്ടുവളർത്തുകയും ചെയ്യുന്നത്, അതേ രീതി യിലായിരിക്കും നമുക്കു ഫലം ലഭിക്കുന്നതു. ദൈവവചനത്തെ ശ്രദ്ധാപൂർവ്വം പഠിക്കുന്നതിലൂടെയാണ് – മറ്റെന്തിനെക്കാളുമധികം പ്രാധാന്യത്തോടെ നമ്മുടെ മനസ്സ് അതിലുറപ്പിക്കുന്നതിലൂടെയാണ്, വചനം നമ്മുടെയുള്ളിൽ വേരൂന്നി വളരുന്നത്.

നിങ്ങളും ഞാനുമൊക്കെ എല്ലായ്പ്പോഴും നമ്മുടെ പ്രശ്നങ്ങളെക്കുറിച്ചാണ് ചിന്തിച്ചുകൊണ്ടിരിക്കുന്നതെങ്കിൽ അവ നമ്മുടെയുള്ളഇൽ കൂടുതലാഴത്തിൽ വേരൂന്നുക തന്നെ ചെയ്യും. നമ്മുടേയും മറ്റുള്ളവരുടേയും കുറ്റങ്ങളേയും കുറ വുകളേയും കുറിച്ച് കൂടുതൽ കൂടുതൽ ചിന്തിക്കുംതോറും പ്രശ്നം കൂടുതൽ രൂക്ഷമാവുകയും നമുക്ക് പരിഹാരം കണ്ടെത്താൻ കഴിയാതെ വരികയും ചെയ്യുന്നു. ജീവന്റെ സമുദ്രം നമുക്ക് ലഭ്യമാണെന്നറിയുക. ദൈവവചനത്തെ ക്കുറിച്ച് സ്ഥിരോത്സാഹത്തോടെ പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നതി ലൂടെ ജീവന്റെ സമുദ്രത്തിൽനിന്നും നമുക്കാവശ്യമുള്ളതു കോരിയെടുക്കാം.

ഞങ്ങളുടെ സുവിശേഷ പ്രസ്ഥാനത്തിന്റെ പേര് 'ലൈഫ് ഇൻദ വേർഡ്' എന്നാണ്. എന്റെ അനുഭവത്തിൽനിന്നും എനിക്കു പറയാവുന്നത്, തീർച്ചയായും ദൈവവചനത്തിൽ ജീവൻ കുടികൊള്ളുന്നുവെന്നാണ്.

## ജീവൻ തിരഞ്ഞെടുക്കുക

**ജഡത്തിന്റെ ചിന്ത മരണം; ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നേ.**

**റോമർ . 8: 6**

ഈയദ്ധ്യായമവസാനിപ്പിക്കുന്നതിനു മുൻപായി മറ്റൊരു വാക്യം കൂടി നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു, 'സത്യമായതൊക്കെയും, ആദരണീയമായതൊക്കെയും, ബഹുമാന്യമായതൊക്കെയും ന്യായമായതൊക്കെയും, പരിശുദ്ധമായതൊക്കെയും സുന്ദരവും പ്രിയങ്കരവുമായതൊക്കെയും, കാരുണ്യവും ദൈവത്തിന്റെ പ്രസാദമുള്ളതൊക്കെയും, ഉൽകൃഷ്ടവും സ്തുത്യർഹമായതൊക്കെയും നിങ്ങളുടെ ചിന്തയ്ക്ക് വിഷയമായിത്തീരട്ടെ (നിങ്ങളുടെ മനസ്സ് ഇവയിലുറപ്പിക്കുക.)

നിങ്ങളുടെ മനസ്സ് ഏതവസ്ഥയിലായിരിക്കണമെന്ന് വിശുദ്ധ ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നിങ്ങൾക്ക് ക്രിസ്തുവിന്റെ മനസ്സാണുള്ളത്, അതു നിങ്ങളുപയോഗിക്കുക. ഏതിനെക്കുറിച്ച് അവൻ ചിന്തിക്കുന്നില്ലയോ അതേക്കുറിച്ച് നിങ്ങളും ചിന്തിക്കാതിരിക്കുക.

നിങ്ങളുടെ ചിന്തകളെ നിരന്തരമായി 'നിരീക്ഷിക്കുന്നതി'ലൂടെ ഓരോ ചിന്തയേയും യേശുക്രിസ്തുവിനോടുള്ള അനുസരണയ്ക്ക് അടിമപ്പെടുത്താൻ നിങ്ങൾക്കു കഴിയുന്നു. ( 2 കോരി 10: 5 KJV)

നിങ്ങളുടെ മനസ്സ് തെറ്റായ ദിശയിലാണ് സഞ്ചരിക്കുന്നതെന്ന് പരിശുദ്ധാത്മാവ് നിങ്ങളെ ഓർമ്മപ്പെടുത്തുമ്പോൾ എന്തു ചെയ്യണമെന്ന് തീരുമാനിക്കേണ്ടത് നിങ്ങളാണ്. ജഡത്തിന്റെ മനസ്സിലേക്ക് പ്രവഹിക്കുകയാണോ അതോ (പരിശുദ്ധ) ആത്മാവിന്റെ മനസ്സിലേക്ക് പ്രവേശിക്കുകയാണോ വേണ്ടതെന്ന് നിങ്ങൾ തീരുമാനിക്കുക. ഒന്ന് മരണത്തിലേക്കും മറ്റൊന്ന് ജീവനിലേക്കും നയിക്കുന്നു.

*ജീവൻ തിരഞ്ഞെടുക്കുക!*

# ഭാഗം മൂന്ന്

# വിജനതാ മനോഭാവങ്ങൾ

# ആമുഖം

**സേയീർ പർവ്വതം വഴിയായി ഹോരേബിൽനിന്നു കാദേശ്ബർന്നയയിലേക്കു പതിനൊന്നു ദിവസത്തെ വഴി ഉണ്ടു.**

**ആവർത്തനം 1: 6**

വെറും പതിനൊന്നു ദിവസത്തെ യാത്രചെയ്ത് എത്തിച്ചേരാവുന്ന ലക്ഷ്യം പ്രാപിക്കാൻ ഇസ്രായേൽ ജനം നാല്പതു വർഷമാണെടുത്തത്. ഈ നാല്പതു വർഷക്കാലവും അവർ വിജയപ്രദേശങ്ങളിലലഞ്ഞു തിരിയുകയായിരുന്നു. എന്തായിരുന്നു ഇതിനു കാരണം? അവരുടെ ശത്രുക്കളോ വിപരീതസാഹചര്യങ്ങളോ, അവർ പിന്തുടർന്ന വഴിയോ അതോ മറ്റെന്തെങ്കിലും ഘടകമോ ആയിരിക്കുമോ ഇതിനു കാരണം?

ഇതേക്കുറിച്ച് ഞാൻ ഗാഢചിന്തയിൽ മുഴുകിയിരിക്കുമ്പോഴാണ് ദൈവമെനിക്കൊരു വെളിപാടു നൽകിയത് – എന്നെയും മറ്റായിരക്കണക്കിനാളുകളേയും സഹായിക്കാനുതകുന്ന ഒരു വെളിപാട്. കർത്താവെന്നോടിങ്ങനെ പറഞ്ഞു: കേവലം പതിനൊന്നു ദിവസത്തെ യാത്രയ്ക്കു പകരം ഇസ്രയേൽ സന്തതികൾ നാല്പതുവർഷക്കാലം വിജനപ്രദേശങ്ങളിലലഞ്ഞു തിരിയാൻ കാരണം, അവർക്ക് 'വിജനതാ മനോഭാവ'മുണ്ടായിരുന്നതിനാലാണ്.

## നിങ്ങളിവിടെ വേണ്ടത്ര കാലം വസിച്ചു കഴിഞ്ഞു.

**ഹോരേബിൽവച്ചു നമ്മുടെ ദൈവമായ യഹോവ നമ്മോടു കല്പിച്ചതു; നിങ്ങൾ ഈ പർവ്വതത്തിങ്കൽ പാർത്തതു മതി.**

**ആവർത്തനം 1: 6**

ഇസ്രായേൽജനതയുടെ കാര്യത്തിൽ ഏറെയൊന്നും അത്ഭുതപ്പെടാൻ നമുക്കവകാശമില്ല, എന്തെന്നാൽ നമ്മിലധികം പേരും ചെയ്യുന്നതിതുതന്നെയാണ്. പുരോഗതി നേടുന്നതിനു പകരം ഒരേ പർവ്വതത്തിനുചുറ്റും സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നവരാണു നാം. ഇതിന്റെ ഫലമായി, എത്രയോ പെട്ടെന്ന് കൈകാര്യം ചെയ്യാമായിരുന്ന പ്രശ്നത്തെ അതിജീവിക്കാനും വിജയം നേടാനും നമുക്കു പലപ്പോഴും വർഷങ്ങൾ തന്നെ വേണ്ടിവരുന്നു.

ഇസ്രയേൽ ജനത്തോട് കല്പിച്ച അതേ കാര്യം തന്നെയാണ് കർത്താവ് എന്നോടും നിങ്ങളോടും പറയുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു.

*'ഈ പർവ്വതത്തിൽ നിങ്ങൾ വേണ്ടത്ര കാലം വസിച്ചിരിക്കുന്നു, ഇനി പുറപ്പെടാനുള്ള സമയമായി.'*

# നിങ്ങളുടെ മനസ്സിനെ തയ്യാറാക്കുക തയ്യാറാക്കപ്പെട്ട നിലയിൽ അതിനെ കാത്തു സൂക്ഷിക്കുക

**ഉന്നതങ്ങളിലെ കാര്യങ്ങളിൽ, ഭൂമിയിലെ കാര്യങ്ങളിലല്ല നിങ്ങളുടെ മനസ്സുറപ്പിക്കുക, അവിടെത്തന്നെ ഉറപ്പിക്കപ്പെട്ട് അതിനെ നിലനിർത്തുക.**

**കൊലേസ്യർ 3:2**

ഇസ്രയേൽ ജനതയ്ക്ക് വിജനപ്രദേശത്ത് അലഞ്ഞു തിരിയേണ്ടി വന്നതിനു കാരണമായ പത്തു വിജനതാ മനോഭാവങ്ങൾ ദൈവമെനിക്കു കാട്ടിത്തന്നു. വിജനതാ മനോഭാവം എന്നതുകൊണ്ടുദ്ദേശിക്കുന്നത്, തെറ്റായ മനോഭാവത്തെയാണ്.

ശരിയായതോ തെറ്റായതോ ആയ മനോഭാവങ്ങൾ നമുക്കുണ്ടാകാം. ശരിയായ മനോഭാവം നമുക്കു പ്രയോജനം ചെയ്യുമ്പോൾ തെറ്റായ മനോഭാവം നമുക്കുപദ്രവകരമായിത്തീരുന്നു, അവ നമ്മുടെ പുരോഗതിയ്ക്കു തടസ്സം സൃഷ്ടിക്കുന്നു. നമ്മുടെ മനസ്സിനെ തയ്യാറാക്കാൻ/ ഉറപ്പിക്കാൻ, ഒപ്പം തയ്യാറാക്കപ്പെട്ട/ ഉറപ്പിക്കപ്പെട്ട അവസ്ഥയിൽ സൂക്ഷിക്കാനുമാണ് മേലുദ്ധരിച്ച വാക്യത്തിന്റെ സന്ദേശം. ശരിയായ ദിശയിലാണ് നാം നമ്മുടെ മനസ്സിനെ തയ്യാറാക്കി നിർത്തേണ്ടത്. തെറ്റായ മനോഭാവം നമ്മുടെ സാഹചര്യങ്ങളെ മാത്രമല്ല, നമ്മുടെ ആന്തരിക ജീവിതത്തേയും ബാധിക്കുന്നു. ചിലയാളുകൾ വിജനതയിൽ ജീവിക്കുന്നു, മറ്റു ചിലർ വിജനതയാണ്.

ഒരു കാലത്ത് എന്റെ സാഹചര്യങ്ങൾ അത്രയേറെ മോശമായിരുന്നില്ല. എങ്കിലുമെനിക്കന്ന് 'ജീവിതം ആസ്വദിക്കാൻ' കഴിഞ്ഞിരുന്നില്ല, കാരണം എന്റെയുള്ളിൽ ഞാനൊരു വിജനതയായിരുന്നു. ഡേവിനും എനിക്കും ഭംഗിയുള്ളൊരു വീടും, മൂന്നു ഓമനക്കുഞ്ഞുങ്ങളും, നല്ല ജോലിയും, സുഖമായി ജീവിക്കാനാവശ്യമുള്ളത്ര പണവുമുണ്ടായിരുന്നു. എന്നിട്ടും എന്റെയുള്ളിലെ പലതരത്തിൽപ്പെട്ട 'വിജനമനോഭാവ'ങ്ങൾ മൂലം എനിക്കു ലഭിച്ച അനുഗ്രഹങ്ങൾ ആസ്വദിക്കാനെനിക്കു കഴിഞ്ഞില്ല. എന്റെ ജീവിതമൊരു വിജനപ്രദേശമാണെന്ന് എനിക്കു തോന്നി, കാരണം, അന്നത്തെ എന്റെ കാഴ്ചപ്പാട് അത്തരത്തിലുള്ളതായിരുന്നു.

ചിലയാളുകൾക്ക് തങ്ങളുടെ ജീവിതത്തിലുടനീളം ദുഃഖകരമായ അനുഭവങ്ങളാണുള്ളത്; അതുകൊണ്ട്, സാഹച്രര്യങ്ങൾ മെച്ചപ്പെടുമെന്നും ചിന്തിക്കാനവർക്കു കഴിയാറില്ല. തികച്ചും നിഷേധാത്മകമായിരിക്കും അവരുടെ കാഴ്ചപ്പാട്. മറ്റുചിലയാളുകൾ ആന്തരികമായി നിഷേധാത്മകമായ ഭാവമുള്ളവരായതിനാൽ എന്തിനേയും അങ്ങനെമാത്രം കാണുന്നവരാണ്. കാരണമെന്തുതന്നെയായാലും, നിഷേധാത്മകമായ മനോഭാവം ഒരുവന്റെ ജീവിതം ദുരിതപൂർണ്ണവും, വാഗ്ദത്ത ഭൂമിയിലേക്ക് പുരോഗതി നേടാനാവാത്തവിധം ക്ളേശകരവുമാക്കിത്തീർക്കുന്നു.

ഈജിപ്തിന്റെ അടിമത്തിത്തിൽ കഴിഞ്ഞിരുന്ന ഇസ്രായേൽ സന്താനങ്ങളെ ദൈവം അവിടെനിന്നു മോചിപ്പിക്കുകയും, തേനും പാലുമൊഴുകുന്നതും, നല്ല വസ്തുക്കളെല്ലാം നിറഞ്ഞു കവിയുന്നതുമായ വാഗ്ദത്തഭൂമിയുടെ എക്കാല ത്തെയും അവകാശികളായിത്തീരാനവസരം നൽകുകയും ചെയ്തു; വാഗ്ദ ത്തഭൂമിയിൽ അവർക്കാവശ്യമുള്ള യാതൊന്നിന്റേയും കുറവുണ്ടാകുമായിരു ന്നില്ല, അവരുടെ നിലനില്പിനും സുഖജീവിതത്തിനും വേണ്ടതെല്ലാം അവിടെ സുലഭമായിരുന്നു.

എന്നാൽ കർത്താവ് ഈജിപിതിൽനിന്നും മോചിപ്പിച്ച തലമുറയിലെ അധികം പേരും വാഗ്ദത്തഭൂമിയിലെത്തിച്ചേർന്നില്ല. അവരിലേറെയും വിജനപ്രദേശങ്ങ ളിൽ മരിച്ചു വീഴുകയാണുണ്ടായത്. എന്റെ അഭിപ്രായത്തിൽ ഒരു ദൈവസ ന്താനത്തിനു സംഭവിക്കാവുന്ന ഏറ്റവും ദുഃഖകരമായ അവസ്ഥയിതാണ്. തനി ക്കാവശ്യമുള്ളതെല്ലാം സുലഭമായുണ്ടായിരിക്കുമ്പോഴും അനുഭവിക്കാൻ കഴി യാതെ വരിക.

എന്റെ ക്രിസ്തീയ ജീവിതത്തിലെ അനവധി വർഷങ്ങൾ ഞാൻ അത്തര ത്തിലൊരാളായിരുന്നു. വാഗ്ദത്തഭൂമിയിലേയ്ക്ക് (സ്വർഗ്ഗത്തിലേയ്ക്ക്) ഉള്ള യാത്രയിലായിരുന്നു ഞാന്, എന്നാൽ ആ യാത്ര ആസ്വദിക്കാനെനിക്കു കഴി ഞ്ഞിരുന്നില്ല. വിജനതയിൽ മരിയ്ക്കുകയായിരുന്നു ഞാൻ. എന്നാൽ, കരു ണാമയനായ ദൈവം എനിക്കൊരു വെളിച്ചം കാട്ടിത്തന്നു; അങ്ങനെ ഇരു ട്ടിൽനിന്നും ഞാൻ പുറത്തു കടന്നു.

ഈ ഗ്രന്ഥത്തിന്റെ മൂന്നാംഭാഗം നിങ്ങളുടെ ജീവിതത്തിൽ വെളിച്ചമായി ത്തീരട്ടെയെന്നും, ദൈവത്തിന്റെ അത്ഭുതകരമായ രാജ്യത്തിലേക്ക് നിങ്ങളെ നയിക്കാനത് പ്രാപ്തമാകട്ടെയെന്നും ഞാൻ പ്രാർത്ഥിക്കുന്നു.

# 16

# “എന്റെ ഭൂതകാലവും വർത്തമാനകാലവുമാണ് എന്റെ ഭാവി തീരുമാനിക്കുന്നത്”

## വിജനതാ മനോഭാവം - 1

**വെളിപ്പാട് ഇല്ലാത്തേടത്തു ജനം മര്യാദവിട്ടു നടക്കുന്നു; ന്യായപ്രമാണം കാത്തു കൊള്ളുന്നവനോ ഭാഗ്യവാൻ.**

**സുഭാഷിതം 29: 18**

ഇസ്രയേൽജനതയ്ക്ക് തങ്ങളുടെ ജീവിതത്തെക്കുറിച്ച് ക്രിയാത്മകമായ പ്രവചനം - ദർശനം - ഇല്ലായിരുന്നു - അവർക്ക് സ്വപ്നങ്ങളില്ലായിരുന്നു. തങ്ങൾ എവിടെനിന്നാണു വന്നതെന്ന് അവർക്കറിയാമായിരുന്നെങ്കിലും, എങ്ങോട്ടാണു പോകുന്നതെന്ന് അറിയില്ലായിരുന്നു. തങ്ങൾ കണ്ടിട്ടുള്ളതിനേയും കാണാൻ കഴിയുന്നതിനേയും മാത്രമാശ്രയിച്ചായിരുന്നു അവരുടെ പ്രവൃത്തികൾ മുഴുവനും. ‘വിശ്വാസത്തിന്റെ കണ്ണി’ലൂടെ കാണുന്നതെങ്ങനെയെന്നതിനെക്കുറിച്ച് അവർക്കറിയില്ലായിരുന്നു.

## മോചനം നൽകുന്നതിനായി വാഴ്ത്തപ്പട്ടവൻ

**കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ദുഃഖിതർക്ക് രോഗശാന്തിയും ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവുമേകാനാണ് അവനെന്നെ അയച്ചിരിക്കുന്നത്.**

**കർത്താവിന് സ്വീകാര്യമായ വർഷം പ്രഖ്യാപിക്കാൻ എന്നെ അയച്ചിരിക്കുന്നു.**

**ലൂക്കോസ് 4: 18, 19**

പീഡനത്തിന്റെ പശ്ചാത്തലമാണ് എന്റേത്, എന്റെ വീട്ടിലെ സാഹചര്യം തീരെ മോശമായിരുന്നു. ഭയവും ഉപദ്രവങ്ങളും നിറഞ്ഞതായിരുന്നു എന്റെ ബാല്യകാലം. പണ്ഡിതൻമാർ പറയുന്നത്, ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണം സംഭവിക്കുന്നത് അയാളുടെ ജീവിതത്തിലെ ആദ്യത്തെ അഞ്ചു വർഷങ്ങളിലെന്നാണ്. എങ്കിൽ എന്റെ വ്യക്തിത്വം രൂപീകരിക്കപ്പെട്ടത് പീഡനത്തിന്റെ ബാല്യത്തിലായിരുന്നു. ആളുകളെന്നെ ഉപദ്രവിക്കാതിരിക്കുന്നതിനുവേണ്ടി, സ്വയം കെട്ടിപ്പൊക്കിയ മതിലുകൾക്കു പിന്നിൽ കാപട്യത്തിലാണ് ഞാൻ ജീവിച്ചിരുന്നത്. മറ്റുള്ളവർ എന്റെയരുകിലെത്താൻ ഞാൻ അനുവദിച്ചില്ല, ഒപ്പം ഞാനെന്നെ അടച്ചുപൂട്ടുകയും ചെയ്തിരുന്നു. എല്ലാം നിയന്ത്രിക്കുന്നയാളാകാനായിരുന്നു എനിക്കിഷ്ടം, കാരണം ഞാൻ നിയന്ത്രണത്തിലായിരിക്കുമ്പോൾ മറ്റുള്ളവർക്കെന്നെ ഉപദ്രവിക്കാൻ കഴിയാത്തവിധം സുരക്ഷിതയാണ് ഞാനെന്ന തോന്നൽ എനിക്കുണ്ടായിരുന്നു.

ക്രിസ്തുവിനുവേണ്ടി ജീവിക്കാനും ക്രിസ്തീയ ജീവിതശൈലി പിന്തുടാനുമാഗ്രഹിക്കുന്ന ഒരു ചെറുപ്പക്കാരിയെന്നനിലയിൽ, എവിടെനിന്നാണ് ഞാൻ വന്നതെന്നെനിക്കറിയാം, എന്നാൽ എങ്ങോട്ടാണ് പോകുന്നതെന്ന് എനിക്കറിയില്ലായിരുന്നു. വേദനാകരമായ ഭൂതകാലം എന്റെ ഭാവിയെയും ബാധിക്കുമെന്ന് ഞാനെപ്പോഴും ഭയപ്പെട്ടിരുന്നു. 'എന്റേതുപോലെയുള്ള ഭൂതകാലമുള്ള ഒരാൾക്ക് എങ്ങനെ ശരിയായി ജീവിക്കാൻ കഴിയും? അസാധ്യമാണത്! എന്നാണ് ഞാനെല്ലായ്പ്പോഴും ആലോചിച്ചുകൊണ്ടിരുന്നത്. എന്നാൽ രോഗികളെയും ദുഃഖിതരേയും മുറിവേറ്റവരേയും ദുരന്തങ്ങൾക്കിരയായവരേയും സുഖപ്പെടുത്താനാണ് താൻ വന്നതെന്ന് യേശു എന്നോടു പറഞ്ഞു.

തടവറയുടെ വാതിലുകൾ തുറന്ന്, ബന്ധിതർക്ക് മോചനമേകാനാണ് യേശു വന്നത്. എനിക്കു സ്വാതന്ത്ര്യം ലഭിക്കുമെന്ന് വിശ്വസിക്കാനാരംഭിക്കുന്നതുവരെ എനിക്ക് യാതൊരു പുരോഗതിയും നേടാൻ കഴിഞ്ഞില്ല. എന്റെ ജീവിതത്തെക്കുറിച്ച് ഞാൻ ക്രിയാത്മകമായി ചിന്തിക്കേണ്ടിയിരുന്നു; എന്റെ ഭാവികാലം എങ്ങനെയായിരിക്കണമെന്നു തീരുമാനിക്കുന്നത് എന്റെ ഭൂതകാലമോ വർത്തമാനകാലം പോലുമോ അല്ലെന്ന് ഞാൻ വിശ്വസിക്കേണ്ടിയിരുന്നു.

നിങ്ങളുടെ ഭൂതക്കാലം ദുരിതങ്ങൾ നിറഞ്ഞതായിരിക്കാം, ഒരു പക്ഷേ നിങ്ങളുടെ വർത്തമാനകാലവും നിഷേധാത്മകവും നിരാശാജനകവുമായിരിക്കാം. നിങ്ങൾക്ക് പ്രതീക്ഷിക്കാൻ യാതൊരു കാരണവുമില്ലെന്ന് തോന്നിക്കുന്നവിധത്തിൽ അസുഖകരമായ സാഹചര്യങ്ങളിലായിരിക്കാം നിങ്ങൾ ജീവിക്കുന്നത്. എന്നാൽ ഞാൻ നിങ്ങളോട് ധീരമായി പറയുന്നു, '*നിങ്ങളുടെ ഭാവികാലം എങ്ങനെയുള്ളതായിരിക്കണമെന്നു തീരുമാനിക്കുന്നത് ഭൂതകാലമോ വർത്തമാനകാലമോ അല്ല!*

പുതിയൊരു മനോഭാവം വളർത്തിയെടുക്കുക. എന്തും സാധ്യമാണ് ദൈവം കൂടെയുണ്ടെങ്കിൽ എന്ന് വിശ്വസിക്കുക (ലൂക്ക 18: 27;) മനുഷ്യരുടെ സഹായത്താൽ ചില കാര്യങ്ങൾ സാധ്യമാണ്, എന്നാൽ ഒന്നുമില്ലായ്മയിൽനിന്ന് സകലതും സൃഷ്ടിച്ച ദൈവത്തെയാണ് നാം സേവിക്കുന്നത് (എബ്രാ. 11: 3) നിങ്ങളുടെ ഒന്നുമില്ലായ്മ ദൈവത്തിനു നൽകുക, അതിനുശേഷം അവനെങ്ങനെ പ്രവർത്തിക്കുന്നുവെന്നു നിരീക്ഷിച്ചുകൊള്ളുക. അവനിലുള്ള വിശ്വാസം മാത്രമാണ് അവനാവശ്യമുള്ളത്. നിങ്ങൾ വിശ്വസിക്കുകമാത്രം ചെയ്യുക, ബാക്കി ദൈവം ചെയ്തുകൊള്ളും.

## കാണാനുള്ള കണ്ണുകൾ, കേൾക്കാനുള്ള കാതുകൾ

**എന്നാൽ യിശ്ശായിയുടെ കുറ്റിയിൽനിന്നു ഒരു മുള പൊട്ടി പുറപ്പെടും; അവന്റെ വേരുകളിൽനിന്നുള്ള ഒരു കൊമ്പു ഫലം കായിക്കും. അവന്റെമേൽ യഹോവയുടെ ആത്മാവു ആവസിക്കും; ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവു, ആലോചനയുടെയും ബലത്തിന്റെയും ആത്മാവു, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവു തന്നെ. അവന്റെ പ്രമോദം കണ്ണുകൊണ്ടു കാണുന്നതുപോലെ ന്യാപാലനം ചെയ്കയില്ല; ചെവികൊണ്ടു കകേൾക്കുന്നതു പോലെ വിധികക്കയുമില്ല.**

**യെശയ്യാ 11: 1 – 3**

നമ്മുടെ കണ്ണുകളാൽ കാണുന്നതുകൊണ്ടുമാത്രം നാമൊന്നിനേയും വിധിക്കരുത്. നമുക്ക് 'കാണാനുള്ള' ആത്മീയനയനങ്ങളും 'കേൾക്കാനുള്ള' ആത്മീയമായ കാതുകളുമുണ്ടാകണം. ആത്മാവു പറയുന്നതാണ് നാം കേൾക്കേണ്ടത്, ലോകം പറയുന്നതല്ല. നിങ്ങളുടെ ഭാവിയെക്കുറിച്ച് മറ്റാരുമല്ല, ദൈവം നിങ്ങളോടു സംസാരിക്കട്ടെ.

കാര്യങ്ങൾ വേണ്ടവിധത്തിലായിരുന്നില്ല എന്നതിനെക്കുറിച്ച് ഇസ്രയേൽ ജനത എപ്പോളും സംസാരിച്ചുകൊണ്ടിരുന്നു. മോശയുടെ കൈകളാൽ അവരെ ഈജിപ്തിൽനിന്നും പുറത്തുകൊണ്ടുവന്ന ദൈവം മോശയിലൂടെ അവരോട് എല്ലായ്പ്പോഴും വാഗ്ദത്തഭൂമിയെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരുന്നത്. നിങ്ങൾ എവിടെനിന്നാണ് വന്നതെന്നും എങ്ങോട്ടാണ് പോകുന്നതെന്നും അവർ നോക്കിക്കാണമെന്നും ദൈവമാഗ്രഹിച്ചു. എന്നാൽ ഇസ്രയേൽ ജനതയുടെ തെറ്റായ മനോഭാവം വിശദമാക്കുന്ന ഏതാനും ചില വാക്യങ്ങൾ നമുക്ക് പരിശോധിക്കാം.

## എന്താണു പ്രശ്നം?

**യിസ്രായേൽമക്കൾ എല്ലാവരും മോശെക്കും അഹരോന്നും വിരോധമായി പിറുപിറുത്തു; സഭ ഒക്കെയും അവരോടു; മിസ്രയീംദേശത്തുവെച്ചു ഞങ്ങൾ മരിച്ചുപോയിരുന്നു എങ്കിൽ കൊള്ളായിരുന്നു. അല്ലെങ്കിൽ ഈ മരുഭൂമിയിൽവെച്ചു ഞങ്ങൾ മരിച്ചുപോയിരുന്നു എങ്കിൽ കൊള്ളായിരുന്നു.**

**വാളാൽ വീഴേണ്ടതിനു യഹോവ ഞങ്ങളെ ആ ദേശത്തിലേക്കു കൊണ്ടുപോകുന്നതു എന്തിന്നു? ഞങ്ങളുടെ ഭാര്യമാരും മക്കളും കൊള്ളയായ്പ്പോകയോ ഞങ്ങൾക്കു നല്ലതു? എന്നു പറഞ്ഞു.**

**സംഖ്യ 14:2 –3**

ആ ഭാഗം ശ്രദ്ധയോടെ വായിച്ചു നോക്കുക. പരാതി പറയുകയും വളരെയെഴുപ്പം ശ്രമമുപേക്ഷിക്കാൻ തയ്യാറാവുകയും വാഗ്ദത്തഭൂമി ലക്ഷ്യമാക്കി മരുഭൂമിയിലൂടെ മുന്നേറുന്നതിനു പകരം അടിമത്തത്തിലേക്ക് തിരിച്ചു പോകുന്നതിനെക്കുറിച്ചാലോചിക്കുകയും ചെയ്ത ഇസ്രയേൽ ജനത എത്രമാത്രം നിഷേധാത്മക മനോഭാവമുള്ളവരായിരുന്നുവെന്ന് നമുക്കിതിൽനിന്നും മനസ്സിലാക്കാം.

*യഥാർത്ഥത്തിൽ അവർക്കൊരു പ്രശ്നമുണ്ടായിരുന്നില്ല, അവരായിരുന്നു യഥാർത്ഥ പ്രശ്നം!*

## ദുഷിച്ച ചിന്തകൾ ദുഷിച്ച മനോഭാവത്തിനു കാരണമാകുന്നു

**ജനത്തിന് കുടിപ്പാൻ വെള്ളം ഉണ്ടായിരുന്നില്ല, അപ്പോഴവർ മോശയ്ക്കും അഹറോനും വിരോധമായി കൂട്ടം കൂടി.**

**ജനം മോശയോടു കലഹിച്ചു. ഞങ്ങളുടെ സഹോദരന്മാർ യഹോവയുടെ സന്നിധിയിൽ മരിച്ചുവീണപ്പോൾ ഞങ്ങളും മരിച്ചുപോയിരുന്നെങ്കിൽ കൊള്ളാമായിരുന്നു.**

**(സംഖ്യ. 20: 2–4)**

ഞങ്ങളും ഞങ്ങളുടെ കന്നുകാലികളും ഇവിടെക്കിടന്നു ചാകാൻവേണ്ടി കർത്താവിന്റെ ജനതയെ എന്തിനാണു നിങ്ങൾ ഈ മരുഭൂമിയലേക്ക് കൊണ്ടു വന്നത്? സംഖ്യ 20: 2-4

ഇസ്രയേൽ ജനത ദൈവത്തെ വിശ്വസിച്ചെരുന്നില്ലെന്ന് അവരുടെ തന്നെ വാക്കുകളിൽ നിന്നും വ്യക്തമാണ്. നിഷേധാത്മകമായ പരാജയമനോഭാവമായിരുന്നു അവരുടേത്. പുറപ്പെടുന്നതിനു മുൻപു തന്നെ തങ്ങളുടെ പരാജയത്തെക്കുറിച്ചാണ് അവരാലോചിച്ചിരുന്നത്. സാഹചര്യങ്ങൾ പരിപൂർണ്ണമായിരുന്നില്ലെന്ന കാരണത്താൽ തെറ്റായ വഴിയിലൂടെ സഞ്ചരിക്കുന്ന മനസ്സിന്റെ ചിന്താഗതിയാണ് അവർ പ്രകടിപ്പിച്ചിരുന്നത്.

ദുഷിച്ച ചിന്തകളുടെ ഫലമാണ് ദുഷിച്ച മനോഭാവമെന്ന് ഓർമ്മിക്കുക.

## നന്ദിയില്ലായ്മയുടെ മനോഭാവം

**പിന്നെ അവർ ഏദോം ദേശത്തെ ചുറ്റിപ്പോകുവാൻ ഹോർ പർവ്വതത്തിങ്കൽനിന്നു ചെങ്കടൽവഴിയായി യാത്ര പുറപ്പെട്ടു; വഴിനിമിത്തം ജനത്തിന്റെ മനസ്സു ക്ഷീണിച്ചു. ജനം ദൈവത്തിന്നും മോശെക്കും വിരോധമായി സംസാരിച്ചു; മരുഭൂമിയിൽ മരിക്കേണ്ടതിന്നു നിങ്ങൾ ഞങ്ങളെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്നതു എന്തിന്നു? ഇവിടെ അപ്പവുമില്ല, വെള്ളവുമില്ല; ഈ സാരമില്ലാത്ത ആഹാരം ഞങ്ങൾക്കു വെറുപ്പാകുന്നു എന്നു പറഞ്ഞു.**

**സംഖ്യ 21: 4,5.**

മുൻപ് ഉദ്ധരിക്കപ്പെട്ട വാക്യങ്ങളിൽ പ്രകടമായിരുന്ന തെറ്റായ ചിന്താഗതികളോടൊപ്പം, ഇസ്രയേൽ ജനതയുടെയുള്ളിലെ കഠിനമായ നന്ദിയില്ലായ്മകൂടി ഇവിടെ വെളിപ്പെടുന്നുണ്ട്. തങ്ങളെവിടെനിന്നാണു വന്നതെന്നും എങ്ങോട്ടാണു പോകുന്നതെന്നും അവർ വിസ്മരിക്കാൻ പാടില്ലായിരുന്നു.

അവർക്ക് തങ്ങളുടെ പൂർവ്വികനായ അബ്രഹാമിനെക്കുറിച്ച് ആലോചിക്കാമായിരുന്നു. നിരാശാകരമായ ഒട്ടേറെ അനുഭവങ്ങളുണ്ടായിട്ടും അവയൊന്നും തന്റെ ഭാവിയെ ദോഷകരമായി ബാധിക്കാൻ അദ്ദേഹമനുവദിച്ചിരുന്നില്ലെന്ന് അവർക്ക് മനസ്സിലാകുമായിരുന്നു.

## പ്രശ്നങ്ങളില്ലാത്ത ജീവിതമില്ല

**അബ്രഹാമിന്റേയും ലോത്തിന്റേയും കന്നുകാലിപ്പറ്റങ്ങളെ മേയ്ക്കുന്നവർ തമ്മിൽ കലഹമുണ്ടായി. അക്കാലത്ത് കാനാൻകാരും ഫെലിസ്ത്യരും ആ നാട്ടിലാണു താമസിച്ചിരുന്നത് (അതിനാൽ കാലികൾക്കു തീറ്റ ലഭിക്കാൻ വളരെ വിഷമമായിരുന്നു.)**

**അപ്പോൾ അബ്രാം ലോത്തിനോടു പറഞ്ഞു: നാം തമ്മിലോ ഇടയന്മാർ തമ്മിലോ കലഹമുണ്ടാകരുതെന്ന് ഞാനപേക്ഷിക്കുകയാണ് എന്തെന്നാൽ നാം ബന്ധുക്കളാണ്.**

**ഇതാ എത്രവലിയൊരു ഭൂപ്രദേശമാണ് നിന്റെ മുൻപിലുള്ളത്! ദയവായി എന്റെയടുത്തുനിന്നും വേർപിരിഞ്ഞു പോവുക. ഇടതുഭാഗത്തുള്ള പ്രദേശമാണ് നിനക്കു വേണ്ടതെങ്കിൽ ഞാൻ വലതുഭാഗത്തേയ്ക്ക് പൊയ്ക്കൊള്ളും, വലതുഭാഗത്തുള്ള ദേശമാണ് നിനക്കുവേണ്ടതെങ്കിൽ ഞാൻ ഇടതുഭാഗത്തേയ്ക്കു പൊയ്ക്കൊള്ളാം.**

**ജോർദ്ദാൻ നദീസമതലം മുഴുവൻ ജലപുഷ്ടിയുള്ള ദേശമാണെന്ന് ലോത്ത് കണ്ടെത്തി. കർത്താവ് സോദോമും ഗോമോറായും നശിപ്പിക്കുന്നതിനു മുൻപുള്ള അവസ്ഥയിലെന്നതുപോലെ, അതു കർത്താവിന്റെ ഉദ്യാനം പോലെയും സോവാറിനു നേരെയുള്ള ഈജിപിതിലെ ഭൂപ്രദേശം പോലെയുമായിരുന്നു അവിടം.**

**അപ്പോൾ ലോത്ത് ജോർദ്ദാൻ നദീസമതലം തെരഞ്ഞെടുത്തുകൊണ്ട് കിഴക്കോട്ടു യാത്ര തിരിച്ചു. അങ്ങനെയവർ വേർ പിരിഞ്ഞു.**

**ഉല്പത്തി 13: 7 – 11**

കലഹങ്ങൾക്കിടയിൽ ജീവിക്കുന്നതിന്റെ അപകടത്തെക്കുറിച്ച് അബ്രഹാമിനറിയാമായിരുന്നു; അതിനാലാണ് തങ്ങൾ വേർപിരിയുന്നതാണ് നല്ലതെന്നു അദ്ദേഹം ലോത്തിനോടു പറഞ്ഞു. തങ്ങളുടെ സ്നേഹം നിലനിർത്തുന്നതിനും, ഭാവിയിൽ തങ്ങൾക്കിടിയിൽ കലാപമുണ്ടാവില്ലെന്നുറപ്പുവരുത്തുന്നതിനും വേണ്ടിയാണ് തന്റെ അനന്തിരവനെ അയാൾക്കിഷ്ടമുള്ള ഭൂമി തിരഞ്ഞെടുക്കാനബ്രഹാമനുവദിച്ചത്. ഏറ്റവും നല്ലതു തന്നെ ലോത്ത് തിരഞ്ഞെടുത്തു, ജോർദ്ദാൻ സമതലം തന്നെ; അവർ വേർപിരിയുകയും ചെയ്തു.

അബ്രഹാം അനുഗ്രഹിക്കുന്നതുവരെ ലോത്തിനു യാതൊന്നുമുണ്ടായിരുന്നില്ലെന്ന് ഓർമ്മിക്കുക. അബ്രാഹാമിന് സ്വീകരിക്കാമായിരുന്ന മനോഭാവത്തെക്കുറിച്ച് ആലോചിച്ചുനോക്കുക എന്നാൽ അദ്ദേഹമങ്ങനെയല്ല ചെയ്തത്! താൻ ശരിയായ രീതിയിൽ പ്രവർത്തിച്ചാൽ ദൈവം തന്നെ സംരക്ഷിച്ചുകൊള്ളുമെന്ന് അബ്രഹാമിനറിയാമായിരുന്നു.

## നിങ്ങളുടെ കണ്ണുകളുയർത്തി മുൻപോട്ടു നോക്കുക

**ലോത്തിൽനിന്നും വേർപിരിഞ്ഞതിനുശേഷം കർത്താവ് അബ്രഹാമിനോടിങ്ങനെ പറഞ്ഞു: നീ കണ്ണുകളുയർത്തി കിഴക്കോട്ടും പടിഞ്ഞാറോട്ടും വടക്കോട്ടും തെക്കോട്ടും നോക്കുക.**

**നീ കാണുന്ന പ്രദേശങ്ങൾ മുഴുവൻ എന്നെന്നേയ്ക്കുമായി നിനക്കും നിൻരെ സന്തതി പരമ്പരകൾക്കുമായി ഞാൻ നൽകും**

**ഉല്പത്തി 13: 14,15**

തന്റെ അനന്തിരവനിൽനിന്നും വേർപിരിഞ്ഞതിനുശേഷം അത്രമേൽ സന്തോഷകരമായ സാഹചര്യങ്ങളായിരുന്നില്ല അബ്രാഹാമിനുണ്ടായിരുന്നത്; എന്നാൽ കണ്ണുകളുയർത്തി നോക്കാനാണ് – താൻ നിൽക്കുന്ന സ്ഥലം മുതൽ എവിടെ വരെയാണോ തനിക്കാവശ്യമുള്ളത് അവിടം വരെ ദൈവം അബ്രഹാമിനോട് കല്പിച്ചത്.

അബ്രഹാമിന് തന്റെ സാഹചര്യത്തെ കുറിച്ച് നല്ലകാഴ്ചപ്പാടാണുണ്ടായിരുന്നത്, അതിനാൽ അദ്ദേഹത്തിന് ലഭിക്കേണ്ടിയിരുന്ന ദൈവാനുഗ്രഹങ്ങളെ തട്ടിമാറ്റാൻ ചെകുത്താനു കഴിഞ്ഞില്ല. ലോത്തുമായി വേർപിരിയുന്നതിനു മുൻപ് അദ്ദേഹത്തിനുണ്ടായിരുന്നതിലുമധികം സമ്പത്തുക്കളാണ് ദൈവം അബ്രഹാ

മിനു നൽകിയത്; അങ്ങനെ എല്ലാ രീതിയിലും അദ്ദേഹത്തെ അനുഗ്രഹിക്കു കയും ചെയ്തു.

ഭാവിയിലെ സാധ്യതകളെക്കുറിച്ച് തികച്ചും ക്രിയാത്മകമായ കാഴ്ചപ്പാട് വളർത്തുകയും, ഇല്ലായ്മയിൽനിന്ന് ഉണ്ടാകുന്നു (റോമർ 4: 17) ദൈവത്തിൽ വിശ്വാസമർപ്പിക്കുകയും ചെയ്യണമെന്നാണ് എനിക്കു നിങ്ങളോടു പറയാനു ള്ളത്. ഭൂതകാലത്തിൽ നിങ്ങൾ അനുഭവിച്ചതിനോ വർത്തമാനത്തിൽ അനുഭ വിച്ചുകൊണ്ടിരിക്കുന്നതിനോ അനുസൃതമായല്ല, മറിച്ച് ദൈവം നിങ്ങളുടെ ഹൃദ യത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള വിശ്വാസത്തിനനുസൃതമായി നിങ്ങളുടെ ഭാവിയെ ക്കുറിച്ച് ക്രിയാത്മകമായി ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുക.

# 17

# “എനിക്കുവേണ്ടി അതു മറ്റാരെങ്കിലും ചെയ്യട്ടെ; ഉത്തരവാദിത്വമേറ്റെടുക്കാൻ ഞാനാഗ്രഹിക്കുന്നില്ല”

## വിജനതാ മനോഭാവം - 2

**തേരഹ് തന്റെ മകനായ അബ്രഹാമിനെയും ഹാരാന്റെ മകനായ തന്റെ പൌത്രൻ ലോത്തിനെയും തന്റെ മകനായ അബ്രഹാമിന്റെ ഭാര്യയായി മരുമകളായ സാറായിയെയും കൂട്ടി കൽദയരുടെ പട്ടണമായ ഊരിൽനിന്നു കനാൻദേശത്തേക്കു പോകുവാൻ പുറപ്പെട്ടു; അവർ ഹാരാൻവരെ വന്നു അവിടെ പാർത്തു.**

**ഉൽപത്തി 11: 31**

ദൈവത്തിന്റെ ശക്തിയോടുള്ള നമ്മുടെ പ്രതികരണമായി ഉത്തരവാദിത്വത്തെ നിർവ്വചിക്കാം. ഉത്തരവാദിത്വമേറ്റെടുക്കുക എന്നതിന്റെയർത്ഥം ദൈവം നമുക്കു മുൻപിൽ നിരത്തിവയ്ക്കുന്ന അവസരങ്ങളോട് പ്രതികരിക്കുക എന്നു തന്നെയാണ്.

തന്റെ കഴിവിനോടു പ്രതികരിക്കാനുള്ള അവസരം, അഥവാ ഒരു ചുമതല ദൈവം അബ്രാമിന്റെ പിതാവിനു നൽകി. കാനാൻ ദേശത്തേയ്ക്കു പോകാനുള്ള അവസരമാണ് ദൈവം നൽകിയത്, എന്നാൽ കർത്താവിനോടൊപ്പം കാനാനിലേക്കു പോകുന്നതിനു പകരം തേരഹ്, ഹാരാനിൽ താമസമുറപ്പിക്കുകയാണു ചെയ്തത്.

ആദ്യമായി ദൈവം നമ്മോട് സംസാരിക്കുകയും എന്തെങ്കിലും ചെയ്യാനുള്ള അവസരം നമുക്കു നൽകുകയും ചെയ്യുമ്പോൾ നാം എളുപ്പം ആവേശഭരിതരായിത്തീരുന്നു. എന്നാൽ തേരഹിനെപ്പോലെ തന്നെ, മിക്കപ്പോഴും ആരംഭിക്കുന്ന ജോലികൾ നാം പൂർത്തിയാക്കാറില്ല, കാരണം ജോലി ചെയ്തു തുടങ്ങുമ്പോഴാണ് ആവേശത്തിനും ഉത്സാഹത്തിനുമപ്പുറം കൂടുതൽ ഗൗരവമുള്ള പലതും അതിലുണ്ടെന്നു നാമറിയുന്നത്.

പുതിയ ജോലികൾ പലതും നമുക്ക് രസകരമായിത്തോന്നുന്നു, കാരണം അവ പുതിയവയാണെന്നുള്ളതു തന്നെ. രസകരമായിത്തോന്നുകയും ആവേശമനുഭവപ്പെടുകയും ചെയ്യുമ്പോൾ, കുറച്ചു സമയം ഒരാളാ ജോലിയിലേർപ്പെട്ടേക്കാം; എന്നാൽ അവസാനംവരെ അയാളിൽ ഉറച്ചു നിൽക്കണമെന്നില്ല.

തേരഹ് ചെയ്തതായി ബൈബിൾ പറയുന്നതു തന്നെയാണ് മിക്ക വിശ്വാസികളും ചെയ്യുന്നത്. അവർ ഒരിടത്തുനിന്നാരംഭിക്കുകയും വഴിയിലെവിടെയെങ്കിലും അവസാനിപ്പിക്കുകയും ചെയ്യുന്നു. അവർക്ക് ക്ഷീണവും മടുപ്പുമനുഭവപ്പെടുന്നു; തങ്ങളുടെ ജോലി പൂർത്തിയാക്കാനവർക്കു താല്പര്യമുണ്ട്. എന്നാലതിലടങ്ങിയിരിക്കുന്ന ചുമതലയേറ്റെടുക്കാനവർ മടിക്കുന്നു. അവർക്കു വേണ്ടി മറ്റാരെങ്കിലുമതു ചെയ്യുമെങ്കിൽ, അവർ സന്തോഷപൂർവ്വം അതിന്റെ സത്ഫലങ്ങളനുഭവിക്കാൻ തയ്യാറാകുന്നു, എന്നാൽ സ്വയം ആ ജോലി ചെയ്യാൻ അവർ തയ്യാറാകുന്നില്ല.

# വ്യക്തിപരമായ ഉത്തരവാദിത്വങ്ങൾ മറ്റൊരാളെ ഏല്പിക്കാൻ പാടില്ല

**പിറ്റെന്നാൽ മോശെ: നിങ്ങൾ ഒരു മഹാപാപം ചെയ്തിരിക്കുന്നു; ഇപ്പോൾ ഞാൻ യഹോവയുടെ അടുക്കൽ കയറിച്ചെല്ലും;**

**പക്ഷേ നിങ്ങളുടെ പാപത്തിനുവേണ്ടി പ്രായശ്ചിത്തം വരുത്തുവാൻ എനിക്കു ഇടയാകും എന്നു പറഞ്ഞു. അങ്ങനെ മോശെ യഹോവയുടെ അടുക്കൽ മടങ്ങി ച്ചെന്നു പറഞ്ഞതു എന്തെന്നാൽ:**

**അയ്യോ? ഈ ജനം മഹാപാതകം ചെയ്തു പൊന്നുകൊണ്ടു തങ്ങൾക്കു ഒരു ദൈവത്തെ ഉണ്ടാക്കിയിരിക്കുന്നു. എങ്കിലും നീ അവരുടെ പാപം ക്ഷമിക്കേണമേ; അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽനിന്നു എന്റെ പേർ മായിച്ചുകളയേ ണമേ.**

**പുറപ്പാട് 32: 30 – 32**

ഞാൻ നടത്തിയ വായനയിലും പഠനത്തിലും നിന്ന് എനിക്ക് മനസ്സിലായത്, ഇസ്രയേൽ ജനത യാതൊരുത്തരവാദിത്വവുമേറ്റെടുക്കാൻ തയ്യാറുള്ളവരായിരുന്നില്ലെന്നാണ്. മോശയാണ് അവർക്കുവേണ്ടി പ്രാർത്ഥിച്ചത്. അവർക്കുവേണ്ടി ദൈവത്തോടപേക്ഷിച്ചതും, അവർ കുഴപ്പത്തിൽപ്പെട്ടപ്പോൾ അവർക്കുവേണ്ടി പശ്ചാത്തപിച്ചതും അദ്ദേഹം തന്നെ (പുറ. 32 : 1– 14)

ഒരു ശിശുവിന് യാതൊരു ചുമതലകളുമില്ല, എന്നാൽ കുഞ്ഞ് വളരുന്നതിനനുസരിച്ച് അവൻ കൂടുതൽ കൂടുതൽ ചുമതലകളേറ്റെടുക്കാൻ ബാധ്യസ്ഥനായിത്തീരുന്നു. തങ്ങളുടെ കുട്ടികളെ ചുമതലകളേറ്റെടുക്കാൻ ശീലിപ്പിക്കുകയെന്നത് മാതാപിതാക്കളുടെ കടമയാണ്. തന്റെ സന്താനങ്ങളേയും ഇതു തന്നെ പഠിപ്പിക്കാനാണ് ദൈവമാഗ്രഹിക്കുന്നത്.

മുഴുവൻ സമയവും വചനശുശ്രൂഷയിലേർപ്പെടാനുള്ള അവസരമാണ് ദൈവം എനിക്കു നൽകിയത് - റേഡിയോയിലും ടെലിവിഷനിലുമൊക്കെ അവന്റെ വചനത്തെക്കുറിച്ചു പഠിപ്പിക്കുകയും, അമേരിക്കയിലും ഇതരരാജ്യങ്ങളിലും സുവിശേഷ പ്രഘോഷണം നടത്തുകയും ചെയ്യുകയെന്നുള്ളത് കർത്താവെനിക്കു നൽകിയ ജോലി. എന്നാൽ ഇതൊരവസരം മാത്രമല്ല, ഒരു ഉത്തരവാദിത്വംകൂടി ഇതിലടങ്ങിയിട്ടുണ്ടെന്ന് അധികം പേർക്കുമറിയില്ല. തങ്ങൾക്ക് ദൈവശുശ്രൂഷയിലേർപ്പെടണമെന്ന് പലരുമാഗ്രഹിക്കുന്നതിനുള്ള കാരണം, ഇതൊരു ആത്മീയപ്രവർത്തനം മാത്രമാണെന്ന അവരുടെ ധാരണയാണ്.

പലപ്പോഴും ഞങ്ങളുടെ സംഘടനയിൽ തങ്ങൾക്ക് ജോലി നൽകണമെന്ന അപേക്ഷയുമായി പലരും ഞങ്ങലെ സമീപിക്കാറുണ്ട്, സുവിശേഷ പ്രചരണ ജോലിയിലേർപ്പെടുന്നത് മഹത്തായ കാര്യമായാണ് അവർ കരുതുന്നത്. എന്നാൽ മറ്റേതൊരു സ്ഥലമെന്നതുപോലെ, ഞങ്ങളുടെ സംഘടനയിലും ജോലി ചെയ്യേണ്ടതുണ്ടെന്ന് പിന്നീടവർ മനസ്സിലാക്കുന്നു. രാവിലെ എഴുന്നേൽക്കുകയും കൃത്യസമയത്ത് ജോലിയ്ക്കെത്തുകയും അധികാരികളെ അനുസരിക്കുകയും ദിനചര്യയിൽ കൃത്യനിഷ്ഠ പാലിക്കുകയും മറ്റും ചെയ്യണമെന്ന്

അപ്പോഴാണവർ തിരിച്ചറിയുന്നത്. ഞങ്ങൾക്കുവേണ്ടി ജോലി ചെയ്യാൻ താല്പര്യമുണ്ടെന്ന് എന്നോടു പറയുന്നവരോട്, ദിവസം മുഴുവൻ 'ഹല്ലേലുയ്യ' പാടിക്കൊണ്ട് മേഘത്തിൽ ഒഴുകി നടക്കുകയല്ല, ഞങ്ങൾ ചെയ്യുന്നതെന്ന് ഞാൻ മറുപടി പറയും; ഞങ്ങൾ കഠിനമായി ജോലി ചെയ്യുന്നവരാണ്. ഞങ്ങൾ ആത്മാർത്ഥതയോടെ ജോലി ചെയ്യുകയും ചെയ്യുന്ന ജോലിയിൽ മികവു കാട്ടുകയും ചെയ്യുന്നു.

ദൈവികശുശ്രൂഷയെന്ന ജോലിയിലേർപ്പെടുന്നത് തീർച്ചയായും നല്ലൊരവസരമാണ്, എന്നാൽ ആദ്യത്തെ ആവേശവും ഉത്സാഹവും കെട്ടടങ്ങിക്കഴിയുമ്പോൾ, തികഞ്ഞ ചുമതലാബോധത്തോടെ കഠിനാധ്വാനം ചെയ്യണമെന്നാണ് ഓരോ ആളിൽനിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നതെന്ന് ഞാനവരെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുന്നു.

## ഉറുമ്പിനെക്കണ്ടു പഠിക്കുക!

**മടിയാ, ഉറുമ്പിന്റെ അടുക്കൽ ചെല്ലുക; അതിന്റെ വഴികളെ നോക്കി ബുദ്ധി പഠിക്ക;**

**അതിന്നു നായകനും മേൽവിചാരകനും അധിപതിയും ഇല്ലാതിരുന്നിട്ടും വേനൽക്കാലത്തു തന്റെ ആഹാരം ഒരുക്കുന്നു.**

**കൊയ്ത്തുകാലത്തു തന്റെ തീൻ ശേഖരിക്കുന്നു. മടിയാ നീ എത്രനേരം കിടന്നുറങ്ങും? എപ്പോൾ ഉറക്കത്തിൽനിന്നെഴുന്നേല്ക്കും?**

**കുറേക്കൂടെ ഉറക്കം; കുറേക്കൂടെ നിദ്ര; കുറേക്കൂടെ കൈകെട്ടിക്കിടക്ക. അങ്ങനെ നിന്റെ ദാരിദ്ര്യം വഴിപോക്കനെപ്പോലെയും നിന്റെ ബുദ്ധിമുട്ടു ആയുധപാണിയെപ്പോലെയും വരും**

**സദൃശ്യവാക്യം. 6: 6–11**

ഇസ്രായേൽ ജനതയുടെ അലസമായ ഈ മനോഭാവമാണ്, പതിനൊന്നു ദിവസത്തെ യാത്ര പൂർത്തിയാക്കുന്നതിന് അവർക്ക് നാൽപതുവർഷം വേണ്ടിവന്നതിന്റെ കാരണം.

ഉറുമ്പിനെ ശ്രദ്ധിക്കാൻ നമ്മോടു നിർദ്ദേശിക്കുന്ന ഈ ഭാഗം വായിക്കാനെനിക്കിഷ്ടമാണ്; ഉറുമ്പു മേലാളരും കാര്യസ്ഥരുമില്ലാതെ, തനിക്കും തന്റെ കുടുംബത്തിനുംവേണ്ടി അദ്ധ്വാനിക്കുന്നത് ഇവിടെ വ്യക്തമാക്കിയിരിക്കുന്നു.

എല്ലായ്പ്പോഴും മറ്റാരുടെയെങ്കിലും പ്രേരണകൊണ്ടു മാത്രം ജോലി ചെയ്യുന്നവർ ഒരിക്കലും വലിയ കാര്യങ്ങളൊന്നും ചെയ്യുന്നില്ല. മറ്റാരുടെയെങ്കിലും മേൽനോട്ടത്തിൽമാത്രം ശരിയായ പ്രവൃത്തിയിലേർപ്പെടുന്നവർക്ക് ഏറെ ദൂരം മുന്നോട്ടു പോകാനാവില്ല. ഉള്ളിൽ നിന്നുമാണ് നമുക്കു പ്രചോദനം ലഭിക്കേണ്ടത്, പുറമേ നിന്നല്ല. നാം ചെയ്യുന്നതെല്ലാം ദൈവം കാണുന്നുണ്ടെന്നും, അവൻ നമ്മോട് ആവശ്യപ്പെടുന്നതത്രയും നാം ചെയ്യുമ്പോൾ നമുക്കുള്ള പ്രതിഫലം അവനിൽനിന്നും ലഭിക്കുമെന്നുമുള്ള വിശ്വാസത്തോടെ അവന്റെ മുൻപിലാണ് നാം നമ്മുടെ ജീവിതം ജീവിക്കേണ്ടത്.

# അനേകം പേർ വിളിക്കപ്പെടുന്നു, കുറച്ചുപേർ മാത്രം തിരഞ്ഞെടുക്കപ്പെടുന്നു

**എന്തെന്നാൽ അനേകം പേർ വിളിക്കപ്പെടുന്നുവെങ്കിലും കുറച്ചുപേർ മാത്രമാണ് തിരഞ്ഞെടുക്കപ്പെടുന്നത്.**

**മത്തായി 20: 16**

അനേകംപേർക്ക് ദൈവത്തിനു വേണ്ടി പ്രവർത്തിക്കാനുള്ള അവസരം ലഭിക്കുന്നുണ്ടെങ്കിലും, വളരെക്കുറച്ചുപേർ മാത്രമാണ് ദൈവവിളി ഏറ്റെടുക്കാനുള്ള ഉത്തരവാദിത്വം കാട്ടുന്നതെന്ന് ഒരു ബൈബിൾ അദ്ധ്യാപകൻ പഠിപ്പിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്.

മുൻപൊരദ്ധ്യായത്തിൽ സൂചിപ്പിച്ചതുപോലെ, അനേകമാളുകൾക്ക് ആഗ്രഹമെന്ന എല്ലുണ്ടെങ്കിലും നട്ടെല്ലില്ല. 'വിജനതാ മനോഭാവ'മുള്ളവർ എല്ലാ ചെയ്യാനാഗ്രഹിക്കുന്നവരാണ്. എന്നാലവരൊന്നും ചെയ്യുന്നില്ല.

## എഴുന്നേൽക്കുക, പോവുക!

**യഹോവയുടെ ദാസനായ മോശെയുടെ മരണശേഷം യഹോവ തന്റെ മകനായി മോശെയുടെ ശുശ്രൂഷകനായ യോശുവയോടു അരുളിച്ചെയ്തതു; എന്റെ ദാസനായ മോശെ മരിച്ചു. ആകയാൽ നീയും ഈ ജനമൊക്കെയും പുറപ്പെട്ടു യോർദ്ദാന്നക്കരെ ഞാൻ യിസ്രായേൽമക്കൾക്കു കൊടുക്കുന്ന ദേശത്തേക്കു കടന്നു പോകുവിൻ. നിങ്ങളുടെ ഉള്ളങ്കാൽ ചവിട്ടുന്ന സ്ഥലമൊക്കെയും ഞാൻ മോശെയോടു കല്പിച്ചതുപോലെ നിങ്ങൾക്കു തന്നിരിക്കുന്നു.**

**യോശുവ 1: 1–3**

മോശ മരിച്ചുവെന്നും അതിനാൽ അദ്ദേഹത്തിന്റെ സ്ഥാമേറ്റെടുത്ത്, തന്റെ ആടുകളേയും കൂട്ടി ജോർദ്ദാൻ നദി കടന്ന് വാഗ്ദത്ത ഭൂമിയിലേക്ക് പോകണമെന്ന് ദൈവം യോശുവായോടാവശ്യപ്പെട്ടപ്പോൾ, ഒരു വലിയ ചുമതലയാണ് അയാൾക്കു നൽകപ്പെട്ടത്.

നമ്മുടെ ആത്മീയാവകാശം നേടാനായി മുന്നോട്ടുപോകേണ്ടിവരുമ്പോഴും ഇതു തന്നെയാണ് സംഭവിക്കുന്നത്. നമ്മുടെ ഉത്തരവാദിത്വങ്ങൾ ഗൗരവത്തോടെ ഏറ്റെടുക്കാൻ നാം തയ്യാറാകുന്നില്ലെങ്കിൽ എനിക്കും നിങ്ങൾക്കും ദൈവികശുശ്രൂഷയിലേർപ്പെടാൻ കഴിയില്ല.

## നോക്കൂ, ഇതാണ് അനുയോജ്യമായ സമയം

**കാറ്റുവിചാരിക്കുന്നവൻ (സാഹചര്യങ്ങളനുകൂലമാകാൻ നോക്കിയിരിക്കുന്നവൻ) വിതയ്ക്കുകയോ, മേഘങ്ങളെ നോക്കിയിരിക്കുന്നവൻ കൊയ്യുകയുമില്ല.**

**സഭാ.പ്രസം. 11: 4**

1993 ൽ ഞാനും ഡേവും ടെലിവിഷൻ പരിപാടി തുടരണമെന്ന് ദൈവമാഗ്രഹിച്ച സമയത്ത് അവൻ ഞങ്ങളോടിങ്ങനെ പറഞ്ഞു, 'ടെലിവിഷൻ പരിപാടി നടത്താൻ ഞാൻ നിങ്ങൾക്കൊരവസരം നൽകുകയാണ്; എന്നാൽ നിങ്ങളാ

അവസരം സ്വീകരിക്കുന്നില്ലെങ്കിൽ ഇനിയൊരിക്കലും നിങ്ങൾക്കതു കിട്ടുകയില്ല. ഞങ്ങൾക്കു ലഭിച്ച അവസരം ഇനിയൊരിക്കൽകൂടി ലഭിക്കുന്നതല്ലെന്ന് ദൈവം ഞങ്ങളെ അറിയിച്ചില്ലായിരുന്നെങ്കിൽ ഒരു പക്ഷേ ഞങ്ങളപ്പോഴത് സ്വീകരിക്കുമായിരുന്നില്ല.സൗകര്യപ്രദമായ ഒരന്തരീക്ഷമാണ് ഞങ്ങൾക്കന്നുണ്ടായിരുന്നത്; അതു ഞങ്ങളുപേക്ഷിക്കേണ്ടി വരുന്നത് ശരിയാണോയെന്നു ഞങ്ങളാദ്യം സംശയിച്ചു.

ഒൻപതു വർഷങ്ങളായി ഞങ്ങൾ ‘ലൈഫ് ഇൻ ദ വേർഡ്’ പ്രസ്ഥാനം രൂപീകരിക്കുന്നതിന്റെ തിരക്കിലായിരുന്നു. ഇപ്പോഴിതാ, കൂടുതലാളുകളിലേയ്ക്ക് ഞങ്ങളുടെസന്ദേശമെത്തിക്കാൻ ദൈവം ഞങ്ങൾക്കൊരവസരം നൽകിയിരിക്കുന്നു, തികഞ്ഞ സന്തോഷത്തോടെ ഈ ജോലി ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. എന്നാൽ ഈ അവസരം ഉപയോഗിക്കുന്നതിനായി സൗകര്യപ്രദമായ ഞങ്ങളുടെ ജീവിത ശൈലിയുപേക്ഷിക്കേണ്ടിവരുമെന്നു തീർച്ചയാണ്.

കർത്താവ് തന്റെ ജനങ്ങളോട് ഏതെങ്കിലുമൊരു ജോലി ചെയ്യാനാവശ്യപ്പെടുമ്പോൾ, ‘സൗകര്യപ്രദമായ കാലം’ വന്നു ചേരുന്നതുവരെ കാത്തിരിക്കാനുള്ള പ്രലോഭനം അവർക്കുണ്ടാകാറുണ്ട് (അപ്പോസ്തലപ്രവൃത്തി. 24: 25). നമുക്ക് യാതൊരു നഷ്ടവും സംഭവിക്കാത്ത സമയം വരെ, അല്ലെങ്കിൽ ബുദ്ധിമുട്ടുകളില്ലാത്ത സമയം വരെ ഉത്തരവാദിത്വമേറ്റെടുക്കാതിരിക്കുകയെന്നതാണ് പൊതുവേയുള്ള രീതി.

ഉത്തരവാദിത്വങ്ങളെ ഭയപ്പെടാത്ത ഒരാളായിത്തീരാനാണ് ഞാൻ നിങ്ങളെ പ്രേരിപ്പിക്കുന്നത്. ചെറുത്തു നിൽപ്പിനെ നേരിടേണ്ടിവരുമ്പോൾ നിങ്ങൾ കൂടുതൽ ശക്തരായിത്തീരുന്നു. എളുപ്പമുള്ള ജോലികൾ മാത്രം ചെയ്യുമ്പോൾ നിങ്ങൾ ദുർബ്ബലരായിത്തീരുന്നു.

ഞാനും നിങ്ങളും ഉത്തരവാദിത്വമുള്ളവരായിരിക്കമെന്നും, എല്ലാ കാര്യങ്ങളിലും ശ്രദ്ധാലുക്കായിരിക്കണമെന്നുമാണ് ദൈവം പ്രതീക്ഷിക്കുന്നത്. അവൻ നമുക്കു നൽകുന്ന കഴിവുകളുപയോഗിച്ച് നല്ല ഫലങ്ങൾ നാം സൃഷ്ടിക്കണമെന്ന് അവൻ പ്രതീക്ഷിക്കുന്നു. നമുക്ക് ദൈവത്തിൽനിന്നും ലഭിച്ചിട്ടുള്ള വരങ്ങളും കഴിവുകളും ഉപയോഗിക്കപ്പെടുന്നില്ലെങ്കിൽ, അവൻ നമ്മെ ഏൽപിച്ചിട്ടുള്ള ഉത്തരവാദിത്വം നാമേറ്റെടുക്കുന്നില്ലെന്നാണർത്ഥം.

## തയ്യാറായിരിക്കുക!

**ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ.**

**മത്തായി 25: 13**

യജമാനന്റെ വരവിനുവേണ്ടി കാത്തിരിക്കുന്ന വേളയിൽ എന്താണു ചെയ്യേണ്ടതെന്നു നമ്മെ പഠിപ്പിക്കുകയാണ് മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിൽ.

ആദ്യത്തെ പന്ത്രണ്ടു വാക്യങ്ങളിൽ പത്തു കന്യകമാരെപ്പറ്റിയാണ് നാം വായിക്കുന്നത്., അവരിലഞ്ചുപേർ വിഡ്ഢികളും അഞ്ചുപേർ വിവേകശാലികളുമായിരുന്നു. നാഥൻ തിരിച്ചെത്തുമ്പോൾ അവനെ സ്വീകരിക്കാൻ തങ്ങൾ

പൂർണ്ണമായും ഒരുങ്ങിക്കഴിഞ്ഞുവെന്ന് ഉറപ്പുവരുത്താനായി അവർ യാതൊന്നും ചെയ്തില്ല. എന്തൊക്കെയോ ചെയ്തെന്ന് വരുത്തിക്കൂട്ടുക മാത്രമാണ് അവർ ചെയ്തത്; തങ്ങളുടെ വിളക്കുകൾ കൊളുത്താൻ തയ്യാറായില്ല. എന്നാൽ വിവേകശാലികളായ കന്യകമാരാകട്ടെ, തങ്ങളുടെ മണവാളനെ സ്വീകരിക്കാനായി, ചെയ്യേണ്ടതിലുമധികം ഒരുക്കങ്ങൽ നടത്തി തയ്യാറായി കാത്തിരുന്നു. ദീർഘനേരം കാത്തിരിക്കാൻ ആവശ്യമായ എണ്ണയാണ് അവർ കരുതിയിരുന്നത്.

ഒടുവിൽ മണവാളൻ വന്നെത്തിയപ്പോഴേയ്ക്കും, വിഡ്ഢികളായ കന്യകമാരുടെ വിളക്കുകളണിഞ്ഞിരുന്നു, ബുദ്ധിശാലികളായ കന്യകമാരോട് തങ്ങൾക്ക് എണ്ണതരണമെന്നവരാവശ്യപ്പെട്ടു. സാധാരണയായി സംഭവിക്കുന്ന കാര്യമാണിത്. കടിനാദ്ധ്വാനികളായ ആളുകൾ, തങ്ങൾ  ചെയ്യേണ്ട ജോലികൾക്കൂടി ഏറ്റെടുക്കണമെന്ന്  അലസന്മാരാഗ്രഹിക്കുന്നു.

## നിങ്ങൾക്ക് നൽകപ്പെട്ടത് ഉപയോഗിക്കുക.

**അതിന്നു യജമാനൻ ഉത്തരം പറഞ്ഞതു: ദുഷ്ടനും മടിയനും ആയ ദാസനേ, ഞാൻ വിതക്കാത്തേടത്തു നിന്നു കൊയ്യുകയും വിതറാത്തേടത്തുനിന്നു ചേർക്കുകയും ചെയ്യുന്നവൻ എന്നു നീ അറിഞ്ഞുവല്ലോ.**

**മത്തായി 25: 26**

മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിൽ തങ്ങളുടെ യജമാനനിൽനിന്നും താലന്തുകൾ ലഭിച്ച മൂന്നു ഭൃത്യന്മാരെക്കുറിച്ചുള്ള കഥ യേശു പറയുന്നത് നാം കാണുന്നു. ഭൃത്യന്മാരെ പണമേൽപ്പിച്ചതിനുശേഷം യജമാനൻ ദൂരദേശത്തേയ്ക്ക് യാത്ര പുറപ്പെട്ടു; തന്റെ സമ്പത്തുകൾ ഭൃത്യന്മാർ സംരക്ഷിച്ചുകൊള്ളുമെന്ന  വിശ്വാസത്തോടെ.

അഞ്ചു താലന്തുകൾ കിട്ടിയ ഭൃത്യൻ അവയെ വേണ്ടരീതിയിലാണ് വിനിയോഗിച്ചത്; മറ്റൊരു അഞ്ചു താലന്തുകൂടി അയാൾ സമ്പാദിച്ചു. രണ്ടു താലന്തു കിട്ടിയ ആളും ഇതു തന്നെയാണ് ചെയ്തത്. എന്നാൽ ഒരു താലന്തു ലഭിച്ചവനാകട്ടെ, ഭയപ്പെട്ട് അതു മണ്ണിൽ കുഴിച്ചിടുകയാണു ചെയ്തത്. എന്തെങ്കിലും ചെയ്യാനയാൾക്കു ധൈര്യമുണ്ടായിരുന്നില്ല. ഉത്തരവാദിത്വങ്ങളേറ്റെടുക്കാൻ അയാൾക്കു പേടിയായിരുന്നു. യജമാനൻ മടങ്ങിയെത്തിയപ്പോൾ ആദ്യത്തെ രണ്ടു ഭൃത്യന്മാരേയും, അവർക്ക് നൽകപ്പെട്ട പണം ശരിയായ രീതിയിലുപയോഗിച്ചതിന്റെ പേരിൽ അഭിനന്ദിച്ചു. എന്നാൽ തനിക്കു ലഭിച്ച താലന്ത് ഉപയോഗിക്കുന്നതിനു പകരം മണ്ണിൽ കുഴിച്ചിട്ട ഭൃത്യനെ അയാൾ ശകാരിച്ചു, ദുഷ്ടനും മടിയനും അലസനുമായ ഭൃത്യാ എന്നാണ് യജമാനനയാളെ വിളിച്ചത്. അയാളിൽനിന്നും താലന്ത് പിടിച്ചെടുത്ത് പത്തു താലന്തുകൾ കൈവശമുള്ള ഭൃത്യനു കൊടുക്കാനും അയാളുടെ അലസതയ്ക്ക് കഠിനശിക്ഷ നൽകാനും യജമാനൻ തീരുമാനിച്ചു.

ദൈവം നിങ്ങൾക്കു നൽകിയ കഴിവ് നിങ്ങൾക്ക് സാധ്യമായ രീതിയിലുപയോഗിക്കുന്നതിലൂടെ, അവൻ തിരിച്ചെടുത്തപ്പോൾ നിങ്ങൾക്ക് നൽകപ്പെട്ടതു മാത്രമല്ല, അതിലധികവും നൽകാൻ പ്രാപ്തരാകണമെന്ന് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

*നാം സദ്ഫലങ്ങൾ പുറപ്പെടുവിക്കമമെന്നത് ദൈവഹിതമാണെന്ന് ബൈബിൾ വ്യക്തമായി പറയുന്നുണ്ട്.* (യോഹ 15: 16)

## ആശങ്കകളുപേക്ഷിക്കുക, ഉത്തരവാദിത്വങ്ങളല്ല

**അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ.**

**അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റമേൽ ഇട്ടുകൊൾവിൻ. നിർമ്മദരായിരിപ്പിൻ.**

**1 പത്രോസ് 5: 6,7**

ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഭയപ്പെടാതിരിക്കുക. നിങ്ങളുടെ ഉത്തരവാദിത്വങ്ങളല്ല, മറിച്ച് ആശങ്കകൾ മാത്രമുപേക്ഷിക്കാൻ, ശീലിക്കുക. യാതൊന്നിനെയും കുറിച്ച് ഉൽകണ്ഠപ്പെടാതിരിക്കാൻ പലരും ശീലിക്കുന്നുണ്ട്; അവർ തങ്ങളുടെ ആശങ്കകളുപേക്ഷിക്കുന്നതിൽ വൈദഗ്ദ്ധ്യം നേടുന്നു; എന്നാൽ തങ്ങളുടെ ഉത്തരവാദിത്വങ്ങൾക്കൂടി ഉപേക്ഷിച്ചുകൊണ്ട് അവർ കൂടുതൽ സ്വസ്ഥരായിത്തീരുന്നു.

നിങ്ങളുടെ മുൻപിലുള്ള ജോലിയിൽ മനസ്സുറപ്പിക്കുക, വെല്ലുവിളികളുയർത്തുന്ന യാതൊന്നിൽനിന്നും ഒളിച്ചോടാൻ ശ്രമിക്കാതിരിക്കുക.

നിങ്ങൾ ചോദിക്കുന്നതെന്തും ദൈവം നിങ്ങൾക്കു നൽകുകയാണെങ്കിൽ ഈ അനുഗ്രഹത്തോടൊപ്പം നിങ്ങളേറ്റെടുക്കേണ്ട ഉത്തരവാദിത്വവും നിങ്ങളിൽ വന്നു ചേരുന്നുണ്ടെന്നു മനസ്സിലാക്കുക. നിങ്ങൾക്ക് ഒരു വീടോ കാറോ ഉണ്ടെങ്കിൽ നിങ്ങളത് നോക്കി സംരക്ഷിക്കണമെന്നു ദൈവം പ്രതീക്ഷിക്കുന്നു. അലസന്മാരായ പിശാചുക്കൾ നിങ്ങളുടെ മനസ്സിനേയും വികാരങ്ങളേയും ആക്രമിച്ചേക്കാം എന്നാൽ നിങ്ങൾക്ക് ക്രിസ്തുവിന്റെ മനസ്സാണുള്ളത്. നിങ്ങൾക്ക് ചെകുത്താന്റെ വഞ്ചന മനസ്സിലാക്കാനും നിങ്ങളുടെ വികാരങ്ങളെ പിന്തള്ളിക്കൊണ്ട്, ശരിയെന്നു തോന്നുന്നത് ചെയ്യാനും കഴിയും. എന്തെങ്കിലും ലഭിക്കാൻ വേണ്ടി അപേക്ഷിക്കുകയെന്നത് എളുപ്പമാണ്.......എന്നാൽ അതിനോട് ഉത്തരവാദിത്വം പുലർത്തുമ്പോഴാണ് നമ്മുടെ സ്വഭാവശുദ്ധീകരണം നടക്കുന്നത്.

ഒരു കാലത്ത്, പ്രകൃതിസുന്ദരമായ ഒരു സ്ഥലത്ത് തടാകക്കരയിലുള്ള ഒരു വീടു വിലയ്ക്കു വാങ്ങാൻ ഞാനെന്റെ ഭർത്താവിനെ നിർബന്ധിച്ചുകൊണ്ടിരുന്നു. വിശ്രമിക്കാനും പ്രാർത്ഥിക്കാനും പഠിക്കാനുമൊക്കെ വേണ്ടത്ര സൗകര്യമുള്ള ഒരു സ്ഥലമായിരുന്നു അത്. എല്ലാത്തിൽ നിന്നുമകന്നു മാറി സ്വസ്ഥമായിരിക്കാനുള്ള ഒരിടം. ഞങ്ങളുടെ കുട്ടികളും പേരക്കുട്ടികളുമൊക്കെ അവിടെ താമസിക്കാനിഷ്ടപ്പെടുമെന്നും ഞങ്ങൾക്ക് മീറ്റിംഗുകളും പ്രാർത്ഥനയും മറ്റും അവിടെവെച്ച് ഭംഗിയായി നടത്താൻ കഴിയുമെന്നും ഞാനദ്ദേഹത്തോട് പറയുമായിരുന്നു.

ആകപ്പാടെ നല്ലൊരു കാര്യമാണതെന്നാണ് എനിക്കു തോന്നിയിരുന്നത്; വൈകാരികമായി എനിക്കതിൽ വളരെ താല്പര്യമുണ്ടായിരുന്നു. എന്നാൽ അതുമൂലം വന്നുചേരാവുന്ന പുതിയബാധ്യതകളെക്കുറിച്ചും കഷ്ടപ്പാടുകളെ

ക്കുറിച്ചുമാണ് ഡേവിനു പറയാനുണ്ടായിരുന്നത്. ഇപ്പോൾത്തന്നെ ഞങ്ങൾ വഴരെ തിരക്കിലായതിനാൽ മറ്റൊരു വീടിന്റെ ഉത്തരവാദിത്വമേറ്റെടുക്കാൻ കഴിയില്ലെന്നായിരുന്നു ഡേവിന്റെ അഭിപ്രായം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക, അതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയേറ്റെടുക്കുക തുടങ്ങിയ കാര്യങ്ങൾ വളരെ വിഷമകരമായിരിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു. ഡേവിന്റെ അഭിപ്രായത്തിൽ പുതിയൊരു വീട് വിലയ്ക്കുവാങ്ങുന്നതിലും നല്ലത് വാടകയ്ക്കെടുക്കുന്നതാണ്.

ഞാൻ വൈകാരികാംശത്തിന് പ്രാധാന്യം നൽകിയപ്പോൾ, പ്രായോഗികവശത്തിനാണ് ഡേവ് മുൻതൂക്കം കൊടുത്തത്. ഏതൊരു തീരുമാനമെടുക്കുമ്പോഴും ഈ രണ്ടു വശങ്ങളും നാം കണക്കിലെടുക്കേണ്ടതാണ് - നമുക്ക് എത്രമാത്രം ഇഷ്ടപ്പെടുന്നവെന്നതു മാത്രമല്ല, അതുമൂലം വന്നുചേരാവുന്ന ചുമതലകളെക്കുറിച്ചുകൂടി നാം ചിന്തിക്കണം. ആവശ്യത്തിലധികം ഒഴിവുസമയമുള്ളവരെ സംബന്ധിച്ചിടത്തോളം, തടാകക്കരയിലെ വീട് തികച്ചും അനുയോജിതമാണ്, എന്നാൽ ഞങ്ങളെപ്പോലെ തിരക്കേറിയ ജീവിതം നയിക്കുന്നവർക്ക് അതു യോജിച്ചതല്ല. എനിക്കുമറിയാവുന്ന കാര്യമാണത്; എന്നാൽ ഒരു വർഷക്കാലത്തോളം ആ വീടു വാങ്ങാൻ ഞാൻ ഡേവിനെ നിർബന്ധിച്ചുകൊണ്ടിരുന്നു.

ഡേവ് തന്റെ തീരുമാനത്തിലുറച്ചുനിന്നതിൽ ഇപ്പോഴെനിക്ക് സന്തോഷം തോന്നുന്നു. ഡേവ് ഉറച്ച തീരുമാനമെടുത്തിരുന്നില്ലെങ്കിൽ ഞങ്ങളാ വീട് വാങ്ങുമായിരുന്നു; എന്നാൽ അത് സംരക്ഷിക്കാൻ സമയം കിട്ടാതെ ബുദ്ധിമുട്ടുകയും, ഒടുവിലത് വിൽക്കേണ്ടി വരികയും ചെയ്യുമായിരുന്നു. പിന്നീട് ഞങ്ങളുടെ സുഹൃത്തുക്കൾ തടാകക്കരയിലൊരു വീടുവാങ്ങുകയും, ഞങ്ങളുടേയും അവരുടേയും പരിപാടികൾക്ക് മുടക്കം വരാതെ അതുപയോഗിക്കാൻ ഞങ്ങൾക്കവസരം നൽകുകയും ചെയ്തു.

നിങ്ങൾ വിവേകപൂർവ്വമാണ് പെരുമാറുന്നതെങ്കിൽ ദൈവം നിങ്ങളുടെ ആവശ്യങ്ങൾ സാധിച്ചുതരും. ക്രിസ്തുവിന്റെ മനസ്സിൽ പ്രവർത്തിക്കുന്ന ഏതൊരാളും വികാരങ്ങളിലായിരിക്കില്ല, മറിച്ച് വിവേകത്തിലായിരിക്കും സഞ്ചരിക്കുന്നത്.

*ഉത്തരവാദിത്വമേറ്റെടുക്കുക!*

# 18

# ''എല്ലാ എളുപ്പമാക്കുക, വിഷമകരമായതൊന്നും ഏറ്റെടുക്കാനെനിക്കുവയ്യ''

## വിജനതാ മനോഭാവം -3

**ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന ഈ കൽപ്പന നിനക്കു പ്രയാസമുള്ള തലല്, ദൂരമായുള്ളതുമല്ല.**

**ആവർത്തനം 30:11**

നാമിതുവരെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന മാനസികാവസ്ഥയുമായി സാദൃശ്യമുള്ളതാണ് ഇത്തരത്തിലുള്ള ചിന്തയും; ദൈവജനത്തെ ബാധിക്കുന്ന പ്രശ്നമെന്ന നിലയിൽ ഇതു ചർച്ചചെയ്യാൻവേണ്ടി ഒരദ്ധ്യായം നീക്കി വയ്ക്കുന്നത് ന്യായമാണെന്നു ഞാൻ കരുതുന്നു.

പ്രാർത്ഥനാ സമ്മേളനങ്ങളിൽ പങ്കെടുക്കുന്ന ആളുകളുടെയിടയിൽ പലപ്പോഴും കേൾക്കാറുള്ള ഒരു മറുപടിയാണിത്. ഉപദേശം തേടിയും പ്രാർത്ഥിക്കണമെന്നാവശ്യപ്പെട്ടും എന്നെ സമീപിക്കുന്ന ആളുകളോട് ദൈവവചനമെന്തു പറയുന്നുവെന്ന്, അഥവാ പരിശുദ്ധാത്മാവിന്റെ ഹിതമെന്തെന്ന് ഞാനറിയിക്കുമ്പോൾ അവരിൽ പലരുടേയും മറുപടി ഇതായിരിക്കും, 'അതു ശരിയാണെന്നെനിക്കറിയാം; ദൈവമെനിക്കു കാട്ടിത്തന്നതും അതേ കാര്യമാണ്. എന്നാൽ, ജോയ്സ്, ഇത് വളരെ വിഷമം പിടിച്ച കാര്യമാണ്.'

ഈയൊരു മനോഭാവം ആളുകളുടെയുള്ളിൽ കുത്തിവയ്ക്കുന്നതിലൂടെ തങ്ങളുടെ ഉത്തരവാദിത്വത്തിൽനിന്നും പിന്മാറാൻ അവരെ പ്രേരിപ്പിക്കുകയാണ് ശത്രു ചെയ്തുകൊണ്ടിരിക്കുന്നത്. ഏതാനും വർഷങ്ങൾക്കു മുൻപ് ദൈവമെനിക്കു ഈ സത്യം വെളിപ്പെടുത്തിത്തന്നത്; ഏതെങ്കിലുമൊരു ജോലി ചെയ്യുന്നത് വിഷമകരമാണെന്നു പറയുന്നതിനു പകരം ഞാനതു ചെയ്യാനാരംഭിക്കുമ്പോൾ അതെത്ര എളുപ്പമായിത്തീരുമെന്ന് അവനെനിക്കുറപ്പു നൽകി.

ഏതെങ്കിലുമൊരു ജോലി ചെയ്യാൻ ഉറച്ചതീരുമാനമെടുക്കുകയും അത് ഏറ്റെടുക്കുകയും ചെയ്യുമ്പോഴും, 'അതെത്രവിഷമമാ'ണെന്ന് ആലോചിച്ചും പറഞ്ഞും നാമൊരുപാടു സമയം പാഴാക്കാറുണ്ട്; നിഷേധാത്മകമായ മനോഭാവത്തിനു പകരം ക്രിയാത്മകമായ മനോഭാവമാണ് നാം പുലർത്തുന്നതെങ്കിൽ തീർച്ചയായും ആ ജോലി നമുക്ക് കൂടുതൽ എളുപ്പത്തിൽ ചെയ്തു തീർക്കാനാകും.

എങ്ങനെയാണ് ഞാൻ ജീവിക്കുകയും പെരുമാറുകയും ചെയ്യേണ്ടതെന്ന് ദൈവവചനത്തിൽനിന്നും മനസ്സിലാക്കുകയും, യഥാർത്ഥത്തിൽ ഞാനെന്താണു ചെയ്തുകൊണ്ടിരിക്കുന്നത് എന്നതുമായി താരതമ്യം നടത്തുകയും ചെയ്തപ്പോൾ ഞാൻ ദൈവത്തോട് എല്ലായ്പ്പോഴുമിങ്ങനെ പറഞ്ഞുകൊണ്ടിരുന്നു: 'ദൈവമേ, അങ്ങയുടെ വഴിയിൽ, അങ്ങയുടെ ഹിതത്തിനനുസൃതമായ രീതിയിൽ എല്ലാ കാര്യങ്ങളും ചെയ്യാനാണ് ഞാനാഗ്രഹിക്കുന്നത്, എന്നാൽ അതു വളരെ വിഷമകരമാണ്. അപ്പോൾ കർത്താവെന്നെ ആവർത്തനം 30-ാം അദ്ധ്യായം പതിനൊന്നാം വാക്യത്തിലേക്ക് നയിച്ചു - തന്റെ കൽപനകളൊന്നും നമ്മുടെ കഴിവനനതീതമോ നമുക്ക് അപ്രാപ്യമോ അല്ലെന്ന് അവൻ അവിടെ വ്യക്തമായി പറയുന്നുണ്ട്.

കർത്താവിന്റെ കല്പനകൾ നിറവേറ്റാൻ വിഷമമുള്ളവയല്ല എന്നതിനു കാരണം നമ്മുടെയുള്ളിൽ ശക്തമായി പ്രവർത്തിക്കുന്നതിനും, അവന്റെ കല്പനകൾ പാലിക്കാൻ നമ്മെ സഹായിക്കുന്നതിനുമായി അവൻ നമുക്ക് തന്റെ ആത്മാവിനെ നൽകുന്നുണ്ടെന്നതാണ്.

## സഹായി

**എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ (ഉപദേഷ്ടാവ്, മദ്ധ്യസ്ഥൻ, നമുക്കുവേണ്ടി വാദിക്കുന്നയാൾ, കരുത്തേകുന്നയാൾ, നമ്മോടുകൂടെ നിൽക്കുന്നയാൾ) എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും.0**

**യോഹ. 14:16**

ദൈവകാരുണ്യത്തെ ആശ്രയിക്കാതെ നാമൊറ്റയ്ക്ക് സ്വതന്ത്രമായി ചെയ്യാൻ ശ്രമിക്കുമ്പോഴാണ് കാര്യങ്ങൾ ബുദ്ധിമുട്ടുള്ളവയായിത്തീരുന്നത്. ജീവിതത്തിൽ എല്ലാ കാര്യങ്ങളും എളുപ്പമുള്ളതായിത്തീർന്നാൽ നമുക്ക് പരിശുദ്ധാത്മാവിന്റെ സഹായം ആവശ്യമില്ലെന്നു വരും. പരിശുദ്ധാത്മാവിനെ 'സഹായി' എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്. നമ്മെ സഹായിക്കുന്നതിനും, നമുക്കുചെയ്യാൻ കഴിയാത്ത കാര്യങ്ങൾ നിറവേറ്റാൻ നമുക്കു കരുത്തേകുന്നതിനുമായി - അവന്റെ സഹായമില്ലാതെ നമുക്കു ചെയ്യാനാവാത്ത കാര്യങ്ങൾ പൂർത്തീകരിക്കാൻ നമ്മെ സജ്ജരാക്കുന്നതിനായി - പരിശുദ്ധാത്മാവ് എല്ലായ്പ്പോഴും നമ്മുടെയുള്ളിലും നമ്മോടൊപ്പവും വസിക്കുന്നുണ്ട്.

## എളുപ്പമുള്ള മാർഗ്ഗവും വിഷമകരമായ മാർഗ്ഗവും

**ഫറവോൻ ജനത്തെ വിട്ടയച്ചശേഷം ഫെലിസ്ത്യരുടെ ദേശത്തു കൂടിയുള്ള വഴി അടുത്തതു എന്നു വരികിലും ജനം യുദ്ധം കാണുമ്പോൾ പക്ഷേ അനുതപിച്ചു മിസ്രയീമിലേക്കു മടങ്ങിപ്പോകുമെന്നുവെച്ചു ദൈവം അവരെ അതിലെ കൊണ്ടുപോയില്ല.**

**പുറപ്പാട് 13: 17**

ദൈവ ഏതു വഴിയിലൂടെ നിങ്ങളെ നയിക്കുന്നുവോ, അവിടെയൊക്കെ നിങ്ങളെ സംരക്ഷിക്കാൻ അവനു കഴിയുമെന്ന് ഉറച്ചുവിശ്വസിക്കുക. നമുക്ക് താങ്ങാനാവുന്നതിലുമധികം ഭാരം നമ്മുടെ മേൽ വന്നുചേരാൻ അവനൊരിക്കലും അനുവദിക്കുകയില്ല (1 കോരി 10: 13) അവൻ എന്തു കൽപിക്കുന്നുവോ, അതിനുള്ള പ്രതിഫലവും അവൻ നൽകുന്നുണ്ട്. നമുക്കാവശ്യമായ കരുത്തു ലഭിക്കുന്നതിനായി എല്ലായ്പ്പോഴും അവനെ ആശ്രയിക്കാൻ ശീലിച്ചാൽ നമുക്ക് ജീവിതം നിരന്തരമായ പോരാട്ടമായി മാറ്റേണ്ടി വരില്ല.

ദൈവം എന്തെങ്കിലുമൊക്കെ ജോലിചെയ്യാൻ നിങ്ങളോടാവശ്യപ്പെട്ടാൽ, അത് വിഷമകരമാണെന്നതിന്റെ പേരിൽ പിന്മാറരുത്. കാര്യങ്ങൾ കൂടുതൽ വിഷമകരമാകുമ്പോൾ കൂടുതൽ സമയം ദൈവത്തോടൊപ്പം ചെലവഴിക്കുക, അവനെ കൂടുതലായി ആശ്രയിക്കുക, അവനിൽനിന്നും കൂടുതൽ കാരുണ്യം നേടുക (എബ്രാ. 4: 16)

നിങ്ങൾക്ക് തനിയെ ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ നിങ്ങളിലൂടെ നിറവേറ്റപ്പെടുന്നതിനായി, നിങ്ങൾക്ക് യാതൊന്നും ചെലവഴിക്കേണ്ടി വരാതെ തന്നെ ലഭ്യമാകുന്ന ദൈവത്തിന്റെ ശക്തിയാണ് കാരുണ്യം. എനിക്കിതു ചെയ്യാനാവില്ല; ഇതു വളരെ വിഷമമാണ്, എന്ന തരത്തിലുള്ള ചിന്തകളെ അകറ്റി നിർത്തുക.

പലപ്പോഴും എളുപ്പമുള്ള വഴിയിലൂടെ നയിക്കുന്നതിനു പകരം വിഷമകരമായ വഴിയിലൂടെയായിരിക്കും അവൻ നമ്മെ നടത്തുന്നത്, എന്തെന്നാൽ അവൻ നമ്മുടെയുള്ളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും ദൈവിക സഹായം കൂടാതെ നമുക്കൊറ്റയ്ക്ക് ചെയ്യാൻ കഴിയുമെങ്കിൽ നാം എപ്പോഴെങ്കിലും ദൈവത്തെ ആശ്രയിക്കാൻ തയ്യാറാകുമോ?

ഇസ്രയേൽ സന്താനങ്ങളെ കൂടുതൽ ദൈർഘ്യമേറിയതും വിഷമകരവുമായ വഴിയിലൂടെയാണ് ദൈവം നയിച്ചത്, എന്തെന്നാൽ അവർ ഭീരുക്കളായിരുന്നു; മാത്രമല്ല, വാഗ്ദത്തഭൂമിയിൽ അവർക്കു നേരിടേണ്ടിവരുന്ന യുദ്ധങ്ങൾക്കുവേണ്ടി ദൈവത്തിന് അവരെ തയ്യാറാക്കുകയും ചെയ്യേണ്ടിയിരുന്നു.

വാഗ്ദത്തഭൂമിയിൽ പ്രവേശിക്കുക എന്നതിനർത്ഥം പോരാട്ടങ്ങളവസാനിക്കുന്നു എന്നാണ്. അധികമാളുകളും കരുതുന്നത്, എന്നാലിതു ശരിയല്ല. ഇസ്രയേൽ ജനത ജോർദ്ദാൻ നദി കുറുകെക്കടന്ന് വാഗ്ദത്തഭൂമി സ്വായത്തമാക്കുന്നതിനായി മുൻപോട്ടു നീങ്ങിയപ്പോൾ ഒന്നിനു പിറകെ ഒന്നായി നിരവധി പോരാട്ടങ്ങൾ നടത്തേണ്ടി വന്നു, എന്നാണ് നാം വായിച്ചറിയുന്നത്. എന്നാൽ ദൈവത്തിന്റെ ശക്തിയാലും അവന്റെ നിയന്ത്രണത്താലും പോരാടിയ ഈ യുദ്ധങ്ങളിലെത്താം തന്നെ അവർ വിജയിക്കുകയാണുണ്ടായത്.

ദൂരം കുറഞ്ഞതും എളുപ്പമുള്ളതുമായ മറ്റൊരു പാത ഉണ്ടായിരുന്നിട്ടുകൂടി, ദൈർഘ്യമേറിയതും വിഷമകരവുമായ വഴിയിലൂടെയാണ് ദൈവം ഇസ്രയേൽ ജനത്തെ നയിച്ചത്; വാഗ്ദത്തഭൂമി കൈവശപ്പെടുത്തുന്നതിനുവേണ്ടിയുള്ള പോരാട്ടങ്ങൾക്ക് അവർ സജ്ജരായിരുന്നില്ലെന്ന് ദൈവത്തിനറിയാമായിരുന്നു എന്നതാണ് കാരണം. ശത്രുവിനെ കാണുമ്പോൾ  അവർ ഭയപ്പെട്ട് ഈജിപ്തിലേക്ക് മടങ്ങിപ്പോകാൻ പാടില്ല എന്ന നിർബന്ധത്താൽ ദൈവമവരെ കഠിനമായ വഴിയിലൂടെ മുൻപോട്ടു നയിച്ചു  - താനാരാണെന്നും, തന്റെ സഹായമില്ലാതെ അവർക്കൊറ്റയ്ക്ക് ഒന്നും ചെയ്യാനാവില്ലെന്നും അവരെ മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടിയാണ് ദൈവമിങ്ങനെ ചെയ്തത്.

## ദൃഢമായി ഉറച്ചു നിൽക്കുക

**നന്മ ചെയ്കയിൽ നാം മടുത്തുപോകരുതു; തളർന്നു പോകാഞ്ഞാൽ തക്കസമയത്തു നാംകൊയ്യും.**

**ഗലാ. 6: 9**

നിരാശരാവുക, മടുപ്പു തോന്നുക എന്നൊക്കെയുള്ള പ്രയോഗങ്ങൾ സൂചിപ്പിക്കുന്നത്, മാനസികമായി പിന്മാറുക എന്നതിനെയാണ്. ഒരിക്കലും നാം പിന്മാറരുതെന്ന് പരിശുദ്ധാത്മാവ് നമ്മോടു പറയുന്നു, എന്തെന്നാൽ ദൃഢനിശ്ചയത്തോടെ ഉറച്ചുനിന്നാൽ തീർച്ചയായും നമുക്ക് ഫലം കൊയ്യാനാകും.

യേശുവിനെപ്പറ്റി ആലോചിച്ചു നോക്കുക. ജ്ഞാനസ്നാമേറ്റ്, പരിശുദ്ധാത്മാവിനാൽ നിറയ്ക്കപ്പെട്ടതിനുതൊട്ടുപിന്നാലെ, ചെകുത്താന്റെ പരിക്ഷണങ്ങൾക്ക് വിധേയനായിത്തീരുന്നതിനുവേണ്ടി ആത്മാവ് അവനെ വിജനതയിലേക്കു നയി

ച്ചു. യേശു പരാതിപ്പെടുകയോ നിരാശനാവുകയോ ചെയ്തില്ല. അവൻ നിഷേധാത്മകമായി ചിന്തിക്കുകയോ സംസാരിക്കുകയോ ചെയ്തില്ല.! എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചുവെന്നാലോചിച്ച് ചിന്താക്കുഴപ്പത്തിലകപ്പെട്ടതുമില്ല. ഓരോ പരീക്ഷണത്തേയും വിജയകരമായി അതി ജീവിക്കുകയാണ് അവൻ ചെയ്തത്.

തനിക്കു നേരിടേണ്ടി വന്ന പരീക്ഷണങ്ങൾക്കും പ്രലോഭനങ്ങൾക്കുമിടയിൽ നാൽപതുരാപ്പകലുകൾ കർത്താവ് വിജനതയിലൂടെ അലഞ്ഞുനടന്ന്, അതെത്ര വിഷമകരമാണെന്ന് പരാതിപ്പെട്ടുകൊണ്ടിരുന്നില്ല. തന്റെ സ്വർഗ്ഗീയ പിതാവിൽനിന്നും കരുത്താർജ്ജിച്ച് വിജയം നേടുകയാണ് അവൻ ചെയ്തത് (ലൂക്കോസ് 4: 1– 13).

ഓരോ ജോലിയിലും വിഷമംപിടിച്ചതാണെന്നു പരാതിപ്പെട്ടുകൊണ്ട് തന്റെ ശിഷ്യന്മാരോടൊപ്പം യേശു അലഞ്ഞു നടക്കുന്നത് നിങ്ങൾക്കു സങ്കല്പിക്കാനാകുമോ? കുരിശിലേറ്റുന്നത്, എത്ര ബുദ്ധിമുട്ടായിരിക്കുമെന്ന് ചർച്ച ചെയ്യുകയോ, അതിനുശേഷം നേരിടേണ്ടിവരുന്ന അനുഭവങ്ങൾ എത്ര ഭീകരമായിരിക്കുമെന്ന് ഭയപ്പെടുകയോ, സ്വന്തമായി വീടോ കിടന്നുറങ്ങാൻ കിടക്കയോ ഇല്ലാതെ അലഞ്ഞു നടക്കുന്നത് എത്ര സങ്കടകരമാണെന്ന് ചിന്തിക്കുകയോ ചെയ്യുന്നതായി യേശുവിനെക്കുറിച്ച് സങ്കല്പിക്കാനാവുമോ?

സുവിശേഷപ്രഘോഷണം നടത്തിക്കൊണ്ട് ദേശാന്തരങ്ങളിലൂടെ സഞ്ചരിക്കുന്നതിനിടയിൽ നേരിടേണ്ടിവരുന്ന കഷ്ടപ്പാടുകളെക്കുറിച്ച് പരാതിപ്പെടരുതെന്നാണ് ഞാൻ പഠിച്ച പാഠം. അപരിചിതമായ ഹോട്ടലുകളിൽ താമസിക്കുകയും പതിവായി പുറത്തുനിന്നാഹാരം കഴിക്കുകയും, ഓരോ ആഴ്ചയും വ്യത്യസ്ത സ്ഥലങ്ങളിലുറങ്ങേണ്ടിവരികയും മിക്കപ്പോഴും വീട്ടിൽനിന്നകന്നു കഴിയുകയും പുതിയ ആളുകളെ പരിചയപ്പെടുകയും അവരുമായി നല്ല ബന്ധം സ്ഥാപിക്കുകയും ചെയ്യുക എന്നു തുടങ്ങി യാത്രയുമായി ബന്ധപ്പെട്ട ക്ലേശങ്ങളെക്കുറിച്ച് തെല്ലും പരാതിപ്പെടരുതെന്ന് ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു.

നിങ്ങൾക്കുമെനിക്കും ക്രിസ്തുവിന്റെ മനസ്സാണുള്ളത്, അതിനാൽ അവൻ ചെയ്ത രീതിയിൽ കാര്യങ്ങൾ ചെയ്യാൻ നിങ്ങൾക്കുമെനിക്കും കഴിയും; 'വിജയത്തെക്കുറിച്ച് ചിന്തിക്കുന്നതിലൂടെ' – പിന്മാറുന്നതിനെക്കുറിച്ചു ചിന്തിക്കാതിരിക്കുന്നതിലൂടെ'- നമുക്ക് മാനസികമായി തയ്യാറെടുക്കാൻ കഴിയും.

## യാതനയ്ക്കുശേഷം വിജയമുണ്ടാകുന്നു

**ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചതുകൊണ്ടു നിങ്ങളും ആ ഭാവം തന്നേ ആയുധമായി ധരിപ്പിൻ. ജഡത്തിൽ കഷ്ടമനുഭവിച്ചവൻ ജഡത്തിൽ ശേഷിച്ചിരിക്കുന്നകാലം ഇനി മനുഷ്യരുടെ മോഹങ്ങൾക്കല്ല, ദൈവത്തിന്റെ ഇഷ്ടത്തിന്നത്രേ ജീവിക്കേണ്ടതിനു പാപം വിട്ടൊഴിഞ്ഞിരിക്കുന്നു.**

**1 പത്രോസ് 4: 1–2**

വിഷമകരമായ കാര്യങ്ങളും സന്ദർഭങ്ങളും എങ്ങനെയാണ് കൈകാര്യം

ചെയ്യേണ്ടതെന്നുള്ള രഹസ്യമായ അറിവാണ് നമുക്കിവിടെനിന്നു ലഭിക്കുന്നത്. ഈ രണ്ടുവാക്യങ്ങളേയും ഇങ്ങനെ വ്യാഖ്യാനിക്കാനാണ് ഞാനിഷ്ടപ്പെടുന്നത്.

യേശു അനുഭവിച്ച കാര്യങ്ങളെക്കുറിച്ചും അവനു സഹിക്കേണ്ടി വന്ന ശാരീരിക പീഢനങ്ങളെക്കുറിച്ചും ചിന്തിക്കുക, വിഷമഘട്ടങ്ങളെ അതിജീവിക്കാൻ അതു നിങ്ങളെ സഹായിക്കും. യുദ്ധത്തിനായി ആയുധമേന്തിക്കൊള്ളുക; യേശു ചിന്തിച്ചതുപോലെ നിങ്ങളും ചിന്തിച്ചുകൊള്ളുക .......... ‘ദൈവത്തെ സന്തോഷിപ്പിക്കുന്നതിനു പരാജയപ്പെടുന്നതിനു പകരം ഞാൻ ക്ഷമാപൂർവ്വം സഹിക്കും.................... അങ്ങനെ വിജയം നേടാൻ തയ്യാറെടുക്കുക. എനിക്ക് ക്രിസ്തുവിന്റെ മനസ്സുള്ളതിനാൽ അവനെപ്പോലെ ക്ഷമാപൂർവ്വം സഹിക്കുമ്പോൾ ഞാനെന്നെ സന്തോഷിപ്പിക്കുകയല്ല ചെയ്യുന്നത് - വിഷമകരമായതിതിൽനിന്ന് ഒളിച്ചോടുകയും എളുപ്പമുള്ള കാര്യങ്ങളേറ്റെടുക്കുകയുമല്ല ഞാൻ ചെയ്യുന്നത്. മറിച്ച്, ദൈവഹിതത്തിനനുസൃതമായി ജീവിക്കാനനിക്കു കഴിയും, എന്റെ വികാരങ്ങളെയും ശാരീരിക താല്പര്യങ്ങളേയും നിരസിക്കാനും,

ദൈവഹിതം നിറവേറ്റുന്നതിനായി നാമെല്ലാവരും ‘ശാരീരികമായി’ യാതനയനുഭവിക്കാന് തയ്യാറാകണം.

ഞങ്ങളുടെ സുവിശേഷപ്രസ്ഥാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിരന്തരമായി യാത്ര ചെയ്യേണ്ടിവരുന്നത് എന്റെ എന്റെ ശാരീരികസ്ഥിതിക്ക് എല്ലായ്പ്പോഴും അനുയോജ്യമല്ല, എന്നാൽ എനിക്കു നിറവേറ്റാനുള്ള ദൈവഹിതമിതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ശരിയായ ചിന്തയിലൂടെ ആയുമേന്താൻ എനിക്കു കഴിയണമെന്നും ഞാൻ മനസ്സിലാക്കുന്നു; അല്ലാത്തപക്ഷം, യുദ്ധമാരംഭിക്കുന്നതിനു മുൻപു തന്നെ ഞാൻ പരാജയപ്പെട്ടെന്നു വരാം.

പൊരുത്തപ്പെട്ടുപോകാൻ വളരെ വിഷമമുള്ള ഏതെങ്കിലുമൊക്കെ വ്യക്തികൾ നിങ്ങളുടെ ജീവിതത്തിലുണ്ടെന്നു വരാം, എന്നാൽ ആ ബന്ധത്തിൽനിന്നും ഒഴിഞ്ഞുമാറുന്നതിനു പകരം നിങ്ങളതിൽ ഉറച്ചു നിൽക്കണമെന്നാണ് ദൈവമാഗ്രഹിക്കുന്നതെന്നും നിങ്ങൾക്കറിയാം. ആ വ്യക്തിയോടൊപ്പം സമയം ചെലവഴിക്കേണ്ടി വരുമ്പോൾ നിങ്ങൾ ശാരീരികയാതനയനുഭവിക്കേണ്ടിവരുമ്പോൾ നിങ്ങൾ ശാരീരികയാതനയനുഭവിക്കുന്നു, എന്നാൽ ഈ സാഹചര്യത്തെക്കുറിച്ച് ശരിയായ രീതിയിൽ ചിന്തിക്കുന്നതിലൂടെ നിങ്ങൾക്ക് സ്വയം സജ്ജരാക്കാൻ സാധിക്കും.

## ക്രിസ്തുവിന്റെ പൂർണ്ണതയിൽ സ്വയം പര്യാപ്തരാവുക

**താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കു അറിയാം; തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ടു അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയാകുന്നു.**

**ഫിലി. 4: 12, 13**

ശരിയായ ചിന്തയിലൂടെ നമുക്ക് പോരാടാനുള്ള 'ആയുധങ്ങൾ' ലഭിക്കുന്നു. ഈ ആയുധങ്ങളില്ലാതെ തെറ്റായ ചിന്താഗതിയുമായി യുദ്ധം ചെയ്യാനൊരുങ്ങുന്നത്, നിരായുധനായി യുദ്ധത്തിനിറങ്ങുന്നതുപോലെയാണ്. അങ്ങനെ ചെയ്യുന്നവർക്ക് പിടിച്ചു നിൽക്കാനാവില്ല.

പതിനൊന്നാം ദിവസത്തെ ദൂരം മാത്രമുള്ള യാത്രയ്ക്കുവേണ്ടി നാൽപതു വർഷം ഇസ്രയേൽ ജനതയ്ക്ക് അലഞ്ഞുതിരിയേണ്ടിവന്നതിനു കാരണം, അവർ 'പരാതിക്കാ'രായിരുന്നു. ഓരോ വൈഷമ്യത്തേയും ഓരോ വെല്ലുവിളിയേയും കുറിച്ച് അവർ പരാതിപ്പെട്ടുകൊണ്ടേയിരുന്നു - അവ ഓരോന്നും എത്ര ക്ലേശകരമാണെന്ന് അവർ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. 'ജോലികളെല്ലാം എളുപ്പമുള്ളതാക്കിത്തീർക്കുക; വിഷമകരമായതൊന്നും എനിക്കു ചെയ്യാനാവില്ല എന്നതായിരുന്നു അവരുടെ മനോഭാവം.

വിശ്വാസികളിൽ നല്ലൊരു പങ്കും 'ഞായറാഴ്ചപോരാളികളും തിങ്കളാഴ്ച പരാതിക്കാ'രുമാണെന്ന് എനിക്കു മനസ്സിലായിട്ടുണ്ട്. പള്ളിയിൽവെച്ച് സുഹൃത്തുക്കളൊപ്പം വലിയ കാര്യങ്ങളെക്കുറിച്ച് അവർ സംസാരിക്കും; എന്നാൽ തങ്ങൾ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കേണ്ട സമയത്ത് - തിങ്കളാഴ്ച - മറ്റാരുമടുത്തില്ലാത്തപ്പോൾ അവർ ഏറ്റവും നിസ്സാരമായ പരീക്ഷണത്തെപ്പോലും ഭയപ്പെട്ട് പിന്മാറുന്നു.

നിങ്ങളൊരു പരാതിക്കാരനാണെങ്കിൽ, നിങ്ങളുടെ ചിന്താഗതിയിൽ മാറ്റം വരുത്തി **പുതിയൊരു മനോഭാവം വളർത്തിയെക്കുക; ഇതായിരിക്കട്ടെ നിങ്ങളുടെ ചിന്ത: എനിക്ക് ശക്തിപകരുന്ന ക്രിസ്തുവിലൂടെ എല്ലാ കാര്യങ്ങളും ചെയ്യാനെനിക്കു കഴിയും** (ഫിലി. 4: 13)

# 19

# “എനിക്കിതൊഴിവാക്കാനാകുന്നില്ല; പരാതിപറച്ചിലും കുറ്റം കണ്ടുപിടിക്കലും എന്റെ ശീലമായിപ്പോയി”

## വിജനതാമനോഭാവം –4

**ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദുഃഖവും സഹിച്ചാൽ അതു പ്രസാദം ആകുന്നു.**

**നിങ്ങൾ കുറ്റം ചെയ്തിട്ടു അടികൊള്ളുന്നതു സഹിച്ചാൽ എന്തു യശസ്സുള്ളു. അല്ല, നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിന്നു പ്രസാദം.**

**അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു.**

**1 പത്രോസ് 2: 19, 20.**

കഷ്ടപ്പാടുകളുടെ സമയത്ത് നമ്മുടെ മനോഭാവത്തിലൂടെ ദൈവത്തെ വാഴ്ത്താൻ നാം പഠിക്കുന്നതുവരെ നമുക്കു മോചനം ലഭിക്കുന്നില്ല. യാതനകളല്ല ദൈവത്തെ വാഴ്ത്താനുതകുന്നത്, മറിച്ച് യാതനകളോട് നാം പുലർത്തുന്ന ദൈവികമനോഭാവമാണ്; ദൈവത്തിനു പ്രീതികരമായതും അവനെ മഹത്വപ്പെടുത്തുന്നതും അതു തന്നെയാണ്.

ഈ വാക്യങ്ങളിൽനിന്നും നിങ്ങളും ഞാനും എന്ത് നേടണമെന്നാണോ ദൈവമുദ്ദേശിക്കുന്നത്, അതുനേടാൻ നമുക്കു കഴിയണമെങ്കിൽ സാവധാനം വായിക്കുകയും ഓരോ വാക്കും വരിയും ഉൾക്കൊള്ളുകയും വേണം. ഞാൻ യാതനയനുഭവിക്കുന്നത്, ദൈവത്തിന് സന്തോഷകരമാവുന്നത് എന്തുകൊണ്ടാണെന്നു മനസ്സിലാക്കാൻ എനിക്ക് അനേകം വർഷങ്ങൾ വേണ്ടിവന്നു – യേശു എന്റെ കഷ്ടപ്പാടും വേദനകളും ഏറ്റെടുത്തുവെന്നാണല്ലോ ബൈബിൾ വ്യക്തമായി പറയുന്നത് (ഏശയ്യാ 53: 3 –6)

വർഷങ്ങൾക്കുശേഷമാണ് ഞാനിതിന്റെ സത്യം തിരിച്ചറിഞ്ഞത്. പത്രോസ് രണ്ടാമദ്ധ്യായത്തിലെ പത്തൊൻപത്, ഇരുപത് വാക്യങ്ങളുടെ കേന്ദ്രബിന്ദു യാതനയല്ല, മറിച്ച് യാതനയനുഭവിക്കുമ്പോൾ നാമതിനോടു പുലർത്തുന്ന മനോഭാവമാണെന്ന് ഏറെക്കാലത്തിനുശേഷമാണെനിക്കു മനസ്സിലായത്.

‘ക്ഷമാപൂർവ്വം’ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധിക്കുക; ആരെങ്കിലും നമ്മോടു മോശമായി പെരുമാറുകയും, നാമത് ക്ഷമാപൂർവ്വം സഹിക്കുകയുമാണെങ്കിൽ നമ്മുടെ പ്രവൃത്തി ദൈവത്തിന് സന്തോഷകരമായിത്തീരുന്നു. ദൈവത്തെ സന്തോഷിപ്പിക്കുന്നത് നമ്മുടെ ക്ഷമാശീലമാണ് – നാമനുഭവിക്കുന്ന യാതനയല്ല. നമ്മുടെ കഷ്ടപ്പാടുകളിൽ മനോബലം നിലനിർത്താൻ നമ്മെ സഹായിക്കുന്നതിനായി, തന്റെ നേർക്കുണ്ടായ അന്യായമായ ആക്രമണങ്ങളെ യേശു

എങ്ങനെയാണ് കൈകാര്യം ചെയ്തതെന്ന് വായിച്ചു മനസ്സിലാക്കാൻ വിശുദ്ധ ഗ്രന്ഥം നമ്മെ പ്രേരിപ്പിക്കുന്നു.

## യേശുവെന്ന ഉദാഹരണം

**അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതംയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേൽപിക്കയത്രെ ചെയ്തതു.**

**1 പത്രോസ് 2: 21–23**

യേശു മഹത്വപൂർണ്ണമായാണ് യാതനയനുഭവിച്ചത്! നിശബ്ദമായും പരാതികളില്ലാതെയും: ഏതു സാഹചര്യത്തിലും ദൈവത്തെ വിശ്വസിച്ചും എല്ലായ്പ്പോഴും ഒരേ മനോഭാവം പുലർത്തിയുമാണ് അവൻ ജീവിച്ചത്. കാര്യങ്ങൾ സുഗമമായി നടക്കുന്ന സമയത്ത് ക്ഷമാശീലനായിരിക്കുകയും അന്യായവും കഷ്ടപ്പാടുമേൽക്കേണ്ടിവരുമ്പോൾ അക്ഷമകാട്ടുകയും ചെയ്യുന്നത് അവന്റെ രീതിയായിരുന്നില്ല.

മേലുദ്ധരിക്കപ്പെട്ട വാക്യങ്ങൾ തെളിയിക്കുന്നത്, യേശു നമ്മുടെ മാതൃകയാണെന്നും നാമെങ്ങനെ ജീവിക്കണമെന്ന് അവൻ നമുക്ക് കാട്ടിത്തരികയാണ് ചെയ്തെന്നുമാണ്. മറ്റുള്ളവരുടെ മുൻപിൽ നാം നമ്മെ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നത് അവരെങ്ങനെ ജീവിക്കണമെന്നത് വ്യക്തമാക്കുന്നതിനുള്ള മാർഗ്ഗമാണ്. നാം നമ്മുടെ കുട്ടികൾക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നത് വാക്കുകളിലൂടെയല്ല, മറിച്ച് നാമവർക്ക് മാതൃകകളായിത്തീർന്നുകൊണ്ടാണ്. എല്ലാ മനുഷ്യരും വായിച്ചു മനസ്സിലാക്കേണ്ടതായ, ജീവിക്കുന്ന കത്തുകളാണ് നാം (2കോരി 3: 2, 3 KJV) - ഇരുണ്ട ലോകത്തിൽ പ്രകാശിക്കുന്ന തിളക്കമേറിയ ദീപങ്ങളാണ് നാം (ഫിലി. 2: 15).

## താഴ്മയിലേക്കും സൗമ്യതയിലേയ്ക്കും ക്ഷമയിലേക്കും വിളിക്കപ്പെടുന്നു

**കർത്തൃസേവനിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നതു:**

**നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ.**

**എഫേസ്യർ: 4: 1, 2**

എളിമയോടും ശാന്തതയോടും ക്ഷമയോടുംകൂടി സഹിക്കുക എന്ന ആശയത്തിന് പറ്റിയ ഉദാഹരണമായി കുറച്ചുകാലം മുൻപ് ഞങ്ങളുടെ കുടുംബജീവിതത്തിലുണ്ടായ ഒരു സാഹചര്യം ഞാൻ നിങ്ങളോടു പറയാം.

ഡോമിനിക്കൻ റിപ്പബ്ളിക്കിലേക്കുള്ള ഒരു സുവിശേഷപ്രചരണയാത്ര കഴിഞ്ഞ് ഞങ്ങളുടെ മകനായ ഡാനിയേൽ അന്ന് മടങ്ങിയെത്തിയതേയുള്ളൂ. അവന്റെ കൈകളിൽ നിറയെ കുരുക്കളും വ്രണങ്ങളുമുണ്ടായിരുന്നു. ഐവി എന്ന വിഷച്ചെടിയാണതിനു കാരണമെന്ന് ആരോ അവനോടു പറഞ്ഞു. എന്താണെന്ന് തീർച്ചയറിയാതെ ഞങ്ങൾ വളരെ വിഷമിച്ചു. ഞങ്ങളുടെ കുടുംബ ഡോക്ടർ അവധിയിലായിരുന്നതിനാൽ മറ്റൊരു ഡോക്ടറെ കാണാനാണ് ഞങ്ങൾ തീരുമാനിച്ചത്.

ഞങ്ങളുടെ മകൾ സാൻഡ്രായാണ് ഡോക്ടറെ ഫോണിൽ വിളിച്ച് കൂടിക്കാഴ്ചയ്ക്കുള്ള സമയം നിശ്ചയിച്ചത്; ഡാനിയേലിന്റെ അവസ്ഥയെക്കുറിച്ചും, താൻ അവന്റെ സഹോദരിയാണെന്നും, താനായിരിക്കും അവനെ ഡോക്ടറുടെയടുത്തേക്ക് കൊണ്ടുവരുന്നതെന്നും മറ്റുമുള്ള വിവരങ്ങൾ അവൾ അദ്ദേഹത്തോടു പറയുകയും ചെയ്തു. സാൻഡ്രായ്ക്കും ഞങ്ങൾക്കുമെല്ലാം വളരെയധികം തിരക്കു പിടിച്ച ഒരു ദിവസമായിരുന്നു അന്ന് എങ്കിലും കൃത്യസമയത്തു തന്നെ നാൽപ്പത്തിയഞ്ചുമിനിറ്റ് കാറോടിച്ച് സാൻഡ്ര ഡാനിയേലിനെ ഡോക്ടറുടെയടുത്തെത്തിച്ചു. 'ക്ഷമിക്കണം, രക്ഷകർത്താക്കൾ കൂടെയുണ്ടെങ്കിൽ മാത്രമേ ഞങ്ങൾ കുട്ടികളെ ചികിത്സിക്കാറുള്ളൂ' എന്നായിരുന്നു ഡോക്ടറുടെ അപ്രതീക്ഷിതമായ മറുപടി.

അദ്ദേഹത്തെ ഫോണിൽ വിളിച്ച് സംസാരിച്ചത് താനാണെന്നും, സഹോദരനോടൊപ്പം ഡോക്ടറെ കാണാനെത്തുന്നത് താനായിരിക്കുമെന്ന് മുൻകൂട്ടി പറഞ്ഞിരുന്നുവെന്നും സാൻഡ്രാ വിശദീകരിച്ചു. തങ്ങളുടെ മാതാപിതാക്കൾ മിക്കപ്പോഴും യാത്രയിലായതിനാൽ സഹോദരനോടൊപ്പം ഡോക്ടറെ കാണാൻ പോകുന്നത് താനാണെന്നുകൂടി അവൾ വ്യക്തമാക്കി. എന്നാൽ മാതാപിതാക്കളിലാരെങ്കിലുമോരാൾ കൂടെയില്ലെങ്കിൽ പ്രായപർത്തിയാകാത്ത കുട്ടിയെ ചികിത്സിക്കാൻ തങ്ങൾ തയ്യാറാവില്ലെന്ന നിലപാടിലുറച്ചു നിൽക്കുകയാണ് അവിടുത്തെ നഴ്സ് ചെയ്തത്.

സ്വാഭാവികമായും ക്ഷോഭിക്കാനുള്ള ഒരവസരമായിരുന്നു സാൻഡ്രായെ സംബന്ധിച്ചിടത്തോളം അത്. തന്റെ കഠിനമായ തിരക്കിനിടയിൽ വളരെ പണിപ്പെട്ടാണ് ഈ ജോലി ചെയ്യാനുള്ള സമയം അവൾ കണ്ടെത്തിയത്; അവളുടെ ബദ്ധപ്പാട് നിഷ്ഫലമായിരിക്കുന്നു. ഇനി മറ്റൊരു നാൽപ്പത്തിയഞ്ചുമിനിറ്റ് വണ്ടിയോടിച്ചു വേണം അവൾക്കു വീട്ടിലെത്താൻ. സമയം വെറുതെ പാഴായിരിക്കുന്നു.

എന്നാൽ സൗമ്യതയും സ്നേഹപൂർവ്വമായ ക്ഷമയും നിലനിർത്താൻ ദൈവമവളെ സഹായിച്ചു. അവളുടനെതന്നെ അവളുടെ ഡാഡിയെ വിളിച്ചു, അദ്ദേഹം ആ സമയത്ത് തന്റെ അമ്മയെ സന്ദർശിക്കുകയായിരുന്നു; താനുടനെ വരാമെന്നും വേണ്ടതു ചെയ്തുകൊള്ളാമെന്നും അദ്ദേഹമവളോടു പറഞ്ഞു. അന്നു കാലത്ത് ഞങ്ങളുടെ ഓഫീസിലെത്തി എന്റെ ചില പുസ്തകങ്ങളും കാസറ്റുകളും ശേഖരിക്കണമെന്നു ഡേവിനു തോന്നിയിരുന്നു, എന്തിനാണ് താനങ്ങനെ ചെയ്യുന്നതെന്ന് അദ്ദേഹത്തിനു മനസ്സിലായില്ലെങ്കിൽക്കൂടി, തനിക്കവ കിട്ടണമെന്ന് അദ്ദേഹത്തിനപ്പോൾ തോന്നി.

ഡേവ് ഡോക്ടറുടെ ക്ലിനിക്കിലെത്തി. രോഗിയുടെ പേരും മറ്റും രജിസ്റ്റർ ചെയ്തുകൊണ്ടിരുന്ന സത്രീ പരിചയഭാവത്തിൽ അദ്ദേഹത്തെ നോക്കി; അദ്ദേഹമൊരു സുവിശേഷപ്രാസംഗികനാണോയെന്നും ജോയ്സ്മേയറിന്റെ ഭർത്താവാണോയെന്നും അവരദ്ദേഹത്തോടു ചോദിച്ചു. ഡേവ് അതേയെന്ന് ഉത്തരം നൽകി. താൻ എന്റെ ടെലിവിഷൻ പരിപാടി കാണാറുണ്ടെന്നും ഞങ്ങളെപ്പറ്റിയറിയാമെന്നും അവരദ്ദേഹത്തോടു പറഞ്ഞു. ഡേവ് ആ സ്ത്രീയോട് അൽപസമയം സംസാരിക്കുകയും വൈകാരികമായ രോഗശാന്തിയെക്കുറിച്ച് ഞാനെഴുതിയിട്ടുള്ള ഒരു പുസ്തകമവർക്കു നൽകുകയും ചെയ്തു.

ഞാനീ കഥ പറഞ്ഞത് ഒരു കാര്യം വ്യക്തമാക്കുന്നതിനുവേണ്ടിയാണ്: തന്റെ ശ്രമം വിഫലമായെന്നു മനസ്സിലായപ്പോൾ സാൻഡ്രാ ക്ഷമ നഷ്ടപ്പെട്ട് ക്ഷോഭിച്ചിരുന്നെങ്കിലോ? അവളുടെ ദൈവസാക്ഷ്യത്തെ തീർച്ചയായും അതു ബാധിക്കുമായിരുന്നു. ടെലിവിഷനിൽ എന്റെ പരിപാടികൾ കണ്ടിട്ടുള്ള ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം, എന്റെ കുടുംബത്തിലൊരാൾ മോശമായി പെരുമാറുന്നത് തീർച്ചയായും ആത്മീയമായ അസ്വാസ്ഥ്യത്തിലേക്കു നയിക്കാനിടയാകും.

ഈ ലോകത്തിലുള്ള ഒട്ടേറെയാളുകൾ ദൈവത്തെ കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. നാമവരോടു പറയുന്ന വാക്കുകളെക്കാൾ പ്രധാനമാണ് നാമവർക്കു നൽകുന്ന മാതൃകകൾ. നാമെല്ലാവരും വാക്കുകളിലൂടെ സുവിശേഷത്തിൽ പങ്കാളികളാവുന്നുണ്ട്, എന്നാൽ നമ്മുടെ വാക്കുകളെ നിഷേധിക്കുന്ന തരത്തിലുള്ള പ്രവൃത്തി നമ്മുടെ ഭാഗത്തു നിന്നുമുണ്ടായാൽ, അത് നാം ഒന്നും പറയാതിരിക്കുന്നതിനേക്കാൾ ദോഷം ചെയ്യും.

ഇത്തരമൊരു സാഹചര്യത്തിൽ സാൻഡ്രാ ക്ഷമാപൂർവ്വം ബുദ്ധിമുട്ടു സഹിച്ചത് എത്രമാത്രം നന്നായി എന്നാലോചിക്കുക. ദൈവവചനം നമ്മെ പ്രേരിപ്പിക്കുന്നത് ഇതുപോലെയുള്ള പെരുമാറ്റവും മനോഭാവവും നിലനിർത്താനാണ്.

## ജോസഫിന്റെ ക്ഷമാപൂർവ്വമായ സഹനം

**അവർക്കു മുമ്പായി അവൻ ഒരാളെ അയച്ചു; യോസേഫിനെ അവർ ദാസനായി വിറ്റുവല്ലോ.**

**യഹോവയുടെ വചനം നിവൃത്തിയാകയും അവന്റെ അരുളപ്പാടിനാൽ അവന്നു ശോധന വരികയും ചെയ്യുവോളം**

**അവർ അവന്റെ കാലുകളെ വിലങ്ങുകൊണ്ടു ബന്ധിക്കയും അവൻ ഇരിമ്പു ചങ്ങലകളിൽ കുടുങ്ങുകയും ചെയ്തു..**

**സങ്കീ. 105: 17 – 19**

തന്റെ സഹോദരന്മാരാൽ പീഡിപ്പിക്കപ്പെട്ട ജോസഫിന്റെ കഥയാണ് പഴയനിയമത്തിലെ ഈ ഭാഗത്ത് നാം വായിക്കുന്നത്. അയാളെ അടിയായി വിറ്റതിനുശേഷം, ഏതോ ഒരു വന്യമൃഗം അയാളെ ആക്രമിച്ചു കൊന്നു എന്നാണ് അവർ തങ്ങളുടെ പിതാവിനോടു പറഞ്ഞത്. ഇതേ സമയം പൊത്തിഫറെന്ന ധനികൻ അയാളെ വിലയ്ക്കുവാങ്ങി അടിമപ്പണി ചെയ്യാൻ തന്റെ വീട്ടിലേക്കു കൊണ്ടുപോയി. ജോസഫ് എവിടെയൊക്കെ എത്തിച്ചേർന്നുവോ, അവിടെയെല്ലാം ദൈവമയാളോട് കരുണ കാട്ടി; വളരെപ്പെട്ടെന്നു തന്നെ അയാൾ പുതിയ യജമാനന് പ്രിയപ്പെട്ടവനായിത്തീർന്നു.

ജോസഫിന്റെ പ്രീതനായ യജമാനൻ അയാൾക്ക് തുടരെത്തുടരെ സ്ഥാന ക്കയറ്റം നൽകിക്കൊണ്ടിരുന്നു, എന്നാൽ ഇതിനിടയിൽ അന്യായമായ മറ്റൊരു കാര്യം സംഭവിച്ചു. പൊത്തിഫറിന്റെ ഭാര്യ ജോസഫുമായി അവിഹിതബന്ധ ത്തിലേർപ്പെടാൻ ആഗ്രഹിക്കുകയും അതിനയാളെ പ്രേരിപ്പിക്കുകയും ചെയ്തു. എന്നാൽ അയാൾ സത്യസന്ധനായിരുന്നതിനാൽ ആ സ്ത്രീയിൽനിന്നും ഒഴി ഞ്ഞുമാറുകയാണുണ്ടായത്. കുബുദ്ധിയായ ആ സ്ത്രീ ജോസഫ് തന്നെ ആക്ര മിക്കാൻ ശ്രമിച്ചുവെന്ന് ഭർത്താവിനോടു നുണ പറയുകയും അതു വിശ്വസിച്ച പൊത്തിഫർ ജോസഫിനെ തടവിലാക്കുകയും ചെയ്തു. അങ്ങനെ ചെയ്യാത്ത കുറ്റത്തിന് നീതിമാനായ അയാൾക്ക് ശിക്ഷയനുഭവിക്കേണ്ടി വന്നു.

തടവറയിൽക്കഴിഞ്ഞിരുന്ന സമയത്തും അന്യരെ സഹായിക്കാനാണ് ജോസഫ് ശ്രമിച്ചുകൊണ്ടിരുന്നത്. അയാളൊരിക്കലും പരാതിപ്പെട്ടില്ല. ശരിയായ മനോഭാവമാണ് കഷ്ടപ്പാടുകളുടെ നേർക്ക് അയാൾ പുലർത്തിയിരുന്നത് എന്ന കാരണത്താൽ ഒടുവിൽ ദൈവമയാളെ മോചിപ്പിക്കുകയും ഉയർത്തുകയും ചെയ്തു. ഫറവോയ്ക്കു തൊട്ടുതാഴെ, ഈജിപ്തിലെ ഏറ്റവുമുയർന്ന ഒരു സ്ഥാനത്ത് ഒടുവിലയാൾ എത്തിച്ചേർന്നു.

തന്റെ സഹോദരന്മാർ കാട്ടിയ ക്രൂരതയ്ക്ക് മറുപടി നൽകാനുള്ള അവസ രവും ദൈവം ജോസഫിനൊരുക്കിക്കൊടുത്തു. രാജ്യമെമ്പാടും പട്ടിണിയും ക്ഷാമവും പടർന്നു പിടിച്ചപ്പോൾ അവർ ഭക്ഷണത്തിനായി യാചിച്ചുകൊണ്ട് ജോസഫിന്റെയടുത്തെത്തി. ഈ സന്ദർഭത്തിലും ദൈവികമായ മനോഭാവമാണ് അയാൾ പുലർത്തിയത്. തന്റെ ക്രൂരന്മാരായ സഹോദരന്മാരോട് അയാൾ മോശ മായി പെരുമാറിയില്ല. തന്നെ ഉപദ്രവിക്കാനായി അവർ ചെയ്തതെല്ലാം ദൈവം തനിക്ക് ഗുണകരമായി മാറ്റിയെന്ന് അയാളവരോടു പറഞ്ഞു. അവർ തന്റെ കൈകളിലല്ല, മറിച്ച് ദൈവത്തിന്റെ കൈകളിലാണെന്നും, അവരെ ആശീർവ്വ ദിക്കാനൊഴികെ മറ്റൊന്നും ചെയ്യാൻ തനിക്കവകാശമില്ലെന്നും ജോസഫ് അവരെ ധരിപ്പിച്ചു (ഉൽപ്പത്തി 39: 50

## പരാതിപറയുന്നതുമൂലമുള്ള അപകടങ്ങൾ

**അവരിൽ ചിലർ ചെയ്തതുപോലെ നാം കർത്താവിനെ പരീക്ഷിക്കരുത് (അ വന്റെ ക്ഷമ പരീക്ഷിക്കുകയോ, അവനു പരീക്ഷണമായിത്തീരുകയോ അവനെ വിമർശിക്കുകയോ അവന്റെ നന്മയെ ചൂഷണം ചെയ്യുകയോ അരുത്) – അവർ വിഷപ്പാമ്പുകളുടെ കടിയേറ്റു മരിക്കുകയും ചെയ്തു; (സംഖ്യ 21: 5, 6).**

**അവരിൽ ചിലർ ചെയ്തതുപോലെ നാം അസംതൃപ്തിയോടെ പരാതിപ്പെടരുത് – സംഹാരകൻ (മരണം) അവരെ നശിപ്പിച്ചുകളഞ്ഞു (സംഖ്യ 16: 41 49)**

**ഇതെല്ലാം അവർക്കൊരു താക്കീതായിട്ടാണ് സംഭവിച്ചത് (നമുക്കൊരു മാതൃകയും മുന്നറിയിപ്പുമെന്ന നിലയിൽ), നമുക്ക് ഒരു പാഠമാകുന്നതിനു വേണ്ടിയും, ശരിയായ നിർദ്ദേശത്തിലൂടെ നമ്മെ നല്ല പ്രവൃത്തിയിലേക്കു നയിക്കുന്നതിനുവേണ്ടിയുമാണ് ഇത് എഴുതപ്പെട്ടിരിക്കുന്നത്; എന്തെന്നാൽ കാലത്തിൻരെ അന്തിമഘട്ടം നമ്മിലാണല്ലോ വന്നു ചേർന്നിരിക്കുന്നത് (കാലത്തിന്റെ പൂർത്തീകരണവും അവസാനവും)**

**1 കോരി . 10: 9–71**

മേൽപ്പറഞ്ഞ ഉദാഹരങ്ങളിൽനിന്നും, ജോസഫും ഇസ്രയേൽ ജനതയുമാ യുള്ള വ്യത്യാസം എളുപ്പത്തിൽ നമുക്കു മനസ്സിലാക്കാൻ കഴിയും. ജോസഫ് പരാതിപ്പെട്ടില്ല, എന്നാൽ ഇസ്രയേൽ ജനതയാവട്ടെ ഏതൊരു ചെറിയകാര്യ ത്തെക്കുറിച്ചും പരാതിപ്പെട്ടുകൊണ്ടിരന്നു. പരാതിപ്പെടുകയും കുറ്റം കണ്ടുപി

ടിക്കുകയും പിറുപിറുക്കുകയും ചെയ്യുന്നതുമൂലമുള്ള അപകടങ്ങളെക്കുറിച്ച് ബൈബിൾ വ്യക്തമാക്കുന്നുണ്ട്.

ഇവിടെനിന്നും നമുക്കു ലഭിക്കുന്ന സന്ദേശമിതാണ്. ഇസ്രായേൽ ജനത ശത്രുവിനു കടന്നുവരാനായി വാതിൽ തുറന്നു കൊടുത്തു, അവൻ അവരുടെ ജീവിതത്തിലേക്ക് പ്രവേശിച്ച് അവരെ നശിപ്പിച്ചു. ദൈവത്തിന്റെ നന്മ മനസ്സിലാക്കാൻ തയ്യാറാകാതിരുന്ന ഇസ്രയേൽ ജനതയ്ക്ക് അതിന്റെ വിലകൊടുക്കേണ്ടി വന്നു.

അവരെപ്പോലെ നാം പെരുമാറിയാൽ നമുക്കു സംഭവിക്കാവുന്ന അപകടങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുന്നതിനുവേണ്ടിയാണ്, അവരുടെ യാതനയേയും മരണത്തേയും കുറിച്ച് വിശദമായി പ്രതിപാദിച്ചിരികകുന്നത്. എന്നാണ് ബൈബിൾ നമ്മോടു പറയുന്നത്.

നാമൊക്കെ ആദ്യം പരാതിപ്പെടുന്നത് നമ്മുടെ ചിന്തകളിലാണ്, അതിനു ശേഷമാണ് നാം വാക്കുകളിലൂടെ പരാതിപ്പെടുന്നത്. പരാതിപ്പെടുക എന്നത് തീർച്ചയായും ഒരു വിജനതാ മനോഭാവമാണ്. വാഗ്ദത്തഭൂമിയിലേക്ക് പ്രവേശിക്കുന്നതിൽനിന്നും അതു നമ്മെ തടയുന്നു.

യേശുവാണ് നമ്മുടെ മാതൃക. അവൻ ചെയ്തതുപോലെയാണ് നാം പെരുമാറേണ്ടത്.

പരാതിപ്പെട്ടുകൊണ്ടിരുന്ന ഇസ്രായേൽ ജനത *വിജനതയിൽ കഴിഞ്ഞുകൂടി.*

*യേശു ദൈവത്തെ വാഴ്ത്തുകയും മരിച്ചവരിൽനിന്ന് ഉയർപ്പിക്കപ്പെടുകയും ചെയ്തു.*

ദൈവത്തെ വാഴ്ത്തുകയും അവനു നന്ദി പറയുകയും ചെയ്യുന്നതിന്റെ ശക്തി ഒരു വശത്തും, പരാതിപ്പെടലിന്റെ ശക്തി മറുവശത്തുമായി ഇവിടെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. അതേ, പരാതിപറച്ചിലിനും പിറുപിറുക്കലിനും കുറ്റം കണ്ടുപിടിക്കലിനും നിഷേധാത്മകമായ ശക്തിയുണ്ട്. ഓരോ തവണയും നമ്മുടെ മനസ്സും നാവും അതിനു വിധേയമായിത്തീരുമ്പോൾ അരുതെന്നു ദൈവം വിലക്കിയിട്ടുള്ള ശക്തി നാം ചെകുത്താനു നൽകുകയാണെന്നോർമ്മിക്കുക.

## പിറുപിറുക്കുകയോ കുറ്റംകണ്ടുപിടിക്കുകയോ പരാതിപ്പെടുകയോ ചെയ്യരുത്

**വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും**

**ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആകേണ്ടതിനു എല്ലാ പിറുപിറുപ്പും വാദവും കൂടാതെ ചെയ്വിൻ.**

**അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ടു ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു.**

**ഫിലി 2: 14, 15**

മുഴുവൻ ലോകവും പരാതിപ്പെട്ടുകൊണ്ടേയിരിക്കുകയാണെന്ന് ചിലപ്പോൾ നമുക്കു തോന്നും. ഒട്ടേറെ പരാതിയും മുറുമുറുക്കലുമാണ് ഇന്നു നാം ചുറ്റും

കാണുന്നത്. കൃതജ്ഞതയോ സംതൃപ്തിയോ എവിടെയും കാണാനില്ല. തങ്ങൾക്ക് കൃത്യമായ ജോലിയും ചെറിയതെങ്കിലും വരുമാനവുമുണ്ടെന്നതിൽ നന്ദിയുള്ളവരായിക്കേണ്ടതിനു പകരം, മേലുദ്യോഗസ്ഥനെക്കുറിച്ചും ജോലിയെക്കുറിച്ചുമൊക്കെ പരാതിപ്പെടാനാണ് ആളുകൾക്ക് താല്പര്യം; തങ്ങൾ സ്വന്തമായി വീടില്ലാത്തവർക്കുള്ള അഭയാർത്ഥി കേന്ദ്രത്തിലല്ല കഴിയുന്നത് െന്നതിലോ, ഭക്ഷണത്തിനായി കാത്തുനിൽക്കുന്നവരുടെ കൂട്ടത്തിലല്ല തന്റെ സ്ഥാനമെന്നതിലോ  സന്തോഷിക്കുന്നതിനു പകരം എന്തിനെക്കുറിച്ചും പരാതിപ്പെടുകയാണ് ആളുകളിന്നു ചെയ്യുന്നത്.

എന്തൊക്കെ പോരായ്മകൾ ഉണ്ടെങ്കിലും ശരി, ഒരു ജോലി കിട്ടാൻ ആകാംക്ഷയോടെ കാത്തിരിക്കുന്ന എത്രയോ ദരിദ്രരുണ്ട് ഈ ലോകത്തിൽ! ഒട്ടേറെ ന്യൂനതകളുള്ള ഒരു മേലുദ്യോഗസ്ഥനാണ് തങ്ങളെ ഭരിക്കുന്നതെങ്കിൽക്കൂടി, തൊഴിലും വരുമാനവും ലഭിക്കാനും സ്വന്തം വീട്ടിൽ താമസിച്ച് സ്വന്തമായി ഭക്ഷണം പാകം ചെയ്തു കഴിക്കാനും ആഗ്രഹിക്കുന്നവരാണവർ.

ഒരു പക്ഷെ, കുറച്ചുകൂടി വരുമാനം ലഭിക്കുന്ന ഒരു ജോലി കിട്ടാനോ അൽപം കൂടി മെച്ചമായി പെരുമാറുന്ന ഒരു മേലുദ്യോഗസ്ഥനെ കണ്ടെത്താനോ നിങ്ങളാഗ്രഹിക്കുന്നുണ്ടാവാം. ഇപ്പോഴത്തെ നിങ്ങളുടെയവസ്ഥ അത്രമേൽ സന്തോഷകരമല്ലെന്നും വരാം, എന്നാൽ പരാതിപ്പെടുകയല്ല ഇതിനുള്ള പരിഹാരം.

## ഭയപ്പെടുകയോ ദുഃഖിക്കുകയോ ചെയ്യരുത് പ്രാർത്ഥിക്കുകയും നന്ദിപറയുകയും ചെയ്യുക!

**ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു.**

**ഫിലിപ്പിയർ 4: 6**

എങ്ങനെയാണ് നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതെന്ന് മേലുദ്ധരിച്ച വാക്യത്തിലൂടെ പൗലോസ് അപ്പോസ്തലൻ നമുക്കു പറഞ്ഞു തരുന്നു. ‘ഏതു സാഹചര്യത്തിലും നന്ദി പറഞ്ഞുകൊണ്ട് പ്രാർത്ഥിക്കാനാണ്’ അദ്ദേഹം നമ്മെ ഉപദേശിക്കുന്നത്.

ഇതേ പ്രമാണമാണ് കർത്താവെനിക്കു പഠിപ്പിച്ചു തന്നത്, അവനെന്നോടിങ്ങനെ പറഞ്ഞു ഞാൻ നിനക്ക് നൽകിയിട്ടുള്ളതിനെക്കുറിച്ചൊന്നും കൃതജ്ഞതയുള്ളവളല്ല നീയെങ്കിൽ, എന്തിനാണ് ജോയ്സ് ഇനി ഞാൻ എന്തെങ്കിലും നിനക്കു നൽകുന്നത്? കൂടുതൽ പരാതി പറയാൻ അവസരമൊരുക്കുന്നതിനായി എന്തിന് ഞാൻ നിനക്ക് കൂടുതലനുഗ്രഹങ്ങൾ നൽകണം?

കൃതജ്ഞതയുടെ അടിത്തറയിലുറപ്പിക്കപ്പെട്ട ജീവിതശൈലിയിൽനിന്നുമുയരുന്ന പ്രാർത്ഥനകളല്ല നാം ദൈവത്തിനു സമർപ്പിക്കുന്നതെങ്കിൽ, നമ്മുടെയപേക്ഷകൾക്ക് അനുകൂലമായ മറുപടി ലഭിച്ചെന്നു വരില്ല. പരാതിപ്പെട്ടുകൊണ്ട് പ്രാർത്ഥിക്കാനല്ല വചനം നമ്മോടു പറയുന്നത്,  ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടു പ്രാർത്ഥിക്കാനാണ് അതു നമ്മെ ഉപദേശിക്കുന്നത്.

പിറുപിറുക്കൽ, മുറുമുറുക്കൽ, കുറ്റപ്പെടുത്തൽ, പരാതിപറച്ചിൽ തുടങ്ങിയ സംഭവിക്കന്നതെപ്പോഴാണ്? നാമാഗ്രഹിക്കുന്ന രീതിയിൽ കാര്യങ്ങൾ നടക്കാതിരിക്കുകയോ ആളുകൾ പെരുമാറാതിരിക്കുകയോ ചെയ്യുമ്പോൾ; അല്ലെങ്കിൽ നാം പ്രതീക്ഷിച്ചതിലുമധികം സമയം എന്തിനെയെങ്കിലും വേണ്ടി കാത്തിരിക്കേണ്ടി വരുമ്പോൾ ഇത്തരമവസരങ്ങളിൽ ക്ഷമയോടെ കാത്തിരിക്കാനാണ് ദൈവവചനം നമ്മെ പഠിപ്പിക്കുന്നത്.

കാത്തിരിക്കാനുള്ള കഴിവിനെയല്ല ക്ഷമയെന്നു വിളിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കി, മറിച്ച് കാത്തിരിപ്പിന്റെ വേളയിൽ നല്ല മനോഭാവം പുലർത്താനുള്ള കഴിവിനെയാണ്.

പരാതിപ്പെടുക, നിഷേധാത്മകമായി ചിന്തിക്കുക, സംസാരിക്കുക തുടങ്ങിയകാര്യങ്ങളെ നാം വലിയ ഗൗരവത്തോടെ കാണേണ്ടതുണ്ട്. നമ്മുടെ മനസ്സും നാവും പരാതിക്കടിപ്പെടുന്നത് എത്രമാത്രമപകടകരമായിരിക്കുമെന്നതിനെ സംബന്ധിച്ച് ദൈവമനിക്കൊരു വെളിപാടു നൽകിയിട്ടുണ്ടെന്ന് ഞാനാത്മാർത്ഥമായി വിശ്വസിക്കുന്നു.

ആവർത്തനം ഒന്നാംമദ്ധ്യായം ആറാം വാക്യത്തിൽ ദൈവം ഇസ്രായേൽ ജനതയോടിങ്ങനെ പറയുന്നു, '....നിങ്ങൾ ഈ പർവ്വതത്തിൽ വേണ്ടത്ര കാലം വസിച്ചു കഴിഞ്ഞിരിക്കുന്നു ഒരു പക്ഷേ നിങ്ങളും ഏറെക്കാലമായി ഒരേ പർവ്വതത്തിൽത്തന്നെ വസിക്കുകയായിരുന്നിരിക്കാം, ഇപ്പോൾ നിങ്ങൾ അവിടംവിട്ട് മുൻപോട്ട് നീങ്ങാനൊരുങ്ങുകയുമാവാം. അങ്ങനെയാണെങ്കിൽ നിങ്ങളൊരു കാര്യമോർമ്മിക്കുക - നിങ്ങളുടെ ചിന്തകളിലും സംഭാഷണത്തിലും പരാതിയുള്ളിടത്തോളം കാലം നിങ്ങൾക്ക് ക്രിയാത്മകമായി മുന്നേറാനാവില്ല.

പരാതിപ്പെടാതിരിക്കുകയെന്നത് എളുപ്പമാണെന്ന് ഞാൻ പറയില്ല, എന്നാൽ നിങ്ങൾക്ക് ക്രിസ്തുവിന്റെ മനസ്സാണുള്ളത്. എന്തുകൊണ്ട് നിങ്ങളത് പരമാവധി പ്രയോജനപ്പെടുത്തുന്നില്ല?

# 20

# “ഒരു കാര്യത്തിനുംവേണ്ടി ഞാൻ കാത്തുനിൽക്കാനിടയാകരുത്; എല്ലാമെനിക്കു ഉടൻതന്നെ കിട്ടാനുള്ള അർഹതയുണ്ട്”

## വിജനതാ മനോഭാവം – 5

**എന്നാൽ സഹോദരന്മാരെ, കർത്താവിന്റെ പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിപ്പിൻ; കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ടു മുന്മഴയും പിന്മഴയും അതിനു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ.**

**യാക്കോബ് 5: 7**

അഹങ്കാരത്തിന്റെ ഫലമാണ് അക്ഷമ. അഹങ്കാരിയായ ഒരാൾക്ക് ശരിയായ മനോഭാവത്തോടെ യാതൊന്നിനുംവേണ്ടി കാത്തിരിക്കാനാവില്ല. നാം കഴിഞ്ഞ അദ്ധ്യായത്തിൽ ചർച്ച ചെയ്തതുപോലെ, കാത്തിരിക്കാനുള്ള കഴിവല്ല ക്ഷമ, മറിച്ച് കാത്തിരിപ്പിന്റെ വേളയിൽ ഒരു നല്ല മനോഭാവം നിലനിർത്താനുള്ള കഴിവാണ്.

‘നിങ്ങൾ കാത്തിരിക്കുന്നുണ്ടെങ്കിലും ക്ഷമാശീലരാവുക’ എന്നല്ല വിശുദ്ധ ഗ്രന്ഥം പറയുന്നത്, മറിച്ച്, ‘കാത്തിരിക്കുമ്പോൾ ക്ഷമാശീലരായിരിക്കുക’ എന്നാണ്. കാത്തിരിക്കുക എന്നത് ജീവിതത്തിന്റെ ഭാഗമാണ്. അധികമാളുകളും ‘നന്നായി കാത്തിരിക്കുക എന്നത് ജീവിതത്തിന്റെ ഭാഗമാണ്.’ അധികമാളുകളും ‘നന്നായി കാത്തിരിക്കു’ന്നവരല്ല, എന്നാൽ നമ്മുടെ ജീവിതത്തിൽ എന്തെങ്കിലും നമുക്ക് ലഭിക്കുന്ന അവസരങ്ങളെക്കാളധികം, അവയ്ക്ക്വേണ്ടി നാം കാത്തിരിക്കുന്ന അവസരങ്ങളാണുള്ളത്.

ഞാൻ പറയാനുദ്ദേശിക്കുന്നതിതാണ്: നമുക്കെന്തെങ്കിലും ലഭിക്കുന്നതിനുവേണ്ടി നാം പ്രാർത്ഥനയിലൂടെ ദൈവത്തോട് അപേക്ഷിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു; അതോടൊപ്പം നാമാവശ്യപ്പെട്ടത് ലഭിക്കുന്നതിനായി കാത്തിരിക്കുകയും ചെയ്യുന്നു. ഒടുവിൽ നാമാവശ്യപ്പെട്ടതു ലഭിക്കുമ്പോൾ നാം സന്തോഷിക്കുന്നു.

നാമെല്ലാവരും ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്നവരാണ്; എല്ലായ്പ്പോഴും മുന്നോട്ടു പോകാൻ നമുക്കെന്തെങ്കിലുമൊരു കാരണമാവശ്യമാണ്, എപ്പോഴും നമുക്ക് പ്രതീക്ഷിക്കാനെന്തെങ്കിലും വേണം. അതിനാൽ എല്ലായ്പ്പോഴും എന്തിനെങ്കിലും വേണ്ടി നാം ദൈവത്തോടപേക്ഷിക്കുകയും വിശ്വസിക്കുകയും അത് ലഭിക്കുന്ന നിമിഷം കാത്തിരിക്കുകയും ചെയ്യുന്നു.

അപ്പോഴാണ് എനിക്കൊരു കാര്യം മനസ്സിലായത്, എനിക്കെന്തെങ്കിലും ലഭിക്കുന്ന അവസരങ്ങളെക്കാൾ എത്രയോ കൂടുതലാണ് കാത്തിരിപ്പിന്റെ അവസരങ്ങൾ, അതിനാൽ ലഭിക്കുന്ന അവസരങ്ങളെക്കാളധികം കാത്തിരിപ്പിന്റെ അവസരങ്ങളെ ആസ്വദിക്കാൻ ഞാൻ തീരുമാനിച്ചു.

*നാമെവിടെയാണോ സ്ഥിതി ചെയ്യുന്ന് അത് നാമാസ്വദിക്കുക, എന്തെന്നാൽ നാം നമ്മുടെ ലക്ഷ്യത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണല്ലോ!*

## അഹങ്കാരം ക്ഷമാപൂർവ്വമായ കാത്തിരിപ്പിനെ തടയുന്നു

**ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാതെ ദൈവം അവനവനു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു.**

**റോമർ 12: 3**

ക്ഷമാപൂർവ്വം കാത്തിരിക്കേണ്ടതെങ്ങനെയെന്നറിയില്ലെങ്കിൽ കാത്തിരിപ്പിന്റെ വേളകളെ ആസ്വദിക്കാനാവില്ല. അഹങ്കാരം ക്ഷമാപൂർവ്വമായ കാത്തിരിപ്പിനു തടസ്സമാണ്, എന്തെന്നാൽ അഹങ്കാരിയായ ഒരുവൻ തന്നെക്കുറിച്ച് വളരെ മികച്ച അഭിപ്രായം വച്ചുപുലർത്തുന്നതു മൂലം, തനിക്ക് ഒരു തരത്തിലും അസൗകര്യങ്ങളുണ്ടാകാൻ പാടില്ലെന്നു വിശ്വസിക്കുന്നു.

നമ്മെക്കുറിച്ച് നാം മോശമായി ചിന്തിക്കാൻ പാടില്ലെന്നതുപോലെ തന്നെ ഉള്ളതിലധികം മേന്മയുണ്ടെന്ന് ചിനതിക്കാനും പാടില്ല. നമുക്ക് അമിതമായ പ്രാധാന്യം കൽപ്പിക്കുമ്പോൾ നാം മറ്റുള്ളവരെ നിന്ദയോടെ കാണാൻ പഠിക്കുന്നു. നാമാഗ്രഹിക്കുന്ന തരത്തിൽ, അഥവാ പ്രതീക്ഷിക്കുന്ന അത്രയുമെളുപ്പത്തിൽ അവർ കാര്യങ്ങൾ ചെയ്യുന്നില്ലെങ്കിൽ നമ്മുടെ പെരുമാറ്റം അക്ഷമനിറഞ്ഞതായിത്തീരുന്നു.

താഴ്മയുള്ള ഒരാൾ ഒരിക്കലും അക്ഷമ നിറഞ്ഞ മനോഭാവം കാട്ടുകയില്ല

## യാഥാർത്ഥ്യ ബോധമുള്ളവരായിരിക്കുക

**നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിനു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു.**

**യോഹ. 16: 33**

അക്ഷമ നിറഞ്ഞ പെരുമാറ്റത്തിലേക്ക് നമ്മെ നയിക്കുന്നതിന് ചെകുത്താൻ നമ്മുടെ മനസ്സുകളെ ഉപയോഗിക്കുന്നു; യാഥാർത്ഥ്യബോധത്തോടെ ചിന്തിക്കുന്നതിനു പകരം അപ്രായോഗികമായ ചിന്തയിലൂടെയാണ് അവനിതു ചെയ്യുന്നത്.

നമ്മെയും നമ്മുടെ സാഹചര്യങ്ങളേയും ബന്ധങ്ങളേയും സംബന്ധിച്ച എല്ലാ കാര്യങ്ങളും പരിപൂർണ്ണമായിരിക്കണമെന്ന് യാതൊരുവിധത്തിലുള്ള അസൗകര്യങ്ങളോ തടസ്സങ്ങളോ ഇല്ലാതെ, നമുക്കിഷ്ടമില്ലാത്ത ആളുകളോ ഇല്ലാതെ നാമാഗ്രഹിക്കുമ്പോൾ നാമൊരു പരാജയത്തിന്റെ വക്കത്താണ് അഥവാ തെറ്റായ ചിന്താരീതിയിലൂടെ ചെകുത്താൻ നമ്മെ പരാജയത്തിലേക്ക് വലിച്ചിഴയ്ക്കുകയാണ്.

നാം നിഷേധാത്മകമായി ചിന്തിക്കണമെന്നല്ല ഞാൻ പറയുന്നത്; ക്രിയാത്മകമായ മനോഭാവവും ചിന്തയുമുണ്ടാകണമെന്ന് ഉറച്ചു വിശ്വസിക്കുന്നയാളാണ് ഞാൻ. എന്നാൽ യഥാർത്ഥ ജീവിതത്തിൽ വളരെക്കുറച്ചു കാര്യങ്ങൾ മാത്രമേ പരിപൂർണ്ണമായവയുളളൂ എന്നു മനസ്സിലാക്കാനുള്ള യാഥാർത്ഥ്യബോധം നമുക്കുണ്ടാവണമെന്നാണ് ഞാൻ പറയുന്നത്.

ഓരോ ആഴ്ചയുടെ അവസാനത്തിലും ഞാനും എന്റെ ഭർത്താവും സെമിനാറുകൾ നടത്തുന്നതിനായി വിവിധ നഗരങ്ങളിലേക്ക് പോകാറുണ്ട്. ഹോട്ടലിലെ കോൺഫറൻസ് ഹാളുകളും മറ്റും വാടകയ്ക്കെടുക്കാറാണ് പതിവ്. എന്നാൽ എയർകണ്ടീഷണർ ശരിയായി പ്രവർത്തിക്കാതിരിക്കുകയോ, മുറിയിൽ വേണ്ടത്ര വെളിച്ചമില്ലാതിരിക്കുകയോ, കസേരകൾ അഴുക്കു പുരണ്ടവയായിരിക്കുകയോ കേടുപാടുകളുള്ളവ ആയിരിക്കുകയോ തറയിലെവിടെയെങ്കിലും തലേന്നത്തെ ഭക്ഷണാവശിഷ്ടങ്ങൾ കാണപ്പെടുകയോ ചെയ്യുമ്പോൾ എന്റെ ക്ഷമ നശിക്കുന്നു.

ഞങ്ങൾ വലിയ തുക കൊടുത്താണ് ഈ മുറികൾ വാടകയ്ക്കെടുക്കുന്നത്, അവ നല്ല അവസ്ഥയിലായിരിക്കുമെന്ന വിശ്വാസത്തോടെയുമാണ് അങ്ങനെ ചെയ്യുന്നത്. എന്നാൽ കാര്യങ്ങളങ്ങനെയല്ലെന്നു കാണുമ്പോൾ എനിക്കു ദേഷ്യം വരും. വൃത്തിയും വെടിപ്പുമുള്ള, സൗകര്യപ്രദമായ സ്ഥലമാണ് ഞാൻ പ്രതീക്ഷിക്കുന്നത്, എന്നാൽ എഴുപത്തിയഞ്ച് ശതമാനം സാഹചര്യങ്ങളിലും എന്തെങ്കിലുമൊക്കെ പോരായ്മകളുണ്ടായിരിക്കും.

പലപ്പോഴും ഞങ്ങൾ ഹോട്ടലിലെത്തുമ്പോഴേയ്ക്കും മുറി തയ്യാറായിരിക്കുമെന്ന് ഉറപ്പുകിട്ടിയതിനുശേഷമാണ് ഞങ്ങളവിടെ എത്തിച്ചേരുന്നതെങ്കിലും, ഏറെ സമയത്തിനുശേഷം മാത്രമേ മുറി ഒഴിവുണ്ടാവുകയുള്ളൂ എന്ന മറുപടിയാണ് ഞങ്ങൾക്ക് കിട്ടാറുള്ളത്. ഞങ്ങളുടെ മീറ്റിംഗുകളുടെ സമയത്തെ സംബന്ധിച്ച് തെറ്റായ വിവരങ്ങളാണ് പലപ്പോഴും ഹോട്ടൽ ജീവനക്കാർ ആളുകൾക്കു കൊടുക്കാറുള്ളത് - ഞങ്ങളുടെ പരിപാടിയുടെ വിശദാംശങ്ങൾ എത്രയോ മുൻപുതന്നെ പലയിടത്തും ഹോട്ടലിലെ ജീവനക്കാർ മോശമായി പെരുമാറുന്നവ മടിയന്മാരുമായിരിക്കും. പലപ്പോഴും ഞങ്ങൾ ആവശ്യപ്പെട്ട ഭക്ഷണമായിരിക്കില്ല ലഭിക്കുന്നത്.

ഒരിക്കൽ , ഏതാണ്ട് എണ്ണൂറോളം വരുന്ന ഞങ്ങളുടെ സംഘത്തിലെ സ്ത്രീകൾക്കു ലഭിച്ചത് റം കലർന്ന ഡെസേർട്ടായിരുന്നു. ഏതോ വിവാഹവിരുന്നിനുവേണ്ടി ത്യായറാക്കിയ ഭക്ഷണസാധനങ്ങളുമായി മാറിപ്പോയതാണു കാരണം. ആഹാരത്തിനുശേഷം തങ്ങൾക്കു ലഭിച്ച ഡെസേർട്ടിന് മദ്യത്തിന്റെ രുചിയായിരുന്നുവെന്ന് അവർ പരാതിപ്പെട്ടപ്പോൾ ഞാൻ ശരിക്കു വിഷമിച്ചു പോയി.

ഇങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ വേണമെങ്കിലും പറയാനുണ്ട്, എന്നാൽ ഇതിന്റെ സാരാംശം ഇത്രമാത്രമാണ്: പൂർണ്ണമായും തൃപ്തികരമായ സ്ഥലം തൃപ്തികരമായി പെരുമാറുന്ന ആളുകൾ, തൃപ്തികരമായി നടത്തപ്പെടുന്ന സെമിനാർ എന്നിവ വളരെ അപൂർവ്വമായി മാത്രം സംഭവിക്കുന്നതാണ്.

ഇത്തരം സാഹചര്യങ്ങളിൽ എന്റെ ക്ഷമ നശിക്കാനുള്ള പല കാരണങ്ങളിലൊന്ന് ഞാൻ യാഥാർത്ഥ്യബോധത്തോടെ ചിന്തിക്കുന്നതിനു പകരം ആദർശലോകത്തിൽ കഴിയുന്നുവെന്നതാണ് എന്നെനിക്കു മനസ്സിലായി.

പരാജയപ്പെടാനൊരുങ്ങിയിരിക്കണമെന്നല്ല ഞാൻ പറയുന്നത്. എന്നാൽ ഈ ലോകജീവിതത്തിൽ പരീക്ഷ ഞങ്ങളേയും നിരാശകളേയും സങ്കടങ്ങളേയും നേരിടാൻ നാം തയ്യാറായിരിക്കണമെന്ന് യേശു പറഞ്ഞിട്ടുള്ളത് നിങ്ങളോർമ്മിക്കണം. ഭൂമിയിലെ ജീവിതത്തിന്റെ ഭാഗമാണിതെല്ലാം - വിശ്വാസിയുടെയും അവിശ്വാസിയുടെയും കാര്യത്തിൽ ഇത് ഒരേപോലെ ബാധകമാണ്. എന്നാൽ നാം ദൈവസ്നേഹത്തിൽ കഴിയുകയും പരിശുദ്ധാത്മാവിന്റെ ഫലം പ്രകടമാക്കുകയും ചെയ്യുകയാണെങ്കിൽ ഈ ലോകജീവിതത്തിലെ ദുരിതങ്ങൾക്ക് നമ്മെ ഉപദ്രവിക്കാനാവില്ല.

## ക്ഷമ: സഹിക്കാനുള്ള ശക്തി

**അതുകൊണ്ടു ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവു, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊൾവിൻ.**

**കൊലേസ്യർ : 3: 12**

ഏതു സാഹചര്യത്തിലും എങ്ങനെയാണ് ഞാൻ പെരുമാറേണ്ടത് എന്ന് മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ വാക്യം വായിക്കാറുള്ളത്. കാത്തിരിക്കാനുള്ള കഴിവിനെയല്ല ക്ഷമയെന്നു വിളിക്കുന്നതെന്നും, മറിച്ച് കാത്തിരിപ്പിന്റെ വേളയിൽ നല്ല മനോഭാവം പുലർത്താനുള്ള കഴിവിനെയാണ് ക്ഷമയെന്നു വിശേഷിപ്പിക്കുന്നതെന്നും ഞാനെന്നെ ഓർമ്മിപ്പിക്കാറുണ്ട്.

## പരീക്ഷണങ്ങളിലൂടെയാണ് ക്ഷമയുണ്ടാകുന്നത്.

**എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധപരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നു അറിഞ്ഞു അതു അശേഷം സന്തോഷം എന്നു എണ്ണുവിൻ.**

**എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിനു സ്ഥിരതെക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ.**

**യാക്കോബ് 1: 2-4**

ക്ഷമ ആത്മാവിന്റെ ഫലമാണ്. (ഗലാ. 5: 22). രക്ഷിക്കപ്പെട്ട ഓരോ ആളിന്റേയും ആത്മാവിൽ അത് നിക്ഷേപിക്കപ്പെടുന്നു. ദൈവത്തിന്റെ ജനങ്ങൾ ക്ഷമയുള്ളവരായിരിക്കമമെന്നത് വളരെ പ്രധാനപ്പെട്ട കാര്യമായാണ് അവൻ കരുതുന്നത്. തന്റെ സന്താനങ്ങളിലൂടെ തന്റെ സ്വഭാവം പ്രകടമാക്കപ്പെടുന്നത് മറ്റുള്ളവർ കണ്ടു മനസ്സിലാക്കണമെന്ന് അവനാഗ്രഹിക്കുന്നു.

നാം പൂർണ്ണതയുള്ളവരായിത്തീരുമ്പോൾ നമുക്ക് ഓരോന്നിന്റെയും കുറവുണ്ടായിരിക്കുകയില്ലെന്ന് യാക്കോബിന്റെ ലേഖനം ഒന്നാമദ്ധ്യായത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ക്ഷമാശാലിയായ ഒരുവനെ നിയന്ത്രിക്കാൻ ചെകുത്താനു കഴിയില്ല.

ബുദ്ധിമുട്ടു നിറഞ്ഞ സാഹചര്യങ്ങളുണ്ടാവുമ്പോൾ സന്തോഷിക്കുകയാണ് വേണ്ടതെന്നും ഇവിടെ പറയപ്പെട്ടിരിക്കുന്നു. എന്തെന്നാൽ നമ്മുടെയുള്ളിലെ ക്ഷമ പുറത്തകൊണ്ടുവരുന്നതിനുവേണ്ടി ദൈവമുപയോഗിക്കുന്ന മാർഗ്ഗമാണിത്; '*ന്യൂ കിംഗ് ജെയിംസ് വെർഷ*'നിൽ 'പലവിധത്തിലുള്ള പരീക്ഷണങ്ങൾ നമ്മുടെ ക്ഷമ പ്രകടമാക്കുന്നതിനുള്ള മാർഗ്ഗമായി കരുതപ്പെട്ടിരിക്കുന്നു.

എന്റെ ജീവിതത്തിലും ഇപ്രകാരമുള്ള പരീക്ഷണങ്ങളിലൂടെയാണ് ക്ഷമ പ്രകടമാക്കപ്പെട്ടിട്ടുള്ളത്, എന്നാൽ ആദ്യമൊക്കെ അത്രമേൽ ദൈവീകമല്ലാത്ത പ്രതികരണങ്ങളാണ് അവയെന്നിലുളവാക്കിയത്: അഹങ്കാരം, കോപം, പ്രതിഷേധം എന്നോടുതന്നെയുള്ള സഹതാപം, പരാതിപ്പെടൽ തുടങ്ങിയ പലതും.

ക്ഷമ പ്രകടമാകുന്നതിനു മുൻപ് ഇത്തരം നിഷേധാത്മകഭാവങ്ങളുണ്ടായിരിക്കുക സാധാരണമാണെന്നു തോന്നുന്നു.

## പരീക്ഷണമോ അസൗകര്യമോ?

**പിന്നെ അവർ ഏദോദേശത്തെ ചുറ്റിപ്പോകുവാൻ ഹോർ പർവ്വതത്തിങ്കൽനിന്നു ചെങ്കടൽ വഴിയായി യാത്ര പുറപ്പെട്ടു; വഴിനിമിത്തം ജനത്തിന്റെ മനസ്സു ക്ഷീണിച്ചു.**

**സംഖ്യ 21:4**

ആദ്യം സൂചിപ്പിച്ചതുപോലെ, ഇസ്രയേൽ ജനത വിജനപ്രദേശങ്ങളിൽ നാൽപതു വർഷക്കാലം അലഞ്ഞു നടക്കാൻ കാരണമായ വിജനതാമനോഭാവങ്ങളിലൊന്നാണ് അക്ഷമ.

വാഗ്ദത്തഭൂമിയിലേയ്ക്ക് പ്രവേശിക്കുകയും അവിടുത്തെ താമസക്കാരനെ തുരത്തിയോടിക്കുകയും ചെയ്യേണ്ടവരായ ഇസ്രയേൽ ജനത ചെറിയൊരസൗകര്യത്തിൽപ്പോലും ക്ഷമയും സ്ഥിരതയും നഷ്ടപ്പെടുന്നവരാണെങ്കിൽ എങ്ങനെയാണ് അവർക്കു തങ്ങളുടെ ലക്ഷ്യം നേടാനാവുന്നത്?

പരിശുദ്ധാത്മാവ് നിങ്ങളുടെയുള്ളിൽ ക്ഷമയുടെ സദ്ഫലം വളർത്തിയെടുക്കുക എന്ന ജോലിയിലേർപ്പെട്ടിരിക്കുമ്പോൾ അവനോടൊപ്പം പ്രവർത്തിക്കാനാണ് ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നത്. എത്രത്തോളം നിങ്ങളവനെ ചെറുത്തുനിൽക്കുന്നുവോ, അത്രമാത്രം സമയം വേണ്ടിവരും അവന്റെ പ്രവൃത്തി പൂർത്തീകരിക്കപ്പെടാൻ. എല്ലാ പരീക്ഷണങ്ങളോടും ക്ഷമാപൂർവ്വം പ്രതികരിക്കാൻ ശീലിക്കുക; അപ്പോൾ നിങ്ങളുടെജീവിതം സഹിക്കപ്പെടാവുന്നതു മാത്രമല്ല ആസ്വദിക്കപ്പെടാവുന്നതുമായിത്തീരുന്നു.

## ക്ഷമയുടെയും സഹനത്തിന്റെയും പ്രാധാന്യം

**ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്കു ആവശ്യം.**

**എബ്രാ. 10: 36**

ക്ഷമയും സഹിഷ്ണുതയുമില്ലെങ്കിൽ നമുക്ക് ദൈവിക വാഗ്ദാനങ്ങൾ ലഭി

ക്കില്ലന്നാണ് ഈ വാക്യം നമ്മെ ഓർമ്മിപ്പിക്കുന്നത്. വിശ്വാസം, ക്ഷമ എന്നിവ യിലൂടെ മാത്രമേ നമുക്ക് ദൈവത്തിന്റെ വാഗ്ദാനങ്ങൾക്കവകാശികളായിത്തീ രാൻ കഴിയൂ എന്ന് എബ്രായർക്കുള്ളലേഖനത്തിന്റെ ആറാം അദ്ധ്യായം പന്ത്രണ്ടാം വാക്യം (KJV) പ്രസ്താവിക്കുന്നു.

അഹങ്കാരിയായ ഒരാൾ തന്റെ ശരീരത്തിന്റെ ശക്തിയിൽ വിശ്വസിക്കുകയും താൻ നിശ്ചയിക്കുന്ന സമയത്ത് എല്ലാ കാര്യങ്ങളും നടക്കണമെന്ന് ശഠിക്കു കയും ചെയ്യുന്നു. അപ്പോൾ അഹങ്കാരം ഇങ്ങനെ പറയുന്നു, 'ഞാനിതാ തയ്യാ റായിരിക്കുന്നു.!'

ഇതായിരിക്കും വിനയത്തിന്റെ മറുപടി, 'ദൈവത്തിനാണ് ഏറ്റവും നല്ലതെന്തെന്നറിയാവുന്നത്, അവനൊരിക്കലും വൈകാറില്ല.'

വിനയവാനായ ഒരുവൻ ക്ഷമയോടെ കാത്തിരികകുന്നു; തന്റെ ശാരീരിക ബലത്തെ ആശ്രയിക്കാൻ 'ഭയഭക്തി ബഹുമാനങ്ങൾ' അയാളെ അനുവദിക്കു ന്നില്ല. അഹങ്കാരിയായ ഒരുവനാകട്ടെ ഒന്നിനു പിന്നാലെ ഒന്നായി പല ശ്രമ ങ്ങളും നടത്തുന്നു എന്നാൽ അവയൊന്നും വിജയിക്കുന്നില്ല.

## ഒരു നേർവര എല്ലായ്പ്പോഴും ലക്ഷ്യത്തിലേക്കുള്ള ഏറ്റവും നല്ല കുറുക്കുവഴിയായിരിക്കണമെന്നില്ല

**ചിലപ്പോൾ ഒരു വഴി മനുഷ്യന്നു ചൊവ്വായി തോന്നുന്നു. അതിന്റെ അവസാനമോ മരണവഴികൾ അത്രേ.**

**സുഭാ: 16: 25**

ആത്മീയ മണ്ഡലത്തിൽ നേർവരകൾ പലപ്പോഴും നമ്മുടെ ലക്ഷ്യത്തിലേ ക്കുള്ള ഏറ്റവും ദൂരം കുറഞ്ഞവവിയായിരിക്കണമെന്നില്ല. അതൊരു പക്ഷേ നാശത്തിലേക്കുള്ള കുറുക്കുവഴിയായിരിക്കാം.

എല്ലായ്പ്പോഴും നാം ക്ഷമാശാലികളായിരിക്കുകയും കർത്താവിനെ ആശ്ര യിക്കുകയുമാണു വേണ്ടത്. ഒരു പക്ഷേ നാമാഗ്രഹിക്കുന്ന ലക്ഷ്യത്തിലേക്ക് വളഞ്ഞവഴിയിലൂടെയാണ് അവൻ നമ്മെ നയിക്കുന്നതെങ്കിൽപ്പോലും.

ഈ ലോകത്തിലെ ക്രിസ്തീയ വിശ്വാസികൾക്കിടയിൽ അസന്തുഷ്ടരും നിരാശരുമായ അനേകമാളുകൾക്ക്, ദൈവം താൻ നിശ്ചയിക്കുന്ന സമയത്തും തന്റെ രീതിയിലും കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി കാത്തിരിക്കുന്നതിനു പകരം തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നവ രാണിവർ.

നിങ്ങൾ ദൈവത്തെ ആശ്രയിക്കാൻ ശ്രമിക്കുമ്പോൾ ചെകുത്താൻ നിങ്ങ ളുടെ മനസ്സിനെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നു, 'നിങ്ങൾക്കിഷ്ടമുള്ളതു ചെയ്യൂ' എന്ന നിർദ്ദേശത്തോടെയാണ് അവൻ നിങ്ങളെ സമീപിക്കുന്നത്. നിങ്ങൾ ശാരീരിക താല്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കണമെന്നാണ് അവനാഗ്രഹി ക്കുന്നത്, എന്തെന്നാൽ ശരീരം ഉപയോഗശൂന്യമാണെന്ന് അവനറിയാം (യോഹ.6: 63; റോമർ 13: 14)

അക്ഷമയെന്നത് അഹങ്കാരത്തിന്റെ അടയാളമാണ്. ഇതിനുള്ള ഒരേയൊരു പരിഹാരം എളിമയാണ്.

## എളിമയുള്ളവനായിരിക്കുക
## കർത്താവിനെ ആശ്രയിക്കുക

**അതുകൊണ്ടു അവൻ തക്ക സമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ.**

**1 പത്രോസ് 5: 6**

‘സ്വയം താഴ്ത്തുക’ എന്നതിനർത്ഥം നിങ്ങളെക്കുറിച്ച് മോശമായി ചിന്തിക്കുകയെന്നല്ല. മറിച്ച്, ‘എല്ലാ പ്രശ്നങ്ങളും നിങ്ങൾക്കൊറ്റയ്ക്ക് പരിഹരിക്കാൻ കഴിയുമെന്ന് ചിന്തിക്കരുത് ’എന്നു മാത്രമാണ്.

അഹങ്കാരത്തോടെ ഏതു പ്രശ്നത്തേയും സ്വന്തം കൈകളിലേയ്ക്കേറ്റെടുക്കുന്നതിനു പകരം ദൈവത്തിന്റെ ശക്തമായ കരത്തിനു കീഴിൽ താഴ്മയോടെ നിൽക്കാനാണ് നാം ശീലിക്കേണ്ടത്. ശരിയായ സമയമെത്തുമ്പോൾ അവൻ നമ്മെ ഉയർത്തിക്കൊള്ളും.

നാം ദൈവത്തെ ആശ്രയിക്കുകയും ശാരീരിക താല്പര്യങ്ങൾക്കൊത്ത് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുമ്പോൾ ‘നമ്മുടെ വ്യക്തിത്വത്തിന്റെ മരണം’ സംഭവിക്കുന്നുണ്ട്. നമ്മുടേതായ രീതിയിൽ നാം നിശ്ചയിക്കുന്ന സമയം തുടങ്ങിയവ അവസാനിക്കുകയും ദൈവഹിതത്തിനും അവന്റെ വഴികൾക്കുമനുസൃതമായി നാം ജീവിക്കുകയും ചെയ്യുന്നു.

ദൈവം നമ്മോടെന്തു ചെയ്യാനാണോ ആവശ്യപ്പെടുന്നത്, അനുസരണയോടെ നാമതു ചെയ്തിരിക്കണം. അതേ സമയം ശാരീരികമായ അഹങ്കാരത്തെക്കുറിച്ച് നമ്മുടെയുള്ളിൽ ദൈവികമായ ഭയമുണ്ടായിരിക്കുകയും വേണം. ഓർമ്മിച്ചുകൊള്ളുക: അഹങ്കാരമാണ് അക്ഷമയുടെ പേര്. ‘ഒന്നിനും വേണ്ടി കാത്തു നിൽക്കാൻ ഞാൻ തയ്യാറല്ല; എല്ലാമെനിക്ക് ഉടൻ തന്നെ ലഭിക്കണം’ എന്നാണ് അഹങ്കാരയായ ഒരുവൻ ചിന്തിക്കുന്നത്.

നിങ്ങൾ നിരാശയ്ക്കും അക്ഷമയ്ക്കും വഴിപ്പെടാൻ സാധ്യതയുള്ളപ്പോൾ ഇങ്ങനെ ചിന്തിക്കാനാണ് ഞാൻ നിങ്ങളോടുപദേശിക്കുന്നത്. ‘കർത്താവേ, അങ്ങ് നിശ്ചയിക്കുന്ന സമയത്ത് അങ്ങയുടെ ഹിതമനുസരിച്ച് കാര്യങ്ങൾ നടക്കണമെന്നാണതിന്റെയാഗ്രഹം. അങ്ങയെക്കാൾ മുൻപേയോ അങ്ങേയ്ക്കു പിറകിലോ ആയിരിപ്പാൻ ഞാനാഗ്രഹിക്കുന്നില്ല. അല്ലയോ പിതാവേ, ക്ഷമയോടെ അങ്ങയെ ആശ്രയിക്കാൻ എന്നെ സഹായിക്കേണമേ.’

# 21

# "എന്റെ പെരുമാറ്റം തെറ്റായിരിക്കാം, പക്ഷേ അതെന്റെ കുറ്റമല്ല"

## വിജനതാ മനോഭാവം – 6

**അതിന്നു മനുഷ്യൻ: എന്നോടു കൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷ ഫലം തന്നു; ഞാൻ തിന്നുകയും ചെയ്തു എന്നു പറഞ്ഞു.**

**യഹോവയായ ദൈവം സ്ത്രീയോടു: നീ ഈ ചെയ്തതു എന്തു എന്നു ചോദിച്ച തിന്നു; പാമ്പു എന്നെ വഞ്ചിച്ചു, ഞാൻ തിന്നുപോയി എന്നു സ്ത്രീ പറഞ്ഞു.**

**ഉല്പത്തി 3; 12, 13**

സ്വന്തം പ്രവൃത്തികളുടെ ഉത്തരവാദിത്വമേറ്റെടുക്കാനുള്ള വിമുഖത, േതു പ്രശ്നങ്ങൾക്കും കാരണം മറ്റുള്ളവരാണെന്ന് ആരോപിക്കൽ തുടങ്ങിയവ വിജനതാ മനോഭാവത്തിന്റെ പ്രധാന കാരണങ്ങളാണ്.

കാലത്തിന്റെ ആരംഭം മുതൽത്തന്നെ നിലനിൽക്കുന്നതാണ് ഈ പ്രശ്നം. ഏദെൻ തോട്ടത്തിൽവെച്ച് തെറ്റു ചെയ്ത ആദവും ഹവ്വായും പരസ്പരം കുറ്റപ്പെടുത്തുകയും, ദൈവത്തിന്റേയും ചെകുത്താന്റേയും മേൽ കുറ്റാരോപണം നടത്തുകയുമാണ് ചെയ്തത്, തങ്ങളുടെ പ്രവൃത്തികളുടെ ഉത്തരവാദിത്വമേറ്റെടുക്കാനവർ തയ്യാറായില്ല.

## ഇതെല്ലാം നിങ്ങളുടെ കുറ്റമാണ്

**അബ്രഹാമിന് തന്റെ ഭാര്യ സാറായിൽ കുട്ടികളുണ്ടായില്ല. അവൾക്ക് ഹാഗാർ എന്നു പേരുള്ള ഈജിപ്തുകാരിയായ ഒരു ദാസിയുണ്ടായിരുന്നു.**

**സാറാ അബ്രാഹാമിനോടു പറഞ്ഞു:, എനിക്ക് കുട്ടികളുണ്ടാകാൻ ദൈവമനുവദിച്ചിട്ടില്ല. നിങ്ങളെന്റെ ദാസിയുടെയടുത്തേയ്ക്കു പോവുക; ഒരു പക്ഷേ എനിക്ക് അവളിലൂടെ കുട്ടികളെ കിട്ടിയേക്കാം. അബ്രഹാം സാറാ പറഞ്ഞതനുസരിച്ചു.**

**കാനാൻദേശത്ത് പത്തുവർഷം താമസിച്ചതിനുശേഷം, സാറാ തന്റെ ദാസിയായ ഹാഗാറിനെ അബ്രാഹാമിനു ഭാര്യയായി നൽകി.**

**അബ്രഹാം ഹാഗാറുമായി ബന്ധപ്പെടുകയും അവൾ ഗർഭിണിയാവുകയും ചെയ്തു. താൻ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ അവൾ തന്റെ യജമാനത്തിയെ നിന്ദിക്കാൻ തുടങ്ങി.**

**അപ്പോൾ സാറാ അബ്രഹാമിനോടിങ്ങനെ പറഞ്ഞു. എന്റെ ദുരിതത്തിനു കാരണക്കാർ നിങ്ങളാണ്. എന്റെ ദാസിയെ ഞാനാണു നിങ്ങൾക്കു നല്കിയത്; എന്നാൽ അവൾ ഗർഭിണിയായതോടെ ഞാനവളുടെ മുൻപിൽ നിന്ദ്യയായിരിക്കുന്നു. നിങ്ങൾക്കുമെനിക്കുമിടയിൽ കർത്താവ് വിധി പ്രസ്താവിക്കട്ടെ.**

**അപ്പോൾ അബ്രഹാം സാറായോട് പറഞ്ഞു ഇപ്പോഴും നിന്റെ ദാസി നിന്റെ അധീനതയിൽത്തന്നെയാണ്; നിനക്കിഷ്ടമുള്ളതുപോലെ അവളോടു പെരുമാറിക്കൊള്ളുക സാറാ അവളോട് ക്രൂരമായി പെരുമാറാൻ തുടങ്ങിയപ്പോൾ അവൾ അവിടെ നിന്നും ഒളിച്ചോടിപ്പോയി.**

**ഉല്പത്തി 16: 16** (NKJV)

ആദാമിനും ഹവ്വായ്ക്കുമിടയിൽ സംഭവിച്ചതു തന്നെയാണ് അബ്രഹാമിനും സാറായ്ക്കുമിടയിൽ സംഭവിച്ചത്. അവർക്കൊരു സന്താനമുണ്ടാകുമെന്ന ദൈവത്തിന്റെ വാഗ്ദാനം സഫലമാകുന്നതു കാത്ത് വർഷങ്ങൾക്കഴിഞ്ഞപ്പോൾ അവരക്ഷമരായിത്തീർന്നു; അങ്ങനെ 'അവരുടെയിച്ഛയ്ക്കൊത്ത്' പ്രവർത്തിക്കുകയും ചെയ്തു. അതിന്റെ ഫലമായി കുഴപ്പങ്ങളുണ്ടായപ്പോൾ അവർ പരസ്പരം കുറ്റപ്പെടുത്താനാരംഭിച്ചു.

എനിക്കും ഡേവിനുമിടയിലും ഇതേ പ്രശ്നം മുൻപ് എത്രയോ തവണ ഉണ്ടായിട്ടുണ്ട്. ജീവിതത്തിലെ യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നൊഴിഞ്ഞുമാറുകയാണ് ഞങ്ങൾ, അപ്പോഴൊക്കെ ചെയ്തുകൊണ്ടിരുന്നത്, യാഥാർത്ഥ്യത്തെ നേരിടാൻ ഞങ്ങൾ തയ്യാറായിരുന്നില്ല.

ഡേവിനു മാറ്റമുണ്ടാകണമെന്ന് ഞാൻ പ്രാർത്ഥിച്ചിരുന്നത് ഇപ്പോഴുമെനിക്കോർമ്മയുണ്ട്. ബൈബിൾ വായിക്കുംതോറും, ഡേവിന്റെ ന്യൂനതകളെക്കുറിച്ചാണ് ഞാൻ കൂടുതൽ കൂടുതൽ മനസ്സിലാക്കിക്കൊണ്ടിരുന്നത്, ഡേവ് എത്രമാത്രം മാറേണ്ടിയിരിക്കുന്നുവെന്ന് എനിക്കു തോന്നിക്കൊണ്ടേയിരുന്നു! ഞാൻ പ്രാർത്ഥിച്ചപ്പോൾ കർത്താവെന്നോടിങ്ങനെ പറഞ്ഞു, 'ജോയ്സ്, ഡേവ് അല്ല കുഴപ്പക്കാൻ; അതു നീയാണ്.'

ഞാനാകെ നിരാശയിലായി. ഏറെ നേരം ഞാൻ കരഞ്ഞു. മൂന്നു ദിവസം മുഴുവൻ ഞാൻ കരഞ്ഞുകൊണ്ടേയിരുന്നു. വീട്ടിലെ എല്ലാ കാര്യങ്ങളും നിയന്ത്രിക്കാനും മറ്റുള്ളവരെ ഭരിക്കാനും ശല്യപ്പെടുത്താനും പരാതിപറയാനുമാണ് ഇത്രകാലവും ഞാൻ ശ്രമിച്ചുകൊണ്ടിരുന്നതെന്ന് ദൈവമെനിക്കു കാട്ടിത്തന്നിരിക്കുന്നു. നിഷേധാത്മകമായി ചിന്തിക്കുന്നയാളാണ് ഞാനെന്നും, എന്നെ സന്തോഷിപ്പിക്കുയെന്നത് വളരെ വിഷമകരമാണെന്നും കൂടി അവനെനിക്കു മനസ്സിലാക്കിത്തന്നിരിക്കുന്നു. എന്റെ അഹങ്കാരത്തിനേറ്റ കനത്ത പ്രഹരമരായിരുന്നു അത്. എന്നാൽ അതേ സമയം കർത്താവിലുള്ള എന്റെ വീണ്ടെടുപ്പിന്റെ ആരംഭവുമായിരുന്നു.

അധികമാളുകളുടേയുംപോലെ എല്ലാ കുറ്റങ്ങളും മറ്റുള്ളവരുടെമേൽ, അല്ലെങ്കിൽ എനിക്കു നിയന്ത്രിക്കാനാവാനും സാഹചര്യങ്ങളുടെമേൽ ചുമത്തുകയുമായിരുന്നു. എന്റെ പതിവ്. എനിക്കുണ്ടാവുന്ന ദുരനുഭവങ്ങളാണിതിന്റെ കാരണമെന്നായിരുന്നു എന്റെ ന്യായീകരണം. എന്നാൽ ദൈവം എന്നോടിങ്ങനെ പറഞ്ഞു, 'നിന്റെ ദുരിതാനുഭവങ്ങളായിരിക്കാം കാരണം; എന്നാൽ അതൊരു ന്യായീകരണമല്ല!'

ചെകുത്താൻ നമ്മുടെ മനസ്സിന്റെമേൽ പ്രവർത്തിക്കുന്നു. സത്യത്തെ അഭിമുഖീകരിക്കുന്നതിൽനിന്നും നമ്മെത്തടയുന്ന കോട്ടകൾ അവൻ പടുത്തുയർത്തുന്നു എന്തെന്നാൽ സത്യം നമ്മെ സ്വതന്ത്രരാക്കുമെന്നവനറിയാം.

നമ്മെക്കുറിച്ചും നമ്മുടെ പെരുമാറ്റത്തെക്കുറിച്ചുമുള്ള സത്യത്തെ അഭിമുഖീകരിക്കുകയെന്നതാണ് വൈകാരികമായി ഏറ്റവും വേദനാകരമായ അനുഭവം. ഇത് വേദനാകരമായതിനാലാണ് അധികമാളുകളും ഇതിൽനിന്നൊഴിഞ്ഞുമാറുന്നത്. മറ്റുള്ളവരെക്കുറിച്ചുള്ള സത്യത്തെ അഭിമുഖീകരിക്കാനെളുപ്പമാണ് – എന്നാൽ അത് നമ്മെപ്പറ്റിയുള്ളതാവുമ്പോൾ വളരെ വിഷമകരമാവുന്നു.

## എങ്കിൽ................

**ജനം ദൈവത്തിന്നും മോശെക്കും വിരോധമായി സംസാരിച്ചു; മരുഭൂമിയിൽ മരിക്കേണ്ടതിന്നു നിങ്ങൾ ഞങ്ങളെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്നതു എന്തിനു? ഇവിടെ അപ്പവുമില്ല, വെള്ളവുമില്ല; ഈ സാരമില്ലാത്ത ആഹാരം ഞങ്ങൾക്കു വെറുപ്പാകുന്നു എന്നു പറഞ്ഞു.**

**സംഖ്യ. 21: 5**

തങ്ങളുടെ എല്ലാ പ്രശ്നങ്ങൾക്കും കാരണം ദൈവവും മോശയുമാണെന്ന മട്ടിലാണ്. ഇസ്രയേൽ ജനത പരാതിപ്പെട്ടുകൊണ്ടിരുന്നത്. മരുഭൂമിയിൽ അലഞ്ഞുതിരിയേണ്ടിവന്നതിന്റെ ഉത്തരവാദിത്വത്തിൽനിന്നും അവർ പൂർണ്ണമായും ഒഴിഞ്ഞുമാറി. നാൽപ്പതുവർഷക്കാലം മരുഭൂമിയിൽ കഴിഞ്ഞുകൂടേണ്ടിവന്നതിന്റെ കാരണമായ വിജനതാ മനോഭാവമിതാണെന്ന് കർത്താവെനിക്കു കാട്ടിത്തന്നു.

എന്റെ ജീവിതത്തിലും, ഒരേ പർവ്വതത്തിനു ചുറ്റും വർഷങ്ങളോളം ഞാൻ കറങ്ങിത്തിരിയേണ്ടിവന്നതിന്റെ കാരണവുമിതു തന്നെ. എന്റെ മോശമായ പെരുമാറ്റത്തിന്റെ വിശദീകരണമായി ഞാൻ നിരത്തിവെച്ചുകൊണ്ടിരുന്ന കാരണങ്ങൾ എണ്ണമറ്റവയായിരുന്നു:

‘കുട്ടിക്കാലത്ത് എനിക്ക് മോശമായ അനുഭവങ്ങളുണ്ടായിരുന്നില്ലെങ്കിൽ ഞാൻ കുറച്ചുകൂടി ക്ഷമാശീലമുള്ളവളായിരുന്നേനേ.’

‘ശനിയാഴ്ചകളിൽ ഡേവ് ഗോൾഫ് കഴിക്കാതിരുന്നെങ്കിൽ എനിക്കദ്ദേഹത്തോട് ദേഷ്യം വരുമായിരുന്നില്ല.’

‘എന്നോട് കുറച്ചുനേരം സംസാരിക്കാൻ ഡേവ് തയ്യാറായിരുന്നെങ്കിൽ എനിക്ക് ഒറ്റപ്പെടലനുഭവപ്പെടുകയില്ല.’

‘ഇടയ്ക്കിടയ്ക്ക് ഡേവെനിക്ക് സമ്മാനങ്ങൾ വാങ്ങിത്തന്നിരുന്നെങ്കിൽ എന്റെ പെരുമാറ്റം നിഷേധാത്മകമാകുന്നില്ല.’

‘എനിക്ക് ജോലി ചെയ്യേണ്ടിവരുന്നില്ല ഞാനിത്രയധികം ക്ഷീണിക്കുമായിരുന്നില്ല.

(അങ്ങനെ ഞാൻ ജോലിയുപേക്ഷിച്ചു. എന്നിട്ടും കാര്യങ്ങൾക്കു മാറ്റമുണ്ടായില്ല.....)’

'ഇടയ്ക്കിടയ്ക്ക് വീട്ടിൽനിന്നും പുറത്തുപോകാൻ കഴിഞ്ഞിരുന്നെങ്കിൽ എനിക്കിത്രയധികം മടുപ്പനുഭവപ്പെടുമായിരുന്നില്ല.'

'ഞങ്ങൾക്കു കുറച്ചുകൂടി പണമുണ്ടാക്കാമായിരുന്നെങ്കിൽ..............'

'ഞങ്ങൾക്ക് സ്വന്തമായി ഒരു വീടുണ്ടായിരുന്നെങ്കിൽ (അങ്ങനെ ഞങ്ങൾ ഒരു വീടുവാങ്ങി, എന്നിട്ടും സ്ഥിതിഗതികൾ മാറിയില്ല.......)'

'ഓരോ മാസവും ഇത്രയേറെ പണമടയ്ക്കേണ്ടി വരുന്നില്ലെങ്കിൽ................'

'കുറച്ചുകൂടി നല്ല അയൽക്കാരും നല്ല സുഹൃത്തുക്കളുമുണ്ടായിരുന്നെങ്കിൽ........'

എങ്കിൽ! എങ്കിൽ! എങ്കിൽ! എങ്കിൽ!

എങ്കിൽ! എങ്കിൽ!എങ്കിൽ! എങ്കിൽ!

## പക്ഷേ...................

**കർത്താവ് മോശയോടിങ്ങനെ പറഞ്ഞു, ഞാൻ ഇസ്രയേലിനു നൽകുന്ന കാനാൻ ദേശം പരിശോധിക്കുന്നതിനായി ആളുകളെ അയയ്ക്കുക. നിങ്ങളുടെ പിതാക്കന്മാരുടെ ഓരോ ഗോത്രത്തിലുംനിന്ന് ഓരോ തലവനെ വീതമാണയയ്ക്കേണ്ടത്.**

**കർത്താവിന്റെ കൽപ്പനയനുസരിച്ച് ഇസ്രായേൽ ജനതയുടെ തലവന്മാരേ മോശ പാരാൻ മരുഭൂമിയിൽനിന്നുമയച്ചു...................**

**നാല്പതു ദിവസത്തെ നിരീക്ഷണത്തിനുശേഷം അവർ മടങ്ങിയെത്തി.**

**പാരാൻ മരുഭൂമിയിലുള്ള കാദേശിലെത്തി മോശയെയും ആരോണിനേയും, മുഴുവൻ ഇസ്രോയേൽ ജനതയേയും വിവരങ്ങറിയിക്കുകയും ആ ദേശത്തെ പഴങ്ങൾ കാണിക്കുകയും ചെയ്തു.**

**അവർ മോശയോടിങ്ങനെ പറഞ്ഞു, നിങ്ങൾ പറഞ്ഞ ദേശത്ത് ഞങ്ങൾ പോയി വന്നിരിക്കുന്നു; അവിടെ പാലും തേനുമൊഴുകുന്നു. ഇത് അവിടത്തെ പഴങ്ങളാണ്.**

**പക്ഷേ അവിടെത്താമസിക്കുന്ന ആളുകൾ ബലവാന്മാരാണ്; അവരുടെ പട്ടണങ്ങൾക്ക് ബലിഷ്ഠമായ കോട്ടകളുണ്ട്, അവ വളരെ വിശാലമാണ്; മാത്രമല്ല, അനാക്കിന്റെ സന്താനങ്ങളെ ഞങ്ങളവിടെ കാണുകയും ചെയ്തു (ശക്തിയും ധൈര്യവുമുള്ളവർ)**

**സംഖ്യ 13: 13, 25 28**

നമ്മുടെ മനസ്സിൽ ചെകുത്താൻ പാകുന്ന വഞ്ചനാത്മകമായ രണ്ടു വാക്കുകളാണ് 'എങ്കിൽ', 'പക്ഷേ' എന്നിവ. വാഗ്ദത്തഭൂമിയിലേക്ക് രഹസ്യനിരീക്ഷണത്തിനായി അയയ്ക്കപ്പെട്ട പന്ത്രണ്ടു ചാരന്മാരും മടങ്ങിയെത്തിയത് വലിയ മുന്തിരിക്കുലകളുമായാണ് - അവ. അത്രമേൽ വലുതായിരുന്നതിനാൽ രണ്ടാളുകൾ ചേർന്നാണ് അവയോരോന്നും ചുമന്നുകൊണ്ടുവന്നത്; എന്നാൽ തൃപ്തികരമല്ലാത്ത മറുപടിയാണ് അവർ ആ ദേശത്തെക്കുറിച്ച് മോശയ്ക്കും ജനങ്ങൾക്കും നൽകിയത്.

പക്ഷേ എന്ന വാക്കാണ് അവരെ പരാജയപ്പെടുത്തിയത്! തങ്ങളുടെ ദൃഷ്ടികൾ ദൈവത്തിലുറപ്പിക്കുന്നതിനു പകരം പ്രശ്നങ്ങളിലാണ് അവരുറപ്പിച്ചത്.!

നമ്മുടെ പ്രശ്നങ്ങൾ ദൈവത്തെക്കാൾ ശക്തമാണെന്നു ചിന്തിക്കുന്നതാണ് നാം പ്രശ്നങ്ങളാൽ തോൽപ്പിക്കപ്പെടുന്നതിന്റെ പ്രധാനകാരണം. സത്യത്തെ അഭിമുഖീകരിക്കുകയെന്നത് നമുക്ക് വിഷമകരമാവുന്നതും ഇതുകൊണ്ടുതന്നെ. ദൈവത്തിന് നമ്മിൽ മാറ്റം വരുത്താൻ കഴിയുമെന്ന് നാം ഉറച്ചു വിശ്വസിക്കുന്നില്ല; അതിനാൽ യഥാർത്ഥത്തിൽ നാമെന്താണെന്ന സത്യത്തെ അഭിമുഖീകരിക്കുന്നതിനു പകരം നാമതിൽനിന്നും ഒഴിഞ്ഞു മാറുന്നു.

ദൈവം എന്റെമേൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ എന്നെ സംബന്ധിക്കുന്ന യാഥാർത്ഥ്യത്തെ നേരിടാൻ എനിക്കു വിഷമമില്ല, എന്തെന്നാൽ എന്നിൽ മാറ്റങ്ങൾ വരുത്താൻ ദൈവത്തിനു കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. ദൈവത്തിന് എന്താണു ചെയ്യാൻ കഴിയുന്നതെന്ന് ഇതിനോടകം തന്നെ ഞാൻ കണ്ടിട്ടുണ്ട്. ഞാനവനെ വിശ്വസിക്കുകയും ചെയ്യുന്നു. ദൈവത്തോടൊപ്പമുള്ള എന്റെ യാത്രയാരംഭിച്ചകാലത്ത് അത് എളുപ്പമായിരുന്നില്ല. എന്റെ ജീവിതകാലമത്രയും എല്ലായ്പ്പോഴും ഏതെങ്കിലുമൊന്നിൽനിന്നും ഒളിച്ചിരിക്കുകയായിരുന്നു ഞാൻ ചെയ്തുകൊണ്ടിരുന്നത്. ഏറെക്കാലം ഇരുട്ടിൽ കഴിഞ്ഞഞ്ഞുകൂടിയതിനാൽ വെളിച്ചത്തിലേക്കുള്ള വരവ് ഒട്ടും തന്നെ എളുപ്പമായിരുന്നില്ല.

## ആന്തരിക വ്യക്തിയിലെ സത്യം

**ദൈവമേ, നിന്റെ ദയെക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകേണമേ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയേണമേ.**

**എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ.**

**എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു.**

**നിന്നോടുതന്നെ ഞാൻ പാപം ചെയ്തു; നിനക്കു അനിഷ്ടമായതു ഞാൻ ചെയ്തിരിക്കുന്നു. സംസാരിക്കുമ്പോൾ നീ നീതിമാനായും വിധിക്കുമ്പോൾ നിർമ്മലനായും ഇരിക്കേണ്ടതിനു തന്നേ, ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി;**

**പാപത്തിൽ എന്റെ അമ്മ ഗർഭം ധരിച്ചു, അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നതു; അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമേ.**

**സങ്കീ. 51: 1–6**

51–ാം സങ്കീർത്തനത്തിൽ, ദാവീദ് രാജാവ് ദൈവത്തോട് തന്റെ പാപങ്ങൾക്ക് ക്ഷമാപണവും കാരുണ്യവും അപേക്ഷിക്കുന്നത് നാം കാണുന്നു, ബത്ശേബായുമായുള്ള അവിഹിതബന്ധം, അവളുടെ ഭർത്താവിന്റെ കൊല തുടങ്ങിയ പാപങ്ങളുടെ പേരിൽ ദൈവമദ്ദേഹത്തെ ശിക്ഷിക്കാനൊരുങ്ങുന്നതാണ് സന്ദർഭം.

ഈ സങ്കീർത്തനം രചിക്കപ്പെടുന്നതിന് ഒരു വർഷം മുൻപായിരുന്നു ദാവീദ് പാപം ചെയ്തത്, എന്നാലൊരിക്കൽപ്പോലും തന്റെ പാപം തുറന്നു സമ്മതിക്കാൻ

അദ്ദേഹം തയ്യാറായില്ല. സത്യത്തെ അഭിമുഖീകരിക്കാൻ തയ്യാറാകാതിരുന്നതു മൂലം പശ്ചാത്തപിക്കാനും അദ്ദേഹത്തിനു കഴിഞ്ഞില്ല. പശ്ചാത്തപിക്കാൻ കഴിയാതിരുന്നതിനാൽ ദൈവത്തോടദ്ദേഹത്തിനു മാപ്പു നൽകിയതുമില്ല.

ഇതിലെ അഞ്ചാം വാക്യം വളരെ ശക്തമാണ്. നമ്മുടെ ആന്തരികസത്തയിൽ പരമമായ സത്യമുണ്ടാവണമെന്നാണ് ദൈവമാഗ്രഹിക്കുന്നതെന്ന് ഇവിടെ പറയപ്പെട്ടിരിക്കുന്നു. ദൈവാനുഗ്രഹം നേടാൻ നാമാഗ്രഹിക്കുന്നുവെങ്കിൽ നമ്മെക്കുറിച്ചും നമ്മുടെ പാപങ്ങളെക്കുറിച്ചും നാം ദൈവത്തിനു മുൻപിൽസത്യസന്ധനായിരിക്കണമെന്നാണിതിന്റെയർത്ഥം.

## കുറ്റസമ്മതത്തിനു പിന്നാലെ മാപ്പു ലഭിക്കും

**നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി.**

**നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും, നീതിമാനും ആകുന്നു.**

**നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു; അവന്റെ വചനം നമ്മിൽ ഇല്ലാതെയായി.**

**1 യോഹ. 1: 8–10**

നാം ആത്മാർത്ഥമായി പശ്ചാത്തപിച്ചാൽ വളരെയെളുപ്പം ദൈവം നമുക്ക് മാപ്പു നൽകുന്നു, എന്നാൽ നാം ചെയ്ത കാര്യങ്ങളെക്കുറിച്ചുള്ള പരമാർത്ഥത്തെ അഭിമുഖീകരിക്കാൻ തയ്യാറാകുമ്പോൾ മാത്രമാണ് നമുക്ക് പശ്ചാത്തപിക്കാൻ കഴിയുന്നത്. നാം തെറ്റു ചെയ്തെന്നു സമ്മതിക്കുകയും എന്നാലതിന് ന്യായീകരണം കണ്ടെത്തുകയും ചെയ്യുമ്പോൾ, നാം ദൈവികമായ രീതിയിൽ സത്യത്തെ അഭിമുഖീകരിക്കുന്നില്ല. സ്വാഭാവികമായും നമുക്ക് നമ്മെയും നമ്മുടെ പ്രവൃത്തികളേയും അഭിമുഖീകരിക്കാൻ താല്പര്യം തോന്നും, എന്നാൽ യേശുക്രിസ്തുവിൽ മാത്രമാണ് നമുക്ക് ന്യായീകരണമുള്ളതെന്നാണ് ബൈബിൾ പറയുന്നത് (റോമ 3: 20–24. പാപികളായ നാം യേശുവിന്റെ രക്തത്താൽ മാത്രമാണ് - നമ്മുടെ ന്യായീകരണങ്ങളാലല്ല - ദൈവത്തിന്റെ നീതി നേടിയിട്ടുള്ളത്.

ഒരു ദിവസം എന്റെ അയൽക്കാരി, തന്റെ കാർ സ്റ്റാർട്ടാകാത്തതുമൂലം തനിക്കു പുറത്തുപോകാൻ കഴിയുന്നില്ലെന്നും, ബാങ്ക് അടയ്ക്കുന്നതിനു മുൻപ് തന്നെ അവിടെയെത്തിക്കണമെന്നും എന്നോടാവശ്യപ്പെട്ടു. എന്നാൽ 'എന്റെ സ്വന്തം കാര്യങ്ങ'ളുടെ തിരക്കിലായിരുന്നതിനാൽ തികച്ചും മോശമായാണ് ഞാൻ അവരോട് പെരുമാറിയത്. ഫോൺ താഴെവെച്ചു കഴിഞ്ഞപ്പോൾ എനിക്കു വിഷമം തോന്നി, വീണ്ടുമവരെ വിളിച്ച് ക്ഷമാപണം നടത്തുകയും ബാങ്കിലേക്ക് കൂട്ടിക്കൊണ്ടുപോവുകയും ചെയ്യണമെന്നെനിക്കു തോന്നി. എന്റെ മോശമായ പെരുമാറ്റത്തെ എന്റെ മനസ്സു നിറയെ: 'എനിക്കു നല്ല സുഖമുണ്ടായിരുന്നില്ല........' 'ഞാൻ തിരക്കിലായിരുന്നു..........', 'ഇന്നത്തെ ദിവസം ഏറെ വിഷമം പിടിച്ചതായിരുന്നു...........' എന്നൊക്കെ പറയാൻ ഞാനാഗ്രഹിച്ചു.

എന്നാൽ ന്യായീകരണങ്ങൾ നടത്താൻ ശ്രമിക്കരുതെന്ന് പരിശുദ്ധാത്മാവ് എന്റെയുള്ളിൽ പിറുപിറുക്കുന്നത് എനിക്കു കേൾക്കാമായിരുന്നു.

‘നീ ചെയ്തത് തെറ്റിപ്പോയെന്ന് അവരെ വിളിച്ചു പറയുക. എന്റെ മോശമായ പെരുമാറ്റത്തിന് യാതൊരു ന്യായീകരണവുമില്ല, നിങ്ങളെ ബാങ്കിലേക്കു കൊണ്ടുപോകാൻ ദയവായി എന്നെ അനുവദിക്കുക. എന്നും അവരോടു പറയുക.

ഇത് വളരെ വിഷമകരമായിരുന്നു. ഞാനാകെ അസ്വസ്ഥയായി. സത്യത്തിൽനിന്നും ഒളിച്ചോടണമെന്നെനിക്കു തോന്നി. എന്നാൽ സത്യം പ്രകാശമായതിനാൽ അതിൽനിന്നുമൊളിച്ചിരിക്കാനാവില്ലെന്ന് എനിക്കറിയാമായിരുന്നു.

## സത്യം പ്രകാശമാണ്.

**ആദിയിൽ വചനം ഉണ്ടായിരുന്നു.**

**വചനം ദൈവത്തോടുകൂടിയായിരുന്നു;**

**വചനം ദൈവം ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല. അവനിൽ ജീവൻ ഉണ്ടായിരുന്നു;**

**ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു.**

**യോഹ. 1: 1–5**

ഇരുട്ടിന്റെ സാമ്രാജ്യത്തിനെതിരേ പോരാടാനുള്ള ഏറ്റവും ശക്തമായ ആയുധങ്ങളിലൊന്നാണ് സത്യം. സത്യം പ്രകാശമാണ്, ഇരുട്ടൊരിക്കലും പ്രകാശത്തെ തോൽപിച്ചിട്ടില്ലെന്നും, ഒരിക്കലും ഇരുട്ടിനത് കഴിയില്ലെന്നുമാണ് ബൈബിൾ പറയുന്നത്.

കാര്യങ്ങൾ ഇരുട്ടിനുള്ളിലൊളിച്ചുവെയ്ക്കപ്പെടാനാണ് ചെകുത്താനാഗ്രഹിക്കുന്നത്, എന്നാൽ അവയെ വെളിച്ചത്തിലേയ്ക്കെത്തിക്കാനും വേണ്ടവിധത്തിൽ കൈകാര്യം ചെയ്യാനുമാണ് പരിശുദ്ധാത്മാവിനു താല്പര്യം; അങ്ങനെ ചെയ്യുന്നതിലൂടെ നിങ്ങളും ഞാനുമെല്ലാം യഥാർത്ഥ സ്വാതന്ത്ര്യം നേടുന്നു.

സത്യം നമ്മെ സ്വതന്ത്രരാക്കുന്നുവെന്നാണ് യേശു പറഞ്ഞത് (യോഹ. 8:32) സത്യത്തിന്റെ ആത്മാവ് സത്യത്തെ വെളിപ്പെടുത്തുന്നു.

## സത്യത്തിന്റെ ആത്മാവ്

**ഇനിയും വളരെയേറെ കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയാനുണ്ട്, എന്നാൽ ഇപ്പോഴവയെ വഹിക്കാൻ കഴിയില്ല.**

**സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കുകയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചുതരികയും ചെയ്യും.**

**യോഹന്നാൻ: 16: 12, 13**

തന്റെ ശിഷ്യന്മാർക്ക് പൂർണ്ണമായ സത്യമെന്തെന്നു കാട്ടിക്കൊടുക്കാൻ യേശുവിനു കഴിയുമായിരുന്നു, എന്നാൽ അവരതിനു തയ്യാറായിരുന്നില്ലെന്ന് അവനറിയാമായിരുന്നു. സ്വർഗ്ഗത്തിൽനിന്നും പരിശുദ്ധാത്മാവ് അവരിലേയ്ക്കിറങ്ങി വന്ന് അവരുടെയുള്ളിൽ വസിക്കുന്നവരെ കാത്തിരിക്കേണ്ടതുണ്ടെന്ന് അവൻ മനസ്സിലാക്കി.

യേശു സ്വർഗ്ഗത്തിലേക്കു പോയതിനു ശേഷം, നമ്മോടൊപ്പം പ്രവർത്തിക്കുന്നതിനും ദൈവത്തിന്റെ മഹത്വം നമ്മുടെ പ്രവൃത്തികളിലൂടെ തെളിയിക്കുന്നതിനു നമ്മെ സജ്ജരാക്കുന്നതിനുംവേണ്ടി പരിശുദ്ധാത്മാവിനെ അവൻ ഭൂമിയിലേയ്ക്കയച്ചു.

നാം സത്യത്തെ അഭിമുഖീകരിക്കുന്നില്ലെങ്കിൽ എങ്ങനെയാണ് പരിശുദ്ധാത്മാവ് നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നത്? 'സത്യത്തിന്റെ ആത്മാവ്' എന്നാണ് പരിശുദ്ധാത്മാവിനെ വിശേഷിപ്പിക്കുന്നത്. സത്യത്തെ നേരിടാൻ - സത്യത്തിന്റെ തലത്തിലേക്ക് നമ്മെകൊണ്ടുവരാൻ - തയ്യാറാക്കുകയെന്നത് പരിശുദ്ധാത്മാവിന്റെ മുഖ്യമായ ലക്ഷ്യങ്ങളിലൊന്ന്, എന്തെന്നാൽ സത്യത്തിനു മാത്രമാണ് നമ്മെ സ്വതന്ത്രരാക്കാൻ കഴിയുന്നത്.

നിങ്ങളുടെ ഭൂതകാലത്തിലെ ഏതെങ്കിലുമൊന്ന് - ഒരു വ്യക്തിയോ, സംഭവമോ, സാഹചര്യമോ, അങ്ങനെ നിങ്ങളെ വേദനിപ്പിച്ചിട്ടുള്ള ഏതെങ്കിലുമൊന്ന് - ആയിരിക്കാം നിങ്ങളുടെ തെറ്റായ മനോഭാവത്തിന്റെയും പെരുമാറ്റത്തിന്റെയും കാരണം. എന്നാൽ അതൊരു ന്യായീകരണമായിരിക്കരുത്.

എന്റെ പെരുമാറ്റത്തിലെ മിക്കപ്രശ്നങ്ങളുടേയും കാരണം, വർഷങ്ങളോളം ലൈംഗികമായും വാചികമായും വൈകാരികമായും ഞാൻ പീഡിപ്പിക്കപ്പെട്ടിരുന്നുവെന്നതാണ് - എന്നാൽ എന്റെ തെറ്റായ പെരുമാറ്റങ്ങൾക്കുള്ള ന്യായീകരണവുമായി ഞാനനുഭവിച്ച പീഡനത്തെ എടുത്തുകാട്ടുകയായിരുന്നു എന്റെ പതിവ്. ഇങ്ങനെ ചെയ്യുന്നതിലൂടെ നിങ്ങൾ ശത്രുവിനെ ന്യായീകരിക്കുകയാണ് ചെയ്യുന്നത്. ഞാനിതിഷ്ടപ്പെടുന്നില്ല എങ്കിലും ഞാനിത് സൂക്ഷിച്ചുവെയ്ക്കുന്നു.

ഓരോ ബന്ധത്തിൽനിന്നും നിങ്ങൾക്കു തീർച്ചയായും മോചനം നേടാം. നാൽപതു വർഷക്കാലം. നിങ്ങൾ വിജനതയിൽ അലഞ്ഞു തിരിയേണ്ടി വരില്ല. അഥവാ ഇതിനോടകം തന്നെ ഏറെക്കാലം നിങ്ങൾ വിജനതയിൽ **ചുറ്റിത്തിരിയുന്നുവെങ്കിൽ - ഏതൊക്കെ വിജനതാ മനോഭാവങ്ങൾ മൂലമാണ് നിങ്ങൾ വിജനതയിലകപ്പെട്ടതെന്ന് മനസ്സിലാക്കാൻ കഴിയാത്തതുമൂലം ഇന്നാണ് തീരുമാനമെടുക്കാനുള്ള ദിവസം**

നിങ്ങളെ സംബന്ധിച്ച സത്യം വെളിപ്പെടുത്താൻ ദൈവത്തോടപേക്ഷിക്കുക; ദൈവമതു വെളിപ്പെടുത്തുമ്പോൾ അതിനെ നേരിടുക; അത്ര എളുപ്പമായിരിക്കില്ല, എങ്കിലും, ഞാൻ നിങ്ങളെ ഉപേക്ഷിക്കുകയോ കൈവെടിയുകയോ ചെയ്യുകയില്ല (എബ്രാ 13: 5) എന്ന വാഗ്ദാനത്തിലുറച്ചു വിശ്വസിക്കുക.

*നിങ്ങൾ വിജനതയിൽനിന്നും പുറത്തേക്കു കടക്കുകയാണിപ്പോൾ; വാഗ്ദത്ത ഭൂമി ആവോളമാസ്വദിക്കുക!*

# 22

# “എന്റെ ജീവിതം ദുരിതപൂർണ്ണമാണ്; അതിനാൽ എനിക്കെന്നോട് സഹതാപമുണ്ട്”

## വിജനതാമനോഭാവം – 7

**അപ്പോൾ സഭയൊക്കെയും ഉറക്കെ നിലവിളിച്ചു, ജനം ആ രാത്രി മുഴുവനും കരഞ്ഞു.**

**യിസ്രായേൽമക്കൾ എല്ലാവരും മോശെക്കും അഹരോന്നും വിരോധമായി പിറുപിറുത്തു; സഭ ഒക്കെയും അവരോടു; മിസ്രയീംദേശത്തുവെച്ചു ഞങ്ങൾ മരിച്ചുപോയിരുന്നു എങ്കിൽ കൊള്ളായിരുന്നു. അല്ലെങ്കിൽ ഈ മരുഭൂമിയിൽവെച്ചു ഞങ്ങൾ മരിച്ചുപോയിരുന്നു എങ്കിൽ കൊള്ളായിരുന്നു.**

**സംഖ്യ 14: 1,2**

ഇസ്രയേൽ ജനതയ്ക്ക് തങ്ങളെക്കുറിച്ച് അത്യധികമായ വ്യസനം തോന്നി. ഓരോ അസൗകര്യമുണ്ടാവുമ്പോഴും അവർ കൂടുതലായി തങ്ങളെക്കുറിച്ചു സഹതപിച്ചുകൊണ്ടിരുന്നു.

ഞാനെന്നെക്കുറിച്ച് സഹതപിച്ചുകൊണ്ടിരുന്ന അവസരങ്ങളിലൊന്നിൽ കർത്താവെന്നോടിങ്ങനെ പറഞ്ഞു. ‘ജോയ്സ്, നിനക്ക് ഒന്നുകിൽ സ്വയം സഹതപിച്ചുകൊണ്ടിരിക്കാം. അല്ലെങ്കിൽ ശക്തയായിത്തീരാം, എന്നാൽ ഒരേ സമയം രണ്ടും ചെയ്യാൻ കഴിയില്ല.

വളരെപ്പെട്ടെന്ന് പറഞ്ഞവസാനിപ്പിക്കാൻ ഞാനാഗ്രഹിക്കുന്ന അദ്ധ്യായമല്ല ഇത്. ഒരേ സമയം അവനവനോടുള്ള സഹതാപത്തിന്റെ പിശാചുകക്ളെ സ്വീകരിക്കുകയും, ദൈവത്തിന്റെ ശക്തിയിൽ സഞ്ചരിക്കുകയും ചെയ്യാൻ കഴിയില്ലെന്നു നാം മനസ്സിലാക്കണം!

## പരസ്പരം പ്രോത്സാഹിപ്പിക്കുക ഉയർത്തുകയും ചെയ്യുക

**അതിനാൽ ഇപ്പോൾ നിങ്ങൾചെയ്യുന്നതുപോലെ പരസ്പരം പ്രോത്സാഹിപ്പിക്കുകയും ഓരോ ആളിന്റേയും ഉന്നമനത്തിനുവേണ്ടി പരിശ്രമിക്കുകയും (ശക്തി നൽകുകയും) ചെയ്യുക.**

**1 തെസ. 5: 11**

സഹതാപമുപേക്ഷിക്കുകയെന്നത് എനിക്ക് ബുദ്ധിമുട്ടായിരുന്നു; വർഷങ്ങളോളം എന്റെ മോശമായ പെരുമാറ്റത്തിന് ന്യായീകരണവും ആശ്വാസവുമായി സഹതാപത്തെയാണ് ഞാനുപയോഗിച്ചിരുന്നത്.

ആരെങ്കിലും നമ്മെ വേദനിപ്പിക്കുകയോ, നമുക്ക് നിരാശയുണ്ടാവുകയോ ചെയ്യുമ്പോൾ ചെകുത്താൻ തന്റെ പിശാചുക്കളിലൊരുവനെ നമ്മുടെയടുത്തേ

യ്ക്കയക്കുന്നു. എത്രമാത്രം ക്രൂരമായും അന്യായമായുമാണ് നമുക്ക് ദുരിതാനുഭവങ്ങളുണ്ടാകുന്നതെന്ന് അവൻ നമ്മുടെ കാതിൽ പിറുപിറുക്കുന്നു.

അത്തരമനുഭവങ്ങളിൽ നിങ്ങളുടെ മനസ്സിലേക്കിരമ്പിക്കയറുന്ന ചിന്തകളെ നിരീക്ഷിക്കുക; അവനവനോടുള്ള സഹതാപമുപയോഗിച്ച് എങ്ങനെയാണ് ശത്രു നിങ്ങളെ തടവിലാക്കുന്നതെന്ന് അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും.

സ്വയം സഹതപിക്കാൻ ബൈബിൾ നമ്മെ അനുവദിക്കുന്നില്ല. നേരെമറിച്ച്; നാം തമ്മിൽത്തമ്മിൽ ദൈവത്തിൽ പ്രോത്സാഹിപ്പിക്കുകയും ധൈര്യം നൽകുകയുമാണ് വേണ്ടത്.

സഹതാപത്തിന്റെ ദൈവികമായ ഭാവം വേദനയനുഭവിക്കുന്ന മറ്റുള്ളവരുടെ നേർക്ക് നാം പ്രകടമാക്കേണ്ടതാണ്; അവരുടെ വേദനയ്ക്കാശ്വാസം പകരാൻ നമുക്കു കഴിയണം. എന്നാൽ സ്വയം സഹതപിക്കുന്നത് തിന്മയാണ്. കാരണം, മറ്റുള്ളവർക്കു നൽകാനായി ദൈവമുദ്ദേശിച്ചിട്ടുള്ളതിനെ നാം കവർന്നെടുക്കുന്നതുപോലെയാണത്.

സ്നേഹവും ഇതുപോലെ തന്നെയാണ്. പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിൽ ദൈവികസ്നേഹം പകർന്നിടുന്നു. പറയപ്പെട്ടിരിക്കുന്നു. (റോമ. 5:5 KJV). ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നു മനസ്സിലാക്കാനും, മറ്റുള്ളവരെ സ്നേഹിക്കാനുള്ള കഴിവ് നാം തേടുന്നതിനും വേണ്ടിയാണ് അവനിങ്ങനെ ചെയ്തിരിക്കുന്നത്.

മറ്റുള്ളവർക്ക് നൽകാനുള്ള സ്നേഹത്തെ ഓരോ ആളും അവനവന്റെ നേർക്ക് പ്രകടിപ്പിക്കുമ്പോൾ അത് സ്വാർത്ഥമായി മാറുന്നു, സ്വാർത്ഥത വിനാശകരമാണ്. അവനവനോടുള്ള സഹതാപം അവനവനെ ആരാധിക്കലാണ് – നമ്മേയും. നമ്മുടെ വികാരങ്ങളേയും മാത്രം കേന്ദ്രീകരിച്ച് ചിന്തിക്കുകയും നമ്മുടെ താല്പര്യങ്ങൾക്കു മുൻതൂക്കം കൊടുക്കുകയും ചെയ്യുന്നതിനാൽ തീർച്ചയായും ഇത് സങ്കുചിതമായ മനോഭാവമാണ്.

## മറ്റുള്ളവരെക്കുറിച്ചു ചിന്തിക്കുക

**ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം.**

**ഫിലി. 2: 4**

അടുത്തയിടയ്ക്ക്, ഞങ്ങളുടെ ഒരു സംഭാഷണപരിപാടി അപ്രതീക്ഷിതമായി ഉപേക്ഷിക്കേണ്ടിവന്നു. വളരെ ആകാംക്ഷയോടെ ഞാൻ ഉറ്റുനോക്കിയിരുന്ന ഒരു പരിപാടിയായിരുന്നു അത്: അതിനാൽ ആദ്യം ഞാൻ കുറച്ചു നിരാശപ്പെട്ടു. എന്നാൽ ഒരു കാലത്ത് ഇത്തരമൊരു സംഭവം എന്നെ കടുത്ത നിരാശയിലും എന്നോടുതന്നെയുള്ള സഹതാപത്തിലും മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതിലും ആളുകളെക്കുറിച്ചു വിധി പ്രസ്താവിക്കുന്നതിലുമൊക്കെ കൊണ്ടെത്തിക്കുകയായിരുന്നു. എല്ലാത്തരത്തിലുമുള്ള നിഷേധാത്മക ചിന്തകളും പ്രവൃത്തികളും എന്റെ ഭാഗത്തുനിന്നുമുണ്ടാകുമായിരുന്നു. എന്നാൽ അതിനുശേഷം

ഇത്തരമൊരു സന്ദർഭത്തിൽ ശാന്തയായിരിക്കാൻ ഞാൻ പഠിച്ചു, അധാർമ്മികമായ വാക്കുകൾ പറയുന്നതിലും നല്ലത്, ഒന്നും മിണ്ടാതെയിരിക്കുന്നതാണെന്നു ഞാൻ മനസ്സിലാക്കി.

ഞാൻ ശാന്തമായി ഇരുന്നപ്പോൾ മറ്റുള്ളവരുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഈ സംഭവത്തെ വീക്ഷിക്കാൻ ദൈവമെനിക്കവസരം നൽകി. മീറ്റിംഗ് നടത്താൻ പറ്റിയ ഒരു സ്ഥലം കണ്ടുപിടിക്കാൻ അവർക്കു കഴിഞ്ഞിരുന്നില്ല, അതിലവർ ദുഃഖിതരായിരുന്നു. വളരെ ആകാംക്ഷയോടെ അവരും ആ മീറ്റിംഗിൽ പങ്കെടുക്കാൻ കാത്തിരിക്കുകയായിരുന്നു. എന്നാൽ അതു സാധിക്കാതെ വന്നതിൽ അവർക്ക് വിഷമമുണ്ട്.

മറ്റുള്ളവരുടെ കാഴ്ചപ്പാടിൽനിന്നും കാര്യങ്ങളെ വീക്ഷിക്കാൻ തയ്യാറായാൽ അവനവനോടുള്ള സഹതാപത്തിൽനിന്നും പുറത്തുകടക്കുക വളരെയെളുപ്പമാണ്. മറ്റുള്ളവരെക്കുറിച്ച് തെല്ലും ആലോചിക്കാൻ മെനക്കെടാതെ തന്നെക്കുറിച്ചു മാത്രമാലോചിക്കുമ്പോഴാണ്സ്വയം സഹതാപമുണ്ടാകുന്നത്.

സഹതാപം നേടാനുള്ള ശ്രമത്തിൽ പലപ്പോഴും നാമേറെ കഷ്ടപ്പെടാറുണ്ട്. നമ്മെ വിജനതയിൽ കുരുക്കിയിടാൻ ചെകുത്താനുപയോഗിക്കുന്ന പ്രധാന കെണികളിലൊന്നാണ് ആത്മസഹതാപം. വേണ്ടത്ര ശ്രദ്ധാലുക്കളല്ലെങ്കിൽ നാമിതിന്റെ ഇരകളായിത്തീരും.

ഏതെങ്കിലുമൊരു പ്രേരണയ്ക്കു വിധേയരായി നാം പെടുന്നനവേ ചെയ്യുന്ന കാര്യങ്ങളാണ്, നമ്മെ ചില ശീലങ്ങളുടെ അടിമകളാക്കുന്നത് – പെരുമാറ്റ രീതിയിലെ ചില ക്രമങ്ങൾ മാറ്റാനാവാത്ത ദുശ്ശീലങ്ങളാവുന്നു.

സ്വയം സഹതപിക്കാൻവേണ്ടി നിങ്ങളെത്രസമയം ചെലവഴിക്കാറുണ്ട്? നിരാശകളോട് നിങ്ങളെങ്ങനെയാണ് പ്രതികരിക്കാറുള്ളത്?

യഥാർത്ഥ ക്രിസ്തീയ വിശ്വാസി നിരാശയ്ക്കടിമയാകുമ്പോഴും വീണ്ടുമയാൾക്ക് പ്രത്യാശയിലെത്തിച്ചേരാൻ കഴിയുന്നു. എല്ലായ്പ്പോഴും പുതിയൊരു തുടക്കത്തിന്റെ വാഗ്ദാനവുമായി ദൈവമയാളോടൊപ്പമുണ്ട്. അവനവനോടുള്ള സഹതാപമാകട്ടെ, നമ്മെ ഭൂതകാലത്തിന്റെ കെണിയിൽ കുരുക്കുകയാണു ചെയ്യുന്നത്.

## ദൈവത്തെ പ്രവർത്തിക്കാനനുവദിക്കുക

**മുമ്പുള്ളവയെ നിങ്ങൾ ഓർക്കേണ്ടാ; പണ്ടുള്ളവയെ നിരൂപിക്കുകയും വേണ്ടാ. ഇതാ, ഞാൻ പുതിയതൊന്നു ചെയ്യുന്നു; അതു ഇപ്പോൾ ഉത്ഭവിക്കും; നിങ്ങൾ അതു അറിയുന്നില്ലയോ? അതേ, ഞാൻ മരുഭൂമിയിൽ ഒരു വഴിയും നിർജ്ജനപ്രദേശത്തു നദികളും ഉണ്ടാക്കും.**

**ഏശയ്യ 43: 18, 19**

സ്വയം സഹതപിച്ചുകൊണ്ട് ഞാനെന്റെ ജീവിതത്തിലെ അനേകം വർഷങ്ങൾ പാഴാക്കി. ആത്മസഹതാപമെന്ന ദുഷ്യത്തിന് ശരിക്കും അടിയായിരുന്നു

ഞാൻ. ഏതു തരത്തിലുള്ള നിരാശയോടുമുള്ള എന്റെ സ്വാഭാവികപ്രതികരണം സ്വയംസഹതപിക്കുന്നതിലൂടെയായിരുന്നു. ചെകുത്താൻ ഉടൻതന്നെ എന്റെ മനസ്സിൽ തെറ്റായ ചിന്തകൾ നിറയ്ക്കും, 'ഞാൻ എന്തിനെക്കുറിച്ചാണ് ചിന്തിക്കുന്ന'തെന്ന് ചിന്തിക്കാൻ കഴിയാതെ, എന്റെ മനസ്സിലേക്ക് എന്തൊക്കെ കടന്നുവന്നോ അതേക്കുറിച്ചെല്ലാം ഞാൻ ചിന്തിച്ചുകൊണ്ടേയിരുന്നു. എത്ര കൂടുതൽ ഞാൻ അത്തരത്തിൽ ചിന്തിച്ചുവോ, അത്രയധികം ക്ലേശപൂർണ്ണമായിത്തീർന്നു എന്റെ ദിനങ്ങൾ.

ഞങ്ങളുടെ വിവാഹത്തിന്റെ ആദ്യനാളുകളെക്കുറിച്ചുള്ള കഥകൾ ഞാൻ മിക്കപ്പോഴും പറയാറുണ്ട്. ഫുട്ബോൾ മത്സരങ്ങൾ നടക്കുന്ന സമയത്ത് എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് ഡേവിന് ടെലിവിഷനിൽ ഫുട്ബോൾ കാണണം. ഫുട്ബോൾ ഇല്ലാത്ത സമയത്താണെങ്കിൽ മറ്റേതെങ്കിലും കളി കണ്ടേ തീരൂ. കുതിച്ചു പൊങ്ങുന്ന പന്തുമായി ബന്ധപ്പെട്ട ഏതു കഴിയും ഡേവിനെ ആവേശം കൊള്ളിച്ചിരുന്നു. പലപ്പോഴും കഴികാണുന്നതിനു മുഴുകിയാൽ ഞാനെന്നൊരാൾ ജീവിച്ചിരിപ്പുണ്ടെന്നു പോലും അദ്ദേഹം മറന്നുപോകും. എനിക്ക് തീരെ ആസ്വദിക്കാൻ കഴിയാതിരുന്ന ഇത്തരം കഴികളെല്ലാം ഡേവിനെ വല്ലാതെ ആകർഷിച്ചിരുന്നു.

ഒരിക്കൽ ഇതെനിക്ക് ദുഃസ്സമായിത്തോന്നി. ഞാൻ ഡേവിന്റെ മുൻപിൽ ചെന്നിട്ട് പറഞ്ഞു, 'ഡേവ് ഞാൻ വളരെ അസ്വസ്ഥയാണ്; ഞാൻ മരിക്കാൻ പോവുകയാണെന്ന് എനിക്കു തോന്നുന്നു.'

ടെലിവിഷൻ സ്ക്രീനിൽനിന്നും കണ്ണുകളുയർത്താതെ അദ്ദേഹം പറഞ്ഞു, 'ഓ, ഇതു വളരെ രസകരമാണ്.'

ചുരുക്കത്തിൽ, ഞായറാഴ്ചകളിലെ മദ്ധ്യാഹ്നങ്ങൾ ഞാൻ ദേഷ്യപ്പെട്ടും എന്നോടുതന്നെ സഹതപിച്ചുമാണ് കഴിച്ചുകൂട്ടിയത്. ഡേവിന്റെ നേർക്കുള്ള കോപം അസഹനീയമാകുമ്പോൾ ഞാൻ വീടു വൃത്തിയാക്കുന്നതിലേർപ്പെടും. അദ്ദേഹം സന്തോഷത്തോടെ കളികാണുമ്പോൾ ഞാൻ വളരെ ദുഃഖിതയായിരിക്കുന്നതിൽ ഡേവിന് കുറ്റബോധം തോന്നണമെന്ന് ഞാനാഗ്രഹിച്ചിരുന്നു. മണിക്കൂറുകളോലം കതകുകയും മറ്റും ശബ്ദത്തോടെ ആഞ്ഞടിച്ചുകൊണ്ടും, ഡേവിന്റെ മുൻപിലൂടെ നിരവധി തവണ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടും വാക്വം ക്ലീനർ കൈയ്യിലേന്തിക്കൊണ്ട് എന്റെ കഠിനാദ്ധ്വാനം പ്രദർശിപ്പിച്ചുകൊണ്ടുമാണ് ഞാൻ ഡേവിനോട് പ്രതികരിച്ചത്.

വാസ്തവത്തിൽ ഞാൻ ഡേവിന്റെ ശ്രദ്ധയാകർഷിക്കാൻ ശ്രമിക്കുകയായിരുന്നു എന്നാൽ അദ്ദേഹമെന്നെ ശ്രദ്ധിച്ചതേയില്ല. പലപ്പോഴും ഞാനെന്റെ ശ്രമമുപേക്ഷിച്ച് ബാത്ത് റൂമിന്റെ തറയിലിരുന്ന് കരയും. കൂടുതൽ കരയുംതോറും ഞാൻ കൂടുതൽ നിരാശയനുഭവിച്ചു. എന്തുകൊണ്ടാണ് ഒരു സ്ത്രീ കരയാൻവേണ്ടി ബാത്ത്റൂം തിരഞ്ഞെടുക്കുന്നത് എന്നതിനെക്കുറിച്ച് പിൽക്കാലത്ത് ദൈവമെനിക്കൊരു വെളിപാടു നൽകി. ബാത്ത്റൂമിൽ വലിയ കണ്ണാടിയുള്ള

തിനാൽ, ഏറെനേരം കരഞ്ഞു കഴിയുമ്പോൾ തന്റെ മുഖം എത്ര ദയനീയമായിരിക്കുന്നുവെന്ന് സ്വയം സഹതപിച്ചുകൊണ്ട് കണ്ടെത്താൻ കഴിയുന്നുവെന്നതാണ് അവളെ അതിനു പ്രേരിപ്പിക്കുന്നത് എന്നതായിരുന്നു അവനെനിക്കു നൽകിയ അറിയിപ്പ്.

ഏറെനേരം കരഞ്ഞതിനുശേഷം കണ്ണാടിയിൽ നോക്കുമ്പോൾ എനിക്ക് എന്നെക്കുറിച്ചുള്ള സഹതാപം ഇരട്ടിക്കും; അപ്പോൾ ഞാൻ വീണ്ടും കരയാനാരംഭിക്കും. ദൈന്യത നിറഞ്ഞ മുഖഭാവത്തോടെ വീണ്ടും ഞാൻ ഡേവിനു മുൻപിലൂടെ നടക്കാനാരംഭിക്കും. സ്ക്രീനിൽനിന്ന് ഒരു നിമിഷം ദൃഷ്ടി പിൻവലിച്ചുകൊണ്ട് തനിക്ക് ഒരു കപ്പ് ഐസിട്ട ചായ വേണമെന്ന് അദ്ദേഹമാവശ്യപ്പെടുമ്പോൾ വീണ്ടും ഞാൻ നിരാശയിലേക്ക് തലകുത്തി വീഴും.

സഹതാപം നേടാനുള്ള എന്റെ ശ്രമം വിജയിച്ചില്ല. പലപ്പോഴും വൈകാരികമായ ഈ അദ്ധ്വാനത്തിനൊടുവിൽ ഞാൻ ശാരീരികമായി തളരും.

ദൈവം നിങ്ങളുടെ കൈകളാലല്ല, നിങ്ങളെ മോചിപ്പിക്കുന്നത്, മറിച്ച് തന്റെ കൈകളാണ്. ദൈവത്തിനു മാത്രമേ ആളുകളിൽ മാറ്റം വരുത്താൻ കഴിയൂ! സർവ്വശക്തനായ ദൈവത്തിനൊഴികെ മറ്റാർക്കും കഴിഭ്രാന്തിൽനിന്നും ഡേവിനെ മോചിപ്പിക്കാനാകുമായിരുന്നില്ല. സഹതാപത്തിൽ വീണുഴറുന്നതിനു പകരം ദൈവത്തെ ആശ്രയിക്കാൻ ഞാൻ ശീലിച്ചതോടെ ഡേവിന്റെ പ്രകൃതത്തിൽ മാറ്റമുണ്ടായി; കളിയോടുള്ള അമിതമായ ആവേശം കുറഞ്ഞു.

ഇപ്പോഴുമദ്ദേഹത്തിന് കളി കാണാനിഷ്ടമാണ്, എന്നാൽ എന്നെ അത് അലട്ടാറില്ല. ആ സമയത്ത് ഞാൻ എനിക്കിഷ്ടമുള്ള കാര്യങ്ങൾ ചെയ്യുന്നു. ഡേവിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും ചെയ്തുകിട്ടേണ്ടതുണ്ടെങ്കിൽ സൗമ്യമായി (ദേഷ്യത്തോടെയല്ല) ഞാനത് അദ്ദേഹത്തോടാവശ്യപ്പെടും, മിക്കപ്പോഴും അദ്ദേഹമത് ചെയ്തുതരും. എന്നാൽ ചിലപ്പോഴൊക്കെ അദ്ദേഹം എന്റെ ഹിതത്തിനൊത്തു പ്രവർത്തിച്ചെന്നു വരില്ല. പൊടുന്നനവേ എന്റെ വൈകാരികാവസ്ഥ വഷളാവൻ തുടങ്ങുമ്പോൾ ഞാൻ ദൈവത്തോടു പ്രാർത്ഥിക്കും, 'ദൈവമേ, ഈ പരീക്ഷണത്തെ അതിജീവിക്കാനെന്നെ സഹായിക്കണമേ. ഇനിയൊരിക്കൽക്കൂടി ഈ പർവ്വതത്തിനു ചുറ്റും നടക്കാൻ ഞാനാഗ്രഹിക്കുന്നില്ല.'

# 23

# “ഞാൻ  ദൈവത്തിന്റ അനുഗ്രഹങ്ങളർഹിക്കുന്നില്ല, എന്തെന്നാൽ എനിക്കതിനുള്ള യോഗ്യതയില്ല”

## വിജനതാമനോഭാവം –8

**അപ്പോൾ യോശുവയോടു; ഇന്നു ഞാൻ മിസ്രയീമിന്റെ നിന്ദ നിങ്ങളിൽനിന്നു ഉരുട്ടിക്കളഞ്ഞിരിക്കുന്നു എന്നു അരുളിച്ചെയ്തു; അതുകൊണ്ടു ആ സ്ഥലത്തിനു ഇന്നുവരെ ഗിൽഗാൽ (ഉരുൾ) എന്നു പേർ പറയുന്നു.**

**ജോഷ്വാ 5:9**

ഇസ്രയേൽ ജനതയെ ജോഷ്വാ ജോർദ്ദാൻ നദികടന്ന് വാഗ്ദത്തഭൂമിയിലേക്ക് നയിച്ചതിനുശേഷം, ജെറിക്കോ എന്ന ആദ്യത്തെ നഗരം കീഴടക്കാൻ അവർ ജ്ജരാകുന്നതിനു മുൻപായി ദൈവം ചിലതു ചെയ്യാനാഗ്രഹിച്ചു.

കഴിഞ്ഞ നാൽപ്പതു വർഷക്കാലം മരുഭൂമിയിലലഞ്ഞു നടക്കുകയായിരുന്നതിനാൽ ഇസ്രയേലിലെ പുരുഷന്മാർ പരിച്ഛേദനകർമ്മത്തിനു വിധേയരായിരുന്നില്ല. അതിനാൽ അവരത് ചെയ്യണമെന്ന് കർത്താവ് കല്പിച്ചു. ഇസ്രയേൽ ജനം തന്റെ കൽപ്പനയനുസരിച്ചതിനു ശേഷമാണ്, താൻ ഈജിപ്തുകാരുടെ നിന്ദയെ നീക്കിക്കളഞ്ഞിരിക്കുന്നുവെന്ന് കർത്താവ് ജോഷ്വായോടു പറഞ്ഞത്.

ആറാമദ്ധ്യായത്തിൽ, എങ്ങനെയാണ് ജെറീക്കോ നഗരത്തെ കീഴടക്കാൻ ദൈവം ഇസ്രായേൽ സന്തതികളെ സജ്ജരാക്കിയതെന്നു പറയപ്പെട്ടിരിക്കുന്നു. അതിനു മുൻപായി ഈജിപ്തിന്റെ നിന്ദ അവൻ നീക്കിക്കളഞ്ഞതെന്തിനായിരുന്നു? എന്താണ് നിന്ദ?

## നിന്ദ  നിർവ്വചിക്കപ്പെടുന്നു

‘*നിന്ദ*’ എന്ന പദത്തിനർത്ഥം ‘അപമാനം’ ‘നാണക്കേട്’എന്നൊക്കെയാണ്. ഇസ്രയേൽ ജനതയ്ക്ക് ഈജിപ്തിൽ നിന്നുമേൽക്കേണ്ടിവന്ന നിന്ദയെ ഞാൻ നീക്കിക്കഴയുമെന്നു പറഞ്ഞപ്പോൾ കർത്താവുദ്ദേശിച്ചതിതാണ്: ഈജിപ്ത് ലോകത്തെ പ്രതിനിധീകരിക്കുന്നു. ഏതാനും വർഷങ്ങൾ ലോകത്തിലും ലൗകീകതയിലും  മുഴുകിക്കഴിയുമ്പോൾ, നമ്മിൽനിന്നും അതിന്റെ അപമാനം നീക്കിക്കളയേണ്ടതുണ്ട്.

ഞാൻ മുൻപു ചെയ്തിട്ടുള്ള കാര്യങ്ങൾ, എന്റെമേൽ ചെയ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ എന്നിവയാൽ എന്റെ അടിസ്ഥാന സ്വഭാവം ലജ്ജയായിരുന്നു. എനിക്കു സംഭവിച്ച കാര്യങ്ങളുടെ പേരിൽ ഞാനെന്നെ കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു (അവയിലേറെയും ഞാൻ ചെറിയ കുട്ടിയായിരുന്നപ്പോഴാണ് സംഭവിച്ചത് എന്നതിനാൽ എനിക്കത് തടയാനാകുമായിരുന്നില്ലെങ്കിലും).

ദൈവകാരുണ്യമെന്നത് നമുക്ക് ദൈവത്തിൽനിന്നും സൗജന്യമായി ലഭിക്കുന്ന സമ്മാനമാണ്. നമുക്ക് സ്വയം ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ നിഷ്പ്ര

യാസം നിറവേറ്റാൻ അതു നമ്മെ സഹായിക്കുന്നു. ദൈവം നമുക്ക് തന്റെ കാരുണ്യം നൽകാനാഗ്രഹിക്കുമ്പോൾ, ചെകുത്താനാഗ്രഹിക്കുന്നത്, നമ്മുടെ മേൽ അപമാനം വരുത്തിവയ്ക്കാനാണ്; അപമാനം, നിന്ദ തന്നെയാണ്.

എന്റെയുള്ളിലെ അപമാനബോധം എന്നോടു പറഞ്ഞുകൊണ്ടിരുന്നത്, ഞാൻ ദൈവസ്നേഹത്തിനോ ദൈവികസഹായത്തിനോ അർഹതയില്ലെന്നായിരുന്നു. അപമാനമെന്റെയുള്ളിലെ ആന്തരവികവ്യക്തിക്ക് വിഷം കൊടുത്തുകൊണ്ടിരുന്നു. എനിക്ക് സംഭവിച്ചതിനെകുറിച്ചു മാത്രമല്ല, എന്നെക്കുറിച്ചും ഞാൻ ലജ്ജിയച്ചു. ഉള്ളിന്റെയുള്ളിൽ എനിക്കെന്നെ ഇഷ്ടമായിരുന്നില്ല.

നമുക്കു സംഭവിക്കുന്ന അപമാനങ്ങളെ ദൈവം നീക്കിക്കഴയുന്നുവെന്നതിനർത്ഥം, നാം മുൻപു ചെയ്തിട്ടുള്ള പാപങ്ങൾക്ക് അവൻ വാഗ്ദാനം ചെയ്തിട്ടുള്ള മാപ്പ് നാം നേടണമെന്നാണ്.

ദൈവത്തിന്റെയനുഗ്രഹങ്ങൾക്ക് ഒരിക്കലും അർഹരാകാനോ അതിനുള്ള യോഗ്യത നേടാനോ നമുക്കു കഴിയില്ലെന്ന സത്യം നിങ്ങളംഗീകരിക്കണം. അവൻ നമുക്കു നൽകുന്നതിനെ താഴ്മയോടെ സ്വീകരിക്കാനും വിലമതിക്കാനും മാത്രമേ നമുക്കു കഴിയൂ; ദൈവമെത്ര നല്ലവനാണെന്നും, അവൻ നമ്മെ എത്രമാത്രം സ്നേഹിക്കുന്നുവെന്നും ഭക്ത്യാദരവുകളോടെ മനസ്സിലാക്കുയെന്നതാണ് നമ്മുടെ കർത്തവ്യം.

അവനവനോടുള്ള വെറുപ്പ്, സ്വയം നിരസിക്കൽ, ദൈവത്തിന്റെ മാപ്പ് സ്വീകരിക്കാൻ തയ്യാറാകാതിരിക്കുക, യേശുവിന്റെ രക്തത്താൽ നാം നീതി നേടിയതിനെക്കുറിച്ചു മനസ്സിലാക്കാതിരിക്കുക തുടങ്ങിയ പ്രശ്നങ്ങളെല്ലാം നമ്മെ മരുഭൂമിയിലൂടെ അലഞ്ഞുനടക്കുന്നവരാക്കി മാറ്റുന്നു. നിങ്ങളുടെ സ്വന്തം പ്രവൃത്തികളിലൂടെയല്ല, മറിച്ച് യേശുവിലൂടെ ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കുകയും നിങ്ങളുടെ മനസ്സ് നവീകരിക്കുകയും ചെയ്യണം.

അനേകം വർഷങ്ങളായി സുവിശേഷപ്രവർത്തനത്തിലേർപ്പെട്ടതിന്റെ പരിചയത്തിൽനിന്നും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്, നമ്മുടെ പ്രശ്നങ്ങളുടെ എൺപത്തിയഞ്ചു ശതമാനവും നമുക്കു നമ്മെക്കുറിച്ചുള്ള ധാരണകളിൽനിന്നുമുളവാക്കുന്നവയാണെന്നാണ്. വിജയികളായ ഏതൊരാളും നീതിയിൽ സഞ്ചരിക്കുന്നവരായിരിക്കും.

ഞാൻ ദൈവത്തിന്റെയനുഗ്രഹങ്ങൾക്കപായല്ലെന്നെനിക്കറിയാം. എന്നാൽ ക്രിസ്തുവിനോടൊപ്പം ഞാൻ അവയ്ക്കവകാശിയായതിനാൽ സന്തോഷപൂർവ്വം ഞാനവയെ സ്വീകരിക്കുന്നു (റോമാ. 8: 17 KJV) അവൻ ആ അനുഗ്രഹങ്ങളെ നേടിയിരിക്കുന്നു; എന്റെ വിശ്വാസമവനിലർപ്പിക്കുന്നതിലൂടെ ഞാനുമതിനവകാശിയായിത്തീർന്നിരിക്കുന്നു.

## അവകാശിയോ കൂലിവേലക്കാരനോ?

**അങ്ങനെ നീ ഇനി ദാനസല്ല പുത്രനത്രേ; പുത്രനെങ്കിലോ ദൈവഹിതത്താൽ അവകാശിയും ആകുന്നു.**

**ഗലാ: 4: 7**

നിങ്ങൾ പുത്രനാണോ അതോ അടിമയോ – അവകാശിയോ ദാസനോ? തന്റെ സ്വന്തം കഴിവുകൊണ്ടല്ലാതെ ഒരാളിൽനിന്നും മറ്റൊരാളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്ന സമ്പത്തു ലഭിക്കുന്നവനാണ് അവകാശി. അടിമ അല്ലെങ്കിൽ കൂലിവേലക്കാരനാകട്ടെ, ബൈബിൾ പറയുന്നതനുസരിച്ച് നിയമം പാലിക്കാനായി പാടുപെടുന്നവനും

## നിങ്ങളെങ്ങനെയാണ് സ്വയം കാണുന്നത്?

**നെഫിലിമിൽനിന്നു വന്ന അനാക്കിന്റെ പുത്രന്മാരായ മല്ലന്മാരെ അവിടെ ഞങ്ങൾ കണ്ടു; ഞങ്ങൾക്കു തന്നെ ഞങ്ങൾ വെട്ടുക്കിളികളെപ്പോലെ തോന്നി; അവരുടെ കാഴ്ചെയ്ക്കും ഞങ്ങൾ തന്നേ ആയിരുന്നു.**

**സംഖ്യ 13: 33**

ഇസ്രയേൽ ജനതയ്ക്ക് തങ്ങളെക്കുറിച്ചുള്ള അഭിപ്രായമിതായിരുന്നു. തങ്ങളെക്കുറിച്ച് നിഷേധാത്മകമായും നിന്ദയോടെയുമാണ് അവർ ചിന്തിച്ചിരുന്നതെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. വാഗ്ദത്ത ഭൂമിയെക്കുറിച്ച് അന്വേഷണം നടത്തുന്നതിനായി അയയ്ക്കപ്പെട്ട പന്ത്രണ്ടു ചാരന്മാരിൽ പത്തുപേരും ജോർദ്ദാൻ നദികടന്ന് അവിടെയെത്തി നിരീക്ഷണം നടത്തിയതിനുശേഷം മടങ്ങിവന്നപ്പോൾ പറഞ്ഞത്, അവിടെ താമസിക്കുന്നത് ഭീമന്മാരാണെന്നും അവരുടെ കണ്ണിൽ തങ്ങൾ വെറും പുൽച്ചാടികളായിരിക്കുമെന്നുമാണ്.

തങ്ങളെക്കുറിച്ച് ഇവർക്കുള്ള അഭിപ്രായമെന്താണെന്ന് ഇതിൽനിന്നു വ്യക്തമാണ്.

ചെകുത്താൻ നിങ്ങളുടെ മനസ്സിൽ നിങ്ങളെക്കുറിച്ച് എല്ലാത്തരത്തിലുമുള്ള നിഷേധാത്മകചിന്തകൾ നിറയ്ക്കുമെന്ന് (അവനതിനവസരം ലഭിച്ചാൽ) നിങ്ങൾ മനസ്സിലാക്കണം. എത്രയേ മുൻപു തന്നെ അവൻ നിങ്ങളുടെയുള്ളിൽ കോട്ടകൾ പണിയാനാരംഭിച്ചിരിക്കുന്നു; അവയിൽ പലതും നിങ്ങളെക്കുറിച്ചും നിങ്ങളെപ്പറ്റി മറ്റുള്ളവർ കരുതുന്നതിനെക്കുറിച്ചുമുള്ള നിഷേധാത്മക ചിന്തകളായിരിക്കും. നിങ്ങൾ നിരസിക്കപ്പെടുന്ന ഏതാനും സാഹചര്യങ്ങൾ സൃഷ്ടിക്കുകയും അത്തരം സാഹചര്യങ്ങളുടെ വേദനാജനകമായ ഓർമ്മ നിങ്ങളുടെയുള്ളിൽ നിറയ്ക്കുന്നതിലൂടെ പുരോഗതി നേടാനുള്ള നിങ്ങളുടെ ശ്രമത്തെ പരാജയപ്പെടുത്തുകയുമാണ് അവന്റെ രീതി.

പരാജയത്തെക്കുറിച്ചും നിരസപ്പെടുന്നതിനെക്കുറിച്ചുമുള്ള ഭയമാണ് പലയാളുകളുടേയും വിജനതയിൽ തളച്ചിടുന്നത്. അനേകം വർഷങ്ങൾ ഈജിപ്തിൽ അടിമകളായി പീഡനമനുഭവിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ ഇസ്രയേൽ ജനതയുടെയുള്ളിൽ ആത്മനിന്ദ നിറഞ്ഞിരുന്നു. മോശയോടൊപ്പം യാത്രയാരംഭിച്ച തലമുറയിലെ ഒരാൾപ്പോലും വാഗ്ദത്തഭൂമിയിൽ പ്രവേശിച്ചില്ലെന്നതു

ശ്രദ്ധേയമാണ്. അവരുടെ സന്തതികളാണ് അവിടെ പ്രവേശനം നേടിയത്. എങ്കിലും അവരിൽനിന്ന് നിന്ദമായ്ച്ചു കളയേണ്ടതുണ്ടെന്നാണ് ദൈവമരുളിച്ചെയ്തത്.

അവരുടെ മാതാപിതാക്കൾ ഈജിപ്തിൽനിന്നും പുറപ്പെട്ടതിനുശേഷം മരുഭൂമിയിൽവെച്ച് പിറന്നുവീണവരായിരുന്നു അവരിലധികംപേരും. ഒരിക്കലും ഈജിപ്തിൽ ജീവിച്ചിട്ടില്ലാത്ത അവരുടെയുള്ളിൽ എങ്ങനെയാണ് ആത്മനിന്ദ കടന്നു കൂടിയത്?

നിങ്ങളുടെ മാതാപിതാക്കളുടെയുള്ളിലെ ചിന്തകൾ, മനോഭാവങ്ങൾ, പെരുമാറ്റരീതികൾ തുടങ്ങിയവ നിങ്ങളുടെയുള്ളിലേയ്ക്ക് കടന്നുവന്നേക്കാം. അവരുടെ തെറ്റായ ചിന്താരീതി നിങ്ങൾക്കുമുണ്ടായെന്നു വരാം. ഏതെങ്കിലുമൊന്നിനെക്കുറിച്ച് അവരാലോചിക്കുന്നതൊക്കെ നിങ്ങളിലും വന്നു ചേർന്നെന്നു വരാം, ഒരു പക്ഷെ എന്തുകൊണ്ടാണ് നിങ്ങളങ്ങനെ ചിന്തിക്കുന്നതെന്ന് നിങ്ങൾപോലുമറിയാതെയാകാം അതു സംഭവിക്കുന്നത്.

രക്ഷാകർത്താക്കളിലൊരാൾക്ക് തന്നെക്കുറിച്ച് മോശമായ അഭിപ്രായമാണുള്ളതെങ്കിൽ, 'ദൈവത്തിന്റെയനുഗ്രഹങ്ങൾ ഞാനർഹിക്കുന്നില്ല' എന്ന മനോഭാവമാണുള്ളതെങ്കിൽ അതേ മനോഭാവം അവരുടെ കുട്ടികൾക്കുണ്ടായെന്നു വരാം

ഈ വിഷയത്തെക്കുച്ച് ഇതേ പുസ്തകത്തിൽ ഇതിമു മുൻപും ഞാനെഴുതിയിട്ടുണ്ട്, എന്നാൽ ഇതൊരു പ്രധാനവിഷയമായാൽ നിങ്ങൾ സ്വയം കരുതുന്നനേതുരീതിയിലാകണമെന്നതിനെക്കുറിച്ച് മനസ്സിലാക്കണമെന്ന് വീണ്ടും ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. സ്വീകരിക്കാൻ നിങ്ങൾ തയ്യാറാണെങ്കിൽ നിങ്ങളുടെ തോൽവിലഖിൽ കാരുണ്യം കാട്ടാൻ ദൈവം തയ്യാറാണ്. യാതൊരു കുറവുകളുമില്ലാത്തവരും ഒരിക്കലും തെറ്റുപറ്റാത്തവരും പരിപൂർണ്ണരുമായ ആളുകൾക്കല്ല ദൈവം പ്രതിഫലം നൽകുന്നത്, മറിച്ച് അവനിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവർക്കാണ്.

## ദൈവത്തിലുള്ള നിങ്ങളുടെ വിശ്വാസം അവനെ സന്തോഷിപ്പിക്കുന്നു

**എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലംകൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ.**

**എബ്രാ. 11: 6**

വിശ്വാസമില്ലാതെ ദൈവത്തെ സന്തോഷിപ്പിക്കാനാവില്ലെന്നത് ഓർമ്മിച്ചുകൊള്ളുക; അതിനാൽ നിങ്ങളെന്തൊക്കെ 'നല്ല കാര്യങ്ങൾ' ചെയ്താലും ശരി, അവ ദൈവത്തിന്റെ 'പ്രീതി സമ്പാദിക്കുക' എന്ന ലക്ഷ്യത്തോടെയാണ് ചെയ്യുന്നതെങ്കിൽ അവൻ നിങ്ങളിൽ പ്രസാദിക്കുകയില്ല.

നിങ്ങൾ ദൈവത്തിനുവേണ്ടി ചെയ്യുന്നതെല്ലാം അവനോടുള്ള സ്നേഹത്താൽ ചെയ്യുന്നതായിരിക്കണം, മറിച്ച് അവനിൽനിന്നും എന്തെങ്കിലും ലഭിക്കുന്നതിനുവേണ്ടിയായിരിക്കരുത്.

സ്ഥിരോത്സാഹത്തോടെ ദൈവത്തെ ആശ്രയിക്കുന്നവർക്ക് അവനു പ്രതിഫലം നൽകുന്നുവെന്ന് ഈ വാക്യത്തിൽ ശക്തമായി പറഞ്ഞിരിക്കുന്നു. ഇതു കണ്ടപ്പോൾ ഞാൻ വളരെയേറെ ആഹ്ലാദിച്ചു! കഴിഞ്ഞ കാലങ്ങളിൽ എനിക്ക് നിരവധി തെറ്റുകൾ പറ്റിയിട്ടുണ്ടെന്നെനിക്കറിയാം, എന്നാൽ പൂർണ്ണമനസ്സോടെയും സ്ഥിരോത്സാഹത്തോടെയും ഞാൻ ദൈവത്തെ ആശ്രയിച്ചിട്ടുണ്ടെന്നുമെനിക്കറിയാം. അതിനാൽ ഞാൻ പ്രതിഫലത്തിനർഹയാണെന്നെനിക്കറിയാം. ദൈവമെനിക്ക് നൽകാനാഗ്രഹിക്കുന്ന ഏതൊരനുഗ്രഹവും തീർച്ചയായും ഞാൻ സ്വീകരിക്കുമെന്ന് വളരെ മുൻപുതന്നെ ഞാൻ പ്രതിജ്ഞ ചെയ്തിരുന്നു.

ഇസ്രയേൽ ജനതയെ വാഗ്ദത്ത ഭൂമിയിലെത്തിക്കുകയും അവരുടെ ഭാവനയ്ക്കതീതമായ അനുഗ്രഹങ്ങളവർക്കു നൽകുകയും ചെയ്യണമെന്ന് കർത്താവാഗ്രഹിച്ചിരുന്നതാണ്. എന്നാൽ അതിനു മുൻപായി അവരുടെയുള്ളിലെ അപമാനബോധം നീക്കിക്കളയേണ്ടിയിരന്നു. അപകർഷതാബോധത്തിന്റേയും അപമാനത്തിന്റെയും ആത്മനിന്ദയുടെയും ഭാരം ചുമക്കുന്നവർക്ക് വേണ്ടവിധത്തിൽ ദൈവാനുഗ്രഹം സ്വീകരിക്കാനാവില്ല.

## നിന്ദയ്ക്കതീതരായിരിക്കുക

**നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുത്തിരിക്കുന്നു.**

**എഫേ 1: 4**

അദ്ഭുതകരമായ വാക്യമാണിത്! നാം കർത്താവിന്റെ സന്താനങ്ങളാണെന്നും നാം സ്നേഹിക്കപ്പെടുകയും വിലപ്പെട്ടവരായിരിക്കുകയും വിശുദ്ധരും നിഷ്കളങ്കരും നിന്ദയ്ക്കതീതരും ആയിത്തീരണമെന്നും ഇവിടെ പറയപ്പെട്ടിരിക്കുന്നു.

വിശുദ്ധമായ ജീവിതം നയിക്കാൻ ആവശ്യമായതെല്ലാം നാം ചെയ്തിരിക്കണം. എന്നാൽ നമുക്ക് തെറ്റു പറ്റുമ്പോൾ മാപ്പു ലഭിക്കുകയും വിശുദ്ധി വീണ്ടെടുക്കാനും, വീണ്ടും നിഷ്കളങ്കരും അപമാനത്തിനതീനരുമായിത്തീരാൻ സാധിക്കുകയും ചെയ്യുമെന്നതിൽ ദൈവത്തിനു നന്ദി പറയുക - എല്ലാം 'അവനി'ലാണ് സംഭവിക്കുന്നത്.

## നിന്ദയോ കുറ്റപ്പെടുത്തലോ ഇല്ലാതെ

**നിങ്ങളിൽ ഒരുത്തന്നു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായികൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ;**

**യാക്കോബ് 1:5**

യാതൊരു നിന്ദയുമനുഭവിക്കാതെ ദൈവത്തിൽനിന്നും സ്വീകരിക്കാൻ നമ്മെ പഠിപ്പിക്കുന്ന മറ്റൊരു വാക്യമാണിത്.

പരീക്ഷണങ്ങൾക്കും വിധേയരായ ആളുകളോടാണ് യാക്കോബ് ഇതിനു മുൻപു സംസാരിച്ചുകൊണ്ടിരുന്നത്, അവരുടെ ജീവിതസാഹചര്യത്തിൽ ജ്ഞാനമാവശ്യമാണെന്നു തോന്നിയാൽ അവർക്കു ദൈവത്തോടു ചോദിക്കാമെന്നാണ് അദ്ദേഹമിവിടെ പ്രസ്താവിക്കുന്നത്. ദൈവമവരെ നിന്ദിക്കുകയോ

കുറ്റപ്പെടുത്തുകയോ ചെയ്യുകയില്ല. മറിച്ച് സഹായിക്കുകയേയുള്ളൂവെന്നാണ് അവനവർക്കുറപ്പു നൽകുന്നത്.

ദൈവിക സഹായമില്ലാതെ വിജനതയെ മറികടക്കാൻ നിങ്ങൾക്കാവില്ല. എന്നാൽ നിങ്ങളിലുള്ളത് നിഷേധാത്മകമായ മനോഭാവമാണെങ്കിൽ, ദൈവം നിങ്ങളെ സഹായിക്കാൻ ശ്രമിച്ചാലും നിങ്ങൾക്കത് സ്വീകരിക്കാൻ കഴിയില്ല.

വിജയകരവും ശക്തവും ക്രിയാത്മകവുമായ ജീവിതമാണ്, നിങ്ങളാഗ്രഹിക്കുന്നതെങ്കിൽ ഒരിക്കലും നിങ്ങളെക്കുറിച്ചു നിഷേധാത്മകമായി ചിന്തിക്കാതിരിക്കുക. ഇനിയെത്ര ദൂരംകൂടി സഞ്ചരിക്കാനുണ്ടെന്നല്ല, മറിച്ച് എത്രദൂരം നിങ്ങൾ പിന്നിട്ടുകഴിഞ്ഞിരിക്കുന്നുവെന്നാണു ചിന്തിക്കേണ്ടത്. നിങ്ങൾ നേടിയ പുരോഗതിയെക്കുറിച്ചാലോചിക്കുക, ഫിലിപ്പിയർക്കുള്ള ലേഖനത്തിലെ ഒന്നാമദ്ധ്യായത്തിലെ ആറാം വാക്യമോർമ്മിക്കുക. **നിങ്ങളുടെ കൂട്ടത്തിൽ സത്പ്രവൃത്തിയാരംഭിച്ചവൻ. യേശുക്രിസ്തുവിന്റെ ദിവസമാകുമ്പോഴേക്കും അതു പൂർത്തിയാക്കുമെന്ന് എനിക്കുറപ്പുണ്ട്.'**

*നിങ്ങളെക്കുറിച്ച് ക്രിയാത്മകമായി ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുക.*

# 24

# “മറ്റെല്ലാവരും എന്നേക്കാൾ നല്ല നിലയിൽ കഴിയുന്ന സ്ഥിതിക്ക് ഞാനെന്തിന് അസൂയപ്പെടാതിരിക്കണം”

## വിജനതാമനോഭാവം 9

**അവനെ പത്രോസ് കണ്ടിട്ടു; കർത്താവേ, ഇവന്നു എന്തു ഭവിക്കും എന്നു യേശുവിനോടു ചോദിച്ചു. യേശു അവനോടു; ഞാൻ വരുവോളം ഇവൻ ഇരിക്കണമെന്നു എനിക്കു ഇഷ്ടം ഉണ്ടെങ്കിൽ അതു നിനക്കു എന്തു? നീ എന്നെ അനുഗമിക്ക എന്നു പറഞ്ഞു.**

**യോഹ: 21: 21, 22**

യോഹന്നാന്റെ സുവിശേഷം 21–ാം അദ്ധ്യായത്തിൽ, തന്നെ സേവിക്കുകയും വാഴ്ത്തുകയും ചെയ്യുന്നതിനായി പാലിക്കേണ്ടിവരുന്ന ക്ലേശങ്ങളെക്കുറിച്ച് ക്രിസ്തു പത്രോസിനോടു സംസാരിക്കുകയാണ്. ഇതു കേട്ടയുടനെ പത്രോസ് യോഹന്നാനെ നോക്കിയിട്ട് അയാളെ സംബന്ധിച്ച് യേശുവിന്റെ ഹിതമെന്താണെന്ന് ആരാഞ്ഞു. തനിക്ക് കഷ്ടപ്പാടുണ്ടാകുമെങ്കിൽ യോഹന്നാനും അത്തരമൊരനുഭവമുണ്ടാകുമെന്ന് ഉറപ്പുവരുത്താനായിരുന്നു പത്രോസിന്റെ ശ്രമം.

ഇതിനുത്തരമായി, മറ്റുള്ളവരുടെ കാര്യത്തിലിടപെടാൻ ശ്രമിക്കരുതെന്ന് യേശു സൗമ്യമായി പത്രോസിനോടു പറഞ്ഞു.

മറ്റുള്ളവരുടെ കാര്യങ്ങളിലിടപെടാൻ ശ്രമിക്കുമ്പോൾ നാം വിജനതയിൽ അലഞ്ഞുനടക്കുകയാണു ചെയ്യുന്നത്. നമ്മുടെ സാഹചര്യങ്ങളെ മറ്റുള്ളവരുടേതുമായി താരതമ്യം ചെയ്യുകയും അവരോട് അസൂയപ്പെടുകയും ചെയ്യുകയെന്നുള്ളത് തീർച്ചയായും വിജനതാ മനോഭാവമാണ്.

## അസൂയയെ സൂക്ഷിക്കുക

**ശാന്ത മനസ്സു ദേഹത്തിനു ജീവൻ;**

**അസൂയയയോ അസ്തികൾക്കു ദ്രവത്വം.**

**സുഭാ. 14: 30**

ക്രൂരമായും നിർദ്ദയമായും പലപ്പോഴും മൃഗീയമായും, പെരുമാറാനാണ് അസൂയ ഒരുവനെ പ്രേരിപ്പിക്കുന്നത്. ജോസഫിനെ അടിമയാക്കി വിൽക്കാൻ അയാളുടെ സഹോദരന്മാരെ പ്രേരിപ്പിച്ചതും അസൂയ തന്നെ. തങ്ങളുടെ പിതാവ് അയാളെ വളരെയേറെ സ്നേഹിച്ചിരുന്നതിനാലാണ് ജോസഫിന്റെ സഹോദരന്മാർക്ക് അയാളോടസൂയ തോന്നിയത്.

നിങ്ങളുടെകുടുംബത്തിലാർക്കെങ്കിലും നിങ്ങൾക്കു ലഭിക്കുന്നതിനേക്കാൾ സ്നേഹവും പരിഗണനയും കിട്ടുന്നുണ്ടെങ്കിൽ അയാളെ വെറുക്കാതിരിക്കുക. ദൈവത്തിൽ വിശ്വസിക്കുക! അവൻ നിങ്ങളോടെന്തു ചെയ്യാനാണോ പറയുന്നത്, അതനുസരിക്കുക - അവന്റെ കാരുണ്യം നേടുന്നതിനായി അവനെ വിശ്വസിക്കുക - അപ്പോൾ നിങ്ങൾക്ക് ജോസഫിന്റെ അനുഭവമുണ്ടാകും - നിങ്ങൾ അങ്ങേയറ്റം അനുഗ്രഹിക്കപ്പെടും.

*വൈൻസ് എക്സ്പോസിറ്ററി ഡിക്ഷനറി ഓഫ് ഓൾഡ് ആൻഡ് ന്യൂ ടെസ്റ്റമെന്റ് വേർഡ്സി*ൽ, അസൂയ എന്നർത്ഥം വരുന്ന ഗ്രീക്കു പദത്തിനു നൽകിയിരിക്കുന്ന നിർവ്വചനമിതാണ്: മറ്റുള്ളവരുടെ അഭിവൃദ്ധിയിലുണ്ടാകുന്ന അസംന്തുഷ്ടി. '*വെബ്സ്റ്റേർഡ് ഡിക്ഷണറിയിൽ, അതൃപ്തി, അസന്തുഷ്ടി, ആശങ്ക തുടങ്ങിയ വികാരങ്ങൾ*' എന്നാണ് നിർവ്വചനം. നിങ്ങൾക്ക് ലഭിച്ചിരിക്കുന്നത് മറ്റൊരാൾ തട്ടിയെടുക്കുമോ എന്ന ആശങ്കാ മറ്റൊരാളിന്റെ വിജയത്തിലുണ്ടാകുന്ന അതൃപ്തി എന്നൊക്കെ ഇതിനെ വ്യാഖ്യാനിക്കാനാണ് ഞാനിഷ്ടപ്പെടുന്നത്.

## താരതമ്യം ചെയ്യുകയും മത്സരിക്കുകയും പാടില്ല

**തങ്ങളുടെ കൂട്ടത്തിൽ ആരെ ആകുന്നു വലിയവനായി എണ്ണേണ്ടതു എന്നതിനെ ച്ചൊല്ലി ഒരു തർക്കവും അവരുടെ ഇടയിൽ ഉണ്ടായി. അവനോ അവരോടു പറഞ്ഞതു:**

**ജാതികളുടെ രാജാക്കന്മാർ അവരിൽ കർത്തൃത്വം നടത്തുന്നു; അവരുടെ മേൽ അധികാരം നടത്തുന്നവരെ ഉപകാരികൾ എന്നു പറയുന്നു. നിങ്ങളോ അങ്ങനെയല്ല; നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ.**

**ലൂക്കോസ്: 22: 24– 26**

എന്റെ ചെറുപ്പകാലത്ത് അസൂയയും താരതമ്യപ്പെടുത്തലുംമൂലം എനിക്ക് ഒട്ടേറെ സംഘർഷമനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അരക്ഷിതാവസ്ഥയനുഭവിക്കുന്ന എല്ലാവരുടെയും കാര്യമിങ്ങനെ തന്നെയാണ്. ഒരു വ്യക്തി എന്ന നിലയിലുള്ള നമ്മുടെ മൂല്യത്തെക്കുറിച്ച് നമുക്ക് സുരക്ഷിതത്വബോധമില്ലെങ്കിൽ ജീവിതവിജയം നേടിയെന്ന് നാം കരുതുന്ന ആളുകളോട് നാം മത്സരത്തിനൊരുങ്ങും.

ഞാനൊരു വ്യക്തിയാണെന്ന കാര്യം മനസ്സിലാക്കിക്കൊണ്ട് (ദൈവത്തിന് എന്റെ ജീവിതത്തെക്കുറിച്ച് തികച്ചും നൂതനവും വ്യക്തിപരവുമായ ഒരു പദ്ധതിയുണ്ടെന്ന കാര്യം മനസ്സിലാക്കിക്കൊണ്ട്, കർത്താവെനിക്കു നൽകിയ വിലപ്പെട്ട സ്വാതന്ത്ര്യം ഞാൻ തിരിച്ചറിയുന്നു. ഞാൻ എന്നെയോ (എന്റെ പ്രസ്ഥാനത്തെയോ) മറ്റാരുമായും താരതമ്യം ചെയ്യേണ്ടതില്ലെന്ന് ഇപ്പോഴെനിക്കുറപ്പുണ്ട്.

യേശുവിന്റെ ശിഷ്യന്മാരെക്കുറിച്ചാലോചിക്കുമ്പോൾ ഞാനുഭവിക്കുന്ന പല പ്രശ്നങ്ങളും അവരുമനുഭവിച്ചിരുന്നെന്ന് എനിക്കു മനസ്സിലാകുന്നു, അതെനിക്കു പ്രചോദനമേകുന്നു. മേലുദ്ധരിച്ച വാക്യത്തിൽ തങ്ങളിലാരാണ് ഏറ്റവും

വലിയവനെന്ന് തർക്കിക്കുന്ന ശിഷ്യന്മാരെയാണ് നാം കാണുന്നത്. ഏറ്റവും എളിവനെന്ന്, അല്ലെങ്കിൽ വെറുമൊരു പരിചാരകനെന്ന് കണക്കാക്കപ്പെടാൻ തയ്യാറുള്ളവനാണ് എന്ന് യേശു മറുപടി പറയുന്നു. ദൈവരാജ്യത്തിലെ ജീവിതം ലൗകികജീവിതത്തിനു നേരെ വിപരീതമാണെന്ന് തന്റെ ശിഷന്മാരെ പഠിപ്പിക്കുന്നതിനായി കർത്താവ് ഒട്ടേറെ സമയം ചെലവഴിച്ചു.

'ഒന്നാമന്മാർ ഏറ്റവും പിന്നിലാകുന്നു, പിന്നിൽ നിൽക്കുന്നവർ ഒന്നാമൻമാരുമാകുന്നു (മർക്കോസ് 10: 31) അനുഗൃഹീതരായവരോടൊപ്പം സന്തോഷിക്കുക (ലൂക്കോ15: 6,9 KJV), 'നിങ്ങളുടെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും നിങ്ങളോടു മോശമായി പെരുമാറിയവരെ ആശീർവദിക്കുകയും ചെയ്യുക' (മത്തായി 5:44) എന്നിങ്ങനെയുള്ള വചനങ്ങളാണ് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത്. ഇതു വിഡ്ഡിത്തമാണെന്ന് ലോകം അഭിപ്രായപ്പെട്ടേക്കാം - എന്നാൽ ഇതാണ് യഥാർത്ഥ ശക്തിയെന്നാണ് യേശു പറയുന്നത്.

## ലൗകികമായ മത്സരമൊഴിവാക്കുക

**നാം പരസ്പരം പ്രകോപിപ്പിക്കുന്നവരും മത്സരിക്കുന്നവരും വെല്ലുവിളിക്കുന്നവരും അസൂയാലുക്കളും മിഥ്യാഭിമാനികളും ആകാതിരിക്കട്ടെ**

**ഗലാ. 5: 26**

മറ്റുള്ളവരെക്കാൾ മുൻപന്തിയിലെത്തുകയെന്നതാണ് ലൗകീകമായ രീതിയുടെ പതിവ്. ഉയർച്ചനേടാനുള്ള ശ്രമത്തിൽ ആരെയൊക്കെ വേദനിപ്പിക്കേണ്ടിവന്നാലും ശരി, പരമാവധി ശ്രമിച്ച് നാം ഏറ്റവും മുകളിലെത്തുന്നതാണ് മിടുക്കു തെളിയിക്കാനുള്ള വഴി എന്നാണ് ആളുകൾ കരുതുന്നത്. എന്നാൽ മറ്റുള്ളവരുമായി മത്സരിക്കണമെന്ന തോന്നലിൽനിന്നും മോചനം നേടുന്നതു വരെ യഥാർത്ഥ സമാധാനമനുഭവിക്കാനാവില്ലെന്നാണ് ബൈബിൾ നമ്മെ പഠിപ്പിക്കുന്നത്.

വിനോദനത്തിനായുള്ള കളികളിൽപ്പോലും അമിതമായ മത്സരബുദ്ധിമൂലം വാദപ്രവാദങ്ങളും വഴക്കുകളുമുണ്ടാകുന്നത് സാധാരണമാണ്; സന്തോഷകരമായ ഒന്നിച്ചുകൂടലിനു പകരം പരസ്പരം വെറുക്കാനാണ് ആളുകൾ ശീലിക്കുന്നത്. തോൽക്കാനായി ഒരു കഴിയും കളിക്കാൻ മനുഷ്യർ തയ്യാറല്ല; തന്റെ കഴിവിന്റെ പരമാവധി ഉപയോഗിക്കാനാണ് ഓരോ ആളും ശ്രമിക്കുന്നത്. ഏതെങ്കിലുമൊരു കളിയിൽ തനിക്ക് ജയിക്കാനാവില്ലെന്ന് മനസ്സിലാക്കുമ്പോൾ ഒരുവൻ അസ്വസ്ഥനാകുന്നു - ജീവിതത്തിന്റെ മറ്റനേകം മണ്ഡലങ്ങളിൽ പലതരത്തിലുള്ള പ്രശ്നങ്ങൾക്കു കാരണമായ അസ്വാസ്ഥ്യമാണത്.

ഏതു ജോലിയിലും നമ്മുടെ കഴിവിന്റെ പരമാവധി ഉപയോഗിക്കണം. നമ്മുടെ തൊഴിലിൽ പുരോഗതിനേടാൻ ശ്രമിക്കുന്നതിൽ യാതൊരു തെറ്റുമില്ല. എന്നാൽ ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം, പുരോഗതി ലഭിക്കേണ്ടത് ദൈവത്തിൽനിന്നാണ്, മനുഷ്യനിൽ നിന്നല്ല എന്ന കാര്യം വിസ്മരിക്കപ്പെട്ടുകൂടാ. പുരോഗതി നേടുന്നതിനായി നിങ്ങളും ഞാനുമൊന്നും ലൗകികമായ

തന്ത്രങ്ങളുപയോഗിക്കേണ്ട ആവശ്യമില്ല. ദൈവത്തിന്റെ വഴിയിൽ അവന്റേയും മനുഷ്യരുടേയും ദൃഷ്ടിയിൽ പ്രീതി നേടുന്നു (സുഭാ. 3: 3,4 KJV)

നരകത്തിൽനിന്നുമുള്ള പീഢനങ്ങളാണ് അസൂയയും സ്പർദ്ധയും. എന്നെക്കാൾ ഭംഗിയുള്ളവരും എനിക്കില്ലാത്ത കഴിവുകളുള്ളവരുമായ സകല ആളുകളോടും ഒരു കാലത്ത് എനിക്കസൂയയായിരുന്നു. സുവിശേഷപ്രസ്ഥാനത്തിലേർപ്പെട്ടിരുന്ന മറ്റുള്ളവരോട് എന്റെയുള്ളിൽ രഹസ്യമായ മത്സരബുദ്ധിയുണ്ടായിരുന്നു. എന്റെ പ്രസ്ഥാനം മറ്റുള്ളവരുടേതിനേക്കാൾ വലുതും, കൂടുതലാളുകൾ പങ്കെടുക്കുന്നതും, കൂടുതൽ സമ്പന്നവുമായിരിക്കണമെന്ന് ഞാനാഗ്രഹിച്ചു. മറ്റാരുടെയെങ്കിലും സുവിശേഷ പ്രസ്ഥാനം എന്റേതിനേക്കാൾ മെച്ചമാണെന്നു മനസ്സിലാക്കാൻ എന്റെയുള്ളിൽ അയാളുടെ നേർക്ക് അസൂയ പെരുകുമായിരുന്നു, അയാളുടെ അഭിവൃദ്ധിയിൽ സന്തോഷിക്കുകയാണു വേണ്ടതെന്ന് അറിയാമായിരുന്നെങ്കിലും എനിക്കതിനു കഴിഞ്ഞിരുന്നില്ല.

എന്റെ പ്രവൃത്തികളിലല്ല, മറിച്ച് ക്രിസ്തുവിലാണ് എന്റെ നിലനിൽപ്പ് എന്നു മനസ്സിലായതോടെ, മറ്റുള്ളവരുമായി താരതമ്യം ചെയ്യാനുള്ള താല്പര്യത്തിൽനിന്നും ഞാൻ മോചനം നേടി. ദൈവത്തിൽ വിശ്വസിക്കാൻ ഞാനെത്ര കൂടുതൽ പഠിച്ചുവോ, അത്രയധികം സ്വാതന്ത്ര്യവുമെനിക്കു ലഭിച്ചു. എന്റെ സ്വർഗ്ഗീയ പിതാവ് എന്നെ സ്നേഹിക്കുന്നുണ്ടെന്നും, എനിക്ക് ഏതാണോ ഏറ്റവും നല്ലത്, അതവൻ നൽകുമെന്നും ഞാൻ വിശ്വസിച്ചു.

ദൈവം എനിക്കോ നിങ്ങൾക്കോ വേണ്ടി ചെയ്യുന്നതായിരിക്കില്ല, മറ്റൊരാൾക്കുവേണ്ടി ചെയ്യുന്നത്; എന്നാൽ യേശു പത്രോസിനോടു പറഞ്ഞ ഈ വാക്യമോർമ്മിക്കുക, 'ഞാൻ മറ്റൊരാളുടെ കാര്യത്തിൽ എന്തുചെയ്യുന്നുവെന്ന് നീ ആലോചിക്കേണ്ടതില്ല - നീ എന്നെ പിന്തുടരുക!'

ഏറെക്കാലമായി ഞാൻ ആഗ്രഹിക്കുകയും കിട്ടുമെന്നു പ്രതീക്ഷിക്കുകയും ചെയ്തിരുന്ന ഒന്ന്, ഒരിക്കൽ എന്റെയൊരു സുഹൃത്തിനു ലഭിക്കാനിടിയായി. അവർ എന്നെപ്പോളെ 'ആത്മീയജീവിതം' നയിച്ചിരുന്നയാളായിരുന്നില്ല, എന്നിട്ടും അവൾക്കതു ലഭിച്ചു എന്നറിഞ്ഞപ്പോൾ ഞാൻ അസൂയാലുവായിത്തീർന്നു, പ്രത്യേകിച്ചും ദൈവമവൾക്കു നൽകിയ ദാനത്തെക്കുറിച്ച് എന്നോടു പറയുവാനായി. അവളെന്റെ വീട്ടിലെത്തിയപ്പോൾ. അവളുടെ സാന്നിദ്ധ്യത്തിൽ, സന്തോഷിക്കുന്നതായി ഞാനഭിച്ചുവെങ്കിലും, എന്റെയുള്ളിൽ ഞാൻ അസൂയയും അസ്വാസ്ഥ്യവും സഹിക്കുകയായിരുന്നു.

അവൾ പോയതിനുശേഷം , അതുവരെ എന്റെയുള്ളിലുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞിട്ടില്ലാത്ത വികാരങ്ങൾ പുറത്തുവരാൻ തുടങ്ങി. ദൈവാനുഗ്രഹം നേടാനുള്ള അർഹത അവൾക്കില്ലെന്ന് ഞാനുറച്ചു വിശ്വസിച്ചു. അവൾ സുഹൃത്തുക്കളെ കാണുകയും സന്തോഷിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ ഞാനെന്റെ വീട്ടിനുള്ളിലിരുന്ന് ഉപവസിക്കുകയും പ്രാർത്ഥിക്കുകയുമായിരുന്നില്ലേ? പിന്നെ എന്തുകൊണ്ടാണ് അവൾക്കിത്തരമൊരനുഗ്രഹം ലഭിച്ചത്? യഥാർത്ഥത്തിൽ ഞാനൊരു കപടവിശ്വാസി, ഒരു 'ഫരിസേയ' നായിരുന്നു, അതു തിരിച്ചറിയാനെനിക്കു കഴിഞ്ഞില്ലെങ്കിലും.

നമുക്ക് യഥാർത്ഥത്തിൽ എന്താണാവശ്യമെന്ന് ദൈവത്തിനറിയാമെന്നതിനാൽ, നമുക്ക് തിരഞ്ഞെടുക്കാൻ സാധിക്കാത്ത രീതിയിലാണ് അവൻ കാര്യങ്ങൾ ക്രമീകരിക്കുന്നത്. എന്റെ മോശമായ മനോഭാവങ്ങളെ മാറ്റുകയെന്നതിനായിരുന്നു എനിക്കേറ്റവും ആവശ്യമുണ്ടായിരുന്നത്. അതിനാൽ എനിക്ക് എന്നെത്തന്നെ നേരിടേണ്ടിവരുന്ന സാഹചര്യമുളവാക്കുകയെന്നത് ദൈവം സുപ്രധാനമായിക്കരുതി. അല്ലാത്തപക്ഷം നാമൊരിക്കലും സ്വാതന്ത്ര്യം നേടുകയില്ല.

ശത്രുവിന് നമ്മുടെയാത്മാവിലൊളിഞ്ഞിരിക്കാൻ കഴിയുന്നിടത്തോളം അവനു നമ്മുടെമേൽ നിയന്ത്രണമേർപ്പെടുത്താൻ കഴിയും. ദൈവം അവനെ തുറന്നു കാട്ടുമ്പോൾ നാം സ്വാതന്ത്ര്യത്തിലേക്ക് സഞ്ചാരമാരംഭിക്കുന്നു - നാം സ്വയം ദൈവത്തിന്റെ കൈകളിൽ സമർപ്പിക്കുകയും, ദൈവം നമുക്കുവേണ്ടി എന്തു ചെയ്യാനാഗ്രഹിക്കുന്നുവോ, അതു ചെയ്യാൻ അവനെ അനുവദിക്കുകയും ചെയ്യുമ്പോൾ.

എന്റെ സുവിശേഷ പ്രസ്ഥാനം വിപുലമായിത്തീരുകയും, റേഡിയോ, ടെസലിവിഷൻ എന്നീ മാദ്ധ്യമങ്ങളുടെയും, സെമിനാറുകൾ, പുസ്തകങ്ങൾ, ടേപ്പുകൾ എന്നിവയുടെയും സഹായത്തോടെ പതിനായിരക്കണക്കിനാളുകളിൽ എന്റെ സന്ദേശമെത്തിച്ചേരുകയും ചെയ്യണമെന്ന് ദൈവം നേരത്തെ തന്നെ തീരുമാനിച്ചിരുന്നു. എന്നാൽ ഞാനവനിൽ വളർച്ച നേടുന്നതുവരെ അതിന്റെ പൂർണ്ണത സ്വായത്തമാക്കാൻ അവനെന്നെ അനുവദിച്ചിരുന്നില്ല.

## പുതിയൊരു മനോഭാവം നേടുക!

**പ്രിയനെ നിന്റെ ആത്മാവു ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു.**

**3 യോഹ. 2 KJV**

ഈ വാക്യം ശ്രദ്ധാപൂർവ്വം പഠിക്കുക. നാം അനുഗ്രഹിക്കപ്പെടാനാഗ്രഹിക്കുന്നതിലധികം നമ്മെ അനുഗ്രഹിക്കാനാണ് ദൈവമാഗ്രഹിക്കുന്നത്. അതേസമയം അനുഗ്രഹങ്ങളെ നമുക്ക് വേണ്ട രീതിയിൽ കൈകാര്യം ചെയ്യാൻ കഴിയുന്നതിനുമപ്പുറമുള്ള അനുഗ്രഹങ്ങൾ നൽകാനവൻ തയ്യാറാവില്ല; അവനെ വാഴ്ത്താൻ നമുക്കു കഴിയുന്നിടത്തോളം അതു ചെയ്യാൻ മാത്രമേ അവൻ നമ്മെ അനുവദിക്കുകയുള്ളൂ.

മറ്റുള്ളവരുമായി സ്വയം താരതമ്യം ചെയ്യുകയും അവരോട് അസൂയപ്പെടുകയും ചെയ്യുകയെന്നുള്ളത് തികച്ചും ബാലിശമാണ്. ശാരീരികവും ലൗകികവുമായ രീതിയാണത്, അതിൽ തെല്ലും ആത്മീയതയില്ല. വിജനതയിൽ കഴിയേണ്ടി വരുന്നതിന്റെ പ്രധാനകാരണങ്ങളിലൊന്നാണത്.

ഇത്തരത്തിലുള്ള നിങ്ങളുടെ ചിന്തകളെ ഒന്നു പരിശോധിക്കുക. തെറ്റായ ചിന്താഗതികൾ നിങ്ങളുടെയുള്ളിലേയ്ക്കു പ്രവേശിക്കുമ്പോൾ സ്വയമിങ്ങനെ പറയുക, മറ്റുള്ളവരോട് അസൂയകാട്ടിയതുകൊണ്ട് എനിക്കെന്തു പ്രയോജനമാണുള്ളത്? അതെനിക്ക് അനുഗ്രഹം നേടിത്തരികയില്ല. ദൈവത്തിന് നാമോ

രോരുത്തരുടേയും കാര്യത്തിൽ വ്യക്തമായ പദ്ധതികളുണ്ട്. അവനെനിക്ക് ഏറ്റവും നല്ലതു തന്നെ തരുമെന്ന് ഞാൻ വിശ്വസിക്കുന്നു. മറ്റുള്ളവർക്ക് അവ നെന്തുകൊടുക്കുന്നു എന്നത് ഞാനാലോചിക്കേണ്ട കാര്യമില്ല: ഇങ്ങനെ സ്വയ മോർമ്മിപ്പിച്ചതിനുശേഷം ലക്ഷ്യബോധത്തോടെ, കൂടുതലനുഗ്രഹങ്ങൾ ലഭിക്കാ നായി പ്രാർത്ഥിക്കുക.

നിങ്ങളുടെയുള്ളിലെ ഓരോ വികാരത്തേയും കുറിച്ച് ദൈവത്തോട് സത്യ സന്ധത പുലർത്താൻ ഭയപ്പെടരുത്. എല്ലാമറിയുന്നവനാണു ദൈവം. അതിനാൽ അവനോട് തുറന്നു സംസാരിക്കുന്നതാണുചിതം.

ഞാൻ കർത്താവിനോടിങ്ങനെയൊക്കെ സംസാരിക്കാറുണ്ട്, ദൈവമേ ഞാൻ ................ന് കൂടുതലനുഗ്രഹങ്ങൾ കിട്ടണമെന്ന് പ്രാർത്ഥിക്കുന്നു. അവൾക്ക് കൂടുതലഭിവൃദ്ധിയുണ്ടാകട്ടെ.എന്റെ വിശ്വാസത്താലാണ് ഞാനിങ്ങനെ പ്രാർത്ഥി ക്കുന്നത്. എന്റെയുള്ളിൽ എനിക്കവളോട് അസൂയയുണ്ട്, അപകർഷതാ ബോധവും. എന്നാൽ എനിക്കിഷ്ടമില്ലെങ്കിൽക്കൂടി നിന്റെ ഹിതത്തിനുസൃത മായി പ്രവർത്തിക്കാൻ ഞാനാഗ്രഹിക്കുന്നു.

നമുക്ക് ഒരു കാര്യം എത്ര ഭംഗിയായി ചെയ്യാൻ കഴിഞ്ഞാലും, നമ്മെക്കാൾ ഭംഗിയായി അതു ചെയ്യാൻ കവിയുന്നവരുണ്ടാകുമെന്ന് ഈയിടയ്ക്ക് ആരോ ഒരാൾ പറയുന്നത് ഞാൻ കേട്ടു. ഇത് വളരെ സത്യസന്ധമായ ഒരു പ്രസ്താവ നയാകാൻ അതെന്നെ വളരെയധികം സ്വാധീനിച്ചു. എങ്കിൽപ്പിന്നെ എന്തിനാണ് ജീവിതകാലം മുഴുവൻ ഓരോ കാര്യവും മറ്റുള്ളവരേക്കാൾ ഭംഗിയായി നിർവ്വ ഹിക്കുന്നതിനുവേണ്ടി നാം പാടുപെടുന്നത്? നാം ഒന്നാം സ്ഥാനത്തെത്തിയാലും ഏറെ താമസിയാതെ മറ്റൊരാൾ നമ്മോടു മത്സരിക്കാനെത്തും നമുക്കു ചെയ്യാൻ കഴിയുന്നതിലമധികം ഭംഗിയായി അവർ ചെയ്തെന്നു വരും.

കുട്ടികളെക്കുറിച്ചാലോചിച്ചു നോക്കുക: ഏതൊരു കളിക്കാരന്റേയും റെക്കോർഡുകൾ അയാൾക്കുശേഷം വരുന്നു ആരെങ്കിലുമൊക്കെ മറികടക്കാ റുണ്ട്. കലാരംഗത്തുമിതുതന്നെയാണ് സംഭവിക്കുന്നത്. ഏതൊരു താരവും കുറച്ചു സമയത്തേയ്ക്കു മാത്രമേ രംഗം പിടിച്ചടക്കാറുള്ളൂ. അതിനുശേഷം മറ്റൊരാൾ വന്ന് ആ സ്ഥാനം കൈയ്യടക്കും. ഏതു രംഗത്തും നാം മറ്റുള്ളവരെ ക്കാൾ മുൻപിലെത്താനായി പരിശ്രമിക്കണമെന്നും ആ സ്ഥാനം നിലനിർത്താ നായി പ്രയത്നിക്കണമെന്നും പറയുന്നത് കടുത്ത വഞ്ചനയാണ്.

'കുതിച്ചുയരുന്ന നക്ഷത്രങ്ങൾ' പൊടുന്നനവേ ഉയരങ്ങളിലെത്തി മറ്റുള്ള വരുടെ ശ്രദ്ധ പിടിച്ചെടുക്കുമെങ്കിലും വളരെ കുറച്ചു സമയത്തേക്കു മാത്രമേ അവ അവിടെ തിളങ്ങി നിൽക്കുകയുള്ളൂ എന്ന് ഏറെക്കാലം മുൻപ് ദൈവ മെന്നെ ഓർമ്മിപ്പിക്കുകയുണ്ടായി. മിക്കപ്പോഴും കുതിച്ചുയരുന്ന അതേ വേഗ തയിൽ അവനിലംപതിക്കുകയാണ് പതിവ്. സാവകാശം ഉയരുകയും കൂടു തൽ സമയം നിലനിൽക്കുകയും, ദൈവമെന്നോടെന്തു ചെയ്യാനാവശ്യപ്പെടു ന്നുവോ എന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ച് അത് നിറവേറ്റുകയും ചെയ്യു ന്നതാണ് കൂടുതൽ നല്ലതെന്ന് അവനെന്നോടറിയിച്ചു. എന്റെ സൽപ്പേരിനെ

ക്കുറിച്ച് ഞാനാശങ്കിക്കേണ്ടതില്ലെന്നും, അതവൻ നിലനിർത്തിക്കൊള്ളാമെന്നും ദൈവമെനിക്ക് വാഗ്ദാനം നൽകി. ഞാനെന്തുചെയ്യണമെന്നാണോ ദൈവമാഗ്ര ഹിക്കുന്നത്, അതെനിക്ക് ഏറ്റവും അനുയോജ്യമായിരിക്കുമെന്ന് ഞാൻ തീരു മാനിച്ചു എന്തുകൊണ്ടാണെന്നോ? എനിക്ക് എന്തൊക്കെ സാധിക്കുമെന്ന് എന്നെക്കാൾ നന്നായറിയാവുന്നത് ദൈവത്തിനാണെന്ന എന്നതിനാണ്.

ഏറെക്കാലമായി ഇതിനെസംബന്ധിച്ച് നിഷേധാത്മകമായ കോട്ടകൾ നിങ്ങ ളുടെയുള്ളിൽ നിലനിൽക്കുന്നുണ്ടാവാം. മറ്റാരെങ്കിലും നിങ്ങളെക്കാൾ മുൻപി ലെത്തുമ്പോൾ അവരുടെ നേർക്ക് നിങ്ങൾക്കസൂയ തോന്നുകയും അവരോടു മത്സരിക്കാനുള്ള താല്പര്യമുണ്ടാവുകയും ചെയ്യുന്നുണ്ടാകാം. അങ്ങനെയു ണ്ടെങ്കിൽ സ്വയം മാറ്റത്തിനു തയ്യാറാകാനും പുതിയൊരു മനോഭാവം നേടാനും ശ്രമിക്കുക.

മറ്റുള്ളവരെക്കുറിച്ചു സന്തോഷിക്കാനും നിങ്ങളെ ദൈവത്തിനു സമർപ്പി ക്കാനും തയ്യാറാവുക. പരിശ്രമവും സമയവുമിതിനാവശ്യമാണ്. എന്നാൽ നിങ്ങ ളുടെ പഴയതെറ്റായ മനോഭാവം തകർക്കപ്പെടുകയും പകരം ദൈവവചനം ഉള്ളിൽ നിറയുകയും ചെയ്യുമ്പോൾ നിങ്ങൾ വിജനതയിൽനിന്നും വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്രയാരംഭിച്ചുകഴിഞ്ഞുവെന്നും വിശ്വസിക്കാം.

# 25

# “എനിക്കിഷ്ടമുള്ള രീതിയിലാണ് ഞാനത് ചെയ്യാൻ പോകുന്നത്, അല്ലെങ്കിൽ ഞാനത് ചെയ്യുന്നതേയില്ല”

## വിജനതാമനോഭാവം – 10

**അവർ തങ്ങളുടെ ആശ്രയം ദൈവത്തിൽ വെക്കുകയും ദൈവത്തിന്റെ പ്രവൃത്തികളെ മറന്നുകളയാതെ അവന്റെ കല്പനകളെ പ്രമാണിച്ചു നടക്കയും**

**തങ്ങളുടെ പിതാക്കന്മാരെപ്പോലെ ശാഠ്യവും മത്സരവും ഉള്ള തലമുറയായി ഹൃദയത്തെ സ്ഥിരമാക്കാതെ ദൈവത്തോടു അവിശ്വസ്തമനസ്സുള്ളോരു തലമുറയായി തീരാതിരിക്കുകയും ചെയ്യേണ്ടതിന്നു തന്നേ.**

**സങ്കീ: 78: 7,8**

മരുഭൂമിയിൽ കഴിഞ്ഞിരുന്നകാലത്ത് ദുശ്ശാഠ്യവും പ്രതിഷേധമനോഭാവവുമാണ് ഇസ്രയേൽ ജനത കാട്ടിയിരുന്നത്. തന്മൂലമാണ് അവരവിടെക്കിടന്ന മരിക്കേണ്ടിവന്നത്. ദൈവം എന്തു ചെയ്യാനാണോ അവരോടാജ്ഞാപിച്ചത്, അവരതു ചെയ്തില്ല! കുഴപ്പത്തിൽപ്പെടുമ്പോൾ തങ്ങളെ അതിൽനിന്നും രക്ഷിക്കണമെയെന്ന് അവർ ദൈവത്തെ വിളിച്ചു കേഴും. അവന്റെ നിർദ്ദേശങ്ങളെ, സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതുവരെ, അനുസരിക്കുകയും ചെയ്യും. അതിനുശേഷം വീണ്ടും അവർ പഴയപടി പ്രതിഷേധിക്കാനാരംഭിച്ചു.

നിരവധി തവണ ഇതേ പ്രക്രിയ ആവർത്തിക്കുന്നതായി പഴയനിയമത്തിൽ പറയുന്നുണ്ട്, തന്മൂലമത് അവിശ്വസനീയമായിത്തോന്നുന്നു. എന്നാൽ നാം വിവേകപൂർവ്വമല്ല പെരുമാറുന്നതെങ്കിൽ, ഒരേ കാര്യങ്ങളായിരിക്കും നാം ജീവിതത്തിലുടനീളം ചെയ്തുകൊണ്ടിരിക്കുന്നത്.

നമ്മിൽ ചിലർ നൈസർഗ്ഗീയമായിത്തന്നെ, മറ്റുള്ളവരെക്കാൾ ദുശ്ശാഠ്യക്കാരും പ്രതിഷേധിക്കുന്ന സ്വഭാവമുള്ളവരുമാണെന്നുവരാം. അപ്പോൾ തീർച്ചയായും നാമെങ്ങനെയാണ് ജീവിതമാരംഭിച്ചത് എന്നതിനെക്കുറിച്ചും നമ്മുടെ വേരുകളെക്കുറിച്ചും അന്വേഷണം നടത്തണം, എന്തെന്നാൽ അതു നമ്മെ ബാധിക്കുന്ന കാര്യമാണ്.

ശക്തമായ ഒരു വ്യക്തിത്വത്തോടെയാണ് ഞാൻ ജനിച്ചത്. ഏറെക്കാലം എനിക്കിഷ്ടമുള്ള രീതിയിൽ കാര്യങ്ങൾ ചെയ്യാൻ ഞാൻ ശ്രമിച്ചിട്ടുണ്ടാവണം, എന്നാൽ മറ്റുള്ളവരുടെ പീഡനവും നിയന്ത്രണവും ദീർഘകാലമനുഭവിക്കേണ്ടിവന്നതിനാൽ – സ്വതവേ തന്നെയുള്ള എന്റെ ശക്തമായ വ്യക്തിത്വത്തിലേക്ക് അതുകൂട്ടിച്ചേർക്കപ്പെട്ടപ്പൾ –മറ്റാരുടേയും അഭിപ്രായങ്ങൾ സ്വീകരിക്കാൻ തയ്യാറാകാത്ത ഒരു മനോഭാവം എന്റെയുള്ളിലുളവാകുന്നതിനു അതു കാരണമായി.

ദൈവത്തിന് എന്നെ ഉപയോഗിക്കണമെങ്കിൽ, അതിനുമുൻപ് എന്റെ മോശമായ മനോഭാവം അവന് പരിഹരിക്കേണ്ടിയിരുന്നു.

നമുക്കിഷ്ടമുള്ള തരത്തിലുള്ള പെരുമാറ്റങ്ങളവസാനിപ്പിക്കുകയും ദൈവത്തിന്റെ കരങ്ങൾക്ക് വഴങ്ങുകയും ചെയ്യണമെന്നാണ് അവൻ നമ്മിൽനിന്നും പ്രതീക്ഷിക്കുന്നത്. നാം ദുശ്ശാഠ്യക്കാരും നിഷേധികളുമായിരിക്കുന്നിടത്തോളം കാലം ദൈവത്തിനു നമ്മെ ഉപയോഗിക്കാനാവില്ല.

'ദുശ്ശാഠ്യക്കാർ' എന്നതിനർത്ഥം വഴങ്ങിക്കൊടുത്താവരെന്നാണ്; കൈകാര്യം ചെയ്യാൻ വിഷമമുള്ളവരെന്നർത്ഥം. 'നിഷേധികൾ' എന്നാൽ നിയന്ത്രണത്തെ ചെറുത്തുനിൽക്കുന്നവർ എന്നാണർത്ഥം; തിരുത്തലിനു വിധേയരാകാത്തവർ, അനുസരണയില്ലാത്തവർ, നിയന്ത്രണങ്ങൾ അംഗീകരിക്കാത്തവർ എന്നൊക്കെ ഇതിനെ വ്യാഖ്യാനിക്കാം. ഈ രണ്ടു വാക്കുകളും, എന്റെ സ്വഭാവത്തെ ശരിക്കും വിവരിക്കുന്നവയായിരുന്നു!

ചെറുപ്പകാലത്ത് ഞാനനുഭവിക്കേണ്ടിവന്ന പീഢനത്തിന്റെ ഫലമായി അധികാരത്തെ ചെറുത്തുനിൽക്കുന്ന ശീലമെനിക്കുണ്ടായി. എന്നാൽ എന്റെ ഭൂതകാലം, എന്റെ തെറ്റായ മനോഭാവത്തിനുള്ള ന്യായീകരണമായിത്തുടരുന്നത് എനിക്കനുവദിക്കാനാവില്ല. വിജയകരമായ ജീവിതത്തിന് കർത്താവിനോടുള്ള കൃത്യമായ അനുസരണയാവശ്യമാണ്. നമ്മുടെ ഹിതം മാറ്റിവയ്ക്കുകയും അവന്റെ ഹിതം നിറവേറ്റുകയും ചെയ്യുന്നനിൽ നമ്മുടെ കഴിവും താല്പര്യവും വളരുന്നതനുസരിച്ച് നാം വിജയം നേടുന്നു. ഈ രംഗത്ത് നാം പുരോഗതി നേടുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

ഒരു പ്രത്യേക തലത്തിലെത്തുമ്പോൾ 'എനിക്ക് എത്താൻ കഴിയാവുന്നിടത്തോളം ഞാനെത്തിയിരിക്കുന്നു' എന്നു ചിന്തിക്കുന്നതു ശരിയല്ല. എല്ലാ കാര്യങ്ങളിലും നാം അനുസരണയുള്ളവരായിരിക്കണം – ദൈവത്തിൽനിന്നും ഒന്നും ഒളിച്ചുവയ്ക്കുകയോ നമ്മുടെ ജീവിതത്തിലെ വാതിലുകളൊന്നും അവന്റെ മുൻപിലടച്ചിടുകയോ ചെയ്യരുത്. കഴിയുന്നിടത്തോളം നമ്മുടേതായി നാം മാറ്റിവയ്ക്കുന്ന ചില പ്രത്യേക സ്ഥലങ്ങൾ നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിലുണ്ട്. അൽപ്പം പുളിപ്പ് മുഴുവൻ മാവിനെ പുളിപ്പിക്കുമെന്ന് നിങ്ങളോർമ്മിക്കുക (1 കോരി 5:6 KJV)

## ദൈവത്തിനാവശ്യം അനുസരണയാണ് ബലിയല്ല

**ശമുവേൽ പറഞ്ഞതു; യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവെക്കു പ്രസാദമാകുമോ? ഇതാ, അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലതു.**

**മത്സരം ആഭിചരദോഷംപോലെയും ശാഠ്യം മിത്ഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു; നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ടു അവൻ നിന്നെയും രാജസ്ഥാനത്തിൽനിന്നു തള്ളിക്കളഞ്ഞിരിക്കുന്നു.**

**1 ശമുവേൽ 15: 22, 23**

ശമുവേലിന്റെ ജീവിതം പരിശോധിച്ചാൽ, അദ്ദേഹത്തിന് രാജാവാകാനുള്ള

അവസരം നൽകപ്പെട്ടതാണെന്നു മനസ്സിലാക്കാം. നിഷേധബുദ്ധിയും ദുശ്ശാഠ്യവും മൂലം ഏറെക്കാലം ആ പദവിയിൽ തുടരാനയാൾക്കു കഴിഞ്ഞില്ല.

തന്നോട് നിർദ്ദേശിക്കപ്പെട്ട ജോലി നിറവേറ്റാത്ത ശൗലിനെ സാമുവൽ പ്രവാചകൻ, ഒരിക്കൽ തിരുത്താൻ ശ്രമിച്ചു; അപ്പോൾ ശൗലിന്റെ മറുപടി, ‘ഞാനങ്ങനെ വിചാരിച്ചു’ എന്നായിരുന്നു. കാര്യങ്ങൾ എങ്ങനെയാണു ചെയ്യേണ്ടതെന്നതിനെക്കുറിച്ച് തന്റെ അഭിപ്രായങ്ങളെന്തൊക്കെയാണെന്ന് അയാൾ വിവരിക്കാനാരംഭിക്കുകയും ചെയ്തു. (1ശമുവേൽ 10: 6–8, 13: 8–14) ദൈവമാഗ്രഹിക്കുന്നത് അനുസരണയാണ്, ബലിയല്ലെന്നായിരുന്നു ശമുവൽ ശൗലിനു നൽകിയ മറുപടി.

പലപ്പോഴും ദൈവം നമ്മോടാജ്ഞാപിക്കുന്നുവോ അതു ചെയ്യാൻ നാമൊരുക്കമല്ല, അതിനു പകരമായി മറ്റെന്തെങ്കിലുമൊക്കെ ചെയ്യാനാണ് നാം ശ്രമിക്കുന്നത്.

ദൈവസന്താനങ്ങളെത്രപേർ ‘ജീവിതത്തിൽ രാജാക്കന്മാരായി വാഴുന്ന’തിൽ (റോമ. 5:17; വെളിപാട് 1: 6 ) പരാജയപ്പെടാറുണ്ട്. തങ്ങളുടെ ദുശ്ശാഠ്യവും നിഷേധവും മൂലം എത്രപേർക്ക് രാജത്വം നഷ്ടപ്പെടുന്നുണ്ട്!

‘ആംപ്ലിഫൈഡ് ബൈബിളി’ൽ സഭാപ്രഭാഷകന്റെ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ ഇങ്ങനെ പറഞ്ഞിട്ടുള്ളതായിക്കാണാം, ‘ജീവിതത്തെ സമഗ്രമായി പരിശോധിക്കുകയും, ആത്യന്തികമായ വിശകലനത്തിൽ ദൈവത്തോട് ആദരവും വിധേയതവുമില്ലാത്ത ജീവിതം അർത്ഥശൂന്യമാണെന്നും തെളിയിക്കലുമാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം.’

അനുസരണയില്ലെങ്കിൽ ആദരവും വിധേയത്വമുണ്ടാവില്ല. തങ്ങളുടെ മാതാപിതാക്കളോട് വേണ്ടത്ര ആദരവില്ലാത്തതിനാലാണ് പല കുട്ടികളും അനുസരണക്കേടു കാട്ടുന്നത്. ഈയവസ്ഥക്കു കാരണം മാതാപിതാക്കൾ തന്നെയാണ്, എന്തെന്നാൽ കുട്ടികൾക്കു മുൻപിൽ ആദരണീയമായ ജീവിതം നയിക്കുന്നതിൽ അവർ പരാജയപ്പെടുന്നു.

ദൈവം മറ്റേതൊരു മനുഷ്യനു നൽകിയതിനെക്കാളുമധികം ജ്ഞാനം നല്കിയത് സോളമൻ രാജാവിനാണ്. അദ്ദേഹമാണ് സഭാപ്രഭാഷകന്റെ ഗ്രന്ഥത്തിന്റെ കർത്താവെന്നാണ് മിക്ക പണ്ഡിതന്മാരും വിശ്വസിക്കുന്നത്. ജ്ഞാനിയായ ശലോമോൻ തന്റെ ജീവിതത്തിൽ ഇത്രയധികം തെറ്റുകൾ സംഭവിച്ചതെങ്ങനെ? ഉത്തരം വളരെ ലളിതമാണ്: നിങ്ങൾക്ക് എന്തെങ്കിലുമൊന്ന് ലഭിച്ചതുകൊണ്ടു മാത്രം നിങ്ങളതുപയോഗിച്ചുകൊള്ളമെന്നില്ല. നമുക്ക് ക്രിസ്തുവിന്റെ മനസ്സാണുള്ളത്.എന്നാൽ നാമതെല്ലായ്പ്പോഴും ഉപയോഗിക്കുന്നുണ്ടോ? യേശു നമുക്ക് ദൈവത്തിൽനിന്നുമാണ് ജ്ഞാനം നൽകിയിട്ടുണ്ട്. എന്നാൽ നാമെല്ലായ്പ്പോഴും ജ്ഞാനമുപയോഗിക്കുന്നുണ്ടോ?

സോളമന് താൻ തെരഞ്ഞെടുക്കുന്ന വഴിയിലൂടെ സഞ്ചരിക്കാനും തനിക്കിഷ്ടമുള്ളതൊക്കെ ചെയ്യാനുമായിരുന്നു താല്പര്യം. തന്റെ ജീവിതകാലം മുഴു

വൻ ഒന്നിനുപിന്നാലെ മറ്റൊന്നായി ഓരോ പരീക്ഷണങ്ങൾ നടത്തുകയായിരുന്നു അദ്ദേഹം. പണംകൊണ്ടും വാങ്ങാൻ കഴിയുന്നതെന്തും ഏറ്റവും മെച്ചപ്പെട്ട ലൗകിക സുഖങ്ങളത്രയും - വാങ്ങിക്കൂട്ടാൻ സോളമനു കഴിയുമായിരുന്നു. എന്നാൽ തന്റെ ഗ്രന്ഥത്തിന്റെയവസാനം അദ്ദേഹമിങ്ങനെയാണു പറഞ്ഞത്.

**എല്ലാറ്റിന്റെയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക; അതു ആകുന്ന സകല മനുഷ്യർക്കും വേണ്ടുന്നതു.**

സഭാ പ്രഭാഷകൻ 12: 13

ഈ വാക്യത്തിൽനിന്നും ഞാനെന്താണു മനസ്സിലാക്കിയിട്ടുള്ളതെന്നു നിങ്ങളോടു പറയാം.

മനുഷ്യന്റെ സൃഷ്ടിയുടെ യഥാർത്ഥ ലക്ഷ്യം ദൈവത്തെ അനുസരിക്കുന്നതിലൂടെ അവനെ ആരാധിക്കുകയെന്തനാണ്. ദൈവികമായ സ്വഭാവം അനുസരണയിൽ വേരൂന്നീയതാണ് - സന്തോഷത്തിന്റെ അടിസ്ഥാനവും അതുതന്നെ. ദൈവത്തോട് അനുസരണപുലർത്താത്ത ഒരാൾക്കുപോലും യഥാർത്ഥ സന്തോഷമനുഭവിക്കാനാവില്ല. നമ്മുടെ ജീവിതത്തിൽ ക്രമരഹിതമായിട്ടുള്ളതെന്തും ദൈവത്തോടനുള്ള അനുസരണയാൽ ക്രമീകരിക്കപ്പെടുന്നു. മനുഷ്യന്റെ യഥാർത്ഥ കർത്തവ്യം ദൈവത്തെയനുസരിക്കുകയെന്നതാണ്.

എന്റെ അഭിപ്രായത്തിൽ വളരെ ആദരണീയവും ഭയാനകവുമായ വാക്യമാണിത്, ഇത് നിങ്ങളോരോരുത്തരും പഠിക്കണമെന്ന് ഞാനാവശ്യപ്പെടുന്നു.

## അനുസരണയും അനുസരണമില്ലായ്മയും: രണ്ടിനും അതിന്റേതായ ഫലങ്ങളുണ്ട്

**ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതു പോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും.**

**റോമർ: 5: 19**

അനുസരിക്കാനോ അനുസരണക്കേടു കാട്ടാനോ ഉള്ള നമ്മുടെ തീരുമാനം നമ്മെ മാത്രമല്ല ബാധിക്കുന്നത്, മറിച്ച് അനേകമാളുകളെ അതു ബാധിക്കുന്നുണ്ട്. ഒന്നാലോചിച്ചു നോക്കുക. ഇസ്രയേൽ ജനത ദൈവത്തെ വേണ്ടവിധമനുസരിച്ചിരുന്നെങ്കിൽ അവരുടെ ജീവിതം എത്രയോ മഹത്തരമാകുമായിരുന്നു! ദൈവത്തിന്റെ ഹിതത്തിന് വഴങ്ങാൻ തയ്യാറാകാത്തതുമൂലം അവരിലെത്രയോ പേർ - അവരുടെ സന്താനങ്ങളും - മരുഭൂമിയിൽ മരിച്ചുവീഴാനിടയായി! അവരുടെ തീരുമാനങ്ങൾ അവരുടെ കുട്ടികളുടെ ജീവിതത്തെ ബാധിച്ചു. നമ്മുടെ കാര്യത്തിലും ഇതു തന്നെയാണു സംഭവിക്കുന്നത്.

ഈയിടയ്ക്ക് എന്റെ മൂത്തമകൻ എന്നോടിങ്ങനെ പറഞ്ഞു, അമ്മേ, എനിക്കൊരു കാര്യം പറയാനുണ്ട്, ചിലപ്പോൾ ഞാൻ കരഞ്ഞുപോയേക്കാം, എന്നാലും ഞാൻ പറയുന്നതു കേൾക്കണം. എത്രയോ വർഷങ്ങളായി നിങ്ങൾ രണ്ടുപേരും സുവിശേഷപ്രവർത്തനം നടത്തന്നു. മറ്റാർക്കുമറിയാത്ത കാര്യ

ങ്ങളെക്കുറിച്ചാണ് നിങ്ങളിരുവരും സംസാരിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ ദൈവത്തെ അനുസരിക്കാൻ തീരുമാനിച്ചതിനാൽ എനിക്ക് വളരെയേറെ പ്രയോജനമുണ്ടായിട്ടുണ്ടെന്ന് ഇന്നു കാലത്ത് ദൈവമെന്നെ അറിയിച്ചു, എനിക്കതിൽ വളരെ സന്തോഷമുണ്ട്.

അവന്റെ വാക്കുകൾ എനിക്ക് അങ്ങേയറ്റം സംതൃപ്തികരമായിത്തോന്നിയപ്പോഴാണ് റോമാക്കാർക്കുള്ള ലേഖനത്തിലെ അഞ്ചാമദ്ധ്യായത്തിലെ പത്തൊൻപതാം വാക്യത്തെക്കുറിച്ചു ഞാനോർമ്മിച്ചത്.

നിങ്ങൾ ദൈവത്തെ അനുസരിക്കാനോ നിഷേധിക്കാനോ തീരുമാനിക്കുമ്പോൾ ആ തീരുമാനം നിരവധിയാളുകളെ ബാധിക്കുന്നുണ്ട്. ദൈവത്തോട് അനുസരണക്കേടുകാട്ടിക്കൊണ്ട് നിങ്ങൾക്ക് വിജനതയിൽ അലഞ്ഞു നടക്കാം; എന്നാണ് ഇപ്പോൾ നിങ്ങൾക്കുള്ള കുട്ടികളെ, അല്ലെങ്കിൽ ഭാവിയിലുണ്ടാകാൻ പോകുന്ന കുട്ടികളെ നിങ്ങളുടെ തീരുമാനം ബാധിക്കുമെന്നു മറക്കരുത്, അവരും നിങ്ങളോടൊപ്പം വിജനതയിലലഞ്ഞു നടക്കേണ്ടിവരും. വളർന്നു വലുതാകുമ്പോൾ അവരതിൽനിന്നും പുറത്തു കടന്നുകൊള്ളും, എന്നാൽ നിങ്ങളുടെ പ്രവൃത്തിയുടെ ഫലമായി അവർ വലിയ വിലകൊടുക്കേണ്ടിവരുമെന്നോർമ്മിക്കുക.

കഴിഞ്ഞ കാലത്ത് നിങ്ങളുമായി ബന്ധപ്പെട്ടിരുന്നവർ ദൈവത്തെ അനുസരിച്ചിരുന്നെങ്കിൽ ഇപ്പോൾ നിങ്ങളുടെ ജീവിതം കുറച്ചുകൂടി മെച്ചപ്പെടുമായിരുന്നേനെ.

അനുസരണയ്ക്ക് ദീർഘകാല ഫലങ്ങളുണ്ട്. അത് നരകത്തിന്റെ കവാടങ്ങടയ്ക്കുകയും സ്വർഗ്ഗത്തിന്റെ ജനാലകൾ തുറക്കുകയും ചെയ്യുന്നു.

അനുസരണയെക്കുറിച്ച് ഒരു വലിയപുസ്തകമെഴുതാനെനിക്കു കഴിയും, എന്നാൽ ഇപ്പോൾ ഇത്രമാത്രം പറയാനാണ് ഞാനാഗ്രഹിക്കുന്നത്; അനുസരണയില്ലായ്മയുടെ ജീവിതം തെറ്റായ ചിന്താഗതിയുടെ അനന്തരഫലമാണ്.

## ഓരോ ചിന്തയേയും ക്രിസ്തുവിനു കീഴ്പ്പെടുത്തുക.

**ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നെ. അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി.**

**2 കോരി. 10: 4,5**

മിക്കപ്പോഴും നമ്മെ അപകടത്തിൽപ്പെടുത്തുന്നത് നമ്മുടെ ചിന്തകൾ തന്നെയാണ്.

കർത്താവിങ്ങനെ പറഞ്ഞിരിക്കുന്നു, '**എന്തെന്നാൽ എന്റെ ചിന്തകൾ നിങ്ങളുടെ ചിന്തകളല്ല. എന്റെ വഴികൾ നിങ്ങളുടെ വഴികളുമല്ല**' (യെശയ്യാ 55:8) നിങ്ങളും ഞാനും എന്തുതന്നെ ചിന്തിച്ചാലും, ദൈവം തന്റെ ചിന്തകളെ ബൈബിളിലൂടെ എഴുതിയിട്ടുണ്ട്. ദൈവവചനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ചിന്തകളെ പരിശോധിക്കാൻ നാം ശീലിക്കണം, ഒപ്പം നമ്മുടെ ചിന്തകളെ അവന്റെ ചിന്തകൾക്കു കീഴ്പ്പെടുത്തുകയും വേണം. എന്തെന്നാൽ അവന്റെ ചിന്തകളാണ് ഏറ്റവും ഉൽകൃഷ്ടമായത്.

മുകളിൽ ഉദ്ധരിച്ചിട്ടുള്ള വാക്യത്തിന്റെ സൂചനയുമിതു തന്നെയാണ്. നിങ്ങളുടെ മനസ്സിലുള്ളതെന്താണെന്നു പരിശോധിക്കുക. അത് ദൈവത്തിന്റെ ചിന്തകളുമായി (ബൈബിൾ) യോജിക്കുന്നില്ലെങ്കിൽ നിങ്ങളുടെ ചിന്തകളെ ഉപേക്ഷിച്ച് അവന്റെ ചിന്തകളെ സ്വീകരിക്കുക.

തങ്ങളുടെ മനസ്സിന്റെ അഹന്തയിൽ ജീവിക്കുന്ന ആളുകൾ തങ്ങൾക്കുമാത്രമല്ല, മറ്റുള്ളവർക്കും വിനാശം വിതയ്ക്കുന്നു.

*മനസ്സാണ് യുദ്ധഭൂമി*

മനസ്സിന്റെ പടനിലത്താണ് നിങ്ങൾ ചെകുത്താനുമായുള്ള യുദ്ധത്തിൽ പരാജയപ്പെടുകയോ വിജയിക്കുകയോ ചെയ്യുന്നത്. അനാവശ്യമായ സങ്കൽപ്പങ്ങളുപേക്ഷിക്കാനും ദൈവജ്ഞാനത്തിനെതിരേയുയരുന്ന അഹന്തയുടെ പ്രതിബന്ധങ്ങലെ തകർക്കാനും ഓരോ ചിന്തയേയും യേശുക്രിസ്തുവിനെ അനുസരിക്കുന്നതിനായി കീഴ്പ്പെടുത്താനും ഈ പുസ്തകം നിങ്ങളെ സഹായിക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

# Bibliography

Strong, James. *New Strong's Exhaustive Concordance of the Bible*. Nashville: Thomas Nelson Publishers, 1984.

Vine, *W.E. Vine's Expository Dictionary of Old and New Testament Words*. Old Tappan: Fleming H. Revell Company, 1981

Vine, W.E., Unger, Merrill; White, William, Jr., eds., *Vine's Expository Dictionary of Biblical Words*. Nashville: Thomas Nelson, Inc; Publishers, 1985.

W*ebster's II New Riverside University Dictionary*. Boston: Houghton Mifflin Company, 1984

To contact the author write:

Joyce Meyer
Life In the Word, Inc.
P.O. Box 655
Fenton, Missouri 63026
or call:
(314) 349-0303

*Please include your testimony*
*or help received from this*
*book when you*
*write.*

*Your prayer requests are welcome.*

**In Australia, please write:**
**Joyce Meyer Ministries - Australia**
**Locked Bag 77**
**Mansfield Delivery Centre**
**Queensland 4122**
**or call**
**(07) 3349 1200**

**In Canada, please write**
**Joyce Meyer Ministries Canada Inc.**
**P.O. Box 2995**
**London, Ontario N6A 4H9**

# Books by Joyce Meyer

*Life in the Word Devotional*
*Be Anxious of Nothing -*
*The Art of Casting your Cares and Resting in God*
*The Help Me! Series:*
*I'm Stressed! • I'm Insecure! • I'm Discouraged!*
*I'm Depresed! • I'm Worried! • I'm Afraid!*
*Don't Dread -*
*Overcoming the Spirit of Dread*
*With the Supernatural Power of God*

*Managing Your Emotions*
*Instead of Your Emotions Managing You*
*Life in the Word*
*Healing the Brokenhearted*
*"Me and My Big Mouth!"*
*Prepare to Prosper*
*Do It! Afraid*
*Expect a Move of God in Your Life......**Suddenly***
*Enjoying Where you Are On the Way*
*to Where You Are Going*
*The Most Important Decision You'll Ever Make*
*When, God, When?*
*Why, God, Why?*
*The Word, The Name, The Blood*
*Battlefield of the Mind*
*Tell them I love Them*
*Peace*
*The Root of Rejection*
*Beauty for Ashes*
*If not for the Grace of God*

**By Dave Meyer**
*Nuggets of Life*

**Available from your local bookstore.**
**Harrison House Tulsa**, Oklahoma 74153

## The Harison House Vision

Proclaiming the truth and the power
Of the Gospel of Jesus Christ
With excellence;

Challenging Christians to
Live victoriously,
Grow spiritually,
Know God intimately

# Dedication

I would like to dedicate *Battlefield of the Mind* to my oldest son, David.

I know your personality is enough like mine that you have had your share of struggles in the mental realm. I see you growing continually, and I know that you are experiencing the victories that come from the renewal of the mind.

I love you, David, and I am proud of you. Keep pressing on!

# എഴുത്തുകാരിയെപ്പറ്റി

ജോയ്സ് മേയർ 1976 മുതൽ ദൈവവചനം പഠിപ്പിക്കുകയും 1980 മുതൽ പൂർണ്ണസമയ സുവിശേഷവേല ചെയ്യുകയും ചെയ്യുന്ന സുവിശേഷകയത്രേ. ഇതു കൂടാതെ മിസ്സോറിയിൽ ഉള്ള, ലൈഫ് ക്രിസ്ത്യൻ സെന്ററിൽ (സെന്റ്. ലൂയിസ്) അസ്സോസിയേറ്റ് പാസ്റ്റർ ആയും സേവനം ചെയ്യുന്നു; ഈ സഭയിലെ ഓരോ ആഴ്ചയിലുമുള്ള "ലൈഫ് ഇൻ ദ വേർഡ്" എന്ന ബൈബിൾ ക്ലാസിൽ ദൈവവചനം പഠിപ്പിച്ചും വരുന്നു. തുടർമാനമായുള്ള അഞ്ച് വർഷത്തെ  പൂർണ്ണസമയ ശുശ്രൂഷ തന്നെ ഒരു പുതിയ ശുശ്രൂഷയ്ക്ക് തുടക്കം കുറിക്കുവാൻ ദൈവം ശക്തി നൽകി - "ലൈഫ് ഇൻ ദി വേർഡ്".

ജോയ്സിന്റെ "ലൈഫ് ഇൻ ദി വേർഡ്" എന്ന റേഡിയോ പ്രോഗ്രാം ഏകദേശം 250 സ്റ്റേഷനിലൂടെ പ്രക്ഷേപണം നടക്കുന്നു. "ലൈഫ് ഇൻ ദി വേർഡ്" എന്ന  ജോയ്സ് മേയറിന്റെ 30 മിനിറ്റ് ടെലിവിഷൻ പ്രോഗ്രാം 1993-ൽ ആരംഭിച്ചു. ഇന്ന് അമേരിക്ക മാത്രമല്ല നമ്മുടെ നാട്ടിൽപോലും ഈ പ്രോഗ്രാം കാണുവാൻ നമുക്ക് കഴിയുന്നു. ഇവരുടെ ബൈബിൾ ക്ലാസുകളുടെ ഓഡിയോ ടേപ്പുകളും ലോകം മുഴുവൻ ലഭിക്കുന്നു എന്നുള്ളത് പ്രത്യേകം സന്തോഷം നൽകുന്ന സംഗതി തന്നെ. വിവിധ രാജ്യങ്ങളിൽ കടന്നുപോയി അനേകം കോൺഫറൻസുകളിൽ ക്ലാസുകൾ എടുക്കുക മാത്രമല്ല അനേക സഭകളിൽ ദൈവവചനം ശുശ്രൂഷിച്ചുവരുന്നു.

ജോയ്സ് മേയറിന്റെ ഭർത്താവ് ഡേവ് മേയർ ബിസിനസ്സ് അഡ്മിനിസ്ട്രേറ്റർ ആയിരിക്കുമ്പോൾ തന്നെ; 'ലൈഫ് ഇൻ ദി വേർഡ്' എന്ന മിനിസ്ട്രിയുടെ എല്ലാമായും ശുശ്രൂഷിക്കുന്നു. ഇവരുടെ വിവാഹം കഴിഞ്ഞിട്ട് 31 വർഷമായി, ഇന്ന് 4 മക്കളുടെ മാതാവും, പിതാവുമായി കഴിയുന്നു. മൂന്നു കുട്ടികൾ വിവാഹിതരായി, ഏറ്റവും ഇളയ മകൻ ഈ ശുശ്രൂഷയുടെ മീഡിയാ മാനേജർ ആയി ഉത്തരവാദിത്വം വഹിക്കുന്നു.

ദൈവവചനം ജനങ്ങളെ കലർപ്പില്ലാതെ പഠിപ്പിച്ച് നല്ല ഉറപ്പുള്ള ജീവിതത്തിന് ഓഹരിക്കാരാക്കാൻ ദൈവം തന്നെ വിളിച്ചു വേർതിരിച്ചു എന്ന് നാം വിശ്വസിക്കുന്നു. അവൾ ഇപ്രകാരം പരയുന്നു.  "യേശു മരിച്ചത് നാം എല്ലാ രീതിയിലുമുള്ള സ്വാതന്ത്ര്യം പ്രാപിച്ച്, നമ്മൾ നമ്മുടെ ജീവിതത്തിൽ വിജയം നേടണമെന്ന് ദൈവം ആഗ്രഹിക്കുന്നു! തന്റെ ജീവിതത്തിൽ ദൈവവചനം നൽകി കൊടുത്ത വിജയം മറ്റുള്ളവർക്ക് പകർന്നുകൊടുത്ത് ദൈവവചനത്താലുള്ള സ്വാതന്ത്ര്യം വ്യക്തമാക്കി കൊടുക്കുവാൻ താൻ എപ്പോഴും തയ്യാറാകുന്നു. ദൈവവചനം ഉള്ളിൽ ചെല്ലുന്ന വ്യക്തി *വെണ്ണീറിൽനിന്ന് അലങ്കാരമാല*യിലേക്ക് ദൈവം നടത്തും എന്നുള്ളതിന് സംശയം ഇല്ല.

ജോയ്സ് വൈകാരികമായ മുറിവുകൾ എപ്രകാരം സൗഖ്യമാക്കാം എന്നു അനേകരാജ്യങ്ങളിലായി ഓരോ ദിവസവും ആയിരക്കണക്കിന് വ്യക്തിജീവിതങ്ങളോട് പങ്കുവയ്ക്കുന്നു. ആയിരക്കണക്കിന് പ്രസംഗങ്ങളും ബൈബിൾ ടോപ്പിക്കുകളും ടേപ്പിൽ ലഭ്യമാണ്; അതുപോലെ 27-ൽ അധികം പുസ്തകങ്ങളും എഴുതിയിട്ടുണ്ട്.

23 മണിക്കൂർ തുടർച്ചയായുള്ള “വൈകാരിക സൗഖ്യം” എന്ന ആൽബം ഇന്ന് ലോകം മുഴുവൻ ലഭ്യമാണ്. ഈ ആൽബത്തിൽ പ്രധാനമായി ഉൾക്കൊള്ളാവുന്നവ: “ഉറപ്പ് എങ്ങനെ പ്രാപിക്കാം”, “വെണ്ണീറിൽനിന്ന് അലങ്കാരമാലയിലേക്ക്ക്ക്, “നിങ്ങളുടെ വികാരത്തെ നിയന്ത്രിക്കുക'', “കൈപ്പ് എപ്രകാരം ക്ഷമയിലൂടെ മാറ്റാം”, “വേദനക്കപ്പെടലിന്റെ വേര്”, “തകർന്നും, നുറുങ്ങിയുമുള്ള മനസ്സ്”.

ജോയ്സ് മേയറിന്റെ ഓഫീസിലേയ്ക്ക് എഴുതി ഇപ്പോൾ ലഭ്യമുള്ള പാക്കേജുകൾ മനസ്സിലാക്കുക; പുതിയ പുസ്തകങ്ങളുടെ വിലവിവരപ്പട്ടിക ആവശ്യപ്പെടുക; അതുപോലെ സൗജന്യമായുള്ള ടെലിവിഷൻ വിവരണവും ലഭ്യമാണ്.

# രക്ഷിക്കപ്പെടുവാനുള്ള പ്രാർത്ഥന

ദൈവം താങ്കളെ സ്നേഹിക്കുന്നു, മാത്രമല്ല താങ്കളുമായി വ്യക്തിപരമായ ഒരു ബന്ധം ആഗ്രഹിക്കുന്നു. താങ്കൾ ക്രിസ്തുവിനെ സ്വന്ത രക്ഷിതവായി ഇതുവരെയും സ്വീകരിച്ചിട്ടില്ലെങ്കിൽ നിങ്ങൾക്ക് അത് ഇപ്പോൾ ചെയ്യുവാൻ കഴിയും. ദൈവത്തോട് ഹൃദയം തുറന്ന് ഈ പ്രാർത്ഥന ചൊല്ലുക.

"പിതാവേ, അങ്ങേക്ക് വിരോധമായി പാപം ചെയ്തു എന്നു ഞാൻ അറിയുന്നു. ദയവായി ക്ഷമിക്കണമേ. എന്നെ കഴുകി ശുദ്ധികരിക്കണമേ. അങ്ങയുടെ പുത്രനായ യേശുവിൽ ആശ്രയിക്കുവാൻ ഞാൻ തീരുമാനിക്കുന്നു. യേശു എനിക്കു വേണ്ടി മരിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. യേശു എന്റെ പാപങ്ങൾ വഹിച്ചു കൊണ്ട്, ക്രൂശിൽ മരിക്കുകയും, മൂന്നാം ദിവസം മരണത്തിൽ നിന്നും ഉയിർത്തു എന്നും ഞാൻ വിശ്വസിക്കുന്നു. പ്രിയ പിതാവേ, അങ്ങ് തന്ന പാപക്ഷമക്കായും നിത്യജീവനുമായി അങ്ങേക്ക് നന്ദി പറയുന്നു. അങ്ങേക്ക് വേണ്ടി ജീവിക്കുവാൻ എന്നെ സഹായിക്കണമേ.. യേശുവിന്റെ നാമത്തിൽ അമേൻ."

ഈ പ്രാർത്ഥന ഹൃദയംഗമമായി നിങ്ങൾ പ്രാർത്ഥിച്ചതിനാൽ ദൈവം നിങ്ങളെ സ്വീകരിച്ച്, ശുദ്ധീകരിച്ച് ആത്മീയ മര

ണത്തിന്റെ ശക്തിയിൽ നിന്നും നിങ്ങൾ്ക്ക് പൂർണ്ണ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു. താങ്കളുടെ പുതിയ ജീവിതത്തിൽ, യേശുവിനോടു കൂടെയുള്ള യാത്രയിൽ ദൈവം താങ്കളോടു സംസാരിക്കേണ്ടതിനായി ഈ വേദ ഭാഗങ്ങൾ വായിക്കുവാനും, പഠിക്കുവാനും പ്രാർത്ഥിക്കുവാനും സമയമെടുക്കുക.

| | |
|---|---|
| യോഹന്നാൻ 3:16 | 1 കൊരിന്ത്യർ 15:3-4 |
| എഫെസ്യർ 1:4 | എഫേസ്യർ 2:8-9 |
| 1 യോഹന്നാൻ 1:9 | 1 യോഹന്നാൻ 4:14-15 |
| 1 യോഹന്നാൻ 5:1 | 1 യോഹന്നാൻ 5:12-13 |

യേശുവിനോടുള്ള ബന്ധത്തിൽ ആത്മീയമായി വളരുന്നതിന് ബൈബിൾ വിശ്വസിക്കുന്ന ഒരു ആത്മീയ കൂട്ടായ്മ കണ്ടെത്തുന്നതിന് പ്രാർത്ഥിക്കുക. ദൈവം താങ്കളോടു കൂടെയുണ്ട്. ദൈവം താങ്കൾക്കു നല്കിയിരിക്കുന്ന സമൃദ്ധിയായ ജീവനിൽ നടക്കുവാൻ ദൈവം സഹായിക്കും.